# നിയമനിർമ്മാണകാര്യം

## (2) 2013-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, 2013-ലെ കേരള ധനവിനിയോഗ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ.എം. മാണി: സർ, 2013-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ.എം. മാണി: സർ, 4900 കോടി രൂപയുടെ സപ്ലിമെന്ററി ഡിമാന്റാണ് പാസ്സാക്കിത്തന്നത്. അത് ചെലവ് ചെയ്യുന്നതിനുവേണ്ടിയുള്ള ധനവിനിയോഗ ബിൽ മാത്രമാണ് ചർച്ചയ്ക്ക് വരുന്നത്. ഇതിനെക്കുറിച്ചൊക്കെ ചർച്ച നടന്നതാണ്. വലിയ കോൺട്രവേഴ്സിയായിട്ടുള്ള കാര്യങ്ങളൊന്നുമില്ല. അതുകൊണ്ട് സഭ ഏകകണ്ഠമായി ഇത്പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി.റ്റി.എ. റഹീം: സർ, ഈ ഉപധനാഭ്യർത്ഥന ഏകകണ്ഠമായി പാസ്സാക്കിത്തരണമെന്നാണ് ബഹുമാനപ്പെട്ട കെ.എം.മാണി ഇവിടെ പറഞ്ഞത്. പക്ഷെ ഈ ധനവിനിയോഗത്തിന്റെ പെർഫോമൻസ് വളരെ മോശമാണ് എന്നുള്ളതാണ് വസ്തുത. നമ്മുടെ മന്ത്രിമാരുടെ പെർഫോ

മൻസിനെ സംബന്ധിച്ച് കെ.പി.സി.സി. വളരെ കൂലങ്കഷമായി ചർച്ച ചെയ്ത് ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്. കുറേ ദിവസങ്ങളായി ഓരോ ആളുകളുടേയും ഗ്രേഡ് പത്രത്തിൽ വന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, അദ്ദേഹത്തിന് ഏതോ ഒരു ചാനലുകാർ വലിയ രൂപത്തിലുള്ള ബൂസ്റ്റിംഗ് കൊടുത്തു. അദ്ദേഹം ഒന്നാമതാണ് എന്നാണ് പറയുന്നത്. പക്ഷെ കെ.പി.സി.സി.-യുടെ വീക്ഷണത്തിൽ അദ്ദേഹം ഏറ്റവും താഴെയാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്

ശ്രീ. എ. എം. ആരിഫ്: സർ, ആഭ്യന്തരകാര്യ വകുപ്പുമന്ത്രിയെ ഒരു ചാനൽ ബെസ്റ്റ് മിനിസറ്ററായി തെരഞ്ഞെടുക്കപ്പെട്ടതായി കണ്ടു. നമ്മുടെ നാട്ടിൽ.....

മി. സ്പീക്കർ: ശ്രീ. പി. റ്റി. എ. റഹീം, ഒരു കോംപ്രമൈസുമില്ല. അങ്ങേയ്ക്ക് അഞ്ച് മിനിട്ടേ ഉള്ളൂ.

ശ്രീ. എ. എം. ആരിഫ്: സർ, ഈ നാട്ടിലെ ചരിത്രത്തിലെ **** **** **** **** ****[1] ഇങ്ങനെ എത്തിച്ചേർന്നതെന്നുമുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. റ്റി. എ. റഹീം: സർ, ഏതായാലും കെ.പി.സി.സി. ഇക്കാര്യം വിലയിരുത്തിയിട്ട് ഓരോ ആളുകൾക്കും മാർക്കിട്ട് കഴിഞ്ഞിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, പോയിന്റ് ഓഫ് ഓർഡർ. വ്യക്തിപരമായി ഇങ്ങനെ അവഹേളിക്കുന്നതിനു വേണ്ടി പ്രസംഗത്തിനിടയ്ക്ക് ഒരാളെഴുന്നേറ്റ് നിന്ന് ചോദ്യം ചോദിക്കുകയും അവഹേളിക്കാനൊരു അവസരമാക്കി എടുക്കുകയും ചെയ്യു

[1] ബഹു. സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

ന്നത് ശരിയാണോ? റൂൾ ബുക്കിനകത്തിതില്ല. അതുകൊണ്ട് വ്യക്തിപരമായി അവഹേളിക്കുന്ന നടപടി ശരിയല്ല. അവനവന്റെ തൊഴിലാണെല്ലാവർക്കും എന്ന ഒരു വിലയിരുത്തൽ  വരുന്നതും ശരിയല്ല. സ്വന്തം തൊഴിൽ അവന വൻ ചെയ്തു പോകുക. അത് വേറൊരാളിന്റെ മേൽ ചാരുന്നത് ഒരിക്കലും നിയമസഭാ നടപടിയിൽ ശരിയല്ല. അത് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരി കയാണ്. അതുകൊണ്ട് 307 അനുസരിച്ച് വ്യക്തിപരമായ കാര്യം എക്സ് പഞ്ച് ചെയ്യണം.

ശ്രീ. പി. സി. ജോർജ്: സർ, റൂൾ 307 അനുസരിച്ച് എക്സ്പഞ്ച് ചെയ്യണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്.

മി. സ്പീക്കർ: ആവശ്യപ്പെട്ടിരിക്കുന്നു. അത് പിന്നെ പറയാം. സഭ തീരു ന്നതുവരെ സമയമുണ്ട്.

ശ്രീ. പി. റ്റി. എ. റഹീം: സർ,  മന്ത്രിമാരുടെ പെർഫോമൻസ് ഏറ്റവും മോശമാണെന്ന്, ബഹുമാനപ്പെട്ട ശ്രീ. ആര്യാടൻ മുഹമ്മദ് വളരെ പരിചയ സമ്പന്നനായ ഒരു മന്ത്രിയെന്നുള്ള നിലയ്ക്കുപോലും അദ്ദേഹത്തിന്റെ പെർഫോമൻസ് ശരിയായിട്ടില്ലെന്ന് കെ.പി.സി.സി. വിലയിരുത്തിയതായി പത്രങ്ങളിൽ വന്നിട്ടുണ്ട്. സ്ഥിരമായി പത്ര സമ്മേളനം നടത്തുന്ന കെ.പി.സി. സി. പ്രസിഡന്റ് ഇന്നുവരെ അത് നിഷേധിച്ചതായി കണ്ടിട്ടില്ല. അതുകൊണ്ട് നമ്മൾ കൊടുത്തിട്ടുള്ള പണം, ആസ്തി വികസന ഫണ്ടിന്റെ പെർഫോമൻസ് എന്താണെന്ന് നമുക്ക് നോക്കാം. ഇവിടെ ഒന്നും നടന്നിട്ടില്ല. ആകെ പൊതുമ രാമത്ത് വകുപ്പിലുള്ള റോഡുകളുടെയും പാലങ്ങളുടെയും എ.എസ് കിട്ടിയി ട്ടുണ്ട്. ആ കാര്യത്തിൽ  ആ മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. വേറെ ഒരു വകുപ്പിലും അത് നടന്നിട്ടില്ല. എല്ലാ എം.എൽ.എ.-മാരും വിദ്യാഭ്യാസ

സ്ഥാപനങ്ങളെ സഹായിക്കാൻ വേണ്ടിയാണ് ശ്രമിച്ചത്. എല്ലാവരും സ്കൂൾ ബിൽഡിംഗാണ് കൊടുത്തത്. ഒരു സ്ഥലത്തും ഹയർ സെക്കൻഡറിക്ക് കെട്ടിടമില്ലാത്തതുകൊണ്ട് അതാണ് കൊടുത്തത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിൽ നിന്ന് കിട്ടിയതൊക്കെ ക്ലിയർ ചെയ്തിട്ടുണ്ട്. പക്ഷെ എനിക്ക് കിട്ടിയിട്ടുള്ള മറുപടിയിൽ ആകെ 13608 ലക്ഷം രൂപയുടെ മാത്രമാണ് ഇതുവരെയായി ക്ലിയർ ചെയ്തിട്ടുള്ളത്. പക്ഷേ എ.എസ്. കൊടുത്തിട്ടില്ല. എ.എസ് കൊടുക്കേണ്ടത് ബന്ധപ്പെട്ട വകുപ്പാണ്. ഏറ്റവും മോശമായി ഇക്കാര്യത്തിൽ പെരുമാറിയിട്ടുള്ളത് വിദ്യാഭ്യാസ വകുപ്പാണ്. യഥാർത്ഥത്തിൽ ഇതിന്റെ എ.എസ്. പി.ഡബ്ള്യു.ഡി കൊടുത്താൽ മതി. കഴിഞ്ഞ ഭരണകാലഘട്ടത്തിൽ മാന്ദ്യ വിരുദ്ധ പാക്കേജിൽ 15 കോടിയും വിഷൻ 2010-ൽ 2 കോടിയും ഉൾപ്പെടെ 17 കോടി രൂപയ്ക്ക് മുഴുവനും ഭരണാനുമതി കൊടുത്തിട്ടുള്ളത് പൊതുമരാമത്ത് വകുപ്പാണ്. പക്ഷെ, ഇപ്പോൾ വിദ്യാഭ്യാസ വകുപ്പിന്റേത് വിദ്യാഭ്യാസ വകുപ്പ് കൊടുക്കണം, പി.എച്ച്.സി -യുടേത് ആരോഗ്യ വകുപ്പ് കൊടുക്കണം എന്നുള്ള നിലപാട് സ്വീകരിച്ചതുകൊണ്ട് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു കേസുപോലും ഇതുവരെ ലഭിച്ചിട്ടില്ല. മലപ്പുറത്ത് ഇതുപോലെയുള്ള 33 സ്കൂൾ കെട്ടിടങ്ങൾക്ക് ഫിനാൻസ് ഡിപ്പാർട്ടുമെന്റ് ക്ലിയറൻസ് കൊടുത്തിട്ടുപോലും അതിന് വിദ്യാഭ്യാസ വകുപ്പിൽനിന്നും ഇതുവരെ എ.എസ്. കിട്ടിയിട്ടില്ല എന്നുള്ളത് ദു:ഖകരമായ ഒരു വസ്തുതയാണ്. ആകെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത് ഒരു വർഷം 25 കോടിയുണ്ടാകും എന്നാണ്. ആകെ 705 കോടി രൂപയാണ് ഒരു വർഷം വകയിരുത്തിയിട്ടുള്ളത്. അത് മാർച്ച് 31-ന് ലാപ്സാകും എന്നത് ഒരു

വസ്തുതയാണ്. ഞാൻ എന്റെ കാര്യം മാത്രം പറയുകയല്ല, എല്ലാ എം.എൽ.എ.-മാരും അനുഭവിക്കുന്നൊരു വിഷയമാണ്. കാരണം ഇത്രയും പണം തന്നിട്ട് അതുപയോഗിച്ചില്ല എന്ന ദുഷ്പേര് പുറത്തുണ്ടാകുമെന്നല്ലാതെ ആസ്തി വികസന ഫണ്ടുകൊണ്ട് കാര്യങ്ങളൊന്നുമുണ്ടാക്കാൻ സാധിച്ചില്ല. ബഹുമാനപ്പെട്ട ശ്രീ. എം.കെ. മുനീർ കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞു, പഞ്ചായത്തുകൾക്ക് 2 വർഷത്തെ പദ്ധതിയായതുകൊണ്ട് ഒരു വിഷയവുമില്ല, ഒരു പ്രയാസവുമില്ല എന്നാണ്. പക്ഷെ ബഹുമാനപ്പെട്ട മാണി സാർ ഇന്നലെ പറഞ്ഞത് ഒരു വർഷത്തെ പദ്ധതിയാണ്, മാർച്ച് 31 കഴിഞ്ഞാൽ നീട്ടിക്കൊണ്ടുപോകാൻ സാധിക്കില്ല എന്നാണ്. ചരിത്രത്തിൽ ഒരു പ്രാവശ്യം മാത്രമാണ് പദ്ധതി നിർവ്വഹണത്തിന് സമയം മാർച്ച് 31 കഴിഞ്ഞ് കൊടുത്തത്. അതിനിന്നുവരെ അക്കൗണ്ടന്റ് ജനറൽ അംഗീകാരം കൊടുത്തിട്ടില്ല. അത് ഭരണഘടനാ വിരുദ്ധമാണെന്ന നിലപാടാണ് എടുത്തിട്ടുള്ളത്. ബഹുമാനപ്പെട്ട മാണി സാർ ഇന്നലെ പറഞ്ഞകാര്യം വളരെ വ്യക്തമാണ്, അതുതന്നെയാണ് നിയമം. അതുകൊണ്ട് ഈ പണമൊന്നുംതന്നെ മാർച്ച് 31-നിടയ്ക്ക് ചെലവഴിക്കാൻ സാധിക്കാത്ത ഗുരുതരമായ ഒരു സ്ഥിതിവിശേഷം ഉണ്ടെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. റ്റി.യു. കുരുവിള)

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട മെമ്പർ സമയം കഴിഞ്ഞു.

<u>ശ്രീ. പി. റ്റി. എ. റഹീം</u>: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. വിദ്യാഭ്യാസ വകുപ്പിൽ 178 ഹയർ സെക്കൻഡറി സ്കൂളുകൾ അനുവദിച്ചു. ജി. ഒ. 107/107 ആയി മുസ്ലീങ്ങൾക്ക് വിദ്യാഭ്യാസപരമായി പിന്നോക്കാവസ്ഥ

യുള്ള മലബാറിലെ അഞ്ച് ജില്ലകളിൽ 178 ഹയർ സെക്കൻഡറി സ്കൂൾ കൊടുത്തു. എല്ലായിടത്തും രണ്ട് ലാബ് അസിസ്റ്റന്റുമാരുടെ പോസ്റ്റ് കൊടുത്തപ്പോൾ 178 ഹയർ സെക്കൻഡറി സ്കൂളിലായി ഒരു പോസ്റ്റ് മാത്രമാണ് കൊടുത്തത്. എവിടത്തെ ന്യായമാണ് നിങ്ങൾ ചെയ്തതെന്ന് പറയാൻ തയ്യാറാകണം. കാരണം, എല്ലാ സ്കൂളിലും രണ്ട് ലാബ് അസിസ്റ്റന്റുമാരുണ്ടാകുമ്പോൾ 178 സ്കൂളിനെ പ്രത്യേകമായി തെരഞ്ഞെടുത്ത് അവിടെ കെമിസ്ട്രിക്കും ഫിസിക്സിനുമെല്ലാം കൂടി ഒരു ലാബ് അസിസ്റ്റന്റുമതി എന്നുപറയുന്ന ഒരു സാഹചര്യമാണ്.

മി. ചെയർമാൻ: പ്ലീസ്........പ്ലീസ്........... ബഹുമാനപ്പെട്ട മെമ്പർ.

ശ്രീ. പി. റ്റി. എ. റഹീം: ഞാൻ അവസാനിപ്പിക്കുകയാണ്. അതുകൊണ്ട് വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ് ഇവിടെയുള്ളത്. ഈ പണമൊന്നും ചെലവാക്കാൻ സാധിക്കുന്നില്ല. മാത്രവുമല്ല എം.എൽ.എ.-മാർക്ക് ദുഷ്പേരുണ്ടാക്കുന്ന ഒരു സാഹചര്യമാണ് ഈ ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട് ഉണ്ടായിരിക്കുന്നത്. ബഹുമാനപ്പെട്ട മാണി സാർ ഞങ്ങളെ അക്കാര്യത്തിൽ സഹായിക്കണമെന്നുമാത്രമാണ് എനിക്ക് അക്കാര്യത്തിൽ സൂചിപ്പിക്കാനുള്ളത് എന്ന് പറഞ്ഞുകൊണ്ട് ബില്ലിനെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. ഒന്നും പറയാനില്ലാത്ത പ്രതിപക്ഷത്തിന്റെ പാപ്പരത്തമാണ് ബഹുമാനപ്പെട്ട പി. റ്റി.എ. റഹീമിന്റെ പ്രസംഗത്തിൽ കേട്ടത്. അദ്ദേഹം തുടങ്ങിയത് കെ.പി.സി.സി.-യിൽ നടന്ന ഒരു ചർച്ചയുടെ വിശദാംശങ്ങൾ ഏതോ പത്രത്തിൽ വന്നതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ മന്ത്രിമാരെക്കുറിച്ചുള്ള വിലയിരുത്ത

ലാണ്. ഞങ്ങളുടെ പാർട്ടിക്കകത്തുള്ള ചർച്ചകൾ ജനാധിപത്യ രീതിയിൽ നട ക്കാറുണ്ട്, ചർച്ച വരാറുണ്ട്. ബഹുമാനപ്പെട്ട ശ്രീ. വി. എസ്. അച്ചുതാനന്ദൻ അപ്പുറത്തിരിക്കുന്നു, തൊട്ടടുത്ത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇരി ക്കുന്നു. ശ്രീ. പി.റ്റി.എ.റഹീം, താങ്കളുടെ പാർട്ടിയായ മാർക്സിസ്റ്റ് പാർട്ടിയിൽ ചർച്ച ചെയ്ത് പ്രതിപക്ഷ നേതാവിന്റെ പെർഫോമൻസിനെ വിലയിരുത്തി അദ്ദേഹത്തെ മാറ്റണമെന്ന് വോട്ടിട്ട് പ്രമേയം പാസ്സാക്കി, ആ പ്രമേയം പോളിറ്റ് ബ്യൂറോയ്ക്ക് അയച്ചിട്ട് കാത്തിരിക്കുന്ന നിങ്ങളാണോ ഇവിടെ വന്ന് ഞങ്ങളുടെ പാർട്ടിയിലെ മന്ത്രിമാരെക്കുറിച്ച് പറയുന്നത്. ഞാൻ അതിലേയ്ക്ക് വീണ്ടും വരാം. ശ്രീ. ആരിഫേ, അതൊക്കെ മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ തീരുമാനിക്കട്ടെ. അതിനകത്തെ ഗസ്റ്റ് ആർട്ടിസ്റ്റായ അങ്ങെന്തിനാണ് അഭിപ്രായം പറയുന്നത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇരിപ്പുണ്ട്, അവർ അഭിപ്രായം പറയട്ടെ. അക്കാര്യത്തെക്കുറിച്ച് അവർ പറയും. ശ്രീ. കോ ടിയേരി ബാലകൃഷ്ണനോട് ഞാൻ രണ്ട് ചോദ്യം ചോദിക്കും. മിക്കവാറും അദ്ദേഹം മറുപടി പറയും. ആദ്യമായി ഇങ്ങനെയൊരു അവസരം കിട്ടിയതിന് ഞാൻ നന്ദി പറയുന്നു. ഈ സഭ തുടങ്ങിയ അന്നു മുതൽ ഗവർണറുടെ നയ പ്രഖ്യാപനം, ഉപധനാഭ്യർത്ഥനയെക്കുറിച്ചുള്ള ചർച്ച എന്നിവയിലൊക്കെ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് പലതും സംസാരിക്കാനുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. എന്നാൽ അവയൊക്കെയില്ലാതായി. അവസാനം കാത്തിരുന്ന് ഒരവസരം കിട്ടിയത് അപ്രോപ്രിയേഷൻ ബില്ലിനാണ്. ഈ ഗവൺമെന്റിന്റെ പെർഫോമൻസിനെക്കുറിച്ചാണ് നിങ്ങൾക്ക് പരാതി. യു.ഡി. എഫ്. ഗവൺമെന്റിന്റെ ഇതുവരെയുള്ള പരിപാടികളുടെ തുടർച്ചയും അതിന്റെ ജനക്ഷേമപരമായ പുതിയ പ്രഖ്യാപനങ്ങളുമാണ് ഗവർണറുടെ നയ പ്രഖ്യാപനം തൊട്ട് ഉണ്ടായിക്കൊണ്ടിരുന്നത്. ഈ ഗവൺമെന്റ് അധികാര

ത്തിൽ വന്ന ആദ്യ 100 ദിവസം കൊണ്ട് 107 പരിപാടികൾ പ്രഖ്യാപിച്ചു. അതിൽ 102-ഉം നടപ്പാക്കാൻ കഴിഞ്ഞു. ഒരു വർഷത്തെ കർമ്മ പരിപാടി പ്രഖ്യാപിച്ചു. 664 പദ്ധതികളിൽ 374 നടപ്പിലാക്കി. പ്രഖ്യാപിച്ച പരിപാടികൾ 91 ശതമാനവും നടപ്പാക്കിയെന്ന ആത്മവിശ്വാസം ഉണ്ട്. ശ്രീ. പി. ശ്രീരാമ കൃഷ്ണാ, ഒരാത്മവിശ്വാസം കൂടി ഈ ഗവൺമെന്റിനുണ്ട്. ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ ആത്മവിശ്വാസം മറ്റൊന്നുമല്ല. നിഷ്ഠൂരമായ രാഷ്ട്രീയ കൊലപാതകങ്ങൾ അവസാനിപ്പിക്കാൻ കഴിഞ്ഞു എന്ന ആത്മവി ശ്വാസത്തോടെയാണ് ഈ ഗവൺമെന്റ് പുതിയ വർഷത്തെ പരിപാടി ആരംഭി ച്ചിരിക്കുന്നത്. നമ്മുടെ കേരളത്തിൽ ഒരവസ്ഥയുണ്ടായിരുന്നു. കൊല ചെയ്യാൻ ക്വട്ടേഷൻ സംഘവും സംരക്ഷിക്കാൻ പാർട്ടിയുമുണ്ടെങ്കിൽ ഏത് കൊലപാതകവും നടത്താമെന്ന ഒരു രാഷ്ട്രീയ സിദ്ധാന്തം കേരളത്തിൽ ഉണ്ടായിരുന്നു. ആ രാഷ്ട്രീയ സിദ്ധാന്തത്തിനെ എന്നന്നേയ്ക്കുമായി അറുതി വരുത്തിക്കൊണ്ടാണ് ഐക്യ ജനാധിപത്യ മുന്നണി ഈ വർഷത്തെ നയപ്ര ഖ്യാപനം അവതരിപ്പിച്ചിരിക്കുന്നത്. ഇവിടെ 82 കാര്യങ്ങളാണ് അക്കമിട്ട് ഗവർണറുടെ നയപ്രഖ്യാപനത്തിൽ പറഞ്ഞത്. അതിൽ ഏതെങ്കിലും കാര്യ ത്തിൽ അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ പറയണം. നെൽകൃഷിക്കാരന് ഹെക്ടറിന് 4000 രൂപ ധനസഹായം കൊടുക്കുന്ന പദ്ധതി, ഒരു ലക്ഷം ഭൂ ര ഹിതർക്ക് ഭൂമി, വിഴിഞ്ഞം തുറമുഖം ആരംഭിക്കാൻ പോകുന്നു, സ്ത്രീകൾക്ക് സംരക്ഷണം. ഈ ബിൽ കഴിഞ്ഞാൽ ഇവിടെ ചർച്ച ചെയ്യാൻ പോകുന്ന വിഷയം സ്ത്രീ സംരക്ഷണത്തെക്കുറിച്ചാണ്. അതുപോലുള്ള എത്രയോ പരി പാടികൾ. കോക്ലിയർ ഇംപ്ലാന്റേഷൻ പോലുള്ള സാമൂഹ്യസുരക്ഷാ പദ്ധതി

ക്ക് മാതൃക കാണിച്ച ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഏതു വർഷത്തെ പ്രവർത്തനവും ഞങ്ങൾ വിലയിരുത്താൻ തയ്യാറാണ്. നമുക്ക് ഗവൺമെന്റിനെ വിമർശിക്കാം, ഒരു വിരോധവുമില്ല. നിങ്ങളുടെ വിമർശനം സഹിഷ്ണുതയോടെ കേൾക്കാൻ ഞങ്ങൾ തയ്യാറാണ്. വീഴ്ചകൾ ബോദ്ധ്യപ്പെട്ടാൽ തിരുത്താൻ തയ്യാറാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറഞ്ഞിട്ടുണ്ട്. പക്ഷേ നിങ്ങൾ ഗവൺമെന്റിനെ വിമർശിക്കുകയാണ് ചെയ്തത്. വർഗ്ഗീയത പ്രചരിപ്പിച്ചും നീലക്കഥകൾ മെനഞ്ഞുണ്ടാക്കിയും നിങ്ങൾ പുകമറ സൃഷ്ടിക്കുകയാണ്. സമരത്തിലൂടെ സർക്കാരിനെ അട്ടിമറിക്കാൻ സാധിക്കാതെ വന്നപ്പോൾ സമരാഭാസം അഴിച്ചുവിട്ടു. മാർക്സിസ്റ്റ് പാർട്ടിക്ക് ഒരു മുദ്രാവാക്യമുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. എം. എ. ബേബിയും ശ്രീ. എ. കെ. ബാലനും വിളിച്ച മുദ്രാവാക്യം- തോറ്റിട്ടില്ല, തോറ്റിട്ടില്ല തോറ്റ ചരിത്രം കേട്ടിട്ടില്ല എന്നാണ്. മേലാൽ മാർക്സിസ്റ്റ് പാർട്ടി ആ മുദ്രാവാക്യം വിളിക്കില്ല. കാരണം, അടുത്ത കാലത്ത് നിങ്ങൾ നടത്തിയ എല്ലാ സമരങ്ങളും തോറ്റു. യുവജന വിദ്യാർത്ഥി സമരം തോറ്റു; കുടുംബശ്രീ സമരം തോറ്റു. എൻ.ജി.ഒ.- അദ്ധ്യാപകരുടെ സമരം തോറ്റു; ഭൂ സമരം തോറ്റു; പിറവത്തും നെയ്യാറ്റിൻകരയിലും ഉപ തെരഞ്ഞെടുപ്പുകളിൽ തോറ്റു; ലോക്കൽ ബോഡീസിൽ തോറ്റു; അവസാനം ജില്ലാ ബാങ്കിലും തോറ്റു. തോറ്റു തുന്നം പാടിയ നിങ്ങൾക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം നടത്തിയ ഏതെങ്കിലും ഒരു സമരം വിജയിച്ചു എന്ന് പറയാൻ സാധിക്കുമോ? തോറ്റ സമരങ്ങളുടെ നാണക്കേട് മാറ്റാൻ വേണ്ടി ഇപ്പോൾ സൂര്യനെല്ലി സമരത്തിന്റെ ആയുധമാക്കി വന്നിരിക്കുകയാണ്. കഴിഞ്ഞ 17 വർഷം ചവച്ചു തുപ്പിയ സൂര്യനെല്ലിയാണ് വീണ്ടും നിയമസഭാ സമ്മേളനവേദി

കളെപ്പോലും തടസ്സപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. ഇ. കെ. നായനാരും ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദനും 7 വർഷക്കാലം കണ്ടുപിടിക്കാനാവാത്ത ഏത് കുറ്റമാണ് ശ്രീ. ഉമ്മൻ ചാണ്ടിക്ക് ശ്രീ. പി. ജെ. കുര്യന്റെ മേൽ ചുമത്താൻ കഴിയുന്നത്? അപ്പോൾ കോടതികൾക്കും നിയമങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും വഴങ്ങാതെ കൈക്കരുത്തുകൊണ്ട് സർക്കാരിനെ കീഴ്പ്പെടുത്താനാണ് നിങ്ങൾ ശ്രമിക്കുന്നതെങ്കിൽ ഈ സർക്കാരിന് രക്ഷാവലയം തീർക്കാൻ കേരളത്തിലെ ജനങ്ങളുണ്ടാകും എന്നതാണ് അടുത്ത കാലത്തെ തെരഞ്ഞെടുപ്പുകളിൽ കാണുന്നത്. നിങ്ങളുടെ പാർട്ടിയുടെ ചരിത്രമെന്താണ്? ഇവിടെ സ്ത്രീ പീഡനത്തെക്കുറിച്ചാണല്ലോ പറഞ്ഞത്. പാർട്ടിക്കകത്ത് സ്ത്രീപീഡനം നടത്തിയ ആളുകൾക്ക് രക്ഷയും പരാതി കൊടുത്തവർക്ക് ശിക്ഷയും നൽകുന്ന പാർട്ടിയാണ് മാർക്സിസ്റ്റ് പാർട്ടി. ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകണോ? സംസ്ഥാന കമ്മിറ്റി അംഗമായ ദേശാഭിമാനി ചുമതലക്കാരന്റെ പെരുമാറ്റത്തിനെതിരെ പാർട്ടി നേതൃത്വത്തിന് പരാതി കൊടുത്തതിന്റെ പേരിൽ ശ്രീമതി മേഴ്സിക്കുട്ടിയമ്മയെ ശാസിച്ച സി.പി.ഐ.(എം)-ന് സ്ത്രീ പീഡനത്തെക്കുറിച്ച് പറയാൻ എന്ത് അധികാരം? ഒരു സൂര്യനെല്ലിയാണ് പറയാൻ പോകുന്നതെങ്കിൽ അനേകം സൂര്യനെല്ലികൾ നിങ്ങൾക്കെതിരെ വരും. കണ്ണൂർ സുഖവാസ കേന്ദ്രത്തിലെ സൂര്യനെല്ലിയെ ഓർക്കുന്നില്ലേ? എറണാകുളം ജില്ലയിൽ ഒളിക്യാമറയിലൂടെ കണ്ട സൂര്യനെല്ലിയുടെ ആനന്ദസംഭവങ്ങൾ നിങ്ങൾക്ക് മറക്കാൻ കഴിഞ്ഞോ? കിളിരൂർ, കവിയൂർ കേസുകളിലെ സൂര്യനെല്ലി കുമാരന്മാരെ നിങ്ങൾ മറന്നോ? രാഷ്ട്രീയം പറഞ്ഞ് സർക്കാരിനെ കുറ്റപ്പെടുത്താം, വീഴ്ചകൾ ചൂണ്ടിക്കാണിച്ചാൽ അത് വിലയിരുത്താം. ആരോഗ്യപരമായ ജനാധിപത്യ കടമകൾക്ക് പകരം അന്തസ്സി

ല്ലാത്ത നീലക്കഥകൾ പറഞ്ഞ് നിങ്ങൾ സർക്കാരിനെ കുറ്റപ്പെടുത്താൻ നോക്കിയാൽ ഈ നീലക്കുറ്റം ആരോപിക്കുന്നവർ സ്വന്തം നീലക്കുറുക്കന്മാരെ വെറുതേ വിടരുത് എന്ന് അഭ്യർത്ഥിക്കുകയാണ്. മുങ്ങിച്ചാകാൻ പോകുന്നവന് വയ്ക്കോൽ തുരുമ്പും ഒരു രക്ഷയാണ്. ഈ നിയമസഭാ സമ്മേളനം ആരംഭിക്കുമ്പോൾ ഒഴിഞ്ഞ ആവനാഴിയുമായി ഈ സഭയിലേയ്ക്ക് കടന്നുവന്ന പ്രതിപക്ഷനേതാവും സഹപ്രവർത്തകരും തുടങ്ങിവച്ച സമരാഭാസങ്ങൾ നിങ്ങളുടെ എല്ലാ സമരങ്ങളും പോലെ പൊട്ടി. സംസ്ഥാന കമ്മിറ്റിയുടെയും സംസ്ഥാന സെക്രട്ടറിയുടേയും കേന്ദ്രകമ്മിറ്റിയുടെയും പോളിറ്റ് ബ്യൂറോയുടെയും മൂക്കുകയറിട്ട് ചാട്ടകൊണ്ടടിച്ചിട്ടും പ്രതിപക്ഷനേതാവ് സഭയ്ക്കകത്ത് സർക്കാരിനെയും സഭയ്ക്കു പുറത്ത് പാർട്ടിയേയും വെല്ലുവിളിക്കുമ്പോൾ ഞങ്ങളുടെ വിലയിരുത്തലല്ല, നിങ്ങൾ തന്നെ പറയുന്നു പകയാണ് വി.എസിന്റെ ഊർജ്ജം, പാരയാണ് വി.എസിന്റെ ആയുധം. രാഷ്ട്രീയ പ്രതിയോഗികൾക്കെതിരെ പ്രയോഗിച്ചതിനേക്കാൾ കൂടുതൽ പാരയും പകയും അദ്ദേഹം ഉപയോഗിച്ചത് സ്വന്തം പാർട്ടിക്കാർക്കെതിരെയാണ് എന്നതാണ് നിങ്ങളുടെ സ്റ്റേറ്റ് കമ്മിറ്റിയുടെ പ്രമേയവും അതിനെക്കുറിച്ച് നിങ്ങൾ കേന്ദ്രകമ്മിറ്റിക്ക് പരാതി കൊടുത്തിരിക്കുന്നതും. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങ് പോളിറ്റ് ബ്യൂറോ അംഗമാണ്. ഈ പാർട്ടി ഇങ്ങനെ തകരുന്നതിൽ സങ്കടമുണ്ട്. കേട്ടുകേൾവി പോലുമില്ലാത്ത അച്ചടക്കരാഹിത്യത്തിനു മുമ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ എല്ലാ നിയമങ്ങളും ചട്ടങ്ങളും കീഴ്വഴക്കങ്ങളും ചത്തൊടിയുകയാണ്. ഇപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ തർക്കമെന്താണ്? പാർട്ടിയാണോ വി.എസ്. ആണോ വലുത്? മനസ്സു കൊണ്ടോ ശരീരം കൊണ്ടോ നിങ്ങളുടെ കൂടെയല്ലാത്ത വി.എസ്സിനെ മുൻനിർത്തി ഈ സഭയിൽ ഒച്ച വയ്ക്കുന്ന നിങ്ങളോട് ഞാൻ ചോദിക്കുന്നു.

നിങ്ങളുടെ നേതാവാരാണ്: ശ്രീ. വി.എസ് അച്ചുതാനന്ദനോ അതോ ശ്രീ. കോടിയേരി ബാലകൃഷ്ണനോ? അതിന് മറുപടി പറയണം. വി.എസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ വാസവദത്തയെപ്പോലെയാണ്. കരചരണം ഛേദിച്ച് പ്രതിപക്ഷ നേതാവിന്റെ കസേര മരണം കാത്തു കിടക്കുകയാണ്. ഈ സഭാ സമ്മേളനം തീരുന്നതുവരെ പ്രതിപക്ഷ നേതാവിന്റെ കസേരയിൽ വി.എസ്. ഉണ്ടാകുമെന്ന് ഉറപ്പുപറയാൻ വി.എസിനു കഴിയുമോ? അടുത്തിരിക്കുന്ന കോടിയേരിക്ക് കഴിയുമോ? ഈ സഭാസമ്മേളനം കഴിയുന്നതുവരെ അല്ലെ ങ്കിൽ ബഡ്ജറ്റ് സമ്മേളനം കഴിയുന്നതുവരെ ആ കസേരയിൽ അങ്ങ് ഇരിക്കു മെന്ന് ഉറപ്പുണ്ടോ? ഞങ്ങൾക്ക് അങ്ങ് അവിടെ ഇരിക്കണമെന്നാണ് ആഗ്ര ഹം. പക്ഷേ അങ്ങ് ഇപ്പോൾ ഒരു പാർട്ടി യോഗത്തിനും പോകുന്നില്ല. അങ്ങ യുടെ അവസ്ഥ വളരെ ദയനീയമാണ്. പാർട്ടിയോഗത്തിന് പോകാൻ അങ്ങേയ്ക്ക് മനസ്സില്ല. മാർക്സിസ്റ്റ് പാർട്ടി എടുത്തിരിക്കുന്ന റിപ്പോർട്ടു കളെക്കുറിച്ച് അങ്ങ് പറഞ്ഞ അഭിപ്രായമുണ്ട്. ഞാൻ പുച്ഛിച്ചു തള്ളുന്നു എന്ന് പറഞ്ഞിട്ട് പോലും....നിങ്ങൾ ഇപ്പോൾ പറയുന്നത് കോൺഗ്രസ്സസിലെ ന്താണ് എന്നതാണ്? ഇന്നത്തെ രാഷ്ട്രീയം വളരെ വ്യക്തിപരമായി അധ:പ തിച്ചു കൊണ്ടിരിക്കുകയാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. എം. എ. ബേബിയും ഇപ്പുറത്തിരിക്കുന്ന മന്ത്രിമാരിൽ ബഹുഭൂരിപക്ഷവും ഒരു കാലഘട്ടത്തിൽ ചെറുപ്പക്കാരും വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ കടന്നുവന്ന വരുമാണ്. ഇവിടെ മാന്യതയില്ലാത്ത വിമർശനങ്ങൾ നടക്കുന്നു. രാഷ്ട്രീയ സദാചാര മൂല്യങ്ങൾക്ക് ശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്നു. പുതിയ തലമുറയ്ക്ക് രാഷ്ട്രീയത്തോട് അലർജി തോന്നേണ്ട കാരണം സംബന്ധിച്ച് നിങ്ങളുമായി ചർച്ച ചെയ്യാൻ ഞങ്ങൾ തയ്യാറാണ്. കഴിഞ്ഞ ദിവസം ബഹുമാ ന്യനായ മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. നമ്മുടെ മാന്യതയാണ് നഷ്ടപ്പെടു

ത്തുന്നത്. നഷ്ടമായ രാഷ്ട്രീയ മാന്യത വീണ്ടെടുക്കാൻ രാഷ്ട്രീയ പ്രവർത്തകർ കൂടിയാലോചിക്കണം. സമൂഹം നമുക്ക് നൽകുന്ന ആദരവിനെക്കുറിച്ചാണ് പറയേണ്ടത്. സമൂഹം നമുക്ക് നൽകുന്ന ആദരവ് നഷ്ടപ്പെടുന്നു. അതുകൊണ്ട് ആരോഗ്യപരമായ വിമർശനത്തിനുള്ള ഇച്ഛാശക്തി പ്രതിപക്ഷം പ്രകടിപ്പിക്കണം. അത് ഉൾക്കൊള്ളാനുള്ള സഹിഷ്ണുത ഭരണപക്ഷത്ത് നിന്നുണ്ടാകും എന്നുള്ളതിൽ യാതൊരു തർക്കവുമില്ല. ഇന്ന് മാർക്സിസ്റ്റ് പാർട്ടിയിൽ എന്തു സമരമാണ് നടക്കുന്നത്? ഞാൻ നിങ്ങളെക്കുറിച്ച് പറയാൻ ഇത് തുടങ്ങിയത് നിങ്ങളല്ലേ. ഉള്ളവനും ഇല്ലാത്തവനും തമ്മിൽ നടക്കുന്ന പോരാട്ടത്തെക്കുറിച്ചാണ് നിങ്ങൾ പറഞ്ഞത്. മുതലാളിമാർക്കെതിരെയുള്ള പോരാട്ടം, സ്ഥാപിത താല്പര്യക്കാർക്കെതിരെയുള്ള പോരാട്ടം, സാമ്രാജ്യത്വ ശക്തികൾക്കെതിരെയുള്ള പോരാട്ടം. ഇന്ന് നിങ്ങളുടെ പാർട്ടിയിൽ നടക്കുന്ന സമരം എന്താണ്? ഞാൻ ഡി.വൈ.എഫ്.ഐ.-ക്കാരോട് ചോദിക്കുന്നു. അധികാരം കൈയിലെടുത്ത് അധികാര പ്രമത്തത കൂടുന്ന ശ്രീ. പിണറായി വിജയനും നിങ്ങളുടെ ഭാഷയിൽ പറഞ്ഞാൽ പകയും വിദ്വേഷവുമായി നടക്കുന്ന ശ്രീ. വി.എസ്. അച്ചുതാനന്ദനും തമ്മിലുള്ള പോരാട്ടമാണ് നിങ്ങളുടെ പാർട്ടിയിൽ നടക്കുന്നത്. ബഹുമാനപ്പെട്ട ഡി.വൈ.എഫ്.ഐ.-ക്കാരോട് ചോദിക്കുന്നു, നിങ്ങൾ ആരുടെ ഭാഗത്താണ്? ഈ ഈഗോക്രാഷിന്റെ മുന്നിൽ നിങ്ങളുടെ പാർട്ടി ആദർശപരമല്ല, പ്രത്യയശാസ്ത്രപരമല്ല. വ്യക്തിപരമായ പോരാട്ടങ്ങൾക്കു മുമ്പിൽ ചാവേർ പോരാളികളെപ്പോലെ മാറാൻ ഡി.വൈ.എഫ്.ഐ.-ക്കാർ ആഗ്രഹിക്കണമോ എന്ന് ഞാൻ നിങ്ങളോട് ചോദിക്കുന്നു. വളയാത്ത നട്ടെല്ലിന്റെയും അടിമപ്പെടാത്ത മസ്തിഷ്കത്തിന്റെയും ഉടമസ്ഥരാണെന്ന് അവകാശപ്പെടുന്ന പ്രിയപ്പെട്ട രാജേഷേ, നിങ്ങളുടെ പാർട്ടിക്ക് പറ്റിയിരിക്കുന്ന ഈ അപചയത്തെക്കുറിച്ച് നിങ്ങൾ

ആലോചിക്കണം. ഉള്ളവനും ഇല്ലാത്തവനും തമ്മിൽ നടക്കുന്ന വർഗ്ഗസമര ത്തെക്കുറിച്ചാണ് പറഞ്ഞത്. ഇവിടെ എന്ത് വർഗ്ഗസമരമാണ് നടക്കുന്നത്. ഇപ്പോൾ മാർക്സിസ്റ്റ് പാർട്ടി മൂന്നു പ്രാവശ്യം പോളിറ്റ് ബ്യൂറോ കൂടി, നാലു പ്രാവശ്യം സ്റ്റേറ്റ് കമ്മിറ്റി കൂടി, പ്രമേയം പാസ്സാക്കിയത് ഏതെങ്കിലും കുത്തക മുതലാളിയേയോ ഏതെങ്കിലും കൈയേറ്റക്കാരനെയോ എതിർക്കാനല്ല, ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ മൂന്ന് പേഴ്സണൽ സ്റ്റാഫിനെ സസ്പെൻഡ് ചെയ്യാനാണ്. മൂന്ന് പേഴ്സണൽ സ്റ്റാഫിനെ സസ്പെൻഡ് ചെയ്യാൻ മൂന്നു പ്രാവശ്യം പി.ബി. കൂടിയിട്ടും പറ്റിയില്ല, അതാണ് നിങ്ങളുടെ പാർട്ടി. എന്നി ട്ടാണ് കോൺഗ്രസിനെക്കുറിച്ച് പറയുന്നത്. സ്റ്റേറ്റ് കമ്മിറ്റി കൂടിയിട്ടും സാധി ച്ചില്ല. പണ്ട് ഭീമന്റെയും ഹനുമാന്റെയും കഥ നമ്മൾ പഠിച്ചിട്ടുണ്ട്. തന്റെ ശക്തി അറിയിക്കുന്നതിനും നിങ്ങളെപ്പോലെ വലിയ വീമ്പിളക്കി നടന്ന ഭീമ സേനനെ ഒരു പാഠം പഠിപ്പിക്കുന്നതിനും ഹനുമാൻ ഒരു കുരങ്ങായി പോയി കിടന്നു. അവസാനം ഹനുമാന്റെ വാലിനെ നോക്കി, നോക്കടാ നമ്മുടെ മാർഗ്ഗേ കിടക്കുന്നു എന്ന് ആക്രോശിച്ചുകൊണ്ട് തന്റെ ഗദയെടുത്ത് ഒന്ന് തോണ്ടി മാറ്റാമെന്ന് വച്ചപ്പോൾ വളരെ രസകരമായ ചോദ്യമുയർന്നു, ഒടിയു ന്നതെന്താ, നിന്നുടെ ഗദയോ എന്നുടെ വാലോ എന്ന് ചോദിച്ചതുപോലെയാ ണ് കാര്യങ്ങൾ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പുറകെ വാലായി നടക്കുന്ന മൂന്നുപേരെ മാറ്റാൻ കഴിവില്ലാത്ത നിങ്ങളുടെ പാർട്ടിയാണ് കോൺഗ്രസ്സിനെ കുറ്റപ്പെടുത്തുകയും ആക്ഷേപിക്കുകയും ചെയ്യുന്നത്. നിങ്ങൾ എന്താണ് ഈ സഭയിൽ ചെയ്തത്? മാണി സാറിനെ ഞാൻ അനുമോദിക്കുന്നു. ഈ സപ്ലി മെന്ററി ഡിമാന്റ് നിങ്ങൾ നോക്കിയിട്ടില്ല. നിങ്ങൾ കയ്യിൽ കിട്ടുന്നതെല്ലാം വലിച്ച് കീറുകയാണ് ചെയ്യുന്നത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ഞാൻ അങ്ങയെ ബഹുമാനിക്കുന്ന ആളാണ്. നിങ്ങൾ ഒരു പാർട്ടിയുടെ ഡെപ്യൂട്ടി

ലീഡറല്ലേ; അങ്ങേയ്ക്ക് ഇന്നലെ ആഹ്വാനം നൽകാമായിരുന്നു. എന്റെ കയ്യിലിരിക്കുന്ന പ്രതീകാത്മകമായ ഈ ബിൽ വലിച്ചുകീറിയത്, ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ ഇത്തരത്തിൽ ഒരു തരംതാണ പരിപാടിക്ക് ബഹുമാന്യനായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പോയത് ശരിയല്ല. തെറ്റ് ആര് ചെയ്താലും തെറ്റാണെന്ന് ഞാൻ പറയും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കഴിഞ്ഞ നിയമസഭയിൽ ഞങ്ങൾ ഭരണപക്ഷത്തിരിക്കുന്ന സമയത്ത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലാണ് ബിൽ വലിച്ച് കീറിയത്. അന്ന് ഈ ജനാധിപത്യം എവിടെപ്പോയി?

ശ്രീ. ബെന്നി ബെഹനാൻ: ഞാൻ കഴിഞ്ഞ നിയമസഭയിൽ ഉണ്ടായിരുന്നില്ല. ശ്രീ. ഉമ്മൻ ചാണ്ടി കീറിയിട്ടില്ല എന്ന് അന്ന് സഭയിൽ ഉണ്ടായിരുന്ന എന്റെ സഹപ്രവർത്തകന്മാർ പറയുന്നു. ഇവർക്ക് വേണമെങ്കിൽ കീറാം. നമ്മുടെ സഭയ്ക്ക് ഒരു മാന്യതയുണ്ട്, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇല്ലാതിരുന്ന സമയത്ത്, ഈ സഭയുടെ പ്രതിപക്ഷ നേതാവെന്ന നിലയിൽ നിങ്ങൾ പ്രവർത്തിച്ചത് ശരിയാണെന്നു തോന്നുന്നുണ്ടോ? ഞാൻ നിങ്ങളുടെ അഭിപ്രായത്തെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. പക്ഷേ അങ്ങ് ആഹ്വാനം ചെയ്താൽ എനിക്ക് വിരോധമില്ല. അങ്ങ് പ്രഖ്യാപിച്ചാൽ വിരോധമില്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ time is over.

ശ്രീ. ബെന്നി ബെഹനാൻ: ഞാൻ അവസാനിപ്പിക്കാം. ഇവിടെ എം. എൽ.എ.-മാർക്ക് നേരെ നടന്ന ആക്രമത്തെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. സഭയുടെ വിലപ്പെട്ട സമയം നമ്മൾ പാഴാക്കി. ഗുരുതരമായ കാര്യങ്ങൾ ചർച്ച ചെയ്യേണ്ട, ഒരു ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തെക്കുറിച്ച് സത്യസന്ധമായി, ആത്മാർത്ഥമായി വിമർശിക്കുകയും തെറ്റുകളുണ്ടെങ്കിൽ തിരു

ത്താനുള്ള വേദിയാക്കുകയും ചെയ്യേണ്ട, കേരള നിയമസഭയുടെ അന്തസ്സിന് പോലും യോജിക്കാത്ത രീതിയിലാണ് നിങ്ങൾ പ്രവർത്തിച്ചത്. നിങ്ങൾ വിചാരിച്ചിട്ടും കേസ്സെടുക്കുവാൻ കഴിയാത്ത, നിങ്ങളുടെ രണ്ട് മുഖ്യമന്ത്രിമാർ ഏഴ് വർഷക്കാലം ഭരിച്ചിട്ടും നടപടി സ്വീകരിക്കുവാൻ കഴിയാത്ത ഒരു കാര്യത്തെ, വീണ്ടും സഭയിലും സഭയുടെ നടുക്കത്തളത്തിലേയ്ക്കും വലിച്ചിറക്കി സമരം ചെയ്യുന്നതിലുള്ള വിരോധാഭാസം എനിക്ക് മനസ്സിലാകുന്നില്ല. ഇവിടെ ശ്രീ. കെ. എം. മാണി സാറിന്റെ ഉപധനാഭ്യർത്ഥനകളെക്കുറിച്ച് പറയുകയുണ്ടായി. എല്ലാ ക്ഷേമപെൻഷനുകളും പൂർണ്ണമായും കൊടുത്തുതീർത്ത ഒരു ഗവൺമെന്റിന്റെ ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രിയാണ് ശ്രീ. കെ. എം. മാണി സാറെന്ന് ഞാൻ പറയുന്നു.

ഇവിടെ അസെറ്റ് ഫണ്ടിനെക്കുറിച്ച് പറഞ്ഞു. എന്തെങ്കിലും പരാതികളുണ്ടെങ്കിൽ പരിഹരിക്കാൻ നമുക്ക് നോക്കാമെന്ന് ധനകാര്യവകുപ്പ് മന്ത്രി പറഞ്ഞു. ഞാൻ ഒരു കാലഘട്ടത്തിനുശേഷമാണ് എം.എൽ.എ ആകുന്നത്. അതുകൊണ്ട് എനിക്ക് വലിയ പാരമ്പര്യമൊന്നുമില്ല. നിങ്ങൾ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ പറ്റാതിരുന്നിട്ടുണ്ടെങ്കിൽ, അതിന് സാങ്കേതികമായ എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ, ആ തടസ്സങ്ങൾ മാറ്റാൻ ഞാൻ തയ്യാറാണെന്ന് പറഞ്ഞുകൊണ്ട് എല്ലാ എം.എൽ.എ-മാർക്കും കത്തയച്ച കേരളത്തിലെ ആദ്യത്തെ ധനകാര്യവകുപ്പുമന്ത്രിയാണ് ശ്രീ. കെ. എം. മാണിഎന്ന് ഞങ്ങൾ അഭിമാനത്തോടുകൂടി പറയാൻ കഴിയും. എന്നിട്ടും നിങ്ങൾ അസെറ്റ് ഡെവലപ്പ്മെന്റിനെക്കുറിച്ച് പരാതി പറഞ്ഞു. എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. ടി. എം. തോമസ് ഐസക് അവിടെ ഉണ്ടായിരുന്നല്ലോ? അങ്ങനെയൊരു കത്തയക്കുവാൻ നിങ്ങൾ തയ്യാറായോ? അന്ന് നിങ്ങൾ ചെയ്തത് ഭരപക്ഷ എം.എൽ.എ-മാർക്ക് കൂടുതൽ പരിഗണന നൽകി. പ്രതിപക്ഷത്തിരി

ക്കുന്ന എം.എൽ.എ-മാർക്ക് പരിഗണന നൽകിയില്ല. ഞങ്ങൾ അങ്ങനെയല്ല. ഞങ്ങൾ പ്രഖ്യാപിക്കുന്ന കാര്യത്തിൽ പരിപൂർണ്ണമായും സത്യസന്ധരായി നിൽക്കുന്നു. ഈ ഗവൺമെന്റ് നടത്തുന്ന നല്ല കാര്യങ്ങൾ അതാണ്. നിങ്ങളുടെ കണ്ണിലെ കോലെടുത്ത് കളഞ്ഞിട്ട് മതി ഞങ്ങളുടെ കണ്ണിലെ കരട് ഊതി കളയാനെന്ന് നിങ്ങൾ പറഞ്ഞല്ലോ? ബഹുമാനപ്പെട്ട ശ്രീ. പി. ടി. എ. റഹീമിനോട് ഞാൻ പറയുകയാണ്, നിങ്ങളുടെ അഭ്യർത്ഥന നിങ്ങളുടെ കമ്മ്യൂണിസ്റ്റ് പാർട്ടിക്കകത്ത് മതി. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ വിശ്വസിക്കുന്ന പ്രിയപ്പെട്ട ഡി.വൈ.എഫ്.ഐ സുഹൃത്തുക്കളോട് എനിക്ക് പറയാനുള്ളത്, നിങ്ങൾ വ്യക്തമായ ഒരു നിലപാട് എടുക്കണം. നിങ്ങളുടെ പാർട്ടിയിൽ നടക്കുന്ന സമരങ്ങൾ, വ്യക്തിപരമായ ഈഗോക്കെതിരെ നടക്കുന്ന സമരങ്ങൾ, അതിൽ ചട്ടുകങ്ങളെപ്പോലെ നിന്നുകൊടുക്കുകയല്ല വേണ്ടത് മറിച്ച് ഈ രാജ്യത്ത് നടക്കേണ്ട വികസന പ്രവർത്തനങ്ങളെക്കുറിച്ച്, രാജ്യത്ത് ഉണ്ടാകേണ്ട മതനിരപേക്ഷത,. . . . . . . ഒരു തെറ്റിദ്ധാരണയും വേണ്ട ഞങ്ങളൊക്കെ കോൺഗ്രസ്സുകാരാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ തീരുമാനത്തെ ഹൈജാക്ക് ചെയ്യാൻ ഒരു സാമുദായിക നേതാക്കന്മാരെയും ഞങ്ങൾ അനുവദിക്കില്ലായെന്ന് ആത്മാഭിമാനത്താടെ പറയുകയാണ്. ഇക്കാര്യത്തിൽ ഒരു തെറ്റിദ്ധാരണയും വേണ്ട. ഐക്യജനാധിപത്യ മുന്നണിയുടെ കാലഘട്ടങ്ങളിൽ ഞങ്ങൾക്ക് പിന്തുണ നൽകുന്ന ഏതെങ്കിലും ശക്തിയെ നിങ്ങളുടെ ഭാഗത്തേയ്ക്ക് വരുത്തുവാൻ എത്രയോ പ്രമേയം കൊണ്ടുവന്നതാണ്. നിങ്ങളുടെ ഭാഗത്ത് പണ്ട് ഉണ്ടായിരുന്ന ബദൽ രേഖ ഞങ്ങൾ മറന്നിട്ടില്ല. ആ ബദൽ രേഖയിൽ പുറത്തുപോയവരുണ്ട്. നിങ്ങളെടുത്ത സമദൂര സിദ്ധാന്തങ്ങളുണ്ട്.

ആശയപരമായ പോരാട്ടമൊന്നുമല്ല മാർക്സിസ്റ്റ് പാർട്ടിയിൽ ഇപ്പോൾ നടക്കുന്നത്. ബഹുമാന്യനായ വി. എസ്. അച്ചുതാനന്ദനെ ക്രൂശിക്കുവാൻ വേണ്ടി നിങ്ങൾ ഇപ്പോഴും നടക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, അങ്ങ് ആത്മാഭിമാനമുള്ള ആളാണ്. ഞാൻ അങ്ങയോട് പറയുന്നു, പോടാ പുല്ലേ എന്നുപറഞ്ഞു അധികാരം വലിച്ചെറിഞ്ഞുകൊണ്ട് പോയാൽ നിങ്ങളുടെ കൂടെ കേരളത്തിലെ ജനങ്ങൾ ഉണ്ടാകും. ഈ ആട്ടുംതുപ്പും സഹിച്ച് അങ്ങയെപ്പോലുള്ള ഒരാൾ ഈ പ്രായത്തിലും ഇവിടെ ഇരിക്കരുതെന്ന് ഉപദേശിക്കുവാൻ അധികാരമില്ലെങ്കിലും അങ്ങയെ വ്യക്തിപരമായി ഇഷ്ടപ്പെടുന്ന ഒരു വ്യക്തിയെന്ന നിലയിൽ ബഹുമാനപുരസ്സരം അങ്ങയുടെ മുന്നിൽ ഈ അഭ്യർത്ഥന സമർപ്പിച്ചുകൊണ്ട് ഈ അപ്രോപ്രിയേഷൻ ബില്ലിനെ ഒന്നുകൂടി പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ബഡ്ജറ്റ് പാസ്സാക്കിയ പണംതന്നെ ചെലവഴിക്കാത്ത സാഹചര്യത്തിൽ ഈ ഉപധനാഭ്യർത്ഥനകളെ യാതൊരു വിധത്തിലും അംഗീകരിക്കുവാൻ കഴിയുകില്ല. മന്ത്രിമാരുടെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. പദ്ധതി വിഹിതം ചെലവഴിച്ചിട്ടില്ല. ഉദ്യോഗസ്ഥതലത്തിൽ തീരുമാനങ്ങളെടുക്കേണ്ടത് എടുക്കുന്നില്ല. സെക്രട്ടേറിയറ്റിലെ മന്ത്രിമാരുടെ ഓഫീസുകളിൽ മന്ത്രിസഭാ യോഗം കഴിഞ്ഞാലുടനെ വണ്ടിയിൽ കയറി പോവുകയാണ്. മന്ത്രിമാരെ കാണാൻ പോലും കിട്ടുന്നില്ല. കഴുകന്റെ കണ്ണോടുകൂടിയാണ് ജനാധിപത്യ വിശ്വാസികളുടെ വോട്ട് വാങ്ങി അധികാരത്തിലേറിയ ഈ ഗവൺമെന്റ് ജനാധിപത്യത്തെ പണാധിപത്യത്തിന് കീഴ്പ്പെടുത്തിക്കൊണ്ട് മുന്നോട്ട് പോകുന്നത്. അതിൽ മുഖ്യമായത് കുടിവെള്ളമാണ്. കുടിവെള്ള വിതരണം സ്വകാര്യ കമ്പനികളെ ഏൽപ്പിക്കാനുള്ള പരീക്ഷണം ലോകത്താദ്യമായല്ല നടക്കുന്നത്. ലാറ്റിൻ അമേരിക്കയിൽ

ചെഗുവേരയുടെ സമര കേന്ദ്രമായ ബൊളീവിയായിൽ 1999-ൽ ഇത് പരീക്ഷിച്ചതാണ്. 40 വർഷത്തേയ്ക്കായിരുന്നു കൊടുത്തത്. അവിടെ അവസാനം ഒരു ബക്കറ്റ് വെള്ളത്തിന് ഒരു ദിവസത്തെ വരുമാനം മതിയാകാത്ത സാഹചര്യത്തിലാണ് വമ്പിച്ച പോരാട്ടം നടന്നത്. അവിടെയൊരു ചെറുപ്പക്കാരൻ രക്തസാക്ഷിയായി. ഇന്ന് ലോകത്തെമ്പാടും ആ സമരം ആവേശപൂർവ്വം ഓർമ്മിച്ചുകൊണ്ടാണ് ജലത്തിനുവേണ്ടിയുള്ള സമരങ്ങൾ അരങ്ങേറുന്നത്.

ആ സമയത്താണ് ഒട്ടേറെ നദികളും, പുഴകളും, കുളങ്ങളുമുള്ള നമ്മുടെ കേരളത്തിൽ 59 ശതമാനം ഷെയർ കൊടുത്തുകൊണ്ട് കുടിവെള്ളം സ്വകാര്യ മേഖലയിലേയ്ക്ക് കൊണ്ടുവരാനുള്ള കമ്പനി ആരംഭിക്കുവാൻ പോകുന്നത്. അതാണ് ഞാൻ പറഞ്ഞത് കഴുകന്റെ കണ്ണാണെന്ന്. രാജ്യത്ത് കുടിവെള്ളം കിട്ടാത്ത സാഹചര്യം വരുമ്പോൾ അതിൽനിന്ന് എങ്ങനെ ലാഭം ഉണ്ടാക്കുവാൻ കഴിയുമെന്ന മുതലാളിത്തത്തിന്റെ കണ്ണാണ് ഇവിടെ കൊണ്ടുവരാൻ പരിശ്രമിക്കുന്നത്. ഇത് അംഗീകരിക്കണമോ? എങ്ങനെ ഞങ്ങൾക്ക് ഈ ഉപധനാഭ്യർത്ഥനയെ അംഗീകരിക്കുവാൻ കഴിയും. ശ്രീമതി സോണിയാ ഗാന്ധിയുടെയും ശ്രീ. മൻമോഹൻ സിംഗിന്റെയും ഏറ്റവും അടുത്ത അനുയായിയായ ശ്രീ. അജിത് ജോഗി ഛത്തീസ്ഗഡിൽ ഇത് പരീക്ഷിച്ചതായിരുന്നു. അവിടെ **ശിവനാഥ് നദിയുടെ** 35 കി.മീറ്റർ ദൂരമാണ് വിറ്റത്. അതാരും വിസ്മരിക്കരുത്. പത്രത്താളുകളിൽ നിന്ന് വായിച്ച് നമ്മൾ അറിഞ്ഞ കാര്യമാണ്. അതിനെതിരെ വമ്പിച്ച ജനകീയ പോരാട്ടങ്ങൾ നടത്തിയതിന്റെ ഫലമായാണ് അത് അവിടെനിന്ന് മാറിയത്. വീണ്ടും അത് ഇവിടെ കൊണ്ടുവരുവാനുള്ള പരിശ്രമമല്ലേ അരങ്ങേറിയിട്ടുള്ളത്. നമ്മുടെ പാരമ്പര്യം എന്താണ്. രാജവാഴ്ചയുടെ കാലത്തുപോലും മനുഷ്യർക്കും മൃഗങ്ങൾക്കും പക്ഷികൾക്കും

കുടിക്കുവാനുള്ള വെള്ളം സൗജന്യമായി നൽകിയിരുന്നു. മലബാർ മേഖല യിലാണെങ്കിൽ മോരും വെള്ളവും നൽകിയിരുന്നു. ഇനി അങ്ങോട്ട് കിട്ടാൻ പോകുന്ന ലാഭമെന്ന് പറയുന്നത് കുടിവെള്ളത്തിൽ നിന്നാണെന്ന് കണ്ടു കൊണ്ടാണ് കേരളത്തിൽ അത് വിൽക്കാനുള്ള പരിശ്രമം നടത്തുന്നത്. അവിടെ മരിച്ചുവീണ ചെറുപ്പക്കാരൻ രക്തസാക്ഷിയാണ്, ലോകത്തിലെ കുടി വെള്ളത്തിനുവേണ്ടി നടത്താൻ പോകുന്ന പോരാട്ടത്തിന്റെ രക്തസാക്ഷി. അത് കണ്ടുകൊണ്ട് കേരളീയ സമൂഹം അപ്പുറത്തുള്ളവരും ഇപ്പുറത്തുള്ള വരും കുടിവെള്ളത്തിനുമേലെ കൈവയ്ക്കാൻ പരിശ്രമിക്കരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മരണസമയത്ത് കുടുംബാംഗങ്ങൾക്ക് ഒരു തുള്ളി വെള്ളം കൊടുക്കുവാൻ കഴിഞ്ഞാൽ അതിൽ ആത്മസംതൃപ്തി അടയുന്നവരാണ് നമ്മുടെ സമൂഹം. ഈ സമയത്ത് വെള്ളത്തെ വിറ്റ് കാശാ ക്കാൻ പരിശ്രമിക്കുന്ന ഈ നടപടി ശരിയല്ല. പരേതനായ ടി. എം. ജേക്കബ് ഇത്തരമൊരു ശ്രമം ഇവിടെ ആരംഭിച്ചിരുന്നു. കിണറുകൾക്കും കുള ങ്ങൾക്കും ടാക്സ് ഏർപ്പെടുത്തി അതിനെ നിയന്ത്രിക്കുവാനുള്ള പരിശ്രമം ആരംഭിച്ചതാണ്. തീർച്ചയായും അതിൽനിന്ന് പുറകോട്ട് പോകുന്നില്ലായെന്ന് ഇവിടെ തെളിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് നമുക്കിത് ബോധ്യപ്പെട്ടിട്ടുള്ള ത്. അതിന്റെ അടിസ്ഥാനത്തിൽ അത്തരമൊരു നടപടിയിലേയ്ക്ക് പോകു മ്പോൾ, ചെഗുവേരയുടെ വിപ്ലവ പോരാട്ടത്തിന്റെ മണ്ണിൽ ബൊളീവിയ ായിൽ നടത്തിയ ആ പോരാട്ടത്തെ സ്മരിച്ചുകൊണ്ട് കുടിവെള്ളം കിട്ടാത്ത ഒരു സാഹചര്യത്തിലേയ്ക്ക് കേരളീയ സമൂഹത്തെ കൊണ്ടുപോകുമ്പോൾ അപ്പുറത്തുള്ള എം.എൽ.എ-മാർ നാടിനുവേണ്ടി മനുഷ്യർക്കുവേണ്ടി ഈ പോരാട്ടത്തിൽ നിൽക്കണം.

വാട്ടർ അതോറിറ്റി എന്ന പൊതുമേഖലാ സ്ഥാപനത്തെ ഇല്ലാതാക്കി, കുടിവെള്ളം ചുരുങ്ങിയ വിലയ്ക്ക് ലഭിക്കുന്ന സൗകര്യം ഇല്ലാതാക്കി വലിയ വിലയ്ക്ക് നഗരങ്ങളിൽ വെള്ളം കൊടുക്കാനുള്ള ഒരു പരീക്ഷണം ആരംഭിക്കുന്നുവെന്നുപറഞ്ഞാൽ, ബഹുമാന്യനായ ശ്രീ. ബെന്നി ബെഹനാനോട് എനിക്ക് സൂചിപ്പിക്കാനുള്ളത്, അതിനെയാണ് നമ്മൾ വർഗ്ഗപരമായി കാണേണ്ടത്. പാവപ്പെട്ട മനുഷ്യന്റെ വെള്ളത്തിന് വിലപറഞ്ഞുകൊണ്ട് അതിൽ നിന്ന് എത്രമാത്രം ലാഭം കൊയ്യാൻ കഴിയുമെന്ന് പരീക്ഷണം നടത്തുകയാണ് ഈ യു.ഡി.എഫ്. ഗവൺമെന്റ്. കേരളീയ സമൂഹം അതംഗീകരിക്കണമോ? നമ്മുടെ നാടിന്റെ പാരമ്പര്യം അതല്ല. ഇഷ്ടംപോലെ മനുഷ്യർക്ക് വെള്ളം കൊടുക്കാനുള്ള അവസരമുണ്ടാക്കുകയാണ് ഒരു ഗവൺമെന്റിന്റെ ബാധ്യത. അതോടൊപ്പം വിലക്കയറ്റം അതിരൂക്ഷമായിക്കൊണ്ടിരിക്കുന്നു, നിത്യോപയോഗ സാധനങ്ങളുടെ വില വൻതോതിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പിടിച്ചാൽ കിട്ടാൻ കഴിയാത്ത തരത്തിലേയ്ക്ക് ഇരുട്ടിന്റെ നാളുകളിലേയ്ക്ക് നമ്മുടെ നാട് പോകുകയാണ്. ഡീസലിന്റെയും പെട്രോളിന്റെയും വിലവർദ്ധനവിന് അനുരോധമായി സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നു. ആരാണ് വില കൂട്ടുന്നത്? ഇന്ത്യാഗവൺമെന്റാണ് കൂട്ടുന്നത്. ഗ്യാസുണ്ടോ? ട്രാൻസ്പോർട്ട് ചാർജ്ജും വൈദ്യുതി ചാർജ്ജും കൂടുകയല്ലേ; വെള്ളത്തിന്റെ കരവും കൂട്ടാൻ പോവുകയല്ലേ; മനുഷ്യന് ജീവിക്കണ്ടേ?

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട മെമ്പറുടെ ടൈം കഴിഞ്ഞിരിക്കുന്നു. പ്ലീസ്..........

<u>ശ്രീ. ഇ. കെ. വിജയൻ:</u> ആർക്കുവേണ്ടിയാണ് ഈ ഗവൺമെന്റ് എന്നാണ് നമ്മൾ ആലോചിക്കേണ്ടത്. അതിന്റെ

അടിസ്ഥാനത്തിലായിരിക്കണം ഈ ഗവൺമെന്റിനെ വിലയിരുത്തേണ്ടത്. ബഹുമാന്യനായ മെമ്പർ ശ്രീ. ബെന്നി ബെഹനാൻ ഒരു നിമിഷംപോലും ഈ ഗവൺമെന്റിനുവേണ്ടി പറയാൻ തയ്യാറായില്ല. ഒരു കാര്യം കൂടി ഞാൻ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അത് നമ്മുടെ ആസ്തി വികസന ഫണ്ടിന്റെ വിഷയമാണ്. വളരെ സന്തോഷത്തോടെയാണ് അത് പ്രഖ്യാപിച്ചപ്പോൾ ശ്രവിച്ചത്. പക്ഷേ എന്റെ നാട്ടിലെ ഒരനുഭവം പറയാൻ ചെയർ എന്നെ അനുവദിക്കണം. എന്റെ കുട്ടിക്കാലത്ത് ഹുണ്ടികവ്യാപാരിയിൽ നിന്നും ഒരാൾ 3000 രൂപ കടം മേടിച്ചു. അയാൾ മേടിച്ചത് 3000 രൂപയാണെങ്കിലും അത് പലിശ ഉൾപ്പെടെ 5000 രൂപയായി. ചോദിച്ചപ്പോൾ പണം മേടിച്ച ചെറുപ്പക്കാരൻ പറഞ്ഞു; ശരി ഞാൻ 5000 രൂപ തരാനുണ്ട്. 3000 രൂപ തന്നെന്ന് കൂട്ടൂ. പിന്നെ ഞാൻ തരേണ്ടത് 2000 രൂപയാണ്. അതിൽ 1500 രൂപ ഞാൻ മറ്റെന്നാൾ തരും. പിന്നെ ഞാൻ തരാനുള്ളത് 500 രൂപയാണ്. 500 രൂപ ഇപ്പോൾ തരാം. എല്ലാവരുടെയും സാന്നിദ്ധ്യത്തിൽ 500 രൂപ കൊടുത്തു. അങ്ങനെ നമ്മുടെ അക്കൗണ്ട് ഇവിടെ അവസാനിക്കുകയാണല്ലോ എന്നുപറഞ്ഞ് ആ ചെറുപ്പക്കാരൻ പോയി. ഒരു മാസം കഴിഞ്ഞപ്പോൾ വീണ്ടും ആ ഹുണ്ടികവ്യാപാരി 5200 രൂപ ആവശ്യപ്പെട്ടു. അതുപോലെ 5 കോടിയുടെ പദ്ധതികൾ കൊടുത്തപ്പോൾ കേവലം 50 ലക്ഷത്തിന്റെ ഭരണാനുമതിയാണ് എന്നെപ്പോലെയുള്ള ഒട്ടേറെ എം.എൽ.എ. മാർക്ക് ലഭിച്ചത്. ബാക്കി ലഭിച്ചിട്ടില്ല. അതിന് ബഹുമാന്യനായ മന്ത്രിയുടെ ഭാഗത്തുനിന്ന് ഒരു

പരിഹാരമുണ്ടാകണം എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ആർക്കാണ് ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കാതിരിക്കാൻ കഴിയുക. ഒന്നര വർഷക്കാലംകൊണ്ട് കേരളത്തിലെ ജനങ്ങളുടെ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ജൈത്രയാത്ര തുടരുകയാണ്. ഒരു ഗവൺമെന്റിന്റെ മുഖമുദ്ര പ്രധാനമായും ധനകാര്യ മാനേജുമെന്റാണ്. ഇത്ര നീതിയുക്തമായ ഒരു ധനകാര്യ മാനേജുമെന്റ് മുമ്പ് നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടില്ല. വികസന കാര്യത്തിൽ പ്രാദേശികമായ ഒരു വിവേചനവുമില്ല. ഭരണപക്ഷ പ്രതിപക്ഷവ്യത്യാസമില്ലാതെ എല്ലാവരേയും ഒരുപോലെ കണ്ടുകൊണ്ട് വികസനത്തിന് ഫണ്ട് അനുവദിക്കുന്ന സമീപനമല്ലേ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ സ്വീകരിച്ചത്. എം.എൽ.എ. മാരുടെ 1 കോടി രൂപയുടെ ഫണ്ടിനുപുറമേ 5 കോടി രൂപ വീതം കൊടുക്കാൻ തീരുമാനിച്ചപ്പോൾ ഭരണകക്ഷി എം.എൽ.എ. മാർക്ക് 5 കോടിരൂപയും പ്രതിപക്ഷ എം.എൽ.എ. മാർക്ക് 4 കോടിരൂപയും എന്നുപറഞ്ഞില്ല. എല്ലാ എം.എൽ.എ. മാർക്കും ആസ്തി വികസനഫണ്ടായി ഒരു വ്യത്യാസവുമില്ലാതെ 5 കോടി രൂപ ഇഷ്ടംപോലെ ചെലവഴിക്കുന്നതിനുവേണ്ടി കൊടുക്കാനാണ് ഉദാരമനസ്കനായ ധനകാര്യ വകുപ്പുമന്ത്രി തീരുമാനമെടുത്തത്. നിങ്ങളുടെ കാലത്ത് എന്താണ് നടന്നത്? അന്ന് ആളുകളെ നോക്കിയാണ് ഫണ്ട് കൊടുത്തത്. ഭരണകക്ഷി എം.എൽ.എ.

മാരോട് ഒരുതരത്തിലും പ്രതിപക്ഷ എം.എൽ.എ. മാരോട് മറ്റൊരുതരത്തിലുമുള്ള വിവേചനമാണ് നിങ്ങളുടെ കാലത്ത് കാണിച്ചത്. ഇന്ന് വികസനപ്രവർത്തനങ്ങൾക്ക് പണം തടസ്സമല്ല. റോഡുകളും പാലങ്ങളും മെഡിക്കൽ കോളേജുകളും സർവ്വകലാശാലകളുമൊക്കെ സ്ഥാപിക്കുന്നതിനുവേണ്ടി നമ്മുടെ സംസ്ഥാനത്ത് പണം ഒഴുകുകയാണ്. കേരളം മുഴുവൻ ഇന്ന് അതിമനോഹരമായ റോഡുകളാണ്. നിങ്ങൾ സംസ്ഥാനം ഭരിക്കുമ്പോൾ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ജോലി റോഡുകളിലെ കുഴി എണ്ണുകയായിരുന്നു. കുഴി എണ്ണി ഒരു മാസം കഴിഞ്ഞ് വീണ്ടും കുഴി എണ്ണിയപ്പോൾ കുഴിയുടെ എണ്ണം കുറഞ്ഞു. കാരണം കുഴികളൊക്കെ വലിയ കുളങ്ങളായിമാറി. അങ്ങനെയാണ് കുഴികളുടെ എണ്ണം അന്ന് കുറഞ്ഞുപോയത്. ഇന്ന് അതല്ല സ്ഥിതി, അതിമനോഹരമായ റോഡുകളാണ്. റോഡിനുവേണ്ടി ആര് ഫണ്ട് ചോദിച്ചാലും വളരെ ഉദാരമനസ്കനായി ഫണ്ട് കൊടുക്കുകയും സഹായം ചെയ്തുകൊടുക്കു കയും ചെയ്യുന്ന ധനകാര്യ വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയുമാണുള്ളത്. ഇന്നലെ ബഹുമാനപ്പെട്ട ഒരു എം.എൽ.എ. ഇവിടെ സബ്മിഷൻ ഉന്നയിച്ചതേയുള്ളൂ. 10 കോടി രൂപ ഉടനെ നൽകാമെന്നാണ് പറഞ്ഞത്. ഇങ്ങനെ ഉദാരമായ സമീപനം സ്വീകരിച്ചിട്ടുള്ള ഒരു ഗവൺമെന്റ് ഇതിന് മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. ഇവിടെ എല്ലാകാര്യത്തിലും അതാണ് സ്ഥിതി.

വിലക്കയറ്റം ഒരു ആഗോള പ്രതിഭാസമാണെന്ന് നമ്മുടെ പ്രിയങ്കരനായിരുന്ന മുൻ മുഖ്യമന്ത്രി സഖാവ് നായനാർ തന്നെ പറഞ്ഞിട്ടുണ്ട്. നായനാർ പറഞ്ഞ വിലക്കയറ്റം ആഗോളപ്രതിഭാസമായി തുടരുമ്പോൾ

പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ മാവേലിസ്റ്റോറുകൾ വളരെ സജീവമായി പ്രവർത്തിക്കുന്നു. സഹകരണ മേഖലയിൽ കൺസ്യൂമർഫെഡിന്റെ കീഴിൽ നന്മ സ്റ്റോറുകളും ത്രിവേണി സ്റ്റോറുകളും പുതുതായി തുറന്നുകൊണ്ടിരിക്കുന്നു. വീട്ടുമുറ്റത്ത് നിത്യോപയോഗ സാധനങ്ങൾ എത്തിക്കുന്നതിന് സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ എല്ലാ നിയോജക മണ്ഡലങ്ങളിലും ആരംഭിക്കുന്നതിനുവേണ്ടിയാണ് ഈ ഗവൺമെന്റ് തീരുമാനമെടുത്തത്. അങ്ങനെ ഏത് രംഗമെടുത്ത് പരിശോധിച്ചാലും കേരളത്തിലെ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്തുള്ള ഒരു ഭരണമാണ് സംസ്ഥാനത്ത് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്.

എപ്പോഴും പ്രശ്നങ്ങളുണ്ടാകുന്ന ഒരു മേഖലയാണ് ആരോഗ്യമേഖല എന്നുപറയുന്നത്. കേരളത്തിലെ ജനങ്ങൾ ചിക്കൻഗുനിയ ബാധിച്ച് മരിച്ചുവീണുകൊണ്ടിരുന്നപ്പോൾ അമേരിക്കയിലേയ്ക്ക് ഉല്ലാസയാത്രയ്ക്ക് പോയ അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയെക്കുറിച്ച് നമ്മൾ മുമ്പ് കേട്ടിരുന്നു. ഫൊക്കാനയിൽ പങ്കെടുക്കാനാണ് ആരോഗ്യവകുപ്പുമന്ത്രി പോയത്. ഇന്ന് എന്താണ് സ്ഥിതി? ഇന്ന് ആരോഗ്യമേഖലയെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടിയുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. ജെനറിക് മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകൾ ലഭ്യമാക്കി രോഗികൾക്ക് ആശ്വാസമേകാൻ ഈ ഗവൺമെന്റിന് സാധ്യമായി. നിത്യോപയോഗ സാധനങ്ങൾ വീട്ടിലെത്തിക്കുന്നതുപോലെ മരുന്നുകളും വീട്ടിലെത്തിക്കുന്നതിനുള്ള നടപടിയുമായിട്ടാണ് ആരോഗ്യവകുപ്പ് മുന്നോട്ട് പോകുന്നത്.

നാം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് കുടിവെള്ള പ്രശ്നം. കുടിവെള്ള പ്രശ്നത്തിൽ പരിഹാരം കാണണമെന്ന കാര്യത്തിൽ ആർക്കും ഒരു രാഷ്ട്രീയവുമുണ്ടാവില്ല. എല്ലാവരും അതിൽ യോജിക്കുന്നവരാണ്. കുടിവെള്ള പ്രശ്നം പരിഹരിക്കുന്ന കാര്യത്തിൽ സമഗ്രമായ പദ്ധതിക്ക് രൂപം നൽകുന്നതിന് നമുക്ക് സാധ്യമാകേണ്ടതുണ്ട്. കേരളത്തിൽ ചിലയിടങ്ങളിൽ സുലഭമായി വെള്ളം ലഭിക്കുന്നുണ്ട്, മറ്റു ചിലയിടങ്ങളിൽ ഒരു തുള്ളി വെള്ളംപോലും കുടിക്കാൻ കിട്ടാതെ ആളുകൾ പ്രയാസപ്പെടുന്നുമുണ്ട്. അങ്ങനെ പ്രയാസപ്പെടുന്ന ആളുകൾക്ക് കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി, ഗ്യാസ് പൈപ്പ് ലൈൻ കൊണ്ടുപോകുന്നതുപോലെ കുടിവെള്ളം പൈപ്പ്ലൈനിൽ കൂടി കൊണ്ടുപോകുന്നതിനെക്കുറിച്ച് നമ്മൾ ചിന്തിക്കേണ്ടതുണ്ട്. അതോടൊപ്പം മറ്റൊരു നിർദ്ദേശവുംകൂടി അതുമായി ബന്ധപ്പെട്ട് ഞാനിവിടെ സമർപ്പിക്കുകയാണ്. മദ്യത്തിന് 1 ശതമാനം സെസ്സ് ഏർപ്പെടുത്തി ആ പണം ആരോഗ്യമേഖലയ്ക്കുവേണ്ടി ഉപയോഗപ്പെടുത്താൻ തീരുമാനിച്ചത് വളരെ മാതൃകാപരമായ ഒരു പ്രവർത്തനമാണ്. അതുപോലെ തന്നെ 5 ശതമാനം സെസ്സ് മദ്യത്തിന് ഏർപ്പെടുത്തി ആ പണം കുടിവെള്ള പദ്ധതികൾക്കുവേണ്ടി രൂപം നൽകുന്നതിന് ഈ ഗവൺമെന്റ് മുന്നോട്ടുവരണം എന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്. ബിവറേജ് കോർപ്പറേഷന്റെ മുമ്പിൽ യാതൊരു അപസ്വരവും കൂടാതെ വളരെ അച്ചടക്കത്തോടുകൂടി ആളുകൾ ക്യൂ നിൽക്കുന്നത് കാണാൻ കഴിയുന്നുണ്ട്. പല പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന ജീവനക്കാർ ബിവറേജ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷൻ ലഭിക്കണമെന്ന്

ആവശ്യപ്പെടാറുണ്ട്. അവിടെയാണ് കൂടുതൽ ടിപ് ലഭിക്കുക. കുടിക്കുന്നവന് കൊടുക്കുന്ന കാര്യത്തിൽ യാതൊരു വിഷമവുമില്ല. അതുകൊണ്ട് 500 അടിക്കുന്നവനും 50 രൂപ കൂടി കൂടുതൽ കൊടുത്താലും പ്രയാസമില്ല; അതുകൊണ്ട് 5 ശതമാനം സെസ്സ് മദ്യത്തിന് ഏർപ്പെടുത്തി അത് കുടിവെള്ളത്തിനുവേണ്ടി ഉപയോഗിക്കുവാൻ തയ്യാറാകണം. അങ്ങനെ വെള്ളമടിക്കുന്നവന്റെ പണം കുടിവെള്ളത്തിന് ഉപയോഗിക്കുന്നതിനുവേണ്ടി ഒരു സംവിധാനം ഏർപ്പെടുത്തണം. വെള്ളമടിയിൽ നിന്ന് പണമെടുത്ത് കുടിവെള്ളം കൊടുക്കുന്ന സംവിധാനം ഏർപ്പെടുത്താൻ ഈ ഗവൺമെന്റ് മുന്നോട്ടുവരണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഈ ഒരു മാതൃക നമ്മുടെ മുന്നിലുണ്ട്. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ ടെലിഫോൺ ബില്ലിൽ 1 ശതമാനം സെസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്. അത് വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കുവേണ്ടിയാണ് ബി.എസ്.എൻ.എൽ. ബില്ലിലെ സെസ്സ് ഉപയോഗപ്പെടുത്തുന്നത്. അതേ മോഡലിൽ മദ്യത്തിന് കൂടുതൽ സെസ്സ് ചുമത്തി കുടിവെള്ള പദ്ധതിക്ക് ഉപയോഗിക്കുവാൻ വേണ്ടി നമ്മൾ തയ്യാറാകണം.

മറ്റൊരു പ്രധന വിഷയം പട്ടിണി കിടക്കുന്നവർക്കുപോലും ഇന്ന് തലചായ്ക്കാൻ ഒരു കൂര ആവശ്യമാണ്. മാറി മാറി വന്ന ഗവൺമെന്റുകൾ ലക്ഷംവീട് പദ്ധതികൾ തൊട്ട് ഇ.എം.എസ്. ഭവനപദ്ധതികൾ ഉൾപ്പെടെയുള്ള നിരവധി പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കി. ........... കള്ളിൽ നിന്നുള്ള വരുമാനമെടുത്ത് കുട്ടികളുടെ വിദ്യാഭ്യാസത്തിനും ചികിത്സയ്ക്കും ഉപയോഗിക്കാമെങ്കിൽ മദ്യത്തിന് സെസ്സ് ഏർപ്പെടുത്തുക വഴി ലഭിക്കുന്ന തുക കുടിവെള്ളപദ്ധതിക്ക് ഉപയോഗിക്കുന്നതിൽ യാതൊരു

തെറ്റുമില്ല. എത്ര ഭവനനിർമ്മാണ പദ്ധതികൾ കൊണ്ടുവന്നിട്ടും വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീട് കൊടുക്കാൻ നമുക്ക് സാധിച്ചിട്ടില്ല. അതുകൊണ്ട് ഭവന നിർമ്മാണ രംഗത്ത് ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ നമുക്ക് സാധിക്കണം. ഫ്രീ ഫാബ്രിക്കേറ്റഡ് മാതൃകയിൽ പുതിയ ടെക്നോളജി ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ധാരാളം വീടുകളുണ്ടാക്കി വീടില്ലാത്ത ആളുകൾക്ക് വീട് കൊടുക്കുന്ന ഒരു സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസ രംഗത്തും വലിയ മുന്നേറ്റം നടന്നുകൊണ്ടിരിക്കുകയാണ്. എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് വിപ്ലവകരമായ പരിപാടികൾ ആവിഷ്കരിച്ച് വിദ്യാഭ്യാസ വകുപ്പ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. ധാരാളം നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇവിടത്തെ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളെ കൂടുതൽ നിലവാരമുള്ള സ്ഥാപനങ്ങളാക്കി മാറ്റേണ്ടതുണ്ട്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ ഉള്ളപ്പോഴും സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാതെ പല സർക്കാർ വിദ്യാലയങ്ങളും ഇന്ന് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ദയനീയ സ്ഥിതിയുണ്ട്. അങ്ങനെയുള്ള സർക്കാർ സ്ഥാപനങ്ങൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും നൽകുന്നതിനുള്ള ഒരു പ്രത്യേക പാക്കേജിന് രൂപം നൽകാൻ വിദ്യാഭ്യാസ വകുപ്പ് മുന്നോട്ടുവരണമെന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്. ഇന്ന് ഏത് രംഗത്താണ് ജനങ്ങൾ ഇഷ്ടപ്പെടാത്ത ഒരു കാര്യം നടക്കുന്നത്? പോലീസ് ഡിപ്പാർട്ടുമെന്റിനെക്കുറിച്ച് നേരത്തെ പറഞ്ഞു. കേരളത്തിലെ പോലീസിനെക്കുറിച്ച് എല്ലാവരും നല്ലതുമാത്രം പറഞ്ഞ ഒരു കാലഘട്ടം കേരള ചരിത്രത്തിൽ ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. കേരളത്തിൽ പ്രമാദമായിരുന്ന പല

കേസ്സുകൾക്കും തുമ്പുണ്ടാക്കുന്നതിന് ഈ ഗവൺമെന്റിന് സാധിച്ചു. ഇന്ന് ഏതു കേസ് വന്നാലും ആ കേസ്സിലെ യഥാർത്ഥ പ്രതികൾ പിടിക്കപ്പെടുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. മുമ്പ് അതല്ലായിരുന്നു അവസ്ഥ. മുമ്പ് പല കൊലപാതകങ്ങളും ഇവിടെ നടന്നിട്ടില്ലേ? നേരത്തെ സി.പി.ഐ(എം.)-ന്റെ നേതാവ്, ഞങ്ങൾ ഒരാളെ വെട്ടിക്കൊന്നു, ഒരാളെ കുത്തിക്കൊന്നു, ഒരാളെ വെടിവച്ചുകൊന്നു എന്നൊക്കെ പറഞ്ഞിട്ടുള്ള അത്തരം സംഭവങ്ങളിൽ യഥാർത്ഥ പ്രതികളെ പിടികൂടാൻ നമുക്ക് സാധ്യമായിരുന്നില്ല. സഖാവ് ടി. പി. ചന്ദ്രശേഖരന്റെ വധത്തിൽ, അരിയിൽ അബ്ദുൾ ഷുക്കൂറിന്റെ കൊലപാതകത്തിൽ, ഇവിടെയൊക്കെ യഥാർത്ഥ പ്രതികളെ പിടികൂടുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. യഥാർത്ഥ പ്രതികളെ പിടികൂടുന്ന സ്ഥിയിലേയ്ക്ക് കേരള പോലീസ് എത്തി. അങ്ങനെ കേരള പോലീസിന് നല്ലൊരു സൽപ്പേരുണ്ടാക്കിക്കൊടുക്കാൻ നമുക്ക് സാധിച്ചു. അതുകൊണ്ടാണ് കേരളത്തിലെ ആഭ്യന്തര വകുപ്പുമന്ത്രിക്ക് 'ബെസ്റ്റ് മിനിസ്റ്റർ' അവാർഡ് ലഭിച്ചത്. അത് ഏതെങ്കിലും ചാനലുകാർ ഉണ്ടാക്കിയതല്ല. കേരളത്തിലെ ജനങ്ങളുടെ മനസ്സിൽ നിന്നുണ്ടായ അഭിപ്രായത്തിൽനിന്നാണ് കേരളത്തിലെ ആഭ്യന്തര വകുപ്പുമന്ത്രിക്ക് 'ബെസ്റ്റ് മിനിസ്റ്റർ' അവാർഡ് നൽകിയത്.

ശ്രീ. ജെയിംസ് മാത്യു: ഷുക്കൂർ കൊല്ലപ്പെട്ടതിനെ തുടർന്ന് ഈ സഭയിൽ അംഗമായ എന്റെ സുഹൃത്ത് ടി.വി. രാജേഷും ........(മൈക്ക് ഓഫ്).......

ശ്രീ. പി. ഉബൈദുള്ള: ഒരു ചെറുപ്പക്കാരനെ രണ്ട് മണിക്കൂർ ബന്ദിയാക്കി നിർത്തി ക്രൂരമായി അരിഞ്ഞരിഞ്ഞ് കൊല്ലുന്നതിന് നേതൃത്വം കൊടുത്തിട്ട് നിയമസഭയിൽ വന്നിരിക്കുകയെന്നു പറയുന്നത് അപമാനമാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ടി.യു. കുരുവിള)

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട മെമ്പർ അങ്ങയുടെ സമയം കഴിഞ്ഞിരിക്കുന്നു. ദയവായി അവസാനിപ്പിക്കണം.

<u>ശ്രീ. പി. ഉബൈദുള്ള</u>: അത്തരത്തിലുള്ള സംഭവങ്ങൾ ഇനി ഒരിക്കലും കേരളത്തിൽ ഉണ്ടാകാൻ പാടില്ല. ഒരു ചന്ദ്രശേഖരനെക്കൊണ്ട് അവസാനിച്ചില്ല, ഇപ്പോൾ കണ്ണൂരിലെ മറ്റൊരു എസ്.എഫ്.ഐ. നേതാവിനെ സംഘടനാരംഗത്ത് സജീവമല്ലെന്ന ഒറ്റക്കാരണം കൊണ്ട് അതിക്രൂരമായി എസ്.എഫ്.ഐ. ക്കാർ മർദ്ദിച്ചിരിക്കുന്നു. ഇങ്ങനെ അക്രമരാഷ്ട്രീയവുമായി വീണ്ടും മുന്നോട്ടുപോകുകയാണെങ്കിൽ കേരളത്തിലെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ്, ശ്രീ. തിരുവഞ്ചൂരിന്റെ പോലീസ് അതിശക്തമായി മുഖം നോക്കാതെ നടപടിയെടുക്കുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. കേരളത്തിലെ മുഴുവൻ ജനവിഭാഗങ്ങളും പിന്തുണയ്ക്കുന്ന നടപടികളുമായി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. ഈ ഗവൺമെന്റ് സമ്പൂർണ്ണ പരാജയമായിരുന്നുവെന്നതിന് മറ്റ് തെളിവുകളൊന്നും അന്വേഷിക്കേണ്ട കാര്യമില്ല. കോൺഗ്രസ്സ് പാർട്ടിയുടെ മുഴുവൻ സമയം ചർച്ചയ്ക്കായി സ്വയം ഏറ്റെടുത്ത കോൺഗ്രസ്സ് പാർലമെന്ററി പാർട്ടിയുടെ സെക്രട്ടറി ശ്രീ. ബെന്നി ബെഹനാന് 15 മിനിറ്റ് സംസാരിച്ചിട്ട് ഈ സർക്കാർ ചെയ്തതായ കാര്യങ്ങളെപ്പറ്റി ഒരു വാചകം പോലും പറയാൻ കഴിഞ്ഞില്ല. ഈ ഗവൺമെന്റ് സമ്പൂർണ്ണ പരാജയമായിരുന്നുവെന്നാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. എന്താണ് ഈ ഭരണത്തിന്റെ ബാക്കിപത്രം?. ഭരണഘടനാപരമായി മുഖ്യമന്ത്രിക്കാണ് മറ്റ് മന്ത്രിമാരെ തീരുമാനിക്കാനുള്ള അവകാശം. മന്ത്രിസഭ പുന:സംഘടിപ്പിക്കുകയി

ല്ലെന്ന് പറയാൻ മുഖ്യമന്ത്രിക്ക് ആരാണ് അധികാരം കൊടുത്തതെന്ന് ഒരു സാമുദായിക നേതാവ് ചോദിച്ചപ്പോൾ അതിനകത്തെ ഭരണഘടനാപരമായ വിരുദ്ധതയെ ചൂണ്ടിക്കാണിക്കുന്നതിനുപകരം ആ നേതാവിന്റെ മുമ്പിൽപോയി ഏത്തമിടുന്ന ഭരണക്കാരെയാണ് ഈ സംസ്ഥാനം ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. ഇതാണ് ഒന്നരക്കൊല്ലം കൊണ്ട് ഈ സംസ്ഥാനം നേടിയെടുത്തത്. ഈ സമയത്തിനിടയിൽ ഈ സംസ്ഥാന സർക്കാർ എന്താണ് ചെയ്തത്? കർഷക പെൻഷൻ കൊടുത്തിട്ട് മാസമെത്രയായി; എന്തെല്ലാം കാര്യങ്ങൾ നിറുത്തലാക്കി. പെൻഷനുകൾ, കാർഷിക മേഖല യിലെ സബ്സിഡികൾ, റേഷൻ സബ്സിഡി, പാചകവാതക സബ്സിഡി ഇവയെല്ലാം നിറുത്തലാക്കിയില്ലേ? ജനങ്ങൾ അനുഭവിക്കുന്ന മുഴുവൻ ആനുകൂല്യവും നിറുത്തലാക്കിക്കൊണ്ട്, കേന്ദ്രനയം ദ്രുതഗതിയിൽ അതിരൂ ക്ഷമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സംസ്ഥാനമാക്കി ഈ സംസ്ഥാ നത്തെ മാറ്റിയത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണകാലത്താണ്. ഇന്നലെ സഹ കരണ ബിൽ പാസ്സാക്കി. കേരളത്തിന്റെ അഭിമാനമായിരുന്ന സഹകരണ സ്ഥാപനങ്ങൾ ഇല്ലാതാക്കുവാനുള്ള കേന്ദ്രനയം അതീവഗൗരവമായി, അതിരൂ ക്ഷമായി നടപ്പിലാക്കുകയാണ് ഇവിടെ. കുടിവെള്ളം വാണിജ്യ വസ്തുവായി മാറ്റുകയാണ്. നാട്ടിലെ വിലക്കയറ്റത്തിനെതിരായി ഈ ഗവൺമെന്റ് എന്തെ ങ്കിലും ചെയ്യുന്നുണ്ടോ? പൊതുവിതരണ സമ്പ്രദായത്തെ അങ്ങേയറ്റം ക്ഷയി പ്പിച്ച ഒരു കാലഘട്ടം. മാവേലി സ്റ്റോറുകളിലും ത്രിവേണി സ്റ്റോറുകളിലും സാധനമില്ല. കമ്പോളത്തിൽ ഇടപെടാൻ കഴിയാത്ത ഒരു സർക്കാരായി ഈ സർക്കാർ മാറിയിരിക്കുന്നു. ഒരുപക്ഷേ പണം കൊടുത്തതിന്റെ കണക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞിരിക്കും. കമ്പോളത്തിൽ ഇട പെടുന്ന, പൊതുവിതരണ സംവിധാനം ഫലപ്രദമായി കൊണ്ടുവരാൻ കഴി

യാത്ത ഒരു ഗവൺമെന്റായി ഈ ഗവൺമെന്റ് മാറിയിരിക്കുകയാണ്. പങ്കാള ിത്ത പെൻഷൻ കൊണ്ടുവന്ന് സർക്കാർ ജീവനക്കാർക്കുണ്ടായിരുന്ന സുര ക്ഷിതത്വം ഒന്നരക്കൊല്ലം കൊണ്ട് നഷ്ടപ്പെടുത്തിയില്ലേ? അവസാനം എം. എൽ.എ. ഫണ്ടിൽ കൈവയ്ക്കുകയാണ്. എം.എൽ.എ. മാർക്ക് അവരുടെ നിയോജക മണ്ഡലത്തിൽ പ്രാദേശിക വികസനത്തിനുവേണ്ടി അനുവദിച്ചു കൊടുത്തിരുന്ന തുക ആ സാമ്പത്തിക വർഷം ചെലവാക്കിയില്ലെങ്കിൽ ലാപ്സായിപ്പോകും, അത് തിരികെയെടുക്കുമെന്ന നിബന്ധന കൊണ്ടുവരാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ മേഖലകളിലും ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കുന്ന സർക്കാരായി മാറിയിരിക്കുകയാണ് ഉമ്മൻ ചാണ്ടി സർക്കാർ. ഒരു വെട്ടിച്ചുരുക്കൽ സർക്കാരായി മാറിയിരിക്കുന്നു - അതാണ് ഈ ഗവൺമെന്റിന്റെ ബാക്കിപത്രം. ഏതെങ്കിലും മേഖലയിൽ ഇടപെടാൻ ഈ സർക്കാരിന് കഴിഞ്ഞോ? വൈദ്യുതി ചാർജ്ജ് കൂട്ടിയും ബസ്സ് ചാർജ്ജ് കൂട്ടിയും കുടിവെള്ളത്തിന്റെ ചാർജ്ജ് കൂട്ടിയും ജനജീവിതം ദുസ്സഹമാക്കി വിലക്കയറ്റം വരുത്തിവച്ചതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് കേന്ദ്ര നയങ്ങളോ ടൊപ്പം ഈ സംസ്ഥാനത്ത് ഇടപെടാതെ നിഷ്ക്രിയത്വം പുലർത്തുന്നതിൽ സംസ്ഥാന സർക്കാരിനും അതിന്റേതായ ഒരു പങ്കുണ്ട്. കാർഷികമേഖല വലിയ പ്രതിസന്ധിയിലാണ്. വരൾച്ചമൂലം മാത്രമുണ്ടായ പ്രതിസന്ധിയല്ല. ഉൽപ്പന്നങ്ങൾക്ക് വില കിട്ടുന്നില്ല - വളം സബ്സിഡി ഇല്ലാതായിരിക്കുന്ന നിലപാടായിരിക്കുന്നു. കർഷകരെ സഹായിക്കാൻ കഴിയുന്നില്ല. കാർഷിക മേഖലയെ മുഴുവൻ അവഗണിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോയി ക്കൊണ്ടിരിക്കുന്നു. ഇപ്പോൾ വിവിധ മേഖലകളിൽ ജനങ്ങൾ സംഘടിച്ചു കൊണ്ടിരിക്കുകയാണ്. അവർക്ക് ജീവിക്കാൻ കഴിയുന്നില്ല. ഈ വിഷയങ്ങ

ളിൽ ഇടപെടാൻ ഗവൺമെന്റിന് എന്തുകൊണ്ടാണ് കഴിയാത്തത്? ഈ ഗവൺമെന്റിനെ സംബന്ധിച്ച് ഒരു വാക്കുപോലും നല്ലത് പറയുവാൻ കോൺഗ്രസ്സ് പാർലമെന്ററി പാർട്ടിയുടെ സെക്രട്ടറിക്കുപോലും ഇല്ലാത്ത ദുരവസ്ഥ ഈ കാലഘട്ടത്തിലൊന്നുമുണ്ടായിട്ടില്ല. ശ്രീ. ബെന്നി ബെഹനാൻ ഇവിടെ പ്രസംഗം ആരംഭിച്ചത് എന്താണ്? നന്ദിപ്രമേയ ചർച്ചയിൽ സംസാരിക്കാൻ കഴിഞ്ഞില്ല, ഉപധനാഭ്യർത്ഥനയിൽ സംസാരിക്കാൻ കഴിഞ്ഞില്ല. കേരളത്തിലെ ചരിത്രത്തിൽ ചർച്ച കൂടാതെ ഉപധനാഭ്യർത്ഥന പാസ്സാക്കണമെന്ന് ഒരു മുഖ്യമന്ത്രി നിയമസഭയിൽ സബ്മിഷൻ അവതരിപ്പിച്ചത് ഉമ്മൻ ചാണ്ടി സർക്കാർ മാത്രമാണ്. ചർച്ചയെ ഭയപ്പെടുന്ന, വിമർശനങ്ങളെ ഭയപ്പെടുന്ന ഒരു സർക്കാരാണ് ഇത്. ജനങ്ങൾക്ക് ഗുണകരമായ കാര്യങ്ങളൊന്നും ചെയ്യാത്തതിന്റെ പേരിൽ വമ്പിച്ച ജനകീയ പ്രക്ഷോഭം ഈ സംസ്ഥാനത്ത് ഉയർന്നുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന് ജനങ്ങളുടെ ഒരു പ്രതിച്ഛായയും ഇല്ല. ജനങ്ങൾ വെറുത്തുകഴിഞ്ഞിരിക്കുന്ന ഗവൺമെന്റാണ് ഇത്. ഈ ഗവൺമെന്റ് അധികാരത്തിൽ തുടരണമെന്ന് ഭരണരംഗത്തുള്ള കക്ഷികളും മറ്റ് ഭരണഘടനാ സ്ഥാപനങ്ങളും ആഗ്രഹിച്ചാൽത്തന്നെയും ജനങ്ങളുടെ മനസ്സിൽനിന്ന് ഈ ഗവൺമെന്റ് പുറത്തുപോയിരിക്കുകയാണ്. ഈ ഗവൺമെന്റ് ജനങ്ങൾക്കനുകൂലമായി ഒരു ധനവും വിനിയോഗിക്കാത്ത ഗവൺമെന്റാണ്. അതുകൊണ്ട് ഈ ബില്ലിനെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. പി.സി. ജോർജ്ജ്</u>: സർ, ഈ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. എനിക്ക് അത്ഭുതം തോന്നുന്നു. തിരുവല്ല മെമ്പർ കേരളത്തിൽ തന്നെയാണോ താമസിക്കുന്നതെന്ന് എനിക്കറിയില്ല. ഈ സഭയിൽ കഴിഞ്ഞ ദിവസങ്ങളിൽ നടന്ന കാര്യങ്ങളെപ്പറ്റിപോലും വക്രീകരിച്ച് സംസാരിക്കാൻ മടിയി

ല്ലാത്ത അദ്ദേഹത്തിന്റെ അഭിപ്രായത്തെപ്പറ്റി കേരളത്തിലെ ജനം വിലയിരുത്തട്ടെ എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. ധനകാര്യ മാനേജ്മെന്റിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ഒരു ദിവസമെങ്കിലും ട്രഷറി പൂട്ടിയിട്ടിട്ടുണ്ടോ, ഇല്ലല്ലോ? വളരെ ശക്തമായ ഒരു ധനകാര്യ മാനേജ്മെന്റ് അല്ലേ നടന്നുകൊണ്ടിരിക്കുന്നത്. ഓവർഡ്രാഫ്റ്റിൽ വീണിട്ടില്ല, ഓവർഡ്രാഫ്റ്റ് എടുത്തിട്ടില്ല, വെയ്സ് ആന്റ് മീൻസ് ഉപയോഗിച്ചിട്ടില്ല. എന്നിട്ടും വികസന - വികസനേതര പ്രവർത്തനങ്ങൾക്കുവേണ്ടി പണം വാരിക്കോരി കൊടുക്കാൻ ധനകാര്യ വകുപ്പുമന്ത്രിക്കും ധനകാര്യ വകുപ്പിനും കഴിഞ്ഞുവെന്ന് പറയുമ്പോൾ ആ ധനകാര്യ മാനേജ്മെന്റിനെ അഭിനന്ദിക്കുന്നതിനുപകരം മോശമാക്കി പറയുന്നത് വളരെ ദു:ഖകരമാണ്. അതേ എനിക്ക് പറയാനുള്ളൂ. ഇത്രമാത്രം ശക്തമായ ഒരു ഗവൺമെന്റ് ഒരു കൊല്ലത്തെ പ്രവർത്തനത്തിലൂടെ കേരളത്തിലെ മുഴുവൻ ജനങ്ങളുടെ മുമ്പിലും ആരാധ്യപുരുഷനായി മാറിയ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും മന്ത്രിമാരും, അവരെ പുച്ഛിക്കാൻ വേറെ ഒന്നും കിട്ടാത്തതുകൊണ്ടാണ് നിങ്ങൾ പ്രവർത്തിക്കുന്നത്, അത് ശരിയായ നടപടിയല്ലെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ.

എനിക്ക് പറയാനുള്ള ഒരു പ്രധാനപ്പെട്ട കാര്യം, ഇൻഡ്യയുടെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനെ സംബന്ധിച്ചാണ്. അഖിലേന്ത്യാ പരീക്ഷകളിൽ നമ്മുടെ മലയാളികൾ വിജയിക്കുന്നില്ല എന്നുള്ള ഒരു സങ്കടം എനിക്കുണ്ട്. ഈ അടുത്തകാലത്ത് അല്പം മാറ്റമുണ്ട്. എന്റെ അഭിപ്രായത്തിൽ ഐ.എ.എസ്.-കാർ ഇല്ലെങ്കിലും നമ്മുടെ ചെറുപ്പക്കാരുടെ ഊർജ്ജം വിനിയോഗിക്കാൻ കഴിയുന്ന നിലയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുണ്ടാക്കുന്നതിൽ എന്താണ് കുഴപ്പം? എം.എ.-യോ എം.എസ്.സി.- യോ ഡിഗ്രിയുള്ളവർ, ഏത് ഡിഗ്രിയെന്ന് തീരുമാനിക്കണം. പബ്ലിക് സർവ്വീസ് കമ്മീഷൻ, കൃത്യം

100 ചെറുപ്പക്കാരെ അല്ലെങ്കിൽ ചെറുപ്പക്കാരികളെ തെരഞ്ഞെടുക്കണം. അപ്പോൾ റിസർവ്വേഷന്റെ പ്രശ്നമില്ലല്ലോ? കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുണ്ടാക്കി അവരെ മധ്യമേഖലയിൽ നിയമിച്ചുകഴിഞ്ഞാൽ മൂന്ന് കൊല്ലം കഴിയുമ്പോൾ ഐ.എ.എസ്.-ലേയ്ക്ക് അവരെ കൺഫർ ചെയ്യട്ടെ. അപ്പോൾ നമ്മുടെ വികസന മേഖലയിൽ പ്രവർത്തനസജ്ജരായ നല്ല ബ്യൂ റോക്രാറ്റ്സുകളെ കിട്ടുന്ന സാഹചര്യമുണ്ടാകും. അതുകൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുണ്ടാക്കുന്ന കാര്യം ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു പ്രധാനപ്പെട്ട കാര്യം, ബഹുമാനപ്പെട്ട ബെന്നി ബെഹനാൻ പറഞ്ഞ അഭിപ്രായം അദ്ദേഹത്തിന്റേതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അച്ചുതാനന്ദൻ സഖാവ് രാജിവച്ച് പോകണമെന്നാണ് അദ്ദേഹം പറഞ്ഞത്. ഞാൻ അദ്ദേഹം പറഞ്ഞ അഭിപ്രായത്തോട് യോജി ക്കുകയോ വിയോജിക്കുകയോ ചെയ്യുന്നില്ല. പക്ഷേ അതിന് മറുവശമുണ്ട്. അദ്ദേഹത്തിന്റെ സ്റ്റാഫിലുള്ള മൂന്ന് ബ്രാഞ്ച് കമ്മിറ്റി മെമ്പറന്മാരെ സ്റ്റേറ്റ് കമ്മിറ്റി യുനാനിമസ്സായി പ്രമേയം പാസ്സാക്കി പുറത്താക്കാൻ തീരുമാനിച്ചിട്ടും പുറത്താക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കാൻ കഴിഞ്ഞ പാർട്ടിയുടെ സെൻട്രൽ കമ്മിറ്റി മെമ്പറായ വി.എസ്. അച്ചുതാനന്ദൻ സഖാവിനെ പിന്നെ ആര് പുറത്താക്കാനാണ്? സഖാവ് വി.എസ്.-നോട് എന്റെ അഭ്യർത്ഥന അങ്ങയുടെ കസേരയിൽ കയറിയിരിക്കാൻ പല മാന്യന്മാരും ശ്രമിക്കുന്നുണ്ട്. ഒരു കാരണവശാലും അങ്ങ് ആ കസേര വിട്ടുകൊടുക്കരുത്, ആ കസേര യിൽ പിടിച്ചിരിക്കണം. ഞാൻ വെല്ലുവിളിച്ച് ചോദിക്കുകയാണ്. കേരളത്തിൽ അങ്ങയെപ്പോലെ സീനിയറായ, ത്യാഗം സഹിച്ച ഏത് കമ്മ്യൂണിസ്റ്റുകാ രനുണ്ട്. ആ നിലയ്ക്ക് സീതാറാം യെച്ചൂരിയും സഖാവ് ബൃന്ദാ കാരാട്ടും ബംഗാൾ ഘടകവും ത്രിപുര ഘടകവും അങ്ങയോടൊപ്പമുള്ളിടത്തോളം

കാലം അങ്ങയെ ഒരു ചുക്കും ചെയ്യാൻ ഈ സ്റ്റേറ്റ് കമ്മിറ്റിക്ക് കഴിയില്ല. അങ്ങ് തന്റേടമായി മുന്നോട്ടുപോകണം. കേരളത്തിലെ കമ്മ്യൂണിസ്റ്റ് ചിന്താഗതിയുള്ള, ഇടതുപക്ഷ ചിന്താഗതിയുള്ള ജനങ്ങളുടെ പരിപൂർണ്ണ പിന്തുണ അങ്ങേയ്ക്കുണ്ടെന്ന് എനിക്ക് വ്യക്തമായി ബോധ്യമുണ്ട്. അതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. അല്ലാതെ അദ്ദേഹത്തെ ചവിട്ടിപ്പുറത്താക്കാമെന്നൊന്നും വിചാരിച്ച് നിങ്ങൾ നടക്കണ്ട.

ശ്രീ. കെ. മുരളീധരൻ: അവർ അദ്ദേഹത്തെ പുറത്താക്കുകയോ പുറത്താക്കാതിരിക്കുകയോ ചെയ്യട്ടെ. നമുക്ക് ഇതിൽ കാര്യമൊന്നുമില്ലല്ലോ. അവർ എന്തുവേണമെങ്കിലും ചെയ്യട്ടെ.

ശ്രീ. പി. സി. ജോർജ്: അല്ല, ശ്രീ. കെ. മുരളീധരൻ. എന്റെ പ്രശ്നം അതല്ല. ശ്രീ. ബെന്നി ബെഹനാൻ അദ്ദേഹത്തോട് രാജിവയ്ക്കാൻ പറഞ്ഞു. ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞതല്ലേയെന്ന് വിചാരിച്ച് അദ്ദേഹം രാജിവച്ചു പോയാൽ ഈ കേരളത്തിലെ ജനാധിപത്യ മേഖലയിലുണ്ടാകുന്ന നഷ്ടമോർത്ത് ഞാൻ പറഞ്ഞുപോയതാണ്.

ശ്രീ. എ.കെ. ബാലൻ : താങ്കൾ ശ്രീ. വി. എസ്. അച്ചുതാനന്ദന് എതിരെ നൽകിയ കേസ് പിൻവലിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. സി. ജോർജ്: കേസ് ഞാൻ അങ്ങോട്ട് കളിക്കും. ഞാൻ ശരിയോടൊപ്പം നിൽക്കും. ശ്രീ. എ. കെ. ബാലനെതിരെയും കേസ്സുണ്ട്. ശ്രീ. എ. കെ. ബാലൻ എനിക്കെതിരെയും കേസ് കൊടുത്തിട്ടുണ്ട്. കേസ് വേറെ. നമ്മുടെ ലൈൻ പറഞ്ഞുവെന്നേയുള്ളൂ. തെറ്റിദ്ധരിക്കരുത്.

ശ്രീ. ബെന്നി ബെഹനാൻ: ഞാൻ ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദനോട് രാജിവയ്ക്കാൻ പറഞ്ഞത് അദ്ദേഹം അനുഭവിക്കുന്ന ബുദ്ധിമുട്ട് കണ്ടിട്ടാണ്. അദ്ദേഹവുമായി അഭിപ്രായ വ്യത്യാസമുണ്ടായിട്ടല്ല. ശ്രീ. പി. സി.

ജോർജിനേക്കാൾ അക്കാര്യത്തിൽ അദ്ദേഹത്തിനോട് പിന്തുണ പ്രഖ്യാപിച്ചതു കൊണ്ടാണ് രാജിവയ്ക്കാൻ പറഞ്ഞത്.

ശ്രീ. പി. സി. ജോർജ്: വളരെ സന്തോഷം. അങ്ങനെ ശ്രീ. ബെന്നി ബെഹനാനും എന്റെ പൊസിഷനിലേയ്ക്ക് വന്നു. എനിക്ക് ഇഷ്ടപ്പെട്ടു. ഞാൻ പറഞ്ഞത് മനസ്സിലായില്ലേ? പ്രതിപക്ഷ നോതാവായിട്ടിരിക്കാൻ സഖാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനെപ്പോലെ ഇത്രയും മാന്യനായ ഒരു നേതാവില്ലായെന്നാണ് എന്റെ അഭിപ്രായം. പക്ഷെ അദ്ദേഹത്തെ മുഖ്യമന്ത്രി യാക്കി ഉപദ്രവിക്കരുത്. ഇതെന്റെ ഉറച്ച അഭിപ്രായമാണ്.

ശ്രീ. എ. കെ. ബാലൻ: അതീവ ഗുരുതരമായ അഴിമതി ആരോപണം ഉന്നയിച്ചുകൊണ്ട് ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരെ കൊടുത്തിട്ടുള്ള കേസ് ഈ പറഞ്ഞ സാഹചര്യത്തിൽ പിൻവലിക്കാൻ താങ്കൾ തയ്യാറാണോ?

ശ്രീ. പി. സി. ജോർജ്: ശ്രീ. വി. എസ്. അച്ചുതാനന്ദനെന്ന് പറയുന്ന നല്ല മനുഷ്യൻ അഴിമതി കാണിച്ചുവെങ്കിൽ അദ്ദേഹത്തിന്റെ കുറ്റംകൊണ്ടല്ലാ യെന്നും ഗതികേടുകൊണ്ട് കണ്ണടച്ചതാണെന്നും എനിക്കറിയാം. ശ്രീ. എ. കെ. ബാലൻ, മക്കൾ രാഷ്ട്രീയം വലിയ കുഴപ്പമാണ്. അദ്ദേഹം ഒരു തെറ്റും ചെയ്തതല്ല. എനിക്കറിയാം. ഞാൻ ഈ സഭയിൽ അടിയന്തര പ്രമേയം അവതരിപ്പിച്ചപ്പോഴും അദ്ദേഹം അതിന് അനുകൂലമായ നിലപാട് സ്വീകരിച്ച ആളാണ്. പക്ഷേ പിൻവലിക്കാനുള്ള കുഴപ്പമെന്തെന്നുവച്ചാൽ അത് തെളിയി ക്കുകയെന്നുള്ളത് എന്റെ ബാധ്യതയാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ xxxxxxx• അത്ര കറക്ടല്ല. അതുകൊണ്ടുള്ള കുഴപ്പമാണ്. ശ്രീ. വി. എസ്.

• പിൻവലിച്ചിരിക്കുന്നു.

അച്ചുതാനന്ദൻ മോശമെന്ന് പറഞ്ഞാൽ, ഞാൻ സമ്മതിക്കില്ല. അദ്ദേഹം നല്ല കമ്മ്യൂണിസ്റ്റുകാരനാണെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ബഹുമാനപ്പെട്ട ചീഫ് വിപ്പ് സംസാരിക്കുമ്പോൾ സഭയിലില്ലാത്ത ആളിനെ, അദ്ദേഹം ഉന്നയിക്കുന്ന ആരോപണങ്ങൾക്ക് മറുപടി പറയാൻ കഴിയാത്ത ഒരാളെ സംബന്ധിച്ച് ആരോപണമുന്നയിക്കുകയാണ്. അത് 307 പ്രകാരം രേഖയിൽനിന്ന് നീക്കം ചെയ്യണം.

ശ്രീ. പി. സി. ജോർജ്: ഞാൻ പിൻവലിച്ചിരിക്കുന്നു. ഞാൻ ശ്രീ. വി. എസ്. അച്ചുതാനന്ദൻ സഖാവ് മോശക്കാരനല്ലായെന്ന് പറയാൻവേണ്ടി പറഞ്ഞതാണ്. അല്ലെങ്കിൽ ഒരിക്കലും ഇത് പറയുകയില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സഭയിലില്ലാത്ത അദ്ദേഹത്തിന്റെ മകനെക്കുറിച്ച് പറയരുത്. സഭയിലുള്ള അദ്ദേഹത്തെക്കുറിച്ച് പറയണമെന്നാണ് അവിടെനിന്നുള്ള നിർബന്ധമെന്ന കാര്യം അങ്ങേയ്ക്ക് മനസ്സിലായോ?

ശ്രീ. പി. സി. ജോർജ്: എനിക്കത് മനസ്സിലാകുന്നുണ്ട്. ആ കസേര പലരും നോക്കി നോക്കിയിരിക്കുകയാണ്. നടക്കുകയില്ല. ശ്രീ. വി. എസ്. അച്ചുതാനന്ദൻ സഖാവിനെ ആ കസേരയിൽനിന്ന് ഇറക്കിവിടാൻ...., 20 മാസമേ ആയുള്ളൂ, അഞ്ചുവർഷത്തിൽ ഇനിയും ബാക്കി കിടക്കുന്നു. പ്രതിപക്ഷ നേതൃസ്ഥാനത്തുനിന്ന് അദ്ദേഹത്തെ മാറ്റാൻ കേരളത്തിലെ ജനങ്ങൾ സമ്മതിക്കില്ലായെന്നാണ് എന്റെ വിശ്വാസം. അദ്ദേഹത്തിന്റെ പിന്നിൽ ഇടതുപക്ഷ ചിന്താഗതിയുള്ള ലക്ഷങ്ങളുണ്ടെന്ന ഉറച്ച അഭിപ്രായം തന്നെ ഞാൻ രേഖപ്പെടുത്തുകയാണ്. ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. എം. എ. ബേബി: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. 45 വകുപ്പുകളിലായി 4090.68 കോടി രൂപ വിനിയോഗിക്കു

ന്നതിനുവേണ്ടിയുള്ളതാണ് ഈ ബിൽ. 601 കോടി രൂപയുടെ പദ്ധതി ചെലവും 3,489 കോടി രൂപയുടെ പദ്ധതിയേതര ചെലവുമാണ്. ഈ പണം, നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നവും കൈകാര്യം ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല. കുടിവെള്ളക്ഷാമം അതീവ രൂക്ഷമായി തുടരുകയാണ്. പൊതുവിതരണ മേഖല അട്ടിമറിക്കപ്പെട്ടിരിക്കുന്നു. പൊതുജ നാരോഗ്യം, പൊതുവിദ്യാഭ്യാസം, ജീവൻരക്ഷാമരുന്നുകൾ ലഭ്യമാക്കാനുള്ള ഉത്തരവാദിത്വം എന്നിവയിലെല്ലാം സംസ്ഥാന ഗവൺമെന്റ് പരാജയപ്പെട്ടിരി ക്കുകയാണ്. ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് ആര്യാടൻ മുഹമ്മദ് ഈ ഗവൺമെന്റിന്റെ പ്രതീകമാണ്. അദ്ദേഹത്തിന് രണ്ട് വകുപ്പുകളുണ്ട്. വിദ്യുച്ഛ ക്തി, അവിടെ പവർകട്ടാണ്. പവർ ഇല്ലായ്മയാണ്. അദ്ദേഹത്തിന്റെ മറ്റൊരു വകുപ്പാണ് ഗതാഗതം. ഇന്നത്തെ മാതൃഭൂമി പത്രത്തിലൊരു വാർത്തയുണ്ട് - ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിന്റെ ഔദ്യോഗിക വസതി യായ മൻമോഹൻ ബംഗ്ലാവിന്റെ മുന്നിൽ ബുധനാഴ്ച രാവിലെ കേടായി കിടക്കുന്ന കെ.എസ്.ആർ.ടി.സി. ബസ്. കെ.എസ്.ആർ.ടി.സി. കട്ടപ്പുറത്ത് കയറ്റിവച്ചിരിക്കുകയാണ്. ഈ നിലയിൽ ഈ ഗവൺമെന്റിന്റെ പ്രവർത്തന ത്തിൽ മൊത്തം പരാജയമാണ്. ഭരണപക്ഷത്തെ ചില സുഹൃത്തുക്കൾ ഇവിടെ പറഞ്ഞ ഒരു കാര്യം, എന്റെ സുഹൃത്ത് ശ്രീ. മാത്യു ടി. തോമസ് ഇവിടെ ഉന്നയിച്ചതാണ്. ഈ ഗവൺമെന്റ് എത്ര രൂക്ഷമായ സാമ്പത്തിക മാനേജ്മെന്റ് പ്രതിസന്ധിയിലേയ്ക്കാണ് നീങ്ങുന്നതെന്നുള്ളതിന്റെ തെളിവാ ണ്. എം. എൽ.എ.-മാർ പ്രാദേശിക വികസന ഫണ്ട് അതാത് വർഷമുപയോ ഗിച്ചില്ലായെങ്കിൽ അത് തിരിച്ചുപിടിക്കുമെന്നുള്ള നിർദ്ദേശവുമായി വന്നിരിക്കു കയാണ്. വളരെ അപമാനകരമാണ്. ഏത് ഗവൺമെന്റാണ് ഇത്. ബഹുമാന പ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി തന്റെ പ്രവർത്തന മികവെന്നുള്ള

തരത്തിൽ ത്രിതല പഞ്ചായത്ത് സംവിധാനങ്ങളിൽ പദ്ധതി ചെലവ് ഒരു വർഷ മെന്നുള്ളത് രണ്ടുവർഷത്തേയ്ക്ക് നീട്ടിക്കൊടുക്കുന്ന നിർദ്ദേശത്തെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. അങ്ങനെയൊരു നിർദ്ദേശം നടപ്പാക്കാൻ മുൻകൈയെടുത്തുവെന്ന് അവകാശപ്പെടുന്ന ഗവൺമെന്റാണ് എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ടുമായി ഇത്തരത്തിലൊരു തീരുമാനമെടു ത്തിരിക്കുന്നത്. എം.എൽ.എ.മാർ ഈ പദ്ധതി എഴുതിക്കൊടുത്തിട്ട് കളക്ട റാണ് ഇത് നടപ്പാക്കേണ്ടത്, ഉദ്യോഗസ്ഥ സംവിധാനമാണ്. ഏതെങ്കിലും എം.എൽ.എ.-മാർ പദ്ധതി കൃത്യസമയത്ത് എഴുതിക്കൊടുക്കുന്നതിൽ പരാജ യപ്പെട്ടാൽ അവരുടെ ഫണ്ട് തിരിച്ചുപിടിക്കുന്ന കാര്യം വേണമെങ്കിൽ ആലോ ചിക്കാം. പക്ഷെ പദ്ധതി സംബന്ധിച്ച നിർദ്ദേശങ്ങൾ എഴുതിക്കൊടുത്താൽ ഈ സമീപനം ശരിയാകുകയില്ല. എന്താണ് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിന്റെ പ്രശ്നം? സംസ്ഥാന ഗവൺമെന്റിന്റെതന്നെ സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെ രേഖപ്രകാരം 2011-ൽ 22 രൂപ വിലയുണ്ടാ യിരുന്ന അരിക്ക് ഇപ്പോൾ 36 രൂപയാണെന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ കമ്പോളത്തിൽ 48 രൂപ കൊടുക്കേണ്ട സ്ഥിതിവിശേഷമാണ്. കാർഷിക മേഖലയിലാകെ തകർച്ചയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കർഷകരുടെ പ്രശ്നങ്ങൾ ഏറ്റെടുക്കുന്ന വ്യക്തിയാണെന്ന് അവകാശപ്പെ ടുന്ന ആളാണ്. ഇപ്പോൾ അദ്ദേഹം ചങ്ങാതിമാരോടൊപ്പം നിന്നുകൊണ്ട് കൃഷിക്കാരുടെയോ കേരളത്തിന്റെയോ എന്തെങ്കിലും താൽപര്യങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുന്നുണ്ടോ? അദ്ദേഹം അനുകൂലിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങൾ നടപ്പാക്കിയതിനെത്തുടർന്ന് 1995 മുതൽ 2,90,000 കൃഷിക്കാരാണ് ഇന്ത്യയിൽ ആത്മഹത്യ ചെയ്തത്. അതുപോ ലെതന്നെ കൃഷിക്കാരുടെ ആത്മഹത്യ കേരളത്തിലുമുണ്ടായിരുന്നു. എന്നാൽ

ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് സഖാവ് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഇവിടെ കർഷകരെ രക്ഷിക്കാൻ പ്രായോഗികമായ നടപടികൾ കൈക്കൊള്ളുകയും കർഷകർക്ക് തങ്ങളുടെ പ്രശ്നങ്ങൾ ശ്രദ്ധിക്കുന്ന ഒരു ഗവൺമെന്റ് ഇവിടെയുണ്ടെന്നുള്ള പ്രതീക്ഷ നൽകാൻ കഴിയുകയും ചെയ്തതിന്റെ ഫലമായി ഇവിടെ കർഷകരുടെ ആത്മഹത്യയുണ്ടായിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റ് വന്നതോടുകൂടി കൃഷിക്കാരുടെ ആത്മഹത്യയും തിരിച്ചുവരുന്ന സ്ഥിതിവിശേഷമാണുണ്ടായത്. ഓരോ രംഗത്തും ഇതുപോലുള്ള തകർച്ചകൾ നമുക്ക് കാണാൻ കഴിയും. ജനങ്ങൾക്ക് അറിയേണ്ട കാര്യങ്ങൾ എം.എൽ.എ.-മാർ ചോദ്യങ്ങളിലൂടെ ഉന്നയിച്ച് അതിന്റെ ഉത്തരം കണ്ടെത്തേണ്ട വേദിയാണ് നിയമസഭ. ഈ നിയമസഭാ വേദിയുടെ പരിപാവനതയെ ഈ ഗവൺമെന്റ് തകർക്കുകയാണ്. ഞങ്ങൾ ഈ സമ്മേളനം ആരംഭിച്ചപ്പോൾ പതിമൂന്ന് ദിവസത്തെ നോട്ടീസ് കൊടുത്തുകൊണ്ട് ഒരു ചോദ്യം ചോദിച്ചു. എന്റേതാണ് ആദ്യത്തെ ചോദ്യം. മന്ത്രിമാർ പ്രഖ്യാപിച്ച നയപ്രഖ്യാപനത്തിൽ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊണ്ടു എന്നാണ് ചോദ്യം. വിവരം ശേഖരിച്ചുവരുന്നുവെന്നാണ് മറുപടി. എന്റെ സുഹൃത്ത് ശ്രീ. എ. എം ആരിഫിന്റെ ചോദ്യമുണ്ടായി. മന്ത്രിമാർ പ്രഖ്യാപിച്ച പദ്ധതികളിൽ ഏതൊക്കെ നടപ്പാക്കി? അതിനെക്കുറിച്ചും വിവരം ശേഖരിച്ചുവരുന്നുവെന്നാണ് മറുപടി. ഇവിടെ ചോദിക്കുന്ന ചോദ്യങ്ങളിൽ 60% ചോദ്യങ്ങൾക്ക് കൃത്യമായി മറുപടി നൽകുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. 'അതിവേഗം ബഹുദൂരം' എന്ന അവകാശവാദവുമായി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റ് ഈ ജനാധിപത്യ സ്ഥാപനത്തിന്റെ അവകാശങ്ങൾ തന്നെ

കവർന്നെടുക്കുന്ന സമീപനമാണ് പിൻതുടരുന്നത്. 2011-12 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതത്തിന്റെ 80% മാത്രമെ ഗവൺമെന്റ് വിനിയോഗിച്ചു ള്ളു എന്നാണ് വിവരം. 2012-13 അവസാനിക്കാൻ പോകുകയാണ്. 57.82% മാത്രമാണ് ഡിസംബർ 31 വരെ ചെലവഴിച്ചതായി കാണുന്നത്. മാലിന്യ നിർമ്മാർജ്ജനത്തിന് ഊന്നൽ കൊടുക്കുന്ന സമീപനം എന്ന് പറഞ്ഞിട്ട് മാലി ന്യനിർമ്മാർജ്ജനം ഉൾപ്പെടെ നിർവ്വഹിക്കേണ്ട നഗരവികസന വകുപ്പ് മുൻവർഷം ബഡ്ജറ്റിൽ വകയിരുത്തിയതിൽ 49% മാത്രമാണ് ചെലവഴിച്ചത്. ഈ വർഷം ഇതുവരെ 19.15% ആണ് ഈ വകുപ്പ് ചെലവഴിക്കപ്പെട്ടിട്ടുള്ളത്. കുടിവെള്ളത്തിന് മുൻവർഷം 38% മാത്രം ചെലവഴിച്ചു. ഈ വർഷം 42%-ൽ എത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം അവസാനിക്കാൻ പോകുകയാണ്. പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന് ഈ വർഷം 16.76% മാത്രമാണ് ചെലവഴി ച്ചത്. ഗതാഗതമേഖല വലിയ പ്രതിസന്ധിയിലാണ്. ഗതാഗത മേഖലയ്ക്ക് നീക്കിവച്ചതിൽ 18.99% ആണ് ചെലവഴിച്ചതായി കാണുന്നത്. നികുതി പിരിവ് നിരാശാജനകമാണ്. 21%-ൽ കൂടുതൽ പിരിച്ചുവെന്നാണ് അവകാശപ്പെടുന്ന ത്. സാധനങ്ങളുടെ വിലക്കയറ്റം വച്ച് കണക്കാക്കുമ്പോൾ നികുതി പിരിവിൽ 150%-ന് മുകളിൽ വർദ്ധനവ് യഥാർത്ഥത്തിൽ ഉണ്ടാകേണ്ടതാണ്. കോഴിക്കച്ച വടക്കാരിൽ നിന്നും സ്വർണ്ണക്കച്ചവടക്കാരിൽ നിന്നുമെല്ലാം നികുതി പിരിക്കു ന്നതുമായി ബന്ധപ്പെട്ട ആക്ഷേപങ്ങളും പരാതികളും നിലനിൽക്കുകയാണ്. നികുതിപിരിവ് ടാർജറ്റിനെക്കാൾ വർദ്ധിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്ന ണിയുടെ ഭരണകാലത്താണ്. 2005-06-ൽ, യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ടാർജറ്റിനെക്കാൾ താഴെയായിരുന്നു. 2011-12-ലും നികുതി പിരിവ് ടാർജറ്റിനെ ക്കാൾ കുറവാണ്. അപ്പോൾ നികുതിപിരിവിന്റെ കാര്യത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാര്യക്ഷമത ഈ ഗവൺമെന്റ് തന്ന

കണക്കുകളിലൂടെ തന്നെ വ്യക്തമാക്കിയിരിക്കുകയാണ്. കേരളം രൂപം കൊണ്ടതിനുശേഷം ഇതുവരെയെടുത്ത മൊത്തം കടത്തിന്റെ 18.8% ആണ് ഈ സർക്കാരിന്റെ രണ്ട് വർഷക്കാലത്ത് ഉണ്ടായിരിക്കുന്ന കടം. കേന്ദ്രത്തിൽ നിന്നും അർഹമായ വിഹിതം നേടിയെടുക്കുന്ന കാര്യത്തിൽ ശ്രീ. കെ. എം. മാണി ഉറച്ചുനിൽക്കുമോ എന്നുള്ള ചോദ്യമാണ് ഞങ്ങൾക്ക് ഉന്നയിക്കാനുള്ളത്. അദ്ദേഹത്തിന്റെ വകുപ്പിൽ എല്ലാ രംഗത്തും തകർച്ച മാത്രമാണെന്ന് ഞാൻ പറയുന്നില്ല. കാരുണ്യ ലോട്ടറിയുടെ കാര്യത്തിൽ, ലോട്ടറി വകുപ്പിന്റെ പ്രവർത്തനത്തിൽ നേട്ടമുണ്ടാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. അതിനദ്ദേഹത്തെ അഭിനന്ദിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ് ലോട്ടറി വകുപ്പിനെ സാമൂഹ്യമായി പ്രയോജനപ്പെടുന്ന പല സംരംഭങ്ങളുമായി കൂട്ടിയിണക്കുന്ന ഒരു സമീപനം സ്വീകരിച്ചത്. എന്താണ് മൊത്തത്തിൽ ഈ ഗവൺമെന്റിന്റെ സമീപനം? കേന്ദ്ര സഹകരണ നിയമത്തിന്റെ ചുവട് പിടിച്ചുകൊണ്ട് ഇന്നലെ ഇവിടെ ഒരു നിയമം പാസ്സാക്കുകയുണ്ടായി. യഥാർത്ഥത്തിൽ സഹകരണ മേഖലയെ സംഹരിക്കുന്ന ഒരു നിയമമാണ് ഇവിടെ പാസ്സാക്കിയത്. സഹകരണ വകുപ്പിന്റെ പ്രാധാന്യം നമുക്ക് അറിയാം. മൂന്ന് ലക്ഷം കോടി രൂപയുടെ സ്വർണ്ണം നമ്മുടെ സഹകരണ ബാങ്കുകളിൽ ഉണ്ട്. അറുപത്തി അയ്യായിരമോ, എഴുപതിനായിരമോ കോടിയിൽപ്പരം രൂപയുടെ നിക്ഷേപം സഹകരണ മേഖലയിലുണ്ട്. ഇന്ന് നമ്മുടെ സഹകരണ സ്ഥാപനങ്ങളുടെയെല്ലാം കൈവശമുള്ള സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയുമെല്ലാം മൂല്യം കണക്കാക്കിയാൽ എത്ര വരുമെന്ന് മുൻ സഹകരണ വകുപ്പുമന്ത്രിയോട് ചോദിച്ച് ഞാൻ മനസ്സിലാക്കി. എഴുപത്തി അയ്യായിരം മുതൽ ഒരു ലക്ഷം കോടി രൂപയുടെ ആസ്തി സ്ഥലവും കെട്ടിടവുമായി സഹകരണ

മേഖലയ്ക്കുണ്ട്. ഈ സഹകരണ മേഖലയെ തകർക്കുന്ന, ഊഹക്കച്ചവട /ധനകാര്യ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലേയ്ക്ക് വലിച്ചെറിഞ്ഞുകൊടുക്കുന്ന ഒരു കരിനിയമമാണ് ഇന്നലെ ഇവിടെ പാസ്സാക്കിയത്. ഈ കരി നിയമം, ഈ ഗവൺമെന്റ് പാസ്സാക്കിയില്ലെങ്കിലെ അത്ഭുതമുള്ളു. കാരണം കേന്ദ്ര ഗവൺമെന്റ് ഇതുപോലുള്ള നിയമങ്ങൾ കൊണ്ടുവരികയാണ്. ബാങ്കിംഗ് ഭേദഗതി നിയമം ലോക്സഭ പരിഗണനയ്ക്ക് എടുത്തപ്പോൾ അവിടെ സംഭവിച്ച കാര്യം നിങ്ങൾ മനസ്സിലാക്കണം. ഇന്ത്യയിലെ ബാങ്കുകളെ ബാധിക്കുന്ന നിയമമാണത്. എഴുപത് ലക്ഷം കോടി രൂപയാണ് ഇന്ത്യയിലെ ബാങ്കുകളിൽ നിക്ഷേപമുള്ളത്. ഈ ബാങ്കിംഗ് മേഖലയെ ശക്തിപ്പെടുത്തുന്നതിൽ, ഇന്നലെത്തെ ചർച്ചയിൽ പലരും ചൂണ്ടിക്കാണിച്ചതുപോലെ ഇന്ദിരാഗാന്ധി ഉറച്ചുനിന്നെടുത്ത ഒരു സമീപനം - ബാങ്ക് ദേശസാത്ക്കരണ നിയമം ഒരു പങ്ക് വഹിച്ചിട്ടുണ്ട്. അതിൽ യാതൊരു സംശയവുമില്ല. അത് ഇന്ദിരാ ഗാന്ധി വിചാരിച്ചാൽ മാത്രം പാസ്സാക്കാൻ കഴിയുമായിരുന്നില്ല. ഇടതുപക്ഷ പാർട്ടികളും കൂടി സഹകരിച്ചതുകൊണ്ടാണ് ബാങ്ക് ദേശസാത്ക്കരണ നയവുമായി ഇന്ദിരാഗാന്ധി മുന്നോട്ടുപോയത്. എന്നാൽ ബാങ്ക് ദേശസാത്ക്കരണത്തെ മുഴുവൻ അസാധുവാക്കുന്ന ഭേദഗതിയാണ് ഇപ്പോൾ ബാങ്കിംഗ് നിയമ ഭേദഗതിയായി ലോകസഭയിൽ പാസ്സാക്കിയത്. അത് വന്നപ്പോൾ ഇടതുപക്ഷത്തിൽപ്പെട്ട 27 പേർ എതിർത്തു. അതിനെ അനുകൂലിച്ചത് 205 പേരാണ്. എന്താണ് ലോകസഭയുടെ സ്ട്രെങ്ത്? ലോക്സഭയിൽ 543 അംഗങ്ങളുണ്ട്. അനുകൂലിച്ചത് 205 പേർ. 27 പേർ എതിർത്തു വിട്ടുനിന്നത് 238 പേർ. വിട്ടുനിന്നതും എതിർത്തതും കൂട്ടിയാൽ ലോക്സഭയിലെ ഭൂരിപക്ഷം അംഗങ്ങൾ എതിർക്കുകയൊ വിയോജിക്കുകയോ ചെയ്ത ഒരു നിയമത്തെ ന്യൂനപക്ഷം വരുന്ന 205 ലോക്സഭാ അംഗങ്ങളുടെ പിന്തുണയോടുകൂടി

പാസ്സാക്കി നമ്മുടെ ബാങ്കിംഗ് മേഖലയെ ആഗോള ധനകാര്യ മൂലധനത്തിന് വലിച്ചെറിഞ്ഞുകൊടുക്കുന്ന, ഇന്ത്യൻ കുത്തകകൾക്ക് വലിച്ചെറിഞ്ഞുകൊടുക്കുന്ന നിയമഭേദഗതിയാണ് ബി.ജെ.പി.-യുമായി സഹകരിച്ചുകൊണ്ട് കോൺഗ്രസ് പാസ്സാക്കിയത്. നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക സുസ്ഥിരതയെ പ്രതികൂലമായി ബാധിക്കുന്ന പല കാര്യങ്ങളിലും കോൺഗ്രസും ബി.ജെ.പി.-യും തമ്മിൽ ഒരമ്മപെറ്റ ഇരട്ടക്കുട്ടികളെപ്പോലെ പെരുമാറിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്. ഇതുമാത്രമല്ല, 16 ലക്ഷം കോടി രൂപ കുത്തക ധനകാര്യ സ്ഥാപനങ്ങൾക്കെടുത്ത് കൈകാര്യം ചെയ്യാൻ അനുമതി കൊടുക്കുന്ന ഒരു വകുപ്പും ഈ ബാങ്കിംഗ് ഭേദഗതി നിയമത്തിലുണ്ട്. ഇത്തരം നയങ്ങളെയാണ് ശ്രീ. വി. എം. സുധീരനെപ്പോലെ കോൺഗ്രസിൽത്തന്നെയുള്ള തത്വദീക്ഷയുള്ള വ്യക്തികൾ എതിർക്കുന്നത് എന്ന് നമ്മൾ കാണണം. കഴിഞ്ഞ ദിവസം പുറത്തുവന്ന ചില വിവരങ്ങളുണ്ട്. ഇന്ത്യയുടെ റിസർവ്വ് ബാങ്ക് ഗവർണർ ഡോ. സുബ്ബറാവു കറണ്ട് അക്കൗണ്ട് കമ്മിയുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് ഉത്കണ്ഠ പ്രകടിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം 4.2% ആയിരുന്ന കറണ്ട് അക്കൗണ്ട് കമ്മി ഈ വർഷം 5.3% ആയി ഉയർന്നിരിക്കുകയാണ്. രൂപയുടെ മൂല്യം 20% ഇടിഞ്ഞിട്ടുണ്ടെന്ന് നമ്മൾ കാണണം. സാമ്പത്തിക മേഖല, കാർഷിക മേഖല തുടങ്ങിയ മേഖലകളിലെല്ലാം രാജ്യം തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുമ്പോൾ ആരും ശക്തിപ്പെടില്ലായെന്ന് പറയാൻ കഴിയില്ല, ഇവിടെ ചിലർ വളരുന്നുണ്ട്. കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള യു.പി.എ. ഗവൺമെന്റിന്റെ ഭരണകാലത്ത്, 2004-ൽ ഇന്ത്യയിൽ 9 ശതകോടീശ്വരന്മാരാണ് ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ അത് 61 ശതകോടീശ്വരന്മാരായിട്ട് ഉയർന്നിരിക്കുന്നു. എട്ട് വർഷം കൊണ്ട് സംഭവിച്ചതാണ്. 86 കോടി 20 ലക്ഷം ജനങ്ങൾക്ക് ഒരു ദിവസം 20 രൂപയിൽ താഴെ മാത്രം

വരുമാനമുള്ളപ്പോൾ ഇന്ത്യയിലെ ശതകോടീശ്വരന്മാരുടെ ആസ്തി പന്ത്രണ്ട് ലക്ഷത്തി അയ്യായിരം കോടിയായി വർദ്ധിച്ചിരിക്കുകയാണ്. ഈ അതിഭീമ മായ സംഖ്യ മനസ്സിൽ ഉൾക്കൊള്ളാൻതന്നെ നമുക്ക് കഴിയാത്ത സ്ഥിതിവി ശേഷമാണുള്ളത്. ഇങ്ങനെയുള്ള നമ്മുടെ രാജ്യത്ത് 16.8 ലക്ഷം കുട്ടികൾ അഞ്ച് വയസ്സ് എത്തുന്നതിനുമുമ്പ് മരണമടഞ്ഞുകൊണ്ടിരിക്കുകയാണ്. ഒരു ഭാഗത്ത് സമ്പത്ത് കുന്നുകൂടുന്നു. മറുഭാഗത്ത് പോഷകാംശമുള്ള ഭക്ഷണം കഴിക്കാനോ അസുഖമുണ്ടായാൽ ചികിത്സിക്കാനോ കഴിയാതെ കുഞ്ഞു ങ്ങൾ മരണമടയുന്നു. ഇന്ത്യയിൽ ഓരോ പത്ത് മിനിട്ടിലും പ്രസവവേളയിൽ ഒരു സ്ത്രീ മരിക്കുകയാണ്. നമ്മൾ ഈ സഭയിൽ സ്ത്രീകളുടെ അന്തസും പദവിയുമൊക്കെ കാത്തുസൂക്ഷിക്കുന്നതിനെക്കുറിച്ച് ഒരു നിയമം ചർച്ച ചെയ്യാൻ പോകുകയാണ്. പക്ഷേ പ്രസവാവസരത്തിൽ സ്ത്രീകൾ മരിക്കുന്ന സ്ഥിതിവിശേഷം, അവർക്ക് വേണ്ട സംരക്ഷണം കൊടുക്കാൻ കഴിയാത്ത ദാരുണമായ സ്ഥിതിവിശേഷം നമ്മുടെ രാജ്യത്ത് തുടരുകയാണ്. ഈ സാഹ ചര്യത്തിലാണ് ഈ നയങ്ങൾക്കെല്ലാം എതിരായ പോരാട്ടങ്ങളിൽ ജനങ്ങളെ അണിനിരത്താൻ ഇടതുപക്ഷ പുരോഗമന ശക്തികൾ നിർബന്ധിത രായിത്തീരുന്നത്. എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ ബെന്നി ബെഹനാൻ സംസാരിച്ചപ്പോൾ അദ്ദേഹത്തിന് ഈ ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ചോ ഈ ധനവിനിയോഗ ബിൽ പാസ്സാക്കിക്കൊടുത്താൽ ആ പണമുപയോഗിച്ചു കൊണ്ട് കേരളത്തിനുവേണ്ടി ഈ ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെക്കു റിച്ചോ ഒന്നും പറയാനുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ മുഖ്യമായി ഉന്നയിച്ച ഒരു വാദഗതി പരാജയപ്പെടുന്ന സമരങ്ങളാണ് ഇടതു പക്ഷം നടത്തിക്കൊണ്ടിരിക്കുന്നത് എന്നാണ്. ഞങ്ങൾ നടത്തുന്ന സമരങ്ങൾ പരാജയപ്പെട്ടോ ഇല്ലയോ എന്നുള്ളത് ചരിത്രം വിധിയെഴുതും. അധികം സമ

യമില്ലാത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പക്ഷേ ഞങ്ങൾ നടത്തുന്ന സമരത്തിൽ ശ്രീ. ബെന്നി ബെഹനാനും കൂട്ടരും കൂടി യോജിക്കാൻ നിർബന്ധിതരായിരിക്കുകയാണ്. ഫെബ്രുവരി 20, 21 തീയതികളിൽ അഖിലേന്ത്യാതലത്തിൽ തൊഴിലാളികൾ പണിമുടക്കുകയാണ്. ആ സമരത്തിൽ ശ്രീ. പാലോട് രവിയുണ്ട്. 20, 21 തീയതികളിൽ സഭ സമ്മേളിക്കാൻ തീരുമാനിച്ചിരുന്നതാണ്. കാര്യോപദേശക സമിതിയിൽ ശ്രീ. പാലോട് രവി കൂടി സഹകരിച്ചുകൊണ്ട് യോജിച്ചു തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് സഭയിൽ സമ്മേളിക്കുന്നവർക്കുകൂടി സമരത്തിൽ പങ്കെടുക്കാൻ സൗകര്യപ്പെടുത്തിക്കൊണ്ട് സഭാ സമ്മേളനം 19-ന് സമാപിപ്പിക്കാൻ തീരുമാനിച്ചത് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സമര സന്ദേശ യാത്ര നടത്തുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സി.ഐ.ടി.യു., ഐ.ടി.യു.സി., ഐ.എൻ.ടി.യു.സി., എച്ച്.എം.എസ്., ബി.എം.എസ്., എസ്.ടി.യു. തുടങ്ങിയ തൊഴിലാളി സംഘടനകൾ ഈ പണിമുടക്കിൽ പങ്കെടുക്കുന്നുണ്ട്. അങ്ങയും മനസ്സുകൊണ്ട് ഈ സമരത്തെ അനുകൂലിക്കുകയല്ലേ. ഇൻഡ്യയിലെ മുഴുവൻ തൊഴിലാളി സംഘടനകളും പത്തുകോടിയിലധികം വരുന്ന തൊഴിലാളികളും 48 മണിക്കൂർ പണിമുടക്കാൻ പോകുകയാണ്. സ്വതന്ത്ര ഇൻഡ്യയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് തൊഴിലാളികൾ 48 മണിക്കൂർ പണിമുടക്കുന്നത്. ഈ പണിമുടക്ക് നടന്നു കഴിഞ്ഞിട്ട് വീണ്ടും ബഡ്ജറ്റുമായി ബന്ധപ്പെട്ട് സഭ സമ്മേളിക്കുമ്പോൾ 20, 21 തീയതികളിലെ സമരവും പരാജയപ്പെട്ട സമരമാണെന്ന് ശ്രീ. ബെന്നി ബെഹനാൻ പറയുമോ? ഈ രാജ്യത്തെ തൊഴിലാളികൾ, ജനങ്ങൾ, കൃഷിക്കാർ, വിദ്യാർത്ഥികൾ, മഹിളകൾ എല്ലാവരും സമരം ചെയ്യാൻ നിർബന്ധിതരായിരിക്കുകയാണ്. ഇൻഡ്യയുടെ തലസ്ഥാനത്ത് ഒരു സമരം നടന്നു.

രാഷ്ട്രപതി ഭവന്റെ അടുത്തുള്ള റെയ്സിനാ കുന്നിൽ നടന്ന സമരത്തിൽ ആയിരക്കണക്കിന് സ്ത്രീകൾ സ്വമേധയാ പങ്കെടുത്തു. അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷന്റെയും മഹിളാ സംഘത്തിന്റെയുമൊക്ക ആളുകളുണ്ടായിരുന്നു, ഒരു സംഘത്തിലുമില്ലാത്തവരുമുണ്ടായിരുന്നു. ആ സമരത്തെക്കുറിച്ച് ഇൻഡ്യയുടെ പരമോന്നത നീതിപീഠത്തിന്റെ അദ്ധ്യക്ഷത വഹിക്കുന്ന വ്യക്തി, ചീഫ് ജസ്റ്റിസ് ഓഫ് ഇൻഡ്യ പറഞ്ഞത്, ആ സമരത്തിൽ പങ്കെടുത്തവരോടൊപ്പം എനിക്കും ചേരാൻ താല്പര്യമുണ്ടായിരുന്നു, ഇരിക്കുന്ന കസേരയുടെ ഉത്തരവാദിത്തം കൊണ്ട് എനിക്കതിന് കഴിയാത്തതാണ് എന്നാണ്. ബഹുമാനപ്പെട്ട ബെന്നി ബെഹനാൻ ഇത്തരത്തിൽ വിവിധ വിഭാഗം ജനങ്ങൾ നടത്തുന്ന സമരത്തെ അടച്ചാക്ഷേപിക്കാൻ പാടുണ്ടോ? കേരളത്തിൽ ഭൂസമരം നടത്തിയത് ആരാണ്. ഭൂസമരത്തിന്റെ നേട്ട-കോട്ടങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഇവിടെത്തെ തണ്ണീർത്തടങ്ങളും നെൽവയലുകളും നികത്താൻ ഭൂമാഫിയയ്ക്ക് കൂട്ടുനിൽക്കുന്ന സംസ്ഥാന ഗവൺമെന്റിന്റെ സമീപനത്തിന് എതിരായിട്ടാണ് ഞങ്ങൾ പോരാട്ടം നടത്തിയത്. ഇത്തരം പോരാട്ടങ്ങൾ തുടർന്നുമുണ്ടാകും.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്... അഞ്ച് മിനിട്ട് കൂടുതലെടുത്തുകഴിഞ്ഞു. ഇതു കഴിഞ്ഞതിനുശേഷം മൂന്നു ബില്ലുകളുണ്ട്.

<u>ശ്രീ. എം. എ. ബേബി</u>: ഞാൻ അവസാനിപ്പിക്കുകയാണ്. സ്ത്രീ പീഡനവുമായി ബന്ധപ്പെട്ട ഏതു കേസും അന്വേഷിച്ച് കുറ്റവാളികളുടെ മേൽ നടപടിയെടുക്കണമെന്നാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ആവശ്യം. എന്നാൽ മറുഭാഗത്ത് അത്തരം കേസ്സുകളിൽപെട്ടവർക്ക് സ്ഥാനക്കയറ്റം

കൊടുക്കുന്ന സമീപനമാണ് ഉണ്ടാകുന്നത്. സഖാവ് വി.എസ്. അച്ചുതാന ന്ദന്റെ പ്രതിപക്ഷ നേതൃത്വസ്ഥാനത്തെക്കുറിച്ചെല്ലാം .......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. എം. എ. ബേബി: ഞാൻ അവസാനിപ്പിക്കുകയാണ്. ഈ സഭയിലെ പ്രതിപക്ഷ നേതാവിനെക്കുറിച്ച് അപവാദം പറഞ്ഞു. അതിനെക്കുറിച്ച് പ്രതിക രിക്കാതിരിക്കാൻ കഴിയുമോ? സി.പി.ഐ.(എം) എന്നു പറയുന്ന പാർട്ടി ഓരോ പ്രശ്നത്തിലും പാർട്ടിക്കുള്ളിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്ന പാർട്ടിയാണ്. പത്രങ്ങളിൽ വരുന്ന ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ സഭയിൽ ചർച്ച ചെയ്യുന്നത് അർത്ഥശൂന്യമാണ്. ടെൻ ജൻപഥിൽ നിന്ന് നോമിനേറ്റ് ചെയ്യുന്നവരെ ചുമന്നുകൊണ്ടു നടക്കുന്ന ഒരു പ്രസ്ഥാനമല്ല ഇടതുപക്ഷ ജനാധിപത്യ മുന്നണി എന്നാണ് പറയാനുള്ളത്. പിന്നെ സ്ഥാനം മാറ്റുന്നതിനെക്കുറിച്ചു പറയുമ്പോൾ ആദരണീയനായ കേന്ദ്ര പ്രതിരോധ മന്ത്രിയെ മുമ്പ് മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് മാറ്റി മുഖ്യമന്ത്രി സ്ഥാനമേറ്റെടു ത്തയാളാണ് അപ്പുറത്തിരിക്കുന്നത്. ഇപ്പോൾ ഇരിക്കുന്ന അദ്ദേഹത്തിനെ മാറ്റാൻ ആരെങ്കിലും ആലോചിക്കുന്നുണ്ടോ എന്നുള്ള കാര്യവും അന്വേഷി ക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, വളരെ പരിചയ സമ്പന്നനായ ശ്രീ. എം.എ. ബേബി. ധന വിനിയോഗത്തെപ്പറ്റി വേണ്ടത്ര കാര്യങ്ങൾ പറയും, പുതിയ വെളിച്ചം ഞങ്ങൾക്കുണ്ടാകും എന്നാണ് ഞാൻ കരുതിയത്. പക്ഷേ, അദ്ദേഹം ഇൻഡ്യൻ രാഷ്ട്രീയത്തെ സംബന്ധിച്ചും പൊതുവായ കാര്യങ്ങളെക്കുറിച്ചു മൊക്കെ രാഷ്ട്രീയ പ്രസംഗം നടത്തുകയാണ് ചെയ്തത്. അതുകൊണ്ട്

എന്റെ ജോലി വളരെ ലഘൂകരിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹം ഒരു കാര്യം പറഞ്ഞു, എം.എൽ.എ.മാരുടെ വികസന ഫണ്ട് തടഞ്ഞുവച്ചിരിക്കുകയാണ് എന്ന്. അദ്ദേഹം പറഞ്ഞത് വളരെ തെറ്റായ കാര്യമാണ്. 4/2/2013-ൽ ഞാൻ എം.എൽ.എ.മാർക്ക് അയച്ച സർക്കുലർ, ഇങ്ങനെ ആരെങ്കിലും ചെയ്തിട്ടുണ്ടോ എന്ന് എനിക്കറിയില്ല. അതിൽ ഞാൻ പറഞ്ഞിരിക്കുന്നത്, ഭൂരിഭാഗം സാമാജികരും മുൻവർഷങ്ങളിൽ അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല. അതിനാൽ അതാത് ജില്ലാ കളക്ടർമാർ ഇതിലേയ്ക്ക് പ്രത്യേകമായി സൂക്ഷിക്കുന്ന ടി.എസ്.ബി. അക്കൗണ്ടിൽ ധാരാളം തുക മിച്ചമായി അവശേഷിക്കുന്നു. ഈ സാഹചര്യത്തിൽ മിച്ചമുള്ള തുക പൂർണ്ണമായി വിനിയോഗിച്ചതിനുശേഷം മാത്രമെ പുതിയ തുക പ്രസ്തുത അക്കൗണ്ടുകളിലേയ്ക്ക് കൈമാറേണ്ടതായിട്ടുള്ളൂ, താങ്കളുടെ മണ്ഡലത്തിലേയ്ക്ക് അനുവദിച്ചിട്ടുള്ള ഫണ്ടിൽ ചെലവഴിച്ചതൊഴികെ ടി.എസ്.ബി. അക്കൗണ്ടിൽ ബാക്കി എന്തെങ്കിലും അവശേഷിച്ചിട്ടുണ്ടെങ്കിൽ ആയത് വിനിയോഗിച്ചുകൊണ്ട് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ ജില്ലാ കളക്ടറുമായി ആലോചിച്ച് ചെയ്യണം എന്നാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് പറയുന്നത് ടി.എസ്.ബി. അക്കൗണ്ടിലെ ഫണ്ട് ചെലവഴിച്ചതിനുശേഷം മാത്രമെ പുതുതായി പണം ട്രാൻസ്ഫർ ചെയ്യൂ എന്നാണ്. പക്ഷേ, ഈ വർഷം എനിക്ക് അനുവദിക്കപ്പെട്ടിട്ടുള്ള വർക്കുകൾ കൊടുക്കുന്നതിന് തടസ്സമില്ലല്ലോ.

ശ്രീ. കെ. എം. മാണി: സർ, ചെലവഴിച്ചാൽ ട്രാൻസ്ഫർ ചെയ്യുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ; ചെലവഴിക്കുന്നതിന് അനുസരിച്ച് ട്രാൻസ്ഫർ ചെയ്തുകൊണ്ടിരിക്കുകയല്ലേ. It is a continuing process. ചെലവഴിക്കണമെന്ന്

പറയുമ്പോൾ അതിന്റെ അർത്ഥം ട്രാൻസ്ഫർ അതോടുകൂടി വരുമെന്നാണ്. It is automatic. ബഹുമാനപ്പെട്ട മുൻ ധനകാര്യവകുപ്പു മന്ത്രി അങ്ങനെ പറഞ്ഞ് രക്ഷപ്പെടരുത്. എനിക്ക് പറയാനുള്ളത്, ജില്ലാ കളക്ടർമാരുടെ ടി.എസ്.ബി. അക്കൗണ്ടിലുള്ളതു മുഴുവൻ ചെലവഴിക്കണം, അതിന് എം.എൽ.എ.മാരെ അലെർട്ട് ചെയ്തു. അത് വച്ചുകൊണ്ടിരിക്കാനാണെങ്കിൽ, ചെലവഴിച്ചില്ലെങ്കിൽ അത് സേവിംഗ്സായി കിട്ടുമല്ലോ. അങ്ങനെ ചെലവഴിക്കണമെന്ന് നിർദ്ദേശിക്കുന്ന ഒരു ധനകാര്യ മന്ത്രി ഇവിടെ ധനകാര്യ മാനേജ്മെന്റ് നടത്തുമ്പോൾ ബഹുമാനപ്പെട്ട എം.എ. ബേബി അങ്ങനെ സംസാരിച്ചത് തെറ്റായിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ബഹുമാനപ്പെട്ട പി.ടി.എ. റഹീം ഒരു കാര്യം പറയുകയുണ്ടായി, ആസ്തി വികസന ഫണ്ട് 705 കോടി രൂപ കൊടുത്തു, അതിൽ വലിയ കാര്യമൊന്നുമില്ല, അതൊന്നും ചെലവഴിച്ചില്ല എന്ന് പറഞ്ഞു. ഞാൻ ഒരു കാര്യം എം.എൽ.എ.മാരെ അറിയിക്കുകയാണ്, സ്പെഷ്യൽ അസെറ്റ് ഡെവലപ്മെന്റിന് അനുവദിച്ച 705 കോടി രൂപയിൽ ഫിനാൻസ് ഡിപ്പാർട്ട്മെന്റ് 350 കോടി രൂപയുടെ ക്ലിയറൻസ് കൊടുത്തുകഴിഞ്ഞു. ഇതിന്റെ പ്രൊസീഡ്യൂവർ എന്താണെന്ന് അറിയാമോ? ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഫിനാൻസ് ഡിപ്പാർട്ട്മെന്റിൽ വരുമ്പോഴാണ് ക്ലിയറൻസ് കൊടുക്കുന്നത്. അത് ബഹുമാനപ്പെട്ട തോമസ് ഐസക്കിന് അറിയാം. അങ്ങനെ വന്നതിൽ 99 ശതമാനത്തിനും ക്ലിയറൻസ് കൊടുത്തു. ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് വരാത്തത് ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ കുഴപ്പമാണോ? ..... (ബഹളം)......

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ സംസാരിക്കുന്നത് മറ്റുള്ളവർക്ക് കേൾക്കണ്ടേ.

ശ്രീ. കെ. എം. മാണി: സർ, ഒറ്റ കാര്യം, ഇത് തർക്കവിഷയമല്ല. വർക്കിന്റെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഫിനാൻസ് ഡിപ്പാർട്ട്മെന്റിൽ വന്നാൽ ആ നിമിഷത്തിൽ ക്ലിയറൻസ് കൊടുക്കും. വന്നതിൽ 99 ശതമാനത്തിനും ക്ലിയറൻസ് കൊടുത്തു എന്ന് ഉത്തരവാദിത്തത്തോടുകൂടി ഞാൻ പറയുന്നു. ബഹുമാനപ്പെട്ട എം.എ. ബേബി നിങ്ങൾ എത്ര പദ്ധതി നടപ്പിലാക്കി എന്ന് ചോദിച്ചു. ബഡ്ജറ്റിൽ ഡിപ്പാർട്ട്മെന്റുകളുടെ എല്ലാംകൂടി ന്യൂ അനൗൺസ്മെന്റുണ്ടായിരുന്നത് 250 ആണ്, ഓൺഗോയിംഗ് 130 ആണ്, അങ്ങനെ ആകെ 380 സ്കീമുകളാണ് ഉണ്ടായിരുന്നത്. അതിൽ 350 സ്കീമും നടപ്പിലാക്കി. 30 എണ്ണം മാത്രമാണ് നടപ്പിലാക്കാതെ അവശേഷിക്കുന്നത്. മൈതാനത്ത് വെറുതെ പറയുന്നതുപോലെ ഇതൊക്കെ നിയമസഭയിൽ വന്ന് പറയാൻ കഴിയുമോ. നിയമസഭയിൽ പറയുമ്പോൾ Accurate ആയി പറ യണം.

ശ്രീ. എം. എ. ബേബി: സർ, നടപ്പിലാക്കി എന്നു പറയുന്നതിന്റെ ലിസ്റ്റ് അങ്ങ് സഭയിൽ വയ്ക്കുമോ?

ശ്രീ. കെ. എം. മാണി : ഏതൊക്കെ സ്കീമിന്റെ ലിസ്റ്റ് വേണമെന്ന് കൃത്യമായി പറഞ്ഞാൽ അതാതിന്റെ തരാം.. ...(ബഹളം)... ഒരു വിഷമവും ഇല്ല തരാം. ശ്രീ. ബേബിക്ക് ഇവിടെ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കിയ തിന്റെ ലിസ്റ്റ് തരുന്നതായിരിക്കും. ശ്രീ. എം.എ. ബേബി കൊമേഴ്സ്യൽ ടാക്സ് പിരിവ് കുറഞ്ഞുപോയി എന്നു പറഞ്ഞത് ലിസ്റ്റ് നോക്കിയിട്ടാണോ എന്നെനിക്കറിയില്ല. 2011-2012-ലെ ബി.ഇ. 19,500 ആയിരുന്നു. 2012-2013-ൽ ബി.ഇ 23,590 ആയി. എന്നു പറഞ്ഞാൽ 22% ഗ്രോത്ത് റേറ്റാണ് വിഭാവന

ചെയ്തിട്ടുള്ളത്. Collection up to January 31st 18,230 രൂപ പിരിഞ്ഞു. 22% ഗ്രോത്ത് റേറ്റ് വിഭാവന ചെയ്തത് ജനുവരിയിൽ കൈവരിച്ചിരിക്കുന്നു. ഇനി ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഗ്രോത്ത് റേറ്റ് എത്ര ഉയരുമെന്ന്........ അപ്പോൾ ഗ്രോത്ത് റേറ്റ് എത്രയോ ഉയരാൻ പോകുകയാണ്. അപ്പോഴാണ് നിങ്ങൾ അത്ഭുതപ്പെടാൻ പോകുന്നത് എന്നുമാത്രമേ എനിക്ക് അതിനെപ്പറ്റി പറയാനുള്ളു. സോഷ്യൽ സെക്യൂരിറ്റി, പെൻഷൻ എത്ര കൊടുത്തു എന്നൊരു ചോദ്യം ബഹുമാനപ്പെട്ട ഒരു എം.എൽ.എ ഇവിടെ ചോദിച്ചു.. ബഡ്ജറ്റ് പ്രൊവിഷൻ എത്രയാണെന്ന് അറിയാമോ? സാമൂഹ്യ പെൻഷന് ബഡ്ജറ്റിൽ 867 കോടി രൂപയാണ് ആകെയുള്ള സാമൂഹ്യ പെൻഷൻ ആനുകൂല്യങ്ങൾ. അഡീഷണൽ ഫണ്ട് 451 കോടി രൂപ അഡീഷണൽ ആതറൈസേഷനും കൂടെ കൊടുത്തു. അങ്ങനെ മൊത്തം 1,318 കോടി രൂപയുടെ സാമൂഹ്യസുരക്ഷാ പദ്ധതികളാണ് നമുക്ക് നടപ്പിലാക്കേണ്ടത്. നവംബർ മാസംവരെയുള്ള മുഴുവൻ പെൻഷനും വിതരണം ചെയ്തു. ഇതു വരെ ചെലവഴിച്ചത് 917 കോടി രൂപയാണ്. ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ 106% ചെലവഴിച്ചു. രണ്ടാമത്തേത് അഡീഷണൽ ആതറൈസേഷനുവേണ്ടി കൊടുത്തതാണ്. ഡോ. തോമസ് ഐസക്കിന്റെ കാലഘട്ടത്തിൽ ഉണ്ടാകാത്തൊരു കാര്യംകൂടി ഇവിടെ ചെയ്തിട്ടുണ്ട്. ഡിസംബർ, ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പെൻഷൻ 2013 മാർച്ച് ആദ്യംതന്നെ വിതരണം ചെയ്യാൻ ഡയറക്ഷൻ കൊടുത്തുകഴിഞ്ഞു. മാർച്ച് മാസം ആദ്യത്തെ വീക്കിൽ മുഴുവൻ കൊടുക്കാൻ ഇപ്പോൾതന്നെ ഡയറക്ഷൻ കൊടുത്തു കഴിഞ്ഞു. ഇതു പോലെ up-to-date ആയി ഒരു ഗവൺമെന്റിന് ഇതിൽ കൂടുതൽ എങ്ങനെ

യാണ് ചെയ്യാൻ കഴിയുന്നത്. അതുകൊണ്ട് ഇപ്പോൾ വാസ്തവത്തിൽ പറഞ്ഞാൽ നിങ്ങൾ ഈ ഗവൺമെന്റിനെ മനസ്സിലെങ്കിലും.......ശ്രീ. ബേബി പുറമെ പറയണ്ട, ശ്രീ. ബേബി ഈ ഗവൺമെന്റ് നല്ലതാണ്, അവർ നല്ലകാര്യം ചെയ്തു എന്ന് മനസ്സുകൊണ്ടെങ്കിലും പറയണം. ഇവിടെ ഒന്നും പറയണ്ട. അങ്ങനെ ഒരു പ്രതിപക്ഷം ഒരിക്കലും പറയരുത്. ഒരു പ്രതിപക്ഷം നല്ലത് ചെയ്താലും നല്ലതെന്ന് പറഞ്ഞാൽ അവർക്ക് വോട്ട് നേടാൻ സാധിക്കുമോ? ഇല്ല. അതുകൊണ്ട് അങ്ങനെ പറയണ്ട. എങ്കിലും സ്വകാര്യ സംഭാഷണത്തിൽ എ.കെ.ജി. സെന്ററിൽ ഇത് വിലയിരുത്തുമ്പോൾ ശ്രീ. ബേബി തന്നെ ഒന്നു പറഞ്ഞാൽമതി. When all is said and done, the U.D.F. Government is better than any other Government എന്ന് ഒന്നു പറഞ്ഞാൽ മാത്രം മതി. അതുകൊണ്ട് എന്റെ മന:സാക്ഷി അനുസരിച്ച് നല്ല ഒരു ഗവൺമെന്റ്, വികസനം ത്വരിതപ്പെടുത്തുന്ന ഗവൺമെന്റ്, ജനക്ഷേമം കൈവരുത്തുന്ന ഗവൺമെന്റ്, വികസനവും കരുതലും അതാണ് ഞങ്ങളുടെ കൈവശമുള്ള സമ്പത്ത്. അതുകൊണ്ട് ഈ രാജ്യത്തെ ജനങ്ങളോട് നീതി പുലർത്തിയ ഒരു ഗവൺമെന്റ്, രാജ്യത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ഞങ്ങൾ വളരെ മുന്നിലാണ്. അതുകൊണ്ട് ഈ ബിൽ പാസ്സാക്കിതരണം, ഈ അപ്രോപ്രിയേഷൻ പാസ്സാക്കി തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : 2013-ലെ ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

**അനുകൂലിക്കുന്നവർ..........................**

പ്രതികൂലിക്കുന്നവർ ............................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**<u>2-ഉം 3-ഉം വകുപ്പുകൾ</u>**

(ഭേദഗതിയില്ല.)

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............................

പ്രതികൂലിക്കുന്നവർ......................

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**<u>പട്ടിക</u>**

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ............................

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**<u>1-ാം വകുപ്പും പീഠികയും പേരും</u>**

(ഭേദഗതിയില്ല.)

1-ാം വകുപ്പും പീഠകയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ ............................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ.എം. മാണി</u> : സർ, 2013-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2013-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ .........

ശ്രീ. എ.കെ. ബാലൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ 69

1. ശ്രീ. അനൂപ് ജേക്കബ്
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. ടി. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. കെ. ബാബു
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
13. ശ്രീ. വി. ടി. ബൽറാം
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. ബെന്നി ബെഹനാൻ
16. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
17. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
18. ശ്രീ. കെ. ബി. ഗണേഷ് കുമാർ
19. ശ്രീ. എ. റ്റി. ജോർജ്
20. ശ്രീ. പി. സി. ജോർജ്
21. ശ്രീ. ഹൈബി ഈഡൻ
22. കുമാരി പി. കെ. ജയലക്ഷ്മി

23. ഡോ. എൻ. ജയരാജ്
24. ശ്രീ. കെ. സി. ജോസഫ്
25. ശ്രീ. പി. ജെ. ജോസഫ്
26. ശ്രീ. ജോസഫ് വാഴക്കൻ
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. കെ. എൻ. എ. ഖാദർ
29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. റ്റി. യു. കുരുവിള
31. ശ്രീ. ലൂഡി ലൂയിസ്
32. ശ്രീ. പി. എ. മാധവൻ
33. ശ്രീ. സി. മമ്മൂട്ടി
34. ശ്രീ. കെ. എം. മാണി
35. ശ്രീ. കെ. പി. മോഹനൻ
36. ശ്രീ. സി. മോയിൻകുട്ടി
37. ശ്രീ. മോൻസ് ജോസഫ്
38. ശ്രീ. ആര്യാടൻ മുഹമ്മദ്
39. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
40. ഡോ. എം. കെ. മുനീർ
41. ശ്രീ. കെ. മുരളീധരൻ
42. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
43. ശ്രീ. ഉമ്മൻ ചാണ്ടി
44. ശ്രീ. അടൂർ പ്രകാശ്
45. ശ്രീ. റ്റി. എൻ. പ്രതാപൻ
46. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
47. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
48. ശ്രീ. സി. പി. മുഹമ്മദ്
49. ശ്രീ. പാലോട് രവി
50. ശ്രീ. റോഷി അഗസ്റ്റിൻ
51. ശ്രീ. വി. പി. സജീന്ദ്രൻ
52. ശ്രീ. എൻ. ശക്തൻ
53. ശ്രീ. വി. ഡി സതീശൻ
54. ശ്രീ. ഷാഫി പറമ്പിൽ
55. ശ്രീ. കെ. എം. ഷാജി
56. ശ്രീ. എൻ. ഷംസുദ്ദീൻ
57. ശ്രീ. എം. വി. ശ്രേയാംസ് കുമാർ
58. ശ്രീ. ഷിബു ബേബി ജോൺ
59. ശ്രീ. കെ. ശിവദാസൻ നായർ
60. ശ്രീ. വി. എസ്. ശിവകുമാർ

61. ശ്രീ. സണ്ണി ജോസഫ്
62. ശ്രീ. സി. എഫ്. തോമസ്
63. ശ്രീ. തോമസ് ഉണ്ണിയാടൻ
64. ശ്രീ. പി. ഉബൈദുള്ള
65. ശ്രീ. എം. ഉമ്മർ
66. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
67. ശ്രീ. എം. എ. വാഹീദ്
68. ശ്രീ. എം. പി. വിൻസെന്റ്
69. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ</u> 58

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീ. എ. എം. ആരിഫ്
4. ശ്രീ. എ. എ. അസീസ്
5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. എം. എ. ബേബി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. വി. ചെന്താമരാക്ഷൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. പി. കെ. ഗുരുദാസൻ
18. ശ്രീ. എം. ഹംസ
19. ശ്രീമതി ജമീലാ പ്രകാശം
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. കെ. കെ. ജയചന്ദ്രൻ
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. ജോസ് തെറ്റയിൽ
25. ശ്രീ. എളമരം കരീം
26. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
27. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

28. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
29. ശ്രീമതി കെ. കെ. ലതിക
30. ശ്രീ. മാത്യു റ്റി. തോമസ്
31. ശ്രീ. കെ. കെ. നാരായണൻ
32. ശ്രീ. എ. പ്രദീപ്കുമാർ
33. ശ്രീ. പുരുഷൻ കടലുണ്ടി
34. ശ്രീ. പി. റ്റി. എ. റഹീം
35. ശ്രീ. എസ്. രാജേന്ദ്രൻ
36. ശ്രീ. ആർ. രാജേഷ്
37. ശ്രീ. റ്റി. വി. രാജേഷ്
38. ശ്രീ. കെ. രാജു
39. പ്രൊഫ. സി. രവീന്ദ്രനാഥ്
40. ശ്രീ. സി. കെ. സദാശിവൻ
41. ശ്രീ. സാജു പോൾ
42. ശ്രീമതി കെ. എസ്. സലീഖ
43. ശ്രീ. എസ്. ശർമ്മ
44. ശ്രീ. വി. ശശി
45. ശ്രീ. ബി. സത്യൻ
46. ശ്രീ. വി. ശിവൻകുട്ടി
47. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
48. ശ്രീ. ജി. സുധാകരൻ
49. ശ്രീ. വി. എസ്. സുനിൽകുമാർ
50. ശ്രീ. കെ. സുരേഷ് കുറുപ്പ്
51. ഡോ. ടി. എം. തോമസ് ഐസക്
52. ശ്രീ. ഇ. കെ. വിജയൻ
53. ശ്രീ. കെ. വി. വിജയദാസ്
54. ശ്രീ. തോമസ് ചാണ്ടി
55. ശ്രീ. കോവൂർ കുഞ്ഞുമോൻ
56. ശ്രീ. കെ. കുഞ്ഞുരാമൻ (ഉദുമ)
57. ശ്രീ. മുല്ലക്കര രത്നാകരൻ
58. ശ്രീ. രാജു എബ്രഹാം

മി. സ്പീക്കർ: അനുകൂലിക്കുന്നവർ...................... 69

പ്രതികൂലിക്കുന്നവർ........................58

നിക്ഷ്പക്ഷത പാലിക്കുന്നവർ – ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

## നിയമനിർമ്മാണകാര്യം

### (2) 2013-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, 2013-ലെ കേരള ധനവിനിയോഗ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ.എം. മാണി: സർ, 2013-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ.എം. മാണി: സർ, 4900 കോടി രൂപയുടെ സപ്ലിമെന്ററി ഡിമാന്റാണ് പാസ്സാക്കിത്തന്നത്. അത് ചെലവ് ചെയ്യുന്നതിനുവേണ്ടിയുള്ള ധനവിനിയോഗ ബിൽ മാത്രമാണ് ചർച്ചയ്ക്ക് വരുന്നത്. ഇതിനെക്കുറിച്ചൊക്കെ ചർച്ച നടന്നതാണ്. വലിയ കോൺട്രവേഴ്സിയായിട്ടുള്ള കാര്യങ്ങളൊന്നുമില്ല. അതുകൊണ്ട് സഭ ഏകകണ്ഠമായി ഇത്പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി.റ്റി.എ. റഹീം: സർ, ഈ ഉപധനാഭ്യർത്ഥന ഏകകണ്ഠമായി പാസ്സാക്കിത്തരണമെന്നാണ് ബഹുമാനപ്പെട്ട കെ.എം.മാണി ഇവിടെ

പറഞ്ഞത്. പക്ഷെ ഈ ധനവിനിയോഗത്തിന്റെ പെർഫോമൻസ് വളരെ മോശമാണ് എന്നുളളതാണ് വസ്തുത. നമ്മുടെ മന്ത്രിമാരുടെ പെർഫോമൻസിനെ സംബന്ധിച്ച് കെ.പി.സി.സി. വളരെ കൂലങ്കഷമായി ചർച്ച ചെയ്ത് ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്. കുറേ ദിവസങ്ങളായി ഓരോ ആളുകളുടേയും ഗ്രേഡ് പത്രത്തിൽ വന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, അദ്ദേഹത്തിന് ഏതോ ഒരു ചാനലുകാർ വലിയ രൂപത്തിലുള്ള ബൂസ്റ്റിംഗ് കൊടുത്തു. അദ്ദേഹം ഒന്നാമതാണ് എന്നാണ് പറയുന്നത്. പക്ഷെ കെ.പി.സി.സി.-യുടെ വീക്ഷണത്തിൽ അദ്ദേഹം ഏറ്റവും താഴെയാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ആഭ്യന്തരകാര്യ വകുപ്പുമന്ത്രിയെ ഒരു ചാനൽ ബെസ്റ്റ് മിനിസറ്ററായി തെരഞ്ഞെടുക്കപ്പെട്ടതായി കണ്ടു. നമ്മുടെ നാട്ടിൽ.....

<u>മി. സ്പീക്കർ</u>: ശ്രീ. പി. റ്റി. എ. റഹീം, ഒരു കോംപ്രമൈസുമില്ല. അങ്ങേയ്ക്ക് അഞ്ച് മിനിട്ടേ ഉള്ളൂ.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ഈ നാട്ടിലെ ചരിത്രത്തിലെ **** **** **** **** **** [2] ഇങ്ങനെ എത്തിച്ചേർന്നതെന്നുമുളള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. റ്റി. എ. റഹീം</u>: സർ, ഏതായാലും കെ.പി.സി.സി. ഇക്കാര്യം വിലയിരുത്തിയിട്ട് ഓരോ ആളുകൾക്കും മാർക്കിട്ട് കഴിഞ്ഞിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, പോയിന്റ് ഓഫ് ഓർഡർ. വ്യക്തിപരമായി ഇങ്ങനെ അവഹേ

[2] ബഹു. സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

ളിക്കുന്നതിനു വേണ്ടി പ്രസംഗത്തിനിടയ്ക്ക് ഒരാളെഴുന്നേറ്റ് നിന്ന് ചോദ്യം ചോദിക്കുകയും അവഹേളിക്കാനൊരു അവസരമാക്കി എടുക്കുകയും ചെയ്യു ന്നത് ശരിയാണോ? റൂൾ ബുക്കിനകത്തിതില്ല. അതുകൊണ്ട് വ്യക്തിപരമായി അവഹേളിക്കുന്ന നടപടി ശരിയല്ല. അവനവന്റെ തൊഴിലാണെല്ലാവർക്കും എന്ന ഒരു വിലയിരുത്തൽ  വരുന്നതും ശരിയല്ല. സ്വന്തം തൊഴിൽ അവന വൻ ചെയ്തു പോകുക. അത് വേറൊരാളിന്റെ മേൽ ചാരുന്നത് ഒരിക്കലും നിയമസഭാ നടപടിയിൽ ശരിയല്ല. അത് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരി കയാണ്. അതുകൊണ്ട് 307 അനുസരിച്ച് വ്യക്തിപരമായ കാര്യം എക്സ് പഞ്ച് ചെയ്യണം.

ശ്രീ. പി. സി. ജോർജ്: സർ, റൂൾ 307 അനുസരിച്ച് എക്സ്പഞ്ച് ചെയ്യണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്.

മി. സ്പീക്കർ: ആവശ്യപ്പെട്ടിരിക്കുന്നു. അത് പിന്നെ പറയാം. സഭ തീരു ന്നതുവരെ സമയമുണ്ട്.

ശ്രീ. പി. റ്റി. എ. റഹീം: സർ,  മന്ത്രിമാരുടെ പെർഫോമൻസ് ഏറ്റവും മോശമാണെന്ന്, ബഹുമാനപ്പെട്ട ശ്രീ. ആര്യാടൻ മുഹമ്മദ് വളരെ പരിചയ സമ്പന്നനായ ഒരു മന്ത്രിയെന്നുള്ള നിലയ്ക്കുപോലും അദ്ദേഹത്തിന്റെ പെർഫോമൻസ് ശരിയായിട്ടില്ലെന്ന് കെ.പി.സി.സി. വിലയിരുത്തിയതായി പത്രങ്ങളിൽ വന്നിട്ടുണ്ട്. സ്ഥിരമായി പത്ര സമ്മേളനം നടത്തുന്ന കെ.പി.സി. സി. പ്രസിഡന്റ് ഇന്നുവരെ അത് നിഷേധിച്ചതായി കണ്ടിട്ടില്ല. അതുകൊണ്ട് നമ്മൾ കൊടുത്തിട്ടുള്ള പണം, ആസ്തി വികസന ഫണ്ടിന്റെ പെർഫോമൻസ് എന്താണെന്ന് നമുക്ക് നോക്കാം. ഇവിടെ ഒന്നും നടന്നിട്ടില്ല. ആകെ പൊതുമ രാമത്ത് വകുപ്പിലുള്ള റോഡുകളുടെയും പാലങ്ങളുടെയും എ.എസ് കിട്ടിയി

ട്ടുണ്ട്. ആ കാര്യത്തിൽ ആ മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. വേറെ ഒരു വകുപ്പിലും അത് നടന്നിട്ടില്ല. എല്ലാ എം.എൽ.എ.-മാരും വിദ്യാഭ്യാസ സ്ഥാപനങ്ങളെ സഹായിക്കാൻ വേണ്ടിയാണ് ശ്രമിച്ചത്. എല്ലാവരും സ്കൂൾ ബിൽഡിംഗാണ് കൊടുത്തത്. ഒരു സ്ഥലത്തും ഹയർ സെക്കൻഡറിക്ക് കെട്ടിടമില്ലാത്തതുകൊണ്ട് അതാണ് കൊടുത്തത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിൽ നിന്ന് കിട്ടിയതൊക്കെ ക്ലിയർ ചെയ്തിട്ടുണ്ട്. പക്ഷെ എനിക്ക് കിട്ടിയിട്ടുള്ള മറുപടിയിൽ ആകെ 13608 ലക്ഷം രൂപയുടെ മാത്രമാണ് ഇതുവരെയായി ക്ലിയർ ചെയ്തിട്ടുള്ളത്. പക്ഷേ എ.എസ്. കൊടുത്തിട്ടില്ല. എ.എസ് കൊടുക്കേണ്ടത് ബന്ധപ്പെട്ട വകുപ്പാണ്. ഏറ്റവും മോശമായി ഇക്കാര്യത്തിൽ പെരുമാറിയിട്ടുള്ളത് വിദ്യാഭ്യാസ വകുപ്പാണ്. യഥാർത്ഥത്തിൽ ഇതിന്റെ എ.എസ്. പി.ഡബ്ള്യു.ഡി കൊടുത്താൽ മതി. കഴിഞ്ഞ ഭരണകാലഘട്ടത്തിൽ മാന്ദ്യ വിരുദ്ധ പാക്കേജിൽ 15 കോടിയും വിഷൻ 2010-ൽ 2 കോടിയും ഉൾപ്പെടെ 17 കോടി രൂപയ്ക്ക് മുഴുവനും ഭരണാനുമതി കൊടുത്തിട്ടുള്ളത് പൊതുമരാമത്ത് വകുപ്പാണ്. പക്ഷെ, ഇപ്പോൾ വിദ്യാഭ്യാസ വകുപ്പിന്റേത് വിദ്യാഭ്യാസ വകുപ്പ് കൊടുക്കണം, പി.എച്ച്.സി -യുടേത് ആരോഗ്യ വകുപ്പ് കൊടുക്കണം എന്നുള്ള നിലപാട് സ്വീകരിച്ചതുകൊണ്ട് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു കേസുപോലും ഇതുവരെ ലഭിച്ചിട്ടില്ല. മലപ്പുറത്ത് ഇതുപോലെയുള്ള 33 സ്കൂൾ കെട്ടിടങ്ങൾക്ക് ഫിനാൻസ് ഡിപ്പാർട്ടുമെന്റ് ക്ലിയറൻസ് കൊടുത്തിട്ടുപോലും അതിന് വിദ്യാഭ്യാസ വകുപ്പിൽനിന്നും ഇതുവരെ എ.എസ്. കിട്ടിയിട്ടില്ല എന്നുള്ളത് ദു:ഖകരമായ ഒരു വസ്തുതയാണ്. ആകെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത് ഒരു വർഷം 25 കോടിയുണ്ടാകും എന്നാണ്. ആകെ 705 കോടി രൂപയാണ്

ഒരു വർഷം വകയിരുത്തിയിട്ടുള്ളത്. അത് മാർച്ച് 31-ന് ലാപ്സാകും എന്നത് ഒരു വസ്തുതയാണ്. ഞാൻ എന്റെ കാര്യം മാത്രം പറയുകയല്ല, എല്ലാ എം.എൽ.എ.-മാരും അനുഭവിക്കുന്നൊരു വിഷയമാണ്. കാരണം ഇത്രയും പണം തന്നിട്ട് അതുപയോഗിച്ചില്ല എന്ന ദുഷ്പേര് പുറത്തുണ്ടാകുമെന്നല്ലാതെ ആസ്തി വികസന ഫണ്ടുകൊണ്ട് കാര്യങ്ങളൊന്നുമുണ്ടാക്കാൻ സാധിച്ചില്ല. ബഹുമാനപ്പെട്ട ശ്രീ. എം.കെ. മുനീർ കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞു, പഞ്ചായത്തുകൾക്ക് 2 വർഷത്തെ പദ്ധതിയായതുകൊണ്ട് ഒരു വിഷയവുമില്ല, ഒരു പ്രയാസവുമില്ല എന്നാണ്. പക്ഷെ ബഹുമാനപ്പെട്ട മാണി സാർ ഇന്നലെ പറഞ്ഞത് ഒരു വർഷത്തെ പദ്ധതിയാണ്, മാർച്ച് 31 കഴിഞ്ഞാൽ നീട്ടിക്കൊണ്ടുപോകാൻ സാധിക്കില്ല എന്നാണ്. ചരിത്രത്തിൽ ഒരു പ്രാവശ്യം മാത്രമാണ് പദ്ധതി നിർവ്വഹണത്തിന് സമയം മാർച്ച് 31 കഴിഞ്ഞ് കൊടുത്തത്. അതിനിന്നുവരെ അക്കൗണ്ടന്റ് ജനറൽ അംഗീകാരം കൊടുത്തിട്ടില്ല. അത് ഭരണഘടനാ വിരുദ്ധമാണെന്ന നിലപാടാണ് എടുത്തിട്ടുള്ളത്. ബഹുമാനപ്പെട്ട മാണി സാർ ഇന്നലെ പറഞ്ഞകാര്യം വളരെ വ്യക്തമാണ്, അതുതന്നെയാണ് നിയമം. അതുകൊണ്ട് ഈ പണമൊന്നുംതന്നെ മാർച്ച് 31-നിടയ്ക്ക് ചെലവഴിക്കാൻ സാധിക്കാത്ത ഗുരുതരമായ ഒരു സ്ഥിതിവിശേഷം ഉണ്ടെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. റ്റി.യു. കുരുവിള)

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ സമയം കഴിഞ്ഞു.

ശ്രീ. പി. റ്റി. എ. റഹീം: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. വിദ്യാഭ്യാസ വകുപ്പിൽ 178 ഹയർ സെക്കൻഡറി സ്കൂളുകൾ അനുവദിച്ചു.

ജി. ഒ. 107/107 ആയി മുസ്ലീങ്ങൾക്ക് വിദ്യാഭ്യാസപരമായി പിന്നോക്കാവസ്ഥയുള്ള മലബാറിലെ അഞ്ച് ജില്ലകളിൽ 178 ഹയർ സെക്കൻഡറി സ്കൂൾ കൊടുത്തു. എല്ലായിടത്തും രണ്ട് ലാബ് അസിസ്റ്റന്റുമാരുടെ പോസ്റ്റ് കൊടുത്തപ്പോൾ 178 ഹയർ സെക്കൻഡറി സ്കൂളിലായി ഒരു പോസ്റ്റ് മാത്രമാണ് കൊടുത്തത്. എവിടത്തെ ന്യായമാണ് നിങ്ങൾ ചെയ്തതെന്ന് പറയാൻ തയ്യാറാകണം. കാരണം, എല്ലാ സ്കൂളിലും രണ്ട് ലാബ് അസിസ്റ്റന്റുമാരുണ്ടാകുമ്പോൾ 178 സ്കൂളിനെ പ്രത്യേകമായി തെരഞ്ഞെടുത്ത് അവിടെ കെമിസ്ട്രിക്കും ഫിസിക്സിനുമെല്ലാം കൂടി ഒരു ലാബ് അസിസ്റ്റന്റുമതി എന്നുപറയുന്ന ഒരു സാഹചര്യമാണ്.

മി. ചെയർമാൻ: പ്ലീസ്........പ്ലീസ്........... ബഹുമാനപ്പെട്ട മെമ്പർ.

ശ്രീ. പി. റ്റി. എ. റഹീം: ഞാൻ അവസാനിപ്പിക്കുകയാണ്. അതുകൊണ്ട് വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ് ഇവിടെയുള്ളത്. ഈ പണമൊന്നും ചെലവാക്കാൻ സാധിക്കുന്നില്ല. മാത്രവുമല്ല എം.എൽ.എ.-മാർക്ക് ദുഷ്പേരുണ്ടാക്കുന്ന ഒരു സാഹചര്യമാണ് ഈ ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട് ഉണ്ടായിരിക്കുന്നത്. ബഹുമാനപ്പെട്ട മാണി സാർ ഞങ്ങളെ അക്കാര്യത്തിൽ സഹായിക്കണമെന്നുമാത്രമാണ് എനിക്ക് അക്കാര്യത്തിൽ സൂചിപ്പിക്കാനുള്ളത് എന്ന് പറഞ്ഞുകൊണ്ട് ബില്ലിനെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. ഒന്നും പറയാനില്ലാത്ത പ്രതിപക്ഷത്തിന്റെ പാപ്പരത്തമാണ് ബഹുമാനപ്പെട്ട പി. റ്റി.എ. റഹീമിന്റെ പ്രസംഗത്തിൽ കേട്ടത്. അദ്ദേഹം തുടങ്ങിയത് കെ.പി.സി.

സി.-യിൽ നടന്ന ഒരു ചർച്ചയുടെ വിശദാംശങ്ങൾ ഏതോ പത്രത്തിൽ വന്നതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ മന്ത്രിമാരെക്കുറിച്ചുള്ള വിലയിരുത്തലാണ്. ഞങ്ങളുടെ പാർട്ടിക്കകത്തുള്ള ചർച്ചകൾ ജനാധിപത്യ രീതിയിൽ നടക്കാറുണ്ട്, ചർച്ച വരാറുണ്ട്. ബഹുമാനപ്പെട്ട ശ്രീ. വി. എസ്. അച്ചുതാനന്ദൻ അപ്പുറത്തിരിക്കുന്നു, തൊട്ടടുത്ത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇരിക്കുന്നു. ശ്രീ. പി.റ്റി.എ.റഹീം, താങ്കളുടെ പാർട്ടിയായ മാർക്സിസ്റ്റ് പാർട്ടിയിൽ ചർച്ച ചെയ്ത് പ്രതിപക്ഷ നേതാവിന്റെ പെർഫോമൻസിനെ വിലയിരുത്തി അദ്ദേഹത്തെ മാറ്റണമെന്ന് വോട്ടിട്ട് പ്രമേയം പാസ്സാക്കി, ആ പ്രമേയം പോളിറ്റ് ബ്യൂറോയ്ക്ക് അയച്ചിട്ട് കാത്തിരിക്കുന്ന നിങ്ങളാണോ ഇവിടെ വന്ന് ഞങ്ങളുടെ പാർട്ടിയിലെ മന്ത്രിമാരെക്കുറിച്ച് പറയുന്നത്. ഞാൻ അതിലേയ്ക്ക് വീണ്ടും വരാം. ശ്രീ. ആരിഫേ, അതൊക്കെ മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ തീരുമാനിക്കട്ടെ. അതിനകത്തെ ഗസ്റ്റ് ആർട്ടിസ്റ്റായ അങ്ങെന്തിനാണ് അഭിപ്രായം പറയുന്നത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇരിപ്പുണ്ട്, അവർ അഭിപ്രായം പറയട്ടെ. അക്കാര്യത്തെക്കുറിച്ച് അവർ പറയും. ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ഞാൻ രണ്ട് ചോദ്യം ചോദിക്കും. മിക്കവാറും അദ്ദേഹം മറുപടി പറയും. ആദ്യമായി ഇങ്ങനെയൊരു അവസരം കിട്ടിയതിന് ഞാൻ നന്ദി പറയുന്നു. ഈ സഭ തുടങ്ങിയ അന്നു മുതൽ ഗവർണറുടെ നയപ്രഖ്യാപനം, ഉപധനാഭ്യർത്ഥനയെക്കുറിച്ചുള്ള ചർച്ച എന്നിവയിലൊക്കെ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് പലതും സംസാരിക്കാനുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. എന്നാൽ അവയൊക്കെയില്ലാതായി. അവസാനം കാത്തിരുന്ന് ഒരവസരം കിട്ടിയത് അപ്രോപ്രിയേഷൻ ബില്ലിനാണ്. ഈ ഗവൺമെന്റിന്റെ പെർഫോമൻസിനെക്കുറിച്ചാണ് നിങ്ങൾക്ക് പരാതി. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഇതുവരെയുള്ള പരിപാടികളുടെ തുടർച്ചയും

അതിന്റെ ജനക്ഷേമപരമായ പുതിയ പ്രഖ്യാപനങ്ങളുമാണ് ഗവർണറുടെ നയ പ്രഖ്യാപനം തൊട്ട് ഉണ്ടായിക്കൊണ്ടിരുന്നത്. ഈ ഗവൺമെന്റ് അധികാര ത്തിൽ വന്ന ആദ്യ 100 ദിവസം കൊണ്ട് 107 പരിപാടികൾ പ്രഖ്യാപിച്ചു. അതിൽ 102-ഉം നടപ്പാക്കാൻ കഴിഞ്ഞു. ഒരു വർഷത്തെ കർമ്മ പരിപാടി പ്രഖ്യാപിച്ചു. 664 പദ്ധതികളിൽ 374 നടപ്പിലാക്കി. പ്രഖ്യാപിച്ച പരിപാടികൾ 91 ശതമാനവും നടപ്പാക്കിയെന്ന ആത്മവിശ്വാസം ഉണ്ട്. ശ്രീ. പി. ശ്രീരാമ കൃഷ്ണാ, ഒരാത്മവിശ്വാസം കൂടി ഈ ഗവൺമെന്റിനുണ്ട്. ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ ആത്മവിശ്വാസം മറ്റൊന്നുമല്ല. നിഷ്ഠൂരമായ രാഷ്ട്രീയ കൊലപാതകങ്ങൾ അവസാനിപ്പിക്കാൻ കഴിഞ്ഞു എന്ന ആത്മവി ശ്വാസത്തോടെയാണ് ഈ ഗവൺമെന്റ് പുതിയ വർഷത്തെ പരിപാടി ആരംഭി ച്ചിരിക്കുന്നത്. നമ്മുടെ കേരളത്തിൽ ഒരവസ്ഥയുണ്ടായിരുന്നു. കൊല ചെയ്യാൻ ക്വട്ടേഷൻ സംഘവും സംരക്ഷിക്കാൻ പാർട്ടിയുമുണ്ടെങ്കിൽ ഏത് കൊലപാതകവും നടത്താമെന്ന ഒരു രാഷ്ട്രീയ സിദ്ധാന്തം കേരളത്തിൽ ഉണ്ടായിരുന്നു. ആ രാഷ്ട്രീയ സിദ്ധാന്തത്തിനെ എന്നന്നേയ്ക്കുമായി അറുതി വരുത്തിക്കൊണ്ടാണ് ഐക്യ ജനാധിപത്യ മുന്നണി ഈ വർഷത്തെ നയപ്ര ഖ്യാപനം അവതരിപ്പിച്ചിരിക്കുന്നത്. ഇവിടെ 82 കാര്യങ്ങളാണ് അക്കമിട്ട് ഗവർണറുടെ നയപ്രഖ്യാപനത്തിൽ പറഞ്ഞത്. അതിൽ ഏതെങ്കിലും കാര്യ ത്തിൽ അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ പറയണം.

നെൽകൃഷിക്കാരന് ഹെക്ടറിന് 4000 രൂപ ധനസഹായം കൊടുക്കുന്ന പദ്ധതി, ഒരു ലക്ഷം ഭൂ രഹിതർക്ക് ഭൂമി, വിഴിഞ്ഞം തുറമുഖം ആരംഭിക്കാൻ പോകുന്നു, സ്ത്രീകൾക്ക് സംരക്ഷണം. ഈ ബിൽ കഴിഞ്ഞാൽ ഇവിടെ

ചര്‍ച്ച ചെയ്യാന്‍ പോകുന്ന വിഷയം സ്ത്രീ സംരക്ഷണത്തെക്കുറിച്ചാണ്. അതുപോലുള്ള എത്രയോ പരിപാടികള്‍. കോക്ലിയര്‍ ഇംപ്ലാന്റേഷന്‍ പോലുള്ള സാമൂഹ്യസുരക്ഷാ പദ്ധതിക്ക് മാതൃക കാണിച്ച ഐക്യജനാധിപത്യമുന്നണി ഗവണ്‍മെന്റിന്റെ ഏതുവര്‍ഷത്തെ പ്രവര്‍ത്തനവും ഞങ്ങള്‍ വിലയിരുത്താന്‍ തയ്യാറാണ്. നമുക്ക് ഗവണ്‍മെന്റിനെ വിമര്‍ശിക്കാം, ഒരു വിരോധവുമില്ല. നിങ്ങളുടെ വിമര്‍ശനം സഹിഷ്ണുതയോടെ കേള്‍ക്കാന്‍ ഞങ്ങള്‍ തയ്യാറാണ്. വീഴ്ചകള്‍ ബോദ്ധ്യപ്പെട്ടാല്‍ തിരുത്താന്‍ തയ്യാറാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറഞ്ഞിട്ടുണ്ട്. പക്ഷേ നിങ്ങള്‍ ഗവണ്‍മെന്റിനെ വിമര്‍ശിക്കുകയാണ് ചെയ്തത്. വര്‍ഗ്ഗീയത പ്രചരിപ്പിച്ചും നീലക്കഥകള്‍ മെനഞ്ഞുണ്ടാക്കിയും നിങ്ങള്‍ പുകമറ സൃഷ്ടിക്കുകയാണ്. സമരത്തിലൂടെ സര്‍ക്കാരിനെ അട്ടിമറിക്കാന്‍ സാധിക്കാതെ വന്നപ്പോള്‍ സമരാഭാസം അഴിച്ചുവിട്ടു. മാര്‍ക്സിസ്റ്റ് പാര്‍ട്ടിക്ക് ഒരു മുദ്രാവാക്യമുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. എം. എ. ബേബിയും ശ്രീ. എ. കെ. ബാലനും വിളിച്ച മുദ്രാവാക്യം- തോറ്റിട്ടില്ല, തോറ്റിട്ടില്ല തോറ്റ ചരിത്രം കേട്ടിട്ടില്ല എന്നാണ്. മേലാല്‍ മാര്‍ക്സിസ്റ്റ് പാര്‍ട്ടി ആ മുദ്രാവാക്യം വിളിക്കില്ല. കാരണം, അടുത്തകാലത്ത് നിങ്ങള്‍ നടത്തിയ എല്ലാ സമരങ്ങളും തോറ്റു. യുവജന വിദ്യാര്‍ത്ഥി സമരം തോറ്റു; കുടുംബശ്രീ സമരം തോറ്റു. എന്‍.ജി.ഒ.- അദ്ധ്യാപകരുടെ സമരം തോറ്റു; ഭൂ സമരം തോറ്റു; പിറവത്തും നെയ്യാറ്റിന്‍കരയിലും ഉപതെരഞ്ഞെടുപ്പുകളില്‍ തോറ്റു; ലോക്കല്‍ ബോഡീസില്‍ തോറ്റു; അവസാനം ജില്ലാ ബാങ്കിലും തോറ്റു. തോറ്റു തുന്നം പാടിയ നിങ്ങള്‍ക്ക് ഈ ഗവണ്‍മെന്റ് അധികാരത്തില്‍ വന്നതിനുശേഷം നടത്തിയ ഏതെങ്കിലും ഒരു സമരം വിജയിച്ചു എന്ന് പറയാന്‍ സാധിക്കുമോ? തോറ്റ സമരങ്ങളുടെ നാണക്കേട് മാറ്റാന്‍ വേണ്ടി ഇപ്പോള്‍ സൂര്യനെല്ലി സമരത്തിന്റെ ആയുധമാക്കി വന്നിരി

ക്കുകയാണ്. കഴിഞ്ഞ 17 വർഷം ചവച്ചു തുപ്പിയ സൂര്യനെല്ലിയാണ് വീണ്ടും നിയമസഭാ സമ്മേളനവേദികളെപ്പോലും തടസ്സപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. ഇ. കെ. നായനാരും ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദനും 7 വർഷക്കാലം കണ്ടു പിടിക്കാനാവാത്ത ഏത് കുറ്റമാണ് ശ്രീ. ഉമ്മൻ ചാണ്ടിക്ക് ശ്രീ. പി. ജെ. കുര്യന്റെ മേൽ ചുമത്താൻ കഴിയുന്നത്? അപ്പോൾ കോടതികൾക്കും നിയമ ങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും വഴങ്ങാതെ കൈക്കരുത്തുകൊണ്ട് സർക്കാ രിനെ കീഴ്പ്പെടുത്താനാണ് നിങ്ങൾ ശ്രമിക്കുന്നതെങ്കിൽ ഈ സർക്കാരിന് രക്ഷാവലയം തീർക്കാൻ കേരളത്തിലെ ജനങ്ങളുണ്ടാകും എന്നതാണ് അടുത്ത കാലത്തെ തെരഞ്ഞെടുപ്പുകളിൽ കാണുന്നത്. നിങ്ങളുടെ പാർട്ടി യുടെ ചരിത്രമെന്താണ്? ഇവിടെ സ്ത്രീ പീഡനത്തെക്കുറിച്ചാണല്ലോ പറ ഞ്ഞത്. പാർട്ടിക്കകത്ത് സ്ത്രീപീഡനം നടത്തിയ ആളുകൾക്ക് രക്ഷയും പരാതി കൊടുത്തവർക്ക് ശിക്ഷയും നൽകുന്ന പാർട്ടിയാണ് മാർക്സിസ്റ്റ് പാർട്ടി. ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകണോ? സംസ്ഥാന കമ്മിറ്റി അംഗമായ ദേശാഭിമാനി ചുമതലക്കാരന്റെ പെരുമാറ്റത്തിനെതിരെ പാർട്ടി നേതൃത്വത്തിന് പരാതി കൊടുത്തതിന്റെ പേരിൽ ശ്രീമതി മേഴ്സിക്കുട്ടിയ മ്മയെ ശാസിച്ച സി.പി.ഐ.(എം)-ന് സ്ത്രീ പീഡനത്തെക്കുറിച്ച് പറയാൻ എന്ത് അധികാരം? ഒരു സൂര്യനെല്ലിയാണ് പറയാൻ പോകുന്നതെങ്കിൽ അനേകം സൂര്യനെല്ലികൾ നിങ്ങൾക്കെതിരെ വരും. കണ്ണൂർ സുഖവാസ കേന്ദ്രത്തിലെ സൂര്യനെല്ലിയെ ഓർക്കുന്നില്ലേ? എറണാകുളം ജില്ലയിൽ ഒളി ക്യാമറയിലൂടെ കണ്ട സൂര്യനെല്ലിയുടെ ആനന്ദസംഭവങ്ങൾ നിങ്ങൾക്ക് മറ ക്കാൻ കഴിഞ്ഞോ? കിളിരൂർ, കവിയൂർ കേസുകളിലെ സൂര്യനെല്ലി കുമാര ന്മാരെ നിങ്ങൾ മറന്നോ? രാഷ്ട്രീയം പറഞ്ഞ് സർക്കാരിനെ കുറ്റപ്പെടുത്താം,

വീഴ്ചകൾ ചൂണ്ടിക്കാണിച്ചാൽ അത് വിലയിരുത്താം. ആരോഗ്യപരമായ ജനാധിപത്യ കടമകൾക്ക് പകരം അന്തസ്സില്ലാത്ത നീലക്കഥകൾ പറഞ്ഞ് നിങ്ങൾ സർക്കാരിനെ കുറ്റപ്പെടുത്താൻ നോക്കിയാൽ ഈ നീലക്കുറ്റം ആരോപിക്കുന്നവർ സ്വന്തം നീലക്കുറുക്കന്മാരെ വെറുതേ വിടരുത് എന്ന് അഭ്യർത്ഥിക്കുകയാണ്. മുങ്ങിച്ചാകാൻ പോകുന്നവന് വയ്ക്കോൽ തുരുമ്പും ഒരു രക്ഷയാണ്. ഈ നിയമസഭാ സമ്മേളനം ആരംഭിക്കുമ്പോൾ ഒഴിഞ്ഞ ആവനാഴിയുമായി ഈ സഭയിലേയ്ക്ക് കടന്നുവന്ന പ്രതിപക്ഷനേതാവും സഹപ്രവർത്തകരും തുടങ്ങിവച്ച സമരാഭാസങ്ങൾ നിങ്ങളുടെ എല്ലാ സമരങ്ങളും പോലെ പൊട്ടി. സംസ്ഥാന കമ്മിറ്റിയുടെയും സംസ്ഥാന സെക്രട്ടറിയുടേയും കേന്ദ്ര കമ്മിറ്റിയുടെയും പോളിറ്റ് ബ്യൂറോയുടെയും മൂക്കുകയറിട്ട് ചാട്ടകൊണ്ടടിച്ചിട്ടും പ്രതിപക്ഷനേതാവ് സഭയ്ക്കകത്ത് സർക്കാരിനെയും സഭയ്ക്കു പുറത്ത് പാർട്ടിയേയും വെല്ലുവിളിക്കുമ്പോൾ ഞങ്ങളുടെ വിലയിരുത്തലല്ല, നിങ്ങൾ തന്നെ പറയുന്നു പകയാണ് വി.എസിന്റെ ഊർജ്ജം, പാരയാണ് വി.എസിന്റെ ആയുധം. രാഷ്ട്രീയ പ്രതിയോഗികൾക്കെതിരെ പ്രയോഗിച്ചതിനേക്കാൾ കൂടുതൽ പാരയും പകയും അദ്ദേഹം ഉപയോഗിച്ചത് സ്വന്തം പാർട്ടിക്കാർക്കെതിരെയാണ് എന്നതാണ് നിങ്ങളുടെ സ്റ്റേറ്റ് കമ്മിറ്റിയുടെ പ്രമേയവും അതിനെക്കുറിച്ച് നിങ്ങൾ കേന്ദ്രകമ്മിറ്റിക്ക് പരാതി കൊടുത്തിരിക്കുന്നതും. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങ് പോളിറ്റ് ബ്യൂറോ അംഗമാണ്. ഈ പാർട്ടി ഇങ്ങനെ തകരുന്നതിൽ സങ്കടമുണ്ട്. കേട്ടുകേൾവി പോലുമില്ലാത്ത അച്ചടക്കരാഹിത്യത്തിനു മുമ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ എല്ലാ നിയമങ്ങളും ചട്ടങ്ങളും കീഴ്വഴക്കങ്ങളും ചത്തൊടിയുകയാണ്. ഇപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ തർക്കമെന്താണ്? പാർട്ടിയാണോ വി.എസ്. ആണോ വലുത്? മനസ്സു കൊണ്ടോ ശരീരം കൊണ്ടോ നിങ്ങളുടെ കൂടെയല്ലാത്ത വി.

എസ്സിനെ മുൻനിർത്തി ഈ സഭയിൽ ഒച്ച വയ്ക്കുന്ന നിങ്ങളോട് ഞാൻ ചോദിക്കുന്നു. നിങ്ങളുടെ നേതാവാരാണ്: ശ്രീ. വി.എസ് അച്ചുതാനന്ദനോ അതോ ശ്രീ. കോടിയേരി ബാലകൃഷ്ണനോ? അതിന് മറുപടി പറയണം. വി.എസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ വാസവദത്തയെപ്പോലെയാണ്. കരചരണം ഛേദിച്ച് പ്രതിപക്ഷ നേതാവിന്റെ കസേര മരണം കാത്തു കിടക്കുകയാണ്. ഈ സഭാസമ്മേളനം തീരുന്നതുവരെ പ്രതിപക്ഷ നേതാവിന്റെ കസേരയിൽ വി.എസ്. ഉണ്ടാകുമെന്ന് ഉറപ്പുപറയാൻ വി.എസിനു കഴിയുമോ? അടുത്തിരിക്കുന്ന കോടിയേരിക്ക് കഴിയുമോ? ഈ സഭാസമ്മേളനം കഴിയുന്നതുവരെ അല്ലെങ്കിൽ ബഡ്ജറ്റ് സമ്മേളനം കഴിയുന്നതുവരെ ആ കസേരയിൽ അങ്ങ് ഇരിക്കുമെന്ന് ഉറപ്പുണ്ടോ? ഞങ്ങൾക്ക് അങ്ങ് അവിടെ ഇരിക്കണമെന്നാണ് ആഗ്രഹം. പക്ഷേ അങ്ങ് ഇപ്പോൾ ഒരു പാർട്ടി യോഗത്തിനും പോകുന്നില്ല. അങ്ങയുടെ അവസ്ഥ വളരെ ദയനീയമാണ്. പാർട്ടിയോഗത്തിന് പോകാൻ അങ്ങേയ്ക്ക് മനസ്സില്ല. മാർക്സിസ്റ്റ് പാർട്ടി എടുത്തിരിക്കുന്ന റിപ്പോർട്ടുകളെക്കുറിച്ച് അങ്ങ് പറഞ്ഞ അഭിപ്രായമുണ്ട്. ഞാൻ പുച്ഛിച്ചു തള്ളുന്നു എന്ന് പറഞ്ഞിട്ട് പോലും....നിങ്ങൾ ഇപ്പോൾ പറയുന്നത് കോൺഗ്രസ്സസിലെന്താണ് എന്നതാണ്? ഇന്നത്തെ രാഷ്ട്രീയം വളരെ വ്യക്തിപരമായി അധ:പതിച്ചു കൊണ്ടിരിക്കുകയാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. എം.എ. ബേബിയും ഇപ്പുറത്തിരിക്കുന്ന മന്ത്രിമാരിൽ ബഹുഭൂരിപക്ഷവും ഒരു കാലഘട്ടത്തിൽ ചെറുപ്പക്കാരും വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ കടന്നുവന്നവരുമാണ്. ഇവിടെ മാന്യതയില്ലാത്ത വിമർശനങ്ങൾ നടക്കുന്നു. രാഷ്ട്രീയ സദാചാര മൂല്യങ്ങൾക്ക് ശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്നു. പുതിയ തലമുറയ്ക്ക് രാഷ്ട്രീയത്തോട് അലർജി തോന്നേണ്ട കാരണം സംബന്ധിച്ച് നിങ്ങളുമായി ചർച്ച ചെയ്യാൻ ഞങ്ങൾ തയ്യാറാണ്.

കഴിഞ്ഞ ദിവസം ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. നമ്മുടെ മാന്യതയാണ് നഷ്ടപ്പെടുത്തുന്നത്. നഷ്ടമായ രാഷ്ട്രീയ മാന്യത വീണ്ടെടുക്കാൻ രാഷ്ട്രീയ പ്രവർത്തകർ കൂടിയാലോചിക്കണം. സമൂഹം നമുക്ക് നൽകുന്ന ആദരവിനെക്കുറിച്ചാണ് പറയേണ്ടത്. സമൂഹം നമുക്ക് നൽകുന്ന ആദരവ് നഷ്ടപ്പെടുന്നു. അതുകൊണ്ട് ആരോഗ്യപരമായ വിമർശനത്തിനുള്ള ഇച്ഛാശക്തി പ്രതിപക്ഷം പ്രകടിപ്പിക്കണം. അത് ഉൾക്കൊള്ളാനുള്ള സഹിഷ്ണുത ഭരണപക്ഷത്ത് നിന്നുണ്ടാകും എന്നുള്ളതിൽ യാതൊരു തർക്കവുമില്ല. ഇന്ന് മാർക്സിസ്റ്റ് പാർട്ടിയിൽ എന്തു സമരമാണ് നടക്കുന്നത്? ഞാൻ നിങ്ങളെക്കുറിച്ച് പറയാൻ  ഇത് തുടങ്ങിയത് നിങ്ങളല്ലേ. ഉള്ളവനും ഇല്ലാത്തവനും തമ്മിൽ നടക്കുന്ന പോരാട്ടത്തെക്കുറിച്ചാണ് നിങ്ങൾ പറഞ്ഞത്. മുതലാളിമാർക്കെതിരെയുള്ള പോരാട്ടം, സ്ഥാപിത താല്പര്യക്കാർക്കെതിരെയുള്ള പോരാട്ടം, സാമ്രാജ്യത്വ ശക്തികൾക്കെതിരെയുള്ള പോരാട്ടം. ഇന്ന് നിങ്ങളുടെ പാർട്ടിയിൽ നടക്കുന്ന സമരം എന്താണ്? ഞാൻ ഡി.വൈ.എഫ്.ഐ.-ക്കാരോട് ചോദിക്കുന്നു. അധികാരം കൈയിലെടുത്ത് അധികാര പ്രമത്തത കൂടുന്ന ശ്രീ. പിണറായി വിജയനും നിങ്ങളുടെ ഭാഷയിൽ പറഞ്ഞാൽ പകയും വിദ്വേഷവുമായി നടക്കുന്ന ശ്രീ. വി.എസ്. അച്ചുതാനന്ദനും തമ്മിലുള്ള പോരാട്ടമാണ് നിങ്ങളുടെ പാർട്ടിയിൽ നടക്കുന്നത്. ബഹുമാനപ്പെട്ട ഡി.വൈ.എഫ്.ഐ.-ക്കാരോട് ചോദിക്കുന്നു, നിങ്ങൾ ആരുടെ ഭാഗത്താണ്? ഈ ഈഗോ ക്രാഷിന്റെ മുന്നിൽ നിങ്ങളുടെ പാർട്ടി ആദർശപരമല്ല,  പ്രത്യയശാസ്ത്രപരമല്ല.  വ്യക്തിപരമായ പോരാട്ടങ്ങൾക്കു മുമ്പിൽ ചാവേർ പോരാളികളെപ്പോലെ മാറാൻ ഡി.വൈ.എഫ്.ഐ.-ക്കാർ ആഗ്രഹിക്കണമോ എന്ന്  ഞാൻ നിങ്ങളോട് ചോദിക്കുന്നു. വളയാത്ത നട്ടെല്ലിന്റെയും അടിമപ്പെടാത്ത മസ്തിഷ്കത്തിന്റെയും ഉടമസ്ഥരാണെന്ന് അവകാശപ്പെടുന്ന പ്രിയപ്പെട്ട രാജേഷേ,

നിങ്ങളുടെ പാർട്ടിക്ക് പറ്റിയിരിക്കുന്ന ഈ അപചയത്തെക്കുറിച്ച് നിങ്ങൾ ആലോചിക്കണം. ഉള്ളവനും ഇല്ലാത്തവനും തമ്മിൽ നടക്കുന്ന വർഗ്ഗസമര ത്തെക്കുറിച്ചാണ് പറഞ്ഞത്. ഇവിടെ എന്ത് വർഗ്ഗസമരമാണ് നടക്കുന്നത്. ഇപ്പോൾ മാർക്സിസ്റ്റ് പാർട്ടി മൂന്നു പ്രാവശ്യം പോളിറ്റ് ബ്യൂറോ കൂടി, നാലു പ്രാവശ്യം സ്റ്റേറ്റ് കമ്മിറ്റി കൂടി, പ്രമേയം പാസ്സാക്കിയത് ഏതെങ്കിലും കുത്തക മുതലാളിയേയോ ഏതെങ്കിലും കൈയേറ്റക്കാരനെയോ എതിർക്കാനല്ല, ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ മൂന്ന് പേഴ്സണൽ സ്റ്റാഫിനെ സസ്പെൻഡ് ചെയ്യാനാണ്. മൂന്ന് പേഴ്സണൽ സ്റ്റാഫിനെ സസ്പെൻഡ് ചെയ്യാൻ മൂന്നു പ്രാവശ്യം പി.ബി. കൂടിയിട്ടും പറ്റിയില്ല, അതാണ് നിങ്ങളുടെ പാർട്ടി. എന്നി ട്ടാണ് കോൺഗ്രസിനെക്കുറിച്ച് പറയുന്നത്. സ്റ്റേറ്റ് കമ്മിറ്റി കൂടിയിട്ടും സാധി ച്ചില്ല. പണ്ട് ഭീമന്റെയും ഹനുമാന്റെയും കഥ നമ്മൾ പഠിച്ചിട്ടുണ്ട്. തന്റെ ശക്തി അറിയിക്കുന്നതിനും നിങ്ങളെപ്പോലെ വലിയ വീമ്പിളക്കി നടന്ന ഭീമ സേനനെ ഒരു പാഠം പഠിപ്പിക്കുന്നതിനും ഹനുമാൻ ഒരു കുരങ്ങായി പോയി കിടന്നു. അവസാനം ഹനുമാന്റെ വാലിനെ നോക്കി, നോക്കടാ നമ്മുടെ മാർഗ്ഗേ കിടക്കുന്നു എന്ന് ആക്രോശിച്ചുകൊണ്ട് തന്റെ ഗദയെടുത്ത് ഒന്ന് തോണ്ടി മാറ്റാമെന്ന് വച്ചപ്പോൾ വളരെ രസകരമായ ചോദ്യമുയർന്നു, ഒടിയു ന്നതെന്താ, നിന്നുടെ ഗദയോ എന്നുടെ വാലോ എന്ന് ചോദിച്ചതുപോ

ലെയാണ് കാര്യങ്ങൾ. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പുറകെ വാലായി നടക്കുന്ന മൂന്നുപേരെ മാറ്റാൻ കഴിവില്ലാത്ത നിങ്ങളുടെ പാർട്ടിയാണ് കോൺഗ്രസ്സിനെ കുറ്റപ്പെടുത്തുകയും ആക്ഷേപിക്കുകയും ചെയ്യുന്നത്. നിങ്ങൾ എന്താണ് ഈ സഭയിൽ ചെയ്തത്? മാണി സാറിനെ ഞാൻ അനു മോദിക്കുന്നു. ഈ സപ്ലിമെന്ററി ഡിമാന്റ് നിങ്ങൾ നോക്കിയിട്ടില്ല. നിങ്ങൾ കയ്യിൽ കിട്ടുന്നതെല്ലാം വലിച്ച് കീറുകയാണ് ചെയ്യുന്നത്. ശ്രീ. കോടിയേരി

ബാലകൃഷണൻ, ഞാൻ അങ്ങയെ ബഹുമാനിക്കുന്ന ആളാണ്. നിങ്ങൾ ഒരു പാർട്ടിയുടെ ഡെപ്യൂട്ടി ലീഡറല്ലേ; അങ്ങേയ്ക്ക് ഇന്നലെ ആഹ്വാനം നൽകാമായിരുന്നു. എന്റെ കയ്യിലിരിക്കുന്ന പ്രതീകാത്മകമായ ഈ ബിൽ വലിച്ചു കീറിയത്, ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ ഇത്തരത്തിൽ ഒരു തരംതാണ പരിപാടിക്ക് ബഹുമാന്യനായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പോയത് ശരിയല്ല. തെറ്റ് ആര് ചെയ്താലും തെറ്റാണെന്ന് ഞാൻ പറയും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കഴിഞ്ഞ നിയമസഭയിൽ ഞങ്ങൾ ഭരണപക്ഷത്തിരിക്കുന്ന സമയത്ത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലാണ് ബിൽ വലിച്ച് കീറിയത്. അന്ന് ഈ ജനാധിപത്യം എവിടെപ്പോയി?

ശ്രീ. ബെന്നി ബെഹനാൻ: ഞാൻ കഴിഞ്ഞ നിയമസഭയിൽ ഉണ്ടായിരുന്നില്ല. ശ്രീ. ഉമ്മൻ ചാണ്ടി കീറിയിട്ടില്ല എന്ന് അന്ന് സഭയിൽ ഉണ്ടായിരുന്ന എന്റെ സഹപ്രവർത്തകന്മാർ പറയുന്നു. ഇവർക്ക് വേണമെങ്കിൽ കീറാം. നമ്മുടെ സഭയ്ക്ക് ഒരു മാന്യതയുണ്ട്, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇല്ലാതിരുന്ന സമയത്ത്, ഈ സഭയുടെ പ്രതിപക്ഷ നേതാവെന്ന നിലയിൽ നിങ്ങൾ പ്രവർത്തിച്ചത് ശരിയാണെന്നു തോന്നുന്നുണ്ടോ? ഞാൻ നിങ്ങളുടെ അഭിപ്രായത്തെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. പക്ഷേ അങ്ങ് ആഹ്വാനം ചെയ്താൽ എനിക്ക് വിരോധമില്ല. അങ്ങ് പ്രഖ്യാപിച്ചാൽ വിരോധമില്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ time is over.

ശ്രീ. ബെന്നി ബെഹനാൻ: ഞാൻ അവസാനിപ്പിക്കാം. ഇവിടെ എം. എൽ.എ.-മാർക്ക് നേരെ നടന്ന ആക്രമത്തെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. സഭയുടെ വിലപ്പെട്ട സമയം നമ്മൾ പാഴാക്കി. ഗുരുതരമായ കാര്യങ്ങൾ ചർച്ച ചെയ്യേണ്ട, ഒരു ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തെക്കുറിച്ച് സത്യസ

സ്ഥമായി, ആത്മാർത്ഥമായി വിമർശിക്കുകയും തെറ്റുകളുണ്ടെങ്കിൽ തിരുത്താനുള്ള വേദിയാക്കുകയും ചെയ്യേണ്ട, കേരള നിയമസഭയുടെ അന്തസ്സിന് പോലും യോജിക്കാത്ത രീതിയിലാണ് നിങ്ങൾ പ്രവർത്തിച്ചത്. നിങ്ങൾ വിചാരിച്ചിട്ടും കേസ്സെടുക്കുവാൻ കഴിയാത്ത, നിങ്ങളുടെ രണ്ട് മുഖ്യമന്ത്രിമാർ ഏഴ് വർഷക്കാലം ഭരിച്ചിട്ടും നടപടി സ്വീകരിക്കുവാൻ കഴിയാത്ത ഒരു കാര്യത്തെ, വീണ്ടും സഭയിലും സഭയുടെ നടുക്കത്തളത്തിലേയ്ക്കും വലിച്ചിറക്കി സമരം ചെയ്യുന്നതിലുള്ള വിരോധാഭാസം എനിക്ക് മനസ്സിലാകുന്നില്ല. ഇവിടെ ശ്രീ. കെ. എം. മാണി സാറിന്റെ ഉപധനാഭ്യർത്ഥനകളെക്കുറിച്ച് പറയുകയുണ്ടായി. എല്ലാ ക്ഷേമപെൻഷനുകളും പൂർണ്ണമായും കൊടുത്തുതീർത്ത ഒരു ഗവൺമെന്റിന്റെ ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രിയാണ് ശ്രീ. കെ. എം. മാണി സാറെന്ന് ഞാൻ പറയുന്നു.

ഇവിടെ അസെറ്റ് ഫണ്ടിനെക്കുറിച്ച് പറഞ്ഞു. എന്തെങ്കിലും പരാതികളുണ്ടെങ്കിൽ പരിഹരിക്കാൻ നമുക്ക് നോക്കാമെന്ന് ധനകാര്യവകുപ്പ് മന്ത്രി പറഞ്ഞു. ഞാൻ ഒരു കാലഘട്ടത്തിനുശേഷമാണ് എം.എൽ.എ ആകുന്നത്. അതുകൊണ്ട് എനിക്ക് വലിയ പാരമ്പര്യമൊന്നുമില്ല. നിങ്ങൾ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ പറ്റാതിരുന്നിട്ടുണ്ടെങ്കിൽ, അതിന് സാങ്കേതികമായ എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ, ആ തടസ്സങ്ങൾ മാറ്റാൻ ഞാൻ തയ്യാറാണെന്ന് പറഞ്ഞുകൊണ്ട് എല്ലാ എം.എൽ.എ-മാർക്കും കത്തയച്ച കേരളത്തിലെ ആദ്യത്തെ ധനകാര്യവകുപ്പുമന്ത്രിയാണ് ശ്രീ. കെ. എം. മാണിഎന്ന് ഞങ്ങൾ അഭിമാനത്തോടുകൂടി പറയാൻ കഴിയും. എന്നിട്ടും നിങ്ങൾ അസെറ്റ് ഡെവലപ്പ്മെന്റിനെക്കുറിച്ച് പരാതി പറഞ്ഞു. എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. ടി. എം. തോമസ് ഐസക് അവിടെ ഉണ്ടായിരുന്നല്ലോ? അങ്ങനെയൊരു കത്തയക്കുവാൻ നിങ്ങൾ തയ്യാറായോ? അന്ന് നിങ്ങൾ ചെയ്തത് ഭര

പക്ഷ എം.എൽ.എ-മാർക്ക് കൂടുതൽ പരിഗണന നൽകി. പ്രതിപക്ഷത്തിരിക്കുന്ന എം.എൽ.എ-മാർക്ക് പരിഗണന നൽകിയില്ല. ഞങ്ങൾ അങ്ങനെയല്ല. ഞങ്ങൾ പ്രഖ്യാപിക്കുന്ന കാര്യത്തിൽ പരിപൂർണ്ണമായും സത്യസന്ധരായി നിൽക്കുന്നു. ഈ ഗവൺമെന്റ് നടത്തുന്ന നല്ല കാര്യങ്ങൾ അതാണ്. നിങ്ങളുടെ കണ്ണിലെ കോലെടുത്ത് കളഞ്ഞിട്ട് മതി ഞങ്ങളുടെ കണ്ണിലെ കരട് ഊതി കളയാനെന്ന് നിങ്ങൾ പറഞ്ഞല്ലോ? ബഹുമാനപ്പെട്ട ശ്രീ. പി. ടി. എ. റഹീമിനോട് ഞാൻ പറയുകയാണ്, നിങ്ങളുടെ അഭ്യർത്ഥന നിങ്ങളുടെ കമ്മ്യൂണിസ്റ്റ് പാർട്ടിക്കകത്ത് മതി. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ വിശ്വസിക്കുന്ന പ്രിയപ്പെട്ട ഡി.വൈ.എഫ്.ഐ സുഹൃത്തുക്കളോട് എനിക്ക് പറയാനുള്ളത്, നിങ്ങൾ വ്യക്തമായ ഒരു നിലപാട് എടുക്കണം. നിങ്ങളുടെ പാർട്ടിയിൽ നടക്കുന്ന സമരങ്ങൾ, വ്യക്തിപരമായ ഈഗോക്കെതിരെ നടക്കുന്ന സമരങ്ങൾ, അതിൽ ചട്ടുകങ്ങളെപ്പോലെ നിന്നുകൊടുക്കുകയല്ല വേണ്ടത് മറിച്ച് ഈ രാജ്യത്ത് നടക്കേണ്ട വികസന പ്രവർത്തനങ്ങളെക്കുറിച്ച്, രാജ്യത്ത് ഉണ്ടാകേണ്ട മതനിരപേക്ഷത,. . . . . . . ഒരു തെറ്റിദ്ധാരണയും വേണ്ട ഞങ്ങളൊക്കെ കോൺഗ്രസ്സുകാരാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ തീരുമാനത്തെ ഹൈജാക്ക് ചെയ്യാൻ ഒരു സാമുദായിക നേതാക്കന്മാരെയും ഞങ്ങൾ അനുവദിക്കില്ലായെന്ന് ആത്മാഭിമാനത്താടെ പറയുകയാണ്. ഇക്കാര്യത്തിൽ ഒരു തെറ്റിദ്ധാരണയും വേണ്ട. ഐക്യജനാധിപത്യ മുന്നണിയുടെ കാലഘട്ടങ്ങളിൽ ഞങ്ങൾക്ക് പിന്തുണ നൽകുന്ന ഏതെങ്കിലും ശക്തിയെ നിങ്ങളുടെ ഭാഗത്തേയ്ക്ക് വരുത്തുവാൻ എത്രയോ പ്രമേയം കൊണ്ടുവന്നതാണ്. നിങ്ങളുടെ ഭാഗത്ത് പണ്ട് ഉണ്ടായിരുന്ന ബദൽ രേഖ ഞങ്ങൾ മറന്നിട്ടില്ല. ആ ബദൽ രേഖയിൽ പുറത്തുപോയവരുണ്ട്. നിങ്ങളെടുത്ത സമദൂര സിദ്ധാന്തങ്ങളുണ്ട്.

ആശയപരമായ പോരാട്ടമൊന്നുമല്ല മാർക്സിസ്റ്റ് പാർട്ടിയിൽ ഇപ്പോൾ നടക്കുന്നത്. ബഹുമാന്യനായ വി. എസ്. അച്ചുതാനന്ദനെ ക്രൂശിക്കുവാൻ വേണ്ടി നിങ്ങൾ ഇപ്പോഴും നടക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, അങ്ങ് ആത്മാഭിമാനമുളള ആളാണ്. ഞാൻ അങ്ങയോട് പറയുന്നു, പോടാ പുല്ലേ എന്നുപറഞ്ഞു അധികാരം വലിച്ചെറിഞ്ഞുകൊണ്ട് പോയാൽ നിങ്ങളുടെ കൂടെ കേരളത്തിലെ ജനങ്ങൾ ഉണ്ടാകും. ഈ ആട്ടുംതുപ്പും സഹിച്ച് അങ്ങയെപ്പോലുളള ഒരാൾ ഈ പ്രായത്തിലും ഇവിടെ ഇരിക്കരുതെന്ന് ഉപദേശിക്കുവാൻ അധികാരമില്ലെങ്കിലും അങ്ങയെ വ്യക്തിപരമായി ഇഷ്ടപ്പെടുന്ന ഒരു വ്യക്തിയെന്ന നിലയിൽ ബഹുമാനപുരസ്സരം അങ്ങയുടെ മുന്നിൽ ഈ അഭ്യർത്ഥന സമർപ്പിച്ചുകൊണ്ട് ഈ അപ്രോപ്രിയേഷൻ ബില്ലിനെ ഒന്നുകൂടി പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ബഡ്ജറ്റ് പാസ്സാക്കിയ പണംതന്നെ ചെലവഴിക്കാത്ത സാഹചര്യത്തിൽ ഈ ഉപധനാഭ്യർത്ഥനകളെ യാതൊരു വിധത്തിലും അംഗീകരിക്കുവാൻ കഴിയുകില്ല. മന്ത്രിമാരുടെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. പദ്ധതി വിഹിതം ചെലവഴിച്ചിട്ടില്ല. ഉദ്യോഗസ്ഥതലത്തിൽ തീരുമാനങ്ങളെടുക്കേണ്ടത് എടുക്കുന്നില്ല. സെക്രട്ടേറിയറ്റിലെ മന്ത്രിമാരുടെ ഓഫീസുകളിൽ മന്ത്രിസഭാ യോഗം കഴിഞ്ഞാലുടനെ വണ്ടിയിൽ കയറി പോവുകയാണ്. മന്ത്രിമാരെ കാണാൻ പോലും കിട്ടുന്നില്ല. കഴുകന്റെ കണ്ണോടുകൂടിയാണ് ജനാധിപത്യ വിശ്വാസികളുടെ വോട്ട് വാങ്ങി അധികാരത്തിലേറിയ ഈ ഗവൺമെന്റ് ജനാധിപത്യത്തെ പണാധിപത്യത്തിന് കീഴ്പ്പെടുത്തിക്കൊണ്ട് മുന്നോട്ട് പോകുന്നത്. അതിൽ മുഖ്യമായത് കുടിവെള്ളമാണ്. കുടിവെളള വിതരണം സ്വകാര്യ കമ്പനികളെ ഏൽപ്പിക്കാനുളള

പരീക്ഷണം ലോകത്താദ്യമായല്ല നടക്കുന്നത്. ലാറ്റിൻ അമേരിക്കയിൽ ചെഗുവേരയുടെ സമര കേന്ദ്രമായ ബൊളീവിയായിൽ 1999-ൽ ഇത് പരീക്ഷിച്ചതാണ്. 40 വർഷത്തേയ്ക്കായിരുന്നു കൊടുത്തത്. അവിടെ അവസാനം ഒരു ബക്കറ്റ് വെള്ളത്തിന് ഒരു ദിവസത്തെ വരുമാനം മതിയാകാത്ത സാഹചര്യത്തിലാണ് വമ്പിച്ച പോരാട്ടം നടന്നത്. അവിടെയൊരു ചെറുപ്പക്കാരൻ രക്തസാക്ഷിയായി. ഇന്ന് ലോകത്തെമ്പാടും ആ സമരം ആവേശപൂർവ്വം ഓർമ്മിച്ചുകൊണ്ടാണ് ജലത്തിനുവേണ്ടിയുള്ള സമരങ്ങൾ അരങ്ങേറുന്നത്.

ആ സമയത്താണ് ഒട്ടേറെ നദികളും, പുഴകളും, കുളങ്ങളുമുള്ള നമ്മുടെ കേരളത്തിൽ 59 ശതമാനം ഷെയർ കൊടുത്തുകൊണ്ട് കുടിവെള്ളം സ്വകാര്യ മേഖലയിലേയ്ക്ക് കൊണ്ടുവരാനുള്ള കമ്പനി ആരംഭിക്കുവാൻ പോകുന്നത്. അതാണ് ഞാൻ പറഞ്ഞത് കഴുകന്റെ കണ്ണാണെന്ന്. രാജ്യത്ത് കുടിവെള്ളം കിട്ടാത്ത സാഹചര്യം വരുമ്പോൾ അതിൽനിന്ന് എങ്ങനെ ലാഭം ഉണ്ടാക്കുവാൻ കഴിയുമെന്ന മുതലാളിത്തത്തിന്റെ കണ്ണാണ് ഇവിടെ കൊണ്ടുവരാൻ പരിശ്രമിക്കുന്നത്. ഇത് അംഗീകരിക്കണമോ? എങ്ങനെ ഞങ്ങൾക്ക് ഈ ഉപധനാഭ്യർത്ഥനയെ അംഗീകരിക്കുവാൻ കഴിയും. ശ്രീമതി സോണിയാ ഗാന്ധിയുടെയും ശ്രീ. മൻമോഹൻ സിംഗിന്റെയും ഏറ്റവും അടുത്ത അനുയായിയായ ശ്രീ. അജിത് ജോഗി ഛത്തീസ്ഗഡിൽ ഇത് പരീക്ഷിച്ചതായിരുന്നു. അവിടെ **ശിവനാഥ് നദിയുടെ** 35 കി.മീറ്റർ ദൂരമാണ് വിറ്റത്. അതാരും വിസ്മരിക്കരുത്. പത്രത്താളുകളിൽ നിന്ന് വായിച്ച് നമ്മൾ അറിഞ്ഞ കാര്യമാണ്. അതിനെതിരെ വമ്പിച്ച ജനകീയ പോരാട്ടങ്ങൾ നടത്തിയതിന്റെ ഫലമായാണ് അത് അവിടെനിന്ന് മാറിയത്. വീണ്ടും അത് ഇവിടെ കൊണ്ടുവരുവാനുള്ള പരിശ്രമമല്ലേ അരങ്ങേറിയിട്ടുള്ളത്. നമ്മുടെ പാരമ്പര്യം എന്താണ്. രാജ

വാഴ്ചയുടെ കാലത്തുപോലും മനുഷ്യർക്കും മൃഗങ്ങൾക്കും പക്ഷികൾക്കും കുടിക്കുവാനുള്ള വെള്ളം സൗജന്യമായി നൽകിയിരുന്നു. മലബാർ മേഖല യിലാണെങ്കിൽ മോരും വെള്ളവും നൽകിയിരുന്നു. ഇനി അങ്ങോട്ട് കിട്ടാൻ പോകുന്ന ലാഭമെന്ന് പറയുന്നത് കുടിവെള്ളത്തിൽ നിന്നാണെന്ന് കണ്ടു കൊണ്ടാണ് കേരളത്തിൽ അത് വിൽക്കാനുള്ള പരിശ്രമം നടത്തുന്നത്. അവിടെ മരിച്ചുവീണ ചെറുപ്പക്കാരൻ രക്തസാക്ഷിയാണ്, ലോകത്തിലെ കുടി വെള്ളത്തിനുവേണ്ടി നടത്താൻ പോകുന്ന പോരാട്ടത്തിന്റെ രക്തസാക്ഷി. അത് കണ്ടുകൊണ്ട് കേരളീയ സമൂഹം അപ്പുറത്തുള്ളവരും ഇപ്പുറത്തുള്ള വരും കുടിവെള്ളത്തിനുമേലെ കൈവയ്ക്കാൻ പരിശ്രമിക്കരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മരണസമയത്ത് കുടുംബാംഗങ്ങൾക്ക് ഒരു തുള്ളി വെള്ളം കൊടുക്കുവാൻ കഴിഞ്ഞാൽ അതിൽ ആത്മസംതൃപ്തി അടയുന്നവരാണ് നമ്മുടെ സമൂഹം. ഈ സമയത്ത് വെള്ളത്തെ വിറ്റ് കാശാ ക്കാൻ പരിശ്രമിക്കുന്ന ഈ നടപടി ശരിയല്ല. പരേതനായ ടി. എം. ജേക്കബ് ഇത്തരമൊരു ശ്രമം ഇവിടെ ആരംഭിച്ചിരുന്നു. കിണറുകൾക്കും കുള ങ്ങൾക്കും ടാക്സ് ഏർപ്പെടുത്തി അതിനെ നിയന്ത്രിക്കുവാനുള്ള പരിശ്രമം ആരംഭിച്ചതാണ്. തീർച്ചയായും അതിൽനിന്ന് പുറകോട്ട് പോകുന്നില്ലായെന്ന് ഇവിടെ തെളിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് നമുക്കിത് ബോധ്യപ്പെട്ടിട്ടുള്ള ത്. അതിന്റെ അടിസ്ഥാനത്തിൽ അത്തരമൊരു നടപടിയിലേയ്ക്ക് പോകു മ്പോൾ, ചെഗുവേരയുടെ വിപ്ലവ പോരാട്ടത്തിന്റെ മണ്ണിൽ ബൊളീവിയ ായിൽ നടത്തിയ ആ പോരാട്ടത്തെ സ്മരിച്ചുകൊണ്ട് കുടിവെള്ളം കിട്ടാത്ത ഒരു സാഹചര്യത്തിലേയ്ക്ക് കേരളീയ സമൂഹത്തെ കൊണ്ടുപോകുമ്പോൾ അപ്പുറത്തുള്ള എം.എൽ.എ-മാർ നാടിനുവേണ്ടി മനുഷ്യർക്കുവേണ്ടി ഈ പോരാട്ടത്തിൽ നിൽക്കണം. വാട്ടർ അതോറിറ്റി എന്ന പൊതുമേഖലാ

സ്ഥാപനത്തെ ഇല്ലാതാക്കി, കുടിവെള്ളം ചുരുങ്ങിയ വിലയ്ക്ക് ലഭിക്കുന്ന സൗകര്യം ഇല്ലാതാക്കി വലിയ വിലയ്ക്ക് നഗരങ്ങളിൽ വെള്ളം കൊടുക്കാനുള്ള ഒരു പരീക്ഷണം ആരംഭിക്കുന്നുവെന്നുപറഞ്ഞാൽ, ബഹുമാന്യനായ ശ്രീ. ബെന്നി ബെഹനാനോട് എനിക്ക് സൂചിപ്പിക്കാനുള്ളത്, അതിനെയാണ് നമ്മൾ വർഗ്ഗപരമായി കാണേണ്ടത്. പാവപ്പെട്ട മനുഷ്യന്റെ വെള്ളത്തിന് വിലപറഞ്ഞുകൊണ്ട് അതിൽ നിന്ന് എത്രമാത്രം ലാഭം കൊയ്യാൻ കഴിയുമെന്ന് പരീക്ഷണം നടത്തുകയാണ് ഈ യു.ഡി.എഫ്. ഗവൺമെന്റ്. കേരളീയ സമൂഹം അതംഗീകരിക്കണമോ? നമ്മുടെ നാടിന്റെ പാരമ്പര്യം അതല്ല. ഇഷ്ടംപോലെ മനുഷ്യർക്ക് വെള്ളം കൊടുക്കാനുള്ള അവസരമുണ്ടാക്കുകയാണ് ഒരു ഗവൺമെന്റിന്റെ ബാധ്യത. അതോടൊപ്പം വിലക്കയറ്റം അതിരൂക്ഷമായിക്കൊണ്ടിരിക്കുന്നു, നിത്യോപയോഗ സാധനങ്ങളുടെ വില വൻതോതിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

പിടിച്ചാൽ കിട്ടാൻ കഴിയാത്ത തരത്തിലേയ്ക്ക് ഇരുട്ടിന്റെ നാളുകളിലേയ്ക്ക് നമ്മുടെ നാട് പോകുകയാണ്. ഡീസലിന്റെയും പെട്രോളിന്റെയും വിലവർദ്ധനവിന് അനുരോധമായി സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നു. ആരാണ് വില കൂട്ടുന്നത്? ഇന്ത്യാഗവൺമെന്റാണ് കൂട്ടുന്നത്. ഗ്യാസുണ്ടോ? ട്രാൻസ്പോർട്ട് ചാർജ്ജും വൈദ്യുതി ചാർജ്ജും കൂടുകയല്ലേ; വെള്ളത്തിന്റെ കരവും കൂട്ടാൻ പോവുകയല്ലേ; മനുഷ്യന് ജീവിക്കണ്ടേ?

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട മെമ്പറുടെ ടൈം കഴിഞ്ഞിരിക്കുന്നു. പ്ലീസ്..........

<u>ശ്രീ. ഇ. കെ. വിജയൻ:</u> ആർക്കുവേണ്ടിയാണ് ഈ ഗവൺമെന്റ് എന്നാണ് നമ്മൾ ആലോചിക്കേണ്ടത്. അതിന്റെ

അടിസ്ഥാനത്തിലായിരിക്കണം ഈ ഗവൺമെന്റിനെ വിലയിരുത്തേണ്ടത്. ബഹുമാന്യനായ മെമ്പർ ശ്രീ. ബെന്നി ബെഹനാൻ ഒരു നിമിഷംപോലും ഈ ഗവൺമെന്റിനുവേണ്ടി പറയാൻ തയ്യാറായില്ല. ഒരു കാര്യം കൂടി ഞാൻ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അത് നമ്മുടെ ആസ്തി വികസന ഫണ്ടിന്റെ വിഷയമാണ്. വളരെ സന്തോഷത്തോടെയാണ് അത് പ്രഖ്യാപിച്ചപ്പോൾ ശ്രവിച്ചത്. പക്ഷേ എന്റെ നാട്ടിലെ ഒരനുഭവം പറയാൻ ചെയർ എന്നെ അനുവദിക്കണം. എന്റെ കുട്ടിക്കാലത്ത് ഹുണ്ടികവ്യാപാരിയിൽ നിന്നും ഒരാൾ 3000 രൂപ കടം മേടിച്ചു. അയാൾ മേടിച്ചത് 3000 രൂപയാണെങ്കിലും അത് പലിശ ഉൾപ്പെടെ 5000 രൂപയായി. ചോദിച്ചപ്പോൾ പണം മേടിച്ച ചെറുപ്പക്കാരൻ പറഞ്ഞു; ശരി ഞാൻ 5000 രൂപ തരാനുണ്ട്. 3000 രൂപ തന്നെന്ന് കൂട്ടൂ. പിന്നെ ഞാൻ തരേണ്ടത് 2000 രൂപയാണ്. അതിൽ 1500 രൂപ ഞാൻ മറ്റെന്നാൾ തരും. പിന്നെ ഞാൻ തരാനുള്ളത് 500 രൂപയാണ്. 500 രൂപ ഇപ്പോൾ തരാം. എല്ലാവരുടെയും സാന്നിദ്ധ്യത്തിൽ 500 രൂപ കൊടുത്തു. അങ്ങനെ നമ്മുടെ അക്കൗണ്ട് ഇവിടെ അവസാനിക്കുകയാണല്ലോ എന്നുപറഞ്ഞ് ആ ചെറുപ്പക്കാരൻ പോയി. ഒരു മാസം കഴിഞ്ഞപ്പോൾ വീണ്ടും ആ ഹുണ്ടികവ്യാപാരി 5200 രൂപ ആവശ്യപ്പെട്ടു. അതുപോലെ 5 കോടിയുടെ പദ്ധതികൾ കൊടുത്തപ്പോൾ കേവലം 50 ലക്ഷത്തിന്റെ ഭരണാനുമതിയാണ് എന്നെപ്പോലെയുള്ള ഒട്ടേറെ എം.എൽ.എ. മാർക്ക് ലഭിച്ചത്. ബാക്കി ലഭിച്ചിട്ടില്ല. അതിന് ബഹുമാന്യനായ മന്ത്രിയുടെ ഭാഗത്തുനിന്ന് ഒരു

പരിഹാരമുണ്ടാകണം എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ആർക്കാണ് ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കാതിരിക്കാൻ കഴിയുക. ഒന്നര വർഷക്കാലംകൊണ്ട് കേരളത്തിലെ ജനങ്ങളുടെ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ജൈത്രയാത്ര തുടരുകയാണ്. ഒരു ഗവൺമെന്റിന്റെ മുഖമുദ്ര പ്രധാനമായും ധനകാര്യ മാനേജുമെന്റാണ്. ഇത്ര നീതിയുക്തമായ ഒരു ധനകാര്യ മാനേജുമെന്റ് മുമ്പ് നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടില്ല. വികസന കാര്യത്തിൽ പ്രാദേശികമായ ഒരു വിവേചനവുമില്ല. ഭരണപക്ഷ പ്രതിപക്ഷവ്യത്യാസമില്ലാതെ എല്ലാവരേയും ഒരുപോലെ കണ്ടുകൊണ്ട് വികസനത്തിന് ഫണ്ട് അനുവദിക്കുന്ന സമീപനമല്ലേ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ സ്വീകരിച്ചത്. എം.എൽ.എ. മാരുടെ 1 കോടി രൂപയുടെ ഫണ്ടിനുപുറമേ 5 കോടി രൂപ വീതം കൊടുക്കാൻ തീരുമാനിച്ചപ്പോൾ ഭരണകക്ഷി എം.എൽ.എ. മാർക്ക് 5 കോടിരൂപയും പ്രതിപക്ഷ എം.എൽ.എ. മാർക്ക് 4 കോടിരൂപയും എന്നുപറഞ്ഞില്ല. എല്ലാ എം.എൽ.എ. മാർക്കും ആസ്തി വികസനഫണ്ടായി ഒരു വ്യത്യാസവുമി ല്ലാതെ 5 കോടി രൂപ ഇഷ്ടംപോലെ ചെലവഴിക്കുന്നതിനുവേണ്ടി കൊടുക്കാനാണ് ഉദാരമനസ്കനായ ധനകാര്യ വകുപ്പുമന്ത്രി തീരുമാനമെടുത്തത്. നിങ്ങളുടെ കാലത്ത് എന്താണ് നടന്നത്? അന്ന് ആളുകളെ നോക്കിയാണ് ഫണ്ട് കൊടുത്തത്. ഭരണകക്ഷി എം.എൽ.എ.

മാരോട് ഒരുതരത്തിലും പ്രതിപക്ഷ എം.എൽ.എ. മാരോട് മറ്റൊരുതരത്തിലുമുളള വിവേചനമാണ് നിങ്ങളുടെ കാലത്ത് കാണിച്ചത്. ഇന്ന് വികസനപ്രവർത്തനങ്ങൾക്ക് പണം തടസ്സമല്ല. റോഡുകളും പാലങ്ങളും മെഡിക്കൽ കോളേജുകളും സർവ്വകലാശാലകളുമൊക്കെ സ്ഥാപിക്കുന്നതിനുവേണ്ടി നമ്മുടെ സംസ്ഥാനത്ത് പണം ഒഴുകുകയാണ്. കേരളം മുഴുവൻ ഇന്ന് അതിമനോഹരമായ റോഡുകളാണ്. നിങ്ങൾ സംസ്ഥാനം ഭരിക്കുമ്പോൾ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ജോലി റോഡുകളിലെ കുഴി എണ്ണുകയായിരുന്നു. കുഴി എണ്ണി ഒരു മാസം കഴിഞ്ഞ് വീണ്ടും കുഴി എണ്ണിയപ്പോൾ കുഴിയുടെ എണ്ണം കുറഞ്ഞു. കാരണം കുഴികളൊക്കെ വലിയ കുളങ്ങളായിമാറി. അങ്ങനെയാണ് കുഴികളുടെ എണ്ണം അന്ന് കുറഞ്ഞുപോയത്. ഇന്ന് അതല്ല സ്ഥിതി, അതിമനോഹരമായ റോഡുകളാണ്. റോഡിനുവേണ്ടി ആര് ഫണ്ട് ചോദിച്ചാലും വളരെ ഉദാരമനസ്കനായി ഫണ്ട് കൊടുക്കുകയും സഹായം ചെയ്തുകൊടുക്കു കയും ചെയ്യുന്ന ധനകാര്യ വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയുമാണുള്ളത്. ഇന്നലെ ബഹുമാനപ്പെട്ട ഒരു എം.എൽ.എ. ഇവിടെ സബ്മിഷൻ ഉന്നയിച്ചതേയുള്ളൂ. 10 കോടി രൂപ ഉടനെ നൽകാമെന്നാണ് പറഞ്ഞത്. ഇങ്ങനെ ഉദാരമായ സമീപനം സ്വീകരിച്ചിട്ടുള്ള ഒരു ഗവൺമെന്റ് ഇതിന് മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. ഇവിടെ എല്ലാകാര്യത്തിലും അതാണ് സ്ഥിതി.

വിലക്കയറ്റം ഒരു ആഗോള പ്രതിഭാസമാണെന്ന് നമ്മുടെ പ്രിയങ്കരനായിരുന്ന മുൻ മുഖ്യമന്ത്രി സഖാവ് നായനാർ തന്നെ പറഞ്ഞിട്ടുണ്ട്. നായനാർ പറഞ്ഞ വിലക്കയറ്റം ആഗോളപ്രതിഭാസമായി തുടരുമ്പോൾ

പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ മാവേലിസ്റ്റോറുകൾ വളരെ സജീവമായി പ്രവർത്തിക്കുന്നു. സഹകരണ മേഖലയിൽ കൺസ്യൂമർഫെഡിന്റെ കീഴിൽ നന്മ സ്റ്റോറുകളും ത്രിവേണി സ്റ്റോറുകളും പുതുതായി തുറന്നുകൊണ്ടിരിക്കുന്നു. വീട്ടുമുറ്റത്ത് നിത്യോപയോഗ സാധനങ്ങൾ എത്തിക്കുന്നതിന് സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ എല്ലാ നിയോജക മണ്ഡലങ്ങളിലും ആരംഭിക്കുന്നതിനുവേണ്ടിയാണ് ഈ ഗവൺമെന്റ് തീരുമാനമെടുത്തത്. അങ്ങനെ ഏത് രംഗമെടുത്ത് പരിശോധിച്ചാലും കേരളത്തിലെ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്തുള്ള ഒരു ഭരണമാണ് സംസ്ഥാനത്ത് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്.

എപ്പോഴും പ്രശ്നങ്ങളുണ്ടാകുന്ന ഒരു മേഖലയാണ് ആരോഗ്യമേഖല എന്നുപറയുന്നത്. കേരളത്തിലെ ജനങ്ങൾ ചിക്കൻഗുനിയ ബാധിച്ച് മരിച്ചുവീണുകൊണ്ടിരുന്നപ്പോൾ അമേരിക്കയിലേയ്ക്ക് ഉല്ലാസയാത്രയ്ക്ക് പോയ അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയെക്കുറിച്ച് നമ്മൾ മുമ്പ് കേട്ടിരുന്നു. ഫൊക്കാനയിൽ പങ്കെടുക്കാനാണ് ആരോഗ്യവകുപ്പുമന്ത്രി പോയത്. ഇന്ന് എന്താണ് സ്ഥിതി? ഇന്ന് ആരോഗ്യമേഖലയെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടിയുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. ജെനറിക് മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകൾ ലഭ്യമാക്കി രോഗികൾക്ക് ആശ്വാസമേകാൻ ഈ ഗവൺമെന്റിന് സാധ്യമായി. നിത്യോപയോഗ സാധനങ്ങൾ വീട്ടിലെത്തിക്കുന്നതുപോലെ മരുന്നുകളും വീട്ടിലെത്തിക്കുന്നതിനുള്ള നടപടിയുമായിട്ടാണ് ആരോഗ്യവകുപ്പ് മുന്നോട്ട് പോകുന്നത്.

നാം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് കുടിവെള്ള പ്രശ്നം. കുടിവെള്ള പ്രശ്നത്തിൽ പരിഹാരം കാണണമെന്ന കാര്യത്തിൽ ആർക്കും ഒരു രാഷ്ട്രീയവുമുണ്ടാവില്ല. എല്ലാവരും അതിൽ യോജിക്കുന്നവരാണ്. കുടിവെള്ള പ്രശ്നം പരിഹരിക്കുന്ന കാര്യത്തിൽ സമഗ്രമായ പദ്ധതിക്ക് രൂപം നൽകുന്നതിന് നമുക്ക് സാധ്യമാകേണ്ടതുണ്ട്. കേരളത്തിൽ ചിലയിടങ്ങളിൽ സുലഭമായി വെള്ളം ലഭിക്കുന്നുണ്ട്, മറ്റു ചിലയിടങ്ങളിൽ ഒരു തുള്ളി വെള്ളംപോലും കുടിക്കാൻ കിട്ടാതെ ആളുകൾ പ്രയാസപ്പെടുന്നുമുണ്ട്. അങ്ങനെ പ്രയാസപ്പെടുന്ന ആളുകൾക്ക് കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി, ഗ്യാസ് പൈപ്പ് ലൈൻ കൊണ്ടുപോകുന്നതുപോലെ കുടിവെള്ളം പൈപ്പ്ലൈനിൽ കൂടി കൊണ്ടുപോകുന്നതിനെക്കുറിച്ച് നമ്മൾ ചിന്തിക്കേണ്ടതുണ്ട്. അതോടൊപ്പം മറ്റൊരു നിർദ്ദേശവുംകൂടി അതുമായി ബന്ധപ്പെട്ട് ഞാനിവിടെ സമർപ്പിക്കുകയാണ്. മദ്യത്തിന് 1 ശതമാനം സെസ്സ് ഏർപ്പെടുത്തി ആ പണം ആരോഗ്യമേഖലയ്ക്കുവേണ്ടി ഉപയോഗപ്പെടുത്താൻ തീരുമാനിച്ചത് വളരെ മാതൃകാപരമായ ഒരു പ്രവർത്തനമാണ്. അതുപോലെ തന്നെ 5 ശതമാനം സെസ്സ് മദ്യത്തിന് ഏർപ്പെടുത്തി ആ പണം കുടിവെള്ള പദ്ധതികൾക്കുവേണ്ടി രൂപം നൽകുന്നതിന് ഈ ഗവൺമെന്റ് മുന്നോട്ടുവരണം എന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്. ബിവറേജ് കോർപ്പറേഷന്റെ മുമ്പിൽ യാതൊരു അപസ്വരവും കൂടാതെ വളരെ അച്ചടക്കത്തോടുകൂടി ആളുകൾ ക്യൂ നിൽക്കുന്നത് കാണാൻ കഴിയുന്നുണ്ട്. പല പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന ജീവനക്കാർ ബിവറേജ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷൻ ലഭിക്കണമെന്ന്

ആവശ്യപ്പെടാറുണ്ട്. അവിടെയാണ് കൂടുതൽ ടിപ് ലഭിക്കുക. കുടിക്കുന്നവന് കൊടുക്കുന്ന കാര്യത്തിൽ യാതൊരു വിഷമവുമില്ല. അതുകൊണ്ട് 500 അടിക്കുന്നവനും 50 രൂപ കൂടി കൂടുതൽ കൊടുത്താലും പ്രയാസമില്ല; അതുകൊണ്ട് 5 ശതമാനം സെസ്സ് മദ്യത്തിന് ഏർപ്പെടുത്തി അത് കുടിവെള്ളത്തിനുവേണ്ടി ഉപയോഗിക്കുവാൻ തയ്യാറാകണം. അങ്ങനെ വെള്ളമടിക്കുന്നവന്റെ പണം കുടിവെള്ളത്തിന് ഉപയോഗിക്കുന്നതിനുവേണ്ടി ഒരു സംവിധാനം ഏർപ്പെടുത്തണം. വെള്ളമടിയിൽ നിന്ന് പണമെടുത്ത് കുടിവെള്ളം കൊടുക്കുന്ന സംവിധാനം ഏർപ്പെടുത്താൻ ഈ ഗവൺമെന്റ് മുന്നോട്ടുവരണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഈ ഒരു മാതൃക നമ്മുടെ മുന്നിലുണ്ട്. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ ടെലിഫോൺ ബില്ലിൽ 1 ശതമാനം സെസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്. അത് വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കുവേണ്ടിയാണ് ബി.എസ്.എൻ.എൽ. ബില്ലിലെ സെസ്സ് ഉപയോഗപ്പെടുത്തുന്നത്. അതേ മോഡലിൽ മദ്യത്തിന് കൂടുതൽ സെസ്സ് ചുമത്തി കുടിവെള്ള പദ്ധതിക്ക് ഉപയോഗിക്കുവാൻ വേണ്ടി നമ്മൾ തയ്യാറാകണം.

മറ്റൊരു പ്രധന വിഷയം പട്ടിണി കിടക്കുന്നവർക്കുപോലും ഇന്ന് തലചായ്ക്കാൻ ഒരു കൂര ആവശ്യമാണ്. മാറി മാറി വന്ന ഗവൺമെന്റുകൾ ലക്ഷംവീട് പദ്ധതികൾ തൊട്ട് ഇ.എം.എസ്. ഭവനപദ്ധതികൾ ഉൾപ്പെടെയുള്ള നിരവധി പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കി. ........... കള്ളിൽ നിന്നുള്ള വരുമാനമെടുത്ത് കുട്ടികളുടെ വിദ്യാഭ്യാസത്തിനും ചികിത്സയ്ക്കും ഉപയോഗിക്കാമെങ്കിൽ മദ്യത്തിന് സെസ്സ് ഏർപ്പെടുത്തുക വഴി ലഭിക്കുന്ന തുക കുടിവെള്ളപദ്ധതിക്ക് ഉപയോഗിക്കുന്നതിൽ യാതൊരു

തെറ്റുമില്ല. എത്ര ഭവനനിർമ്മാണ പദ്ധതികൾ കൊണ്ടുവന്നിട്ടും വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീട് കൊടുക്കാൻ നമുക്ക് സാധിച്ചിട്ടില്ല. അതുകൊണ്ട് ഭവന നിർമ്മാണ രംഗത്ത് ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ നമുക്ക് സാധിക്കണം. ഫ്രീ ഫാബ്രിക്കേറ്റഡ് മാതൃകയിൽ പുതിയ ടെക്നോളജി ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ധാരാളം വീടുകളുണ്ടാക്കി വീടില്ലാത്ത ആളുകൾക്ക് വീട് കൊടുക്കുന്ന ഒരു സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസ രംഗത്തും വലിയ മുന്നേറ്റം നടന്നുകൊണ്ടിരിക്കുകയാണ്. എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് വിപ്ലവകരമായ പരിപാടികൾ ആവിഷ്കരിച്ച് വിദ്യാഭ്യാസ വകുപ്പ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. ധാരാളം നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇവിടത്തെ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളെ കൂടുതൽ നിലവാരമുള്ള സ്ഥാപനങ്ങളാക്കി മാറ്റേണ്ടതുണ്ട്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ ഉള്ളപ്പോഴും സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാതെ പല സർക്കാർ വിദ്യാലയങ്ങളും ഇന്ന് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ദയനീയ സ്ഥിതിയുണ്ട്. അങ്ങനെയുള്ള സർക്കാർ സ്ഥാപനങ്ങൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും നൽകുന്നതിനുള്ള ഒരു പ്രത്യേക പാക്കേജിന് രൂപം നൽകാൻ വിദ്യാഭ്യാസ വകുപ്പ് മുന്നോട്ടുവരണമെന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്. ഇന്ന് ഏത് രംഗത്താണ് ജനങ്ങൾ ഇഷ്ടപ്പെടാത്ത ഒരു കാര്യം നടക്കുന്നത്? പോലീസ് ഡിപ്പാർട്ടുമെന്റിനെക്കുറിച്ച് നേരത്തെ പറഞ്ഞു. കേരളത്തിലെ പോലീസിനെക്കുറിച്ച് എല്ലാവരും നല്ലതുമാത്രം പറഞ്ഞ ഒരു കാലഘട്ടം കേരള ചരിത്രത്തിൽ ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. കേരളത്തിൽ പ്രമാദമായിരുന്ന പല

കേസ്സുകൾക്കും തുമ്പുണ്ടാക്കുന്നതിന് ഈ ഗവൺമെന്റിന് സാധിച്ചു. ഇന്ന് ഏതു കേസ് വന്നാലും ആ കേസ്സിലെ യഥാർത്ഥ പ്രതികൾ പിടിക്കപ്പെടുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. മുമ്പ് അതല്ലായിരുന്നു അവസ്ഥ. മുമ്പ് പല കൊലപാതകങ്ങളും ഇവിടെ നടന്നിട്ടില്ലേ? നേരത്തെ സി.പി.ഐ(എം.)-ന്റെ നേതാവ്, ഞങ്ങൾ ഒരാളെ വെട്ടിക്കൊന്നു, ഒരാളെ കുത്തിക്കൊന്നു, ഒരാളെ വെടിവച്ചുകൊന്നു എന്നൊക്കെ പറഞ്ഞിട്ടുള്ള അത്തരം സംഭവങ്ങളിൽ യഥാർത്ഥ പ്രതികളെ പിടികൂടാൻ നമുക്ക് സാധ്യമായിരുന്നില്ല. സഖാവ് ടി. പി. ചന്ദ്രശേഖരന്റെ വധത്തിൽ, അരിയിൽ അബ്ദുൾ ഷുക്കൂറിന്റെ കൊലപാതകത്തിൽ, ഇവിടെയൊക്കെ യഥാർത്ഥ പ്രതികളെ പിടികൂടുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. യഥാർത്ഥ പ്രതികളെ പിടികൂടുന്ന സ്ഥിയിലേയ്ക്ക് കേരള പോലീസ് എത്തി. അങ്ങനെ കേരള പോലീസിന് നല്ലൊരു സൽപ്പേരുണ്ടാക്കിക്കൊടുക്കാൻ നമുക്ക് സാധിച്ചു. അതുകൊണ്ടാണ് കേരളത്തിലെ ആഭ്യന്തര വകുപ്പുമന്ത്രിക്ക് 'ബെസ്റ്റ് മിനിസ്റ്റർ' അവാർഡ് ലഭിച്ചത്. അത് ഏതെങ്കിലും ചാനലുകാർ ഉണ്ടാക്കിയതല്ല. കേരളത്തിലെ ജനങ്ങളുടെ മനസ്സിൽ നിന്നുണ്ടായ അഭിപ്രായത്തിൽനിന്നാണ് കേരളത്തിലെ ആഭ്യന്തര വകുപ്പുമന്ത്രിക്ക് 'ബെസ്റ്റ് മിനിസ്റ്റർ' അവാർഡ് നൽകിയത്.

<u>ശ്രീ. ജെയിംസ് മാത്യു</u>: ഷുക്കൂർ കൊല്ലപ്പെട്ടതിനെ തുടർന്ന് ഈ സഭയിൽ അംഗമായ എന്റെ സുഹൃത്ത് ടി.വി. രാജേഷും ........(മൈക്ക് ഓഫ്).......

<u>ശ്രീ. പി. ഉബൈദുള്ള</u>: ഒരു ചെറുപ്പക്കാരനെ രണ്ട് മണിക്കൂർ ബന്ദിയാക്കി നിർത്തി ക്രൂരമായി അരിഞ്ഞരിഞ്ഞ് കൊല്ലുന്നതിന് നേതൃത്വം കൊടുത്തിട്ട് നിയമസഭയിൽ വന്നിരിക്കുകയെന്നു പറയുന്നത് അപമാനമാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ടി.യു. കുരുവിള)

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട മെമ്പർ അങ്ങയുടെ സമയം കഴിഞ്ഞിരിക്കുന്നു. ദയവായി അവസാനിപ്പിക്കണം.

<u>ശ്രീ. പി. ഉബൈദുള്ള</u>: അത്തരത്തിലുള്ള സംഭവങ്ങൾ ഇനി ഒരിക്കലും കേരളത്തിൽ ഉണ്ടാകാൻ പാടില്ല. ഒരു ചന്ദ്രശേഖരനെക്കൊണ്ട് അവസാനിച്ചില്ല, ഇപ്പോൾ കണ്ണൂരിലെ മറ്റൊരു എസ്.എഫ്.ഐ. നേതാവിനെ സംഘടനാരംഗത്ത് സജീവമല്ലെന്ന ഒറ്റക്കാരണം കൊണ്ട് അതിക്രൂരമായി എസ്.എഫ്.ഐ. ക്കാർ മർദ്ദിച്ചിരിക്കുന്നു. ഇങ്ങനെ അക്രമരാഷ്ട്രീയവുമായി വീണ്ടും മുന്നോട്ടുപോകുകയാണെങ്കിൽ കേരളത്തിലെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ്, ശ്രീ. തിരുവഞ്ചൂരിന്റെ പോലീസ് അതിശക്തമായി മുഖം നോക്കാതെ നടപടിയെടുക്കുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. കേരളത്തിലെ മുഴുവൻ ജനവിഭാഗങ്ങളും പിന്തുണയ്ക്കുന്ന നടപടികളുമായി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. ഈ ഗവൺമെന്റ് സമ്പൂർണ്ണ പരാജയമായിരുന്നുവെന്നതിന് മറ്റ് തെളിവുകളൊന്നും അന്വേഷിക്കേണ്ട കാര്യമില്ല. കോൺഗ്രസ്സ് പാർട്ടിയുടെ മുഴുവൻ സമയം ചർച്ചയ്ക്കായി സ്വയം ഏറ്റെടുത്ത കോൺഗ്രസ്സ് പാർലമെന്ററി പാർട്ടിയുടെ സെക്രട്ടറി ശ്രീ. ബെന്നി ബെഹനാന് 15 മിനിറ്റ് സംസാരിച്ചിട്ട് ഈ സർക്കാർ ചെയ്തതായ കാര്യങ്ങളെപ്പറ്റി ഒരു വാചകം പോലും പറയാൻ കഴിഞ്ഞില്ല. ഈ ഗവൺമെന്റ് സമ്പൂർണ്ണ പരാജയമായിരുന്നുവെന്നാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. എന്താണ് ഈ ഭരണത്തിന്റെ ബാക്കിപത്രം?. ഭരണഘടനാപരമായി മുഖ്യമന്ത്രിക്കാണ് മറ്റ് മന്ത്രിമാരെ തീരുമാനിക്കാനുള്ള അവകാശം. മന്ത്രിസഭ പുന:സംഘടിപ്പിക്കുകയി

ല്ലെന്ന് പറയാൻ മുഖ്യമന്ത്രിക്ക് ആരാണ് അധികാരം കൊടുത്തതെന്ന് ഒരു സാമുദായിക നേതാവ് ചോദിച്ചപ്പോൾ അതിനകത്തെ ഭരണഘടനാപരമായ വിരുദ്ധതയെ ചൂണ്ടിക്കാണിക്കുന്നതിനുപകരം ആ നേതാവിന്റെ മുമ്പിൽപോയി ഏത്തമിടുന്ന ഭരണക്കാരെയാണ് ഈ സംസ്ഥാനം ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. ഇതാണ് ഒന്നരക്കൊല്ലം കൊണ്ട് ഈ സംസ്ഥാനം നേടിയെടുത്തത്. ഈ സമയത്തിനിടയിൽ ഈ സംസ്ഥാന സർക്കാർ എന്താണ് ചെയ്തത്? കർഷക പെൻഷൻ കൊടുത്തിട്ട് മാസമെത്രയായി; എന്തെല്ലാം കാര്യങ്ങൾ നിറുത്തലാക്കി. പെൻഷനുകൾ, കാർഷിക മേഖല യിലെ സബ്സിഡികൾ, റേഷൻ സബ്സിഡി, പാചകവാതക സബ്സിഡി ഇവയെല്ലാം നിറുത്തലാക്കിയില്ലേ? ജനങ്ങൾ അനുഭവിക്കുന്ന മുഴുവൻ ആനുകൂല്യവും നിറുത്തലാക്കിക്കൊണ്ട്, കേന്ദ്രനയം ദ്രുതഗതിയിൽ അതിരൂ ക്ഷമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സംസ്ഥാനമാക്കി ഈ സംസ്ഥാ നത്തെ മാറ്റിയത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണകാലത്താണ്. ഇന്നലെ സഹ കരണ ബിൽ പാസ്സാക്കി. കേരളത്തിന്റെ അഭിമാനമായിരുന്ന സഹകരണ സ്ഥാപനങ്ങൾ ഇല്ലാതാക്കുവാനുള്ള കേന്ദ്രനയം അതീവഗൗരവമായി, അതിരൂ ക്ഷമായി നടപ്പിലാക്കുകയാണ് ഇവിടെ. കുടിവെള്ളം വാണിജ്യ വസ്തുവായി മാറ്റുകയാണ്. നാട്ടിലെ വിലക്കയറ്റത്തിനെതിരായി ഈ ഗവൺമെന്റ് എന്തെ ങ്കിലും ചെയ്യുന്നുണ്ടോ? പൊതുവിതരണ സമ്പ്രദായത്തെ അങ്ങേയറ്റം ക്ഷയി പ്പിച്ച ഒരു കാലഘട്ടം. മാവേലി സ്റ്റോറുകളിലും ത്രിവേണി സ്റ്റോറുകളിലും സാധനമില്ല. കമ്പോളത്തിൽ ഇടപെടാൻ കഴിയാത്ത ഒരു സർക്കാരായി ഈ സർക്കാർ മാറിയിരിക്കുന്നു. ഒരുപക്ഷേ പണം കൊടുത്തതിന്റെ കണക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞിരിക്കും. കമ്പോളത്തിൽ ഇട പെടുന്ന, പൊതുവിതരണ സംവിധാനം ഫലപ്രദമായി കൊണ്ടുവരാൻ കഴി

യാത്ത ഒരു ഗവൺമെന്റായി ഈ ഗവൺമെന്റ് മാറിയിരിക്കുകയാണ്. പങ്കാളിത്ത പെൻഷൻ കൊണ്ടുവന്ന് സർക്കാർ ജീവനക്കാർക്കുണ്ടായിരുന്ന സുരക്ഷിതത്വം ഒന്നരക്കൊല്ലം കൊണ്ട് നഷ്ടപ്പെടുത്തിയില്ലേ? അവസാനം എം.എൽ.എ. ഫണ്ടിൽ കൈവയ്ക്കുകയാണ്. എം.എൽ.എ. മാർക്ക് അവരുടെ നിയോജക മണ്ഡലത്തിൽ പ്രാദേശിക വികസനത്തിനുവേണ്ടി അനുവദിച്ചു കൊടുത്തിരുന്ന തുക ആ സാമ്പത്തിക വർഷം ചെലവാക്കിയില്ലെങ്കിൽ ലാപ്സായിപ്പോകും, അത് തിരികെയെടുക്കുമെന്ന നിബന്ധന കൊണ്ടുവരാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ മേഖലകളിലും ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കുന്ന സർക്കാരായി മാറിയിരിക്കുകയാണ് ഉമ്മൻ ചാണ്ടി സർക്കാർ. ഒരു വെട്ടിച്ചുരുക്കൽ സർക്കാരായി മാറിയിരിക്കുന്നു - അതാണ് ഈ ഗവൺമെന്റിന്റെ ബാക്കിപത്രം. ഏതെങ്കിലും മേഖലയിൽ ഇടപെടാൻ ഈ സർക്കാരിന് കഴിഞ്ഞോ? വൈദ്യുതി ചാർജ്ജ് കൂട്ടിയും ബസ്സ് ചാർജ്ജ് കൂട്ടിയും കുടിവെള്ളത്തിന്റെ ചാർജ്ജ് കൂട്ടിയും ജനജീവിതം ദുസ്സഹമാക്കി വിലക്കയറ്റം വരുത്തിവച്ചതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് കേന്ദ്ര നയങ്ങളോടൊപ്പം ഈ സംസ്ഥാനത്ത് ഇടപെടാതെ നിഷ്ക്രിയത്വം പുലർത്തുന്നതിൽ സംസ്ഥാന സർക്കാരിനും അതിന്റേതായ ഒരു പങ്കുണ്ട്. കാർഷികമേഖല വലിയ പ്രതിസന്ധിയിലാണ്. വരൾച്ചമൂലം മാത്രമുണ്ടായ പ്രതിസന്ധിയല്ല. ഉൽപ്പന്നങ്ങൾക്ക് വില കിട്ടുന്നില്ല - വളം സബ്സിഡി ഇല്ലാതായിരിക്കുന്ന നിലപാടായിരിക്കുന്നു. കർഷകരെ സഹായിക്കാൻ കഴിയുന്നില്ല. കാർഷിക മേഖലയെ മുഴുവൻ അവഗണിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ വിവിധ മേഖലകളിൽ ജനങ്ങൾ സംഘടിച്ചു കൊണ്ടിരിക്കുകയാണ്. അവർക്ക് ജീവിക്കാൻ കഴിയുന്നില്ല. ഈ വിഷയങ്ങ

ളിൽ ഇടപെടാൻ ഗവൺമെന്റിന് എന്തുകൊണ്ടാണ് കഴിയാത്തത്? ഈ ഗവൺമെന്റിനെ സംബന്ധിച്ച് ഒരു വാക്കുപോലും നല്ലത് പറയുവാൻ കോൺഗ്രസ്സ് പാർലമെന്ററി പാർട്ടിയുടെ സെക്രട്ടറിക്കുപോലും ഇല്ലാത്ത ദുരവസ്ഥ ഈ കാലഘട്ടത്തിലൊന്നുമുണ്ടായിട്ടില്ല. ശ്രീ. ബെന്നി ബെഹനാൻ ഇവിടെ പ്രസംഗം ആരംഭിച്ചത് എന്താണ്? നന്ദിപ്രമേയ ചർച്ചയിൽ സംസാരിക്കാൻ കഴിഞ്ഞില്ല, ഉപധനാഭ്യർത്ഥനയിൽ സംസാരിക്കാൻ കഴിഞ്ഞില്ല. കേരളത്തിലെ ചരിത്രത്തിൽ ചർച്ച കൂടാതെ ഉപധനാഭ്യർത്ഥന പാസ്സാക്കണമെന്ന് ഒരു മുഖ്യമന്ത്രി നിയമസഭയിൽ സബ്മിഷൻ അവതരിപ്പിച്ചത് ഉമ്മൻ ചാണ്ടി സർക്കാർ മാത്രമാണ്. ചർച്ചയെ ഭയപ്പെടുന്ന, വിമർശനങ്ങളെ ഭയപ്പെടുന്ന ഒരു സർക്കാരാണ് ഇത്. ജനങ്ങൾക്ക് ഗുണകരമായ കാര്യങ്ങളൊന്നും ചെയ്യാത്തതിന്റെ പേരിൽ വമ്പിച്ച ജനകീയ പ്രക്ഷോഭം ഈ സംസ്ഥാനത്ത് ഉയർന്നുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന് ജനങ്ങളുടെ ഒരു പ്രതിച്ഛായയും ഇല്ല. ജനങ്ങൾ വെറുത്തുകഴിഞ്ഞിരിക്കുന്ന ഗവൺമെന്റാണ് ഇത്. ഈ ഗവൺമെന്റ് അധികാരത്തിൽ തുടരണമെന്ന് ഭരണരംഗത്തുള്ള കക്ഷികളും മറ്റ് ഭരണഘടനാ സ്ഥാപനങ്ങളും ആഗ്രഹിച്ചാൽത്തന്നെയും ജനങ്ങളുടെ മനസ്സിൽനിന്ന് ഈ ഗവൺമെന്റ് പുറത്തുപോയിരിക്കുകയാണ്. ഈ ഗവൺമെന്റ് ജനങ്ങൾക്കനുകൂലമായി ഒരു ധനവും വിനിയോഗിക്കാത്ത ഗവൺമെന്റാണ്. അതുകൊണ്ട് ഈ ബില്ലിനെ ഞാൻ എതിർക്കുന്നു.

ശ്രീ. പി.സി. ജോർജ്ജ്: സർ, ഈ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. എനിക്ക് അത്ഭുതം തോന്നുന്നു. തിരുവല്ല മെമ്പർ കേരളത്തിൽ തന്നെയാണോ താമസിക്കുന്നതെന്ന് എനിക്കറിയില്ല. ഈ സഭയിൽ കഴിഞ്ഞ ദിവസങ്ങളിൽ നടന്ന കാര്യങ്ങളെപ്പറ്റിപോലും വക്രീകരിച്ച് സംസാരിക്കാൻ മടിയില്ലാത്ത അദ്ദേഹത്തിന്റെ അഭിപ്രായത്തെപ്പറ്റി കേരളത്തിലെ ജനം വിലയിരു

ത്തട്ടെ എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. ധനകാര്യ മാനേജ്മെന്റിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ഒരു ദിവസമെങ്കിലും ട്രഷറി പൂട്ടിയി ട്ടിട്ടുണ്ടോ, ഇല്ലല്ലോ? വളരെ ശക്തമായ ഒരു ധനകാര്യ മാനേജ്മെന്റ് അല്ലേ നടന്നുകൊണ്ടിരിക്കുന്നത്. ഓവർഡ്രാഫ്റ്റിൽ വീണിട്ടില്ല, ഓവർഡ്രാഫ്റ്റ് എടു ത്തിട്ടില്ല, വെയ്സ് ആന്റ് മീൻസ് ഉപയോഗിച്ചിട്ടില്ല. എന്നിട്ടും വികസന - വികസനേതര പ്രവർത്തനങ്ങൾക്കുവേണ്ടി പണം വാരിക്കോരി കൊടുക്കാൻ ധനകാര്യ വകുപ്പുമന്ത്രിക്കും ധനകാര്യ വകുപ്പിനും കഴിഞ്ഞുവെന്ന് പറയു മ്പോൾ ആ ധനകാര്യ മാനേജ്മെന്റിനെ അഭിനന്ദിക്കുന്നതിനുപകരം മോശ മാക്കി പറയുന്നത് വളരെ ദു:ഖകരമാണ്. അതേ എനിക്ക് പറയാനുള്ളൂ. ഇത്രമാത്രം ശക്തമായ ഒരു ഗവൺമെന്റ് ഒരു കൊല്ലത്തെ പ്രവർത്തനത്തി ലൂടെ കേരളത്തിലെ മുഴുവൻ ജനങ്ങളുടെ മുമ്പിലും ആരാധ്യപുരുഷനായി മാറിയ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും മന്ത്രിമാരും, അവരെ പുച്ഛിക്കാൻ വേറെ ഒന്നും കിട്ടാത്തതുകൊണ്ടാണ് നിങ്ങൾ പ്രവർത്തിക്കു ന്നത്, അത് ശരിയായ നടപടിയല്ലെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ.

എനിക്ക് പറയാനുള്ള ഒരു പ്രധാനപ്പെട്ട കാര്യം, ഇൻഡ്യയുടെ അഡ്മി നിസ്ട്രേറ്റീവ് സർവ്വീസിനെ സംബന്ധിച്ചാണ്. അഖിലേന്ത്യാ പരീക്ഷകളിൽ നമ്മുടെ മലയാളികൾ വിജയിക്കുന്നില്ല എന്നുള്ള ഒരു സങ്കടം എനിക്കുണ്ട്. ഈ അടുത്തകാലത്ത് അല്പം മാറ്റമുണ്ട്. എന്റെ അഭിപ്രായത്തിൽ ഐ.എ. എസ്.-കാർ ഇല്ലെങ്കിലും നമ്മുടെ ചെറുപ്പക്കാരുടെ ഊർജ്ജം വിനിയോഗി ക്കാൻ കഴിയുന്ന നിലയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുണ്ടാക്കുന്ന തിൽ എന്താണ് കുഴപ്പം? എം.എ.-യോ എം.എസ്.സി.- യോ ഡിഗ്രിയുള്ളവർ, ഏത് ഡിഗ്രിയെന്ന് തീരുമാനിക്കണം. പബ്ലിക് സർവ്വീസ് കമ്മീഷൻ, കൃത്യം 100 ചെറുപ്പക്കാരെ അല്ലെങ്കിൽ ചെറുപ്പക്കാരികളെ തെരഞ്ഞെടുക്കണം.

അപ്പോൾ റിസർവ്വേഷന്റെ പ്രശ്നമില്ലല്ലോ? കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുണ്ടാക്കി അവരെ മധ്യമേഖലയിൽ നിയമിച്ചുകഴിഞ്ഞാൽ മൂന്ന് കൊല്ലം കഴിയുമ്പോൾ ഐ.എ.എസ്.-ലേയ്ക്ക് അവരെ കൺഫർ ചെയ്യട്ടെ. അപ്പോൾ നമ്മുടെ വികസന മേഖലയിൽ പ്രവർത്തനസജ്ജരായ നല്ല ബ്യൂ റോക്രാറ്റ്സുകളെ കിട്ടുന്ന സാഹചര്യമുണ്ടാകും. അതുകൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുണ്ടാക്കുന്ന കാര്യം ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു പ്രധാനപ്പെട്ട കാര്യം, ബഹുമാനപ്പെട്ട ബെന്നി ബെഹനാൻ പറഞ്ഞ അഭിപ്രായം അദ്ദേഹത്തിന്റേതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അച്ചുതാനന്ദൻ സഖാവ് രാജിവച്ച് പോകണമെന്നാണ് അദ്ദേഹം പറഞ്ഞത്. ഞാൻ അദ്ദേഹം പറഞ്ഞ അഭിപ്രായത്തോട് യോജി ക്കുകയോ വിയോജിക്കുകയോ ചെയ്യുന്നില്ല. പക്ഷേ അതിന് മറുവശമുണ്ട്. അദ്ദേഹത്തിന്റെ സ്റ്റാഫിലുള്ള മൂന്ന് ബ്രാഞ്ച് കമ്മിറ്റി മെമ്പറന്മാരെ സ്റ്റേറ്റ് കമ്മിറ്റി യുനാനിമസ്സായി പ്രമേയം പാസ്സാക്കി പുറത്താക്കാൻ തീരുമാനിച്ചിട്ടും പുറത്താക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കാൻ കഴിഞ്ഞ പാർട്ടിയുടെ സെൻട്രൽ കമ്മിറ്റി മെമ്പറായ വി.എസ്. അച്ചുതാനന്ദൻ സഖാവിനെ പിന്നെ ആര് പുറത്താക്കാനാണ്? സഖാവ് വി.എസ്.-നോട് എന്റെ അഭ്യർത്ഥന അങ്ങയുടെ കസേരയിൽ കയറിയിരിക്കാൻ പല മാന്യന്മാരും ശ്രമിക്കുന്നുണ്ട്. ഒരു കാരണവശാലും അങ്ങ് ആ കസേര വിട്ടുകൊടുക്കരുത്, ആ കസേര യിൽ പിടിച്ചിരിക്കണം. ഞാൻ വെല്ലുവിളിച്ച് ചോദിക്കുകയാണ്. കേരളത്തിൽ അങ്ങയെപ്പോലെ സീനിയറായ, ത്യാഗം സഹിച്ച ഏത് കമ്മ്യൂണിസ്റ്റുകാ രനുണ്ട്?

ആ നിലയ്ക്ക് സീതാറാം യെച്ചൂരിയും സഖാവ് ബൃന്ദാ കാരാട്ടും ബംഗാൾ ഘടകവും ത്രിപുര ഘടകവും അങ്ങയോടൊപ്പമുള്ളിടത്തോളംകാലം അങ്ങയെ ഒരു ചുക്കും ചെയ്യാൻ ഈ സ്റ്റേറ്റ് കമ്മിറ്റിക്ക് കഴിയില്ല. അങ്ങ് തന്റേടമായി മുന്നോട്ടുപോകണം. കേരളത്തിലെ കമ്മ്യൂണിസ്റ്റ് ചിന്താഗതിയുള്ള, ഇടതുപക്ഷ ചിന്താഗതിയുള്ള ജനങ്ങളുടെ പരിപൂർണ്ണ പിന്തുണ അങ്ങേയ്ക്കുണ്ടെന്ന് എനിക്ക് വ്യക്തമായി ബോധ്യമുണ്ട്. അതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. അല്ലാതെ അദ്ദേഹത്തെ ചവിട്ടിപ്പുറത്താക്കാമെന്നൊന്നും വിചാരിച്ച് നിങ്ങൾ നടക്കണ്ട.

<u>ശ്രീ. കെ. മുരളീധരൻ</u>: അവർ അദ്ദേഹത്തെ പുറത്താക്കുകയോ പുറത്താക്കാതിരിക്കുകയോ ചെയ്യട്ടെ. നമുക്ക് ഇതിൽ കാര്യമൊന്നുമില്ലല്ലോ. അവർ എന്തുവേണമെങ്കിലും ചെയ്യട്ടെ.

<u>ശ്രീ. പി. സി. ജോർജ്</u>: അല്ല, ശ്രീ. കെ. മുരളീധരൻ. എന്റെ പ്രശ്നം അതല്ല. ശ്രീ. ബെന്നി ബെഹനാൻ അദ്ദേഹത്തോട് രാജിവയ്ക്കാൻ പറഞ്ഞു. ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞതല്ലേയെന്ന് വിചാരിച്ച് അദ്ദേഹം രാജിവച്ചു പോയാൽ ഈ കേരളത്തിലെ ജനാധിപത്യ മേഖലയിലുണ്ടാകുന്ന നഷ്ടമോർത്ത് ഞാൻ പറഞ്ഞുപോയതാണ്.

<u>ശ്രീ. എ.കെ. ബാലൻ</u> : താങ്കൾ ശ്രീ. വി. എസ്. അച്ചുതാനന്ദന് എതിരെ നൽകിയ കേസ് പിൻവലിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. പി. സി. ജോർജ്</u>: കേസ് ഞാൻ അങ്ങോട്ട് കളിക്കും. ഞാൻ ശരിയോടൊപ്പം നിൽക്കും. ശ്രീ. എ. കെ. ബാലനെതിരെയും കേസ്സുണ്ട്. ശ്രീ. എ. കെ. ബാലൻ എനിക്കെതിരെയും കേസ് കൊടുത്തിട്ടുണ്ട്. കേസ് വേറെ. നമ്മുടെ ലൈൻ പറഞ്ഞുവെന്നേയുള്ളൂ. തെറ്റിദ്ധരിക്കരുത്.

ശ്രീ. ബെന്നി ബെഹനാൻ: ഞാൻ ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദനോട് രാജിവയ്ക്കാൻ പറഞ്ഞത് അദ്ദേഹം അനുഭവിക്കുന്ന ബുദ്ധിമുട്ട് കണ്ടിട്ടാണ്. അദ്ദേഹവുമായി അഭിപ്രായ വ്യത്യാസമുണ്ടായിട്ടല്ല. ശ്രീ. പി. സി. ജോർജിനേക്കാൾ അക്കാര്യത്തിൽ അദ്ദേഹത്തിനോട് പിന്തുണ പ്രഖ്യാപിച്ചതു കൊണ്ടാണ് രാജിവയ്ക്കാൻ പറഞ്ഞത്.

ശ്രീ. പി. സി. ജോർജ്: വളരെ സന്തോഷം. അങ്ങനെ ശ്രീ. ബെന്നി ബെഹനാനും എന്റെ പൊസിഷനിലേയ്ക്ക് വന്നു. എനിക്ക് ഇഷ്ടപ്പെട്ടു. ഞാൻ പറഞ്ഞത് മനസ്സിലായില്ലേ? പ്രതിപക്ഷ നോതാവായിട്ടിരിക്കാൻ സഖാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനെപ്പോലെ ഇത്രയും മാന്യനായ ഒരു നേതാവില്ലായെന്നാണ് എന്റെ അഭിപ്രായം. പക്ഷെ അദ്ദേഹത്തെ മുഖ്യമന്ത്രി യാക്കി ഉപദ്രവിക്കരുത്. ഇതെന്റെ ഉറച്ച അഭിപ്രായമാണ്.

ശ്രീ. എ. കെ. ബാലൻ: അതീവ ഗുരുതരമായ അഴിമതി ആരോപണം ഉന്നയിച്ചുകൊണ്ട് ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരെ കൊടുത്തിട്ടുള്ള കേസ് ഈ പറഞ്ഞ സാഹചര്യത്തിൽ പിൻവലിക്കാൻ താങ്കൾ തയ്യാറാണോ?

ശ്രീ. പി. സി. ജോർജ്: ശ്രീ. വി. എസ്. അച്ചുതാനന്ദനെന്ന് പറയുന്ന നല്ല മനുഷ്യൻ അഴിമതി കാണിച്ചുവെങ്കിൽ അദ്ദേഹത്തിന്റെ കുറ്റംകൊണ്ടല്ലാ യെന്നും ഗതികേടുകൊണ്ട് കണ്ണടച്ചതാണെന്നും എനിക്കറിയാം. ശ്രീ. എ. കെ. ബാലൻ, മക്കൾ രാഷ്ട്രീയം വലിയ കുഴപ്പമാണ്. അദ്ദേഹം ഒരു തെറ്റും ചെയ്തതല്ല. എനിക്കറിയാം. ഞാൻ ഈ സഭയിൽ അടിയന്തര പ്രമേയം അവതരിപ്പിച്ചപ്പോഴും അദ്ദേഹം അതിന് അനുകൂലമായ നിലപാട് സ്വീകരിച്ച ആളാണ്. പക്ഷേ പിൻവലിക്കാനുള്ള കുഴപ്പമെന്തെന്നുവച്ചാൽ അത് തെളിയി ക്കുകയെന്നുള്ളത് എന്റെ ബാധ്യതയാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ

xxxxxxx• അത്ര കറക്ടല്ല. അതുകൊണ്ടുള്ള കുഴപ്പമാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ മോശമെന്ന് പറഞ്ഞാൽ, ഞാൻ സമ്മതിക്കില്ല. അദ്ദേഹം നല്ല കമ്മ്യൂണിസ്റ്റുകാരനാണെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ബഹുമാനപ്പെട്ട ചീഫ് വിപ്പ് സംസാരിക്കുമ്പോൾ സഭയിലില്ലാത്ത ആളിനെ, അദ്ദേഹം ഉന്നയിക്കുന്ന ആരോപണങ്ങൾക്ക് മറുപടി പറയാൻ കഴിയാത്ത ഒരാളെ സംബന്ധിച്ച് ആരോപണമുന്നയിക്കുകയാണ്. അത് 307 പ്രകാരം രേഖയിൽനിന്ന് നീക്കം ചെയ്യണം.

ശ്രീ. പി. സി. ജോർജ്: ഞാൻ പിൻവലിച്ചിരിക്കുന്നു. ഞാൻ ശ്രീ. വി. എസ്. അച്ചുതാനന്ദൻ സഖാവ് മോശക്കാരനല്ലായെന്ന് പറയാൻവേണ്ടി പറഞ്ഞതാണ്. അല്ലെങ്കിൽ ഒരിക്കലും ഇത് പറയുകയില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സഭയിലില്ലാത്ത അദ്ദേഹത്തിന്റെ മകനെക്കുറിച്ച് പറയരുത്. സഭയിലുള്ള അദ്ദേഹത്തെക്കുറിച്ച് പറയണമെന്നാണ് അവിടെനിന്നുള്ള നിർബന്ധമെന്ന കാര്യം അങ്ങേയ്ക്ക് മനസ്സിലായോ?

ശ്രീ. പി. സി. ജോർജ്: എനിക്കത് മനസ്സിലാകുന്നുണ്ട്. ആ കസേര പലരും നോക്കി നോക്കിയിരിക്കുകയാണ്. നടക്കുകയില്ല. ശ്രീ. വി. എസ്. അച്ചുതാനന്ദൻ സഖാവിനെ ആ കസേരയിൽനിന്ന് ഇറക്കിവിടാൻ...., 20 മാസമേ ആയുള്ളൂ, അഞ്ചുവർഷത്തിൽ ഇനിയും ബാക്കി കിടക്കുന്നു. പ്രതിപക്ഷ നേതൃസ്ഥാനത്തുനിന്ന് അദ്ദേഹത്തെ മാറ്റാൻ കേരളത്തിലെ ജനങ്ങൾ സമ്മതിക്കില്ലായെന്നാണ് എന്റെ വിശ്വാസം. അദ്ദേഹത്തിന്റെ പിന്നിൽ ഇടതുപക്ഷ ചിന്താഗതിയുള്ള ലക്ഷങ്ങളുണ്ടെന്ന ഉറച്ച അഭിപ്രായം

• പിൻവലിച്ചിരിക്കുന്നു.

തന്നെ ഞാൻ രേഖപ്പെടുത്തുകയാണ്. ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. എം. എ. ബേബി: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. 45 വകുപ്പുകളിലായി 4090.68 കോടി രൂപ വിനിയോഗിക്കുന്നതിനുവേണ്ടിയുള്ളതാണ് ഈ ബിൽ. 601 കോടി രൂപയുടെ പദ്ധതി ചെലവും 3,489 കോടി രൂപയുടെ പദ്ധതിയേതര ചെലവുമാണ്. ഈ പണം, നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നവും കൈകാര്യം ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല. കുടിവെള്ളക്ഷാമം അതീവ രൂക്ഷമായി തുടരുകയാണ്. പൊതുവിതരണ മേഖല അട്ടിമറിക്കപ്പെട്ടിരിക്കുന്നു. പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം, ജീവൻരക്ഷാമരുന്നുകൾ ലഭ്യമാക്കാനുള്ള ഉത്തരവാദിത്വം എന്നിവയിലെല്ലാം സംസ്ഥാന ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് ആര്യാടൻ മുഹമ്മദ് ഈ ഗവൺമെന്റിന്റെ പ്രതീകമാണ്. അദ്ദേഹത്തിന് രണ്ട് വകുപ്പുകളുണ്ട്. വിദ്യുച്ഛക്തി, അവിടെ പവർകട്ടാണ്. പവർ ഇല്ലായ്മയാണ്. അദ്ദേഹത്തിന്റെ മറ്റൊരു വകുപ്പാണ് ഗതാഗതം. ഇന്നത്തെ മാതൃഭൂമി പത്രത്തിലൊരു വാർത്തയുണ്ട് - ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിന്റെ ഔദ്യോഗിക വസതിയായ മൻമോഹൻ ബംഗ്ലാവിന്റെ മുന്നിൽ ബുധനാഴ്ച രാവിലെ കേടായി കിടക്കുന്ന കെ.എസ്.ആർ.ടി.സി. ബസ്. കെ.എസ്.ആർ.ടി.സി. കട്ടപ്പുറത്ത് കയറ്റിവച്ചിരിക്കുകയാണ്. ഈ നിലയിൽ ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തിൽ മൊത്തം പരാജയമാണ്. ഭരണപക്ഷത്തെ ചില സുഹൃത്തുക്കൾ ഇവിടെ പറഞ്ഞ ഒരു കാര്യം, എന്റെ സുഹൃത്ത് ശ്രീ. മാത്യു ടി. തോമസ് ഇവിടെ ഉന്നയിച്ചതാണ്. ഈ ഗവൺമെന്റ് എത്ര രൂക്ഷമായ സാമ്പത്തിക

മാനേജ്മെന്റ് പ്രതിസന്ധിയിലേയ്ക്കാണ് നീങ്ങുന്നതെന്നുള്ളതിന്റെ തെളിവാണ്. എം. എൽ.എ.-മാർ പ്രാദേശിക വികസന ഫണ്ട് അതാത് വർഷമുപയോഗിച്ചില്ലായെങ്കിൽ അത് തിരിച്ചുപിടിക്കുമെന്നുള്ള നിർദ്ദേശവുമായി വന്നിരിക്കുകയാണ്. വളരെ അപമാനകരമാണ്. ഏത് ഗവൺമെന്റാണ് ഇത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി തന്റെ പ്രവർത്തന മികവെന്നുള്ള തരത്തിൽ ത്രിതല പഞ്ചായത്ത് സംവിധാനങ്ങളിൽ പദ്ധതി ചെലവ് ഒരു വർഷമെന്നുള്ളത് രണ്ടുവർഷത്തേയ്ക്ക് നീട്ടിക്കൊടുക്കുന്ന നിർദ്ദേശത്തെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. അങ്ങനെയൊരു നിർദ്ദേശം നടപ്പാക്കാൻ മുൻകൈയെടുത്തുവെന്ന് അവകാശപ്പെടുന്ന ഗവൺമെന്റാണ് എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ടുമായി ഇത്തരത്തിലൊരു തീരുമാനമെടുത്തിരിക്കുന്നത്. എം.എൽ.എ.മാർ ഈ പദ്ധതി എഴുതിക്കൊടുത്തിട്ട് കളക്ടറാണ് ഇത് നടപ്പാക്കേണ്ടത്, ഉദ്യോഗസ്ഥ സംവിധാനമാണ്. ഏതെങ്കിലും എം.എൽ.എ.-മാർ പദ്ധതി കൃത്യസമയത്ത് എഴുതിക്കൊടുക്കുന്നതിൽ പരാജയപ്പെട്ടാൽ അവരുടെ ഫണ്ട് തിരിച്ചുപിടിക്കുന്ന കാര്യം വേണമെങ്കിൽ ആലോചിക്കാം. പക്ഷെ പദ്ധതി സംബന്ധിച്ച നിർദ്ദേശങ്ങൾ എഴുതിക്കൊടുത്താൽ ഈ സമീപനം ശരിയാകുകയില്ല. എന്താണ് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിന്റെ പ്രശ്നം? സംസ്ഥാന ഗവൺമെന്റിന്റെതന്നെ സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെ രേഖപ്രകാരം 2011-ൽ 22 രൂപ വിലയുണ്ടായിരുന്ന അരിക്ക് ഇപ്പോൾ 36 രൂപയാണെന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ കമ്പോളത്തിൽ 48 രൂപ കൊടുക്കേണ്ട സ്ഥിതിവിശേഷമാണ്. കാർഷിക മേഖലയിലാകെ തകർച്ചയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കർഷകരുടെ പ്രശ്നങ്ങൾ ഏറ്റെടുക്കുന്ന വ്യക്തിയാണെന്ന് അവകാശപ്പെടുന്ന ആളാണ്. ഇപ്പോൾ അദ്ദേഹം ചങ്ങാതിമാരോടൊപ്പം നിന്നുകൊണ്ട്

കൃഷിക്കാരുടെയോ കേരളത്തിന്റെയോ എന്തെങ്കിലും താൽപര്യങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുന്നുണ്ടോ? അദ്ദേഹം അനുകൂലിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങൾ നടപ്പാക്കിയതിനെത്തുടർന്ന് 1995 മുതൽ 2,90,000 കൃഷിക്കാരാണ് ഇന്ത്യയിൽ ആത്മഹത്യ ചെയ്തത്. അതുപോലെതന്നെ കൃഷിക്കാരുടെ ആത്മഹത്യ കേരളത്തിലുമുണ്ടായിരുന്നു. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് സഖാവ് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഇവിടെ കർഷകരെ രക്ഷിക്കാൻ പ്രായോഗികമായ നടപടികൾ കൈക്കൊള്ളുകയും കർഷകർക്ക് തങ്ങളുടെ പ്രശ്നങ്ങൾ ശ്രദ്ധിക്കുന്ന ഒരു ഗവൺമെന്റ് ഇവിടെയുണ്ടെന്നുള്ള പ്രതീക്ഷ നൽകാൻ കഴിയുകയും ചെയ്തതിന്റെ ഫലമായി ഇവിടെ കർഷകരുടെ ആത്മഹത്യയുണ്ടായിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റ് വന്നതോടുകൂടി കൃഷിക്കാരുടെ ആത്മഹത്യയും തിരിച്ചുവരുന്ന സ്ഥിതിവിശേഷമാണുണ്ടായത്. ഓരോ രംഗത്തും ഇതുപോലുള്ള തകർച്ചകൾ നമുക്ക് കാണാൻ കഴിയും. ജനങ്ങൾക്ക് അറിയേണ്ട കാര്യങ്ങൾ എം.എൽ.എ.-മാർ ചോദ്യങ്ങളിലൂടെ ഉന്നയിച്ച് അതിന്റെ ഉത്തരം കണ്ടെത്തേണ്ട വേദിയാണ് നിയമസഭ. ഈ നിയമസഭാ വേദിയുടെ പരിപാവനതയെ ഈ ഗവൺമെന്റ് തകർക്കുകയാണ്. ഞങ്ങൾ ഈ സമ്മേളനം ആരംഭിച്ചപ്പോൾ പതിമൂന്ന് ദിവസത്തെ നോട്ടീസ് കൊടുത്തുകൊണ്ട് ഒരു ചോദ്യം ചോദിച്ചു. എന്റേതാണ് ആദ്യത്തെ ചോദ്യം. മന്ത്രിമാർ പ്രഖ്യാപിച്ച നയപ്രഖ്യാപനത്തിൽ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊണ്ടു എന്നാണ് ചോദ്യം. വിവരം ശേഖരിച്ചുവരുന്നുവെന്നാണ് മറുപടി. എന്റെ സുഹൃത്ത് ശ്രീ. എ. എം ആരിഫിന്റെ ചോദ്യമുണ്ടായി. മന്ത്രിമാർ പ്രഖ്യാപിച്ച പദ്ധതികളിൽ ഏതൊക്കെ നടപ്പാക്കി? അതിനെക്കുറിച്ചും വിവരം ശേഖരിച്ചുവരുന്നു

വെന്നാണ് മറുപടി. ഇവിടെ ചോദിക്കുന്ന ചോദ്യങ്ങളിൽ 60% ചോദ്യങ്ങൾക്ക് കൃത്യമായി മറുപടി നൽകുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. 'അതിവേഗം ബഹുദൂരം' എന്ന അവകാശവാദവുമായി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റ് ഈ ജനാധിപത്യ സ്ഥാപനത്തിന്റെ അവകാശങ്ങൾ തന്നെ കവർന്നെടുക്കുന്ന സമീപനമാണ് പിൻതുടരുന്നത്. 2011-12 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതത്തിന്റെ 80% മാത്രമെ ഗവൺമെന്റ് വിനിയോഗിച്ചു ള്ളു എന്നാണ് വിവരം. 2012-13 അവസാനിക്കാൻ പോകുകയാണ്. 57.82% മാത്രമാണ് ഡിസംബർ 31 വരെ ചെലവഴിച്ചതായി കാണുന്നത്. മാലിന്യ നിർമ്മാർജ്ജനത്തിന് ഊന്നൽ കൊടുക്കുന്ന സമീപനം എന്ന് പറഞ്ഞിട്ട് മാലി ന്യനിർമ്മാർജ്ജനം ഉൾപ്പെടെ നിർവ്വഹിക്കേണ്ട നഗരവികസന വകുപ്പ് മുൻവർഷം ബഡ്ജറ്റിൽ വകയിരുത്തിയതിൽ 49% മാത്രമാണ് ചെലവഴിച്ചത്. ഈ വർഷം ഇതുവരെ 19.15% ആണ് ഈ വകുപ്പ് ചെലവഴിക്കപ്പെട്ടിട്ടുള്ളത്. കുടിവെള്ളത്തിന് മുൻവർഷം 38% മാത്രം ചെലവഴിച്ചു. ഈ വർഷം 42%-ൽ എത്തിയിട്ടുണ്ട്.  ഈ സാമ്പത്തിക വർഷം അവസാനിക്കാൻ പോകുകയാണ്. പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന് ഈ വർഷം 16.76% മാത്രമാണ് ചെലവഴി ച്ചത്. ഗതാഗതമേഖല വലിയ പ്രതിസന്ധിയിലാണ്. ഗതാഗത മേഖലയ്ക്ക് നീക്കിവച്ചതിൽ 18.99% ആണ് ചെലവഴിച്ചതായി കാണുന്നത്. നികുതി പിരിവ് നിരാശാജനകമാണ്. 21%-ൽ കൂടുതൽ പിരിച്ചുവെന്നാണ് അവകാശപ്പെടുന്ന ത്. സാധനങ്ങളുടെ വിലക്കയറ്റം വച്ച് കണക്കാക്കുമ്പോൾ നികുതി പിരിവിൽ 150%-ന് മുകളിൽ വർദ്ധനവ് യഥാർത്ഥത്തിൽ ഉണ്ടാകേണ്ടതാണ്. കോഴിക്കച്ച വടക്കാരിൽ നിന്നും സ്വർണ്ണക്കച്ചവടക്കാരിൽ നിന്നുമെല്ലാം നികുതി പിരിക്കു ന്നതുമായി ബന്ധപ്പെട്ട ആക്ഷേപങ്ങളും പരാതികളും നിലനിൽക്കുകയാണ്.

നികുതിപിരിവ് ടാർജറ്റിനെക്കാൾ വർദ്ധിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്താണ്. 2005-06-ൽ, യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ടാർജറ്റിനെക്കാൾ താഴെയായിരുന്നു. 2011-12-ലും നികുതി പിരിവ് ടാർജറ്റിനെക്കാൾ കുറവാണ്. അപ്പോൾ നികുതിപിരിവിന്റെ കാര്യത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാര്യക്ഷമത ഈ ഗവൺമെന്റ് തന്ന കണക്കുകളിലൂടെ തന്നെ വ്യക്തമാക്കിയിരിക്കുകയാണ്. കേരളം രൂപം കൊണ്ടതിനുശേഷം ഇതുവരെയെടുത്ത മൊത്തം കടത്തിന്റെ 18.8% ആണ് ഈ സർക്കാരിന്റെ രണ്ട് വർഷക്കാലത്ത് ഉണ്ടായിരിക്കുന്ന കടം. കേന്ദ്രത്തിൽ നിന്നും അർഹമായ വിഹിതം നേടിയെടുക്കുന്ന കാര്യത്തിൽ ശ്രീ. കെ. എം. മാണി ഉറച്ചുനിൽക്കുമോ എന്നുള്ള ചോദ്യമാണ് ഞങ്ങൾക്ക് ഉന്നയിക്കാനുള്ളത്. അദ്ദേഹത്തിന്റെ വകുപ്പിൽ എല്ലാ രംഗത്തും തകർച്ച മാത്രമാണെന്ന് ഞാൻ പറയുന്നില്ല. കാരുണ്യ ലോട്ടറിയുടെ കാര്യത്തിൽ, ലോട്ടറി വകുപ്പിന്റെ പ്രവർത്തനത്തിൽ നേട്ടമുണ്ടാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. അതിനദ്ദേഹത്തെ അഭിനന്ദിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ് ലോട്ടറി വകുപ്പിനെ സാമൂഹ്യമായി പ്രയോജനപ്പെടുന്ന പല സംരംഭങ്ങളുമായി കൂട്ടിയിണക്കുന്ന ഒരു സമീപനം സ്വീകരിച്ചത്. എന്താണ് മൊത്തത്തിൽ ഈ ഗവൺമെന്റിന്റെ സമീപനം? കേന്ദ്ര സഹകരണ നിയമത്തിന്റെ ചുവട് പിടിച്ചുകൊണ്ട് ഇന്നലെ ഇവിടെ ഒരു നിയമം പാസ്സാക്കുകയുണ്ടായി. യഥാർത്ഥത്തിൽ സഹകരണ മേഖലയെ സംഹരിക്കുന്ന ഒരു നിയമമാണ് ഇവിടെ പാസ്സാക്കിയത്. സഹകരണ വകുപ്പിന്റെ പ്രാധാന്യം നമുക്ക് അറിയാം. മൂന്ന് ലക്ഷം കോടി രൂപയുടെ സ്വർണ്ണം നമ്മുടെ സഹകരണ ബാങ്കുകളിൽ ഉണ്ട്. അറുപത്തി അയ്യായിരമോ, എഴുപതിനായിരമോ കോടിയിൽപ്പരം രൂപയുടെ

നിക്ഷേപം സഹകരണ മേഖലയിലുണ്ട്. ഇന്ന് നമ്മുടെ സഹകരണ സ്ഥാപന ങ്ങളുടെയെല്ലാം കൈവശമുള്ള സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയുമെല്ലാം മൂല്യം കണക്കാക്കിയാൽ എത്ര വരുമെന്ന് മുൻ സഹകരണ വകുപ്പുമന്ത്രി യോട് ചോദിച്ച് ഞാൻ മനസ്സിലാക്കി. എഴുപത്തി അയ്യായിരം മുതൽ ഒരു ലക്ഷം കോടി രൂപയുടെ ആസ്തി സ്ഥലവും കെട്ടിടവുമായി സഹകരണ മേഖലയ്ക്കുണ്ട്. ഈ സഹകരണ മേഖലയെ തകർക്കുന്ന, ഊഹക്കച്ചവട /ധനകാര്യ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലേയ്ക്ക് വലിച്ചെറിഞ്ഞുകൊടു ക്കുന്ന ഒരു കരിനിയമമാണ് ഇന്നലെ ഇവിടെ പാസ്സാക്കിയത്. ഈ കരി നിയമം, ഈ ഗവൺമെന്റ് പാസ്സാക്കിയില്ലെങ്കിലെ അത്ഭുതമുള്ളു. കാരണം കേന്ദ്ര ഗവൺമെന്റ് ഇതുപോലുള്ള നിയമങ്ങൾ കൊണ്ടുവരികയാണ്. ബാങ്കിംഗ് ഭേദഗതി നിയമം ലോക്സഭ പരിഗണനയ്ക്ക് എടുത്തപ്പോൾ അവിടെ സംഭവിച്ച കാര്യം നിങ്ങൾ മനസ്സിലാക്കണം. ഇന്ത്യയിലെ ബാങ്കു കളെ ബാധിക്കുന്ന നിയമമാണത്. എഴുപത് ലക്ഷം കോടി രൂപയാണ് ഇന്ത്യ യിലെ ബാങ്കുകളിൽ നിക്ഷേപമുള്ളത്. ഈ ബാങ്കിംഗ് മേഖലയെ ശക്തിപ്പെടു ത്തുന്നതിൽ, ഇന്നലത്തെ ചർച്ചയിൽ പലരും ചൂണ്ടിക്കാണിച്ചതുപോലെ ഇന്ദിരാഗാന്ധി ഉറച്ചുനിന്നെടുത്ത ഒരു സമീപനം - ബാങ്ക് ദേശസാത്ക്കരണ നിയമം ഒരു പങ്ക് വഹിച്ചിട്ടുണ്ട്. അതിൽ യാതൊരു സംശയവുമില്ല. അത് ഇന്ദിരാ ഗാന്ധി വിചാരിച്ചാൽ മാത്രം പാസ്സാക്കാൻ കഴിയുമായിരുന്നില്ല. ഇട തുപക്ഷ പാർട്ടികളും കൂടി സഹകരിച്ചതുകൊണ്ടാണ് ബാങ്ക് ദേശസാത്ക്കര ണ നയവുമായി ഇന്ദിരാഗാന്ധി മുന്നോട്ടുപോയത്. എന്നാൽ ബാങ്ക് ദേശസാ ത്ക്കരണത്തെ മുഴുവൻ അസാധുവാക്കുന്ന ഭേദഗതിയാണ് ഇപ്പോൾ ബാങ്കിംഗ് നിയമ ഭേദഗതിയായി ലോകസഭയിൽ പാസ്സാക്കിയത്. അത് വന്ന പ്പോൾ ഇടതുപക്ഷത്തിൽപ്പെട്ട 27 പേർ എതിർത്തു. അതിനെ അനുകൂലിച്ചത്

205 പേരാണ്. എന്താണ് ലോകസഭയുടെ സ്ട്രെങ്ത്? ലോക്സഭയിൽ 543 അംഗങ്ങളുണ്ട്. അനുകൂലിച്ചത് 205 പേർ. 27 പേർ എതിർത്തു വിട്ടുനിന്നത് 238 പേർ. വിട്ടുനിന്നതും എതിർത്തതും കൂട്ടിയാൽ ലോക്സഭയിലെ ഭൂരിപക്ഷം അംഗങ്ങൾ എതിർക്കുകയൊ വിയോജിക്കുകയോ ചെയ്ത ഒരു നിയമത്തെ ന്യൂനപക്ഷം വരുന്ന 205 ലോക്സഭാ അംഗങ്ങളുടെ പിന്തുണയോടുകൂടി പാസ്സാക്കി നമ്മുടെ ബാങ്കിംഗ് മേഖലയെ ആഗോള ധനകാര്യ മൂലധനത്തിന് വലിച്ചെറിഞ്ഞുകൊടുക്കുന്ന, ഇന്ത്യൻ  കുത്തകകൾക്ക് വലിച്ചെറിഞ്ഞുകൊടുക്കുന്ന നിയമഭേദഗതിയാണ് ബി.ജെ.പി.-യുമായി സഹകരിച്ചുകൊണ്ട് കോൺഗ്രസ് പാസ്സാക്കിയത്. നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക സുസ്ഥിരതയെ പ്രതികൂലമായി ബാധിക്കുന്ന പല കാര്യങ്ങളിലും  കോൺഗ്രസും ബി.ജെ.പി.-യും തമ്മിൽ ഒരമ്മപെറ്റ ഇരട്ടക്കുട്ടികളെപ്പോലെ പെരുമാറിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ്  നമ്മൾ കാണുന്നത്. ഇതുമാത്രമല്ല, 16 ലക്ഷം കോടി രൂപ കുത്തക ധനകാര്യ സ്ഥാപനങ്ങൾക്കെടുത്ത് കൈകാര്യം ചെയ്യാൻ അനുമതി കൊടുക്കുന്ന ഒരു വകുപ്പും ഈ ബാങ്കിംഗ് ഭേദഗതി നിയമത്തിലുണ്ട്. ഇത്തരം നയങ്ങളെയാണ് ശ്രീ. വി. എം. സുധീരനെപ്പോലെ കോൺഗ്രസിൽത്തന്നെയുള്ള തത്വദീക്ഷയുള്ള വ്യക്തികൾ എതിർക്കുന്നത് എന്ന് നമ്മൾ കാണണം. കഴിഞ്ഞ ദിവസം പുറത്തുവന്ന ചില വിവരങ്ങളുണ്ട്. ഇന്ത്യയുടെ റിസർവ്വ് ബാങ്ക് ഗവർണർ ഡോ. സുബ്ബറാവു കറണ്ട് അക്കൗണ്ട് കമ്മിയുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് ഉത്കണ്ഠ പ്രകടിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം 4.2% ആയിരുന്ന കറണ്ട് അക്കൗണ്ട് കമ്മി  ഈ വർഷം 5.3% ആയി ഉയർന്നിരിക്കുകയാണ്. രൂപയുടെ മൂല്യം 20% ഇടിഞ്ഞിട്ടുണ്ടെന്ന് നമ്മൾ കാണണം. സാമ്പത്തിക മേഖല, കാർഷിക മേഖല തുടങ്ങിയ മേഖലകളിലെല്ലാം രാജ്യം തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുമ്പോൾ ആരും ശക്തിപ്പെടി

ല്ലായെന്ന് പറയാൻ കഴിയില്ല, ഇവിടെ ചിലർ വളരുന്നുണ്ട്. കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള യു.പി.എ. ഗവൺമെന്റിന്റെ ഭരണകാലത്ത്, 2004-ൽ ഇന്ത്യയിൽ 9 ശതകോടീശ്വരന്മാരാണ് ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ അത് 61 ശതകോടീശ്വരന്മാരായിട്ട് ഉയർന്നിരിക്കുന്നു. എട്ട് വർഷം കൊണ്ട് സംഭവിച്ചതാണ്. 86 കോടി 20 ലക്ഷം ജനങ്ങൾക്ക് ഒരു ദിവസം 20 രൂപയിൽ താഴെ മാത്രം വരുമാനമുള്ളപ്പോൾ ഇന്ത്യയിലെ ശതകോടീശ്വരന്മാരുടെ ആസ്തി പന്ത്രണ്ട് ലക്ഷത്തി അയ്യായിരം കോടിയായി വർദ്ധിച്ചിരിക്കുകയാണ്. ഈ അതിഭീമമായ സംഖ്യ മനസ്സിൽ ഉൾക്കൊള്ളാൻതന്നെ നമുക്ക് കഴിയാത്ത സ്ഥിതിവിശേഷമാണുള്ളത്. ഇങ്ങനെയുള്ള നമ്മുടെ രാജ്യത്ത് 16.8 ലക്ഷം കുട്ടികൾ അഞ്ച് വയസ്സ് എത്തുന്നതിനുമുമ്പ് മരണമടഞ്ഞുകൊണ്ടിരിക്കുകയാണ്. ഒരു ഭാഗത്ത് സമ്പത്ത് കുന്നുകൂടുന്നു. മറുഭാഗത്ത് പോഷകാംശമുള്ള ഭക്ഷണം കഴിക്കാനോ അസുഖമുണ്ടായാൽ ചികിത്സിക്കാനോ കഴിയാതെ കുഞ്ഞുങ്ങൾ മരണമടയുന്നു. ഇന്ത്യയിൽ ഓരോ പത്ത് മിനിട്ടിലും പ്രസവവേളയിൽ ഒരു സ്ത്രീ മരിക്കുകയാണ്. നമ്മൾ ഈ സഭയിൽ സ്ത്രീകളുടെ അന്തസും പദവിയുമൊക്കെ കാത്തുസൂക്ഷിക്കുന്നതിനെക്കുറിച്ച് ഒരു നിയമം ചർച്ച ചെയ്യാൻ പോകുകയാണ്. പക്ഷേ പ്രസവാവസരത്തിൽ സ്ത്രീകൾ മരിക്കുന്ന സ്ഥിതിവിശേഷം, അവർക്ക് വേണ്ട സംരക്ഷണം കൊടുക്കാൻ കഴിയാത്ത ദാരുണമായ സ്ഥിതിവിശേഷം നമ്മുടെ രാജ്യത്ത് തുടരുകയാണ്. ഈ സാഹചര്യത്തിലാണ് ഈ നയങ്ങൾക്കെല്ലാം എതിരായ പോരാട്ടങ്ങളിൽ ജനങ്ങളെ അണിനിരത്താൻ ഇടതുപക്ഷ പുരോഗമന ശക്തികൾ നിർബന്ധിതരായിത്തീരുന്നത്. എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ ബെന്നി ബെഹനാൻ സംസാരിച്ചപ്പോൾ അദ്ദേഹത്തിന് ഈ ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ചോ ഈ ധനവിനിയോഗ ബിൽ പാസ്സാക്കിക്കൊടുത്താൽ ആ പണമുപയോഗിച്ചു

കൊണ്ട് കേരളത്തിനുവേണ്ടി ഈ ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെക്കുറിച്ചോ ഒന്നും പറയാനുണ്ടായിരുന്നില്ല. അദ്ദേഹം അദ്ദേഹത്തിന്റെ പ്രസംഗത്തിൽ മുഖ്യമായി ഉന്നയിച്ച ഒരു വാദഗതി പരാജയപ്പെടുന്ന സമരങ്ങളാണ് ഇടതുപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത് എന്നാണ്. ഞങ്ങൾ നടത്തുന്ന സമരങ്ങൾ പരാജയപ്പെട്ടോ ഇല്ലയോ എന്നുള്ളത് ചരിത്രം വിധിയെഴുതും. അധികം സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പക്ഷേ ഞങ്ങൾ നടത്തുന്ന സമരത്തിൽ ശ്രീ. ബെന്നി ബെഹനാനും കൂട്ടരും കൂടി യോജിക്കാൻ നിർബന്ധിതരായിരിക്കുകയാണ്. ഫെബ്രുവരി 20, 21 തീയതികളിൽ അഖിലേന്ത്യാതലത്തിൽ തൊഴിലാളികൾ പണിമുടക്കുകയാണ്. ആ സമരത്തിൽ ശ്രീ. പാലോട് രവിയുണ്ട്. 20, 21 തീയതികളിൽ സഭ സമ്മേളിക്കാൻ തീരുമാനിച്ചിരുന്നതാണ്. കാര്യോപദേശക സമിതിയിൽ ശ്രീ. പാലോട് രവി കൂടി സഹകരിച്ചുകൊണ്ട് യോജിച്ചു തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് സഭയിൽ സമ്മേളിക്കുന്നവർക്കുകൂടി സമരത്തിൽ പങ്കെടുക്കാൻ സൗകര്യപ്പെടുത്തിക്കൊണ്ട് സഭാ സമ്മേളനം 19-ന് സമാപിപ്പിക്കാൻ തീരുമാനിച്ചത് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സമര സന്ദേശ യാത്ര നടത്തുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സി.ഐ.ടി.യു., ഐ.ടി.യു.സി., ഐ.എൻ.ടി.യു.സി., എച്ച്.എം.എസ്., ബി.എം.എസ്., എസ്.ടി.യു. തുടങ്ങിയ തൊഴിലാളി സംഘടനകൾ ഈ പണിമുടക്കിൽ പങ്കെടുക്കുന്നുണ്ട്. അങ്ങയും മനസ്സുകൊണ്ട് ഈ സമരത്തെ അനുകൂലിക്കുകയല്ലേ. ഇൻഡ്യയിലെ മുഴുവൻ തൊഴിലാളി സംഘടനകളും പത്തുകോടിയിലധികം വരുന്ന തൊഴിലാളികളും 48 മണിക്കൂർ പണിമുടക്കാൻ പോകുകയാണ്. സ്വതന്ത്ര ഇൻഡ്യയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് തൊഴിലാളികൾ 48 മണിക്കൂർ പണിമുടക്കുന്നത്. ഈ പണി

മുടക്ക് നടന്നു കഴിഞ്ഞിട്ട് വീണ്ടും ബഡ്ജറ്റുമായി ബന്ധപ്പെട്ട് സഭ സമ്മേളിക്കുമ്പോൾ 20, 21 തീയതികളിലെ സമരവും പരാജയപ്പെട്ട സമരമാണെന്ന് ശ്രീ. ബെന്നി ബെഹനാൻ പറയുമോ? ഈ രാജ്യത്തെ തൊഴിലാളികൾ, ജനങ്ങൾ, കൃഷിക്കാർ, വിദ്യാർത്ഥികൾ, മഹിളകൾ എല്ലാവരും സമരം ചെയ്യാൻ നിർബന്ധിതരായിരിക്കുകയാണ്. ഇൻഡ്യയുടെ തലസ്ഥാനത്ത് ഒരു സമരം നടന്നു. രാഷ്ട്രപതി ഭവന്റെ അടുത്തുള്ള റെയ്സിനാ കുന്നിൽ നടന്ന സമരത്തിൽ ആയിരക്കണക്കിന് സ്ത്രീകൾ സ്വമേധയാ പങ്കെടുത്തു. അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷന്റെയും മഹിളാ സംഘത്തിന്റെയുമൊക്ക ആളുകളുണ്ടായിരുന്നു, ഒരു സംഘത്തിലുമില്ലാത്തവരുമുണ്ടായിരുന്നു. ആ സമരത്തെക്കുറിച്ച് ഇൻഡ്യയുടെ പരമോന്നത നീതിപീഠത്തിന്റെ അദ്ധ്യക്ഷത വഹിക്കുന്ന വ്യക്തി, ചീഫ് ജസ്റ്റിസ് ഓഫ് ഇൻഡ്യ പറഞ്ഞത്, ആ സമരത്തിൽ പങ്കെടുത്തവരോടൊപ്പം എനിക്കും ചേരാൻ താല്പര്യമുണ്ടായിരുന്നു, ഇരിക്കുന്ന കസേരയുടെ ഉത്തരവാദിത്തം കൊണ്ട് എനിക്കതിന് കഴിയാത്തതാണ് എന്നാണ്. ബഹുമാനപ്പെട്ട ബെന്നി ബെഹനാൻ ഇത്തരത്തിൽ വിവിധ വിഭാഗം ജനങ്ങൾ നടത്തുന്ന സമരത്തെ അടച്ചാക്ഷേപിക്കാൻ പാടുണ്ടോ? കേരളത്തിൽ ഭൂസമരം നടത്തിയത് ആരാണ്. ഭൂസമരത്തിന്റെ നേട്ട-കോട്ടങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഇവിടെത്തെ തണ്ണീർത്തടങ്ങളും നെൽവയലുകളും നികത്താൻ ഭൂമാഫിയയ്ക്ക് കൂട്ടുനിൽക്കുന്ന സംസ്ഥാന ഗവൺമെന്റിന്റെ സമീപനത്തിന് എതിരായിട്ടാണ് ഞങ്ങൾ പോരാട്ടം നടത്തിയത്. ഇത്തരം പോരാട്ടങ്ങൾ തുടർന്നുമുണ്ടാകും.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്... അഞ്ച് മിനിട്ട് കൂടുതലെടുത്തുകഴിഞ്ഞു. ഇതു കഴിഞ്ഞതിനുശേഷം മൂന്നു ബില്ലുകളുണ്ട്.

ശ്രീ. എം. എ. ബേബി: ഞാൻ അവസാനിപ്പിക്കുകയാണ്. സ്ത്രീ പീഡനവുമായി ബന്ധപ്പെട്ട ഏതു കേസും അന്വേഷിച്ച് കുറ്റവാളികളുടെ മേൽ നടപടിയെടുക്കണമെന്നാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ആവശ്യം. എന്നാൽ മറുഭാഗത്ത് അത്തരം കേസ്സുകളിൽപെട്ടവർക്ക് സ്ഥാനക്കയറ്റം കൊടുക്കുന്ന സമീപനമാണ് ഉണ്ടാകുന്നത്. സഖാവ് വി.എസ്. അച്ചുതാനന്ദന്റെ പ്രതിപക്ഷ നേതൃത്വസ്ഥാനത്തെക്കുറിച്ചെല്ലാം .......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. എം. എ. ബേബി: ഞാൻ അവസാനിപ്പിക്കുകയാണ്. ഈ സഭയിലെ പ്രതിപക്ഷ നേതാവിനെക്കുറിച്ച് അപവാദം പറഞ്ഞു. അതിനെക്കുറിച്ച് പ്രതികരിക്കാതിരിക്കാൻ കഴിയുമോ? സി.പി.ഐ.(എം) എന്നു പറയുന്ന പാർട്ടി ഓരോ പ്രശ്നത്തിലും പാർട്ടിക്കുള്ളിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്ന പാർട്ടിയാണ്. പത്രങ്ങളിൽ വരുന്ന ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ സഭയിൽ ചർച്ച ചെയ്യുന്നത് അർത്ഥശൂന്യമാണ്. ടെൻ ജൻപഥിൽ നിന്ന് നോമിനേറ്റ് ചെയ്യുന്നവരെ ചുമന്നുകൊണ്ടു നടക്കുന്ന ഒരു പ്രസ്ഥാനമല്ല ഇടതുപക്ഷ ജനാധിപത്യ മുന്നണി എന്നാണ് പറയാനുള്ളത്. പിന്നെ സ്ഥാനം മാറ്റുന്നതിനെക്കുറിച്ചു പറയുമ്പോൾ ആദരണീയനായ കേന്ദ്ര പ്രതിരോധ മന്ത്രിയെ മുമ്പ് മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് മാറ്റി മുഖ്യമന്ത്രി സ്ഥാനമേറ്റെടുത്തയാളാണ് അപ്പുറത്തിരിക്കുന്നത്. ഇപ്പോൾ ഇരിക്കുന്ന അദ്ദേഹത്തിനെ മാറ്റാൻ ആരെങ്കിലും ആലോചിക്കുന്നുണ്ടോ എന്നുള്ള കാര്യവും അന്വേഷിക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, വളരെ പരിചയ സമ്പന്നനായ ശ്രീ. എം.എ. ബേബി. ധന

വിനിയോഗത്തെപ്പറ്റി വേണ്ടത്ര കാര്യങ്ങൾ പറയും, പുതിയ വെളിച്ചം ഞങ്ങൾക്കുണ്ടാകും എന്നാണ് ഞാൻ കരുതിയത്. പക്ഷേ, അദ്ദേഹം ഇൻഡ്യൻ രാഷ്ട്രീയത്തെ സംബന്ധിച്ചും പൊതുവായ കാര്യങ്ങളെക്കുറിച്ചു മൊക്കെ രാഷ്ട്രീയ പ്രസംഗം നടത്തുകയാണ് ചെയ്തത്. അതുകൊണ്ട് എന്റെ ജോലി വളരെ ലഘൂകരിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹം ഒരു കാര്യം പറ ഞ്ഞു, എം.എൽ.എ.മാരുടെ വികസന ഫണ്ട് തടഞ്ഞുവച്ചിരിക്കുകയാണ് എന്ന്. അദ്ദേഹം പറഞ്ഞത് വളരെ തെറ്റായ കാര്യമാണ്. 4/2/2013-ൽ ഞാൻ എം.എൽ.എ.മാർക്ക് അയച്ച സർക്കുലർ, ഇങ്ങനെ ആരെങ്കിലും ചെയ്തി ട്ടുണ്ടോ എന്ന് എനിക്കറിയില്ല. അതിൽ ഞാൻ പറഞ്ഞിരിക്കുന്നത്, ഭൂരിഭാഗം സാമാജികരും മുൻവർഷങ്ങളിൽ അനുവദിച്ച തുക പൂർണ്ണമായി വിനിയോഗി ച്ചിട്ടില്ല. അതിനാൽ അതാത് ജില്ലാ കളക്ടർമാർ ഇതിലേയ്ക്ക് പ്രത്യേകമായി സൂക്ഷിക്കുന്ന ടി.എസ്.ബി. അക്കൗണ്ടിൽ ധാരാളം തുക മിച്ചമായി അവശേ ഷിക്കുന്നു. ഈ സാഹചര്യത്തിൽ മിച്ചമുള്ള തുക പൂർണ്ണമായി വിനിയോഗിച്ച തിനുശേഷം മാത്രമെ പുതിയ തുക പ്രസ്തുത അക്കൗണ്ടുകളിലേയ്ക്ക് കൈമാറേണ്ടതായിട്ടുള്ളൂ, താങ്കളുടെ മണ്ഡലത്തിലേയ്ക്ക് അനുവദിച്ചിട്ടുള്ള ഫണ്ടിൽ ചെലവഴിച്ചതൊഴികെ ടി.എസ്.ബി. അക്കൗണ്ടിൽ ബാക്കി എന്തെ ങ്കിലും അവശേഷിച്ചിട്ടുണ്ടെങ്കിൽ ആയത് വിനിയോഗിച്ചുകൊണ്ട് പ്രവൃത്തി കൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ ജില്ലാ കളക്ടറുമായി ആലോചിച്ച് ചെയ്യണം എന്നാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് പറയുന്നത് ടി.എസ്.ബി. അക്കൗണ്ടിലെ ഫണ്ട് ചെലവഴിച്ചതിനുശേഷം മാത്രമെ പുതുതായി പണം

ട്രാൻസ്ഫർ ചെയ്യൂ എന്നാണ്. പക്ഷേ, ഈ വർഷം എനിക്ക് അനുവദിക്കപ്പെട്ടിട്ടുള്ള വർക്കുകൾ കൊടുക്കുന്നതിന് തടസ്സമില്ലല്ലോ.

ശ്രീ. കെ. എം. മാണി: സർ, ചെലവഴിച്ചാൽ ട്രാൻസ്ഫർ ചെയ്യുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ; ചെലവഴിക്കുന്നതിന് അനുസരിച്ച് ട്രാൻസ്ഫർ ചെയ്തുകൊണ്ടിരിക്കുകയല്ലേ. It is a continuing process. ചെലവഴിക്കണമെന്ന് പറയുമ്പോൾ അതിന്റെ അർത്ഥം ട്രാൻസ്ഫർ അതോടുകൂടി വരുമെന്നാണ്. It is automatic. ബഹുമാനപ്പെട്ട മുൻ ധനകാര്യവകുപ്പു മന്ത്രി അങ്ങനെ പറഞ്ഞ് രക്ഷപ്പെടരുത്. എനിക്ക് പറയാനുള്ളത്, ജില്ലാ കളക്ടർമാരുടെ ടി.എസ്.ബി. അക്കൗണ്ടിലുള്ളതു മുഴുവൻ ചെലവഴിക്കണം, അതിന് എം.എൽ.എ.മാരെ അലെർട്ട് ചെയ്തു. അത് വച്ചുകൊണ്ടിരിക്കാനാണെങ്കിൽ, ചെലവഴിച്ചില്ലെങ്കിൽ അത് സേവിംഗ്സായി കിട്ടുമല്ലോ. അങ്ങനെ ചെലവഴിക്കണമെന്ന് നിർദ്ദേശിക്കുന്ന ഒരു ധനകാര്യ മന്ത്രി ഇവിടെ ധനകാര്യ മാനേജ്മെന്റ് നടത്തുമ്പോൾ ബഹുമാനപ്പെട്ട എം.എ. ബേബി അങ്ങനെ സംസാരിച്ചത് തെറ്റായിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ബഹുമാനപ്പെട്ട പി.ടി.എ. റഹീം ഒരു കാര്യം പറയുകയുണ്ടായി, ആസ്തി വികസന ഫണ്ട് 705 കോടി രൂപ കൊടുത്തു, അതിൽ വലിയ കാര്യമൊന്നുമില്ല, അതൊന്നും ചെലവഴിച്ചില്ല എന്ന് പറഞ്ഞു. ഞാൻ ഒരു കാര്യം എം.എൽ.എ.മാരെ അറിയിക്കുകയാണ്, സ്പെഷ്യൽ അസെറ്റ് ഡെവലപ്മെന്റിന് അനുവദിച്ച 705 കോടി രൂപയിൽ ഫിനാൻസ് ഡിപ്പാർട്ട്മെന്റ് 350 കോടി രൂപയുടെ ക്ലിയറൻസ് കൊടുത്തുകഴിഞ്ഞു. ഇതിന്റെ പ്രൊസീഡ്യൂവർ എന്താണെന്ന് അറിയാമോ? ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഫിനാൻസ് ഡിപ്പാർട്ട്മെന്റിൽ വരുമ്പോഴാണ് ക്ലിയറൻസ് കൊടുക്കുന്നത്. അത് ബഹുമാനപ്പെട്ട തോമസ് ഐസക്കിന് അറിയാം.

അങ്ങനെ വന്നതിൽ 99 ശതമാനത്തിനും ക്ലിയറൻസ് കൊടുത്തു. ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് വരാത്തത് ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ കുഴപ്പമാണോ? ..... (ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ സംസാരിക്കുന്നത് മറ്റുള്ളവർക്ക് കേൾക്കണ്ടേ.

ശ്രീ. കെ. എം. മാണി: സർ, ഒറ്റ കാര്യം, ഇത് തർക്കവിഷയമല്ല. വർക്കിന്റെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഫിനാൻസ് ഡിപ്പാർട്ട്മെന്റിൽ വന്നാൽ ആ നിമിഷത്തിൽ ക്ലിയറൻസ് കൊടുക്കും. വന്നതിൽ 99 ശതമാനത്തിനും ക്ലിയറൻസ് കൊടുത്തു എന്ന് ഉത്തരവാദിത്തത്തോടുകൂടി ഞാൻ പറയുന്നു. ബഹുമാനപ്പെട്ട എം.എ. ബേബി നിങ്ങൾ എത്ര പദ്ധതി നടപ്പിലാക്കി എന്ന് ചോദിച്ചു. ബഡ്ജറ്റിൽ ഡിപ്പാർട്ട്മെന്റുകളുടെ എല്ലാംകൂടി ന്യൂ അനൗൺസ്മെന്റുണ്ടായിരുന്നത് 250 ആണ്, ഓൺഗോയിംഗ് 130 ആണ്, അങ്ങനെ ആകെ 380 സ്കീമുകളാണ് ഉണ്ടായിരുന്നത്. അതിൽ 350 സ്കീമും നടപ്പിലാക്കി. 30 എണ്ണം മാത്രമാണ് നടപ്പിലാക്കാതെ അവശേഷിക്കുന്നത്. മൈതാനത്ത് വെറുതെ പറയുന്നതുപോലെ ഇതൊക്കെ നിയമസഭയിൽ വന്ന് പറയാൻ കഴിയുമോ. നിയമസഭയിൽ പറയുമ്പോൾ Accurate ആയി പറയണം.

ശ്രീ. എം. എ. ബേബി: സർ, നടപ്പിലാക്കി എന്നു പറയുന്നതിന്റെ ലിസ്റ്റ് അങ്ങ് സഭയിൽ വയ്ക്കുമോ?

<u>ശ്രീ. കെ. എം. മാണി</u> : ഏതൊക്കെ സ്കീമിന്റെ ലിസ്റ്റ് വേണമെന്ന് കൃത്യമായി പറഞ്ഞാൽ അതാതിന്റെ തരാം.. ...(ബഹളം)... ഒരു വിഷമവും ഇല്ല തരാം. ശ്രീ. ബേബിക്ക് ഇവിടെ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കിയ തിന്റെ ലിസ്റ്റ് തരുന്നതായിരിക്കും. ശ്രീ. എം.എ. ബേബി കൊമേഴ്സ്യൽ ടാക്സ് പിരിവ് കുറഞ്ഞുപോയി എന്നു പറഞ്ഞത് ലിസ്റ്റ് നോക്കിയിട്ടാണോ എന്നെനിക്കറിയില്ല. 2011-2012-ലെ ബി.ഇ. 19,500 ആയിരുന്നു. 2012-2013-ൽ ബി.ഇ 23,590 ആയി. എന്നു പറഞ്ഞാൽ 22% ഗ്രോത്ത് റേറ്റാണ് വിഭാവന ചെയ്തിട്ടുള്ളത്. Collection up to January 31st 18,230 രൂപ പിരിഞ്ഞു. 22% ഗ്രോത്ത് റേറ്റ് വിഭാവന ചെയ്തത് ജനുവരിയിൽ കൈവരിച്ചിരിക്കുന്നു. ഇനി ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഗ്രോത്ത് റേറ്റ് എത്ര ഉയരുമെന്ന്........ അപ്പോൾ ഗ്രോത്ത് റേറ്റ് എത്രയോ ഉയരാൻ പോകുകയാണ്. അപ്പോഴാണ് നിങ്ങൾ അത്ഭുതപ്പെടാൻ പോകുന്നത് എന്നുമാത്രമേ എനിക്ക് അതിനെപ്പറ്റി പറയാനുള്ളു. സോഷ്യൽ സെക്യൂരിറ്റി, പെൻഷൻ എത്ര കൊടുത്തു എന്നൊരു ചോദ്യം ബഹുമാനപ്പെട്ട ഒരു എം.എൽ.എ ഇവിടെ ചോദിച്ചു.. ബഡ്ജറ്റ് പ്രൊവിഷൻ എത്രയാണെന്ന് അറിയാമോ? സാമൂഹ്യ പെൻഷന് ബഡ്ജറ്റിൽ 867 കോടി രൂപയാണ് ആകെയുള്ള സാമൂഹ്യ പെൻഷൻ ആനുകൂല്യങ്ങൾ. അഡീഷണൽ ഫണ്ട് 451 കോടി രൂപ അഡീഷണൽ ആതറൈസേഷനും കൂടെ കൊടുത്തു. അങ്ങനെ മൊത്തം 1,318 കോടി രൂപയുടെ സാമൂഹ്യസുരക്ഷാ പദ്ധതികളാണ് നമുക്ക് നടപ്പിലാക്കേണ്ടത്. നവംബർ മാസംവരെയുള്ള മുഴുവൻ പെൻഷനും വിതരണം ചെയ്തു. ഇതു വരെ ചെലവഴിച്ചത് 917 കോടി രൂപയാണ്. ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ 106% ചെലവഴിച്ചു. രണ്ടാമത്തേത് അഡീഷണൽ ആതറൈസേഷനുവേണ്ടി കൊടുത്തതാ

ണ്. ഡോ. തോമസ് ഐസക്കിന്റെ കാലഘട്ടത്തിൽ ഉണ്ടാകാത്തൊരു കാര്യംകൂടി ഇവിടെ ചെയ്തിട്ടുണ്ട്. ഡിസംബർ, ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പെൻഷൻ 2013 മാർച്ച് ആദ്യംതന്നെ വിതരണം ചെയ്യാൻ ഡയറക്ഷൻ കൊടുത്തുകഴിഞ്ഞു. മാർച്ച് മാസം ആദ്യത്തെ വീക്കിൽ മുഴുവൻ കൊടുക്കാൻ ഇപ്പോൾതന്നെ ഡയറക്ഷൻ കൊടുത്തു കഴിഞ്ഞു. ഇതുപോലെ up-to-date ആയി ഒരു ഗവൺമെന്റിന് ഇതിൽ കൂടുതൽ എങ്ങനെയാണ് ചെയ്യാൻ കഴിയുന്നത്. അതുകൊണ്ട് ഇപ്പോൾ വാസ്തവത്തിൽ പറഞ്ഞാൽ നിങ്ങൾ ഈ ഗവൺമെന്റിനെ മനസ്സിലെങ്കിലും.......ശ്രീ. ബേബി പുറമെ പറയണ്ട, ശ്രീ. ബേബി ഈ ഗവൺമെന്റ് നല്ലതാണ്, അവർ നല്ലകാര്യം ചെയ്തു എന്ന് മനസ്സുകൊണ്ടെങ്കിലും പറയണം. ഇവിടെ ഒന്നും പറയണ്ട. അങ്ങനെ ഒരു പ്രതിപക്ഷം ഒരിക്കലും പറയരുത്. ഒരു പ്രതിപക്ഷം നല്ലത് ചെയ്താലും നല്ലതെന്ന് പറഞ്ഞാൽ അവർക്ക് വോട്ട് നേടാൻ സാധിക്കുമോ? ഇല്ല. അതുകൊണ്ട് അങ്ങനെ പറയണ്ട. എങ്കിലും സ്വകാര്യ സംഭാഷണത്തിൽ എ.കെ.ജി. സെന്ററിൽ ഇത് വിലയിരുത്തുമ്പോൾ ശ്രീ. ബേബി തന്നെ ഒന്നു പറഞ്ഞാൽമതി. When all is said and done, the U.D.F. Government is better than any other Government എന്ന് ഒന്നു പറഞ്ഞാൽ മാത്രം മതി. അതുകൊണ്ട് എന്റെ മന:സാക്ഷി അനുസരിച്ച് നല്ല ഒരു ഗവൺമെന്റ്, വികസനം ത്വരിതപ്പെടുത്തുന്ന ഗവൺമെന്റ്, ജനക്ഷേമം കൈവരുത്തുന്ന ഗവൺമെന്റ്, വികസനവും കരുതലും അതാണ് ഞങ്ങളുടെ കൈവശമുള്ള സമ്പത്ത്. അതുകൊണ്ട് ഈ രാജ്യത്തെ ജനങ്ങളോട് നീതി പുലർത്തിയ ഒരു ഗവൺമെന്റ്, രാജ്യത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ഞങ്ങൾ വളരെ മുന്നിലാണ്. അതുകൊണ്ട് ഈ ബിൽ പാസ്സാ

ക്കിതരണം, ഈ അപ്രോപ്രിയേഷൻ പാസ്സാക്കി തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : 2013-ലെ ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

**അനുകൂലിക്കുന്നവർ..........................**

പ്രതികൂലിക്കുന്നവർ ............................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**2-ഉം 3-ഉം വകുപ്പുകൾ**

(ഭേദഗതിയില്ല.)

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............................

പ്രതികൂലിക്കുന്നവർ......................

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പട്ടിക**

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ............................

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**1-ാം വകുപ്പും പീഠികയും പേരും**

(ഭേദഗതിയില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ ............................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി : സർ, 2013-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2013-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ .........

ശ്രീ. എ.കെ. ബാലൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ 69

1. ശ്രീ. അനൂപ് ജേക്കബ്
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. ടി. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ

9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. കെ. ബാബു
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
13. ശ്രീ. വി. ടി. ബൽറാം
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. ബെന്നി ബെഹനാൻ
16. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
17. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
18. ശ്രീ. കെ. ബി. ഗണേഷ് കുമാർ
19. ശ്രീ. എ. റ്റി. ജോർജ്
20. ശ്രീ. പി. സി. ജോർജ്
21. ശ്രീ. ഹൈബി ഈഡൻ
22. കുമാരി പി. കെ. ജയലക്ഷ്മി
23. ഡോ. എൻ. ജയരാജ്
24. ശ്രീ. കെ. സി. ജോസഫ്
25. ശ്രീ. പി. ജെ. ജോസഫ്
26. ശ്രീ. ജോസഫ് വാഴക്കൻ
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. കെ. എൻ. എ. ഖാദർ
29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. റ്റി. യു. കുരുവിള
31. ശ്രീ. ലൂഡി ലൂയിസ്
32. ശ്രീ. പി. എ. മാധവൻ
33. ശ്രീ. സി. മമ്മൂട്ടി
34. ശ്രീ. കെ. എം. മാണി
35. ശ്രീ. കെ. പി. മോഹനൻ
36. ശ്രീ. സി. മോയിൻകുട്ടി
37. ശ്രീ. മോൻസ് ജോസഫ്
38. ശ്രീ. ആര്യാടൻ മുഹമ്മദ്
39. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
40. ഡോ. എം. കെ. മുനീർ
41. ശ്രീ. കെ. മുരളീധരൻ
42. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
43. ശ്രീ. ഉമ്മൻ ചാണ്ടി
44. ശ്രീ. അടൂർ പ്രകാശ്
45. ശ്രീ. റ്റി. എൻ. പ്രതാപൻ
46. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

47. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
48. ശ്രീ. സി. പി. മുഹമ്മദ്
49. ശ്രീ. പാലോട് രവി
50. ശ്രീ. റോഷി അഗസ്റ്റിൻ
51. ശ്രീ. വി. പി. സജീന്ദ്രൻ
52. ശ്രീ. എൻ. ശക്തൻ
53. ശ്രീ. വി. ഡി സതീശൻ
54. ശ്രീ. ഷാഫി പറമ്പിൽ
55. ശ്രീ. കെ. എം. ഷാജി
56. ശ്രീ. എൻ. ഷംസുദ്ദീൻ
57. ശ്രീ. എം. വി. ശ്രേയാംസ് കുമാർ
58. ശ്രീ. ഷിബു ബേബി ജോൺ
59. ശ്രീ. കെ. ശിവദാസൻ നായർ
60. ശ്രീ. വി. എസ്. ശിവകുമാർ
61. ശ്രീ. സണ്ണി ജോസഫ്
62. ശ്രീ. സി. എഫ്. തോമസ്
63. ശ്രീ. തോമസ് ഉണ്ണിയാടൻ
64. ശ്രീ. പി. ഉബൈദുള്ള
65. ശ്രീ. എം. ഉമ്മർ
66. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
67. ശ്രീ. എം. എ. വാഹീദ്
68. ശ്രീ. എം. പി. വിൻസെന്റ്
69. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ</u> 58

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീ. എ. എം. ആരിഫ്
4. ശ്രീ. എ. എ. അസീസ്
5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. എം. എ. ബേബി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. വി. ചെന്താമരാക്ഷൻ

13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. പി. കെ. ഗുരുദാസൻ
18. ശ്രീ. എം. ഹംസ
19. ശ്രീമതി ജമീലാ പ്രകാശം
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. കെ. കെ. ജയചന്ദ്രൻ
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. ജോസ് തെറ്റയിൽ
25. ശ്രീ. എളമരം കരീം
26. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
27. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
28. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
29. ശ്രീമതി കെ. കെ. ലതിക
30. ശ്രീ. മാത്യു റ്റി. തോമസ്
31. ശ്രീ. കെ. കെ. നാരായണൻ
32. ശ്രീ. എ. പ്രദീപ്കുമാർ
33. ശ്രീ. പുരുഷൻ കടലുണ്ടി
34. ശ്രീ. പി. റ്റി. എ. റഹീം
35. ശ്രീ. എസ്. രാജേന്ദ്രൻ
36. ശ്രീ. ആർ. രാജേഷ്
37. ശ്രീ. റ്റി. വി. രാജേഷ്
38. ശ്രീ. കെ. രാജു
39. പ്രൊഫ. സി. രവീന്ദ്രനാഥ്
40. ശ്രീ. സി. കെ. സദാശിവൻ
41. ശ്രീ. സാജു പോൾ
42. ശ്രീമതി കെ. എസ്. സലീഖ
43. ശ്രീ. എസ്. ശർമ്മ
44. ശ്രീ. വി. ശശി
45. ശ്രീ. ബി. സത്യൻ
46. ശ്രീ. വി. ശിവൻകുട്ടി
47. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
48. ശ്രീ. ജി. സുധാകരൻ
49. ശ്രീ. വി. എസ്. സുനിൽകുമാർ
50. ശ്രീ. കെ. സുരേഷ് കുറുപ്പ്
51. ഡോ. ടി. എം. തോമസ് ഐസക്
52. ശ്രീ. ഇ. കെ. വിജയൻ

53. ശ്രീ. കെ. വി. വിജയദാസ്
54. ശ്രീ. തോമസ് ചാണ്ടി
55. ശ്രീ. കോവൂർ കുഞ്ഞുമോൻ
56. ശ്രീ. കെ. കുഞ്ഞുരാമൻ (ഉദുമ)
57. ശ്രീ. മുല്ലക്കര രത്നാകരൻ
58. ശ്രീ. രാജു എബ്രഹാം

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ...................... 69

പ്രതികൂലിക്കുന്നവർ........................58

നിക്ഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(ശ്രീ. കെ. മുരളീധരൻ തുടർച്ച....)

സർ, അദ്ദേഹം നിരപരാധിയാണെന്ന് വിധി വന്നതിനുശേഷം അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ എന്നെ ഫോണിൽ വിളിച്ചു. നമ്മൾ ഒരു വ്യക്തിയെക്കുറിച്ച് ഒരു പൊതുയോഗത്തിൽ അല്ലെങ്കിൽ ഈ സഭയിൽ പറയുമ്പോൾ നമ്മുടെ വാക്കുകൾ കേൾക്കുന്ന പലരും കൈയടിക്കും. പക്ഷെ അവരുടെയൊക്കെ കുടുംബങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ വളരെ വലുതാണ്. നമ്മളൊക്കെ രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കുന്നവരാണ്, നൂൽപ്പാലത്തിലൂടെ സഞ്ചരിക്കുന്നവരാണ്. രാഷ്ട്രീയപരമായി നമുക്കൊക്കെ അഭിപ്രായവ്യത്യാസമുണ്ടാകും. പക്ഷെ ആ അഭിപ്രായവ്യത്യാസങ്ങൾ പൊതുരംഗത്ത് പ്രവർത്തിക്കുന്ന ഞങ്ങളൊക്കെ നേരിടേണ്ടിവരുന്നത് ഒരേ വിഷയംതന്നെയാണെന്നുള്ളതാണ് യാഥാർത്ഥ്യം. ഇവിടെ നമ്മൾ ആരെയെങ്കിലും കുറിച്ച് പറയുമ്പോൾ അതിന് ലീഗലായിട്ടുള്ള എന്തെങ്കിലും പോയിന്റുണ്ടോ? അത്

ഏതെങ്കിലും കോടതികളിൽ നമുക്ക് തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ടോ? അതു കൊണ്ടാണ് ഞാൻ പറയുന്നത് ഇതുപോലെയുള്ള വിഷയങ്ങൾ വരുമ്പോൾ നമ്മളെ രാഷ്ട്രീയമായി തേജോവധം ചെയ്യാൻ എതിർപാർട്ടി മാത്രമല്ല, സെൽഫ് ഗോളും വീഴുന്ന കാലമാണ്. ഒരാളെക്കുറിച്ച് ഒരാരോപണം വരുമ്പോൾ അദ്ദേഹം രാജിവയ്ക്കുന്നു. നാളെ അദ്ദേഹം നിരപരാധിയാണെന്ന് എല്ലാവരും പറഞ്ഞാലും ഇന്നനുഭവിച്ച പ്രയാസം മാറ്റാൻ കഴിയുമോ? ശ്രീ. എം. എ. ബേബി പറഞ്ഞു, ആരോപണം വന്നവരെ പ്രൊമോട്ട് ചെയ്യുന്ന പാരമ്പര്യമല്ല ഞങ്ങൾക്കുള്ളതെന്ന്. പക്ഷേ ആ ഉദ്ദേശിച്ച വ്യക്തിയെ എല്ലാ പേരും ചേർന്ന് ഐകകണ്ഠ്യേന തെരഞ്ഞടുത്തതാണ്. ഐകകണ്ഠ്യേന എന്നുപറഞ്ഞാൽ അതിനർത്ഥം ആരുമില്ലായെന്നല്ല. രാജ്യസഭയിൽ യുനാനിമസായിട്ടാണ് ശ്രീ. പി. ജെ. കുര്യൻ ഡെപ്യൂട്ടി ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടത്. അദ്ദേഹത്തിനെക്കുറിച്ച് നിങ്ങൾക്കെന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടായിരുന്നെങ്കിൽ നിങ്ങൾ സ്ഥാനാർത്ഥിയെ നിറുത്തുമായിരുന്നില്ലേ? മാർക്സിസ്റ്റ് പാർട്ടിയിൽതന്നെ ഒന്നുരണ്ട് നേതാക്കാന്മാരെക്കുറിച്ച് ഇതേ ആക്ഷേപം വന്ന് അവർക്ക് സ്ഥാനമൊഴിയേണ്ടിവന്നിട്ടില്ലേ. അങ്ങനെ സ്ഥാനം ഒഴിഞ്ഞ വ്യക്തി ടി.വി.-യിൽ ഒരഭിമുഖത്തിൽ പറഞ്ഞത് അദ്ദേഹത്തിന്റെ മകന്റെ അകാലമരണത്തിനുശേഷം ദുഃഖിതയായ ഭാര്യ ഇതുകൂടി കേട്ടപ്പോൾ മാനസികമായി പൂർണ്ണമായും തകർന്നുപോയി എന്നാണ്. രാഷ്ട്രീയമായി വിമർശിക്കുമ്പോൾ ഇതുപോലുള്ള ഘടകങ്ങളൊക്കെ നമ്മുടെ മനസ്സിലുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ഇതിനെ നല്ല സെൻസിലെടുത്തുകൊണ്ട്, അതേസമയം പാവപ്പെട്ട പെൺകുട്ടികളെ പീഡിപ്പിക്കുന്നവരുണ്ടെങ്കിൽ അവരെ നമ്മൾ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരണം. അതിനാണ് ഇവിടെ കോടതിയുള്ളത്. ആ കോടതിയിൽ

ഇപ്പോൾ ഗവൺമെന്റ് തന്നെ പോകണമെന്നുണ്ടോ? ആക്ഷേപമുള്ള ആർക്കും കോടതിയെ സമീപിക്കാം. നമ്മൾ ഇവിടെ നിയമത്തിന്റെ നൂലാമാലകൾ പറഞ്ഞ് തർക്കിക്കേണ്ട ആവശ്യമില്ല. ഒരു വ്യക്തിയെ പിൻപോയിന്റ് ചെയ്യു മ്പോൾ ബലാത്സംഗത്തിന് വിധേയമായ സൂര്യനെല്ലിയിലെ പാവപ്പെട്ട പെൺകുട്ടിയെ യഥാർത്ഥത്തിൽ പീഡിപ്പിച്ചവർ രക്ഷപ്പെട്ടുപോകുകയാണ്. കാരണം ,ഒരാളിലേയ്ക്ക് മാത്രമായി ഇക്കാര്യം ഫോക്കസ് ചെയ്യുന്നതുകൊ ണ്ടാണ്. അത് തെറ്റല്ലേ? പത്തുനാല്പതോളംപേർ ചേർന്ന് പല ഘട്ടങ്ങളി ലായി ഹീനമായി കുട്ടിയെ നശിപ്പിച്ചു എന്നുപറയുമ്പോൾ യഥാർത്ഥത്തിൽ കുറ്റം ചെയ്തവർ ശിക്ഷിക്കപ്പെടണ്ടേ? ഒളിവിൽ പോയ ആളുകളുടെ ചില തിരുത്തലുകൾ, അന്നത്തെ മാർക്കറ്റിനനുസരിച്ച് നടത്തുന്ന സ്റ്റേറ്റ്മെന്റുകൾ അതൊക്കെയാണോ നമ്മൾ മുഖവിലയ്ക്കെടുക്കേണ്ടത്? നിയമത്തിന്റെ കാര്യങ്ങൾ പരിശോധിക്കുമ്പോൾ വിശാലമായ താല്പര്യത്തോടെ നമ്മൾ ഇതിനെ കാണണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ നാട്ടിലെ പെൺകുട്ടികൾ സംരക്ഷിക്കപ്പെടണം, അവർക്കെതിരായി വരുന്ന ഹീനശ്രമ ങ്ങളെ ശക്തമായി തടയാനുള്ള നിയമങ്ങളുണ്ടാകണം. ഇങ്ങനെയുള്ള കുറ്റ കൃത്യങ്ങൾ തെളിഞ്ഞാൽ കുറ്റക്കാർക്ക് വധശിക്ഷ ഏർപ്പെടുത്താൻ വന്ന കേന്ദ്രത്തിന്റെ ഓർഡിനൻസ് സ്വാഗതാർഹമാണ്. തീർച്ചയായും ഈ നിയമം നമുക്ക് ഒരുമിച്ച് പാസ്സാക്കിയെടുക്കണം. ഇതുപോലെയുള്ള കശ്മലന്മാരെ നേരിടാൻ സഭ ഒറ്റക്കെട്ടാണ് എന്നുള്ള സന്ദേശം നൽകണമെന്നുമാത്രം പറ ഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എം. എ. ബേബി: സർ, 2013-ലെ കേരള വനിതകളുടെ സ്വകാര്യ തയും അന്തസ്സും സംരക്ഷണ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണ നയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ഇതുപോലൊരു നിയമം സഭ ചർച്ച ചെയ്ത് പാസാക്കുന്ന ഘട്ട ത്തിൽ സാധ്യമായത്ര അഭിപ്രായ സമന്വയം ഉണ്ടാക്കുന്നതിനാണ് ഊന്നൽ നൽകേണ്ടത് എന്ന അഭിപ്രായം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഇതുസംബന്ധിച്ച സാങ്കേതിക തർക്കങ്ങൾ ഉന്നയിച്ച പ്രതിപക്ഷ ഉപനേതാവും അതുതന്നെ പറഞ്ഞു. ഒന്നാമതായി പരിഗണിക്കേണ്ടത്, ഇവിടെ സർക്കു ലേറ്റ് ചെയ്തിട്ടുള്ള രൂപത്തിലെ ഈ നിയമത്തിന് കുറേയധികം അപര്യാപ്ത തകളുണ്ട് എന്ന കാര്യം വളരെ വ്യക്തമാണ്. കേന്ദ്ര ഗവൺമെന്റ് ഒരു ഓർഡി നൻസ് പുറപ്പെടുവിച്ചിരിക്കുകയാണ്. ആ ഓർഡിനൻസിൽ ഉൾക്കൊള്ളിച്ചി ട്ടുള്ള വകുപ്പുകളും 2013-ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബില്ലും താരതമ്യപ്പെടുത്തുമ്പോൾ കേന്ദ്ര നിയമത്തിലുള്ള ശക്ത മായ ചില ശിക്ഷകളും വകുപ്പുകളും ഇതിനകത്ത് ഉൾക്കൊള്ളിച്ചിട്ടില്ല. കേന്ദ്ര ഓർഡിനൻസിൽ പറഞ്ഞ ആ ഭാഷയിൽ ഈ കുറ്റകൃത്യത്തിന്റെ വിശദാംശ ങ്ങളെല്ലാം അങ്ങനെ പരാമർശിച്ചുപോകുന്നത് ഉചിതമാകില്ല എന്ന് അദ്ദേഹ ത്തിന്റെ മാനസികമായ ഒരു സമീപനം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പു മന്ത്രി ഇവിടെ പ്രകടിപ്പിക്കുകയുണ്ടായി. കേന്ദ്ര നിയമത്തിലെ പ്രധാനപ്പെട്ട ശിക്ഷാ നിർദ്ദേശത്തെക്കുറിച്ച് എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ശ്രീ. കെ. മുരളീധരൻ പറഞ്ഞു. വധശിക്ഷയുൾപ്പെടെയുള്ളതിനെ അദ്ദേഹം സ്വാഗതം ചെയ്തിരിക്കുകയാണ്. അങ്ങനെയുള്ള കഠിനമായ ശിക്ഷ വേണമെന്നുള്ള താണ് അദ്ദേഹത്തിന്റെ അഭിപ്രായം. യഥാർത്ഥത്തിൽ ജസ്റ്റിസ് വർമ്മയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി വധശിക്ഷ നിർദ്ദേശിച്ചിട്ടില്ല. നിയമ പണ്ഡിതനെന്ന

തലത്തിലും സുപ്രീംകോടതിയുടെ ചീഫ് ജസ്റ്റിസ് എന്ന നിലയിലും അദ്ദേഹം തന്റെ കർത്തവ്യം നിർവ്വഹിക്കുന്ന കാലഘട്ടത്തിൽ നൽകിയിട്ടുള്ള വിധി ന്യായത്തിന്റെ ഉള്ളടക്കം നോക്കുമ്പോഴുമെല്ലാം വളരെയധികം ആദരിക്കപ്പെടേണ്ട ഒരു വ്യക്തിയാണ് ജസ്റ്റിസ് വർമ്മ. അദ്ദേഹത്തിന്റെ മുമ്പിൽ ഇതു സംബന്ധിച്ച് തങ്ങളുടെ അഭിപ്രായങ്ങൾ അവതരിപ്പിച്ച പ്രധാനപ്പെട്ട മഹിളാ സംഘടനകളൊന്നും വധശിക്ഷ നൽകണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. ഡൽഹിയിലുണ്ടായ പൈശാചികമായ ആക്രമണത്തെത്തുടർന്ന് നമ്മുടെ നാട്ടിലുണ്ടായ പ്രതികരണങ്ങളിൽ ചിലത് അതിവൈകാരികമായ പ്രതികരണങ്ങളാണ്. അന്ന് കൂടുതൽ കടുത്ത ശിക്ഷ വേണമെന്ന് ആളുകൾ മത്സരിച്ചു പറയുമായിരുന്നു. നമ്മൾ സമചിത്തതയോടുകൂടി ഇത്തരം കാര്യങ്ങളെ കാണണം. മഹിളാ സംഘടനകൾ ഇതുസംബന്ധിച്ച് വധശിക്ഷയ്ക്ക് പകരം നൽകിയ നിർദ്ദേശമെന്താണ്? ജീവപര്യന്തം തടവ് എന്നുപറയുന്നത് ഒരു നിശ്ചിത വർഷം കഴിഞ്ഞ് പുറത്തുപോകുന്നതല്ല, ജീവിതകാലം മുഴുവൻ ഈ കുറ്റകൃത്യം ചെയ്ത ആൾ ജയിലിൽത്തന്നെ കിടക്കണം എന്ന ശിക്ഷയാണ് മഹിളാ സംഘടനകൾ പറഞ്ഞത്. വധശിക്ഷ ഒരു ശിക്ഷ എന്നുള്ള നിലയിൽ ലോകത്തെ ബഹുഭൂരിപക്ഷം രാജ്യങ്ങളും ഇപ്പോൾ വേണ്ടെന്നുവയ്ക്കുകയാണ്. ഏറ്റവും ക്രൂരമായ കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കുപോലും വധശിക്ഷ നൽകാൻ പാടില്ല എന്ന അഭിപ്രായം ലോകത്ത് പ്രബലമായിക്കൊണ്ടിരിക്കുകയാണ്. കുറ്റവാളികളോടൊക്കെ നമുക്ക് വലിയ ദേഷ്യമുണ്ട്. കൂടുതൽ ക്രൂരമായ കുറ്റകൃത്യങ്ങൾ ചെയ്യുന്നവരോട് കൂടുതൽ ദേഷ്യം

തോന്നും. നമുക്ക് ഓർമ്മയുണ്ട്, അമേരിക്കയിൽ ഒരു വ്യക്തി ഒരു സ്കൂളിൽ ചെന്ന് കുട്ടികളെ കൂട്ടക്കുരുതി നടത്തി. മുപ്പതോളം പേരെയാണ് വെടിവച്ചു കൊന്നത്. അപ്പോൾത്തന്നെ ആ വാർത്ത ഇന്നത്തെ ആധുനിക വാർത്താ വിനിമയ സൗകര്യമുപയോഗിച്ച് നമ്മൾ അറിഞ്ഞു. അതിന്റെ പിന്നാലെ മറ്റൊരു വാർത്ത വന്നു. ഇയാൾ സ്കൂളിൽ പോയി കുട്ടികളെ വെടിവച്ചു കൊല്ലുന്നതിന് മുൻപ് വീട്ടിൽ അമ്മയെ വെടിവച്ചു കൊന്നിട്ടാണ് പോയിരിക്കുന്നതെന്ന്. എനിക്ക് പരിചയമുള്ള ഒരാൾ വളരെ ദു:ഖിതനാണെങ്കിൽപ്പോലും എന്നോട് പറഞ്ഞത്, വെടിവയ്ക്കാൻ അയാൾ പരിശീലനം നേടിയത് വീട്ടിലെ അമ്മയെ വെടിവച്ചുകൊണ്ടാണ്, എന്നിട്ടാണ് സ്കൂളിൽ പോയി വെടിവച്ചതെന്നാണ്. ഇതൊരു മാനസിക വിഭ്രമമാണ്. ലോകത്തിന്റെ പല സ്ഥലങ്ങളിലും സമനില തെറ്റുന്ന വിധത്തിൽ മാനസികരോഗവും സാമൂഹികമായ മാനസികരോഗവുമെല്ലാം ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. കുറ്റകൃത്യങ്ങളുടെയെല്ലാം പുറകിൽ ചില പ്രത്യേക സാഹചര്യങ്ങളുണ്ട്. പാകിസ്ഥാനിൽ അമേരിക്കയുടെ രഹസ്യാന്വേഷണ സംഘങ്ങളെല്ലാം കൂടി ചെന്ന് പാകിസ്ഥാൻ ഗവൺമെന്റ് അറിയാതെ ഒസാമ ബിൻലാദനെയും കൂടെയുള്ള സഹായികളെയും വെടിവച്ചു കൊന്നു. എന്തു വലിയ കുറ്റകൃത്യം ചെയ്താലും ഒരാളെ വിചാരണയ്ക്ക് വിധേയനാക്കാതെ ഒരു രാജ്യത്തുനിന്ന് മറ്റൊരു രാജ്യത്ത് പോയി ശിക്ഷ നടപ്പാക്കാമോയെന്നുള്ള വിഷയം അന്ന് ചർച്ച ചെയ്യപ്പെട്ടതാണ്. നോംചോംസ്കിയെപോലുള്ളവർ ഇക്കാര്യങ്ങളെല്ലാം ചർച്ച ചെയ്തതാണ്. ഒസാമ ബിൻലാദനെ വെടിവച്ചുകൊല്ലാൻ തക്ക കുറ്റം ഒസാമ ബിൻലാദൻ ചെയ്തുവെന്ന് അമേരിക്കൻ ഭരണകൂടം തീരുമാനിച്ചു. എന്തായിരുന്നു ആ കുറ്റം: ചാവേർ പോരാളികൾ അമേരിക്കയുടെ തന്നെ വിമാനങ്ങൾ തട്ടിയെടുത്ത് ട്വിൻ ടവേഴ്സ് ഇടിച്ചു തകർത്തു. ഇരട്ടമിനാരങ്ങളിൽ ജീവിച്ചി

രുന്ന ആയിരക്കണക്കിനുപേരെ കൊന്നൊടുക്കി. ആ കൊല നടത്തിയ ഭീകര വാദ ചാവേറുകളും ആ കൂട്ടത്തിൽ സ്വയം മരിച്ചു. പരിശീലനമൊക്കെ നേടി, ആ വിമാനം ഓടിച്ചിരുന്നവർ അവരാണ്. ആ വിമാനത്തിലുള്ളവരും കൊല ചെയ്യപ്പെട്ടു. ഈ സംഭവം ലോകത്തെ മുഴുവൻ ഞെട്ടിച്ച സമീപകാലത്ത് നടന്ന ഏറ്റവും വലിയ ഭീകര കുറ്റകൃത്യമാണ്. അമേരിക്കയുടെ ഏറ്റവും പ്രശ സ്തമായ സർവകലാശാലയായ ബോസ്റ്റണിലുള്ള മസാച്യുസെറ്റ്സ് ഇൻസ്റ്റി റ്റ്യൂട്ട് ഓഫ് ടെക്നോളജി (എം.ഐ.റ്റി), അവിടെ ഭാഷാ ശാസ്ത്രത്തിൽ ഏറ്റവും വിശ്രുതനായ ശാസ്ത്രജ്ഞൻ, ചിന്തകൻ നോംചോംസ്കി ആ സമ യത്ത് പ്രതികരിച്ചുകൊണ്ട് പറഞ്ഞു, ഈ ചാവേർ തീവ്രവാദികളുടെ ഭീകര കുറ്റത്തെ നമ്മൾ ഭർത്സിക്കണം, അപലപിക്കണം, അതിൽ സംശയമില്ല. അതോടൊപ്പം സ്വയം മരിക്കാൻ തയ്യാറായി തങ്ങൾക്ക് യാതൊരു പരിചയവു മില്ലാത്ത കുറേയാളുകളെ കൊല്ലാൻ ഇവരെന്തുകൊണ്ട് ഒരുമ്പെട്ടു എന്ന കാര്യം ആ ചാവേറുകളുടെ മനസിൽ കടന്നിരുന്നുകൊണ്ട് ചിന്തിക്കാൻ നമ്മൾ തയ്യാറാവണം. എന്തിന്റെ പേരിലാണ് ഇവരിത് ചെയ്യുന്നതെന്നതും ആലോചിക്കണം. അവരെ ഇത്തരം ഭീകര കുറ്റകൃത്യം ചെയ്യാൻ പ്രേരിപ്പി ക്കുന്ന യഥാർത്ഥത്തിലുള്ള എന്തെങ്കിലും പ്രശ്നം അവരെ അലട്ടുന്നുണ്ടോ? ചിലപ്പോൾ യഥാർത്ഥത്തിലുള്ള പ്രശ്നത്തിന്റെ കൂടെ കൂട്ടിച്ചേർത്ത പ്രശ്നങ്ങ ളുമുണ്ടാകാം, അവർ സങ്കൽപ്പിച്ചുണ്ടാക്കിയ ആവലാതികളുമുണ്ടാകാം. ആവ ലാതികൾ സങ്കൽപ്പിച്ചുണ്ടാക്കണമെങ്കിൽ യഥാർത്ഥത്തിൽ അവർക്ക് ചില ആവലാതികളും പരാതികളുമുണ്ടാകണം. അങ്ങനെ വല്ലതുമുണ്ടോ എന്നതുംകൂടി നമ്മൾ അന്വേഷിക്കണമെന്ന് നോംചോംസ്കി പറഞ്ഞു. ലോകത്തിലെ ഏറ്റവും ക്രൂരമായ എല്ലാത്തരം കുറ്റകൃത്യങ്ങളും സ്ത്രീകൾക്കു നേരെയുള്ള കുറ്റകൃത്യമാണെന്ന് പറയുമ്പോൾ, ഡൽഹിയിൽ

നടന്നതെന്താണ്? നമ്മൾ വലിയ ഗൗരവത്തോടുകൂടി, ആത്മനിയന്ത്രണത്തോടുകൂടി ചർച്ച ചെയ്യേണ്ട വിഷയമാണിത്. ഈ സഭയിൽ വളരെക്കുറച്ച് മഹിളാ അംഗങ്ങൾ മാത്രമേയുള്ളൂ. നമ്മുടെ സമൂഹത്തിന്റെ വലിയൊരു വൈകല്യമാണ് അതിലൂടെ വെളിപ്പെടുന്നത്. എന്തുകൊണ്ട് ഈ സഭയിൽ കൂടുതൽ വനിതാ അംഗങ്ങൾ ഉണ്ടാകാതെ പോകുന്നു എന്നുള്ളത് ഇന്നത്തെ കേരളീയ സമൂഹത്തിന്റെയും ഇന്ത്യൻ സമൂഹത്തിന്റെയും അവസ്ഥയ്ക്ക്നേരെ പിടിച്ച ഒരു കണ്ണാടിയാണ്. അതുകൊണ്ട് പുരുഷാധിപത്യപരമായ ഒരു ലോകത്താണ്, പുരുഷാധിപത്യപരമായ ഇന്ത്യയിലാണ്, പുരുഷാധിപത്യപരമായ കേരളത്തിലാണ് ദൗർഭാഗ്യവശാൽ പുരുഷന്മാർ എണ്ണത്തിൽ കൂടുതലുള്ളതുകൊണ്ടുതന്നെ പുരുഷ മനോഭാവം, പുരുഷ മേധാവിത്വം വഹിക്കുന്ന ഒരു സഭയിലാണ് നമ്മൾ ഇക്കാര്യം ചർച്ച ചെയ്യുന്നത്. അത് നമ്മൾ മറന്നുകൂടാ. രാഷ്ട്രത്തലവനായി ഉയർന്ന ഒരു കവി പറഞ്ഞു, "ആകാശത്തിന്റെ പകുതി താങ്ങി നിർത്തിയിരിക്കുന്നത് സ്ത്രീകളാണ്"എന്നാണ്. ഈ ഭൂമിയിൽ പകുതി സ്ത്രീകളാണ്. പക്ഷെ സ്ത്രീയ്ക്ക് ഇടമില്ല. സ്ത്രീയ്ക്ക് കടന്നുവരാൻ പറ്റുന്നില്ല. സ്ത്രീകളെ ആക്രമിക്കുമ്പോൾ നമ്മൾ പറയുകയാണ്, എന്തിനാണ് ഈ സമയത്ത് ആ സ്ത്രീ അങ്ങനെ നടന്നത്, വീട്ടിലിരുന്നുകൂടേ എന്നാണ്. എന്തിനാണ് സ്ത്രീ മാത്രം വീട്ടിലിരിക്കുന്നത്? നമ്മൾ ചർച്ച ചെയ്യുമ്പോൾ വളരെ സ്വതന്ത്രമായി, സത്യസന്ധമായി കാര്യങ്ങൾ കാണണം. ഈ ഭൂമിക്കവകാശികൾ പുരുഷൻമാരെപ്പോലെ സ്ത്രീകളുമാണ്. ഈ സമൂഹത്തിലെ ഏതിടത്തും പരുഷൻമാരെപ്പോലെ സ്ത്രീക്കും കടന്നുചെല്ലാൻ അവകാശമുണ്ട്. സ്ത്രീ അത് ചെയ്യരുത്, ഇത് ചെയ്യരുത്, അടങ്ങി ഒതുങ്ങി ഇരിക്കണം, അകത്തിരിക്കണം എന്നില്ല. 'അടുക്കളയിൽ നിന്ന് അര

ങ്ങത്തേയ്ക്ക്' എന്ന നാടകം കേരളത്തെ ഇളക്കിമറിച്ചതാണ്. അങ്ങനെയുള്ള കേരളമാണ്. ഇപ്പോൾ അവരുടെ വസ്ത്രധാരണത്തെക്കുറിച്ച് പറയുമ്പോൾ, ഒരു കാലഘട്ടത്തിൽ ചില ഭാഗങ്ങളിൽ വസ്ത്രം ധരിച്ചുകൂടാ എന്ന് ശഠിച്ചി രുന്നത് സത്യമല്ലേ? അത് മറക്കാൻ പാടുണ്ടോ? ഇപ്പോൾ നമ്മൾ വലിയ ആളുകളായി പറയുകയാണ് മര്യാദയ്ക്ക് വസ്ത്രം ധരിച്ചുനടന്നാൽ കുഴപ്പ മൊന്നും ഉണ്ടാവുകയില്ല എന്ന്. ഇത് പറയാൻ പുരുഷന്മാരായ നമുക്കൊന്നും നാണമില്ല. കേരളത്തിലെയും ഇന്ത്യയിലെയും പുരുഷൻമാർ ലജ്ജിക്കണം. കാരണം, അത്ര വലിയ പാതകങ്ങളാണ് സ്ത്രീകൾക്കു നേരെ നമ്മൾ നൂറ്റാ ണ്ടുകളായി ചെയ്തുകൊണ്ടിരിക്കുന്നത്. അതിനെക്കുറിച്ച് തിരിച്ചറിയുകയും അത് തിരുത്തണമെന്ന് പറയുകയും ചെയ്യുന്ന നമ്മളെ ചുരണ്ടിയാലും ഇതിന്റെ അടിയിൽ പുരുഷാധിപത്യപരമായ മനോഭാവം കിടക്കും. അതു കൊണ്ട് പാട്രണൈസിംഗ് ആയ, സ്ത്രീകളെയെല്ലാം സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്യാൻ വേണ്ടി നമ്മൾ ഒരു നിയമം കൊണ്ടു വന്നിരി ക്കുന്നു എന്ന മട്ടിലല്ല, സ്ത്രീകളോട് നൂറ്റാണ്ടുകളായി ചെയ്തുകൊണ്ടിരി ക്കുന്ന അനീതികൾ തിരുത്താൻ അപര്യാപതമായ ചില നടപടികളുമായി നമ്മൾ വരുന്നു എന്ന ബോധത്തോടുകൂടിയാണ് ഈ നിയമത്തെ നമ്മൾ കാണേണ്ടത്. നമ്മൾ ഇക്കാര്യത്തിൽ ഒരേ മനസ്സോടുകൂടി ചിന്തിക്കണം. തൂക്കികൊല്ലുക എന്ന് പറയുന്നതുകൊണ്ട് അല്ലെങ്കിൽ ചില രാജ്യങ്ങളിൽ നട പ്പാക്കുന്നതുപോലുള്ള ശിക്ഷകൾ, ഡൽഹി സംഭവം ഉണ്ടായിക്കഴിഞ്ഞപ്പോൾ ചിലർ വാദിച്ചു കാസ്ട്രേഷൻ നടപ്പാക്കണം, ചിലർ പറഞ്ഞു കെമിക്കൽ കാസ്ട്രേഷൻ മതി, ഫിസിക്കൽ കാസ്ട്രേഷൻ വേണോ കെമിക്കൽ കാസ്ട്രേ ഷൻ വേണോ എന്നൊക്കെ ചർച്ച ചെയ്തു. ഇതിന്റെ പരിഭാഷയിലേയ്ക്ക്

ഞാൻ പോകുന്നില്ല. പരിഭാഷപ്പെടുത്തി പറഞ്ഞാൽ വിവാദമാകുന്ന പല കാര്യങ്ങളും ഇംഗ്ലീഷിലോ സംസ്കൃതത്തിലോ പറഞ്ഞാൽ കുഴപ്പമില്ലെന്നൊരു മിഥ്യാധാരണ നമുക്കുണ്ട്. ആ ധാരണയുടെ സംരക്ഷണയിൽ ഞാൻ മുന്നോട്ടുപോവുകയാണ്. ഇത്തരത്തിൽ മത്സരിച്ച് ആക്രോശിക്കുകയല്ല വേണ്ടത്. മത്സരിച്ച് ആക്രോശിച്ച് കൂടുതൽ ശിക്ഷയുണ്ടെന്ന് വരുത്തിയാൽ ആ ശിക്ഷകൊണ്ട് മാത്രം ഇല്ലാതാകുന്നതല്ല. ഓരോ കുറ്റത്തിനും ഏറ്റവും ഉചിതമായ ശിക്ഷ വേണം. അതെന്താണെന്നുള്ളത് നമ്മൾ ചർച്ച ചെയ്യണം. അവിടെയാണ് ഞാൻ എന്റെ ആദ്യത്തെ പോയിന്റിലേക്ക് വരുന്നത്. ഇന്ത്യൻ പാർലമെന്റ് ഇത് സംബന്ധിച്ച് ചർച്ച ചെയ്ത് ഒരു നിയമമാക്കിയിട്ടില്ല. ഇന്ന് നിയമം ഉണ്ട്. ഇന്ത്യൻ ഭരണഘടന അനുസരിക്കുന്ന തത്വം അനുസരിച്ച് ഒരു അടിയന്തിര ഘട്ടത്തിൽ കേന്ദ്ര കാബിനറ്റ് ഒരു ഓർഡിനൻസ് പുറപ്പെടുവിച്ച് അത് ബഹുമാനപ്പെട്ട രാഷ്ട്രപതി ഒപ്പിട്ട് കഴിഞ്ഞാൽ പാർലമെന്റ് ചർച്ച ചെയ്ത് പാസ്സാക്കിയ നിയമത്തിന്റെ അതേ പ്രാബല്യം ഉണ്ട്. അതിൽ സംശയവുമില്ല. എന്നാലും അത് ലോക്സഭയും രാജ്യസഭയും ചർച്ച ചെയ്യുമ്പോൾ എന്തെല്ലാം മാറ്റങ്ങൾ വരും, എന്തെല്ലാം ഭേദഗതികൾ വരും എന്നതുകൂടി മനസ്സിലാക്കണം. കാരണം രാജ്യത്തിന്റെ മുഴുവൻ കാര്യങ്ങളും കണക്കിലെടുത്തുകൊണ്ട് ഇത് സംബന്ധിച്ച് തീരുമാനമെടുക്കാൻ പാർലമെന്റ് പോവുകയാണെന്നിരിക്കെ നമ്മൾ തിരക്കു പിടിച്ച്, പരാതികളുള്ള, എന്തെങ്കിലും ഉത്തരവാദിത്വരാഹിത്യം കൊണ്ട് പരാതികൾ വന്നുവെന്ന് ഞാൻ ആരോപിക്കുകയല്ല. ഈ സെഷനിൽ തന്നെ ഇത് അവതരിപ്പിച്ച് പാസ്സാക്കണം, അങ്ങനെ ഇക്കാര്യത്തിൽ മാതൃകാപരമായ ഒരു നിയമം കേരളം ഉണ്ടാക്കിയെന്ന സംതൃപ്തിയടയണം എന്ന ഉദ്ദേശത്തിലായിരിക്കാം.

ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇക്കാര്യത്തിൽ ഒരു സമൂഹമെങ്ങനെ റെസ്പോണ്ട് ചെയ്യുന്നു എന്നതാണ് പ്രശ്നം. ഇന്ത്യയൊട്ടാകെ ചർച്ച ചെയ്യുന്നൊരു വിഷയത്തിൽ കേരള നിയമസഭയും കേരളത്തിലെ ജനങ്ങളും എങ്ങനെ അതിനോട് റെസ്പോണ്ട് ചെയ്യുന്നു, നമുക്ക് പോസിറ്റീവായി റെസ്പോണ്ട് ചെയ്യാം. അങ്ങിവിടെ പറഞ്ഞതുപോലെ ഇതിൽ വളരെ പക്വമായ സമീപനമാണ് എടുത്തിരിക്കുന്നത്, പിന്നെ ഈ നിയമം കൊണ്ടുവരുന്നത് ധൃതി വച്ചാണെന്ന് പറഞ്ഞപ്പോൾ ഞാൻ അതിന്റെ പഴയ ഫയലുകൾ കൂടി നോക്കി, ധൃതി വച്ചല്ല, സഫിഷ്യന്റായി എടുക്കേണ്ട സമയം എടുത്തുതന്നെയാണ്. എല്ലാ ഭാഗങ്ങളും ചർച്ചചെയ്താണ്. അങ്ങേയ്ക്ക് അറിയുന്നതിനുവേണ്ടി ഒരു കാര്യം കൂടി പറയാം. ഞങ്ങൾ ഈ നിയമത്തിന്റെ ഡ്രാഫ്റ്റ് ഉണ്ടാക്കുന്നതിന് വേണ്ടി കേരളത്തിലെ വനിതാ എം.എൽ.എ.-മാരുടെയെല്ലാം യോഗം വിളിച്ചിരുന്നു. അതിൽ പങ്കെടുത്തിട്ടുള്ള ബഹുമാനപ്പെട്ട വനിതാ എം.എൽ.എ.-മാരാണ് ഇവിടെയുള്ളത്. അതോടൊപ്പം കേരളത്തിലെ വനിതാ മുന്നേറ്റത്തിന് വേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്ന രാഷ്ട്രീയ സംഘടനകളുടെ പ്രതിനിധികളെ വിളിച്ചിരുന്നു. ശ്രീമതി സുഗതകുമാരി ടീച്ചറിനെപ്പോലെയുള്ള സോഷ്യൽ വർക്കേഴ്സിനെ നമ്മൾ വിളിച്ചിരുന്നു. ഒരു സത്യം കൂടി പറയാം. സുഗതകുമാരി ടീച്ചറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലാണ് ഇതിന്റെ ഡ്രാഫ്റ്റിനെക്കുറിച്ച് ചർച്ച വന്നത്. ഞങ്ങളെല്ലാ ഘടകങ്ങളും നോക്കിയിട്ടാണ് ചെയ്യുന്നത്. അല്ലാതെ ഇതിരിക്കട്ടെയെന്ന ധൃതിയിലല്ല. ഒരു പെരുമഴ വരുന്നു, ഓടി രക്ഷപ്പെടാമെന്ന, ഓടിപ്പാകുന്ന രൂപത്തിലല്ല. എല്ലാ ചർച്ചകളും നടത്തി എല്ലാം ട്രാൻസ്പരന്റായി വരണം എന്നുള്ള ആഗ്രഹത്തോടു

കൂടി, ഇനിയും പുതിയ നിർദ്ദശമുണ്ടെങ്കിൽ സ്വീകരിക്കാമെന്നുള്ള ഓപ്പൺ മൈന്റോടുകൂടി നിൽക്കുകയാണ്.

ശ്രീമതി ജമീലാ പ്രകാശം: സർ, ബഹുമാനപ്പെട്ട മന്ത്രി ഇത്രയും പറഞ്ഞപ്പോൾ എനിക്ക് ഇക്കാര്യത്തിൽ ഒരു ക്ലാരിഫിക്കേഷൻ ചോദിക്കണമെന്ന് തോന്നി. ഇന്ത്യയിൽ നിലവിലിരിക്കുന്ന പല നിയമങ്ങളിലും പ്രിസംപ്ഷൻ വരുന്നുണ്ട്. ഇന്ത്യൻ എവിഡൻസ് ആക്ടിലെ ഒരു വലിയ പ്രൊവിഷനാണ് പ്രിസംപ്ഷൻ എന്നു പറയുന്നത്. നെഗോഷ്യബിൾ ഇൻസ്ട്രുമെന്റൽ ആക്ടിലും ഡൗറി ഡെത്തുകളെക്കുറിച്ചുമൊക്കെ പറയുമ്പോൾ അവിടെ പ്രിസംപ്ഷനുണ്ട്. ആ രീതിയിലുള്ള പ്രിസംപ്ഷൻ ഈ ബില്ലിലുണ്ടെന്ന് എക്സ്പ്ലിസിറ്റായി കാണാൻ കഴിയുന്നില്ല, ഇംപ്ലൈഡായി എവിടെയെങ്കിലും വരുമോ? ധാരാളം നിയമോപദേശമൊക്കെ കിട്ടിയിട്ടാണ് സർക്കാരിന്റെ ഭാഗത്തു നിന്ന് ഈ ബിൽ ഡ്രാഫ്റ്റ് ചെയ്തിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. അതൊന്ന് ക്ലാരിഫൈ ചെയ്തു കിട്ടിയാൽ മതി. ഏതെങ്കിലും ഒരു കാര്യത്തിൽ ഇതിൽ പ്രിസംപ്ഷൻ വരുന്നുണ്ടോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാൻ നേരത്തെ ഇതിന്റെ ബാക്ക് ഗ്രൗണ്ടിനെക്കുറിച്ച് പറഞ്ഞു. ഒരു നിയമം വരുന്ന സമയത്ത് ചിലപ്പോൾ അതിനകത്ത് കുറേ പോരായ്മകൾ വരും. ഇല്ലെന്ന് ഞാൻ പറയുന്നില്ല. പുതിയ നിർദ്ദേശങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ പറഞ്ഞാൽ അത് സ്വീകരിക്കാൻ രണ്ടുഘട്ടമുണ്ട്. ഒന്ന്, നമുക്ക് സബ്ജക്ട് കമ്മിറ്റി തലത്തിലും മറ്റൊന്ന് ഇവിടത്തെ ജനറൽ ചർച്ചയിലുമാകാം. അതുകൊണ്ട് അങ്ങേയ്ക്ക് ഇതിൽ എന്തെങ്കിലും പോരായ്മകൾ ഉണ്ടെന്ന് തോന്നുകയാണെങ്കിൽ അതിനുള്ള സമയമുണ്ട്. ഇതിനകത്ത് എല്ലാ സ്പിരിറ്റും ഉൾക്കൊണ്ടു തന്നെയാണ് നമ്മൾ പോകുന്നത്.

ശ്രീ. എം. എ. ബേബി: സർ, ഞാൻ ഇപ്പോൾ അതിന്റെ ചില പോരായ്മകളിലേയ്ക്ക് വരികയാണ്. ചർച്ച ചെയ്ത് ഇതിനകത്ത് വ്യക്തതയുണ്ടാക്കാം. ഉദാഹരണത്തിന്, സ്ത്രീകളുടെ സ്വകാര്യതയും മാന്യതയും സംരക്ഷിക്കുന്നതിനുള്ള ബിൽ എന്നാണ് ഇതിന് നാമകരണം ചെയ്തിരിക്കുന്നത്. യഥാർത്ഥത്തിൽ ഈ നിയമത്തെ ഇത്തരത്തിൽ നാമകരണം ചെയ്യുന്നത് ചില അവ്യക്തതകളും തെറ്റിദ്ധാരണകളും ഉണ്ടാകും എന്നാണ് എനിക്ക് തോന്നുന്നത്. ഇതിനെക്കാൾ മെച്ചപ്പെട്ട ഒരു സമീപനം, സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്ന ബിൽ, സ്ത്രീയുടേയും പുരുഷന്റേയും മാന്യതയും സ്വകാര്യതയുമെല്ലാം സംരക്ഷിക്കപ്പെടേണ്ടതാണ്. സ്ത്രീക്കു മാത്രമല്ല സ്വകാര്യതയും മാന്യതയുമുള്ളത്. സമൂഹത്തിൽ അക്രമിക്കപ്പെടുന്നത് സ്ത്രീയുടെ സ്വകാര്യതയും മാന്യതയുമാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. പക്ഷെ, സ്ത്രീയ്ക്കു നേരെയുള്ള അതിക്രമങ്ങൾ തടയുക എന്ന അർത്ഥത്തിലാണ് ഈ നിയമം വരേണ്ടത്. ആ നിലയിൽ ഇതിന്റെ പേര് മാറ്റണമെന്നുള്ളതാണ് ഇതു സംബന്ധിച്ച് പ്രാഥമികമായി എനിക്ക് പറയാനുള്ള കാര്യം. ഞാൻ മുഴുവൻ പറഞ്ഞുകഴിഞ്ഞതിനുശേഷം അങ്ങേയ്ക്ക് പ്രതികരിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതിനകത്ത് പേര് മാറ്റാതിരുന്നതിന് ഒരു കാരണം, ഈ ഫയൽ കണ്ടപ്പോഴാണ്. 2007-ലുള്ള ഫയലിനകത്ത് വന്നിരിക്കുന്ന ചില വാക്കുകൾ, അത് ഞാൻ തന്നെ മാറ്റിയെന്ന് വരുത്തേണ്ട എന്ന് വിചാരിച്ചിട്ടാണ്.

ശ്രീ. എം. എ. ബേബി: സർ, പിന്നീടുള്ളത് നിർവ്വചനങ്ങളുടെ രണ്ടാമത്തെ സെക്ഷനുമായി ബന്ധപ്പെട്ടതാണ്. അവിടെ തെറ്റായ വ്യഖ്യാനവും ആശയക്കുഴപ്പവും ഒഴിവാക്കത്തക്കവിധത്തിൽ വ്യക്തമായ ഒരു നിർവ്വ

ചനം, പീഡനം എന്നതിന് നൽകേണ്ടതുണ്ട്. അമാന്യമായ പെരുമാറ്റം എന്നത് ദുർവ്യാഖ്യാനം ചെയ്യപ്പെടാവുന്നതാണ്. നേരത്തെ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞതുപോലെ ഒരാൾക്ക് അമാന്യം എന്ന് തോന്നുന്നത് വേറൊരാൾക്ക് അമാന്യമാകില്ല; അങ്ങനെയുള്ള വിഷയങ്ങൾ വരാൻ സാദ്ധ്യതയുണ്ട്. മറ്റൊന്ന് ലൈംഗിക പീഡനം എന്നത് വ്യക്തമായി തന്നെ നിർവ്വചിക്കണം. പൊതുസേവന വാഹനം എന്നതിൽ മോട്ടോർ വാഹന നിയമപ്രകാരമുള്ള എല്ലാ വാഹനങ്ങളും ഇതിനകത്ത് ഉൾപ്പെടുത്തണം. തീവണ്ടി ഇതിനകത്ത് കൂട്ടിച്ചേർക്കേണ്ടതാണ്. വിമാനം ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. മറ്റൊന്ന്, സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾക്കുള്ള ശിക്ഷ സംബന്ധിച്ചാണ്. ഓരോ കുറ്റകൃത്യത്തിന്റെയും തീവ്രത അനുസരിച്ച് ശിക്ഷയിൽ വ്യത്യാസമുണ്ടാകണം. തോണ്ടലും ലൈംഗികച്ചുവയോടു കൂടിയ നോട്ടവും കുറ്റകൃത്യമാണെന്ന് പറയുന്നുണ്ട്. അതുമുതൽ നമുക്കറിയാവുന്ന ഏറ്റവും ഹീനമായ, ക്രൂരമായ ലൈംഗിക കുറ്റകൃത്യങ്ങൾ, ഇതിനെല്ലാം ഏറ്റവും കുറഞ്ഞ ശിക്ഷ 7 വർഷം എന്നത് അപര്യാപ്തമാണ്, അശാസ്ത്രീയമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് രണ്ട്-മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങൾ പറഞ്ഞു. വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ബിൽ എന്നത് ഏറ്റവും മാന്യമായ പേര് തന്നെയാണ് എന്നാണ് എനിക്ക് തോന്നുന്നത്. Sexual harassment-ഉം റേപ്പിനും മറ്റു കൂടുതൽ തീവ്രമായ ലൈംഗിക കുറ്റകൃത്യങ്ങളൊക്കെ ഐ.പി.സി. 375-ലും 376-ലും ശിക്ഷ ഉൾപ്പെടെ എല്ലാ കാര്യങ്ങളും വിശദീകരിക്കുന്നുണ്ട്. ഇവിടെ അതിലും താഴെയുള്ള കാര്യങ്ങളെക്കുറിച്ചാണ് പറയുന്നത്. അങ്ങ് പറഞ്ഞിരി

ക്കുന്നതിൽ ഒരു പ്രധാനപ്പെട്ട കാര്യം, ഇതിൽ വിശദീകരിക്കുന്ന എല്ലാ കുറ്റങ്ങൾക്കും ഏഴു വർഷം വരെ തടവ് എന്നാണ് കൊടുത്തിരിക്കുന്നത്. ചെയ്യുന്ന കുറ്റത്തിന് proportional ആയി ശിക്ഷ കൊടുക്കണമെന്നാണ് ക്രിമിനൽ ലായുടെ ബേസിക് പ്രിൻസിപ്പിൾ പറയുന്നത്. ഒരു ചെറിയ കുറ്റത്തിന് - ഒരാൾ ഒന്ന് തോണ്ടി എന്നതിന്റെ പേരിൽ ഏഴ് വർഷം വരെ അയാളെ ജയിലിടാം എന്ന് വരുന്നത് ശരിയല്ല. നമുക്കിപ്പോഴുള്ളത് ഡ്രാഫ്റ്റാണ്, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ എല്ലാവരുടേയും നല്ല നിർദ്ദേശങ്ങൾ സ്വീകരിച്ച് ഈ നിയമം കുറ്റമറ്റതാക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കണം. അങ്ങ് പറഞ്ഞത് പ്രധാനപ്പെട്ട ഒരു കാര്യമാണ്, ഏത് കുറ്റമാണെങ്കിലും അതിന് proportional ആയിട്ടുള്ള ശിക്ഷ മാത്രമേ കൊടുക്കാൻ പാടുള്ളൂ. ഒരു സ്ത്രീയെ തോണ്ടി എന്നത് അവരുടെ സ്വകാര്യതയും അന്തസ്സും കളയുന്ന കാര്യമാണ്. പക്ഷേ തോണ്ടിയതിന് ഏഴുവർഷം വരെ ശിക്ഷ കൊടുക്കാം എന്ന് പറഞ്ഞിട്ട് ഡിസ്ക്രീഷൻ മുഴുവൻ മജിസ്ട്രേറ്റിന് കൊടുക്കുന്നത് ശരിയായ കാര്യമല്ല. ഈ ബില്ലിൽ തന്നെ അതിനെ രണ്ടു രീതിയിലാക്കി, മൈനർ ഒഫൻസസിനും മേജർ ഒഫൻസസിനും രണ്ടു രീതിയിലുള്ള ശിക്ഷയാക്കി മാറ്റുന്നതായിരിക്കും ഉചിതം. എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. എം. എ. ബേബി: സർ, എന്റെ അഭിപ്രായം അത് തന്നെയാണ്.

ശ്രീമതി കെ. കെ. ലതിക: സർ, ഇതിൽ വനിത എന്നുള്ളതിന് നിർവ്വചനം നൽകിയിരിക്കുന്നത് പിറന്ന വീണ കുട്ടി മുതൽ ഏറ്റവും പ്രായമുള്ളവർ വരെ എന്നാണ്. അങ്ങനെ വരുമ്പോഴാണ് ഈ നിയമത്തിന്റെ പേര് തന്നെ വനിതകൾ മാത്രമായി മാറുന്നത്. യഥാർത്ഥത്തിൽ ചെറിയ കുട്ടികളെ പീഡിപ്പിച്ചാൽ,......... ശബ്ദതാരാവലിയിൽ വനിതയുടെ നിർവ്വചനം നോക്കിക്കഴി

ഞ്ഞാൽ ഇത് വരുന്നില്ല. കുട്ടികളെയും കൂടി ബാധിക്കുന്നു. അതുപോലെ വനിത എന്നതിന്റെ നിർവ്വചനം ഇതിൽ വന്നിട്ടുള്ളത് ഏതു പ്രായത്തിലുള്ള സ്ത്രീയും എന്നുള്ള രീതിയിലാണ്. കുട്ടികളുടേത് പ്രത്യേകമായി വരുന്നില്ല. ഇപ്പോൾ വരുന്ന പീഡനങ്ങളൊക്കെ എടുത്തുനോക്കിയാൽ അതറിയാം. കുട്ടികളെ പീഡിപ്പിക്കുന്നതും സ്ത്രീകളെ പീഡിപ്പിക്കുന്നതും തമ്മിൽ വ്യത്യാസമില്ലേ? അതുകൊണ്ട് ഈ നിർവ്വചനത്തിൽ വലിയ വ്യത്യാസമുണ്ട്. അതുപോലെ നേരത്തെ സൂചിപ്പിച്ചതുപോലെ രാഷ്ട്രീയ നേതാവ്, അത് ആരായാലും ഒരു പൗരൻ എന്നുള്ള നിലയിൽ എടുത്താൽ മതി. നമ്മുടെ സമൂഹത്തിൽ സ്ത്രീകൾക്ക് എതിരായി നടക്കുന്ന അക്രമങ്ങളിൽ ഗവൺമെന്റ് കണക്കുപ്രകാരം ചെറിയ ശതമാനം മാത്രമാണല്ലോ ഇതിൽ വരുന്നത്. ഇപ്പോൾ സൂര്യനെല്ലി കുട്ടിയെക്കുറിച്ചാണ് പറഞ്ഞത്-ഒരു കുടുംബത്തിനെ, ആരും ഒരു വിവാഹം പോലും പറയാതെ, ഒരു കുടുംബത്തെ മുഴുവൻ മാറ്റി നിർത്തപ്പെട്ട, നമ്മുടെ നാട്ടിലെ എയ്ഡ്സ് രോഗികളെപ്പോലെ മാറ്റിനിർത്തുന്നതുപ്പോലെ മാറ്റി നിർത്തപ്പെട്ടവരുടെ വേദനയും കൂടി നാം കാണണ്ടേ. ആ വേദനയും കൂടി കണ്ടുകൊണ്ടല്ലേ കാര്യങ്ങൾ ചർച്ച ചെയ്യേണ്ടത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, കുട്ടികളെ ഈ നിർവ്വചനത്തിൽ ഉൾപ്പെടുത്തേണ്ട ആവശ്യമില്ല. കാരണം കുട്ടികൾക്കെതിരായ അതിക്രമങ്ങൾക്ക് ഇവിടെ വേറെ നിയമമുണ്ട്. ആ നിയമം ഇതിനെക്കാൾ കർശനമായ നിയമമാണ്. കുട്ടികളേയും കൂടി ഉൾപ്പെടുത്തിക്കഴിഞ്ഞാൽ ആ കുട്ടികളും കൂടി ഈ ആക്ടിന്റെ പരിധിയിൽ വരും. കുട്ടികൾക്കെതിരായ അതിക്രമങ്ങൾക്ക് ഇതിനെക്കാൾ കർശനമായ ശിക്ഷ ആ നിയമത്തിലുണ്ട്. ആ നിയമത്തിലെ ചില കാര്യങ്ങൾ ഇങ്ങോട്ടു അഡോപ്റ്റ് ചെയ്യുന്നതായിരിക്കില്ലേ

നല്ലത്. ഈ നിയമത്തിൽ അവരെക്കൂടി ചേർത്താൽ കുട്ടികൾക്കെതിരായ അതിക്രമങ്ങളുടെ ശിക്ഷ കുറയും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇവിടെ ശ്രീ. എം. എ. ബേബി പറഞ്ഞതുപോലെ, നമ്മുടെ നിർവ്വചനത്തിനകത്ത് തോണ്ടലും തൊടീലും ഒന്നുമല്ല പറഞ്ഞിരിക്കുന്നത്. നമ്മൾ വളരെ സീരിയസായുള്ള ഏഴ് കാര്യങ്ങ ളാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. അതല്ലാതെ ചെറിയ രൂപത്തിലുള്ള കാര്യ ങ്ങളൊന്നും നിർവ്വചനത്തിനകത്തില്ല. ഇത് എല്ലാവരുടേയും കൈയിലുള്ളതു കൊണ്ട് ഞാൻ വായിക്കുന്നില്ല, അതിൽ പറഞ്ഞിട്ടുള്ള പ്രധാനപ്പെട്ട കാര്യ മാണ്. ഈ പ്രധാനപ്പെട്ട കാര്യങ്ങളെല്ലാം ഒരാൾ ബോധപൂർവ്വമായി ചെയ്താൽ മാത്രമേയുള്ളൂ, അല്ലാതെ ആക്സിഡന്റലായി ചെന്ന് തൊട്ടു, അല്ലെങ്കിൽ വർത്തമാനം പറഞ്ഞു, ഇതൊന്നും ശിക്ഷയ്ക്കകത്ത് വരില്ല. അതിനാൽ നിർവ്വചനത്തിൽ നിന്ന് അതെല്ലാം ഒഴിവാക്കിയിരിക്കുകയാണ്. ബോധപൂർവ്വമായ ചിന്തയോടുകൂടി അപമാനിച്ചെങ്കിൽ മാത്രമേയുള്ളൂ. രണ്ടാമത്തെ പ്രശ്നം, നേരത്തെ ശ്രീ. വി. ഡി. സതീശൻ പറഞ്ഞ ഒരു കാര്യ ത്തിനകത്ത്, കുട്ടികളളെക്കൂടി ഇതിൽ കവർ ചെയ്യാൻ കാരണം ഇപ്പോൾ കുടുംബങ്ങളിൽ നടക്കുന്നതല്ലാതെ പുറത്തു കേൾക്കുന്ന, കുഞ്ഞു ങ്ങളെപ്പോലും മോശമായി റേപ്പ് ചെയ്യുന്ന രൂപത്തിലുള്ള വാർത്തകൾ വരിക യാണ്. അത് ഈ ശിക്ഷയ്ക്കകത്ത് നിശ്ചയമായിട്ടും വരണം. പ്രായത്തിന്റെ അടിസ്ഥാനത്തിൽ അവർക്കുള്ള സംരക്ഷണമുണ്ടാകും. അത് ഉണ്ടായി ക്കോട്ടെ. പക്ഷേ ഈ ഒഫൻസിന് വിധേയയായ ഒരു കൊച്ചുകുട്ടി ഉണ്ടെ ങ്കിൽ ആ കൊച്ചുകുട്ടിക്ക് എതിരായി ഉണ്ടായിട്ടുള്ള ഒഫൻസിലും ശിക്ഷിക്ക പ്പെടണം. അതാണ് നമ്മുടെ ഇന്റൻഷൻ. പക്ഷേ ഈ പറയുന്ന ഒഫൻസിന കത്ത് വന്നുപെട്ടെങ്കിലേ ഉള്ളൂ.

സർ, അദ്ദേഹം നിരപരാധിയാണെന്ന് വിധി വന്നതിനുശേഷം അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ എന്നെ ഫോണിൽ വിളിച്ചു. നമ്മൾ ഒരു വ്യക്തിയെക്കുറിച്ച് ഒരു പൊതുയോഗത്തിൽ അല്ലെങ്കിൽ ഈ സഭയിൽ പറയുമ്പോൾ നമ്മുടെ വാക്കുകൾ കേൾക്കുന്ന പലരും കൈയടിക്കും. പക്ഷെ അവരുടെയൊക്കെ കുടുംബങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ വളരെ വലുതാണ്. നമ്മളൊക്കെ രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കുന്നവരാണ്, നൂൽപ്പാലത്തിലൂടെ സഞ്ചരിക്കുന്നവരാണ്. രാഷ്ട്രീയപരമായി നമുക്കൊക്കെ അഭിപ്രായവ്യത്യാസമുണ്ടാകും. പക്ഷെ ആ അഭിപ്രായവ്യത്യാസങ്ങൾ പൊതുരംഗത്ത് പ്രവർത്തിക്കുന്ന ഞങ്ങളൊക്കെ നേരിടേണ്ടിവരുന്നത് ഒരേ വിഷയംതന്നെയാണെന്നുള്ളതാണ് യാഥാർത്ഥ്യം. ഇവിടെ നമ്മൾ ആരെയെങ്കിലും കുറിച്ച് പറയുമ്പോൾ അതിന് ലീഗലായിട്ടുള്ള എന്തെങ്കിലും പോയിന്റുണ്ടോ? അത് ഏതെങ്കിലും കോടതികളിൽ നമുക്ക് തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ടോ? അതുകൊണ്ടാണ് ഞാൻ പറയുന്നത് ഇതുപോലെയുള്ള വിഷയങ്ങൾ വരുമ്പോൾ നമ്മളെ രാഷ്ട്രീയമായി തേജോവധം ചെയ്യാൻ എതിർപാർട്ടി മാത്രമല്ല, സെൽഫ് ഗോളും വീഴുന്ന കാലമാണ്. ഒരാളെക്കുറിച്ച് ഒരാരോപണം വരുമ്പോൾ അദ്ദേഹം രാജിവയ്ക്കുന്നു. നാളെ അദ്ദേഹം നിരപരാധിയാണെന്ന് എല്ലാവരും പറഞ്ഞാലും ഇന്നനുഭവിച്ച പ്രയാസം മാറ്റാൻ കഴിയുമോ? ശ്രീ. എം. എ. ബേബി പറഞ്ഞു, ആരോപണം വന്നവരെ പ്രൊമോട്ട് ചെയ്യുന്ന പാരമ്പര്യമല്ല ഞങ്ങൾക്കുള്ളതെന്ന്. പക്ഷേ ആ ഉദ്ദേശിച്ച വ്യക്തിയെ എല്ലാപേരും ചേർന്ന് ഐകകണ്ഠ്യേന തെരഞ്ഞെടുത്തതാണ്. ഐകകണ്ഠ്യേന എന്നുപറഞ്ഞാൽ അതിനർത്ഥം ആരുമില്ലായെന്നല്ല. രാജ്യസഭയിൽ യുനാനിമസായിട്ടാണ് ശ്രീ. പി. ജെ. കുര്യൻ ഡെപ്യൂട്ടി ചെയർമാനായി തെരഞ്ഞെടുക്ക

പ്പെട്ടത്. അദ്ദേഹത്തിനെക്കുറിച്ച് നിങ്ങൾക്കെന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടായിരുന്നെങ്കിൽ നിങ്ങൾ സ്ഥാനാർത്ഥിയെ നിറുത്തുമായിരുന്നില്ലേ? മാർക്സിസ്റ്റ് പാർട്ടിയിൽതന്നെ ഒന്നുരണ്ട് നേതാക്കാന്മാരെക്കുറിച്ച് ഇതേ ആക്ഷേപം വന്ന് അവർക്ക് സ്ഥാനമൊഴിയേണ്ടിവന്നിട്ടില്ലേ. അങ്ങനെ സ്ഥാനം ഒഴിഞ്ഞ വ്യക്തി ടി.വി.-യിൽ ഒരഭിമുഖത്തിൽ പറഞ്ഞത് അദ്ദേഹത്തിന്റെ മകന്റെ അകാലമരണത്തിനുശേഷം ദുഃഖിതയായ ഭാര്യ ഇതുകൂടി കേട്ടപ്പോൾ മാനസികമായി പൂർണ്ണമായും തകർന്നുപോയി എന്നാണ്. രാഷ്ട്രീയമായി വിമർശിക്കുമ്പോൾ ഇതുപോലുള്ള ഘടകങ്ങളൊക്കെ നമ്മുടെ മനസ്സിലുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ഇതിനെ നല്ല സെൻസിലെടുത്തുകൊണ്ട്, അതേസമയം പാവപ്പെട്ട പെൺകുട്ടികളെ പീഡിപ്പിക്കുന്നവരുണ്ടെങ്കിൽ അവരെ നമ്മൾ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരണം. അതിനാണ് ഇവിടെ കോടതിയുള്ളത്. ആ കോടതിയിൽ ഇപ്പോൾ ഗവൺമെന്റ് തന്നെ പോകണമെന്നുണ്ടോ? ആക്ഷേപമുള്ള ആർക്കും കോടതിയെ സമീപിക്കാം. നമ്മൾ ഇവിടെ നിയമത്തിന്റെ നൂലാമാലകൾ പറഞ്ഞ് തർക്കിക്കേണ്ട ആവശ്യമില്ല. ഒരു വ്യക്തിയെ പിൻപോയിന്റ് ചെയ്യുമ്പോൾ ബലാത്സംഗത്തിന് വിധേയമായ സൂര്യനെല്ലിയിലെ പാവപ്പെട്ട പെൺകുട്ടിയെ യഥാർത്ഥത്തിൽ പീഡിപ്പിച്ചവർ രക്ഷപ്പെട്ടുപോകുകയാണ്. കാരണം ,ഒരാളിലേയ്ക്ക് മാത്രമായി ഇക്കാര്യം ഫോക്കസ് ചെയ്യുന്നതുകൊണ്ടാണ്. അത് തെറ്റല്ലേ? പത്തുനാല്പതോളംപേർ ചേർന്ന് പല ഘട്ടങ്ങളിലായി ഹീനമായി കുട്ടിയെ നശിപ്പിച്ചു എന്നുപറയുമ്പോൾ യഥാർത്ഥത്തിൽ കുറ്റം ചെയ്തവർ ശിക്ഷിക്കപ്പെടണ്ടേ? ഒളിവിൽ പോയ ആളുകളുടെ ചില തിരുത്തലുകൾ, അന്നത്തെ മാർക്കറ്റിനനുസരിച്ച് നടത്തുന്ന സ്റ്റേറ്റ്മെന്റുകൾ അതൊക്കെയാണോ നമ്മൾ മുഖവിലയ്ക്കെടുക്കേണ്ടത്? നിയമത്തിന്റെ

കാര്യങ്ങൾ പരിശോധിക്കുമ്പോൾ വിശാലമായ താല്പര്യത്തോടെ നമ്മൾ ഇതിനെ കാണണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ നാട്ടിലെ പെൺകുട്ടികൾ സംരക്ഷിക്കപ്പെടണം, അവർക്കെതിരായി വരുന്ന ഹീനശ്രമ ങ്ങളെ ശക്തമായി തടയാനുള്ള നിയമങ്ങളുണ്ടാകണം. ഇങ്ങനെയുള്ള കുറ്റ കൃത്യങ്ങൾ തെളിഞ്ഞാൽ കുറ്റക്കാർക്ക് വധശിക്ഷ ഏർപ്പെടുത്താൻ വന്ന കേന്ദ്രത്തിന്റെ ഓർഡിനൻസ് സ്വാഗതാർഹമാണ്. തീർച്ചയായും ഈ നിയമം നമുക്ക് ഒരുമിച്ച് പാസ്സാക്കിയെടുക്കണം. ഇതുപോലെയുള്ള കശ്മലന്മാരെ നേരിടാൻ സഭ ഒറ്റക്കെട്ടാണ് എന്നുള്ള സന്ദേശം നൽകണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എം. എ. ബേബി: സർ, 2013-ലെ കേരള വനിതകളുടെ സ്വകാര്യ തയും അന്തസ്സും സംരക്ഷണ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണ നയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ഇതുപോലൊരു നിയമം സഭ ചർച്ച ചെയ്ത് പാസാക്കുന്ന ഘട്ട ത്തിൽ സാധ്യമായത്ര അഭിപ്രായ സമന്വയം ഉണ്ടാക്കുന്നതിനാണ് ഊന്നൽ നൽകേണ്ടത് എന്ന അഭിപ്രായം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഇതുസംബന്ധിച്ച സാങ്കേതിക തർക്കങ്ങൾ ഉന്നയിച്ച പ്രതിപക്ഷ ഉപനേതാവും അതുതന്നെ പറഞ്ഞു. ഒന്നാമതായി പരിഗണിക്കേണ്ടത്, ഇവിടെ സർക്കു ലേറ്റ് ചെയ്തിട്ടുള്ള രൂപത്തിലെ ഈ നിയമത്തിന് കുറേയധികം അപര്യാപ്ത തകളുണ്ട് എന്ന കാര്യം വളരെ വ്യക്തമാണ്. കേന്ദ്ര ഗവൺമെന്റ് ഒരു ഓർഡി നൻസ് പുറപ്പെടുവിച്ചിരിക്കുകയാണ്. ആ ഓർഡിനൻസിൽ ഉൾക്കൊള്ളിച്ചി ട്ടുള്ള വകുപ്പുകളും 2013-ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബില്ലും താരതമ്യപ്പെടുത്തുമ്പോൾ കേന്ദ്ര നിയമത്തിലുള്ള ശക്ത

മായ ചില ശിക്ഷകളും വകുപ്പുകളും ഇതിനകത്ത് ഉൾക്കൊള്ളിച്ചിട്ടില്ല. കേന്ദ്ര ഓർഡിനൻസിൽ പറഞ്ഞ ആ ഭാഷയിൽ ഈ കുറ്റകൃത്യത്തിന്റെ വിശദാംശ ങ്ങളെല്ലാം അങ്ങനെ പരാമർശിച്ചുപോകുന്നത് ഉചിതമാകില്ല എന്ന് അദ്ദേഹ ത്തിന്റെ മാനസികമായ ഒരു സമീപനം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പു മന്ത്രി ഇവിടെ പ്രകടിപ്പിക്കുകയുണ്ടായി. കേന്ദ്ര നിയമത്തിലെ പ്രധാനപ്പെട്ട ശിക്ഷാ നിർദ്ദേശത്തെക്കുറിച്ച് എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ശ്രീ. കെ. മുരളീധരൻ പറഞ്ഞു. വധശിക്ഷയുൾപ്പെടെയുള്ളതിനെ അദ്ദേഹം സ്വാഗതം ചെയ്തിരിക്കുകയാണ്. അങ്ങനെയുള്ള കഠിനമായ ശിക്ഷ വേണമെന്നുള്ള താണ് അദ്ദേഹത്തിന്റെ അഭിപ്രായം. യഥാർത്ഥത്തിൽ ജസ്റ്റിസ് വർമ്മയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി വധശിക്ഷ നിർദ്ദേശിച്ചിട്ടില്ല. നിയമ പണ്ഡിതനെന്ന തലത്തിലും സുപ്രീംകോടതിയുടെ ചീഫ് ജസ്റ്റിസ് എന്ന നിലയിലും അദ്ദേഹം തന്റെ കർത്തവ്യം നിർവ്വഹിക്കുന്ന കാലഘട്ടത്തിൽ നൽകിയിട്ടുള്ള വിധി ന്യായത്തിന്റെ ഉള്ളടക്കം നോക്കുമ്പോഴുമെല്ലാം വളരെയധികം ആദരിക്കപ്പെ ടേണ്ട ഒരു വ്യക്തിയാണ് ജസ്റ്റിസ് വർമ്മ. അദ്ദേഹത്തിന്റെ മുമ്പിൽ ഇതു സംബന്ധിച്ച് തങ്ങളുടെ അഭിപ്രായങ്ങൾ അവതരിപ്പിച്ച പ്രധാനപ്പെട്ട മഹിളാ സംഘടനകളൊന്നും വധശിക്ഷ നൽകണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. ഡൽഹി യിലുണ്ടായ പൈശാചികമായ ആക്രമണത്തെത്തുടർന്ന് നമ്മുടെ നാട്ടിലു ണ്ടായ പ്രതികരണങ്ങളിൽ ചിലത് അതിവൈകാരികമായ പ്രതികരണ ങ്ങളാണ്. അന്ന് കൂടുതൽ കടുത്ത ശിക്ഷ വേണമെന്ന് ആളുകൾ മത്സരിച്ചു പറയുമായിരുന്നു. നമ്മൾ സമചിത്തതയോടുകൂടി ഇത്തരം കാര്യങ്ങളെ കാണണം. മഹിളാ സംഘടനകൾ ഇതുസംബന്ധിച്ച് വധശിക്ഷയ്ക്ക് പകരം നൽകിയ നിർദ്ദേശമെന്താണ്? ജീവപര്യന്തം തടവ് എന്നുപറയുന്നത് ഒരു നിശ്ചിത വർഷം കഴിഞ്ഞ് പുറത്തുപോകുന്നതല്ല, ജീവിതകാലം മുഴുവൻ ഈ

കുറ്റകൃത്യം ചെയ്ത ആൾ ജയിലിൽത്തന്നെ കിടക്കണം എന്ന ശിക്ഷയാണ് മഹിളാ സംഘടനകൾ പറഞ്ഞത്. വധശിക്ഷ ഒരു ശിക്ഷ എന്നുള്ള നിലയിൽ ലോകത്തെ ബഹുഭൂരിപക്ഷം രാജ്യങ്ങളും ഇപ്പോൾ വേണ്ടെന്നുവയ്ക്കുക യാണ്. ഏറ്റവും ക്രൂരമായ കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കുപോലും വധശിക്ഷ നൽകാൻ പാടില്ല എന്ന അഭിപ്രായം ലോകത്ത് പ്രബലമായിക്കൊ ണ്ടിരിക്കുകയാണ്. കുറ്റവാളികളോടൊക്കെ നമുക്ക് വലിയ ദേഷ്യമുണ്ട്. കൂടുതൽ ക്രൂരമായ കുറ്റകൃത്യങ്ങൾ ചെയ്യുന്നവരോട് കൂടുതൽ ദേഷ്യം തോന്നും. നമുക്ക് ഓർമ്മയുണ്ട്, അമേരിക്കയിൽ ഒരു വ്യക്തി ഒരു സ്കൂളിൽ ചെന്ന് കുട്ടികളെ കൂട്ടക്കുരുതി നടത്തി. മുപ്പതോളം പേരെയാണ് വെടിവച്ചു കൊന്നത്. അപ്പോൾത്തന്നെ ആ വാർത്ത ഇന്നത്തെ ആധുനിക വാർത്താ വിനിമയ സൗകര്യമുപയോഗിച്ച് നമ്മൾ അറിഞ്ഞു. അതിന്റെ പിന്നാലെ മറ്റൊരു വാർത്ത വന്നു. ഇയാൾ സ്കൂളിൽ പോയി കുട്ടികളെ വെടിവച്ചു കൊല്ലുന്നതിന് മുൻപ് വീട്ടിൽ അമ്മയെ വെടിവച്ചു കൊന്നിട്ടാണ് പോയിരി ക്കുന്നതെന്ന്. എനിക്ക് പരിചയമുള്ള ഒരാൾ വളരെ ദു:ഖിതനാണെ ങ്കിൽപ്പോലും എന്നോട് പറഞ്ഞത്, വെടിവയ്ക്കാൻ അയാൾ പരിശീലനം നേടിയത് വീട്ടിലെ അമ്മയെ വെടിവച്ചുകൊണ്ടാണ്, എന്നിട്ടാണ് സ്കൂളിൽ പോയി വെടിവച്ചതെന്നാണ്. ഇതൊരു മാനസിക വിഭ്രമമാണ്. ലോകത്തിന്റെ പല സ്ഥലങ്ങളിലും സമനില തെറ്റുന്ന വിധത്തിൽ മാനസികരോഗവും സാമൂ ഹികമായ മാനസികരോഗവുമെല്ലാം ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. കുറ്റ കൃത്യങ്ങളുടെയെല്ലാം പുറകിൽ ചില പ്രത്യേക സാഹചര്യങ്ങളുണ്ട്. പാകി സ്ഥാനിൽ അമേരിക്കയുടെ രഹസ്യാന്വേഷണ സംഘങ്ങളെല്ലാം കൂടി ചെന്ന് പാകിസ്ഥാൻ ഗവൺമെന്റ് അറിയാതെ ഒസാമ ബിൻലാദനെയും കൂടെയുള്ള സഹായികളെയും വെടിവച്ചു കൊന്നു. എന്തു വലിയ കുറ്റകൃത്യം ചെയ്താലും

ഒരാളെ വിചാരണയ്ക്ക് വിധേയനാക്കാതെ ഒരു രാജ്യത്തുനിന്ന് മറ്റൊരു രാജ്യത്ത് പോയി ശിക്ഷ നടപ്പാക്കാമോയെന്നുള്ള വിഷയം അന്ന് ചർച്ച ചെയ്യപ്പെട്ടതാണ്. നോംചോംസ്കിയെപോലുള്ളവർ ഇക്കാര്യങ്ങളെല്ലാം ചർച്ച ചെയ്തതാണ്. ഒസാമ ബിൻലാദനെ വെടിവച്ചുകൊല്ലാൻ തക്ക കുറ്റം ഒസാമ ബിൻലാദൻ ചെയ്തുവെന്ന് അമേരിക്കൻ ഭരണകൂടം തീരുമാനിച്ചു. എന്തായിരുന്നു ആ കുറ്റം: ചാവേർ പോരാളികൾ അമേരിക്കയുടെ തന്നെ വിമാനങ്ങൾ തട്ടിയെടുത്ത് ടിിൻ ടവേഴ്സ് ഇടിച്ചു തകർത്തു. ഇരട്ടമിനാരങ്ങളിൽ ജീവിച്ചിരുന്ന ആയിരക്കണക്കിനുപേരെ കൊന്നൊടുക്കി. ആ കൊല നടത്തിയ ഭീകരവാദ ചാവേറുകളും ആ കൂട്ടത്തിൽ സ്വയം മരിച്ചു. പരിശീലനമൊക്കെ നേടി, ആ വിമാനം ഓടിച്ചിരുന്നവർ അവരാണ്. ആ വിമാനത്തിലുള്ളവരും കൊല ചെയ്യപ്പെട്ടു. ഈ സംഭവം ലോകത്തെ മുഴുവൻ ഞെട്ടിച്ച സമീപകാലത്ത് നടന്ന ഏറ്റവും വലിയ ഭീകര കുറ്റകൃത്യമാണ്. അമേരിക്കയുടെ ഏറ്റവും പ്രശസ്തമായ സർവകലാശാലയായ ബോസ്റ്റണിലുള്ള മസാച്ച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (എം.ഐ.റ്റി), അവിടെ ഭാഷാ ശാസ്ത്രത്തിൽ ഏറ്റവും വിശ്രുതനായ ശാസ്ത്രജ്ഞൻ, ചിന്തകൻ നോംചോംസ്കി ആ സമയത്ത് പ്രതികരിച്ചുകൊണ്ട് പറഞ്ഞു, ഈ ചാവേർ തീവ്രവാദികളുടെ ഭീകര കുറ്റത്തെ നമ്മൾ ഭർത്സിക്കണം, അപലപിക്കണം, അതിൽ സംശയമില്ല. അതോടൊപ്പം സ്വയം മരിക്കാൻ തയ്യാറായി തങ്ങൾക്ക് യാതൊരു പരിചയവുമില്ലാത്ത കുറേയാളുകളെ കൊല്ലാൻ ഇവരെന്തുകൊണ്ട് ഒരുമ്പെട്ടു എന്ന കാര്യം ആ ചാവേറുകളുടെ മനസിൽ കടന്നിരുന്നുകൊണ്ട് ചിന്തിക്കാൻ നമ്മൾ തയ്യാറാവണം. എന്തിന്റെ പേരിലാണ് ഇവരിത് ചെയ്യുന്നതെന്നതും ആലോചിക്കണം. അവരെ ഇത്തരം ഭീകര കുറ്റകൃത്യം ചെയ്യാൻ പ്രേരിപ്പിക്കുന്ന യഥാർത്ഥത്തിലുള്ള എന്തെങ്കിലും പ്രശ്നം അവരെ അലട്ടുന്നുണ്ടോ?

ചിലപ്പോൾ യഥാർത്ഥത്തിലുള്ള പ്രശ്നത്തിന്റെ കൂടെ കൂട്ടിച്ചേർത്ത പ്രശ്നങ്ങളുമുണ്ടാകാം, അവർ സങ്കൽപ്പിച്ചുണ്ടാക്കിയ ആവലാതികളുമുണ്ടാകാം. ആവലാതികൾ സങ്കൽപ്പിച്ചുണ്ടാക്കണമെങ്കിൽ യഥാർത്ഥത്തിൽ അവർക്ക് ചില ആവലാതികളും പരാതികളുമുണ്ടാകണം. അങ്ങനെ വല്ലതുമുണ്ടോ എന്നതുംകൂടി നമ്മൾ അന്വേഷിക്കണമെന്ന് നോംചോംസ്കി പറഞ്ഞു. ലോകത്തിലെ ഏറ്റവും ക്രൂരമായ എല്ലാത്തരം കുറ്റകൃത്യങ്ങളും സ്ത്രീകൾക്കു നേരെയുള്ള കുറ്റകൃത്യമാണെന്ന് പറയുമ്പോൾ, ഡൽഹിയിൽ നടന്നതെന്താണ്? നമ്മൾ വലിയ ഗൗരവത്തോടുകൂടി, ആത്മനിയന്ത്രണത്തോടുകൂടി ചർച്ച ചെയ്യേണ്ട വിഷയമാണിത്.  ഈ സഭയിൽ വളരെക്കുറച്ച് മഹിളാ അംഗങ്ങൾ മാത്രമേയുള്ളൂ. നമ്മുടെ സമൂഹത്തിന്റെ വലിയൊരു വൈകല്യമാണ് അതിലൂടെ വെളിപ്പെടുന്നത്. എന്തുകൊണ്ട് ഈ സഭയിൽ കൂടുതൽ വനിതാ അംഗങ്ങൾ ഉണ്ടാകാതെ പോകുന്നു എന്നുള്ളത് ഇന്നത്തെ കേരളീയ സമൂഹത്തിന്റെയും ഇന്ത്യൻ സമൂഹത്തിന്റെയും അവസ്ഥയ്ക്ക്നേരെ പിടിച്ച ഒരു കണ്ണാടിയാണ്. അതുകൊണ്ട് പുരുഷാധിപത്യപരമായ ഒരു ലോകത്താണ്, പുരുഷാധിപത്യപരമായ  ഇന്ത്യയിലാണ്, പുരുഷാധിപത്യപരമായ  കേരളത്തിലാണ് ദൗർഭാഗ്യവശാൽ പുരുഷന്മാർ എണ്ണത്തിൽ കൂടുതലുള്ളതുകൊണ്ടുതന്നെ പുരുഷ മനോഭാവം, പുരുഷ മേധാവിത്വം വഹിക്കുന്ന ഒരു സഭയിലാണ് നമ്മൾ ഇക്കാര്യം ചർച്ച ചെയ്യുന്നത്. അത് നമ്മൾ മറന്നുകൂടാ. രാഷ്ട്രത്തലവനായി ഉയർന്ന ഒരു കവി പറഞ്ഞു, "ആകാശത്തിന്റെ പകുതി താങ്ങി നിർത്തിയിരിക്കുന്നത് സ്ത്രീകളാണ്"എന്നാണ്. ഈ ഭൂമിയിൽ പകുതി സ്ത്രീകളാണ്. പക്ഷെ സ്ത്രീയ്ക്ക് ഇടമില്ല. സ്ത്രീയ്ക്ക് കടന്നുവരാൻ പറ്റുന്നില്ല. സ്ത്രീകളെ ആക്രമിക്കുമ്പോൾ നമ്മൾ പറയുക

യാണ്, എന്തിനാണ് ഈ സമയത്ത് ആ സ്ത്രീ അങ്ങനെ നടന്നത്, വീട്ടിലിരുന്നുകൂടേ എന്നാണ്. എന്തിനാണ് സ്ത്രീ മാത്രം വീട്ടിലിരിക്കുന്നത്? നമ്മൾ ചർച്ച ചെയ്യുമ്പോൾ വളരെ സ്വതന്ത്രമായി, സത്യസന്ധമായി കാര്യങ്ങൾ കാണണം. ഈ ഭൂമിക്കവകാശികൾ പുരുഷൻമാരെപ്പോലെ സ്ത്രീകളുമാണ്. ഈ സമൂഹത്തിലെ ഏതിടത്തും പരുഷൻമാരെപ്പോലെ സ്ത്രീക്കും കടന്നു ചെല്ലാൻ അവകാശമുണ്ട്. സ്ത്രീ അത് ചെയ്യരുത്, ഇത് ചെയ്യരുത്, അടങ്ങി ഒതുങ്ങി ഇരിക്കണം, അകത്തിരിക്കണം എന്നില്ല. 'അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്' എന്ന നാടകം കേരളത്തെ ഇളക്കിമറിച്ചതാണ്. അങ്ങനെയുള്ള കേരളമാണ്. ഇപ്പോൾ അവരുടെ വസ്ത്രധാരണത്തെക്കുറിച്ച് പറയുമ്പോൾ, ഒരു കാലഘട്ടത്തിൽ ചില ഭാഗങ്ങളിൽ വസ്ത്രം ധരിച്ചുകൂടാ എന്ന് ശഠിച്ചിരുന്നത് സത്യമല്ലേ? അത് മറക്കാൻ പാടുണ്ടോ? ഇപ്പോൾ നമ്മൾ വലിയ ആളുകളായി പറയുകയാണ് മര്യാദയ്ക്ക് വസ്ത്രം ധരിച്ചുനടന്നാൽ കുഴപ്പമൊന്നും ഉണ്ടാവുകയില്ല എന്ന്. ഇത് പറയാൻ പുരുഷന്മാരായ നമുക്കൊന്നും നാണമില്ല. കേരളത്തിലെയും ഇന്ത്യയിലെയും പുരുഷൻമാർ ലജ്ജിക്കണം. കാരണം, അത്ര വലിയ പാതകങ്ങളാണ് സ്ത്രീകൾക്കു നേരെ നമ്മൾ നൂറ്റാണ്ടുകളായി ചെയ്തുകൊണ്ടിരിക്കുന്നത്. അതിനെക്കുറിച്ച് തിരിച്ചറിയുകയും അത് തിരുത്തണമെന്ന് പറയുകയും ചെയ്യുന്ന നമ്മളെ ചുരണ്ടിയാലും ഇതിന്റെ അടിയിൽ പുരുഷാധിപത്യപരമായ മനോഭാവം കിടക്കും. അതുകൊണ്ട് പാട്രണൈസിംഗ് ആയ, സ്ത്രീകളെയെല്ലാം സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്യാൻ വേണ്ടി നമ്മൾ ഒരു നിയമം കൊണ്ടു വന്നിരിക്കുന്നു എന്ന മട്ടിലല്ല, സ്ത്രീകളോട് നൂറ്റാണ്ടുകളായി ചെയ്തുകൊണ്ടിരിക്കുന്ന അനീതികൾ തിരുത്താൻ അപര്യാപതമായ ചില നടപടികളുമായി

നമ്മൾ വരുന്നു എന്ന ബോധത്തോടുകൂടിയാണ് ഈ നിയമത്തെ നമ്മൾ കാണേണ്ടത്. നമ്മൾ ഇക്കാര്യത്തിൽ ഒരേ മനസ്സോടുകൂടി ചിന്തിക്കണം. തൂക്കികൊല്ലുക എന്ന് പറയുന്നതുകൊണ്ട് അല്ലെങ്കിൽ ചില രാജ്യങ്ങളിൽ നട പ്പാക്കുന്നതുപോലുള്ള ശിക്ഷകൾ, ഡൽഹി സംഭവം ഉണ്ടായിക്കഴിഞ്ഞപ്പോൾ ചിലർ വാദിച്ചു കാസ്ട്രേഷൻ നടപ്പാക്കണം, ചിലർ പറഞ്ഞു കെമിക്കൽ കാസ്ട്രേഷൻ മതി, ഫിസിക്കൽ കാസ്ട്രേഷൻ വേണോ കെമിക്കൽ കാസ്ട്രേ ഷൻ വേണോ എന്നൊക്കെ ചർച്ച ചെയ്തു. ഇതിന്റെ പരിഭാഷയിലേയ്ക്ക് ഞാൻ പോകുന്നില്ല. പരിഭാഷപ്പെടുത്തി പറഞ്ഞാൽ വിവാദമാകുന്ന പല കാര്യങ്ങളും ഇംഗ്ലീഷിലോ സംസ്കൃതത്തിലോ പറഞ്ഞാൽ കുഴപ്പമില്ലെ ന്നൊരു മിഥ്യാധാരണ നമുക്കുണ്ട്. ആ ധാരണയുടെ സംരക്ഷണയിൽ ഞാൻ മുന്നോട്ടുപോവുകയാണ്. ഇത്തരത്തിൽ മത്സരിച്ച് ആക്രോശിക്കുകയല്ല വേണ്ടത്. മത്സരിച്ച് ആക്രോശിച്ച് കൂടുതൽ ശിക്ഷയുണ്ടെന്ന് വരുത്തിയാൽ ആ ശിക്ഷകൊണ്ട് മാത്രം ഇല്ലാതാകുന്നതല്ല. ഓരോ കുറ്റത്തിനും ഏറ്റവും ഉചിതമായ ശിക്ഷ വേണം. അതെന്താണെന്നുള്ളത് നമ്മൾ ചർച്ച ചെയ്യണം. അവിടെയാണ് ഞാൻ എന്റെ ആദ്യത്തെ പോയിന്റിലേക്ക് വരുന്നത്. ഇന്ത്യൻ പാർലമെന്റ് ഇത് സംബന്ധിച്ച് ചർച്ച ചെയ്ത് ഒരു നിയമമാക്കിയിട്ടില്ല. ഇന്ന് നിയമം ഉണ്ട്. ഇന്ത്യൻ ഭരണഘടന അനുസരിക്കുന്ന തത്വം അനുസരിച്ച് ഒരു അടിയന്തിര ഘട്ടത്തിൽ കേന്ദ്ര കാബിനറ്റ് ഒരു ഓർഡിനൻസ് പുറപ്പെടുവിച്ച് അത് ബഹുമാനപ്പെട്ട രാഷ്ട്രപതി ഒപ്പിട്ട് കഴിഞ്ഞാൽ പാർലമെന്റ് ചർച്ച ചെയ്ത് പാസ്സാക്കിയ നിയമത്തിന്റെ അതേ പ്രാബല്യം ഉണ്ട്. അതിൽ സംശ യവുമില്ല. എന്നാലും അത് ലോക്സഭയും രാജ്യസഭയും ചർച്ച ചെയ്യുമ്പോൾ എന്തെല്ലാം മാറ്റങ്ങൾ വരും, എന്തെല്ലാം ഭേദഗതികൾ വരും എന്നതുകൂടി മന സ്സിലാക്കണം. കാരണം രാജ്യത്തിന്റെ മുഴുവൻ കാര്യങ്ങളും കണക്കിലെടു

ത്തുകൊണ്ട് ഇത് സംബന്ധിച്ച് തീരുമാനമെടുക്കാൻ പാർലമെന്റ് പോവുകയാണെന്നിരിക്കെ നമ്മൾ തിരക്കു പിടിച്ച്, പരാതികളുള്ള, എന്തെങ്കിലും ഉത്തരവാദിത്വരാഹിത്യം കൊണ്ട് പരാതികൾ വന്നുവെന്ന് ഞാൻ ആരോപിക്കുകയല്ല. ഈ സെഷനിൽ തന്നെ ഇത് അവതരിപ്പിച്ച് പാസ്സാക്കണം, അങ്ങനെ ഇക്കാര്യത്തിൽ മാതൃകാപരമായ ഒരു നിയമം കേരളം ഉണ്ടാക്കിയെന്ന സംതൃപ്തിയടയണം എന്ന ഉദ്ദേശത്തിലായിരിക്കാം.

ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇക്കാര്യത്തിൽ ഒരു സമൂഹമെങ്ങനെ റെസ്പോണ്ട് ചെയ്യുന്നു എന്നതാണ് പ്രശ്നം. ഇന്ത്യയൊട്ടാകെ ചർച്ച ചെയ്യുന്നൊരു വിഷയത്തിൽ കേരള നിയമസഭയും കേരളത്തിലെ ജനങ്ങളും എങ്ങനെ അതിനോട് റെസ്പോണ്ട് ചെയ്യുന്നു, നമുക്ക് പോസിറ്റീവായി റെസ്പോണ്ട് ചെയ്യാം. അങ്ങിവിടെ പറഞ്ഞതുപോലെ ഇതിൽ വളരെ പക്വമായ സമീപനമാണ് എടുത്തിരിക്കുന്നത്, പിന്നെ ഈ നിയമം കൊണ്ടുവരുന്നത് ധൃതി വച്ചാണെന്ന് പറഞ്ഞപ്പോൾ ഞാൻ അതിന്റെ പഴയ ഫയലുകൾ കൂടി നോക്കി, ധൃതി വച്ചല്ല, സഫിഷ്യന്റായി എടുക്കേണ്ട സമയം എടുത്തുതന്നെയാണ്. എല്ലാ ഭാഗങ്ങളും ചർച്ചചെയ്താണ്. അങ്ങേയ്ക്ക് അറിയുന്നതിനുവേണ്ടി ഒരു കാര്യം കൂടി പറയാം. ഞങ്ങൾ ഈ നിയമത്തിന്റെ ഡ്രാഫ്റ്റ് ഉണ്ടാക്കുന്നതിന് വേണ്ടി കേരളത്തിലെ വനിതാ എം.എൽ.എ.-മാരുടെയെല്ലാം യോഗം വിളിച്ചിരുന്നു. അതിൽ പങ്കെടുത്തിട്ടുള്ള ബഹുമാനപ്പെട്ട വനിതാ എം.എൽ.എ.-മാരാണ് ഇവിടെയുള്ളത്. അതോടൊപ്പം കേരളത്തിലെ വനിതാ മുന്നേറ്റത്തിന് വേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്ന രാഷ്ട്രീയ സംഘടനകളുടെ പ്രതിനിധികളെ വിളിച്ചിരുന്നു. ശ്രീമതി സുഗതകുമാരി ടീച്ചറിനെപ്പോലെയുള്ള സോഷ്യൽ വർക്കേഴ്സിനെ നമ്മൾ വിളിച്ചിരുന്നു. ഒരു സത്യം കൂടി പറയാം. സുഗത

കുമാരി ടീച്ചറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലാണ് ഇതിന്റെ ഡ്രാഫ്റ്റിനെക്കുറിച്ച് ചർച്ച വന്നത്. ഞങ്ങളെല്ലാ ഘടകങ്ങളും നോക്കിയിട്ടാണ് ചെയ്യുന്നത്. അല്ലാതെ ഇതിരിക്കട്ടെയെന്ന ധൃതിയിലല്ല. ഒരു പെരുമഴ വരുന്നു, ഓടി രക്ഷപ്പെടാമെന്ന, ഓടിപ്പാകുന്ന രൂപത്തിലല്ല. എല്ലാ ചർച്ച കളും നടത്തി എല്ലാം ട്രാൻസ്പരന്റായി വരണം എന്നുള്ള ആഗ്രഹത്തോടു കൂടി, ഇനിയും പുതിയ നിർദ്ദശമുണ്ടെങ്കിൽ സ്വീകരിക്കാമെന്നുള്ള ഓപ്പൺ മൈന്റോടുകൂടി നിൽക്കുകയാണ്.

ശ്രീമതി ജമീലാ പ്രകാശം: സർ, ബഹുമാനപ്പെട്ട മന്ത്രി ഇത്രയും പറഞ്ഞ പ്പോൾ എനിക്ക് ഇക്കാര്യത്തിൽ ഒരു ക്ലാരിഫിക്കേഷൻ ചോദിക്കണമെന്ന് തോന്നി. ഇന്ത്യയിൽ നിലവിലിരിക്കുന്ന പല നിയമങ്ങളിലും പ്രിസംപ്ഷൻ വരുന്നുണ്ട്. ഇന്ത്യൻ എവിഡൻസ് ആക്ടിലെ ഒരു വലിയ പ്രൊവിഷനാണ് പ്രിസംപ്ഷൻ എന്നു പറയുന്നത്. നെഗോഷ്യബിൾ ഇൻസ്ട്രുമെന്റൽ ആക്ടി ലും ഡൗറി ഡെത്തുകളെക്കുറിച്ചുമൊക്കെ പറയുമ്പോൾ അവിടെ പ്രിസംപ്ഷ നുണ്ട്. ആ രീതിയിലുള്ള പ്രിസംപ്ഷൻ ഈ ബില്ലിലുണ്ടെന്ന് എക്സ്പ്ലിസി റ്റായി കാണാൻ കഴിയുന്നില്ല, ഇംപ്ലൈഡായി എവിടെയെങ്കിലും വരുമോ? ധാരാളം നിയമോപദേശമൊക്കെ കിട്ടിയിട്ടാണ് സർക്കാരിന്റെ ഭാഗത്തു നിന്ന് ഈ ബിൽ ഡ്രാഫ്റ്റ് ചെയ്തിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. അതൊന്ന് ക്ലാരിഫൈ ചെയ്തു കിട്ടിയാൽ മതി. ഏതെങ്കിലും ഒരു കാര്യത്തിൽ ഇതിൽ പ്രിസംപ്ഷൻ വരുന്നുണ്ടോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃ ഷ്ണൻ): സർ, ഞാൻ നേരത്തെ ഇതിന്റെ ബാക്ക് ഗ്രൗണ്ടിനെക്കുറിച്ച് പറഞ്ഞു. ഒരു നിയമം വരുന്ന സമയത്ത് ചിലപ്പോൾ അതിനകത്ത് കുറേ പോരായ്മകൾ വരും. ഇല്ലെന്ന് ഞാൻ പറയുന്നില്ല. പുതിയ നിർദ്ദേശങ്ങൾ

എന്തെങ്കിലുമുണ്ടെങ്കിൽ പറഞ്ഞാൽ അത് സ്വീകരിക്കാൻ രണ്ടുഘട്ടമുണ്ട്. ഒന്ന്, നമുക്ക് സബ്ജക്ട് കമ്മിറ്റി തലത്തിലും മറ്റൊന്ന് ഇവിടത്തെ ജനറൽ ചർച്ചയിലുമാകാം. അതുകൊണ്ട് അങ്ങേയ്ക്ക് ഇതിൽ എന്തെങ്കിലും പോരായ്മകൾ ഉണ്ടെന്ന് തോന്നുകയാണെങ്കിൽ അതിനുള്ള സമയമുണ്ട്. ഇതിനകത്ത് എല്ലാ സ്പിരിറ്റും ഉൾക്കൊണ്ടു തന്നെയാണ് നമ്മൾ പോകുന്നത്.

ശ്രീ. എം. എ. ബേബി: സർ, ഞാൻ ഇപ്പോൾ അതിന്റെ ചില പോരായ്മകളിലേയ്ക്ക് വരികയാണ്. ചർച്ച ചെയ്ത് ഇതിനകത്ത് വ്യക്തതയുണ്ടാക്കാം. ഉദാഹരണത്തിന്, സ്ത്രീകളുടെ സ്വകാര്യതയും മാന്യതയും സംരക്ഷിക്കുന്നതിനുള്ള ബിൽ എന്നാണ് ഇതിന് നാമകരണം ചെയ്തിരിക്കുന്നത്. യഥാർത്ഥത്തിൽ ഈ നിയമത്തെ ഇത്തരത്തിൽ നാമകരണം ചെയ്യുന്നത് ചില അവ്യക്തതകളും തെറ്റിദ്ധാരണകളും ഉണ്ടാകും എന്നാണ് എനിക്ക് തോന്നുന്നത്. ഇതിനെക്കാൾ മെച്ചപ്പെട്ട ഒരു സമീപനം, സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്ന ബിൽ, സ്ത്രീയുടേയും പുരുഷന്റേയും മാന്യതയും സ്വകാര്യതയുമെല്ലാം സംരക്ഷിക്കപ്പെടേണ്ടതാണ്. സ്ത്രീക്കു മാത്രമല്ല സ്വകാര്യതയും മാന്യതയുമുള്ളത്. സമൂഹത്തിൽ അക്രമിക്കപ്പെടുന്നത് സ്ത്രീയുടെ സ്വകാര്യതയും മാന്യതയുമാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. പക്ഷെ, സ്ത്രീയ്ക്കു നേരെയുള്ള അതിക്രമങ്ങൾ തടയുക എന്ന അർത്ഥത്തിലാണ് ഈ നിയമം വരേണ്ടത്. ആ നിലയിൽ ഇതിന്റെ പേര് മാറ്റണമെന്നുള്ളതാണ് ഇതു സംബന്ധിച്ച് പ്രാഥമികമായി എനിക്ക് പറയാനുള്ള കാര്യം. ഞാൻ മുഴുവൻ പറഞ്ഞുകഴിഞ്ഞതിനുശേഷം അങ്ങേയ്ക്ക് പ്രതികരിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതിനകത്ത് പേര് മാറ്റാതിരുന്നതിന് ഒരു കാരണം, ഈ ഫയൽ കണ്ടപ്പോഴാണ്. 2007-ലുള്ള ഫയലിന

കത്ത് വന്നിരിക്കുന്ന ചില വാക്കുകൾ, അത് ഞാൻ തന്നെ മാറ്റിയെന്ന് വരു ത്തേണ്ട എന്ന് വിചാരിച്ചിട്ടാണ്.

ശ്രീ. എം. എ. ബേബി: സർ, പിന്നീടുള്ളത് നിർവ്വചനങ്ങളുടെ രണ്ടാമത്തെ സെക്ഷനുമായി ബന്ധപ്പെട്ടതാണ്. അവിടെ തെറ്റായ വ്യഖ്യാ നവും ആശയക്കുഴപ്പവും ഒഴിവാക്കത്തക്കവിധത്തിൽ വ്യക്തമായ ഒരു നിർവ്വ ചനം, പീഡനം എന്നതിന് നൽകേണ്ടതുണ്ട്. അമാന്യമായ പെരുമാറ്റം എന്നത് ദുർവ്യാഖ്യാനം ചെയ്യപ്പെടാവുന്നതാണ്. നേരത്തെ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞതുപോലെ ഒരാൾക്ക് അമാന്യം എന്ന് തോന്നുന്നത് വേറൊരാൾക്ക് അമാന്യമാകില്ല; അങ്ങനെയുള്ള വിഷയങ്ങൾ വരാൻ സാദ്ധ്യ തയുണ്ട്. മറ്റൊന്ന് ലൈംഗിക പീഡനം എന്നത് വ്യക്തമായി തന്നെ നിർവ്വചി ക്കണം. പൊതുസേവന വാഹനം എന്നതിൽ മോട്ടോർ വാഹന നിയമപ്രകാര മുള്ള എല്ലാ വാഹനങ്ങളും ഇതിനകത്ത് ഉൾപ്പെടുത്തണം. തീവണ്ടി ഇതിനക ത്ത് കൂട്ടിച്ചേർക്കേണ്ടതാണ്. വിമാനം ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ബഹുമാന പ്പെട്ട അംഗം പറഞ്ഞു. മറ്റൊന്ന്, സ്ത്രീകൾക്കു നേരെയുള്ള അതി ക്രമങ്ങൾക്കുള്ള ശിക്ഷ സംബന്ധിച്ചാണ്. ഓരോ കുറ്റകൃത്യത്തിന്റെയും തീവ്രത അനുസരിച്ച് ശിക്ഷയിൽ വ്യത്യാസമുണ്ടാകണം. തോണ്ടലും ലൈംഗി കച്ചുവയോടു കൂടിയ നോട്ടവും കുറ്റകൃത്യമാണെന്ന് പറയുന്നുണ്ട്. അതുമു തൽ നമുക്കറിയാവുന്ന ഏറ്റവും ഹീനമായ, ക്രൂരമായ ലൈംഗിക കുറ്റകൃത്യ ങ്ങൾ, ഇതിനെല്ലാം ഏറ്റവും കുറഞ്ഞ ശിക്ഷ 7 വർഷം എന്നത് അപര്യാപ്ത മാണ്, അശാസ്ത്രീയമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് രണ്ട്-മൂന്ന് പ്രധാനപ്പെട്ട കാര്യ ങ്ങൾ പറഞ്ഞു. വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷിക്കുന്ന

തിനു വേണ്ടിയുള്ള ബിൽ എന്നത് ഏറ്റവും മാന്യമായ പേര് തന്നെയാണ് എന്നാണ് എനിക്ക് തോന്നുന്നത്. Sexual harassment-ഉം റേപ്പിനും മറ്റു കൂടു തൽ തീവ്രമായ ലൈംഗിക കുറ്റകൃത്യങ്ങളൊക്കെ ഐ.പി.സി. 375–ലും 376–ലും ശിക്ഷ ഉൾപ്പെടെ എല്ലാ കാര്യങ്ങളും വിശദീകരിക്കുന്നുണ്ട്. ഇവിടെ അതിലും താഴെയുള്ള കാര്യങ്ങളെക്കുറിച്ചാണ് പറയുന്നത്. അങ്ങ് പറഞ്ഞിരി ക്കുന്നതിൽ ഒരു പ്രധാനപ്പെട്ട കാര്യം, ഇതിൽ വിശദീകരിക്കുന്ന എല്ലാ കുറ്റ ങ്ങൾക്കും ഏഴു വർഷം വരെ തടവ് എന്നാണ് കൊടുത്തിരിക്കുന്നത്. ചെയ്യുന്ന കുറ്റത്തിന് proportional ആയി ശിക്ഷ കൊടുക്കണമെന്നാണ് ക്രിമി നൽ ലായുടെ ബേസിക് പ്രിൻസിപ്പിൾ പറയുന്നത്. ഒരു ചെറിയ കുറ്റത്തിന് – ഒരാൾ ഒന്ന് തോണ്ടി എന്നതിന്റെ പേരിൽ ഏഴ് വർഷം വരെ അയാളെ ജയി ലിടാം എന്ന് വരുന്നത് ശരിയല്ല. നമുക്കിപ്പോഴുള്ളത് ഡ്രാഫ്റ്റാണ്, ബഹുമാന പ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ എല്ലാവരുടേയും നല്ല നിർദ്ദേശങ്ങൾ സ്വീക രിച്ച് ഈ നിയമം കുറ്റമറ്റതാക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കണം. അങ്ങ് പറ ഞ്ഞത് പ്രധാനപ്പെട്ട ഒരു കാര്യമാണ്, ഏത് കുറ്റമാണെങ്കിലും അതിന് proportional ആയിട്ടുള്ള ശിക്ഷ മാത്രമേ കൊടുക്കാൻ പാടുള്ളൂ. ഒരു സ്ത്രീയെ തോണ്ടി എന്നത് അവരുടെ സ്വകാര്യതയും അന്തസ്സും കളയുന്ന കാര്യമാണ്. പക്ഷേ തോണ്ടിയതിന് ഏഴുവർഷം വരെ ശിക്ഷ കൊടുക്കാം എന്ന് പറഞ്ഞിട്ട് ഡിസ്ക്രീഷൻ മുഴുവൻ മജിസ്ട്രേറ്റിന് കൊടുക്കുന്നത് ശരി യായ കാര്യമല്ല. ഈ ബില്ലിൽ തന്നെ അതിനെ രണ്ടു രീതിയിലാക്കി, മൈനർ ഒഫൻസസിനും മേജർ ഒഫൻസസിനും രണ്ടു രീതിയിലുള്ള ശിക്ഷ യാക്കി മാറ്റുന്നതായിരിക്കും ഉചിതം. എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. എം. എ. ബേബി: സർ, എന്റെ അഭിപ്രായം അത് തന്നെയാണ്.

ശ്രീമതി കെ. കെ. ലതിക: സർ, ഇതിൽ വനിത എന്നുള്ളതിന് നിർവ്വചനം നൽകിയിരിക്കുന്നത് പിറന്ന വീണ കുട്ടി മുതൽ ഏറ്റവും പ്രായമുള്ളവർ വരെ എന്നാണ്. അങ്ങനെ വരുമ്പോഴാണ് ഈ നിയമത്തിന്റെ പേര് തന്നെ വനിതകൾ മാത്രമായി മാറുന്നത്. യഥാർത്ഥത്തിൽ ചെറിയ കുട്ടികളെ പീഡിപ്പിച്ചാൽ,......... ശബ്ദതാരാവലിയിൽ വനിതയുടെ നിർവ്വചനം നോക്കിക്കഴിഞ്ഞാൽ ഇത് വരുന്നില്ല. കുട്ടികളെയും കൂടി ബാധിക്കുന്നു. അതുപോലെ വനിത എന്നതിന്റെ നിർവ്വചനം ഇതിൽ വന്നിട്ടുള്ളത് ഏതു പ്രായത്തിലുള്ള സ്ത്രീയും എന്നുള്ള രീതിയിലാണ്. കുട്ടികളുടേത് പ്രത്യേകമായി വരുന്നില്ല. ഇപ്പോൾ വരുന്ന പീഡനങ്ങളൊക്കെ എടുത്തുനോക്കിയാൽ അതറിയാം. കുട്ടികളെ പീഡിപ്പിക്കുന്നതും സ്ത്രീകളെ പീഡിപ്പിക്കുന്നതും തമ്മിൽ വ്യത്യാസമില്ലേ? അതുകൊണ്ട് ഈ നിർവ്വചനത്തിൽ വലിയ വ്യത്യാസമുണ്ട്. അതുപോലെ നേരത്തെ സൂചിപ്പിച്ചതുപോലെ രാഷ്ട്രീയ നേതാവ്, അത് ആരായാലും ഒരു പൗരൻ എന്നുള്ള നിലയിൽ എടുത്താൽ മതി. നമ്മുടെ സമൂഹത്തിൽ സ്ത്രീകൾക്ക് എതിരായി നടക്കുന്ന അക്രമങ്ങളിൽ ഗവൺമെന്റ് കണക്കുപ്രകാരം ചെറിയ ശതമാനം മാത്രമാണല്ലോ ഇതിൽ വരുന്നത്. ഇപ്പോൾ സൂര്യനെല്ലി കുട്ടിയെക്കുറിച്ചാണ് പറഞ്ഞത്-ഒരു കുടുംബത്തിനെ, ആരും ഒരു വിവാഹം പോലും പറയാതെ, ഒരു കുടുംബത്തെ മുഴുവൻ മാറ്റി നിർത്തപ്പെട്ട, നമ്മുടെ നാട്ടിലെ എയ്ഡ്സ് രോഗികളെപ്പോലെ മാറ്റിനിർത്തുന്നതുപ്പോലെ മാറ്റി നിർത്തപ്പെട്ടവരുടെ വേദനയും കൂടി നാം കാണണ്ടേ. ആ വേദനയും കൂടി കണ്ടുകൊണ്ടല്ലേ കാര്യങ്ങൾ ചർച്ച ചെയ്യേണ്ടത്.

ശ്രീ. വി. ഡി. സതീശൻ: സർ, കുട്ടികളെ ഈ നിർവ്വചനത്തിൽ ഉൾപ്പെടുത്തേണ്ട ആവശ്യമില്ല. കാരണം കുട്ടികൾക്കെതിരായ അതിക്രമങ്ങൾക്ക് ഇവിടെ വേറെ നിയമമുണ്ട്. ആ നിയമം ഇതിനെക്കാൾ കർശനമായ

നിയമമാണ്. കുട്ടികളേയും കൂടി ഉൾപ്പെടുത്തിക്കഴിഞ്ഞാൽ ആ കുട്ടികളും കൂടി ഈ ആക്ടിന്റെ പരിധിയിൽ വരും. കുട്ടികൾക്കെതിരായ അതിക്രമ ങ്ങൾക്ക് ഇതിനെക്കാൾ കർശനമായ ശിക്ഷ ആ നിയമത്തിലുണ്ട്. ആ നിയമ ത്തിലെ ചില കാര്യങ്ങൾ ഇങ്ങോട്ടു അഡോപ്റ്റ് ചെയ്യുന്നതായിരിക്കില്ലേ നല്ലത്. ഈ നിയമത്തിൽ അവരെക്കൂടി ചേർത്താൽ കുട്ടികൾക്കെതിരായ അതിക്രമങ്ങളുടെ ശിക്ഷ കുറയും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ഇവിടെ ശ്രീ. എം. എ. ബേബി പറഞ്ഞതുപോലെ, നമ്മുടെ നിർവ്വചനത്തിനകത്ത് തോണ്ടലും തൊടീലും ഒന്നുമല്ല പറഞ്ഞിരിക്കുന്നത്. നമ്മൾ വളരെ സീരിയസായുള്ള ഏഴ് കാര്യങ്ങ ളാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. അതല്ലാതെ ചെറിയ രൂപത്തിലുള്ള കാര്യ ങ്ങളൊന്നും നിർവ്വചനത്തിനകത്തില്ല. ഇത് എല്ലാവരുടേയും കൈയിലുള്ളതു കൊണ്ട് ഞാൻ വായിക്കുന്നില്ല, അതിൽ പറഞ്ഞിട്ടുള്ള പ്രധാനപ്പെട്ട കാര്യ മാണ്. ഈ പ്രധാനപ്പെട്ട കാര്യങ്ങളെല്ലാം ഒരാൾ ബോധപൂർവ്വമായി ചെയ്താൽ മാത്രമേയുള്ളൂ, അല്ലാതെ ആക്സിഡന്റലായി ചെന്ന് തൊട്ടു, അല്ലെങ്കിൽ വർത്തമാനം പറഞ്ഞു, ഇതൊന്നും ശിക്ഷയ്ക്കകത്ത് വരില്ല. അതിനാൽ നിർവ്വചനത്തിൽ നിന്ന് അതെല്ലാം ഒഴിവാക്കിയിരിക്കുകയാണ്. ബോധപൂർവ്വമായ ചിന്തയോടുകൂടി അപമാനിച്ചെങ്കിൽ മാത്രമേയുള്ളൂ. രണ്ടാമത്തെ പ്രശ്നം, നേരത്തെ ശ്രീ. വി. ഡി. സതീശൻ പറഞ്ഞ ഒരു കാര്യ ത്തിനകത്ത്, കുട്ടികളളെക്കൂടി ഇതിൽ കവർ ചെയ്യാൻ കാരണം ഇപ്പോൾ കുടുംബങ്ങളിൽ നടക്കുന്നതല്ലാതെ പുറത്തു കേൾക്കുന്ന, കുഞ്ഞു ങ്ങളെപ്പോലും മോശമായി റേപ്പ് ചെയ്യുന്ന രൂപത്തിലുള്ള വാർത്തകൾ വരിക യാണ്. അത് ഈ ശിക്ഷയ്ക്കകത്ത് നിശ്ചയമായിട്ടും വരണം. പ്രായത്തിന്റെ അടിസ്ഥാനത്തിൽ അവർക്കുള്ള സംരക്ഷണമുണ്ടാകും. അത് ഉണ്ടായി

ക്കോട്ടെ. പക്ഷേ ഈ ഒഫൻസിന് വിധേയയായ ഒരു കൊച്ചുകുട്ടി ഉണ്ടെങ്കിൽ ആ കൊച്ചുകുട്ടിക്ക് എതിരായി ഉണ്ടായിട്ടുള്ള ഒഫൻസിലും ശിക്ഷിക്കപ്പെടണം. അതാണ് നമ്മുടെ ഇന്റൻഷൻ. പക്ഷേ ഈ പറയുന്ന ഒഫൻസിനകത്ത് വന്നുപെട്ടെങ്കിലേ ഉള്ളൂ.

ശ്രീമതി ഇ. എസ്. ബിജിമോൾ: 2 (ഇ)-ൽ വനിതയെന്നാൽ ഏത് പ്രായത്തിലുമുള്ള മനുഷ്യസ്ത്രീയെന്ന് അർത്ഥമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ജനിച്ചുവീണ പെൺകുട്ടി മുതൽ 100 വയസ് കഴിഞ്ഞ അമ്മയെവരെ ഒരേ വനിതയുടെ ഡെഫിനിഷനിലേയ്ക്ക് കൊണ്ടുവന്നിരിക്കുകയാണ്. ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ ചെറിയ കുട്ടിയെയാണ് പീഡിപ്പിക്കപ്പെടുന്നതെങ്കിൽ കൂടുതൽ ശിക്ഷ കൊടുക്കേണ്ടതുണ്ട്. തുല്യമായ ഒരു ഡെഫിനിഷനിലേയ്ക്ക് എല്ലാ വിഭാഗത്തേയും കൊണ്ടുവരുന്നതിന്റെ കുറവ് ഇതിൽ കാണുന്നുണ്ട്. അതുപോലെ ഏഴ് വർഷം മുതലാണ് ശിക്ഷ തുടങ്ങുന്നത്. കുട്ടികളെ പീഡിപ്പിക്കുകയാണെങ്കിൽ കൂടുതൽ ശിക്ഷ കൊടുക്കേണ്ടതുണ്ട്. കുട്ടികളെ കൂടുതൽ പ്രൊട്ടക്ട് ചെയ്യപ്പെടേണ്ടതാണ്. വനിതയുടെ സിംഗിൾ ഡെഫിനിഷനിലേയ്ക്ക് ജനിച്ച് വീഴുന്ന കുട്ടികൾ മുതൽ പ്രായമെത്തിയ സ്ത്രീകൾവരെ വരുന്നതിൽ അപാകതയുണ്ടെന്നാണ് ഇത് വായിച്ചപ്പോൾ എനിക്ക് തോന്നിയത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഏത് ഒഫൻസിന് വിധേയമായി എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. അതായത് കുട്ടിയുടെ പ്രായത്തേക്കാൾ കൂടുതൽ ആ കുട്ടിക്കെതിരെ ഉണ്ടായ ഒഫൻസ് എന്താണ് എന്നുള്ളതാണ്. പ്രായമെത്തിയ ഒരു കുട്ടിയെ കൈകാര്യം ചെയ്യുന്നതുപോലെ ഈ കുട്ടിയെയും വളരെ മോശമായി കൈകാര്യം ചെയ്താൽ, ആ കുട്ടിയുടെ പ്രായത്തേക്കാൾ

കൂടുതൽ ചെയ്ത ഒഫൻസാണ് പ്രധാനപ്പെട്ട പ്രശ്നം. ആ ഒഫൻസിനുള്ള ശിക്ഷയാണ് നമ്മൾ പറയുന്നത്. ഒഫൻസാണ് നമ്മൾ എടുക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: അങ്ങ് പറയുന്നതുപോലെ ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന ഏഴ് കാര്യങ്ങൾ, അത് കുട്ടികൾക്കെതിരായ അതിക്ര മങ്ങളെന്ന നിയമത്തിൽ വന്നിട്ടില്ലായെങ്കിൽ മാത്രം.... അതിൽ വന്നിട്ടുണ്ടോ ഇല്ലയോയെന്നുള്ളത് പരിശോധിക്കണം. അതിൽ വന്നിട്ടുണ്ടെങ്കിൽ..........

ശ്രീ. എം. എ. ബേബി: ഞാൻ പറഞ്ഞ് അവസാനിപ്പിക്കാം. ഒരു പക്ഷേ ഇതൊരു റെക്കോർഡായിരിക്കും. ഇത്രയധികം മെമ്പർമാരുടെ ഇടപെട ലുകൾക്ക് വിധേയനായ ഒരു അംഗത്തിന്റെ പ്രസംഗം ഇതായിരിക്കും. ഇത്തര ത്തിലുള്ള ഇടപെടലുകൾ ഉണ്ടായതുതന്നെ എന്റെ അടിസ്ഥാനപരമായ വാദ മുഖത്തെ സാധൂകരിക്കുകയാണ്. ഇത് സെലക്ട് കമ്മിറ്റിക്ക് വിട്ടുകൊണ്ട് വിശദമായ അഭിപ്രായ രൂപീകരണം നടത്തേണ്ടത് അനുപേക്ഷണീയമാ ണെന്ന കാര്യത്തിലേയ്ക്കാണ് എത്തുന്നത്. പ്രായം കുറഞ്ഞവർക്കു നേരെയുള്ള പീഡനത്തെക്കുറിച്ച് ഇവിടെ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര ്യമാണ്. ഇന്നത്തെ പത്രത്തിൽ ലോക പ്രശസ്തനായ സംഗീതജ്ഞൻ പണ്ഡിറ്റ് രവിശങ്കറിന്റെ മകൾ അനുഷ്ക നടത്തിയ അഭിപ്രായ പ്രകടനം റിപ്പോർട്ട് ചെയ്തു വന്നിട്ടുണ്ട്. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾക്ക് എതിരായി സ്വമേധയാ ഒരു പ്രസ്ഥാനം ലോകത്ത് ആവിർഭവിച്ചിട്ടുണ്ട്. ആ പ്രസ്ഥാനത്തിന്റെ വലിയ ഒരു പ്രചാരകയാണ് സംഗീതജ്ഞകൂടിയായ അനുഷ്ക ശങ്കർ. പണ്ഡിറ്റ് രവിശങ്കറിനെ പോലുള്ള പ്രശസ്തനായ ഒരു വ്യ ക്തിയുടെ മകളായി ജീവിക്കുന്നതിനിടയിൽ, ബാലികയായിരിക്കുമ്പോൾ സ്വന്തം ചുറ്റുപാടിൽ കുടുംബാംഗങ്ങൾ വിശ്വസിച്ച് വീട്ടിൽ പ്രവേശനം അനു വദിച്ച, കുടുംബാംഗങ്ങളെപ്പോലെ പെരുമാറാറുണ്ടായിരുന്നവരിൽ നിന്നും

വലിയ ദു:ഖകരമായ തിക്താനുഭവം തനിക്കുണ്ടായി എന്ന് അനുഷ്ക പറഞ്ഞത് ഇന്നത്തെ പത്രത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഏതെല്ലാം തലങ്ങളിലാണ് ഇത് നടക്കുന്നത്. ഇടത്തരക്കാരുടെയും പാവപ്പെട്ടവരുടെയും വീടുകളിൽ മാത്രമല്ല പ്രശസ്തരായിട്ടുള്ളവരുടെയും വീടുകളിൽ ഇതുപോലുള്ള അതിക്രമങ്ങൾ കുഞ്ഞുനാളിൽ കുട്ടികൾ അഭിമുഖീകരിക്കേണ്ടി വരുന്നുവെന്ന് പറയുമ്പോൾ ഈ വിഷയം വളരെ ഗൗരവത്തോടുകൂടി സഭ ചർച്ച ചെയ്ത് തീരുമാനങ്ങളെടുക്കേണ്ടതാണ്.

ഇതിൽ സെക്ഷൻ 6 (1)-ൽ അവിടെ ക്ഷേത്രമോ മറ്റേതെങ്കിലും ആരാധനാലയമോയെന്ന പ്രയോഗമുണ്ട്. ആ പ്രയോഗം തിരുത്തുന്ന കാര്യത്തിൽ ബഹുമാനപ്പട്ട മന്ത്രി യോജിക്കുമെന്നാണ് കരുതുന്നത്. ആരാധനാലയമെന്ന് പൊതുവിൽ പറയുന്നതാണ് ശരി. അല്ലാതെ ക്ഷേത്രമെന്ന് പറഞ്ഞ് പ്രത്യേകതരം ആരാധനാലയത്തെ പരാമർശിക്കുന്നതിന്റെ ആവശ്യമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അത് ഒഴിവാക്കിയിട്ടുണ്ട്.

ശ്രീ. എം. എ. ബേബി: മറ്റൊന്ന് സെക്ഷൻ 7-ൽ വാഹനങ്ങൾ......

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ക്ലോസ് ബൈ ക്ലോസ് ഡിസ്ക്കഷൻ സബ്ജക്ട് കമ്മിറ്റിയിൽ പോയി വന്നതിനു ശേഷമാണ്.

ശ്രീ. എം. എ. ബേബി: എന്തുകൊണ്ടാണ് സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന് ആവശ്യപ്പെട്ടത്, ആ വാദം സമർത്ഥിക്കുവാൻ വേണ്ടി ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുന്നുവെന്ന് മാത്രമേയുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരു കാര്യം ചെയർ ചൂണ്ടിക്കാണിക്കുകയാണ് ഇപ്പോൾ സമയം 30 മിനിറ്റായി.

ശ്രീ. എം. എ. ബേബി: ഞാൻ സിംഹഭാഗവും ഇരിക്കുകയായിരുന്നു. ഇവരെല്ലാമാണ് ഇടപെട്ടുകൊണ്ടിരുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ ബില്ലിൽത്തന്നെ ഇനി രണ്ട് പേർ കൂടി സംസാരിക്കാനുണ്ട്. വേറെ രണ്ട് ബില്ലുകൾ കൂടി എടുക്കാനുണ്ട്.

ശ്രീ. എം. എ. ബേബി: സർ, ഞാൻ ചുരുക്കുകയാണ്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ വധശിക്ഷ നൽകണമെന്ന നിർദ്ദേശമടങ്ങുന്ന ഓർഡിനൻസ് രാഷ്ട്രപതി ഒപ്പിട്ട് പ്രസിദ്ധീകരിച്ചിരിക്കുകയാണ്. അത് പാർലമെന്റിൽ ചർച്ച ചെയ്ത് അതിന്മേൽ തീരുമാനം ഉണ്ടാകുവാൻ പോവുകയാണ്. സമഗ്രമായ ഒരു നിയമം പാർലമെന്റിന്റെ ഇരുസഭകളിലും ചർച്ച ചെയ്ത് പാസ്സാക്കാനിരിക്കെ, തിടുക്കത്തിലെന്ന് ഞാൻ പറയുന്നില്ല. തിടുക്കമെന്ന് ഞാൻ നേരത്തേ പരാമർശിച്ചത് ഒഴിവാക്കുകയാണ്. പാർലമെന്റിന്റെ ഇരുസഭകളിലും ചർച്ച ചെയ്ത് സമഗ്രമായ ഒരു നിയമം വരാനിരിക്കെ, നമ്മൾ ഈ നിയമനിർമ്മാണ പ്രക്രിയ തുടങ്ങിയത് നല്ലതാണ്. എന്നാൽ അതിന് അന്തിമ രൂപം നൽകുന്നതിനുമുമ്പ് ഇതുസംബന്ധിച്ച് പാർലമെന്റിൽ ചർച്ച ചെയ്ത് എത്തിച്ചേരാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചുകൂടി പഠനം നടത്തുന്നത് നല്ലതായിരിക്കും. അത്തരത്തിൽ സെലക്ട് കമ്മിറ്റിക്ക് ഇത് വിടുന്നത് ഏറ്റവും ഉചിതമായ തീരുമാനമായിരിക്കുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ബഹുമാന്യനായ മന്ത്രി ബിൽ അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത് ഇതൊരു സ്പെഷ്യൽ ലോ ആണെന്നാണ്. ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തെപ്പറ്റിയും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലെ

വാഗ്ദാനം നിറവേറ്റുന്നതിനുവേണ്ടിയാണ് ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ആ വാഗ്ദാനം അടിയന്തരമായി നിറവേറ്റുന്നതിനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായിട്ടാണ് ധൃതിപിടിച്ച് ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് പറയുന്ന പ്രമേയം ബഹുമാനപ്പെട്ട മന്ത്രി സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. നിയമങ്ങളുടെ കാര്യത്തിൽ രാജ്യത്തിനാകെ മാതൃകയായിട്ടുള്ള ഒട്ടനവധി സംഭവങ്ങൾ നമുക്ക് എടുത്തു കാണിക്കാൻ കഴിയും. നമ്മുടെ സംസ്ഥാനം നിയമങ്ങളുടെ അടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുള്ള കേന്ദ്ര നിയമങ്ങൾ പോലും നമ്മുടെ മുമ്പിലുണ്ട്. ഈ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിന്റെ ഏറ്റവും അവസാന ഭാഗത്ത് ബഹുമാന്യനായ മന്ത്രി പറയുന്നത് 'സമീപകാലത്ത് രാജ്യതലസ്ഥാനത്തുണ്ടായ ദൗർഭാഗ്യകരമായ പീഡന വാർത്തകൾ ഈ നിയമനിർമ്മാണത്തിന് അടിയന്തര പ്രാധാന്യം നൽകുന്നു. ആയതിനാൽ ഇത്തരത്തിലെരു നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനിച്ചു' എന്നാണ്. ഇതിന് ഡൽഹി വരെ പോകേണ്ട കാര്യമുണ്ടോ? കേരളത്തിലെ നമ്മുടെ സ്ഥിതി എന്താണ്? മൂന്ന് വർഷക്കാലമായി സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങളിൽ തലസ്ഥാനം ഒന്നാമതാണെന്ന് പത്രങ്ങളിൽ വാർത്ത വന്നിരുന്നു. ഇവിടെ ശ്രീ. ബാബു എം. പാലിശ്ശേരി ചോദിച്ചിട്ടുള്ള ചോദ്യത്തിന് ഉത്തരമായി പറഞ്ഞത് 1132 ബലാൽസംഗക്കേസുകളും 3756 മാനഭംഗക്കേസുകളും 573 പൂവാലശല്യക്കേസുകളും 15 സ്ത്രീധന മരണക്കേസുകളും 5377 ഭർത്തൃപീഡനക്കേസുകളും 221 തട്ടിക്കൊണ്ടുപോകൽ കേസ്സുകളുമുൾപ്പെടെ ആകെ 11,074 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നാണ്. ശ്രീ. മുല്ലക്കര രത്നാകരന് കൊടുത്ത മറുപടിയിലും സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും

എതിരെയുള്ള അതിക്രമങ്ങളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. കുട്ടികൾക്കെതിരെയുള്ള ഏറ്റവുമധികം കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടത് മലപ്പുറം ജില്ലയിലാണ്. സ്ത്രീകളും കുട്ടികളും കൊല ചെയ്യപ്പെട്ടത് എത്രയാണെന്ന് വ്യക്തമാക്കാമോയെന്ന ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ചോദ്യത്തിന്, 72 സ്ത്രീകളും 36 കുട്ടികളും കൊല ചെയ്യപ്പെട്ടിട്ടുണ്ടെന്ന് 05.03.2012 -ൽ മറുപടി കൊടുത്തു. ഇതെല്ലാം ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൊടുത്തിട്ടുള്ള മറുപടികളാണ്. കഴിഞ്ഞ വർഷത്തെ ആദ്യ അഞ്ച് മാസങ്ങളിൽ മാനഭംഗത്തിനിരയായതുമായി ബന്ധപ്പെട്ട് കൊടുത്തിട്ടുള്ള കണക്കുകളുടെ അടിസ്ഥാനത്തിലാണ് അന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഡൽഹി മോഡലിൽ മരണം കൊണ്ടു പോയി എന്നതൊഴിച്ചാൽ ബംഗാൾ സ്വദേശിനിക്ക് ഇരിട്ടിയിൽ ഉണ്ടായ സംഭവത്തിൽ ജീവിച്ചിരിക്കുന്ന ഒരാൾ രൂപമെന്നതിനപ്പുറം ആ ബംഗാളി പെൺകുട്ടിക്ക് നമ്മുടെ സമൂഹത്തിലേയ്ക്ക് കണ്ണുതുറന്ന് നോക്കാൻ പോലും കഴിയുന്ന അവസ്ഥയിലല്ല. അവിടെ വരുന്ന ആളുകളെ കാണുമ്പോൾ ആ കുട്ടി നിലവിളിക്കുകയാണ്. അങ്ങനെയൊരവസ്ഥയിൽ ജീവച്ഛവമായി ബംഗാളി പെൺകുട്ടി നമ്മുടെ ഇടയിൽ കഴിയുന്നുണ്ട്. ഡൽഹി കേസ്സിൽ നിന്നും ഒട്ടും വ്യത്യസ്തമല്ലാത്ത സംഭവങ്ങൾ നമ്മുടെ മുന്നിൽ നിൽക്കുമ്പോൾ ഈ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിന്റെ ഭാഗമായി ഡൽഹി സംഭവം പറയുന്നതോടൊപ്പം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന, ഉണ്ടായ സംഭവങ്ങൾ കൂടി പറയുന്നതിന് ബഹുമാന്യനായ മന്ത്രി മനസ്സ് കാണിക്കണമെന്നാണ് ഇക്കാര്യത്തിലുള്ള എന്റെ അഭിപ്രായം. ഉദ്ദേശ്യകാരണങ്ങളുടെ ഭാഗമായി അത് പറയണം.

ശ്രീ. വി. ഡി.സതീശൻ: ഈ ബിൽ ആക്ട് ആകുന്ന സമയത്ത് ഒബ്ജക്ട്സ് ആന്റ് റീസൺസ് അതിൽ വരുന്നില്ല. ഈ ബില്ലിനെ കുറ്റമറ്റതാക്കി നിയമമാക്കി മാറ്റുമ്പോൾ ആദ്യത്തെ ബില്ലിൽ പറയുന്ന ഉദ്ദേശ്യ കാരണങ്ങളൊന്നും ആക്ടിൽ വരില്ല, ഫൈനലായി പാസ്സാക്കുന്ന ബില്ലിൽ വരില്ല. ഇവിടെ എന്ത് നമ്മൾ ആഡ് ചെയ്തുകഴിഞ്ഞാലും അതിൽ യാതൊരു പ്രസക്തിയുമില്ല.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഏത് സംഭവത്തിനും പ്രേരണ ഒരു ഘടകമായാണ് കാണാൻ കഴിയുക. അമ്പലങ്ങളിൽ ചരിത്രപരമായി നഗ്നമായ ചിത്രമുള്ള വിഗ്രഹങ്ങൾ കാണാൻ കഴിയും. അന്നത്തെ കാലഘട്ടത്തിൽ അതിന് സാംസ്കാരികപരമായ ഒരു ഭാവനയുമുണ്ടായിരുന്നു. ഇന്നും ചുവർചിത്രങ്ങളെ കാണുമ്പോൾ നമുക്ക് അതിന്റേതായ ഭാവനയോടുകൂടിയുള്ള ഒരു സമീപനവുമുണ്ട്. ചെറിയ കുട്ടികളെ ഉപദ്രവിക്കുന്നത് സംബന്ധിച്ച് നിയമം എന്താണ് പറയുന്നത് എന്നതിനേക്കാളുപരി പരിപാലനം ചെയ്യുന്ന രക്ഷിതാക്കൾ ആൺകുട്ടികളായാലും പെൺകുട്ടികളായാലും, പെൺകുട്ടികളെ സംബന്ധിച്ച് വീട്ടിലെ അവരുടെ ഓരോ ചലനങ്ങളും രീതികളും അത്തരത്തിലുള്ള പെരുമാറ്റങ്ങളും ഏത് തരത്തിലുള്ളതായിരിക്കണമെന്നതിനെ സംബന്ധിച്ച് ഒരു സന്ദേശം നൽകുവാൻ ഈ നിയമത്തിൽ എന്തെങ്കിലും വകയുണ്ടോ? അതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, മന്ത്രി ഞങ്ങളെയെല്ലാം വിളിച്ച് ചർച്ച ചെയ്തപ്പോൾ കാണിച്ച താൽപ്പര്യം, ഈ ആറ് പേജുള്ള ബിൽ വന്നപ്പോൾ അതിൽ കാര്യമായിട്ടൊന്നും ഇല്ലായെന്നുമാത്രമല്ല, ഈ ബില്ലിനെതിരെ നമ്മുടെ നാട്ടിൽ വ്യാപക പ്രതിഷേധങ്ങളുമുയർന്നു. ഇങ്ങനെ

ഇൻ-കംപ്ലീറ്റായ ബില്ലിനെക്കുറിച്ച് ഇന്നത്തെ മംഗളം ദിനപത്രത്തിൽ വന്ന വാർത്ത - 'എം.എൽ.എ.മാരുടെ ശ്രദ്ധക്ഷണിക്കാൻ വനിതാ സംഘടനകളുടെ ബദൽ ബിൽ' എന്നാണ്. 140 പേരും ഇങ്ങനെ ഇൻ-കംപ്ലീറ്റായ ഒരു ബിൽ അവതരിപ്പിക്കുന്നതിൽ പ്രതിഷേധിക്കുന്നതായി പത്രങ്ങളും എഴുതിയിട്ടുണ്ട്. അതിന് ബദൽ ബിൽ അവതരിപ്പിച്ചിരിക്കുകയാണ്. ഞങ്ങളെയൊക്കെ വിളിച്ച് ചർച്ച ചെയ്യുന്ന അവസരത്തിൽ ഞങ്ങളുടെ പ്രതീക്ഷ മെച്ചപ്പെട്ട രൂപത്തിലുള്ള ഒരു ബിൽ ഈ നിയമസഭയ്ക്കുള്ളിൽ അവതരിപ്പിക്കുമെന്നാണ്. 22.06.2012-ൽ സ്ത്രീകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷിക്കുവാനുള്ള ബിൽ നിയമസഭയിൽ അവതരിപ്പിക്കുകയോ ലിസ്റ്റ് ചെയ്യുകയോ ചെയ്യുന്നതിന് മുമ്പ് പൊതുജനാഭിപ്രായം സ്വരൂപിക്കാൻ ആഭ്യന്തരമന്ത്രി നടത്തിയ ശ്രമം സംഘാടകരുടെ പ്രതീക്ഷയ്ക്കും അപ്പുറത്ത്, പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി എന്നുപറഞ്ഞ് അന്ന് എന്റെ കഷ്ടകാലത്തിന് ജനയുഗത്തിൽ ഞാൻ ഒരു ആർട്ടിക്കിൾ എഴുതി. ഇപ്പോൾ എനിക്ക് തോന്നുന്നു, അത് വേണ്ടിയിരുന്നില്ലായെന്ന്. അങ്ങിൽ വലിയ പ്രതീക്ഷ വച്ചുകൊണ്ടാണ് ആർട്ടിക്കിൾ എഴുതിയത്. ഇത് എഴുതിയതിന് ശേഷം ഞാൻ അങ്ങയോട് പറഞ്ഞു ഇങ്ങനെയൊരു സ്ത്രീ സംരക്ഷണ നിയമം....................... അന്ന് ഡൽഹി സംഭവമൊന്നും നമ്മുടെ മുമ്പിലില്ല. പിന്നീടാണ് ആ സംഭവങ്ങളൊക്കെ ഉണ്ടായത്. 21.06.2012-ന് ആണെന്ന് തോന്നുന്നു തൈക്കാട് ഗസ്റ്റ് ഹൗസിൽ ആഭ്യന്തര വകുപ്പുമന്ത്രി മീറ്റിംഗ് വിളിച്ചുകൂട്ടുന്നത്. ഇരിക്കാൻ കസേരപോലും ഇല്ലാത്തവിധം അതിൽ പങ്കടുക്കാൻ സംഘടനകളുടെ പ്രതിനിധികൾ എത്തിയിട്ടുണ്ടായിരുന്നു എന്നിട്ട് എന്തെങ്കിലും പ്രയോജനമുണ്ടായോ; അതുമാത്രമല്ല, വെബ്സൈറ്റിലേയ്ക്ക്

നിർദ്ദേശങ്ങൾ അയയ്ക്കാനും പറഞ്ഞു. ഞങ്ങൾ അയച്ചിട്ടുള്ള ഏതെങ്കിലും ഒരു നിർദ്ദേശം അങ്ങ് സ്വീകരിച്ചിട്ടുണ്ടോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ശ്രീമതി ഇ.എസ്. ബിജിമോൾ എം.എൽ.എ. ആയിട്ട് എത്രയോ നാളായി. ഇതുപോലെ ഒരു നിയമം ഉണ്ടാക്കുന്ന കാലത്ത് ഒരിക്കലെങ്കിലും ഏതെങ്കിലും ഒരു നിയമത്തിന്റെ ഡ്രാഫ്റ്റ് ഉണ്ടാക്കുന്നതിന് മുമ്പ് ചർച്ച നടന്നിട്ടുണ്ടോ? ഇത് ആദ്യമായിട്ടാണ് ഇങ്ങനെ വിളിക്കുന്നത്. ആദ്യമായി ഇങ്ങനെയൊരു മീറ്റിംഗ് വിളിക്കുവാൻ കാരണം എന്താണ്? നമ്മുടെ അനുഭവ സമ്പത്തുള്ള വനിതാ നേതാക്കൻമാരുടെ ഒപ്പീനിയൻ കേൾക്കാനാണ് മീറ്റിംഗ് വിളിച്ചുകൂട്ടിയത്. നമ്മൾ പറയുന്ന എല്ലാ ഒപ്പീനിയനും ഈ ബില്ലിനകത്ത് കൊണ്ടുവരണമെന്ന് പറഞ്ഞാൽ നടക്കില്ല. അങ്ങനെ ഒരു വാശി ആരും എടുക്കില്ലെന്നാണ് എന്റെ വിശ്വാസം. ഞാൻ ശ്രീമതി ഇ.എസ്. ബിജിമോളോട് ചോദിക്കാൻ തീരുമാനിച്ചത് ഇതല്ല. ഇവിടെ ബംഗാളി പെൺകുട്ടിയുടെ പേര് പറഞ്ഞതുകൊണ്ടാണ്. ബംഗാളി പെൺകുട്ടിക്ക് കണ്ണൂരിൽ ഒരു വിഷമമുണ്ടായി; വളരെ ക്രൂരമായി ആ പെൺകുട്ടിയോട് പെരുമാറി. ഞങ്ങൾ ആ കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തു. പക്ഷേ കോടതി അവരെ ജാമ്യത്തിൽ വിട്ടു. ഞങ്ങൾ ആ കുട്ടിയെ ഇവിടെ മഹിളാ മന്ദിരത്തിൽ താമസിപ്പിച്ചിരിക്കുകയാണ്. വിസ്താരത്തിനുള്ള തീയതി തീരുമാനിക്കേണ്ടത് കോടതിയാണ്. ഞാൻ അറിഞ്ഞിടത്തോളം മാർച്ച് മാസത്തിലേയ്ക്ക് കോടതി തീയതി തീരുമാനിച്ചിരിക്കുകയാ ണെന്നാണ്. അതുവരെ ആ കുട്ടി സുരക്ഷിതമായി ഇവിടെയുണ്ട്. ആ കുട്ടിക്ക് ആവശ്യമുള്ള എല്ലാ പ്രൊട്ടക്ഷനും സൗകര്യവും ഗവൺമെന്റ് കൊടുക്കുന്നുണ്ട്. ശ്രീമതി ഇ.എസ്. ബിജിമോൾ പറഞ്ഞതുകൊണ്ടുമാത്രം

ഞാനിത് പറഞ്ഞതാണ്. അങ്ങയെപ്പോലെയുള്ള പ്രമുഖരായിട്ടുള്ള എല്ലാ ആളുകളുടെയും സ്വീകരിക്കാൻ കഴിയുന്ന എല്ലാ നിർദ്ദേശങ്ങളും ബില്ലിൽ ചേർക്കാൻ ശ്രമിച്ചിട്ടുണ്ട്. പല ഘട്ടങ്ങളിലായാണ് അഭിപ്രായം പറയുവാനുള്ള അവസരം കിട്ടിയത്. ഒന്ന്, വനിതാ പ്രതിനിധികൾക്ക് നേരത്തെ ഒരു അഭിപ്രായം പറയുവാനുള്ള സന്ദർഭം കിട്ടി. രണ്ട്, എല്ലാ അംഗങ്ങൾക്കും അഭിപ്രായം പറയുന്നതിന് സബ്ജക്ട് കമ്മിറ്റിയിൽ സന്ദർഭമുണ്ട്. മൂന്ന്, നമുക്ക് എല്ലാവർക്കും നിങ്ങളുടേതായ ഒപ്പീനിയൻ ക്ലോസ് ബൈ ക്ലോസ് വരുമ്പോൾ എടുക്കാം. ഇതിൽ കൂടുതൽ എങ്ങനെയാണ് ട്രാൻസ്പാരന്റായി ഒരു നിയമം നമുക്കുണ്ടാക്കാൻ കഴിയുക.

ശ്രീമതി കെ. കെ. ലതിക: സർ, നേരത്തെ. ശ്രീ. എം.എ. ബേബി സൂചിപ്പിച്ചതുപോലെ നിയമം മാത്രമല്ല പ്രശ്നം, ഒരു പുരുഷ മേൽക്കോയ്മയുടെ അവസ്ഥയുമുണ്ട്. നമ്മൾ ആരെയാണോ ആശ്രയിക്കേണ്ടത് അവരിൽ നിന്നുണ്ടാകുന്ന കാര്യങ്ങൾ, ഒരു വനിതാ ജനപ്രതിനിധിയോട് ഒരു മന്ത്രി എടുക്കുന്ന സമീപനം നമ്മൾ കണ്ടതാണ്. പത്രപ്രവർത്തകയോട് ചോദിച്ചതിന് ഒരു ഖേദം കൊണ്ട് തീരുമോ? എനിക്കുണ്ടായിട്ടുള്ള അനുഭവം, ഖേദം കൊണ്ട് തീരുമോ? സംഭവങ്ങൾ ഉണ്ടായിക്കഴിഞ്ഞാൽ ഖേദിക്കുന്നവർക്ക് അങ്ങനെ ചെയ്താൽ മതി. പക്ഷേ പിറ്റേദിവസം മുതൽ എനിക്കുണ്ടായ അനുഭവം - ഞാൻ പരാതി പറയുവാനുള്ള ആഭ്യന്തര വകുപ്പുമന്ത്രി, അടച്ചിട്ട മുറിയിലാണെന്നാണ് പറഞ്ഞത്. ആരോടാണ് പറയുന്നതെന്നുവച്ചാൽ നമ്മുടെ ഗസറ്റഡ് ഓഫീസർമാരുടെ യോഗത്തിൽ വച്ച് പ്രസംഗിക്കാം. അങ്ങനെയാകട്ടെ. അതുകൊണ്ട് ഖേദം പ്രകടിപ്പിച്ചു. ആ നിമിഷം തന്നെ കെ.എസ്.യു.ക്കാരന്റെ

വെബ്സൈറ്റിൽ നോക്കിയപ്പോൾ ഖേദപ്രകടനം എന്തിനായിരുന്നെന്ന് എനിക്ക് മനസ്സിലായി. അപ്പോൾ നമ്മൾ ആശ്രയിക്കേണ്ട ആളുകൾ പോലും ഇങ്ങനെയെടുക്കുന്ന സമീപനം ഒരു നിയമം കൊണ്ട് മാറുമോ. പുരുഷമേൽക്കോയ്മയുടെ ആധിപത്യം മനസ്സിൽ നിന്ന് മാറിയാലല്ലേ ഇത് നമുക്ക് മാറ്റിയെടുക്കാൻ കഴിയൂ. എത്ര നിയമം ഉണ്ടാക്കിയാലും നമ്മൾ ഓരോ ആളുകളും ഞാൻ സ്ത്രീയാണ് അതുകൊണ്ട് ഞാനൊരല്പം പുറകോട്ട് നിൽക്കേണ്ടവളാണെന്ന് എനിക്ക് തോന്നലുണ്ടാകണം എന്നോ അല്ലെങ്കിൽ ഞാനൊരു പൗരയാണ്; എന്റെ അടുത്തിരിക്കുന്ന പുരുഷ എം.എൽ.എ.യെപ്പോലെ എല്ലാം എനിക്കും അർഹതപ്പെട്ടതാണെന്നുള്ള തോന്നൽ എനിക്കും എന്റെ സഹപ്രവർത്തകർക്കും ഉണ്ടാകണം. ബംഗാളിലെ ഒരു മന്ത്രി ഇങ്ങനെ ഖേദം പ്രകടിച്ചപ്പോൾ നടപടി എടുത്തു. ഇവിടെ മന്ത്രി ഖേദം പ്രകടിച്ചപ്പോൾ അതിനെ പിന്താങ്ങാൻ ആളുകൾ. പക്ഷേ നമ്മുടെ സ്ത്രീകളുടെയും കുട്ടികളുടെയും കാര്യത്തിൽ സമിതി വ്യത്യസ്തമായ സമീപനമാണ് എടുത്തത്. ഏതൊരാൾക്കാണെങ്കിലും എതിരായി അത്തരം സംഭവങ്ങളുണ്ടാകുമ്പോൾ..... വനിതാ മാധ്യമ പ്രവർത്തകയായതു കൊണ്ടാണല്ലോ അവർക്ക് അങ്ങനെയൊരു അനുഭവം ഉണ്ടായത്. വേറെ പലസ്ഥലത്തും വച്ചുണ്ടായിട്ടുള്ള അനുഭവം അവർ പറഞ്ഞു. ഈ മേൽക്കോയ്മയുടെ ഒരവസ്ഥ മാറാൻ, ഏറ്റവും അധികം മാറേണ്ടത് ആർക്കാണ്? എം.പി. ആണെങ്കിലും എം.എൽ.എ. ആണെങ്കിലും അവർക്കല്ലേ കാര്യമായിട്ടുണ്ടാകേണ്ടത്. നിയമത്തോടൊപ്പം ഇതുംകൂടി വേണമെന്നുള്ള അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. സി.പി. മുഹമ്മദ്: സർ, ചരിത്രാതീതകാലം മുതൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമത്തിൽ നിയമം മാത്രമല്ല സ്ത്രീകൾ

തന്നെ പ്രതിരോധത്തിന്റെ ഭാഗമായിട്ടുണ്ട്. ഭാരതീയ ചരിത്രം തന്നെ അതിന് ഉദാഹരണമാണ്. പതിവ്രതയാണെന്ന് വിശ്വാസമുണ്ടായിട്ടും ശ്രീരാമൻ സീതയെ തള്ളിപ്പറഞ്ഞു. അവസാനം ഭൂമിയിൽ നിന്നും ഉയർന്നുവന്ന സീത ഭൂമിയിലേയ്ക്കുതന്നെ അന്തർദ്ധാനം ചെയ്തു. അതേസമയം ദ്രൗപദി തന്നെ മാനഭംഗപ്പെടുത്തിയ ദുശ്ശാസനന്റെ മാറ് പിളർന്ന് ആ രക്തം കുടിക്കുമെന്ന് പ്രതിജ്ഞ ചെയ്യുകയും അതു പാലിക്കുകയും ചെയ്തു അപ്പോൾ രണ്ട് ഭാവങ്ങൾ ഇന്ത്യൻ സ്ത്രീത്വത്തിൽ തന്നെയുണ്ട്. പക്ഷേ പലപ്പോഴും നിയമത്തോടൊപ്പം പ്രതികരിക്കേണ്ട സന്ദർഭങ്ങളിൽ സ്ത്രീകൾക്ക് പ്രതികരിക്കാൻ സാധിച്ചാൽ ഒരു പരിധിവരെ പീഡനം ഒഴിവാക്കാൻ കഴിയുമെന്ന് അങ്ങ് കരുതുന്നുണ്ടോ?

ശ്രീ. കെ. രാജു: സർ, നിയമനിർമ്മാണം വളരെ പെട്ടെന്ന് നടത്തുമ്പോഴുള്ള ചർച്ചകൾ കേൾക്കുമ്പോൾ യഥാർത്ഥത്തിൽ ഈ ഒഫൻസസിനെതിരായി നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ നിയമങ്ങളില്ല; അതുകൊണ്ടാണ് കുഴപ്പമെന്ന് തോന്നും. എന്നാൽ അങ്ങനെയല്ല. ഇവിടെ കൊലപാതകമായാലും ബലാൽസംഗമായാലും സ്ത്രീകളെ മറ്റുരീതിയിൽ അപമാനിക്കുന്നതായാലും കുട്ടികളുടെ നേരെയുള്ള അതിക്രമങ്ങളായാലും അതിനെല്ലാമെതിരായി ശക്തമായ നടപടി സ്വീകരിക്കുന്നതിനാവശ്യമായ നിയമം ഇവിടെ ഉണ്ടല്ലോ. ആ നിയമത്തിന്റെ അടിസ്ഥാനത്തിലാണല്ലോ ഇപ്പോൾ വധശിക്ഷവരെ നൽകിയിട്ടുള്ളത്. അപ്പോൾ നിയമം ഇല്ലായ്കയല്ല, നിയമമുണ്ട്. എന്നാൽ കുറച്ചുകൂടി ശക്തമായ ഒരു നിയമം അതിനുവേണ്ടി ഉണ്ടാക്കുന്നു വെന്നുള്ളതിനെ നമ്മൾ കാണുമ്പോൾ അതിനകത്ത് പ്രാധാന്യം കൊടുക്കുന്നത് എന്തിനായിരിക്കണം? നമ്മുടെ രാജ്യത്ത് നിലവിലുള്ള ഈ

നിയമങ്ങളനുസരിച്ച് നടപടി സ്വീകരിക്കാൻ നിയോഗിക്കപ്പെട്ടവർ, ക്രമസമാധാന പാലനത്തിന് ബാദ്ധ്യതയുള്ളവർ, സംരക്ഷണം നൽകാൻ ബാദ്ധ്യതയുള്ളവർ, അവർ അവരുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നു. എന്നാൽ അവരുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നില്ലെങ്കിൽ അതും ഒരു ഒഫൻസാകണം. അതും ഒരു വീഴ്ചയാണ്. നമ്മുടെ രാജ്യത്ത് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത് അതാണ്. നിലവിലുള്ള നിയമങ്ങൾക്കനുസരിച്ച് കർശന നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ, ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപടി തുടങ്ങേണ്ടവർ, ക്രമസമാധാന പാലനത്തിന് ചുമതലയുള്ളവർ, ബന്ധപ്പെട്ട ഉത്തരവുകൾ നൽകാൻ ബാദ്ധ്യതയുള്ളവർ, അങ്ങനെയുള്ള അധികാരി വർഗ്ഗം അവർ ചെയ്യേണ്ട ജോലികൾ, ഉത്തരവാദിത്വങ്ങൾ ഗവൺമെന്റിൽ ഉത്തരവാദപ്പെട്ടവരടക്കം ചെയ്യുന്നില്ല. ഞാൻ ഈ ഒരു ഗവൺമെന്റ് എന്നുള്ള രീതിയിലല്ല പറയുന്നത്. അതൊരു കുറ്റമായി കാണണം. അങ്ങനെയുള്ള വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥൻമാർക്കും മറ്റാളുകൾക്കും കർശനമായ ശിക്ഷ നൽകാൻ ആവശ്യമായ വകുപ്പുകൾ ഈ നിയമത്തിലുണ്ടാകണം. അങ്ങനെവന്നാൽ നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ വനിതകൾക്കാവശ്യമായ സംരക്ഷണവും മറ്റ് പൗരൻമാർക്കാവശ്യമായിട്ടുള്ള സംരക്ഷണവും ഒരു പരിധിവരെ നൽകാൻ കഴിയും. അതുകൊണ്ട് അതിനാവശ്യമായ വകുപ്പുകൾ കൂടി കർശനമായ രീതിയിൽ എഴുതിച്ചേർക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. അങ്ങനെയുള്ള ഒരു അഭിപ്രായം ശ്രീമതി ഇ. എസ്. ബിജി മോൾക്കുണ്ടോ?

ശ്രീമതി ഇ.എസ്. ബിജിമോൾ: സർ, ശ്രീമതി കെ.കെ. ലതിക എം.എൽ. എ. ഇവിടെ സൂചിപ്പിച്ച വിഷയം - എം.എൽ.എ.യ്ക്കുതന്നെ മന്ത്രിയുടെ

വാക്കുകൾകൊണ്ടുണ്ടായ മുറിവ്, അതിന് ഖേദം പ്രകടിപ്പിച്ച കാര്യം ഇവിടെ പറഞ്ഞു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാൻ എന്റെ പാർട്ടിയിൽപ്പെട്ട പതിനഞ്ചിൽ അപ്പുറത്തില്ലാത്ത ആളുകളുടെ ഒരു യോഗത്തിൽ പങ്കെടുക്കുകയായിരുന്നു. ആ യോഗത്തിൽ സൂര്യനുകീഴിലുള്ള എല്ലാ കാര്യങ്ങളും ഞങ്ങൾ ചർച്ച ചെയ്തു. അതിൽ ഞാൻ ചർച്ച ചെയ്യാത്തൊരു കാര്യം മാത്രം പത്രത്തിൽ വന്നു. പക്ഷേ, ഞാൻ വളരെ മാന്യനായതുകൊണ്ടും എന്റെ പേരിൽ അത് പത്രത്തിൽ വന്നതു കൊണ്ടും അതിന്മേൽ ശ്രീമതി കെ.കെ. ലതികയ്ക്ക് വിഷയമമുണ്ടായെന്ന് പിറ്റേദിവസത്തെ പ്രതികരണംകൊണ്ട് എനിക്ക് തോന്നിയതുകൊണ്ടും ഞാൻ തർക്കിക്കാൻ പോയില്ല. അതുകൊണ്ട് ഞാൻ മാപ്പു പറഞ്ഞു. അതോടെ ഞാൻ അവസാനിപ്പിച്ചു. അത്രയുമേയുള്ളൂ. ഞങ്ങൾ സൂര്യനുകീഴിലുള്ള എല്ലാ കാര്യങ്ങളും ചർച്ച ചെയ്തു. നിങ്ങളൊക്കെ പാർട്ടി കമ്മിറ്റിയിൽ എന്തെല്ലാം പറയും. അതിനെല്ലാം ഞാൻ പരാതി പറഞ്ഞുനടക്കുന്നുണ്ടോ; അത് പാർട്ടി കമ്മിറ്റിയാണ്. പക്ഷേ, അതിനോടുള്ള ശ്രീമതി കെ.കെ. ലതികയുടെ പ്രതികരണം കണ്ടപ്പോൾ...... ശ്രീമതി കെ.കെ. ലതികയോട് വളരെ സ്നേഹമുള്ള ഒരാളാണ് ഞാൻ. ഈ അടുത്തകാലത്തായി കുറച്ച് തർക്കിച്ച് തർക്കിച്ച് നിൽക്കുന്നുമുണ്ട്. ഇല്ലെന്നൊന്നും ഞാൻ പറയുന്നില്ല. എങ്കിൽപ്പോലും എന്റെ നൂറുശതമാനം മാന്യതകൊണ്ട് എന്റെ സഹപ്രവർത്തക ശ്രീമതി കെ. കെ. ലതികയ്ക്ക് അങ്ങനെയൊരു മന:പ്രയാസം വന്നുവെന്ന് തോന്നിയപ്പോൾ, സത്യം പറഞ്ഞാൽ ഞാൻ പറഞ്ഞതിനോട് മാപ്പുപറയുന്നതിനേക്കാൾ ശ്രീമതി കെ.കെ. ലതികയ്ക്കുണ്ടായ വിഷമത്തിലുള്ള ഖേദപ്രകടനമാണ് ഞാൻ നടത്തിയത്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഈ വിഷയത്തിൽ സംസാരിക്കണമെന്ന് വിചാരിച്ചതാണ്. ശ്രീമതി കെ.കെ. ലതിക പറഞ്ഞ വളരെ പ്രധാനപ്പെട്ടൊരു പ്രശ്നമുണ്ട്. മാതൃഭൂമിയുടെ ഒരു വനിതാ മാധ്യമപ്രവർത്തകയോട് കേന്ദ്രമന്ത്രികൂടിയായ ശ്രീ. വയലാർ രവിയുടെ പ്രതികരണം ചാനലുകളിൽ കണ്ടപ്പോൾ അന്തംവിട്ടുപോയി. അദ്ദേഹം പോയതിനുശേഷം തിരിച്ചുവന്ന് ഒരു ഭിത്തിയുടെ സൈഡിലേക്ക് മുട്ടുകുത്തി....... എങ്ങനെയാണ് അതിനെയൊക്കെ വാക്കുകൾ കൊണ്ട് പറയേണ്ടതെന്ന് അറിയില്ല. എന്റെ അന്തസ്സിൽ നിന്നുകൊണ്ട് പറയാൻ കഴിയില്ലെന്നുള്ളതുകൊണ്ട് പറയുന്നില്ല. ആ വനിതയുടെ ഫോൺ തട്ടിമാറ്റി വളരെ മെയ്വഴക്കത്തോടെ അദ്ദേഹം ചോദിക്കുന്നു, ശ്രീ. പി. ജെ. കുര്യനിൽ നിന്ന് എന്തെങ്കിലും മുൻഅനുഭവം ഉണ്ടായിട്ടുണ്ടോ? കൊച്ചുമകളുടെ പ്രായമാകാൻ മാത്രം പ്രായമുള്ള ഒരു പെൺകുട്ടിയോട് അങ്ങനെ ചോദിക്കാൻ പാടില്ല. അതിന് അദ്ദേഹം പിന്നീട് ഖേദം പ്രകടിപ്പിച്ചു. ഇപ്പോൾ നമ്മുടെ ആഭ്യന്തര വകുപ്പുമന്ത്രിയുടെ ഖേദപ്രകടനം വന്നതുപോലെ. ഇക്കാര്യത്തിൽ ഞാൻ ചോദിക്കാൻ ആഗ്രഹിച്ച ഒരു കാര്യം ഒരു പുരുഷനാണെങ്കിൽ, ഒരു പുരുഷ മാധ്യമപ്രവർത്തകനാണെങ്കിൽ അങ്ങനെ ചോദിക്കുമായിരുന്നോ; ചോദിക്കില്ലെന്നാണ് എന്റെ വിശ്വാസം. മോന്തയ്ക്ക് തട്ടും. അതിലേയ്ക്ക് ഞാൻ വരുന്നില്ല. ഒരു പുരുഷ മാധ്യമപ്രവർത്തകനായിരുന്നുവെങ്കിൽ ഒരു കാരണവശാലും അത്തരമൊരു അപമാനത്തിന് വിധേയമാകേണ്ടിവരില്ലായിരുന്നു. ഇവിടെ സ്ത്രീകളുടെ സ്വകാര്യതയെന്താണ്; അന്തസ്സെന്താണ്? സ്വകാര്യതയ്ക്കും അന്തസ്സിനും ആളുകൾക്ക് മാനങ്ങളിൽ വ്യത്യാസമുണ്ടാകും. സ്ത്രീകളുടെ സ്വകാര്യത സമൂഹത്തിന്റെ അന്തസ്സും സംസ്കാരവുമാണ്. ഈ സന്ദേശം പ്രചരിപ്പിക്കുവാൻ നമുക്ക് കഴിയുന്ന വിധമായിരിക്കണം ഈ ബിൽ എന്ന അഭിപ്രായമാണ് എനിക്കുള്ളത്.

സ്വകാര്യതയും അന്തസ്സും ഓരോ ദേശങ്ങൾക്കും കാലങ്ങൾക്കും അനുസൃതമായി മാറുന്നുവെന്നുള്ളതുകൊണ്ട് ഇവിടേയ്ക്ക് എത്തുന്ന അതിഥികൾ അവരുടെ അന്തസ്സിനും സ്വകാര്യതയ്ക്കും അനുസരിച്ച് പല കാര്യങ്ങളും ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ ഉൾപ്പെടെയുള്ളവർ അഭിപ്രായം പറഞ്ഞ പ്രധാനപ്പെട്ട ഒരു കാര്യമാണ്, ശ്വേതാമേനോൻ പ്രകടിപ്പിച്ച സ്വകാര്യത. ആ സ്വകാര്യതയോട് യോജിപ്പുള്ള ആളല്ല ഞാൻ. ആ സ്വകാര്യത അങ്ങനെ പ്രദർശിപ്പിക്കേണ്ടതാണോ എന്ന് ചോദിച്ചാൽ വ്യക്തിപരമായി അത് അന്തസ്സിന് ചേരുന്നതല്ല എന്ന അഭിപ്രായമാണ് എനിക്കുള്ളത്. വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടാകാം. അപ്പോൾ ആളുകളുടെ സ്വകാര്യതയിലും അന്തസ്സിലും അതിന്റെ കാഴ്ചപ്പാടിലും ധാരാളം വ്യത്യാസങ്ങൾ ഉണ്ടാകുന്നുണ്ട്. ഒരുപക്ഷേ വരാൻ പോകുന്ന കാലഘട്ടങ്ങളിൽ ജസ്റ്റിസ് ആർ. ബസന്തിനെപ്പോലെയുള്ളവർ നീതിപീഠത്തിലിരുന്ന് നിയമത്തിന്റെ തലനാരിഴ കീറി പരിശോധിക്കുമ്പോൾ ഈ ബില്ലിൽ ഏറ്റവുമധികം ചർച്ചചെയ്യപ്പെടാൻ സാധ്യതയുള്ള സ്വകാര്യത, അന്തസ്സ് എന്നിവ എന്താണെന്നുള്ളതിനെ സംബന്ധിച്ചായിരിക്കും. ആളുകളുടെ കാഴ്ചപ്പാടുകളിലുണ്ടാകുന്ന വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ ഈ സ്വകാര്യതയും അന്തസ്സും തലനാരിഴകൾ കീറി പരിശോധിക്കുമ്പോൾ അതിന്റെ അർത്ഥ വ്യത്യാസങ്ങൾ, അതിന്റെ പേരിൽ ശിക്ഷ കിട്ടേണ്ട ആളുകൾ രക്ഷപ്പെട്ടുപോകുന്ന സാഹചര്യമുണ്ടാകരുത്. ഈ നിയമത്തിലൊരു ഡൈല്യൂഷൻ വന്നിട്ടുണ്ടെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്.

<u>ശ്രീമതി ജമീലാ പ്രകാശം</u>: ബഹുമാനപ്പെട്ട ബിജിമോൾ എം.എൽ.എ. യോട്, സ്വകാര്യതയേയും അന്തസ്സിനേയും പറ്റി പറയുമ്പോൾ സ്ത്രീയെന്ന് പറഞ്ഞാൽ, സ്ത്രീത്വവുമായി അഭേദ്യമായ സ്വഭാവമുള്ള മറ്റൊരു ഭാവമാണ് മാതൃത്വം. ഏറ്റവും കൂടുതൽ സ്വകാര്യതയും ഏറ്റവും കൂടുതൽ അന്തസ്സും

ഒരു സ്ത്രീക്ക് ലഭിക്കുന്നത് അവൾ ഒരു ഭാര്യമാത്രമല്ല, ഒരു മാതാവുംകൂടി ആകുമ്പോഴാണ്. സ്പൗസ് എന്ന് പറയുന്നത് സ്ത്രീക്കും പുരുഷനും തുല്യ മായിട്ടുള്ള ഒരു പദവിയാണ്. അതേസമയം അമ്മയാവാൻ ഒരു സ്ത്രീക്കുമാ ത്രമേ കഴിയൂ. ഒരു സ്ത്രീയുടെ സ്വകാര്യതയേയും അന്തസ്സിനേയും പരിരക്ഷി ക്കാനുള്ള ബില്ലാണിത്. ഒരു സ്ത്രീയെ, പ്രത്യേകിച്ച് അമ്മയായിക്കഴിഞ്ഞ ഒരു സ്ത്രീയെ ഭർത്താവും ഭർത്താവിന്റെ വീട്ടുകാരും ചേർന്ന് ഏറ്റവും കൂടുതൽ അധിക്ഷേപിക്കുകയും ഭീഷണിപ്പെടുത്തുകയും ചൂഷണംചെയ്യുകയും ചെയ്യുന്നത് കുഞ്ഞുങ്ങളുടെ കാര്യം പറഞ്ഞാണ്. കാരണം, ഇപ്പോഴും നമ്മുടെ നാട്ടിൽ നാചുറൽ ഗാർഡിയൻ കുഞ്ഞിന്റെ അച്ഛനാണ്. ഒരു സ്ത്രീ പത്ത് മാസം അവളുടെ വയറ്റിൽചുമന്ന് ബുദ്ധിമുട്ടി ഒരു കുഞ്ഞിനെ പ്രസവിച്ച് അതിനെ ലാളിച്ച് വളർത്തിക്കഴിയുമ്പോൾ, ഈ പ്രക്രിയയ്ക്കിട യിൽ അമ്മയും കുഞ്ഞും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. കുഞ്ഞിന്റേത് വളരെ ബാലമനസ്സിലുള്ള വികാരങ്ങളാണ്, അതേസമയം അമ്മയ്ക്ക് എല്ലാ വരുംവരായ്കകളും അറിയാം. ഭർത്താവിന്റെയും ഭർത്താ വിന്റെ വീട്ടുകാരുടെയും എല്ലാ രീതിയിലുള്ള അധിക്ഷേപങ്ങളും ചവിട്ടും ഇടിയും കുത്തും ചീത്തവിളിയും എല്ലാം സഹിച്ച് ധാരാളം പെൺകുട്ടികൾ, നല്ലവിദ്യാഭ്യാസമുള്ളവർ, നല്ല തുക ശമ്പളം വാങ്ങുന്നവർ എല്ലാം ഒതുങ്ങിക്ക ഴിയുന്നതിനുള്ള കാരണം ഒരു ഡൈവോഴ്സ് കേസ്സിനുപോയാൽ കുഞ്ഞിനെ അച്ഛന് വിട്ടുകൊടുക്കേണ്ടിവരും എന്നുള്ളതുകൊണ്ടാണ്. പാലുകുടിക്കുന്ന പ്രായം കഴിഞ്ഞാൽ, ഡൈവോഴ്സ് കേസ് കഴിയുമ്പോൾ കുഞ്ഞിനെ എനിക്കുതന്നെ വിട്ടുതരണമെന്നുപറയാൻ ഒരമ്മയ്ക്കും വകുപ്പില്ല. ഏറ്റവും കൂടുതൽ ബഹളം നടക്കുന്നത് അവിടെയാണ്. അപ്പോഴാണ് അവൾ എല്ലാ സ്വകാര്യതയും അന്തസ്സും വിട്ട് തറയിൽകിടന്ന് ഉരുണ്ട് നിലവിളിക്കുന്നത്.

അപ്രകാരമുള്ള ധാരാളം അമ്മമാരെ ഞാൻ കണ്ടിട്ടുണ്ട്. അവൾക്ക് വീണ്ടും ഭർത്താവിന്റെ പുറകെ പട്ടിയെപ്പോലെ മിണ്ടടക്കം പാലിച്ച് പഞ്ചപുച്ഛമടക്കി പോകേണ്ടിവരും. ഒരുസ്ത്രീ എന്ന് പറയുമ്പോൾ അമ്മയാണ്. അത് രണ്ടും കൂടി മാറ്റിക്കാണാൻ സാധിക്കില്ല. ആ അന്തസ്സും സ്വകാര്യതയും സൂക്ഷിക്കാനായി, അത് സംരക്ഷിക്കാനായി ഈ നിയമസഭയ്ക്ക് എന്ത് ചെയ്യാൻ കഴിയും; ഈ സർക്കാരിന് എന്ത് ചെയ്യാൻ കഴിയും? പെട്ടെന്ന് ഇവിടെയൊരു നിയമം കൊണ്ടുവന്നു. ഇന്ത്യാഗവൺമെന്റ് ഒരു ഓർഡിനൻസ് കൊണ്ടുവന്നു. അതിനുശേഷം സമഗ്രമായ ഒരു നിയമം കൊണ്ടുവരികയാണ്. ശ്രീമതി ഇ.എസ്. ബിജിമോൾ ഈ ബില്ലിന്റെ തലക്കെട്ടിനെപ്പറ്റിതന്നെ ധാരാളം കാര്യങ്ങൾ പറഞ്ഞതുകൊണ്ട് എനിക്ക് ബഹുമാന്യനായ സുഹൃത്തിനോട് ചോദിക്കാനുള്ളത് ഞാൻ ഇവിടെ പറഞ്ഞ വികാരങ്ങൾ അവരുടെ മനസ്സിലേയ്ക്ക് അലയടിച്ച് എത്തുന്നില്ലേ എന്നാണ്. നൂറുകണക്കിന് സ്ത്രീകളുടെ പരാതികളാണ് ഞാനും ശ്രീമതി ബിജിമോളും ഒരു ദിവസം കേൾക്കുന്നത്.

ശ്രീമിതി ഇ. എസ്. ബിജിമോൾ: സർ, ശ്രീമതി ജമീലാ പ്രകാശം ഇവിടെ പ്രകടിപ്പിച്ചിട്ടുള്ള വികാരങ്ങളോട് എല്ലാ അർത്ഥത്തോടും പൂർണ്ണതയോടും യോജിക്കുകയാണ്. സ്ത്രീകൾ പ്രതികരിക്കുന്നതുമായി ബന്ധപ്പെട്ട് ഇവിടെ ശ്രീ. സി. പി. മുഹമ്മദ് പറയുകയുണ്ടായി. ആര്യ എന്ന പെൺകുട്ടിയുടെ വിഷയം തുടക്കത്തിൽത്തന്നെ ഇവിടെ ചർച്ച ചെയ്തതാണ്. ധാർമ്മികത പഠിപ്പിക്കാൻ ഇറങ്ങിത്തിരിച്ച അദ്ധ്യാപകൻ നടത്തിയിട്ടുള്ള അധാർമ്മിക പ്രഭാഷണത്തിൽ സ്വയം പ്രതിഷേധിച്ച് കൂവി ഇറങ്ങിപ്പോയ ആര്യ എന്ന പെൺകുട്ടി ഇന്ന് ക്യാമ്പസിൽ ഹീറോയാണ്. പക്ഷേ ഏഷ്യാനെറ്റ് എന്ന മാധ്യമം ആ പെൺകുട്ടി നടത്തിയിട്ടുള്ള പ്രതിഷേധത്തിന്റെ വിഷ്വൽസ് നമ്മുടെ മുമ്പിൽ എത്തിക്കുന്നിടംവരെ ആര്യയെ സപ്പോർട്ട് ചെയ്യാൻ

കോളേജ് അധികൃതർ പോലുമുണ്ടായില്ല. ആ പെൺകുട്ടി കോളേജ് ക്യാമ്പസിലെ ഹാൾ വിട്ടതിനുശേഷം, ആ പെൺകുട്ടിയെക്കുറിച്ച് അദ്ധ്യാപകൻ നടത്തിയിട്ടുള്ള വളരെ മോശമായ പരാമർശങ്ങളോട് നമുക്ക് ഒരിക്കലും ക്ഷമിക്കാൻ കഴിയില്ല. അതിനെതിരായി ബഹുമാനപ്പെട്ട മന്ത്രി നടപടിയെടുക്കുമെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട സി. പി. മുഹമ്മദും പ്രസംഗം തുടങ്ങിവച്ച ശ്രീ. കെ. മുരളീധരനും പറഞ്ഞ പല പ്രശ്നങ്ങളുമുണ്ട്, വസ്ത്രധാരണത്തിന്റെ സഭ്യതയുടെ പ്രശ്നങ്ങൾ. ഒരു ചർച്ചയുടെ ഭാഗമായി സാരിക്കുമുകളിലായി ഒരു കോട്ടുകൂടി ഇട്ടുനടന്നാൽ പീഡനമൊഴിവാക്കാമെന്ന അഭിപ്രായമുണ്ടാകുന്നു. അപ്പോൾ വസ്ത്രധാരണമാണ് പീഡനങ്ങൾ ഉണ്ടാകുന്നതിന്റെ ആകെ കുഴപ്പക്കാരൻ എന്ന രൂപത്തിലുള്ള അഭിപ്രായപ്രകടനങ്ങൾ ഉണ്ടായാൽ നമുക്ക് വിയോജിക്കാതിരിക്കാൻ കഴിയില്ല. ഇപ്പോൾ പ്രതികരിക്കുന്ന ആളുകൾക്ക് ഉണ്ടാകുന്ന ദുരനുഭവങ്ങൾ, 17 വർഷക്കാലമായി ഒരു പെൺകുട്ടി തനിക്കുണ്ടായ ദുരനുഭവത്തോട് കോംപ്രമൈസ് ചെയ്യാതെ പൊരുതുന്നതിന്റെ ശിക്ഷ വീണ്ടുംവീണ്ടും ഓരോ മണിക്കൂറിലും ഓരോ നിമിഷത്തിലും, ഇപ്പോഴും ആ പെൺകുട്ടി അപമാനിക്കപ്പെടുന്നുവെന്ന വസ്തുത നമ്മൾ മറന്നുപോകരുത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സ്ത്രീകളുടെ സ്വകാര്യതയും അന്തസ്സും സൂക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു ബില്ലാണ് അങ്ങ് അവതരിപ്പിച്ചിരിക്കുന്നത്. പക്ഷേ ഇതിലുള്ള ചില ദൗർബല്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ശ്രീമതി ഇ. എസ്. ബിജിമോളുടെ അഭിപ്രായംകൂടി അറിയാനാണ്. സ്ത്രീ അശ്ലീലമായ വസ്തുക്കളോ അല്ലെങ്കിൽ അശ്ലീല സാഹിത്യമോ കാണിക്കുക എന്ന് പറഞ്ഞിരിക്കുന്നു. അങ്ങ് ഈ അശ്ലീല

സാഹിത്യംകൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്; എന്താണ് അശ്ലീല വസ്തുക്കൾ? ഇതിനെക്കുറിച്ചുള്ള നിർവ്വചനം ഇതിനകത്ത് എന്താണ്? ഇന്ന് ടെലിവിഷൻ ചാനലുകളിലൂടെ കാണിച്ചുകൊണ്ടിരിക്കുന്ന പല പരസ്യങ്ങളും എന്റെ ദൃഷ്ടിയിൽ അശ്ലീലമാണെങ്കിൽ പരസ്യം കൊടുക്കുന്നവരുടെ ദൃഷ്ടിയിൽ അത് അശ്ലീലമല്ല. അപ്പോൾ എന്താണ് അസ്ലീലം? ശ്ലീലമല്ലാത്തതെന്ന് പറ ഞ്ഞാൽ അശ്ലീലം എന്നുപറയുന്നത് ഗ്രാമറാണ്. ഇത് നിയമത്തിന്റെ മുമ്പിലാ ണ്. അങ്ങ് പറയുന്ന ശ്ലീലത്തിന്റെ വിപരീതം അശ്ലീലമെന്ന് പറയാം. അത് മല യാള ഗ്രാമറിൽ ചോദിക്കുമ്പോൾ ഉത്തരം പറയാനേ പറ്റുകയുള്ളൂ. നിയമത്തി നുമുമ്പിൽ പറ്റുകയില്ല. മറ്റൊന്ന് സ്വകാര്യത. അത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. ശ്ലീലമെന്താണ്; അശ്ലീലമെന്താണ്; അശ്ലീലമായ വസ്തുക്കൾ എന്തെല്ലാമാണ്; അതിന്റെ നിർവ്വചന പരിധിയിൽ ഏതൊക്കെ വരും? ഒരു നിയമം നിർമ്മിക്കുമ്പോൾ ഉണ്ടാകുന്ന വിഷയം ചൂണ്ടിക്കാണിക്കുകയാണ്. അത് തമാശയായി കാണാൻവേണ്ടി പറയുന്നതല്ല. മറ്റൊന്ന് സ്വകാര്യത, സ്വകാര്യതയെപ്പറ്റി ഇവിടെ പറയുമ്പോൾ പല ചർച്ചകളും നടക്കുന്നുണ്ട്. സ്ത്രീകളുടെ ഏറ്റവും വലിയ സ്വകാര്യത അവരുടെ പ്രസവം....... ശ്വേതാ മേനോൻ അവരുടെ പ്രസവം ഒരു ആഘോഷമാക്കി. അവരെ സംബന്ധിച്ച് അതൊരു സ്വകാര്യതയല്ലെന്ന് അവർ പറയുന്നു. അതൊരു സ്ത്രീയുടെ സ്വാതന്ത്ര്യപ്രഖ്യാപനമായി കാണുന്ന ഒരുപാട് സ്ത്രീകൾ നമ്മുടെ സമൂഹ ത്തിലുണ്ട്. എന്നാൽ അതിനോട് വിയോജിക്കുന്ന സ്ത്രീകളും നമ്മുടെ നാട്ടിലുണ്ട്. അപ്പോൾ സ്വകാര്യതയെന്ന് പൊതുവായി പറയുമ്പോൾ സ്ത്രീകൾ സ്ത്രീകൾക്കുതന്നെ സ്വകാര്യതയെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ വ്യത്യസ്തമായ ഉറച്ച അഭിപ്രായം നമ്മുടെ സമൂഹത്തിലുണ്ട്. അപ്പോൾ ഒരു നിയമം നിർമ്മിക്കുമ്പോൾ സ്വകാര്യതയും അശ്ലീലവുമെന്ന പദപ്രയോഗം

നടത്തുമ്പോൾ അതിന്റെ നിർവ്വചനത്തിൽ ഏതുവരെ പോകാമെന്ന തിനെക്കുറിച്ചുകൂടി വ്യക്തമാക്കാൻ പറ്റുമോയെന്ന കാര്യം നമുക്ക് ചർച്ച ചെ യ്തുകൂടേ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ചില വാക്കുകൾക്ക് അതിന്റേതായ നല്ല അർത്ഥംതന്നെ യുണ്ട്. അത് ഡെഫിനിറ്റാണ്. ഇന്ത്യൻ സമൂഹത്തിൽ, കേരള സമൂഹത്തിൽ ശ്ലീലം - അശ്ലീലം എന്നതിന് പ്രത്യേകിച്ച്.......... അതിന് താഴെക്കാണുന്ന പതി നഞ്ച് കാര്യങ്ങൾ ശ്ലീലം ബാക്കിയുള്ള ഇരുപത്തിയഞ്ച് കാര്യം അശ്ലീലമെന്ന് എഴുതേണ്ട കാര്യമില്ല. കാരണം അത് നമ്മുടെ കോമൺ കൺസെപ്റ്റാണ്. ആ കൺസെപ്റ്റിനകത്ത് ശ്ലീലം-അശ്ലീലം എന്നതിനെക്കുറിച്ച് ജനറലായിട്ടുള്ള കൺസെപ്റ്റുണ്ട്. ആ ജനറൽ കൺസെപ്റ്റ് വച്ചാണ് അതിനെ നിർവ്വചിക്കുന്ന ത്. നിയമത്തിൽ അതിനെപ്പറ്റിയുള്ള വ്യക്തമായ നിർവ്വചനം പറയാതെതന്നെ വളരെ കൃത്യമായി മനസ്സിലാക്കാൻ സാധിക്കും.

ശ്രീ. വി. എസ്. സുനിൽ കുമാർ: പ്രായവ്യത്യാസമില്ലാതെ മനുഷ്യസ്ത്രീ യെന്ന് അങ്ങ് പറയുന്നു. അങ്ങനെ പറയേണ്ട കാര്യമെന്താണ്? അങ്ങനെ പറയുമ്പോൾ ചെറിയ ഒരു വയസ്സായ കുട്ടിപോലും അതിനകത്ത് ഉൾപ്പെടുന്നില്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഉണ്ട്. അതിനുകാരണം ഈയ ടുത്ത കാലത്തുണ്ടായ കുറെ സംഭവങ്ങളാണ്. കേരള ജനസമൂഹത്തിൽ എവി ടെയെങ്കിലും ആറ് വയസ്സുള്ള പെൺകുട്ടിയെ ബലാൽസംഘം ചെയ്തുവെന്ന് പണ്ട് കേട്ടിട്ടുണ്ടോ? കേട്ടിട്ടില്ലല്ലോ, ഒരു കുട്ടിയെന്ന് പറയുമ്പോൾ പ്രായ പൂർത്തിയെത്തിയ ഒരു പെൺകുട്ടി, അതാണ് നമ്മുടെ സങ്കൽപ്പത്തിൽ വരുന്ന ത്. ആറ് വയസ്സുള്ള ഒരു പെൺകുട്ടിയെ ബലാൽസംഘം ചെയ്യുന്നുവെന്ന്

എവിടെയെങ്കിലും കേട്ടിട്ടുണ്ടോ? ആ കുട്ടിക്ക് ചൈൽഡ് പ്രൊട്ടക്ഷനുണ്ടെന്ന് ശ്രീ. വി. ഡി. സതീശൻ പറഞ്ഞ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. പക്ഷേ, ചൈൽഡ് പ്രൊട്ടക്ഷൻ ബലാൽസംഘത്തിനുണ്ടോ? അപ്പോൾ ബലാൽസംഘം നടന്നിട്ടുണ്ടെങ്കിൽ ഇവരെ ഈ നിർവ്വചനത്തിൽക്കൂടി കൊണ്ടുവരണം. ഈ നിർവ്വചനത്തിൽ കൊണ്ടുവരാതെ ഈ നിയമത്തിൽ അവരെ വിധേയപ്പെടുത്താൻ സാധ്യമല്ല. ഈ നിയമം ആ രാക്ഷസന്മാർക്കെതിരായിട്ടുള്ള നിയമമായതുകൊണ്ടാണ് ഈ രൂപത്തിൽ എടുക്കുന്നത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇന്നത്തെ സമൂഹത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങളിൽ നിന്ന് അവരെ സംരക്ഷിക്കുന്നതിനുവേണ്ടി, അടുത്തകാലത്തുണ്ടായിട്ടുള്ള ദേശീയ രാഷ്ട്രീയത്തിലും കേരളത്തിലെ സൂര്യനെല്ലിപോലുള്ള പ്രശ്നങ്ങളുമൊക്കെ അടിസ്ഥാനപ്പെടുത്തി ഒരു നിയമം നിർമ്മിക്കുന്നത് നല്ലതുതന്നെയാണ്. പക്ഷേ, ഇങ്ങനെയൊരു നിയമം നിർമ്മിച്ചതുകൊണ്ടുമാത്രം ഇന്ന് അനുഭവിക്കുന്ന പീഡനങ്ങൾക്ക് അറുതി വരുത്താൻ സാധിക്കുകയില്ല. ഈ നിയമത്തിൽത്തന്നെ അതിനൊരു പോരായ്മയുണ്ട്. പീഡനങ്ങളും അതിനുള്ള ചില കാര്യങ്ങളും അതിന്റെ ശിക്ഷയുമാണ് പറയുന്നത്. ഇതിനൊരു സാമൂഹ്യപശ്ചാത്തലമുണ്ട്. ആ സാമൂഹ്യപശ്ചാത്തലം മാറ്റിത്തീർക്കാത്തിടത്തോളംകാലം അതിനെക്കുറിച്ച് ചിന്തിക്കാതെ.... ലോകത്തിൽ ഒരുപാട് അനുഭവങ്ങളും നിയമങ്ങളും നിയമവ്യവസ്ഥകളുമുണ്ട്. അതാണ് നേരത്തെ ബഹുമാന്യനായ ചില മെമ്പർമാർ ചൂണ്ടിക്കാണിച്ചത്. സൗദി അറേബ്യയിൽ കർക്കശമായ നിയമമുണ്ട്.

മി. ചെയർമാൻ: ശ്രീ. ഇ. പി. ജയരാജൻ, ശ്രീമതി ഇ. എസ്. ബിജിമോൾ പ്രസംഗിക്കുകയാണ്. അതിനിടയിൽ വേറൊരു പ്രസംഗം നടത്തരുത്.

ശ്രീ. ഇ. പി. ജയരാജൻ: പക്ഷേ അവിടെ തടയാൻ സാധിക്കുന്നില്ല. അപ്പോൾ ലോകത്തിലെ അനുഭവങ്ങൾ വ്യത്യസ്തമാണ്. ഇതെല്ലാം വിശദ മായി മനസ്സിലാക്കി വളരെ ശാസ്ത്രീയമായ വീക്ഷണത്തോടുകൂടി ഇതിന്റെ ഭൗതിക സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് ഒരു നിരീക്ഷണം നടത്തി അതിന്റെ അടിസ്ഥാനത്തിൽ ഇത് എങ്ങനെയൊക്കെ ലഘൂകരിച്ച് ബോധവ ൽക്കരണം നടത്തി നമ്മുടെ സമൂഹത്തെ രക്ഷിക്കാൻ കഴിയുമെന്ന് ചിന്തിക്ക ത്തക്കനിലയിലുള്ള ഒരു നിയമനിർമ്മാണത്തിനുവേണ്ടിയുള്ള പശ്ചാത്തലം ഒരുക്കിയെടുക്കുകയല്ലേ നാം ചെയ്യേണ്ടത്. അതിനല്ലേ ഈ നിയമം ഒരു സെലക്ട് കമ്മിറ്റിക്ക് വിടേണ്ടത്.

ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് പറഞ്ഞതിനെക്കുറിച്ച് ജനറ ലായിട്ടുള്ള കാര്യത്തിൽ ആർക്കും വിയോജിപ്പില്ല. പക്ഷേ നമ്മൾ ഇപ്പോൾ പറയുന്നതെന്താണ്? ഇങ്ങനെയും നടക്കില്ലേ അതുകൊണ്ട് ശിക്ഷ വേണ മെന്ന് ചോദിക്കുകയാണ്. കൊലപാതകത്തിന് ക്യാപിറ്റൽ പണിഷ്മെന്റാകാം. ക്യാപിറ്റൽ പണിഷ്മെന്റ് എന്നുള്ളതുകൊണ്ട് ലോകത്ത് ഒരിടത്തും കൊലപാ തകം ഉണ്ടാവുകയില്ല എന്നുപറയാൻ പറ്റുമോ? പണിഷ്മെന്റുണ്ട്. ആ പണി ഷ്മെന്റ് നീതിന്യായക്കോടതി കൊടുക്കുകയും ചെയ്യും. പക്ഷേ ഇവിടെ പറയുന്നത്, ഈ നിയമം വേണ്ടെന്ന് പറഞ്ഞാൽ അത് നിൽക്കുമോ? ഇവിടെ എല്ലാ കുറ്റകൃത്യങ്ങൾക്കും ശിക്ഷയുണ്ട്. ആ ശിക്ഷയുള്ളതുകൊണ്ട് കുറ്റ കൃത്യങ്ങൾ കുറയും. പക്ഷേ ശിക്ഷ പറഞ്ഞിട്ടുണ്ട് എന്നുള്ളതുകൊണ്ട് ഒരു കുറ്റകൃത്യവും ഉണ്ടാവില്ലെന്ന് പറയാൻ സാധിക്കില്ല. അതുകൊണ്ട് ഈ നിയമം വരട്ടെ.

മി. ചെയർമാൻ: ശ്രീമതി ഇ. എസ്. ബിജിമോളാണോ സംസാരിക്കുന്നത് അതോ മറ്റാരെങ്കിലുമാണോ? പ്ലീസ്............. ശ്രീമതി ഇ. എസ്. ബിജിമോൾ, You continue.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ബഹുമാന്യരായ അംഗങ്ങൾ ഇവിടെ ചർച്ച ചെയ്യുന്നതിന്റെ സ്പിരിറ്റ്, നമ്മുടെ ഭരണഘടനയും നിയമങ്ങളും എത്ര സംരക്ഷണം തന്നാലും അത് നടപ്പിലാക്കുന്ന രീതികൊണ്ട് പലപ്പോഴും അത് അർഹിക്കുന്ന ആളുകൾക്ക് ആ നിയമത്തിന്റെ പരിരക്ഷ കിട്ടുന്നില്ല. സൂര്യനെല്ലിക്കേസിലെ പെൺകുട്ടി കഴിഞ്ഞ 17 വർഷക്കാലമായി നീതിക്കുവേണ്ടി നീതിപീഠങ്ങൾക്കുമുമ്പിലും മാറിമാറിവരുന്ന ഗവൺമെന്റുകൾക്കുമുമ്പിലും നിൽക്കുകയാണ്. അപമാനിക്കപ്പെട്ട് വീണ്ടുംവീണ്ടും അപമാനിക്കപ്പെടുന്ന സാഹചര്യം ആ കുട്ടിയുടെ ജീവിതത്തിൽ ഉണ്ടാകുന്നു. മാധ്യമങ്ങളായാലും നമ്മുടെ സർക്കാരുകളായാലും കോടതികളായാലും ജസ്റ്റിസ് ആർ. ബസന്തായാലും ശ്രീ. പി. ജെ. കുര്യനെ അനുകൂലിക്കുന്നവരായാലും പ്രതികൂലിക്കുന്നവരായാലും ഓരോ ദിവസവും ഓരോ നിമിഷവും ആ പെൺകുട്ടിയുടെ ജീവിതത്തിലുണ്ടായ സംഭവങ്ങളിലൂടെ വീണ്ടും വീണ്ടും അപമാനിക്കപ്പെടുന്ന സാഹചര്യം ആ പെൺകുട്ടിയുടെ ജീവിതത്തിൽ ഉണ്ടായിക്കൊണ്ടേയിരിക്കുകയാണ്. ഇവിടെ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകൾ എത്രയാണ്? രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സുകളുടെ എത്രയോ ആയിരം ഇരട്ടി കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെടാതെ പോകുന്നുണ്ട്. ഈ നിയമത്തോടുള്ള ഏറ്റവും വലിയ ഒരു വിയോജിപ്പ്, ഈ നിയമത്തിന്റെ ധനകാര്യ മെമ്മോറാണ്ടം, ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്ന് അഞ്ച് പൈസപോലും ചെലവില്ല. പിന്നെ

എന്തിനാണ് ഇങ്ങനെയൊരു നിയമം? ഈ നിയമം നടപ്പിലാക്കണമെങ്കിൽ നിയമപാലകർ ഉണ്ടാകണ്ടേ; ആവശ്യത്തിന് വനിതാപോലീസ് ഇല്ലല്ലോ; വനിതാ പോലീസിൽ മൂന്നുനാലുപേരെ മുമ്പിൽ നിരത്തിനിർത്തിയതിനു ശേഷം പുരുഷന്മാർ അവരുടെ പുറകിൽ നിന്ന് വനിതാ പോലീസിനെ തള്ളി യുന്തി ഞങ്ങളുടെ അടുത്തേയ്ക്ക് കൊണ്ടുവരികയാണ്. ഞങ്ങൾക്ക് സങ്കടം തോന്നുന്നു. ആ പുരുഷപോലീസ് പുറകിൽനിന്ന്........... ആ സീനുകൾ ആഭ്യ ന്തര വകുപ്പുമന്ത്രി പരിശോധിക്കണം. അവർ പെടുന്ന പാട്. അഞ്ചാറ് വനിതാ പോലീസ് നിരന്നുനിൽക്കുകയാണ്. അവരുടെ പിന്നിൽനിന്ന് തള്ളുന്നതാരാ ണെന്ന് അറിയാമോ? നല്ല കരുത്തന്മാരായ പുരുഷന്മാർ, പുരുഷപോലീസ് പുറകിൽ നിന്ന് തള്ളുന്നതാണ്, അവരെ തള്ളിയുന്തികൊണ്ടുവരുന്നതാണ് സാഹചര്യം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങേയ്ക്ക് വലിയ വാക്സാമർത്ഥ്യമുണ്ട്. അങ്ങയുടെ വാക്സാമർത്ഥ്യത്തെ ഞാൻ നിഷേധിക്കു ന്നില്ല.............. അങ്ങ് കാണാത്ത വിഷ്വൽസ് ഞാൻ തരാം. ദാ, അങ്ങ് കാണാത്ത വിഷ്വൽസ്. അങ്ങേയ്ക്ക് കിട്ടാതെപോയ വിഷ്വൽസ്. അങ്ങ് കണ്ടി ല്ലായെന്ന് പറയുന്ന വിഷ്വൽസ്. വേണ്ട..........പൊളിട്രിക്സ് എന്നുപറയുന്ന സാധനമുണ്ടല്ലോ സകലകല........ അങ്ങനെ ഒരുപാട് സാധനങ്ങളുണ്ട്. വെറുതെ അതൊന്ന് നോക്കിയാൽ മതി. അങ്ങയുടെ പോലീസ് എടുത്തുതന്നി രിക്കുന്ന ആ വീഡിയോ റെക്കോർഡിംഗിന്റെ അടിസ്ഥാനത്തിൽ...... ഞാൻ ആ വിഷയത്തിലേയ്ക്ക് വരാൻ ആഗ്രഹിച്ചതല്ല. ആഭ്യന്തരവകുപ്പുമന്ത്രി ഇടപെട്ടതുകൊണ്ട് മാത്രം ഈ കാര്യങ്ങൾക്ക്.........

ശ്രീ. ആർ. രാജേഷ് : സർ, രണ്ട് എം.എൽ.എ.-മാരെ ആക്രമിച്ച സംഭവ ത്തിൽ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത് അടിച്ച പോലീസുകാരുടെ പേര്

കിട്ടിയില്ലായെന്നാണ്. 2011 ജൂൺ മാസം 28-ം തീയതി നിയമസഭയിലേയ്ക്ക് എസ്.എഫ്.ഐ. നടത്തിയ മാർച്ചിൽ പങ്കെടുത്ത എന്നെ ആക്രമിച്ചത് എ.സി. പി. ആയിരുന്ന ജോളി ചെറിയാനാണ്. ഞാൻ പേര് സഹിതം അന്ന് മൊഴി കൊടുത്തത് പത്മകുമാറിനാണ്. ആർക്കെതിരെയാണ് നടപടി സ്വീകരിച്ചത്? ജോളി ചെറിയാന്റെ പേര് കൃത്യമായി എന്റെ മൊഴിക്കകത്ത് പറഞ്ഞു. മുഖ്യമന്ത്രിയ്ക്ക് കത്ത് നൽകി. ജോളി ചെറിയാനെതിരെ നടപടി സ്വീകരിച്ചോ? പേര് പറഞ്ഞില്ലായെന്ന് പറഞ്ഞതുകൊണ്ടാണ് സൂചിപ്പിച്ചത്. പേര് പറഞ്ഞ പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചില്ലല്ലോ?

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : ഞാൻ പറയാൻ വന്ന പോയിന്റ് അതല്ല. പീഡിപ്പിക്കപ്പെടുന്നവരുടെ ലിസ്റ്റിൽ പോലീസ് ആയാലും എം.എൽ.എ. ആയാലും അദ്ധ്യാപികയായാലും നേഴ്സായാലും ഏത് വിഭാഗത്തിൽപ്പെട്ട ആളുകളാണെങ്കിലും ആവശ്യമായ നടപടിയെടുക്കണം. എം.എൽ.എ. ആയ ശ്രീമതി കെ. കെ. ലതിക ഇവിടെ പറഞ്ഞു. എന്റെ അനുഭവമുണ്ട്. ശ്രീമതി ഗീതാ ഗോപിയുടെ അനുഭവമുണ്ട്. ഞങ്ങൾ ഇവിടെ ഈ നിയമസഭയ്ക്കുള്ളിൽതന്നെ പറഞ്ഞു. ചീഫ് വിപ്പ് അവിടെയിരുന്ന് പറയുന്നു. ഇനി ആ കാര്യം ചർച്ച ചെയ്യേണ്ടതില്ല. അത് പോകട്ടെ. അത് ചർച്ച ചെയ്യണ്ട എന്ന് അങ്ങ് പറയുമ്പോൾ എന്റെ കൈയുടെ വേദന മാറണ്ടേ ചീഫ് വിപ്പേ? എന്റെ കൈ ഇപ്പോഴും ഒരു വർക്കിംഗ് കണ്ടീഷനിലേയ്ക്ക് വന്നിട്ടില്ല. ഇനിയിപ്പോൾ ഒരു സമരത്തിൽ പോയി പങ്കെടുക്കണമെങ്കിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പോലീസ് ഏത് വിധമാണ് നമ്മളെ കാണുക എന്ന് മുൻകൂട്ടി അറിയാതെ അവരുടെ പേര് വിവരങ്ങൾ അറിയാതെ ഒരു പ്രകടനത്തിനോ ഒരു മാർച്ചിനോ നമുക്ക് പങ്കെടുക്കാൻ കഴിയുമോ? പേര് വിവരങ്ങൾ അറിയണ്ടേ? അതുകൊണ്ട് ഇനി ഒരു മാർച്ചിനോ പരിപാടിക്കോ പോകു

ന്നതിനുമുമ്പ് കൃത്യമായി അവിടെ നിൽക്കുന്ന പോലീസുകാരുടെ പേര് വിവരങ്ങൾ തരുന്നതിന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇടപെട്ട് നടപടിയുണ്ടാക്കണം. എങ്കിലെ ഞങ്ങൾക്ക് പേര് പറയാൻ കഴിയൂ. അങ്ങ് പോലീസിനെ വിശ്വസിക്കുന്നതിന്റെ മാത്രം അടിസ്ഥാനത്തിൽ നടപടിയെടുക്കരുത്. ഞാൻ പറയാൻ വന്നത് എനിക്കുണ്ടായ അനുഭവത്തെ പറ്റിയല്ല. വനിതാ പോലീസിനുണ്ടായ അനുഭവത്തിന്റെ വിഷ്വൽസ് അങ്ങ് പരിശോധിക്കണം. ആരാണ്, ഏതൊക്കെ പുരുഷന്മാരാണ് വനിതാ പോലീസിനെ പിന്നിൽ നിന്നും തള്ളിയത്. ഞാൻ ഒരു ഗുഡ് സ്പിരിറ്റിൽ പറയുന്നതാണ്. ഒരു ബാഡ് സ്പിരിറ്റിലും പറയുന്നതല്ല. വനിതാ പോലീസിനെ പിന്നിൽ നിന്ന് ................. എന്റെ പി.സി. വിഷ്ണുനാഥ്, ചുമ്മാതിരിക്ക്. ശ്രീ. പി. സി. വിഷ്ണുനാഥിന് ഇനി ഒരുപാട് ഭാവിയുള്ളതാണ്. വെറുതെ ഭാവി കൊണ്ട് കളയാതെ. ഞാനുമായിട്ട് എന്തിനാണ് വിഷ്ണുനാഥ് വെറുതെ കൊമ്പു കോർക്കാൻ വരുന്നത്. അതുകൊണ്ട് ശ്രീ. പി. സി. വിഷ്ണുനാഥിനൊക്കെ പറ്റിയ ആളുകൾ വേറെയുണ്ട്. നമ്മളെയൊക്കെ വിട്. ഞാനൊക്കെ ചേച്ചിമാരല്ലേ? എന്നെ വിട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രീ, ഞാൻ പറയാൻ വന്ന കാര്യം ആ വനിതാ പോലീസിനെ പിറകിൽ നിന്നും തള്ളിയ പുരുഷ പോലീസുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി പരിശോധിക്കണം.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : സർ, പോയിന്റ് ഓഫ് ഓർഡർ. വനിതാ പോലീസിനെ ഒരു ജനപ്രതിനിധി മുഷ്ടി ചുരുട്ടിയിടിക്കുന്ന ഒരു പടം ഒരു പത്രത്തിൽ വന്നു. അത് ഞാൻ കാണിച്ചു. ഒരു എം.എൽ.എ. വണ്ടിയിൽ മുഷ്ടി ചുരുട്ടിയിടിക്കുന്ന പടവും ഇവിടെ കൈവശമുണ്ട്. അത് പറയുന്ന സമയത്ത് ദു:സൂചനകളോടെയുള്ള ഒരു പരാമർശം ഇവിടെ നടത്തുകയുണ്ടായി. അത് രേഖയിലുണ്ടാകാൻ പാടില്ല. എല്ലാവർക്കും ഒരേ ഡിഗ്നിറ്റിയാ

ണുള്ളത്. പുരുഷനും സ്ത്രീയ്ക്കും ഡിഗ്നിറ്റിയ്ക്ക് വ്യത്യാസമൊന്നുമില്ല. ഡിഗ്നിറ്റി പുരുഷനും സ്ത്രീയ്ക്കും ഒരുപോലെയാണ്.

ശ്രീ. സി. ദിവാകരൻ : സർ, സ്ത്രീകളുടെ ബില്ലിനെക്കുറിച്ചുള്ള ചർച്ച നടക്കുകയാണ്. ആ ചർച്ചയിൽ പുരുഷന്മാർ കഴിയുന്നത്ര ഒഴിഞ്ഞ് സ്ത്രീകൾ അവരുടെ അനുഭവങ്ങൾ പറയട്ടേയെന്നുള്ളതുകൊണ്ടാണ് ഞാൻ അതിൽ നിന്നും മാറിയത്. ആ വനിതാ എം.എൽ.എ.-യെ സാധാരണ എം.എൽ.എ. മാരെ നിങ്ങൾ ഡിസ്റ്റർബ് ചെയ്യുന്നതുപോലെ ചെയ്യരുത്. പാവമാണവർ. വളരെ മോശമാണത്. സ്ത്രീകളെ അങ്ങനെ പറയരുത്. സ്ത്രീകൾ സംസാരിക്കുമ്പോൾ ക്ഷമയോടുകൂടി കേൾക്കുക. അവർ അവരുടെ അനുഭവങ്ങൾ പറയുകയാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ : ഞാൻ ശ്രീ. പി. സി. വിഷ്ണുനാഥിനെ പറ്റി ഒരു മോശം പരാമർശവും നടത്തിയില്ല. ഒരു ദു:സൂചനയുമില്ല. ശ്രീ. പി. സി. വിഷ്ണുനാഥിനെക്കാൾ പ്രായമുള്ള ആളാണ് ഞാനെന്നാണ് എന്റെ ധാരണ. എനിക്ക് ശ്രീ. പി. സി. വിഷ്ണുനാഥിന്റെ പ്രായത്തിലുള്ള നാല് അനിയന്മാരുണ്ട്. ഞാൻ ആ സ്നേഹവും പരിഗണനയും കൊടുത്തിട്ടാണ് പറഞ്ഞത്. ശ്രീ. പി. സി. വിഷ്ണുനാഥ് ഇത്ര ചെറുപ്പത്തിലെ രണ്ടാം ടേമിൽ എം.എൽ.എ. ആയി ഇവിടെ ഇരിക്കുന്നു. ഭാവിയിൽ ആ മുഖ്യമന്ത്രിയുടെ കസേരയിലൊക്കെ ഇരിക്കേണ്ട ആളാണ് എന്ന് നല്ല അർത്ഥത്തിൽ, ഇത്ര ശുദ്ധമായ അർത്ഥത്തിൽ നല്ല സ്നേഹത്തോടുകൂടി ഒരു പരാമർശം നടത്തിയപ്പോൾ അതിൽ ദു:സൂചനയുണ്ട് എന്ന് പറഞ്ഞതിൽ എന്തെങ്കിലും വിഷമം ഉണ്ടായിട്ടുണ്ടെങ്കിൽ അദ്ദേഹം മുഖ്യമന്ത്രിയാകേണ്ട. ഞാൻ ആ സ്റ്റേറ്റ്മെന്റ് പിൻവലിച്ചിരിക്കുന്നു. അദ്ദേഹം ആകുന്നില്ലെങ്കിൽ ആകേണ്ട. അദ്ദേഹം മുഖ്യമന്ത്രി ആകണമെന്ന് എനിക്ക് നിർബന്ധിക്കാൻ പറ്റില്ലല്ലോ.

ശ്രീമതി കെ. കെ. ലതിക : നമ്മുടെ ബഹുമാന്യരായ രണ്ട് എം.എൽ.എ.-മാർ സമരത്തിൽ പങ്കെടുത്ത് അടികിട്ടിയിട്ട് നമുക്കിതുവരെ ഒന്നും ചെയ്യാൻ പറ്റിയില്ല. പോകട്ടെ. സ്ത്രീകളെ ആക്രമിച്ചുകഴിഞ്ഞാൽ, കേസ് കൊടുത്തത് പിൻവലിച്ചാൽ അത് നിലനിൽക്കുമോ? ശ്രീമതി സുനന്ദാ പുഷ്ക്കറിനുണ്ടായ അനുഭവം നമുക്കറിയാം. വേറെയൊരു അനുഭവം ഇന്നത്തെ പത്രത്തിൽ കണ്ടു. വിമാനത്താവളത്തിൽവച്ച് ശ്രീ. എ. കെ. ആന്റ ണിയുടെ ഭാര്യ ശ്രീമതി എലിസബത്തിനെ.......... വേറെയൊന്നും ചെയ്തിട്ടൊ ന്നുമില്ല. വളരെ വേഗം കേസെടുത്തു. അവരെ അപ്പോൾ തന്നെ സസ്പെന്റ് ചെയ്തു..................(ബഹളം)...............

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃ ഷ്ണൻ) : Sir, I am on a point of order. ഞാൻ ഇന്ന് രാവിലെ ശ്രീ. എ.കെ. ആന്റണിയുടെ സഹധർമ്മിണിയുമായി നേരിട്ട് സംസാരിച്ചതാണ്. അവർക്ക് അതിനെക്കുറിച്ച് ഒരു പരാതിയുമില്ല. അവരെ ഏറ്റവും മാന്യയായി കാണണം. ഈ സഭയിലുള്ള ഒട്ടുമുക്കാൽ ആളുകൾക്കും, അപ്പുറത്തും ഇപ്പുറത്തുമിരി ക്കുന്ന ആളുകൾക്കെല്ലാവർക്കും നല്ല ബഹുമാനമുള്ള നല്ല പെരുമാറ്റമുള്ള സഹോദരിയാണവർ. ഞാൻ രാവിലെ തന്നെ സംസാരിച്ചതാണ്. യാതൊരു പരാതിയും അവർ പറഞ്ഞിട്ടില്ല. അവർക്ക് ഒരു പരാതിയുമില്ല. ആവശ്യമി ല്ലാതെ അവരുടെ പേര് ഇവിടെ പരാമർശിച്ച് വെറുതെ മോശമായ രൂപത്തി ലേയ്ക്ക് പോകണ്ട. അതുകൊണ്ട് ദയവായി ആ പരാമർശം മാത്രം രേഖയിൽ കാണരുത് എന്ന് ഞാൻ ഓർമിപ്പിക്കുന്നു.

മി. ചെയർമാൻ : രേഖ നോക്കി നടപടിയെടുക്കാം.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : ഇന്നത്തെ മാതൃഭൂമി പത്രത്തിൽ വന്ന ഒരു വാർത്തയുണ്ട്. ആ വാർത്ത മാത്രമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞിട്ടുള്ളത്. വേറൊന്നും കൊണ്ടല്ല. ശ്രീ. എ. കെ. ആന്റണിയുടെ ഭാര്യ യോട് മോശമായി പൊരുമാറിയ പോലീസുകാരിയെ മാറ്റിയെന്നത് ഇന്നത്തെ മാതൃഭൂമി പത്രത്തിലെ വാർത്തയാണ്. ശ്രീ. എ. കെ. ആന്റണി സാറിനോട് ഞങ്ങൾക്കൊക്കെ സ്നേഹമുണ്ട്. സൂസ ചേച്ചിയെ നിങ്ങൾ ബഹുമാനിക്കുന്ന ............... എന്റെ ടി. എൻ. പ്രതാപൻ, ശ്രീ. എ. കെ. ആന്റണി സാറിന്റെ കുത്ത കയെടുക്കേണ്ട. ഞാൻ പറഞ്ഞുവന്നത് ഞങ്ങൾക്കാർക്കും ഇതിനോട് പരാതി യില്ലെന്നാണ്. നടപടി സ്വീകരിച്ചത് നന്നായി. ശ്രീ. എ.കെ. ആന്റണിയുടെ ഭാര്യയാണെങ്കിലും ഇന്ത്യൻ പ്രസിഡന്റിന്റെ ഭാര്യയാണെങ്കിലും സ്ത്രീ മാനി ക്കപ്പെടേണ്ടവളാണ് എന്ന സന്ദേശം സമൂഹത്തിലുണ്ടാകുന്നത് നല്ലതാണ്. ഞങ്ങളുടെയൊക്കെ അനുഭവം കൊണ്ട്, കൊതികൊണ്ട് പറഞ്ഞുപോയതാണ് ശ്രീ. ടി. എൻ. പ്രതാപൻ, ക്ഷമിക്ക് അത്രയേയുള്ളു. വെറുതെ പറഞ്ഞുവെ ന്നേയുള്ളു. ഇതിനകത്ത് കൊലപാതകത്തിന് വധശിക്ഷ എന്നത് സിആർ.പി. സി.-യിൽ തന്നെ പറയുന്നുണ്ട്. സൈബർ നിയമത്തിലെ വ്യവസ്ഥപ്രകാരം സ്ത്രീകളുടെ ചിത്രങ്ങൾ, അവർക്ക് മാനഹാനി വരുത്തുന്ന തരത്തിൽ പ്രദർശിപ്പിക്കുകയോ ചിത്രീകരിക്കുകയോ ചെയ്താൽ സൈബർ നിയമ ത്തിൽ തന്നെ അതിന്റെ ശിക്ഷകൾ വിവരിക്കുന്നുണ്ട്. എന്നാൽ സൈബർ നിയമത്തിൽ സി.ആർ.പി.സി.-യിൽ പറയുന്നതിനെക്കാൾ കുറഞ്ഞ ശിക്ഷക ളാണ് വ്യവസ്ഥ ചെയ്യുന്നത്. അതാണ് ശ്രീ. എ. കെ. ബാലൻ ഇതിന്റെ തുടക്ക ത്തിൽ 5-ാമത് വകുപ്പിൽ പറഞ്ഞിട്ടുള്ള വിഷയം അദ്ദേഹം ഇവിടെ ചൂണ്ടി ക്കാണിച്ചത്. ആത്മഹത്യയ്ക്കുള്ള പ്രേരണാകുറ്റത്തെ സംബന്ധിച്ച് ഈ ബില്ലിൽ പരാമർശിക്കുന്നുണ്ടെങ്കിലും അതിന്റെ ശിക്ഷയുമായി ബന്ധപ്പെട്ട

പരാമർശങ്ങളുണ്ടാകുന്നില്ല. അത് പരിഹരിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. സബ്ജക്ട് കമ്മിറ്റിയിലും തുടർന്നുള്ള ദിവസങ്ങളിലും പരിഹരിക്കാമെന്നുള്ളതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് വരുന്നില്ല. പക്ഷേ, കുറ്റകൃത്യം തടയുന്നതിന് നടപടി സ്വീകരിക്കേണ്ട ഉത്തരവാദിത്തപ്പെട്ട ആളുകൾ അത് ചെയ്യാതിരുന്നാൽ അവർക്ക് കൊടുക്കേണ്ട ശിക്ഷയുമായി ബന്ധപ്പെട്ട കാര്യത്തിൽ അവ്യക്തതകളുണ്ടാകാൻ പാടില്ല. ഇക്കാര്യത്തിൽ നടപടിയെടുക്കാൻ പരാജയപ്പെട്ടാൽ അവർക്കുണ്ടാകുന്ന ശിക്ഷകൾ എന്തൊക്കെയാണ് എന്നുള്ളതിനെ സംബന്ധിച്ച് കാര്യമായ ഒരു വ്യക്തതയുണ്ടാകണം. ഈ നിയമത്തിൽ പല സ്ഥലങ്ങളിലും സിആർ.പി.സി. യുമായും സൈബർ ആക്ടുമായും മറ്റ് പല നിയമങ്ങളുമായും താരതമ്യം ചെയ്യുമ്പോൾ ശിക്ഷകൾ ലഘൂകരിച്ച് ഈ നിയമം തന്നെ ലഘൂകരിക്കപ്പെട്ടു എന്നുള്ളതാണ് പുറത്തുനടക്കുന്ന പ്രതിഷേധത്തിന്റെ കാതലെന്ന് ഈ സഭ അറിയണം. ഒരു നിയമം നിർമ്മിക്കുമ്പോൾ ആ നിയമത്തിന്റെ അന്തസ്സത്ത നഷ്ടപ്പെട്ടുപോകുന്ന ഒരു സംഭവവും ഉണ്ടാകരുത്. സ്ത്രീപ്രശ്നത്തിന്റെ ഗൗരവമോ സങ്കീർണ്ണതയോ ഈ ബില്ല് ഉൾക്കൊള്ളുന്നില്ല എന്ന വിമർശനം ഞങ്ങൾക്കുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ കമ്മിറ്റിയുടെ ചെയർമാൻ ശ്രീ. മോൻസ് ജോസഫ് ഇവിടെ അവതരിപ്പിച്ച റിപ്പോർട്ടിന്റെ കോപ്പിയാണ് എന്റെ കൈവശമുള്ളത്, അത് നിയമസഭയുടെ പ്രോപ്പർട്ടിയാണ്, അതിൽ വന്നിട്ടുള്ള ശുപാർശകൾ ഒന്ന് വായിക്കണം. ഒരുപാട് ശുപാർശകളൊന്നും നിയമസഭാ കമ്മിറ്റി വച്ചിട്ടില്ല. 39 ശുപാർശകൾ, ഈ ബില്ലിൽ ഉൾക്കൊള്ളേണ്ട, ശിക്ഷ തീരുമാനിക്കേണ്ട പല വ്യവസ്ഥകളും അതിലുണ്ട്. നിയമസഭാ കമ്മിറ്റിയുടെ

റിപ്പോർട്ടിന്റെ ഭാഗമായി സമിതി ചെയർമാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ശുപാർശകളെങ്കിലും പരിഗണിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി മനസ്സു കാണിക്കണം എന്നുള്ളതാണ് അഭ്യർത്ഥിക്കാനുള്ളത്. ഉദാരമായ മനസ്സ് അക്കാര്യത്തിൽ കാണിക്കുമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കേന്ദ്ര നിയമത്തിനകത്ത് വളരെ ശക്തമായ ചില ശിക്ഷണ നടപടികൾ ഉൾപ്പെടെ വരുന്നുണ്ട്. ഈ ബില്ലിൽ പീഡനം വഴി ഒരു വനിതയുടെ മരണം സംഭവിക്കുകയാണെങ്കിൽ കുറ്റസ്ഥാപനത്തിനുമേൽ ജീവപര്യന്തമുള്ള തടവുശിക്ഷവും പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ് എന്നാണ് പറഞ്ഞിട്ടുള്ളത്. ഇന്ന് ഇൻഡ്യയിൽ ഒരു കൊലപാതകം നടന്നുകഴിഞ്ഞാൽ അപൂർവ്വത്തിൽ അപൂർവ്വമായ കൊലപാതകമാണെങ്കിൽ ക്യാപിറ്റൽ പണിഷ്മെന്റ് കൊടുക്കാനുള്ള സംവിധാനമുണ്ട്. അങ്ങനെ ഒരു ശിക്ഷാനിയമം നിലനിൽക്കെ ഒരു വനിത കൊല്ലപ്പെടുക മാത്രമല്ല, പീഡനത്തിനു വിധേയയായി കൊല്ലപ്പെടുമ്പോൾ അതിനേക്കാൾ കുറഞ്ഞ ശിക്ഷ ഇതിനകത്ത് പറയുകയാണ്. കേന്ദ്ര നിയമത്തിൽ ഇതിനേക്കാൾ വലിയ ശിക്ഷയാണ് കൽപ്പിച്ചിരിക്കുന്നത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ നിയമം പാസ്സാക്കുന്നത് ഒരു നിയമം ഞങ്ങൾ ആദ്യമായി ഇൻഡ്യയിൽ പാസ്സാക്കിയെന്ന മേനി നടിക്കാനായിട്ടാണോ? ഞാൻ അങ്ങനെ സംശയിക്കുകയല്ല. നമ്മൾ നിയമം പാസ്സാക്കുകയാണെങ്കിൽ അത് കേന്ദ്ര നിയമത്തിനെ ശക്തിപ്പെടുത്തുന്ന നിയമമായിരിക്കണം, ആ നിയമവും ഈ നിയമവും തമ്മിൽ നോക്കുമ്പോൾ ശിക്ഷയിൽ ഉണ്ടാകുന്ന വൈരുദ്ധ്യമെന്താണ്. ഇവിടെ ഒരാളെ കൊലപ്പെടുത്തിക്കഴിഞ്ഞാൽ അപൂർവ്വത്തിൽ അപൂർവ്വമാണെങ്കിൽ ക്യാപ്പിറ്റൽ പണിഷ്മെന്റ് കൊടുക്കാമെന്നിരിക്കെ അങ്ങ് എന്തി

നാണ് ഈ നിയമത്തിൽ ജീവപര്യന്തമുള്ള തടവുശിക്ഷ എന്നു പറഞ്ഞത്. അല്ലെങ്കിൽ ഇതിനകത്ത് ജീവപര്യന്തം എന്ന് ഉദ്ദേശിക്കുന്നത് ആജീവനാന്ത കാലം പരോളുപോലുമില്ലാതെ കഴിയേണ്ടതാണ് എന്ന നിലയിലാണോ? അല്ലാതെ ഈ നിയമത്തിന് എന്താണ് ഒരു പ്രസക്തിയുള്ളത്?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ജസ്റ്റിസ് വർമ്മ കമ്മീഷന്റെ റിപ്പോർട്ട് എന്റെ കൈവശമുണ്ട്. പ്രസ്തുത റിപ്പോർട്ടിനകത്ത് എല്ലാ പൊളിറ്റിക്കൽ പാർട്ടികളും അവരുടെ ഒപ്പീനിയൻ കൊടുത്തിട്ടുണ്ട്. അങ്ങയുടെ പാർട്ടി ഏത് ഒപ്പിനീയനാണ് കൊടുത്തത് എന്നുകൂടി പരിശോധിച്ചതിനുശേഷം നമുക്ക് അവസാനം ചർച്ച ചെയ്യാം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ നിയമമെന്നു പറഞ്ഞത് All comprehensive അല്ല. ഈ നിയമത്തിന്റെ പതിനഞ്ചാമത്തെ വകുപ്പിൽതന്നെ ഈ ആക്ടിലെ വ്യവസ്ഥകൾ തൽസമയം പ്രാബല്യത്തിലുള്ള മറ്റെതെങ്കിലും നിയമങ്ങളുടെ വ്യവസ്ഥകൾക്ക് പുറമേയും അവയ്ക്ക് ഭംഗം വരാതെയുമാണ് എന്ന് പറയുന്നുണ്ട്. ഐ.പി.സി. അനുസരിച്ച് എവിടെ കൊലപാതകമുണ്ടായാലും അതിനെതിരെ കേസ്സെടുക്കാം. Police can register a case against that. അത് ഇതിന് പ്രതിബന്ധമല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ശ്രീ. വി. എസ്. സുനിൽ കുമാർ ഉന്നയിച്ചത് വളരെ പ്രസക്തമായ ഒരു കാര്യമാണെന്നാണ് എനിക്ക് തോന്നുന്നത്. കാരണം ഐ.പി.സി.യിൽ പറയുന്നത് rarest case എന്നല്ല. ഐ.പി.സി. 302-ൽ

പറയുന്നത്, whoever commits murder shall be punished with death or imprisonment for life and shall also be liable to fine. Maximum death punishment കൊടുക്കാമെന്നുതന്നെയാണ് പറയുന്നത്. rarest of rare case ആണോ എന്ന് നോക്കുന്നത് കോടതിയുടെ ഡിസ്ക്രീഷനാണ്. death punishment സെക്ഷൻ 302 ഐ.പി.സി. അനുസരിച്ചുണ്ട്. മരണം സംഭവിക്കുകയാണെങ്കിൽ ജീവപര്യന്തമുള്ള തടവുശിക്ഷ എന്നു ഇവിടെ വയ്ക്കുമ്പോൾ ആർട്ടിക്കിൾ 254 അനുസരിച്ച് സെൻട്രൽ ആക്ടിന് വിരുദ്ധമായിട്ടുള്ള ഒരു പ്രൊവിഷൻ ഒരു സ്റ്റേറ്റ് ആക്ടിൽ വന്നാൽ അത് നിൽക്കില്ല, void ആണ്, അത് void abinitio ആണ്, ഒരു കാരണവശാലും നിൽക്കില്ല എന്നാണ് എന്റെ ആർഗ്യൂമെന്റ്. ഇത് പറയുന്നത് ഗവൺമെന്റിന് എതിരായല്ല, കുറ്റമറ്റ നിയമമുണ്ടാകുന്നതിനു വേണ്ടിയാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ഇതുതന്നെയാണ് ഈ നിയമം ലഘൂകരിക്കുന്നതാണെന്ന ആക്ഷേപം പുറത്ത് കാര്യമായി ചർച്ച ചെയ്യുന്നതിന്റെ പിന്നിൽ ഉണ്ടായിട്ടുള്ളത്. സിആർ.പി.സി.യിലും ഐ.പി.സി.യിലും പറയുന്ന ശിക്ഷകൾ ലഘൂകരിക്കുന്ന ഒരു ആക്ടായി, ഒരു ദുർബ്ബല ബില്ലായി ഈ ബില്ല് ഇന്ന് മാറിയിട്ടുണ്ട് എന്ന് സംഘടനകൾ പുറത്ത് ആക്ഷേപമുന്നയിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി, അവർ ഉന്നയിക്കുന്ന കാര്യങ്ങൾ ഇതൊക്കെത്തന്നെയാണ്.

ശ്രീമതി കെ. എസ്. സലീഖ : സർ, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഞാൻ ചോദിച്ച ഒരു ചോദ്യത്തിന് ലഭിച്ച മറുപടിയനുസരിച്ച് സർക്കാർ ഓഫീസുകളിൽപോലും സ്ത്രീ ജീവനക്കാരുടെ അന്തസ്സിനും സ്വകാര്യ

തയ്ക്കും എതിരെ പല തരത്തിലുള്ള അക്രമങ്ങൾ നടക്കാറുണ്ട്. വളരെ കുറച്ച് ആളുകൾ മാത്രമാണ് വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽ പരാതിപ്പെടുന്നത് എന്നുള്ളതാണ് യാഥാർത്ഥ്യം. അതിൽതന്നെ പല കേസ്സുകളിലും ഡിപ്പാർട്ട്മെന്റുതല അന്വേഷണത്തിൽ ഇര കുറ്റക്കാരായി മാറുന്ന സ്ഥിതിവിശേഷമുൾപ്പെടെ നടക്കുന്നു എന്നുള്ള അവസ്ഥയുമുണ്ട്. അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തന്ന മറുപടിയും ഇവിടെ ക്ലോസ് 3-ൽ പറഞ്ഞ കാര്യവും തമ്മിൽ യാതൊരു ബന്ധവുമില്ല എന്നുള്ളതാണ് എനിക്ക് അതുമായി ബന്ധപ്പെട്ടുകൊണ്ട് തോന്നിയിട്ടുള്ള കാര്യം. അതിനെക്കുറിച്ച് എന്താണ് അങ്ങയുടെ അഭിപ്രായം.

ശ്രീമതി ഇ. എസ്. ബിജിമോൾ: ഞങ്ങൾക്ക് ലഭിച്ച കരടു ഡ്രാഫ്റ്റിൽതന്നെ ഇത്തരം ചില പ്രശ്നങ്ങളുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി വിളിച്ചുകൂട്ടിയ മീറ്റിംഗിൽ തന്നെ ചൂണ്ടിക്കാണിച്ചിരുന്നതാണ്. അത് ആരെങ്കിലും മിനിട്ട്സ് ചെയ്തിരുന്നോ എന്നറിയില്ല, ആരും അവിടെ മിനിട്ട്സ് എഴുതുന്നതായി കണ്ടില്ല. ഇതിനുശേഷം വനിതാ സംഘടനകൾതന്നെ ഈ വിഷയങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് സൈറ്റിലേയ്ക്ക് നിർദ്ദേശങ്ങളയച്ചിട്ടുണ്ട്, രേഖാമൂലവും കൊടുത്തിട്ടുണ്ട്. പക്ഷേ, ഇക്കാര്യങ്ങളൊന്നും പരിഗണിക്കുന്നതിനുള്ള ഒരു മനസ്സുണ്ടായില്ല. ഇതുമായി ബന്ധപ്പെട്ട് ഞങ്ങൾ ചൂണ്ടിക്കാണിച്ച ഒരു ഗൗരവതരമായ വിഷയം ഇതിലുൾപ്പെടാതെ പോയത് നിയമസഭാ കമ്മിറ്റിയുടെ ശക്തമായ ഒരു ശുപാർശയായി വന്നതാണ്. സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ വരുന്ന സഭ്യമല്ലാത്ത പരസ്യങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ട കർശന നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന പരസ്യങ്ങൾ കേന്ദ്ര

ത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി അവയ്ക്കാവശ്യമായ കർശന നിയന്ത്രണങ്ങൾ സംസ്ഥാനത്ത് ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഒരു ദിവസമോ രണ്ടു ദിവസമോ അല്ല, മണിക്കൂറുകളോളം, പല ദിവസങ്ങളിലായി നടന്ന സിറ്റിംഗിന്റെയും തെളിവെടുപ്പിന്റെയും ചർച്ചകളുടെയും അടിസ്ഥാന ത്തിൽ നടത്തിയിട്ടുള്ള ശുപാർശയാണിത്. ഈ ശുപാർശയുടെ ഗുഡ് സ്പിരി റ്റിനെ ഉൾക്കൊണ്ട് അത് ഒരു ക്ലോസ്സായി ബില്ലിന്റെ ഭാഗമായി ചേർക്കുന്നതി നുള്ള ഒരു മനസ്സ് ഉണ്ടാകണമെന്ന അഭിപ്രായമുണ്ട്. കുട്ടികളെ ആകർഷിക്കു കയും അതുപോലെ അവരുടെ ബോധതലത്തിലേയ്ക്ക് മോഹിപ്പിക്കുകയും ചെയ്യുന്ന പരസ്യങ്ങൾ, സിനിമകൾ, സീരിയലുകൾ എന്നിവ നിയന്ത്രിക്കപ്പെ ടേണ്ടതല്ലേ? ഒരു സീരിയലെടുത്താൽ സ്ത്രീയെ അടിക്കുന്നു, മദ്യപിച്ചിട്ട് വന്നാൽ അതിന് പ്രത്യേക ലൈസൻസാണ്, പിറ്റേ ദിവസം രാവിലെ സീരിയ ലിലെ നായികയോട് ക്ഷമ പറഞ്ഞാൽ മാത്രം മതിയെങ്കിൽ എനിക്കുമാകാം എന്ന മനോഭാവമാണ്. സിനിമയിൽ നടൻ സ്ത്രീയെ തല്ലുന്ന രംഗങ്ങൾ, റേപ്പ് ചെയ്യുന്ന രംഗങ്ങൾ ഒരു മടിയും കൂടാതെ നമ്മൾ കാണുകയാണ്. മദ്യപാനം ആരോഗ്യത്തിനു ഹാനികരം, സിഗററ്റുവലി ആരോഗ്യത്തിന് ഹാനി കരം എന്ന് കാണിക്കുന്നുണ്ട്. ഇപ്പോൾ ഡ്രാക്കുള എന്ന ഒരു സിനിമ ഓടി ക്കൊണ്ടിരിക്കുകയാണ്. എന്താണ് ആ സിനിമ നൽകുന്ന സന്ദേശം എന്ന് യാതൊരു പിടിയുമില്ല. ഒരു പിശാച് ഇഷ്ടംപോലെ സ്ത്രീകളുടെ ചോര കുടിച്ച്, അവരെ കൊന്ന്, വീണ്ടും ചോര കൊടുത്ത് ജീവിപ്പിച്ച് ഇങ്ങനെ പ്രേതമായി കൊണ്ടുനടക്കുന്ന ഒരു കഥ, പിശാചായാലും മനുഷ്യനായാലും സ്ത്രീകളെ അപമാനിക്കുകയാണ്. സീരിയലുകളിലൊക്കെ ദൈവാനുഗ്രഹ ത്തിന് സ്ത്രീകൾ മരണപ്പെട്ടതിനുശേഷം പ്രേതമായി പിന്നീട് പ്രതികാരം ചെയ്യാമെന്ന സന്ദേശം നൽകുമ്പോൾ പുരുഷപിശാചായ ഡ്രാക്കുള ഇറങ്ങിന

ടന്ന് കാണിക്കുന്ന വൃത്തികേടുകൾക്ക് ഒരു കൈയും കണക്കുമില്ല. നമ്മുടെ മാധ്യമങ്ങൾ, സിനിമകൾ, സീരിയലുകൾ നൽകുന്ന സന്ദേശങ്ങൾ എന്താണ്? സീരിയലായാലും സിനിമയായാലും ഗവൺമെന്റുകളായാലും കോടതികളായാലും നമ്മുടെ ധാർമ്മികമൂല്യം നഷ്ടപ്പെട്ടു പോകുന്നതിന്റെ, ചോർന്നു പോകുന്നതിന്റെ ശിക്ഷ എത്രമാത്രം വലുതാണ് എന്നത് നമ്മൾ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. നമുക്ക് നമ്മുടെ കുട്ടികളെ നഷ്ടപ്പെട്ടുപോകുന്നുവെങ്കിൽ അതിനുത്തരവാദി നമ്മൾ മാത്രമാണെന്ന് പറയാൻ കഴിയില്ല. കുട്ടികളെ നമ്മൾ വളർത്തുന്നതിന് പകരമായി ആഗോള കമ്പോള തമ്പുരാക്കൻമാരെ വളർത്തമ്മമാരായി എൽപ്പിച്ചിരിക്കുന്നതിന്റെ ഭാഗമായി ഉപഭോഗഭ്രമം സൃഷ്ടിച്ച് ധനമോഹമുണ്ടാക്കി ഒരു സമൂഹത്തിന്റെ സംസ്കാരത്തിനുമേൽ അവർ അധിനിവേശം സൃഷ്ടിക്കുന്നു എന്ന വസ്തുത നമ്മൾ മറന്നുപോകരുത്. സ്ത്രീകളെ മോശക്കാരായി ചിത്രീകരിക്കുന്ന പരസ്യങ്ങൾ സെൻസർ ചെയ്യണം എന്ന ശക്തമായ അഭിപ്രായം ഈ നിയമത്തിന്റെ ഭാഗമായി ഉണ്ടാകണം. മൂല്യബോധമില്ലാതെ കച്ചവട താല്പര്യം മാത്രം ലക്ഷ്യമാക്കി നിർമ്മിക്കപ്പെടുന്നവ നിരോധിക്കുന്നതിനോ സെൻസർഷിപ്പ് ഏർപ്പെടുത്തുന്നതിനോ ഗവൺമെന്റ് തയ്യാറാകണം. ഒട്ടനവധി ഗൗരവതരമായ വീഴ്ചകൾ ഈ നിയമത്തിന്റെ ഭാഗമായി ഉണ്ട് എന്ന അഭിപ്രായമാണ് പൊതുജനങ്ങളിൽ നിന്നും വന്നുകൊണ്ടിരിക്കുന്നത്. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമം, അന്തസ്സും സ്വകാര്യതയും സംരക്ഷിക്കുന്നതോടൊപ്പം പ്രധാനപ്പെട്ട കാര്യമാണ്. കേൾക്കുന്ന ആളുകൾക്ക് ഒരു ആശയ പ്രശ്നമില്ലാത്തവിധം കുറച്ചുകൂടി വ്യക്തത ഈ നിയമത്തിന്റെ പേരിനു തന്നെയുണ്ടാകണം.

കേൾക്കുന്ന ആളുകൾക്ക് ആശയ പ്രശ്നം ഉണ്ടാകാത്ത വിധത്തിൽ ഈ നിയമത്തിന്റെ പേരിൽ അല്പംകൂടി വ്യക്തതയുണ്ടാകണം. തെരുവുകൾ, ചന്തകൾ, ആശുപത്രികൾ, തൊഴിൽ സ്ഥലങ്ങൾ, ബസ് സ്റ്റാന്റ് തുടങ്ങിയ സ്ഥലങ്ങളിൽ സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്ന ഒട്ടനവധി സംഭവങ്ങ ളുണ്ടാകുന്നുണ്ട്. വളരെ അശ്രദ്ധമായി തയ്യാറാക്കിയിരിക്കുന്ന ഈ ബില്ലിന്റെ പേജ് മൂന്നിൽ കൊടുത്തിരിക്കുന്ന ലിസ്റ്റിൽ നിന്ന് സ്ത്രീകൾ ഏറ്റവും കൂടു തൽ ഈ സ്ഥലങ്ങൾ വിട്ടുപോയി എന്നുള്ളതിനെ ബഹുമാനപ്പെട്ട മന്ത്രി ചെറുതായി കാണരുത്. വാഹനങ്ങളിലെ പീഡനവുമായി ബന്ധപ്പെട്ട ഒരു പരാമർശവും ഈ നിയമത്തിന്റെ ഭാഗമായി വന്നിട്ടുണ്ട്. അതിനുള്ള ശിക്ഷയെ സംബന്ധിച്ചും ബസ്കണ്ടക്ടർ, ഡ്രൈവർ, ബസിന്റെ അധികാരി എന്നിവർ എടുക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ചും ഇതിൽ സൂചിപ്പിക്കു ന്നുണ്ട്. എന്നാൽ, ബസ്സിൽ വച്ച് പീഡനമുണ്ടായാൽ യാത്രക്കാരുമായി ബസ് പോലീസ് സ്റ്റേഷനിലേക്ക് പോകുന്നതിനുപകരം ഒരു ഹെൽപ്പ് ലൈൻ നമ്പർ വഴി തൊട്ടടുത്ത പോലീസ് സ്റ്റേഷനിൽ വിവരം അറിയിച്ചാൽ, പോലീസ് വാഹനത്തിലെത്തി മൊഴി രേഖപ്പെടുത്തുന്നതിനുള്ള ഒരു സംവിധാനമോ അടുത്ത സ്റ്റോപ്പിൽ പരാതി സ്വീകരിക്കുന്നതിനുള്ള ഒരു സംവിധാനമോ ഉണ്ടാകണമെന്ന അഭിപ്രായമാണ് എനിക്ക് ഇക്കാര്യത്തിലുള്ളത്. മുഴുവൻ യാത്രക്കാരേയും ബുദ്ധിമുട്ടിക്കാതെ കുറച്ചുകൂടി ലിബറലായി ഈ കാര്യങ്ങ ളിൽ ഇടപെടാൻ നമ്മുടെ നിയമ സംവിധാനങ്ങൾക്ക് കഴിയണം. പേജ്, 2-ൽ പീഡനത്തിന്റെ ശിക്ഷ സമാന സ്വഭാവത്തിൽ കാണുന്നത് - തോണ്ടുന്നതിനും റേപ്പ് ചെയ്യുന്നതിനും ഒരേ ശിക്ഷ വരത്തക്കവിധത്തിൽ വന്നിട്ടുള്ള പരാ

മർശങ്ങൾ പല നിയമങ്ങളുടെയും ഡയലൂഷൻ ആകുമെന്നുള്ളതിനാൽ ആ വിഷയങ്ങൾ ഒന്നുകൂടി ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു ഭേദഗതി ഉണ്ടാകുകയും ചെയ്യണം. വളരെ ഗൗരവത രമായി ചർച്ച ചെയ്യപ്പെടേണ്ട, കേരള സമൂഹം ഏറെ പ്രതീക്ഷയോടുകൂടി നോക്കിക്കാണുന്ന ബില്ലിന്റെ ഗൗരവം കുറയ്ക്കുന്ന വിധത്തിൽ മറ്റു സംവി ധാനങ്ങളിലേക്ക് ബിൽ പോകരുത് എന്നുള്ള ഒരഭ്യർത്ഥനയുണ്ട്. ഇതിന്റെ പേജ്-5 ൽ നഷ്ട പരിഹാരം നൽകുന്നതു സംബന്ധിച്ചും പുനരധിവാസം സംബന്ധിച്ചും പരാമർശമുണ്ട്. ചർച്ചയുടെ ഭാഗമായി, പീഡനത്തിനിരയായ വരുടെ പുനരധിവാസത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയോട് ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. അവർ അനുഭവിക്കേണ്ടിവരുന്ന മാനസിക സമ്മർദ്ദ ത്തിൽനിന്ന് അവരെ മോചിപ്പിച്ച് സാധാരണ ജീവിതത്തിലേക്ക്, സമൂഹ ത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതുമായി ബന്ധപ്പെട്ട് നമ്മൾ നിർവ്വ ഹിക്കേണ്ട ഉത്തരവാദിത്തങ്ങൾ ഭംഗിയായി നിർവ്വഹിക്കുന്നതിന് ഗവൺമെന്റ് സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ച് ചർച്ചയിൽ ഞങ്ങൾ സൂചിപ്പി ച്ചിരുന്നു. ഹൈക്കോടതിയിലെ സ്ത്രീ പീഡനകേസ് കൈകാര്യം ചെയ്യുന്ന ബഞ്ച് ഒരു പ്രതിയെ കൂടി വെറുതെ വിട്ടതായി ഇന്നത്തെ പത്രത്തിൽ ഒരു വാർത്തയുണ്ട്. അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നമുക്ക് ഒരിക്കലും ചെറു തായി കാണാൻ സാധിക്കുകയില്ല. ഐ.പി.സി.-305, 306, 376 എന്നീ വകുപ്പു കൾ പ്രകാരം പ്രതി കുറ്റക്കാരനാണെന്നായിരുന്നു പ്രോസിക്യൂഷന്റെ കേസ്. തുടർന്നാണ് കീഴ്ക്കോടതി ജീവപര്യന്തം ശിക്ഷയും 10,000 രൂപ ശിക്ഷയും വിധിച്ചത്. ആയിരക്കണക്കിന് കേസുകൾ ഇന്ന് കോടതിയിൽ കെട്ടിക്കിട ക്കുന്ന സാഹചര്യമുണ്ട്. അതിവേഗ കോടതികൾ പ്രഖ്യാപിക്കും എന്ന്

ബഹുമാന്യനായ മന്ത്രി ഈ നിയമസഭയ്ക്കുള്ളിലും പുറത്തും പറയുമ്പോൾ, അതുമായി ബന്ധപ്പെട്ട ആത്മാർത്ഥത ഈ ബില്ലിൽ കാണാൻ കഴിയുന്നില്ല. പീഡനത്തിന് ഇരയാകുന്ന പെൺകുട്ടികൾക്ക് ആവശ്യമായ നിയമസഹായങ്ങൾ നൽകുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്യേണ്ടതുണ്ട്. ഡി.എൻ.എ. ടെസ്റ്റ് നടത്തി പ്രതി കുറ്റക്കാരനാണെന്ന് പ്രൂവ് ചെയ്യുവാൻ വാദി ഭാഗത്തിനോ പ്രോസിക്യൂഷനോ കഴിഞ്ഞിട്ടില്ല എന്ന കാരണത്താൽ പ്രതിയെ ഹൈക്കോടതി വെറുതെ വിടുമ്പോൾ, ആ കുടുംബത്തിലെ അച്ഛനും അമ്മയും മകളുമടക്കം കൂട്ട ആത്മഹത്യയിലേക്ക് പോകുന്നത് ഒഴിവാക്കേണ്ടതാണ്. വൈകിയെത്തുന്ന നീതി, നീതി നിഷേധിക്കുന്ന തുല്യമാണ് എന്നുള്ളതുകൊണ്ട് സമയബന്ധിതമായി ഇത്തരം കേസുകൾ കേൾക്കുന്നതിനും തീരുമാനം ഉണ്ടാക്കുന്നതിനും ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണം. ധനകാര്യ മെമ്മോറാണ്ടം കുറച്ചുകൂടി വിശാലമായ ഒരു കാഴ്ചപ്പാടോടുകൂടിയാകണം. സ്ത്രീ വിമോചന പ്രസ്ഥാനങ്ങളും നവോത്ഥാന പ്രസ്ഥാനങ്ങളും ഇക്കാര്യങ്ങളിൽ നൽകിയിട്ടുള്ള സംഭാവനകൾ വളരെ വലുതാണ്.

ശ്രീമതി ഗീതാ ഗോപി : സർ, ഇൻഡ്യൻ സ്ത്രീത്വത്തിന്റെ ജനാധിപത്യ, പൗരാവകാശങ്ങൾക്ക് ഉതകുന്ന രീതിയിലുള്ള ഈ ബിൽ പാർലമെന്ററി സംവിധാനത്തിലേയ്ക്ക് വരുമ്പോൾ ഏതു രീതിയിലാണ് ഇത് നടപ്പിലാക്കുന്നതെന്നത് സംബന്ധിച്ച ആശങ്ക ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ദൂരീകരിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി ഇ. എസ്. ബിജിമോൾ : ഈ ബിൽ വായിക്കുമ്പോൾ ആശങ്ക കൂടുതൽ ശക്തിപ്പെടുകയാണ് ചെയ്യുന്നത്.

ശ്രീ. സാജു പോൾ : ഇങ്ങനെയൊരു ബിൽ അവതരിപ്പിച്ച ബഹുമാന്യ നായ ആഭ്യന്തര മന്ത്രി തന്നെ, അടുത്ത കാലത്ത് സമരമുഖത്തൊക്കെ വലിയ പീഡനങ്ങൾ ഏറ്റുവാങ്ങേണ്ടിവന്ന ഒരു വനിതാ അംഗമായ ശ്രീമതി ഇ.എസ്. ബിജിമോൾ സംസാരിക്കുമ്പോൾ പോലും സഹിഷ്ണുത പ്രകടിപ്പിക്കാൻ തയ്യാറാകുന്നില്ല. അപ്പോൾ ഇതൊരു പുരുഷ മേധാവിത്വത്തിന്റെ മനോഭാവ മാണ്. പണ്ടുകാലത്ത് പറഞ്ഞുവച്ചിട്ടുള്ള ചില കാര്യങ്ങൾ ഒരു തിരുവാതിര ക്കളിപ്പാട്ടിലൂടെ വ്യക്തമാക്കാം.

**ഭർത്താവ് ഈശ്വരനെന്നല്ലോ**

**പണ്ടു മുത്തശ്ശി പഠിപ്പിച്ചു.**

**കാലത്തെഴുന്നേറ്റാൽ വന്ദിക്കണം**

**കാൽ കഴുകി കുടിക്കണം**

**ഭർത്താവ് നമ്മളെത്തല്ലിയാലും**

**കണ്ടില്ലെന്നു നടിക്കണം.**

ആ ഒരു മനോഭാവത്തിൽ നിൽക്കുകയാണ് ബഹുമാന്യനായ നമ്മുടെ ആഭ്യന്തര മന്ത്രി ഉൾപ്പെടെയുള്ള ചില ആളുകൾ. അപ്പോൾ ആ സാഹചര്യ ത്തിൽ ഒന്നുകിൽ ഈ മനോഭാവം മാറണം അല്ലെങ്കിൽ നമ്മുടെ പ്രിയ സഹോദരിമാർ സ്വയം പ്രതിരോധത്തിന് തയ്യാറെടുക്കത്തക്കവിധത്തിൽ കാലുമടക്കി തൊഴിക്കുന്നവരായി മാറണം. ഇങ്ങനെയൊരു അഭിപ്രായ ബോധം ബഹുമാനപ്പെട്ട ബിജിമോൾക്കുണ്ടോ?

ശ്രീമതി ഇ.എസ്. ബിജിമോൾ : പ്രിയപ്പെട്ട സാജുപോൾ, കാലുമടക്കി തൊഴിക്കുകയൊക്കെ ചെയ്യണമെങ്കിൽ അതിനൊരു പ്രത്യേക പരിശീലനം കൂടിയേതീരൂ. അല്ലാതെ പെട്ടെന്ന് തൊഴിക്കാൻ പോയിട്ടുണ്ടെങ്കിൽ കാൽ ഉളുക്കുന്ന സാഹചര്യമുണ്ടാകും. അതുകൊണ്ട് അതിനൊരു പ്രത്യേക പരി

ശീലന പരിപാടി .ഇപ്പോൾ നിയമസഭാ കമ്മിറ്റിയുടെ ശുപാർശയുടെ ഭാഗ മായി ഏറ്റവും ഗൗരവമായി ഇന്ന് മാധ്യമങ്ങളും നമ്മുടെ സമൂഹവും ചർച്ച ചെയ്യുന്നു.

ശ്രീ. പി. ടി. എ. റഹീം : ഐ.പി.സി. 354- outraging modesty of a women - അതിന് സെൻട്രൽ ആക്ടിൽ ചില ശിക്ഷകളെക്കുറിച്ച് പറ ഞ്ഞിട്ടുണ്ട്, അത് ബെയ്‌ലബിൾ ഒഫൻസാണ്. ചില സംസ്ഥാനങ്ങളിൽ അത് നോൺ ബെയ്‌ലബിൾ ആക്കിയിട്ടുണ്ട്. ഇവിടെ ഇപ്പോഴും അത് ബെയ്‌ല ബിൾ ഒഫൻസാണ്. സെൻട്രൽ ആക്ടിൽ പറഞ്ഞിരിക്കുന്നതിനെതിരായി ഒരു നിയമം നമ്മൾ ഉണ്ടാക്കിയാൽ അത് നിലനിൽക്കുമോ ഇല്ലയോ എന്നു പരി ശോധിച്ചിട്ടുണ്ടോ. ഇത് വെറുമൊരു പബ്ലിസിറ്റിക്ക് വേണ്ടി പാസ്സാക്കുന്ന നിയമമാണ് എന്നു പറയുന്നതിൽ തെറ്റുണ്ടോ

ശ്രീമതി ഇ. എസ്. ബിജിമോൾ : ഈ ബിൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചയ്ക്ക് ഞങ്ങളെ വിളിച്ചപ്പോൾത്തന്നെ 354, 307 എന്നീ വകു പ്പുകൾ ശക്തിപ്പെടുത്തണമെന്ന അഭിപ്രായം ഞങ്ങൾ പറഞ്ഞിരുന്നു. മാത്ര മല്ല, തമിഴ്നാട് സർക്കാർ ഇതുമായി ബന്ധപ്പെട്ടൊരു പ്രത്യേകനിയമം കൊണ്ടുവന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിപ്പെടുത്തിയിരുന്നതാണ്. എന്നാൽ ആ നിർദ്ദേശങ്ങൾ ബില്ലിന്റെ ഭാഗമായി വന്നിട്ടില്ല. ഈ വകുപ്പുകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, മറ്റു സംസ്ഥാനങ്ങൾ പാസ്സാക്കിയിട്ടുള്ള നിയമങ്ങൾ പരിഗണിച്ചിട്ടുണ്ടോയെന്ന സംശയവും എനിക്കുണ്ട്. സ്ത്രീയുടെ പരിമിതി എന്നുപറയുന്നത് ലിംഗപരമായ വേർതിരിവല്ല. ഇതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ശ്രീ. സാജുപോൾ ഇവിടെ പരാമർശിച്ചിരുന്നു. ലിംഗപരമായ വേർതിരിവാണ് സ്ത്രീയുടെ പരിമിതിയെന്ന് നമ്മുടെ സമൂഹം ധരിച്ചിട്ടുണ്ടെ

ങ്കിൽ അത് ശരിയാണെന്ന അഭിപ്രായം എനിക്കില്ല. സ്ത്രീയുടെ പരിമിതി എന്നു പറയുന്നത് ഇന്നത്തെ വ്യവസ്ഥയാണ്. ഇവിടെ നിലനിന്നിരുന്ന വ്യവസ്ഥകളെക്കാൾ മെച്ചപ്പെട്ട ഒരവസ്ഥയിലേക്ക് സ്ത്രീകൾക്ക് എത്തുവാൻ കഴിഞ്ഞു എന്നുള്ളത് ചരിത്രത്തിന്റെ ഭാഗമാണെങ്കിലും ചില കാര്യങ്ങളിലെ ങ്കിലും പിന്നോട്ടടികൾ ഉണ്ടായിട്ടുണ്ട്. കമ്പോള വ്യവസ്ഥ ഉയർത്തുന്ന വെല്ലുവിളികൾ, അവസരസമത്വം നഷ്ടപ്പെടുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന പ്രശ്നങ്ങൾ, സാമ്പത്തിക അസമത്വത്തിന്റെ ഭാഗമായി വരുന്ന പ്രശ്നങ്ങൾ..... സ്ത്രീ സമത്വം എന്നുപറയുന്നത് ഒരു ഭംഗിവാക്കല്ല. സ്ത്രീ സമത്വം നിരന്തര മായ പ്രക്ഷോഭങ്ങളിലൂടെ മാത്രമേ നേടിയെടുക്കുവാൻ കഴിയൂ എന്ന വിശ്വാ സമാണ് ഞങ്ങൾ ഉള്ളിൽ സൂക്ഷിക്കുന്നത്. ഇക്കാര്യങ്ങളിൽ വനിതാ സംഘ ടനകൾക്കും വനിതാ വിമോചന പ്രസ്ഥാനങ്ങൾക്കും മുൻകാല നവോത്ഥാന പ്രസ്ഥാനങ്ങൾക്കും നല്ലൊരു പങ്കുണ്ട്. ഈ രംഗത്ത്, ചിന്തിക്കുന്ന നല്ല മനു ഷ്യരുടെ സംഭാവനകൾ ഏറെ പ്രസക്തമാണെന്നുള്ളതുകൊണ്ട് അവർ നൽകുന്ന നിർദ്ദേശങ്ങൾകൂടി ബഹുമാന്യനായ മന്ത്രിയും സബ്ജക്ട് കമ്മി റ്റിയും നിയമ സഭയും പരിഗണിക്കേണ്ടതുണ്ട്. തൊഴിൽപരമായും സാമ്പ ത്തികമായും അസമത്വങ്ങൾ നിലവിലുണ്ട്. റിസർവേഷനുമായി ബന്ധപ്പെട്ട കാര്യത്തിൽ ഒരു വ്യക്തത നേടിയെടുക്കാൻ ഇനിയും സാധിച്ചിട്ടില്ല. ഇപ്പോഴും രാജ്യസഭയിൽ പാസ്സാക്കിയ റിസർവേഷൻ ബിൽ ഫ്രീസറിൽ ഇരി ക്കുന്ന ഒരു സാഹചര്യം നമ്മുടെ മുന്നിലുണ്ട്. നമുക്ക് സ്വാതന്ത്ര്യം ലഭിച്ചിട്ട് 65 വർഷം പിന്നിടുമ്പോഴും, വർഗ്ഗീയ പ്രസ്ഥാനങ്ങളും ജാതിസംഘടന കളും ഉയർത്തുന്ന വെല്ലുവിളികളുടെ അടിസ്ഥാനത്തിൽ റിസർവേഷൻ ബില്ലുകൾ മുട്ടുമടക്കുമ്പോൾ, സ്ത്രീ സമൂഹത്തിന് അർഹതപ്പെട്ട സ്വാതന്ത്ര്യം

കുറച്ചുകാലത്തേയ്ക്ക് തടഞ്ഞുവയ്ക്കാൻ കഴിഞ്ഞേക്കാം. എല്ലാക്കാലവും ഇങ്ങനെ നിലനിന്നുകൊള്ളുമെന്ന അബദ്ധധാരണയിൽ ഭരണകൂടങ്ങൾ മുന്നോട്ടുപോകുന്നത് ശരിയാണെന്ന അഭിപ്രായം എനിക്കില്ല. ജെൻഡർ ബഡ്ജറ്റിംഗുമായി ബന്ധപ്പെട്ട ഒരു പ്രധാന കാര്യം കൂടി പറയാം. 2008-ലാണ് ജെൻഡർ ബഡ്ജറ്റിംഗുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നമ്മൾ അംഗീ കരിച്ചത്. 1995 -ൽത്തന്നെ ഇന്റർനാഷണൽ ജെൻഡർ ബഡ്ജറ്റിംഗുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഐക്യരാഷ്ട്രസഭ നൽകുകയും നമ്മുടെ രാജ്യം ജെൻഡർ ബഡ്ജറ്റിംഗിന്റെ ഭാഗമാകുകയും ചെയ്തുവെങ്കിൽപ്പോലും ..........

ശ്രീ. ഇ. കെ. വിജയൻ: സർ, നമ്മളിപ്പോൾ സ്ത്രീകളുടെയും കുട്ടികളു ടെയും കാര്യങ്ങൾ പറയുന്നുണ്ട്. സമൂഹത്തിൽ ഹിജഡകളുണ്ട്. അവരെ എങ്ങനെയാണ് ഈ ബില്ലിൽ ഉൾപ്പെടുത്താൻ കഴിയുന്നത്; അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർക്ക് എന്തെങ്കിലും നിർദ്ദേശമുണ്ടോ?

ശ്രീമതി ഇ.എസ്. ബിജിമോൾ: സർ, അവർക്ക് പ്രത്യേക നിയമം കൊണ്ടുവരണമെന്നുള്ളതാണ് ഞങ്ങളുടെ അഭിപ്രായം. കൂടുതൽ ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണത്. അവരെ മനുഷ്യർ എന്നുള്ള നിലയിൽത്തന്നെ കാണുകയും അവരുടെ പ്രശ്നങ്ങൾ സമൂഹം ചർച്ച ചെയ്യുകയും പരിഗണി ക്കുകയും വേണം. എന്നാൽ ഇതിന്റെ ഭാഗമായി ആ വിഭാഗത്തെകൂടി പരിഗ ണിക്കണമെന്ന അഭിപ്രായത്തോട് യോജിപ്പില്ല. 2009-ലാണ് ജെൻഡർ ബഡ്ജ റ്റിംഗുമായി ബന്ധപ്പെട്ട് ഡോ. ലീല കുമാരിയുടെ ഒരു നിർദ്ദേശം പരിഗണിക്ക പ്പെട്ടിട്ടുള്ളത്. ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ ക്യാബിനിൽ, അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ ഇന്നലെ ജെൻഡർ അഡ്വൈസറി ബോർഡ് മീറ്റിംഗ് കൂടുകയുണ്ടായി. ആ ജെൻഡർ അഡ്വൈസറി ബോർഡിൽ ഡോ. ലീല കുമാരി 2009-ൽ അവതരിപ്പിച്ചിട്ടുള്ള ജെൻഡർ ആഡിറ്റ് റിപ്പോർട്ടിന്റെ

വിഷയം ഇന്നലെ ഞങ്ങൾ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. ആ വിഷയങ്ങൾ പരിശോധിക്കുമ്പോൾ ജെൻഡർ ആയിട്ടുള്ള കാര്യങ്ങളിൽ സ്ത്രീകൾക്ക്..................................

മി. സ്പീക്കർ: ശ്രീമതി ഇ.എസ്. ബിജിമോൾ, പ്ലീസ് കൺക്ലൂഡ്. ഞാനൊരു കാര്യം പറയാം ബില്ലിന് സമയ നിയന്ത്രണമില്ല എന്നുള്ളത് പൊതുവെ പറയുന്ന കാര്യമാണ്. 10.30 മുതൽ 1.30 വരെയുള്ള സമയത്ത് 4 ബില്ലുകൾ പരിഗണിക്കണമെന്നാണ് ചട്ടം. ഇപ്പോൾ ഒരു മണിക്കൂർ കഴിഞ്ഞു. ഇനി ഒരു ഒറിജിനൽ ബില്ലും, ഒരു ഭേദഗതി ബില്ലുമുണ്ട്.

ശ്രീമതി ഇ.എസ്. ബിജിമോൾ: സർ, ജെൻഡർ ബഡ്ജറ്റിംഗുമായി ബന്ധപ്പെട്ട ഒരു പോയിന്റ് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ജെൻഡർ അഡ്വൈസറി ബോർഡിന്റെ ഭാഗത്തുനിന്നും വളരെ നല്ല നിർദ്ദേശങ്ങളും ശുപാർശകളും ഉണ്ടാകുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ അധ്യക്ഷതയിൽ ഇന്നലെ ഇക്കാര്യങ്ങൾ ചർച്ച ചെയ്തു. ഇത്തരമൊരു ബില്ല് വളരെ ധൃതിപിടിച്ച് സബ്ജക്ട് കമ്മിറ്റിക്കയച്ച് പാസ്സാക്കുന്നതിനുപകരം സെലക്ട് കമ്മിറ്റിക്കയച്ച് അഭിപ്രായ സമന്വയമുണ്ടാക്കി കൂടുതൽ ശക്തമായ, നമ്മുടെ രാജ്യത്തിന് മാതൃകയാകുന്ന ഒരു ബില്ല് അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും ഗവൺമെന്റ് തയ്യാറാകണമെന്ന അഭിപ്രായമാണ് എനിക്ക് പറയാനുള്ളത്. അതിനുള്ള മനസ്സ് മന്ത്രി കാണിക്കുമെന്ന വിശ്വാസത്തോടുകൂടി നിർത്തുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ ഈ ബില്ലിനോടും ബില്ലിന്റെ അന്തസത്തയോടും യോജിക്കുകയാണ്. നമ്മുടെ നിയമസഭ രാജ്യത്തിനു തന്നെ മാതൃകാപരമായ നിരവധി നിയമനിർമ്മാണങ്ങൾ പാസ്സാക്കുകയും അതിന് അതിന്റേതായ പ്രാധാന്യവും പ്രസക്തിയും ഉണ്ടായിട്ടുമുണ്ട്. അതിനോടൊക്കെ ഞാൻ യോജിക്കുന്നു. ഡൽഹി സംഭവത്തിനുശേഷം നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഈ വിഷയത്തെ ആസ്പദമാക്കി ആദ്യമായി നിയമനിർമ്മാണം നടത്തുന്നത് കേരളത്തിന്റെ നിയമനിർമ്മാണ സഭയാണെന്ന അഭിമാനം നമുക്കുണ്ട്. ചൂടപ്പം പോലെ ചുട്ടെടുക്കേണ്ട ഒരു നിയമമല്ല ഇതെന്ന് ഞാൻ ആമുഖമായി സൂചിപ്പിക്കുകയാണ്. വളരെ ഗഹനമായ ചർച്ചകൾ നടത്തി സമൂഹത്തിന്റെയും നിയമജ്ഞരുടെയും ജനപ്രതിനിധികളുടെ നമ്മുടെ സഭയുടെയുമെല്ലാം അഭിപ്രായമാരാഞ്ഞ്, അതിന്റെ അന്തഃസത്ത നിലനിർത്തിക്കൊണ്ട് ഒരിക്കലും ദുർവ്യാഖ്യാനിക്കപ്പെടാത്ത തരത്തിലുള്ള ഒരു നിയമം പാസ്സാക്കണമെന്നതാണ് ഈ വിഷയത്തോട് പ്രതിബദ്ധതയുള്ള നമ്മൾ പ്രകടിപ്പിക്കേണ്ട ഏറ്റവും വലിയ ആത്മാർത്ഥത. ഈ വിഷയത്തെക്കുറിച്ച് സംസാരിക്കുമ്പോൾ പലതിനെയും നമ്മൾ ദുർവ്യാഖ്യാനം ചെയ്യുകയാണ്. ഇന്ന് പ്രണയ ദിനമാണ്. പ്രണയിക്കായി ചോര ചിന്തിയ St.Valentines-ന്റെ ഈ ദിനത്തെപ്പോലും അതിന്റെ അന്തഃസത്തതയോടുകൂടിയല്ല ഇന്നുപയോഗിക്കുന്നത്. അതിനെപ്പോലും കച്ചവട സംസ്കാരത്തിലൂടെ മാറ്റി, സ്ത്രീകളെ അപമാനിക്കത്തക്ക രീതിയിൽ, ഇത്തരം രംഗങ്ങളിൽ ചെറുപ്പക്കാർക്ക് തെറ്റായ ചിന്തക്ക് പ്രോത്സാഹനം കൊടുക്കത്തക്ക രീതിയിൽ ഈ മഹനീയമായ ദിനത്തെപ്പോലും വളച്ചൊടിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിലാണ്.........

ശ്രീ. ടി.എൻ. പ്രതാപൻ: സർ..............................

മി. സ്പീക്കർ: ശ്രീ. ടി. എൻ. പ്രതാപൻ, നോ........നോ............. ഇങ്ങനെയായാൽ ഇത് എങ്ങും എത്തില്ല. അനാവശ്യമായി ചെയർ ഇടപെടാൻ ഉദ്ദേശിക്കുന്നില്ല. ഓരോ വിഷയത്തിന്റെയും ഗൗരവം കളയുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ: സർ, അദ്ദേഹം ഈ ദിവസത്തെക്കുറിച്ച് പറഞ്ഞതുകൊണ്ടാണ്. ബഹുമാനപ്പെട്ട ചെയറിനുകൂടി അറിയാവുന്ന കാര്യമാണ്. രാഷ്ട്രപതി ഒപ്പിട്ട കേന്ദ്ര നിയമമായാലും ഇവിടെ അവതരിപ്പിച്ച നിയമമനുസരിച്ചായാലും ശുദ്ധമായ പ്രണയത്തിനുപോലും സ്വാതന്ത്ര്യമില്ലാത്ത രീതിയിലേക്ക് മാറുകയാണ്. സ്നേഹത്തോടെ ഒരാളെ നോക്കാനും സൗഹൃദം പങ്കുവയ്ക്കാനും കഴിയാത്ത രീതിവരും. ബഹുമാനപ്പെട്ട ചെയറിന് ഈ കാര്യം വ്യക്തമായി അറിയാമല്ലോ.

മി. സ്പീക്കർ: ചെയറിന് അറിയില്ല. അങ്ങനെയുള്ള ഒരു ദുസ്സൂചനയും വേണ്ട.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഇപ്പോൾ ഇവിടെ ശ്രീ. ടി.എൻ. പ്രതാപൻ സൂചിപ്പിച്ച കാഴ്ചപ്പാടിലല്ല ഞാനിതിനെ കാണുന്നത്. സാമൂഹ്യ വിരുദ്ധർ, ഭർത്താവ്, അച്ഛൻ, സഹോദരൻമാർ, പരിചയമുള്ളവർ, അന്യർ തുടങ്ങിയ ആളുകളാൽ പീഡിപ്പിക്കപ്പെട്ട്, മർദ്ദനമേറ്റ്, കൊല ചെയ്യപ്പെട്ട വനിതകളുടെ ദുഃഖമാണ് ഈ ബില്ലിൽ നമ്മൾ പ്രകടിപ്പിക്കുന്നത്. ഈ ബിൽ വരുന്നതിനെ നമുക്കെങ്ങനെ തടയാൻ കഴിയും. ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ നമ്മൾ ശ്രമിക്കണം. ഡൽഹി സംഭവത്തിന്റെ പശ്ചാത്തലത്തിൽ പൊതുസമൂഹം നടത്തിയ സമരത്തിൽ ഇന്ത്യയിലെ മുഴുവൻ ജനങ്ങളുടെ മനസ്സാക്ഷിയും ആ സമരത്തോടൊപ്പമുണ്ടായിരുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ടി ഒരു നിയമനിർമ്മാണം പാസ്സാക്കു

മ്പോൾ, ഇവിടെ പ്രണയത്തെക്കുറിച്ചും അതിന്റെ സൗന്ദര്യാസ്വാദനത്തെക്കുറിച്ചും പറഞ്ഞത് ഒരു തെറ്റാണെന്ന് ഞാൻ പറയുന്നില്ല. പലതും നിർവ്വചിക്കപ്പെടുന്നതാണ്. ഇവിടെ ശ്രീ. വി.എസ് സുനിൽകുമാർ അശ്ലീല അവയവങ്ങളെന്നു പറഞ്ഞു. അശ്ലീല അവയവങ്ങൾ എന്ന ഒന്നില്ല. കണ്ണ്, മൂക്ക്, നാവ് ഇതൊന്നും അശ്ലീല അവയവങ്ങളല്ല, മാനസികാവസ്ഥയാണ് പ്രശ്നം. ആ മാനസികാവസ്ഥ തിരിച്ചറിയാൻ കഴിയുന്ന വിവേകം സമൂഹത്തിനുണ്ടാകണം. ഈ ബില്ല് പാസ്സായിക്കഴിഞ്ഞാൽ അത് നടപ്പാക്കാൻ പോകുന്ന ഉദ്യോഗസ്ഥന്മാർക്ക് അങ്ങനെയൊരു മാനസികാവസ്ഥയുണ്ടാകണം. ആ ഒരു തിരിച്ചറിവ് സമൂഹത്തിൽ എത്തിക്കാനുള്ള പ്രേരണയാണ് ഈ ബില്ലിന്റെ അന്തഃസത്ത. ഈ വാലന്റൈൻസ് ഡേ തന്നെയാണ് വയലൻസ് ഫ്രീ ഡേ ആയി ആചരിക്കുന്നത്. ലോകത്തെ 190 രാജ്യങ്ങളിൽ നൂറുകോടിയോളം വരുന്ന സഹോദരിമാർ ഈ പവിത്രമായ ദിനത്തിൽ തന്നെയാണ് ഞങ്ങൾക്ക് സ്വാതന്ത്ര്യം വേണമെന്ന് പറഞ്ഞുകൊണ്ട് തെരുവിലിറങ്ങി സമരം നടത്തുന്നത്. ഇത്തരം ദിവസങ്ങളെപ്പോലും ഇന്ന് കച്ചവടച്ചരക്കാക്കി മാറ്റിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണ്. ഇവിടെ ശിക്ഷണ നടപടികളെക്കുറിച്ച് പറഞ്ഞു. ഞാൻ വളരെ ദീർഘമായിട്ടൊന്നും പറയുന്നില്ല. നമ്മുടെ ഈ നിയമത്തിൽ കണ്ട പ്രത്യേകത ഇവിടെ ശ്രീ. എം.എ. ബേബി, ശ്രീ. വി.ഡി. സതീശൻ ഉൾപ്പെടെയുള്ള ആളുകൾ ചൂണ്ടിക്കാണിച്ചതാണ്. എല്ലാത്തിനും 7 വർഷത്തെ ശിക്ഷ നൽകുന്നത് ശരിയല്ല. ഒന്നുനോക്കിയതിന് 7 വർഷത്തെ ശിക്ഷ നൽകണോ; ചില കാര്യങ്ങൾക്ക് കൂടുതൽ ശിക്ഷ കൊടുക്കണ്ടേ; നമുക്കറിയാം ഔദ്യോഗികതലത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരാൾ ഒരു സ്ത്രീയെ പീഡിപ്പിച്ചാൽ ഇന്ത്യൻ ശിക്ഷാ നിയമ പ്രകാരം അദ്ദേഹത്തിന് 10

വർഷത്തെ ശിക്ഷ കൊടുക്കാം. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുന്നു, ഈ ബിൽ അനുസരിച്ച് 7 വർഷത്തെ ശിക്ഷയാണ് കൊടുക്കുന്നതെന്ന് അത് മതിയാകില്ല. ഐ.പി നിയമമനുസരിച്ച് ചില ശിക്ഷാനടപടികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഐ.പി. നിയമപ്രകാരം നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ചില ശിക്ഷാ നട പടികൾപ്രകാരം രണ്ട് അല്ലെങ്കിൽ 3 വർഷത്തെ ശിക്ഷാ നടപടികളെയുള്ളൂ. അപ്പോൾ നേരത്തെ പാസ്സാക്കിയ ഒരു കേന്ദ്ര ആക്ടിന്റെ അടിസ്ഥാനത്തിൽ പാസ്സാക്കപ്പെട്ട ഒരു നിയമത്തിൽ പറയുന്ന ശിക്ഷാ നടപടിക്ക് വിരുദ്ധമായി, 3 വർഷം ശിക്ഷാ കാലാവധി എന്നുള്ളത് 7 വർഷക്കാലമാക്കി എഴുതിയാൽ ആരെങ്കിലും കോടതിയിൽ പോയാൽ പ്രിയപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രീ, അത് ശരിയാകില്ല. ശിക്ഷാ നടപടിയെ ജനറലൈസ് ചെയ്യരുത്. ഓരോ കുറ്റത്തിന്റേയും ഗൗരവം മനസ്സിലാക്കി അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ മനസ്സി ലാക്കി നൽകേണ്ട ശിക്ഷയെക്കുറിച്ച് ആലോചിക്കുന്നതിനുപകരം എല്ലാ ത്തിനും 7 വർഷം എന്നുള്ളത് ശരിയല്ല. പാർലമെന്റിൽ ഒരു നിയമം വരാൻ പോകുന്നു. അതിനെക്കുറിച്ച് പൊതുചർച്ച നടന്നു. ഇതിന് വധശിക്ഷ നൽകണമെന്ന പൊതു അഭിപ്രായം ഇവിടെയുണ്ടായി. വളരെ പ്രഗത്ഭനായ ജസ്റ്റിസ് വർമ്മ, നിയമവും മറ്റ് നിയമനിർമ്മാണങ്ങളും വിലയിരുത്തിയതിനു ശേഷം അദ്ദേഹം പറഞ്ഞത് അതിന് വധശിക്ഷയല്ല കൊടുക്കേണ്ടത് വേണമെ ങ്കിൽ കഠിന തടവ് നൽകാമെന്നാണ്. ആ അഭിപ്രായംപോലും കണക്കിലെടു ക്കാതെയാണ് സെൻട്രൽ ഓർഡിനൻസ് വരാൻ പോകുന്നതെന്ന് കേട്ടു. ഓർഡിനൻസിലെ ആ ഘടകത്തോട് യോജിപ്പുള്ള ആളല്ല. ഇന്ത്യൻ ഭരണഘട നാപ്രകാരം ക്യാപ്പിറ്റൽ പണിഷ്മെന്റ് കൊടുക്കേണ്ട ചില വകുപ്പുകളുണ്ട്.

ഇത്തരം കാര്യങ്ങളിൽ നമ്മൾ തീരുമാനമെടുത്താൽ, ഇതെല്ലാം ദുർവ്യാഖ്യാനം ചെയ്താലുണ്ടാകുന്ന അപകടത്തെക്കുറിച്ചോർക്കാൻ നമ്മൾ തയ്യാറാകണമെന്ന് ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്.

ഐ.പി. നിയമത്തിലുണ്ടാകുന്ന അപാകതകളെക്കുറിച്ച് ചർച്ചചെയ്യപ്പെടണം. 7 വർഷക്കാലം ശിക്ഷകൊടുക്കണമോ എന്നതിനെക്കുറിച്ച് ആലോചിക്കണം. ഇല്ലെങ്കിൽ ഈ സമൂഹത്തിൽ ജീവിക്കാൻപോലും പറ്റാത്ത സാഹചര്യമുണ്ടാകും. ഞാൻ സത്രീ പീഡനത്തെ പ്രോത്സാഹിപ്പിക്കുന്ന ആളൊന്നുമല്ല. സ്ത്രീപീഡനത്തിനെതിരായ ശക്തമായ വികാരമുണ്ടാകണമെങ്കിൽ നമുക്ക് വേണ്ടത് ആ രീതിയിലുള്ള മൈൻഡ് സെറ്റാണ്. നമ്മുടേത് ഒരു ജനാധിപത്യരാജ്യമാണ്. ഒരു ജനാധിപത്യരാജ്യത്ത് നിയമനിർമ്മാണങ്ങൾ കൊണ്ടുമാത്രം കാര്യങ്ങൾ നടപ്പാക്കാൻ കഴിയുന്നമെന്ന പ്രതീക്ഷ എനിക്കില്ല. നമ്മുടെ സമൂഹത്തിൽ ശക്തമായ ബോധവത്ക്കരണമുണ്ടാകണം. എന്നാൽ ബോധവത്ക്കരണം നിയമത്തിന്റെ ഭാഗമാക്കാൻ പറ്റില്ല. സമൂഹത്തിന്റെ കാഴ്ചപ്പാട് മാറുകയാണ് വേണ്ടത്. ഏതൊരു കുട്ടിക്കും ഏറ്റവും കൂടുതൽ സുരക്ഷിതത്വം ഉണ്ടാകുന്നത് അവരുടെ വീടുകളിലാണ്. മാതാപിതാക്കളുടെ കരവലയത്തിനുള്ളിലാണ് ഏത് കുട്ടിക്കും ഏറ്റവും കൂടുതൽ പ്രൊട്ടക്ഷൻ ഫീൽ ചെയ്യുന്നത്. പക്ഷെ ഇന്ന് നാം കേൾക്കുന്ന വാർത്തകൾ എന്താണ്? ഇവിടെ പീഡനം നടത്തുന്നത് സാമൂഹ്യവിരുദ്ധന്മാരല്ല. അച്ഛൻ മകളെയും സഹോദരൻ സഹോദരിയെയും ബലാൽസംഗം ചെയ്യുന്ന കഥകൾ നാം കേൾക്കുന്നു. നിയമമില്ലാത്തതുകൊണ്ടല്ല, മനുഷ്യത്വം തിരിച്ചറിയാനുള്ള വിവേകം മനുഷ്യന് നഷ്ടപ്പെട്ടിരിക്കുന്നതുകൊണ്ടാണ്. മനുഷ്യത്വം മനസ്സിലാക്കാൻ കഴിയുന്ന മനസ്സുണ്ടാകണം. മനുഷ്യത്വം നഷ്ടപ്പെടുമ്പോഴാണ് മനുഷ്യൻ മൃഗമായി മാറുന്നത്. മൃഗതുല്യമായ പ്രവർത്തനങ്ങളാണ് നമ്മൾ ഡൽഹിയിൽ കണ്ടത്. എത്ര

പത്ര വാർത്തകളാണ് ഇതുമായി ബന്ധപ്പെട്ട് വന്നത്? സ്ത്രീയെ അമ്മയായി, സഹോദരിയായി, മകളായി കണ്ട സംസ്കാരമാണ് നമുക്കുള്ളത്. ആ സംസ്കാരത്തിൽ നിന്നും അറിഞ്ഞോ അറിയാതെയോ നമ്മുടെ സമൂഹം വ്യതിചലിച്ച് പോകുമ്പോൾ, മനുഷ്യബന്ധങ്ങൾ നഷ്ടപ്പെടുമ്പോൾ, മനുഷ്യ ബന്ധത്തിന്റെ മൂല്യം നഷ്ടപ്പെടുമ്പോഴുണ്ടാകുന്ന അപകടകരമായ സാഹച ര്യത്തെ ഒരു നിയമനിർമ്മാണത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് തടുക്കാൻ കഴിയുമെന്ന മിഥ്യാബോധം എനിക്കില്ല. അതുകൊണ്ട്, കുറച്ചുകൂടി സാമൂഹ്യ അവബോധം എങ്ങനെ ഉണ്ടാക്കാമെന്ന് നിയമസഭ ചർച്ച ചെയ്യണമെന്ന അഭി പ്രായമാണ് എനിക്കുള്ളത്. ഉദാഹരണത്തിന്, സിഗരറ്റ് സ്മോക്കിംഗ് എന്ന് പറയുന്ന കുറ്റം നമ്മുടെ സമൂഹത്തിൽ ഇല്ലാതായത് ബഹുമാന്യനായ ജസ്റ്റിസ് നാരായണക്കുറുപ്പ് പുറപ്പെടുവിച്ച ഒരു വിധിന്യായത്തിലൂടെ യാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. പാളയം പള്ളിത്താഴത്തുവച്ച് ഏതെ ങ്കിലും ഒരാൾ പരസ്യമായി സിഗരറ്റ് വലിച്ചപ്പോൾ അവനെ പോലീസ് പിടിച്ചു കൊണ്ടുപോയി 100 രൂപ പെറ്റി അടപ്പിച്ചതിനാലാണ് ഇവിടെ സിഗരറ്റ് സ്മോക്കിംഗ് ഇല്ലാതായതെന്ന് എനിക്ക് തോന്നുന്നില്ല. പണ്ട് സിഗരറ്റ് വലിക്കുന്നത് ഒരു കുറ്റമായിരുന്നില്ല. ഞാനും അങ്ങുമൊക്കെ കോളേജിൽ പഠിച്ചിരുന്ന കാലഘട്ടത്തിൽ സിഗരറ്റ് വലിച്ചിട്ടുള്ളവരാണ്. അന്ന്, ഒരു വീട്ടിൽ ഒരു അടിയന്തിരം നടന്നാൽ, ഒരു കല്യാണം നടന്നാൽ, ഒരുട്രേയിൽ സിഗരറ്റ് വിതരണം ചെയ്യുകയെന്നുള്ളത് ആ വീട്ടുകാരുടെ അന്തസ്സിന്റെ ഭാഗ മായിരുന്നു. ഇന്ന് അത് നിറുത്തലാക്കിയത് നിയമനിർമ്മാണം കൊണ്ടല്ല. സിഗ രറ്റ് സ്മോക്കിംഗിനെതിരെ മീഡിയകളിൽ മാത്രമല്ല, സമൂഹ മനസ്സാക്ഷിയിൽ ത്തന്നെ ഒരു മർമറിംഗ് ക്യാമ്പയിൻ ഉണ്ടായിരുന്നു. ആ ക്യാമ്പയിനിലൂടെ

യാണ് 'സിഗരറ്റ് സ്മോക്കിംഗ് ഈസ് ഇൻജൂറിയസ് ടു ഹെൽത്ത്' എന്ന യാഥാർത്ഥ്യം മനസ്സിലാക്കാനുള്ള തിരിച്ചറിവ് മനുഷ്യന് ഉണ്ടായതെങ്കിൽ, ആ ധാർമ്മികത.....

ശ്രീ. പാലോട് രവി: അങ്ങ് ഇവിടെ സംസാരിച്ചപ്പോൾ പ്രധാനമായും ഊന്നൽ നൽകിയത് ഒരു നിയമനിർമ്മാണം കൊണ്ടും സമൂഹത്തെ പേടിപ്പിക്കാൻ കഴിയില്ല എന്ന കാര്യത്തിലാണ്. അങ്ങ് രാമായണം വായിച്ചിട്ടുണ്ടോ? രാമായണത്തിലെ ഒരു കാണ്ഡത്തിൽ, രാവണൻ സീതയെ മോഷ്ടിച്ചു കൊണ്ടുപോയി അശോകവനത്തിൽ താമസിപ്പിച്ചിരിക്കുകയാണ്. സീതയെ അവിടെ നിന്ന് സ്വതന്ത്രയാക്കി കൊണ്ടുവരാൻ ശ്രീരാമൻ ഹനുമാനെ അയച്ചു. ഹനുമാൻ അവിടെച്ചെന്ന് ശ്രീരാമന്റെ മുദ്രമോതിരം സീതയെ കാണിച്ച് ഞാൻ വന്നിരിക്കുന്നത് കൊണ്ടുപോകാനാണെന്ന് പറയുന്നു. അപ്പോൾ സീത മൂന്നു-നാല് ചോദ്യം തിരിച്ച് ചോദിക്കുന്നുണ്ട്. നമ്മുടെ വീടുകളിൽ ഇരിക്കുന്ന രാമായണത്തിലെ കഥയാണ് ഞാൻ പറയുന്നത്. അതിൽ ആദ്യത്തെ ചോദ്യം, രാവണൻ ചെയ്ത മോഷണമല്ലേ അങ്ങും ഇവിടെ ചെയ്യാൻ പോകുന്നത്? ഇവിടെ രാവണൻ എന്നെ മോഷ്ടിച്ചുകൊണ്ടുവന്ന് ഇരുത്തിയിരിക്കുന്നു. ഇവിടെനിന്നും നിങ്ങൾ എന്നെ മോഷ്ടിച്ചുകൊണ്ടുപോകാൻ വന്നിരിക്കുന്നു. രണ്ടാമത്തെ ചോദ്യം, ഞാൻ ഒരാളുടെ ഭാര്യയാണ്, അങ്ങ് വിവാഹം കഴിച്ചിട്ടില്ല. വിവാഹം കഴിക്കാത്ത അങ്ങ് വിവാഹം കഴിച്ച എന്നെ തോളിലേറ്റിക്കൊണ്ടുപോകാനല്ലേ ഇവിടെ വന്നിരിക്കുന്നത്? മൂന്നാമത്തെ ചോദ്യം, രാവണൻ യുദ്ധ വീരനാണ്, എന്നെയും എടുത്തുകൊണ്ട് താഴേയ്ക്കിറങ്ങുമ്പോൾ രാവണൻ നോക്കിക്കൊണ്ട് നിൽക്കുമോ? യുദ്ധം ചെയ്യും. യുദ്ധം ചെയ്താൽ അങ്ങ് എന്നെ രക്ഷിക്കുമോ; തിരിച്ച് യുദ്ധം ചെയ്യുമോ?

എന്നിങ്ങനെ 10 ചോദ്യം ചോദിച്ചിരിക്കുകയാണ്. ആ ധാർമ്മിക നിലവാരം നമ്മുടെ രാജ്യത്തുണ്ടാകണമെങ്കിൽ, വീടുകളിൽ ഇരിക്കുന്ന പുസ്തകങ്ങൾ വായിക്കുകയും വേണം. നല്ല പുസ്തകങ്ങൾ വായിക്കാൻ പുതിയ തലമുറയിലെ ആണിനേയും പെണ്ണിനേയും പ്രേരിപ്പിക്കണം. അങ്ങനെയാണ് ഇവിടെ സംസ്കാരത്തിന്റെ സഞ്ചാരപഥമുണ്ടായത്.

ശ്രീ. ബെന്നി ബെഹനാൻ: സർ, ബഹുമാനപ്പെട്ട പാലോട് രവി ഇവിടെ പ്രകടിപ്പിച്ച ആ ധാർമ്മിക ബോധത്തോട് പരിപൂർണ്ണമായി യോജിക്കുന്നു. ഞാൻ അതിലേയ്ക്ക് കൂടുതൽ കടക്കുന്നില്ല. മനുഷ്യനെ തിരിച്ചറിയാനുള്ള, പീഡനം തെറ്റാണെന്ന് പറയുന്ന, ബലാത്സംഗം പാടില്ല എന്നുപറയുന്നതിനുള്ള ധാർമ്മികത തിരിച്ചറിയാൻ നമ്മൾ ഉണ്ടാക്കുന്ന ഒരു നിയമനിർമ്മാണത്തിനുമാത്രമല്ല, രാഷ്ട്രീയ പാർട്ടികൾക്കും സാമൂഹ്യസംഘടനകൾക്കും മത സംഘടനകൾക്കും ഉത്തരവാദിത്വമുണ്ട്. ഇവരെല്ലാം ഇത് നിറവേറ്റുമോയെന്ന് പരിശോധിക്കാനുള്ള എന്തെങ്കിലും മെഷിനറി ഗവൺമെന്റിന് ഉണ്ടാക്കാൻ കഴിയുമോ എന്നതിനെക്കുറിച്ച് ആലോചിക്കണം. അത് എങ്ങനെ ഒരു നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാം; എങ്ങനെ നമുക്ക് അത്തരമൊരു സാമൂഹ്യ അവബോധം വളർത്തിയെടുക്കാൻ കഴിയും എന്നതിനെക്കുറിച്ചുള്ള ഒരു ആലോചന കൂടി വയ്ക്കണം. ഈ നിമയത്തിന്റെ എല്ലാ ക്ലാസിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. കാരണം ഇത് ക്ലാസ് ബൈ ക്ലാസ് ആയി ചർച്ച ചെയ്യാനുള്ളതാണ്. എങ്കിലും ഈ ബില്ലിൽ കണ്ട ഒരു കാര്യം, ഒരു സ്ത്രീപക്ഷ ബഞ്ച് ഉണ്ടാക്കുന്നതിനെക്കുറിച്ചാണ്. ഒരു പ്രത്യേക ബഞ്ച് നല്ലതാണ്. പക്ഷേ സ്ത്രീപക്ഷ ബഞ്ച് മാത്രം പോര, ഒരു സ്പെഷ്യൽ കോർട്ടു കൂടി ഉണ്ടാകണം. ഇവിടെ ശ്രീ. കെ.എം. മാണി അവതരിപ്പിക്കാൻ പോകുന്ന ഒരു നിയമമുണ്ട്. കേരള ധനകാര്യ സ്ഥാപനങ്ങളുടെ നിക്ഷേപങ്ങളുടെ

താൽപ്പര്യ സംരക്ഷണ ബിൽ. അതിൽ പോലും ഒരു സ്പെഷ്യൽ കോർട്ടുണ്ടാക്കാൻ തീരുമാനിക്കുകയാണ്. അതുകൊണ്ട് നമുക്കൊരു സ്പെഷ്യൽ കോർട്ട് ഉണ്ടാകണം. കേന്ദ്ര നിയമത്തിൽ അതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. ഏറ്റവും ഫാസ്റ്റായി ഇത്തരം കേസുകളിൽ തീരുമാനമെടുക്കാൻ, അതിലെ കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കാൻ നിയമ തലത്തിലുണ്ടാകേണ്ട വേഗതയെക്കുറിച്ച് നമ്മൾ ആലോചിക്കണം. അതിന് നമുക്ക് എന്തുചെയ്യാൻ കഴിയും? ഇത്തരം കാര്യങ്ങൾ തീരുമാനിക്കുമ്പോൾ ഗവൺമെന്റിന് വേണ്ടി വാദിക്കാൻ പോകുന്ന വക്കീലന്മാരെ പോലും സൂക്ഷിക്കണം. ഗവൺമെന്റ് തലത്തിൽ വാദിക്കാൻപോകുന്ന വക്കീലന്മാരുടെ ക്വാളിറ്റിയെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. നിയമത്തെ ഇന്റർപ്രെട്ട് ചെയ്യാൻ കഴിവുള്ള, നിയമത്തിന്റെ അന്ത:സത്ത ഉൽക്കൊള്ളാൻ കഴിയുന്ന, ഇന്റഗ്രിറ്റിയുള്ള വക്കീലന്മാരെ, ഈ നിയമത്തെ വ്യാഖ്യാനിക്കാൻ ചുമതലപ്പെടുത്താതെ, ജാതി, മത, രാഷ്ട്രീയാടിസ്ഥാനത്തിൽ വക്കീലന്മാരെ തീരുമാനിച്ചാൽ, ഈ നിയമംമൂലം ഒട്ടേറെ നിരപരാധികൾ ശിക്ഷിക്കപ്പെടേണ്ടി വരുമെന്ന ദയനീയമായ സാഹചര്യം കൂടി ഞാൻ അങ്ങയെ ഓർമ്മപ്പെടുത്തുകയാണ്. ഡൽഹി സംഭവം നമ്മുടെ മുന്നിലുണ്ട്. നമ്മുടെ സഹോദരിമാരുടെ വേദന നിറയുന്ന കഥകൾ നമ്മൾ കേട്ടുകൊണ്ടിരിക്കുന്നു. അത് ഉൾക്കൊണ്ടുകൊണ്ട്, ഈ നിയമം തെറ്റായി വ്യാഖ്യാനിക്കപ്പെടാതെ, സ്ത്രീകളുടെ മാനം കവർന്നെടുക്കുന്ന സാമൂഹ്യവിരുദ്ധ ശക്തികൾക്ക് ഈ രാജ്യത്തും സമൂഹത്തിലും സ്ഥാനമില്ലായെന്ന് വരത്തക്കരീതിയിലുള്ള, അന്തസ്സുള്ള ഒരു നിയമമാക്കി മാറ്റാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി നേതൃത്വം കൊടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇവിടെ ഈ ബില്ലിനെക്കുറിച്ച് ഏറെക്കുറെയെല്ലാം സംസാരിച്ച് കഴിഞ്ഞു. ഇത് കുറ്റമറ്റതാക്കത്തക്കവിധത്തിലുള്ള പ്രൊപ്പോസൽസ് ധാരാളം വന്നിട്ടുണ്ട്. രണ്ട് സാഹചര്യങ്ങളിൽക്കൂടി ഇതിനെക്കുറിച്ചുള്ള പൊതുചർച്ച വരുന്നുണ്ട്. അത് ഞാൻ നേരത്തെ സൂചിപ്പിച്ചതാണ് - സബ്ജക്ട് കമ്മിറ്റിയിൽ വരുമ്പോഴും പിന്നീട് ക്ലാസ് ബൈ ക്ലാസ് ആയി വരുന്ന സമയത്തും. അപ്പോൾ ഈ ബില്ലിൽ എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ അതും കൂടി റെക്ടിഫൈ ചെയ്യാൻ പറ്റും. കുറേയധികം എക്സർസൈസും ഹോംവർക്കും നടത്തി, നിരവധി ആളുകളുമായി ചർച്ച ചെയ്ത് കൊണ്ടുവന്ന ബില്ലാണിത്. അതേസമയം, ഇതുപോലെ വിപുലമായ ഒരു പ്രശ്നത്തെ ചുറ്റിപ്പറ്റിയുള്ളതായതുകൊണ്ട് വിമർശനങ്ങൾ സ്വാഭാവികമായി ഉണ്ടാകും. ആ വിമർശനങ്ങളെയെല്ലാം ഞാൻ നല്ല രൂപത്തിൽ കാണുകയാണ്. കാരണം ഈ ബില്ലുമായി ബന്ധപ്പെട്ട്, വളരെ പ്രമുഖരായ നേതാക്കന്മാരായ ശ്രീ. കെ. മുരളീധരൻ, ശ്രീ. എം.എ. ബേബി, ശ്രീമതി ഇ.എസ്. ബിജിമോൾ ശ്രീ. ബെന്നി ബെഹനാൻ എന്നിവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. അതേ സമയം, ഔദ്യോഗികമായിട്ടല്ലെങ്കിലും ചർച്ചയിൽ ഇന്റർഫിയർ ചെയ്ത് സംസാരിച്ചവരുമുണ്ട്. എനിക്ക് തോന്നുന്നത്, ഈ സഭയുടെ ഇരുപക്ഷത്തുനിന്നും മഹാഭൂരിപക്ഷം ആളുകളും ഇതിന്റെ ചർച്ചയിൽ പല രൂപത്തിലായി പങ്കെടുത്തിട്ടുണ്ടെന്നാണ്. അവരുടെയൊക്കെ പൊതുവായ സംഭാവനകളും വന്നിട്ടുണ്ട്. അതെല്ലാം വേണ്ട വിധത്തിൽ പരിഗണിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച

ചെയ്യുന്നതാണ്. ഇവിടെ നടന്ന ചർച്ചയിൽ, ഈ ബില്ലിലെ ക്ലോസ് 4(ബി)-യെ സംബന്ധിച്ച്, പീഡനം മൂലമുള്ള മരണത്തെ സംബന്ധിച്ച്, കൊലപാതകത്തിലേയ്ക്ക് നയിക്കുക എന്നതിനെക്കുറിച്ചൊരു തർക്കം വന്നു. അതിനുമാത്രം ഒരു മറുപടി പറയാമെന്ന് കരുതുന്നു. പീഡനം നടത്തുന്നത് കൊലപാതകമല്ല. ഒരു സംഭവത്തിന്റെ കോഴ്സ് ഓഫ് ആക്ഷനിൽ ഉണ്ടാകുന്ന ട്രാൻസാക്ഷനിൽ പിന്നീട് വന്നുചേരുന്ന ഒരു കാര്യമാണ്. ആത്മഹത്യയായിട്ടാണ് അത് പലപ്പോഴും വരുന്നത്. ആ ആത്മഹത്യയ്ക്കെതിരായുള്ള ശിക്ഷാവിധി ഈ ബില്ലിൽ പറഞ്ഞിട്ടുണ്ട്. അതേ സമയം കൊലപാതകത്തിനുള്ള കേസെന്ന് പറയുന്നത് സെക്ഷൻ 302 ആണ്, അത് ഐ.പി.സി-യ്ക്കകത്ത് വരും.

ശ്രീ. എ.കെ. ബാലൻ: സർ, ആത്മഹത്യാ പ്രേരണയ്ക്കുള്ള കുറ്റം ഇതിൽ പറഞ്ഞിട്ടുണ്ടെന്നാണ് പറഞ്ഞത്. അതിനുള്ള പണിഷ്മെന്റ് ഇതിൽ ഇല്ല. ഞാൻ നേരത്തെ പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഐ.പി.സി-യിൽ ഉണ്ടെന്നാണ്. ഇതൊരു കുറ്റമറ്റ ബിൽ ആക്കണമെന്നുണ്ടെങ്കിൽ ഇത് നല്ല രൂപത്തിൽ റീ-കാസ്റ്റ് ചെയ്യണം. മറ്റുള്ള എല്ലാ നിയമത്തിലും സ്ത്രീകളുടെ പ്രൊട്ടക്ഷനുവേണ്ടി പറഞ്ഞിട്ടുള്ള അതേ ക്ലോസുകളാണ് ഇതിലും ഉൾപ്പെടുത്തിയിരിക്കുന്നത്. അല്ലാതെ എന്തെങ്കിലുമൊരു പ്രത്യേകതയുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. സെക്ഷൻ 4- ഏഴുവർഷം വരെയുള്ള തടവ്, അതിപ്പോൾ കേന്ദ്രഗവൺമെന്റ് പാസാക്കിയ ഓർഡിനൻസിലുള്ളതാണ്. ബഹുമാനപ്പെട്ട അങ്ങയെപ്പോലുള്ള ഒരാൾ ഒരു ബിൽ പൈലറ്റ് ചെയ്യുമ്പോൾ അതിലൊരു മൗലികതയുണ്ടാകുമെന്നുള്ള പ്രതീക്ഷയാണ് ഞങ്ങൾക്കുള്ളത്. അത് ഇല്ല എന്നുള്ളതാണ് എന്റെ ആക്ഷേപം.

<u>ശ്രീ. കെ.എൻ.എ. ഖാദർ</u>: സെക്ഷൻ 4 (ബി)-ൽ പീഡനത്തെത്തുടർന്ന് മരണപ്പെട്ടാൽ ജീവപര്യന്തം തടവും പിഴയും എന്നാണ് പഞ്ഞിട്ടുള്ളത്. എന്നാൽ സാധാരണഗതിയിൽ കൊലചെയ്താൽ വധശിക്ഷയാണ് നൽകുന്നത്. പീഡിപ്പിച്ചുകൊന്നാൽ ലൈഫ് ഇംപ്രിസൺമെന്റ് മാത്രമായി കുറയുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ഒരു സംഭവം നടത്തിക്കൊണ്ടിരിക്കുമ്പോൾ യാദൃശ്ചികമായി മരണപ്പെട്ടാൽ അതിന് ഐ.പി.സി-യിൽ 304 (എ) ആണ് വരുന്നത്, പക്ഷേ ഇതിന് 304 (എ) മതിയാവില്ല. അതുകൊണ്ട് ഡെത്ത് പെനാൽറ്റി തന്നെ കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. സാധാരണ ഗതിയിൽ കൊല ചെയ്താൽ വധശിക്ഷയും പീഡിപ്പിച്ച് കൊല ചെയ്താൽ ശിക്ഷ ജീവപര്യന്തമായി ചുരുങ്ങുകയാണെങ്കിൽ ഇതാണല്ലോ നല്ലത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ഇത് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാം. പീഡനത്തിന് വധശിക്ഷ കൊടുക്കുകയെന്നുള്ളതിന് കൗണ്ടറായി മറ്റൊരു argument കൂടി ഈ സൊസൈറ്റിയിൽ നിലനിൽക്കുന്നുണ്ട്.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ഇപ്പോൾ സബ്ജക്ട് കമ്മിറ്റിക്ക് റഫർ ചെയ്യുകയെന്നതാണല്ലോ ബഹുമാനപ്പെട്ട മന്ത്രിയുടെ എക്സ്പ്ലനേഷൻ. എല്ലാ തലങ്ങളിലും സമഗ്രതയിൽ ചിന്തിക്കുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്ത വിഷയമായതുകൊണ്ട്, ആഭ്യന്തര വകുപ്പുമന്ത്രിയെന്ന നിലയിൽ തിരക്കുണ്ടെങ്കിലും, ഒന്നോ രണ്ടോ മാസമെടുത്ത് ഇത് സെലക്ട് കമ്മിറ്റിക്ക് അയച്ച് ഒരഭിപ്രായ രൂപീകരണം നടത്തുന്നത് എല്ലാ നിലയിലും സേഫായിരിക്കും. ധാരാളം interpretations വരുന്നുണ്ട്. ഇക്കാര്യത്തിൽ സുരക്ഷിതത്വം ഉറപ്പാക്കുകയെന്നതാണ് അടിസ്ഥാനപരമായുള്ളത്. അങ്ങ് വിശദീകരിച്ച്

പറഞ്ഞതിൽ ഒരു പോയിന്റ്, ഒരു കുറ്റത്തിന്റെ തുടർച്ചയായി മറ്റൊരു കുറ്റം വരുമ്പോഴുള്ള ശിക്ഷ വേറെയാണ്. യഥാർത്ഥത്തിൽ ഒരേ സമയം ഇരട്ടക്കുറ്റ മാണ് ചെയ്യുന്നത്. ബലാൽക്കാരത്തിന് വിധേയമാക്കുന്ന കുറ്റവും അതിനെ ത്തുടർന്ന് ജീവൻ കവർന്നെടുക്കുന്ന കുറ്റവും. ഈ രണ്ട് കുറ്റവും ചെയ്യുന്ന വർക്ക് കൊലപാതക കുറ്റത്തിന് നൽകുന്ന ശിക്ഷപോലും ഇല്ല എന്ന നിലയി ലേയ്ക്ക് വന്നാൽ നമ്മൾ തിരിച്ചു ചിന്തിക്കുന്നു എന്ന വ്യാഖ്യാനത്തിന് ഇടവരും. അതുകൊണ്ട് ഇത് സെലക്ട് കമ്മിറ്റിക്ക് വിട്ട് ഒരു സമഗ്രമായ ചർച്ച നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിൽ തെറ്റുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വിശദമായ ചർച്ച സബ്ജക്ട് കമ്മിറ്റിയിലും ഉണ്ടാകും. സബ്ജക്ട് കമ്മിറ്റിയിൽ തെളിവെടുപ്പ് നടത്തുന്ന തിനും വിരോധമില്ല. സബ്ജക്ട് കമ്മിറ്റിയിൽ വിട്ട് അന്നുതന്നെ തീരുമാനമെ ടുത്ത് പിറ്റേ ദിവസം ഇങ്ങോട്ട് മടങ്ങി വരണമെന്നല്ല ഞാൻ പറയുന്നതിന്റെ അർത്ഥം. സബ്ജക്ട് കമ്മിറ്റിയിലേയ്ക്ക് പോയി സബ്ജക്ട് കമ്മിറ്റിയുടെ പൊതുവായ അംഗീകാരം വരട്ടെ. സബ്ജക്ട് കമ്മിറ്റിയിൽ പോയാൽ അങ്ങ് പറയുന്നതുപോലെ അഭിപ്രായം അറിയുന്നതിന് ഒരു തടസ്സവുമുണ്ടാകില്ല.

ശ്രീ. വി.ഡി. സതീശൻ: സർ, അങ്ങ് ജസ്റ്റിസ് വർമ്മ കമ്മിറ്റിയുടെ റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞു. ജസ്റ്റിസ് വർമ്മ കമ്മിറ്റി റിപ്പോർട്ട് 'rape with murder' അല്ല ചർച്ച ചെയ്തത്. റേപ്പിന് 376 ഐ.പി.സി. യിൽ ഇപ്പോൾ 10 വർഷംവരെയാണ് പണിഷ്മെന്റ്. എന്നാൽ ഡെത്ത് പെനാൽറ്റി കൊടുക്കണ മെന്നുള്ള ആവശ്യം രാജ്യം മുഴുവൻ ഉയർന്നു. പക്ഷേ ജസ്റ്റിസ് വർമ്മ കമ്മീ ഷൻ ഡെത്ത് പെനാൽറ്റി കൊടുക്കാൻ പറ്റില്ലെന്ന് പറഞ്ഞ് പത്തുവർഷമെന്നു ള്ളത് ലൈഫ് ഇംപ്രിസൺമെന്റാക്കി റെക്കമെന്റ് ചെയ്തു. സെൻട്രൽ

ഗവൺമെന്റ് ഈ ഓർഡിനൻസിൽ ജസ്റ്റിസ് വർമ്മ കമ്മീഷൻ കൊടുത്തത് ബൈപ്പാസ് ചെയ്ത് റേപ്പിന് ഡെത്ത് പണിഷ്മെന്റ് കൊടുത്തിരിക്കുകയാണ്. Rape with murder വന്നാൽ, അങ്ങനെയൊരു സംശയം 4 ബി-യിൽ വരുന്നുണ്ട്. Rape എന്ന് പറയുന്നില്ല, harassment with murder വരുമ്പോൾ ലൈഫ് ഇംപ്രിസൺമെന്റ് കൊടുക്കുകയെന്ന് പറഞ്ഞാൽ അത് ഐ.പി.സി 302-ന് inconsistent ആയ പ്രൊവിഷനാകും. അത് ആർട്ടിക്കിൾ 254-ന് എതിരാകും. അങ്ങ് പൈലറ്റ് ചെയ്തിരിക്കുന്ന ഈ ബില്ലിൽ ഏഴ് വ്യത്യസ്തമായ ഒഫൻസുകളാണുള്ളത്. ഏഴ് വ്യത്യസ്തമായ ഒഫൻസ് 354 ഐ.പി.സി അമന്റ് ചെയ്തപ്പോൾ സെൻട്രൽ ഗവൺമെന്റിന്റെ ഓർഡിനൻസിൽ ഒരുവർഷം, രണ്ടുവർഷം, മൂന്നുവർഷം, അഞ്ചുവർഷം എന്നിങ്ങനെ പലപല ശിക്ഷയാക്കി ടേബിൾ ചെയ്തിരിക്കുകയാണ്. അതിൽ ബെയിലബിളും നോൺ ബെയിലബിളും ഉണ്ട്. ഏത് ഒഫൻസ് ചെയ്താലും അതിന് പ്രൊപ്പോഷണലായുള്ള പണിഷ്മെന്റേ കൊടുക്കാൻ പാടുള്ളൂ എന്നതാണ് ക്രിമിനൽ ലായുടെ ബേസിക് പ്രിൻസിപ്പിൾ. ഒരു pornography കാണിച്ചതിന് 7 വർഷംവരെ ശിക്ഷിക്കാൻ കഴിയുമോ? അങ്ങനെയുള്ള പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് സബ്ജക്ട് കമ്മിറ്റിയിൽ ഇത് കറക്ട് ചെയ്താൽ മതി. അതുപോലെ പണിഷ്മെന്റ് പ്രൊപ്പോഷണലാക്കി സെൻട്രൽ ഗവൺമെന്റിന്റെ ഓർഡിനൻസിന് ഏകദേശം അടുത്തുനിൽക്കുന്ന തരത്തിൽ നമുക്ക് ഷെഡ്യൂളാക്കി മാറ്റുന്ന കാര്യംകൂടി സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാമെന്ന് ഞാൻ പറഞ്ഞല്ലോ. ഇതിൽ ശിക്ഷ ഏഴുവർഷം വരെയെന്ന്

പഞ്ഞിരിക്കുന്നത് ഏഴുവർഷംതന്നെ കൊടുക്കണമെന്നില്ലല്ലോ. ജീവപര്യന്തം കഠിന തടവിന് വിധിക്കാൻ യോഗ്യതയുള്ള കുറ്റം ചെയ്താലും അത് ഗ്രേവാണോ, മൈനറാണോ, എന്താണ് തെളിവ് എന്നൊക്കെ തീരുമാനിക്കേണ്ടത് കോടതിയാണ്. തെളിവുകളുടെ അടിസ്ഥാനത്തിൽ ഫൈനൽ ജഡ്ജ്മെന്റ് വരേണ്ടത് കോടതിയിൽനിന്നാണ്. ട്രയൽ കോടതിയിലെടുത്ത തീരുമാനത്തിൽ അഗ്രീവ്ഡാണെങ്കിൽ അതിന് മുകളിലുള്ള കോടതിയിലേയ്ക്ക് പോകാവുന്നതാണ്. ഇത് കേസുമായി ബന്ധപ്പെട്ട കാര്യമാണ്. ഇത് സബ്ജക്ട് കമ്മിറ്റിയിൽ നമുക്ക് ചർച്ച ചെയ്ത് അവിടെവരുന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ തീരുമാനങ്ങളെടുക്കാം. ഇങ്ങനെയൊരു ബിൽ കൊണ്ടുവരുന്നതിനുണ്ടായ സാഹചര്യം ഞാൻ നേരത്തെ പറഞ്ഞതാണ്. നമ്മൾ ഇത് നീട്ടിക്കൊണ്ടുപോകുന്നതിൽ കാര്യമില്ല. വളരെ delayed ആയി നീതി നടത്താൻ ശ്രമിക്കുന്നതിൽ കഥയില്ല. ഭൂപരിഷ്കരണത്തിന്റെ കാര്യത്തിൽ കേരളം ലീഡ് കാണിച്ചില്ലേ; പല നിയമങ്ങളിലും കേരളം മുൻപന്തിയിൽ വന്നില്ലേ? കേരളത്തിൽ നിന്നുള്ള സഹോദരിമാർ ലോകമൊട്ടാകെ യാത്ര ചെയ്യുന്നവരും ലോകത്തിന്റെ പല സ്ഥലങ്ങളിലും ജോലി ചെയ്യുന്നവരുമാണ്. കേരളം പരിഷ്കൃതമാണ്. ആ പരിഷ്കൃത സൊസൈറ്റിയിൽ നിൽക്കുന്നു എന്നുള്ളതുകൊണ്ടുതന്നെ ഈ കാര്യത്തിൽ നമുക്കൊരു ലീഡ് വരുന്നതിനെ നമ്മൾ എന്തിനാണ് എതിർക്കുന്നത്? നമുക്ക് നമ്മുടേതായ തീരുമാനമെടുക്കണമെങ്കിൽ ലെജിസ്ലേച്ചറിന് അതിനുള്ള പവ്വറുണ്ട്. ആ അധികാരമുപയോഗിച്ച് കഴിയുന്നത്ര വേഗത്തിൽ നിയമമാക്കി മാറ്റുന്നതിനുള്ള നടപടിയെടുക്കണം. പക്ഷേ തിരക്കിട്ട് നടപടി സ്വീകരിക്കുന്നതിനുപകരം, നേരത്തെ പറഞ്ഞതുപോലെ കൂടുതലാളുകളുടെ അഭിപ്രായമുണ്ടെങ്കിൽ അതിനെതിരെ

കണ്ണടയ്ക്കുന്നില്ല. അതുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടുന്നതിനുവേണ്ടി അംഗീകരിക്കണമെന്നപേക്ഷിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. മുരളീധരൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം.എ ബേബി നോട്ട് ഇൻ ദി സീറ്റ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അദ്ദേഹം സീറ്റിലില്ലെങ്കിലും സഭയുടെ പ്രോപ്പർട്ടിയായി ആ അമന്റ്മെന്റ് സഭയിലുണ്ട്. അതുകൊണ്ട് സഭയുടെ അഭിപ്രായം അറിഞ്ഞുകൊണ്ട് അങ്ങ് തീരുമാനിക്കണം.

മി .സ്പീക്കർ: സഭയുടെ അഭിപ്രായം എന്നത് വേറൊരു വിഷയമാണ്. യഥാർത്ഥത്തിൽ ഭേദഗതി മൂവ് ചെയ്ത ആൾ അത് പ്രസ്സ് ചെയ്യുന്നുണ്ടോയെന്ന് ചോദിക്കുമ്പോൾ സീറ്റിൽ വേണ്ടതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും അങ്ങനെയൊരു അഭിപ്രായം വന്നു. അങ്ങനെയാണെങ്കിൽ ഭരണപക്ഷത്തിന് പിടിവാശിയൊന്നുമില്ല, എല്ലാവരുമായി യോജിച്ച് പോകണമെന്നുള്ളതാണ്. പ്രമേയം മന്ത്രി അവതരിപ്പിച്ചിരിക്കുന്നത് സബ്ജക്റ്റ് കമ്മിറ്റിയാണ്. ഈ സെഷനിൽ പാസ്സാക്കാതെ മന്ത്രി ചെയർമാനായിട്ടുള്ള സബ്ജക്റ്റ് കമ്മിറ്റി ഇത് പരിശോധിക്കട്ടെ.

മി. സ്പീക്കർ : സബ്ജക്റ്റ് കമ്മിറ്റിക്ക് തന്നെയാണ് പോകുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, സബ്ജക്റ്റ് കമ്മിറ്റിക്ക് ചെയ്യാവുന്ന കാര്യങ്ങളൊക്കെ ചെയ്യാം. സെലക്റ്റ് കമ്മിറ്റിക്ക് ചെയ്യാൻ കഴിയാവുന്ന കാര്യങ്ങളൊക്കെ ചെയ്യാൻ സബ്ജക്റ്റ് കമ്മിറ്റിക്ക് അധികാരമുണ്ട്. സാധാരണ ഇന്നുതന്നെ സബ്ജക്റ്റ് കമ്മിറ്റിക്ക് പോയി നാളെ പാസ്സാക്കുന്ന രീതിയാണുള്ളത്. ആ രീതിയിൽ ഈ ബില്ല് പാസ്സാക്കാൻ കഴിയില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ഞാനും അതുതന്നെയാണ് പറഞ്ഞത്. മന്ത്രി അവതരിപ്പിച്ച റസല്യൂഷൻ അംഗീകരിച്ച് സബ്ജക്റ്റ് കമ്മിറ്റിക്ക് പോകട്ടെ. നേരത്തേ പ്ലാൻ ചെയ്തിരുന്നുവെങ്കിൽ ഈ സെഷനിൽ തന്നെ ബിൽ പാസ്സാക്കാമായിരുന്നു. ഇരുഭാഗത്തുനിന്നുമുള്ള അഭിപ്രായങ്ങൾ കണക്കിലെടുത്തുകൊണ്ട്, സബ്ജക്റ്റ് കമ്മിറ്റി തെളിവെടുപ്പ് നടത്തി നിശ്ചിത സമയത്തിനുള്ളിൽ വീണ്ടും സഭയിൽ കൊണ്ടുവരാം.

മി. സ്പീക്കർ : അങ്ങനെ കയ്യടിച്ചാൽ ശരിയാകില്ല. ഇവിടെ സഭയുടെ മുമ്പിലുള്ള, ബഹുമാനപ്പെട്ട മിനിസ്റ്ററുടെ പ്രമേയമാണ് സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കുന്നത്. മൂവ് ചെയ്ത മിനിസ്റ്ററുടെ ഒറിജിനൽ പ്രമേയം അദ്ദേഹം വിത്ഡ്രോ ചെയ്യണം. വിത്ഡ്രോ ചെയ്തതിനുശേഷം ആൾട്ടർനേറ്റീവായി അവതരിപ്പിക്കണം.

ശ്രീ. വി. ഡി. സതീശൻ : സർ, മാറ്റം വരുത്തേണ്ട കാര്യമില്ല. സബ്ജക്റ്റ് കമ്മിറ്റിക്ക് തന്നെയാണ് പോകുന്നത്.

മി. സ്പീക്കർ : നോ.... ഇവിടെ അതല്ലല്ലോ പ്രശ്നം. സബ്ജക്റ്റ് കമ്മിറ്റിക്കല്ല, സെലക്റ്റ് കമ്മിറ്റിക്ക് അയയ്ക്കുന്നതിനുള്ള പ്രമേയമാണല്ലോ ഇവിടെ പ്രസ്സ് ചെയ്യണമെന്ന് പറഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇവിടെ മുഖ്യമന്ത്രിയും പ്രതിപക്ഷ ഉപനേതാവും അതുതന്നെയാണ് പറഞ്ഞുവന്നത്. സബ്ജക്റ്റ് കമ്മിറ്റിയിൽ

പോയാലും സെലക്റ്റ് കമ്മിറ്റിയിൽ പോയാലും ജനങ്ങളുടെ അഭിപ്രായമറിയണം. അതിന് രണ്ട് മാർഗ്ഗങ്ങളുണ്ട്. ഒന്ന്, സെലക്റ്റ് കമ്മിക്ക് പോകാൻ പ്രത്യേകം കമ്മിറ്റി ഉണ്ടാക്കണം. രണ്ട്, സബ്ജക്റ്റ് കമ്മിറ്റിക്ക് പോയി തെളിവെടുക്കാനുള്ള അധികാരമുണ്ട്. അങ്ങനെ സബ്ജക്റ്റ് കമ്മിറ്റി തെളിവെടുത്ത് മടങ്ങിവരട്ടേയെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ഞാൻ ആ റസല്യൂഷൻ മൂവ് ചെയ്യുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സെലക്റ്റ് കമ്മിറ്റിക്ക് വിടണമെന്ന് ഞങ്ങൾ പറയുന്നത്, സെലക്റ്റ് കമ്മിറ്റിയുടെ നടപടിക്രമം അതേരീതിയിൽ സബ്ജക്റ്റ് കമ്മിറ്റിക്കും ചെയ്യത്തക്കവിധത്തിൽ തയ്യാറാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞാൽ അതിനോട് വിയോജിക്കേണ്ട കാര്യമില്ല. അതിലുള്ള പ്രശ്നം, സബ്ജക്റ്റ് കമ്മിറ്റിയുടെ ചെയർമാൻ മുഖ്യമന്ത്രി ആയതുകൊണ്ട് ചിലപ്പോൾ അദ്ദേഹത്തിന് സമയം കിട്ടില്ല. അതിനൊരു ക്രമീകരണം അങ്ങ് ഉണ്ടാക്കുകയാണെങ്കിൽ പ്രശ്നമില്ല.

ശ്രീ. ഉമ്മൻ ചാണ്ടി : അത് ഞാൻ നേരത്തെ തന്നെ പറഞ്ഞതാണ്. അക്കാര്യത്തിൽ ആഭ്യന്തര വകുപ്പുമന്ത്രി സഹകരിക്കേണ്ടിവരും. അദ്ദേഹം അതിന്റെ ഉത്തരവാദിത്തം പൂർണ്ണമായി ഏറ്റെടുത്ത് സബ്ജക്റ്റ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് കാര്യങ്ങൾ പ്രൊസീഡ് ചെയ്യട്ടെയെന്നുള്ളതാണ്.

ശ്രീ. എസ്. ശർമ്മ : സർ, അങ്ങ് പറഞ്ഞ ഉദ്ദേശ്യശുദ്ധിയെ ഞാൻ അംഗീകരിക്കുന്നു. ഇപ്പോഴുള്ള സബ്ജക്റ്റ് കമ്മിറ്റിയിൽ ഒരു വനിതാ പ്രതിനിധിപോലുമില്ല. സെലക്റ്റ് കമ്മിറ്റിയാകുമ്പോൾ അവരുടെയുംകൂടി പങ്കാളിത്തത്തോടെ സിറ്റിംഗ് നടത്തുന്നതിന് സഹായകരമായിരിക്കുമെന്ന ഉദ്ദേശ്യത്തോടെയാണ് പറഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : വനിതാ എം.എൽ.എ-മാർക്കും തെളിവ് കൊടുക്കാം. അതിൽനിന്നും അവരെ ആർക്കും നിരോധിക്കാൻ പറ്റില്ല. ചെയർമാന് യാത്ര ചെയ്യാൻ കഴിയില്ലെങ്കിൽ സബ്ജക്റ്റ് കമ്മിറ്റിക്ക് അകത്തുതന്നെ പ്രത്യേക ക്രമീകരണം ഉണ്ടാക്കാൻ ചെയർമാന് റൈറ്റുണ്ട്. കേരള നിയമസഭയിൽ അതിനുള്ള പഴയ കീഴ്വഴക്കമുണ്ട്. എല്ലാവർക്കും തെളിവ് കൊടുത്ത് മുന്നോട്ടുപോകാം. മുഖ്യമന്ത്രി പറഞ്ഞതുപോലെ റസല്യൂഷൻ മൂവ് ചെയ്യുന്നു.

മി. സ്പീക്കർ : പ്രമേയം സബ്ജക്റ്റ് കമ്മിറ്റിക്ക് തന്നയാണല്ലോ പോകുന്നത്.

ശ്രീ. കെ. എം. മാണി : സബ്ജക്റ്റ് കമ്മിറ്റിക്ക് പവറുണ്ടല്ലോ. ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ പറഞ്ഞ സ്പിരിറ്റിൽ സബ്ജക്റ്റ് കമ്മിറ്റി അത് ഉൾക്കൊണ്ടാൽ മതി.

മി. സ്പീക്കർ : അതാണ് ഞാൻ ആദ്യം പഞ്ഞത്. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ സ്പിരിറ്റ് സഭയ്ക്ക് മനസ്സിലായി. പക്ഷേ, ശ്രീ. എം.എ. ബേബി ഇല്ലാത്ത സാഹചര്യത്തിൽ അത് പ്രസ്സ് ചെയ്യാൻ സാദ്ധ്യമല്ല. അത് ചട്ടം അനുവദിക്കുന്നില്ല. പിന്നെയുള്ളത്, ഇത് വിത്ഡ്രോ ചെയ്ത് മറ്റൊന്ന് മൂവ് ചെയ്യാൻ മന്ത്രിക്കേ അധികാരമുള്ളു. ഇവിടെ അതിന്റെ ആവശ്യമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇവിടെ consensus of opinion -ന് വേണ്ടിയാണ് അങ്ങയുടെ മുമ്പിൽ സമർപ്പിച്ചിരിക്കുന്നത്. സഭയുടെ നാഥനായ മുഖ്യമന്ത്രിയും പ്രതിപക്ഷ ഉപനേതാവും സംസാരിച്ചു.

മി. സ്പീക്കർ : സഭയുടെ മുമ്പിലുള്ളത് സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ളതാണ്. അതുമാത്രം മതി. ബാക്കി നിങ്ങൾക്ക് ചെയ്യാവുന്നതാണ്. ഇവിടെ പ്രത്യേകിച്ച് വേറെയൊന്നും ചേർക്കേണ്ടതില്ല. ചീഫ് മിനിസ്റ്റർ പറഞ്ഞത് പ്രതിപക്ഷം പറഞ്ഞത് ഉൾക്കൊണ്ടുകൊണ്ടാണ്. അതനുസരിച്ച് മുന്നോട്ട് നീങ്ങാം.

2013-ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കുന്നു.

**(2) 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ**

ശ്രീ. കെ.എം. മാണി: 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണി : 2012-ലെ കേരള ധനകാര്യസ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച് VIII-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ.എം. മാണി : സർ, ഇത് സ്വകാര്യ സാമ്പത്തിക സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുള്ള ബില്ലാണ്. ഈ ബിൽ പാസ്സാക്കുമ്പോൾ രണ്ട് സുപ്രധാന നിയമങ്ങളാണ് പാസ്സാക്കുന്നത്. കഴിഞ്ഞ ദിവസം നമ്മൾ പാസ്സാക്കിയത്, അമിത പലിശ ഈടാക്കാൻ പാടില്ലെന്നാണ്. കൊമേഴ്സ്യൽ ബാങ്കുകൾ ഈടാക്കുന്ന പലിശയെക്കാൾ കൂടുതൽ ഈടാക്കാൻ പാടില്ല. രണ്ടാമത്തെ നിയമം, ഡെപ്പോസിറ്റേഴ്സിനെ കളിപ്പിക്കുന്ന ധാരാളം സ്ഥാപനങ്ങളുണ്ട്. ടോട്ടൽ ഫോർ യു പോലുള്ള സ്ഥാപനങ്ങൾ എത്രയോ നിക്ഷേപകരിൽ നിന്നും നിക്ഷേപം വാങ്ങി മുങ്ങുകയാണ്. ഇങ്ങനെ കഴിഞ്ഞ രണ്ടുമൂന്ന് വർഷത്തിനകം എത്രയോ സ്ഥാനപനങ്ങൾ മുങ്ങുകയും എത്രയോ ആളുകൾക്ക് പണനഷ്ടമാവുകയും ചെയ്യുന്നു. അവർക്കെതിരെ നടപടിയെടുക്കാൻ നിയമമുണ്ട്. പക്ഷേ നിക്ഷേപകരുടെ നിക്ഷേപങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ നിയമമില്ല. അതുകൊണ്ട് നിക്ഷേപകരുടെ നിക്ഷേപങ്ങൾ സംരക്ഷിക്കാനുമാണ് ഇപ്പോൾ ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. നിക്ഷേപം മടക്കി നൽകാതിരുന്നാൽ, പലിശ നൽകാതിരുന്നാൽ നടപടിയുണ്ട്. സ്ഥാപനങ്ങളുടെ ജംഗമവസ്തുക്കൾ ജപ്തി ചെയ്യാം.

നിക്ഷേപകരെ വഞ്ചിക്കുന്നവർക്ക് 10 വർഷം വരെ തടവ്, ഒരു ലക്ഷം രൂപ പിഴ, അന്വേഷണ വിചാരണയ്ക്ക് പ്രത്യേക കോടതി, ധനകാര്യസ്ഥാപനത്തിലെ വസ്തു കൈകാര്യം ചെയ്ത് ഡെപ്പോസിറ്റേഴ്സിനെ വഞ്ചിക്കാൻ വേണ്ടി ബിനാമികളുടെ പേരിലോ വേറെ ആരുടെയെങ്കിലും പേരിലോ മുമ്പു തന്നെ കൈമാറ്റം ചെയ്താൽ ആ കൈമാറ്റം റദ്ദ് ചെയ്യിപ്പിച്ചുകൊണ്ട് ആ വസ്തു ലേലം ചെയ്യുന്നതിനുള്ള നടപടിപോലുമുണ്ട്. അങ്ങനെ വിവിധങ്ങളാ

യിട്ടുള്ള നടപടികളിലൂടെ നിക്ഷേപകരുടെ നിക്ഷേപം മുഴുവൻ പരിരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു നിയമമാണ്. കബളിപ്പിക്കുന്ന ആളുകളുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കുന്നതിനും അവരെ നിയമത്തിന് വിധേയമാക്കുന്നതിനും വേണ്ടിയുള്ള ഒരു നിയമമാണ്. ഇത് ഇന്നത്തെ കാലഘട്ടത്തിന്റെ ഏറ്റവും വലിയൊരു ആവശ്യമായതുകൊണ്ടാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണം. ചർച്ച ആവശ്യമില്ലെങ്കിൽ നമുക്ക് ഏകകണ്ഠമായി സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാമെന്നാണ് എന്റെ അഭിപ്രായം. വലിയ ചർച്ച ആവശ്യമില്ല. എങ്കിലും ഫോർമാലിറ്റിക്കുവേണ്ടി ഭരണപക്ഷത്തുനിന്നും ഒരാളോ പ്രതിപക്ഷത്തുനിന്നും ഒരാളോ സംസാരിച്ചാൽ മതിയാകും.

മി. സ്പീക്കർ: ധനകാര്യ വകുപ്പുമന്ത്രി, ഇത് ചെറുതാണെങ്കിലും ഒരു ഒറിജിനിൽ ബില്ലാണ്. അങ്ങ് പറഞ്ഞത് ശരിയാണ്.

ശ്രീ. കെ. എം. മാണി: സർ, ഞാനൊരു അഭിപ്രായം പറഞ്ഞുവെന്നേയുള്ളൂ. ഇത് ഒറിജിനൽ ബില്ലാണ്.

മി. സ്പീക്കർ: ശ്രീ. ജെയിംസ് മാത്യു അങ്ങേയ്ക്ക് 1 (എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, 2013 കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപ്പര്യ സംരക്ഷണ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബില്ലിന്റെ ഉദ്ദേശ്യശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. അദ്ദേഹം ഇവിടെ വ്യക്തമാക്കിയതുപോലെ കഴിഞ്ഞ ഒന്നോ രണ്ടോ പതിറ്റാണ്ടുകാലമെടുത്ത്

പരിശോധിച്ചാൽ നൂറുകണക്കിന് സ്ഥാപനങ്ങൾ സാധാരണ പാവപ്പെട്ടവരേയും ഇടത്തരക്കാരേയും മദ്ധ്യവർഗ്ഗത്തിൽപ്പെട്ട ആളുകളെയുമെല്ലാം കൂടിയ ലാഭവിഹിതവും അല്ലെങ്കിൽ ഉയർന്ന പലിശയുമെല്ലാം വാഗ്ദാനം ചെയ്ത് വഞ്ചിക്കുന്ന അനുഭവങ്ങൾ നിരവധിയുണ്ട്. ഇത്തരം അനുഭവങ്ങളുടെ പശ്ചാത്തലത്തിലാവണം ഗവൺമെന്റ് ഇതുപോലൊരു നിയമനിർമ്മാണത്തിന് തുനിയുന്നത് എന്നു ഞാൻ പ്രതീക്ഷിക്കുകയാണ്. പക്ഷേ ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നം, ഈ നിയമത്തിൽ ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനായി എന്തെങ്കിലും ഒരു വ്യവസ്ഥ ഉൾക്കൊള്ളിച്ചതായി കാണുന്നില്ല. ഇത്തരത്തിലുള്ള തട്ടിപ്പ് സ്ഥാപനങ്ങൾ ഏതെങ്കിലുമൊരു ഘട്ടത്തിൽ തകർന്നുകഴിഞ്ഞാൽ ആ തകർന്ന സ്ഥാപനങ്ങളുടെ ആസ്തി അവയ്ക്കുള്ള സ്വത്തുക്കൾ അതു കണ്ടുകെട്ടി ജപ്തി ചെയ്തു ലേലം ചെയ്ത് അതിൽ നിന്ന് ലഭിക്കുന്ന സ്വത്ത് അവിടെ നിക്ഷേപിച്ചിട്ടുള്ള ആളുകൾക്ക് നീതിപൂർവ്വമായി വീതിച്ചുകൊടുക്കാനുള്ള വ്യവസ്ഥകളാണുള്ളത്. ഏതെങ്കിലും ഒരു സ്ഥാപനം തട്ടിപ്പ് നടത്തുന്നതായി നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് പൊളിയുന്ന ഘട്ടത്തിൽ കാൽകാശിന്റെ വക ബാക്കിയുണ്ടാവില്ല. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ ആത്മാർത്ഥതകൊണ്ട് തട്ടിപ്പ് നടത്തുന്ന വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ പേരിൽ അല്ലെങ്കിൽ മറ്റാരുടെയെങ്കിലും പേരിൽ സമ്പാദിക്കപ്പെട്ടിട്ടുള്ള സ്വത്തുക്കളാണെങ്കിൽപോലും അറ്റാച്ച് ചെയ്യാം എന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മറ്റാരുടെയെങ്കിലും പേരിൽ എന്നുപറഞ്ഞാൽ തെളിയിക്കപ്പെടാൻ സാഹചര്യമുള്ള വിധത്തിൽ സമ്പാദിച്ചിട്ടുള്ള സ്വത്തുക്കളല്ലാതെ ആരുടെയെങ്കിലും പേരിൽ ആരെങ്കിലും വാങ്ങിവച്ച സ്വത്തെല്ലാം അറ്റാച്ച് ചെയ്ത് ഇവിടത്തെ നിക്ഷേപകർ കബളിപ്പിക്കപ്പെട്ടാൽ അവർക്ക് പങ്കുവച്ച് കൊടുക്കുവാൻ പറ്റുമോ?

യാതൊരു കാരണവശാലും സാധിക്കുന്നതല്ല. ഇവിടെ ഇങ്ങനെയൊരു നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി സംഭവിക്കുമെന്ന് ഞാൻ സംശയി ക്കുന്നത്, ഇന്നത്തെ സാഹചര്യത്തിൽ ഇതുപോലുള്ള തട്ടിപ്പ് ധനകാര്യ സ്ഥാപനങ്ങൾ കൂണുപോലെ മുളച്ച് പൊന്താനുള്ള സ്ഥിതിവിശേഷമുണ്ട്. പ്രത്യേകിച്ച് ഇന്നലെ ഈ നിയമസഭയ്ക്കകത്ത് വളരെ ചരിത്രപ്രധാനമായ ഒരു ഭേദഗതി അംഗീകരിക്കുകയുണ്ടായി. അതിന്റെ അവസാനഘട്ടത്തിൽ ഞങ്ങൾ ആ ഭേദഗതി അവതരിപ്പിച്ച ബിൽ കീറി ഇവിടെനിന്ന് ഇറങ്ങിപ്പോകു കയാണ് ചെയ്തത്. യഥാർത്ഥത്തിൽ പാവപ്പെട്ട ആളുകളുടെ നിക്ഷേപത്തെ ഏറ്റവും നല്ലനിലയിൽ ആകർഷിച്ച് ന്യായമായ പലിശകൊടുത്ത് ഇന്ന് നില നിൽക്കുന്ന ഒരു സംവിധാനമാണ് സഹകരണപ്രസ്ഥാനം. ഇന്നലെ അതിന്റെ കഥകഴിക്കുന്ന നിയമഭേദഗതി കൊണ്ടുവന്നു. ഞങ്ങൾ ആ ബില്ല് കീറി എറിഞ്ഞ് പോയപ്പോൾ വിചാരിച്ചത് ഒരു വീണ്ടുവിചാരമുണ്ടാകുമെന്നാണ്. പക്ഷേ രാവിലെ പത്രം നോക്കിയപ്പോൾ ഭേദഗതികളെല്ലാം അംഗീകരിച്ച് സഹ കരണപ്രസ്ഥാനത്തിന്റെ കഥകഴിച്ചു. സ്വാഭാവികമായും 95,000 കോടി രൂപ യോളം നിക്ഷേപമുള്ള, ഇവിടെ വകുപ്പുമന്ത്രി പറഞ്ഞതുപോലെ 3 ലക്ഷം കോടിയിലധികം സ്വർണ്ണം പണയം വച്ച് ധനവിനിമയം നടത്തുന്ന ആ സഹ കരണസ്ഥാപനങ്ങളാകെ ജനങ്ങളുടെ വിശ്വാസമില്ലാത്ത സ്ഥാപനങ്ങളായി മാറിയാൽ അവയിൽ പണം നിക്ഷേപിക്കുന്ന ആളുകൾ പിന്നെ എവിടേ യ്ക്കാണ് പോകുന്നത്; നമ്മുടെ ദേശസാൽകൃത ബാങ്കുകളിലേയ്ക്കാണോ പാവപ്പെട്ട ആളുകൾ പോകുന്നത്; അതല്ല, ന്യൂ ജനറേഷൻ ബാങ്കുകളിലേ യ്ക്കാണോ പോകുന്നത്; ആ സന്ദർഭത്തിൽ നമ്മുടെ നാട്ടിൽ തട്ടിപ്പ് സ്ഥാപന ങ്ങൾ കൂണുപോലെ മുളച്ചുപൊന്തും, ഈ സഹകരണപ്രസ്ഥാനമാകെ തകർക്കപ്പെടുന്ന ഒരു പശ്ചാത്തലം സൃഷ്ടിക്കപ്പെടുന്നു. അതിന് അനുബന്ധ

മായി നൂറുകണക്കിന് തട്ടിപ്പ് സ്ഥാപനങ്ങൾ മുളച്ചുപൊന്തുന്നതോടുകൂടി ആരു നിയന്ത്രിച്ചാലും ആർക്കും തടയാൻ സാധിക്കാത്ത വിധത്തിൽ ഇത്തരം സ്ഥാപനങ്ങളിലേയ്ക്ക് തങ്ങളുടെ ചില്ലിക്കാശുപോലും നിക്ഷേപിക്കാൻ ആളുകൾ പോകും. എങ്ങനെയാണ് പോകുന്നത് എന്നുള്ളത് നമ്മൾ ഒരുപാട് അനുഭവങ്ങളിലൂടെ കണ്ടതാണ്. 100% പലിശ, ഇരട്ടി, അഞ്ചിരട്ടി, ആട് മാഞ്ചിയം മുതൽ വീ ഫോർ യു വരെയുള്ള തട്ടിപ്പുസംഘങ്ങളെല്ലാം നടത്തിയിട്ടുള്ള മോഹന വാഗ്ദാനങ്ങളുണ്ട്. അത്തരത്തിലുള്ള വാഗ്ദാനങ്ങളൊന്നും ഇനി ആവശ്യം വരില്ല. കാരണം നാട്ടിൻപുറത്ത് പരിചയമുള്ള ബാങ്ക് സെക്രട്ടറിയും പരിചയക്കാരായ ബാങ്ക് ഭരണസമിതിക്കാരുമെല്ലാം വന്ന് നിക്ഷേപ സമാഹരണത്തിന്റെ ഘട്ടത്തിൽ നല്ല ആകർഷകമായ പലിശ വാഗ്ദാനം ചെയ്യുകയാണ്. ഇനി അങ്ങനെയൊരു ആകർഷകമായ പലിശ വാഗ്ദാനം ചെയ്യാൻ സഹകരണസ്ഥാപനങ്ങൾക്ക് യാതൊരു നിലയിലും സാധിക്കില്ല. എന്നുമാത്രമാണോ; ആ സഹകരണ സ്ഥാപനങ്ങളിൽ പാവപ്പെട്ടവന്റെ കാശ് കൊണ്ടുപോയി നിക്ഷേപിച്ചാൽ അവർക്ക് വെറെ എന്തെങ്കിലും വ്യവസായം തുടങ്ങാം. യാതൊരു ഗ്യാരണ്ടിയുമില്ലാതെ ആരംഭിക്കുന്ന അത്തരം സ്ഥാപനങ്ങളിൽ കൊണ്ടുപോയി പണം നിക്ഷേപിച്ച് ഉള്ളതുംകൂടി ഇല്ലാതാക്കാൻ ആരാണ് ധൈര്യപ്പെടുക? കേരളത്തിലെ ഏറ്റവും ശക്തമായ സഹകരണ പ്രസ്ഥാനത്തെ ആകെ തകർത്തുകൊണ്ട് തൽസ്ഥാനത്ത് ഉയർന്നുവന്നേക്കാവുന്ന ഇത്തരം തട്ടിപ്പ് ധനകാര്യ സ്ഥാപനങ്ങൾക്ക് അങ്ങയുടെ ഈ ബിൽ പ്രാബല്യത്തിൽ വരുന്നതോടുകൂടി ഒരു സാംഗത്യം വരികയാണ്. ഞാൻ അങ്ങയുടെ ആത്മാർത്ഥതയെയോ ഉദ്ദേശ്യശുദ്ധിയെയോ ചോദ്യം ചെയ്യുന്നതിനുവേണ്ടി പറയുന്നതല്ല. യഥാർത്ഥത്തിൽ എന്താണ് സംഭവിക്കുന്നത്. നാളെ ഒരു തട്ടിപ്പ് സ്ഥാപനം തുടങ്ങിയാൽ അതിന്റെ പരസ്യവാചകത്തിൽ

കേരള സംസ്ഥാന സർക്കാരിന്റെ എല്ലാ ഗ്യാരണ്ടിയോടും കൂടിയ സ്ഥാപനം എന്നുണ്ടാകും. പറയുന്നതിൽ തെറ്റില്ലല്ലോ; കാരണം, ആ സ്ഥാപനം അടച്ചുപൂട്ടി സീൽ ചെയ്താൽ അവിടെ നിക്ഷേപിച്ച ആളുകളുടെ സ്വത്തുവക കൾക്ക് സംരക്ഷണം കൊടുക്കുന്ന നിയമമാണ് പാസ്സായിരിക്കുന്നത്. ഈ തട്ടിപ്പ് സംഘക്കാരൻ ആളുകളെ സമീപിക്കുമ്പോൾ എന്താണ് പറയേണ്ടത്, അയാൾ ഒരുകാര്യം പറഞ്ഞാൽ മതി. പഴയതുപോലെ നിങ്ങളെയൊന്നും പറ്റി ക്കാൻ എനിക്ക് സാധിക്കില്ല, ഞാനൊരു പത്ത് കാശ് നിങ്ങളോട് വാങ്ങിയാൽ എന്റെ കുടുംബം വിറ്റായാലും ആ കാശ് നിങ്ങൾക്ക് സർക്കാർ വാങ്ങിത്തരും, ബിൽ പാസ്സാവുകയാണ്, നിയമം നിലവിൽ വരികയാണ്, ഈ നിയമം വരു ന്നതോടുകൂടി ഇത്തരത്തിലുള്ള മുഴുവൻ തട്ടിപ്പ് സ്ഥാപനങ്ങൾക്കും....., നമുക്കറിയാം നാട്ടിൽ ചില വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. എന്താണ് അതിന്റെ പരസ്യവാചകത്തിന്റെ അടിയിൽ ഉള്ളത്. കേരള സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരമുള്ളത് എന്നാണ്. എന്ത് അംഗീകാരം, ആരുടെ അംഗീകാരം ഇതൊന്നുമില്ലെങ്കിലും സംസ്ഥാന സർക്കാരിന്റെ അംഗീകാര ത്തോടുകൂടിയത് എന്ന ഒരു വാചകം വച്ചാൽ അതോടുകൂടി ആകർഷകമാ കുന്ന ഒരു സാഹചര്യം നമ്മുടെ നാട്ടിലുണ്ട്. ഇത്തരം തട്ടിപ്പ് സ്ഥാപനങ്ങൾ നാളെ ചെയ്യാൻ പോകുന്നതെന്താണ്? സംസ്ഥാന ഗവൺമെന്റിന്റെ ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി നിക്ഷേപകരുടെ നിക്ഷേപ ങ്ങൾക്ക് ഗ്യാരണ്ടിയായി എന്നു പറയും. എന്തെങ്കിലും ഗ്യാരണ്ടിയുണ്ടോ നിക്ഷേപത്തിന്? അങ്ങയുടെ ഈ ബിൽ മുഴുവൻ പരിശോധിച്ചു. അതിൽ എവിടെയെങ്കിലും ഒരു സ്ഥലത്ത് ഈ പാവപ്പെട്ടവന്റെ കാശിന് ഒരു സംര ക്ഷണം കിട്ടുന്ന ഒരു കാര്യവും പറയുന്നില്ല. ബില്ലിൽ എന്താണ് പറയുന്നത്? തട്ടിപ്പുകാരൻ മുങ്ങിയാൽ കണ്ടുകെട്ടാൻ വല്ലതുമുണ്ടെങ്കിൽ അത്

കണ്ടുകെട്ടാം. അങ്ങനെ കണ്ടുകെട്ടാൻ അവന്റെയോ അവന്റെ സ്ഥാപനത്തിന്റേയോ പേരിലില്ലെങ്കിലോ? ആരുടെയെങ്കിലും പേരിൽ വേറെ സമ്പാദിച്ചുവച്ചിട്ടുണ്ട് എങ്കിൽ അതുകൂടി അറ്റാച്ച് ചെയ്യാം. ഈ നിയമവും കൂടി പ്രാബല്യത്തിൽ വന്നാൽ തട്ടിപ്പ് നടത്താൻ ഉദ്ദേശിക്കുന്നവൻ ഈ വിധത്തിൽ എവിടെയെങ്കിലുമൊന്ന് സമ്പാദിച്ചുവയ്ക്കുമോ? എന്നുമാത്രമല്ല ഇത്തരം തട്ടിപ്പുകാരുടെ പ്രസ്ഥാനങ്ങളെല്ലാം പൊളിഞ്ഞുപോകുന്നതെന്തുകൊണ്ടാണ്? ഒന്ന് ധൂർത്താണ്, പലവിധത്തിലുമുള്ള കെടുകാര്യസ്ഥതയാണ്.

സർ, അത്തരത്തിൽ തട്ടിപ്പ് നടത്തണമെന്ന് മുൻകൂട്ടി തീരുമാനിച്ച് പുറപ്പെട്ട ആളുകളാണവർ. അവർ ഈ നിയമത്തിന്റെ പരിധിയിൽ വരത്തക്കവണ്ണം എവിടെയെങ്കിലും സ്വത്ത് സമ്പാദിച്ചുവച്ചിട്ടുണ്ടാകുമെന്ന് അങ്ങ് പ്രതീക്ഷിക്കുന്നു എന്നു ഞാൻ പറയുന്നില്ല. അത് ആർക്കും പ്രതീക്ഷിക്കാൻ സാധിക്കില്ല. ഒരു നിലയിലും ഈ നിയമത്തിന്റെ പരിരക്ഷ ഇത്തരം തട്ടിപ്പ് സ്ഥാപനങ്ങളിൽ പണം നിക്ഷേപിക്കുന്ന ആളുകൾക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കാനാവില്ല. ആത്മാർത്ഥമായി ഈ നിക്ഷേപകരെ സഹായിക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നതെങ്കിൽ ഇത്തരം സ്ഥാപനങ്ങൾ മുഴുവൻ അടച്ചുപൂട്ടണം. ഇവിടെ ബഹുമാനപ്പെട്ട മന്ത്രിതന്നെ ബിൽ പൈലറ്റ് ചെയ്ത സമയത്ത് സൂചിപ്പിച്ചു. നിലവിൽ നിയമമുണ്ട്. മാത്രമല്ല, നമ്മൾ പലിശ ഈടാക്കുന്നതു സംബന്ധിച്ച് മണിലെൻഡേഴ്സ് ആക്ടിൽ ഇപ്പോൾ ഭേദഗതി വരുത്തി. നിലവിലുള്ള നിയമം അടിസ്ഥാനപ്പെടുത്തി കർശനമായ നടപടി സ്വീകരിച്ചാൽ ഒരു പ്രയാസവുമില്ലാതെ ഇത്തരം തട്ടിപ്പ് സ്ഥാപനങ്ങൾ അടച്ചുപൂട്ടാനുള്ള വ്യവസ്ഥകളുണ്ട്. അതിന് നിയമമുണ്ടാക്കണം. ആരുമറിയാതെ പാവപ്പെട്ട ആളുകളുടെ നിക്ഷേപങ്ങൾ ആകർഷിച്ച് ഇങ്ങനെ കൊണ്ടുപോകാൻ ആർക്കെങ്കിലും കഴിയുമോ? രാവിലെ പത്രമെടുത്തുനോക്കിയാൽ

പരസ്യമാണ്. ചാനലിൽ നോക്കിയാലും പരസ്യമാണ്. എവിടെനോക്കിയാലും ഇതിന്റെ പരസ്യമുണ്ട്. അങ്ങനെ പരസ്യപ്പെടുത്തുന്ന ധനകാര്യ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനില്ലാത്തതാണെങ്കിൽ, മതിയായ അംഗീകാരമില്ലാത്തതാണെങ്കിൽ അവ അടച്ചുപൂട്ടി സീൽ ചെയ്യാനുള്ള വ്യവസ്ഥയോടുകൂടിയ നിയമം നിർമ്മിക്കണം. അങ്ങനെ അടച്ചുപൂട്ടാനുള്ള വ്യവസ്ഥകൾ നിമാനുസൃതമായി ഉണ്ടെങ്കിൽ എന്തുകൊണ്ട് .......

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം.മാണി): സർ, ഇതിലൊക്കെ ഈ വ്യവസ്ഥയുണ്ട്. ഇത് വായിക്കാതിരുന്നാൽ എന്താണ് ചെയ്യുക? സെക്ഷൻ 3-ൽ ഇങ്ങനെ വന്നാൽ അതിന്റെ സ്ഥാവരജംഗമ വസ്തുക്കൾ മുഴുവൻ ജപ്തി ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. ജപ്തി ചെയ്യുമെന്നു പറഞ്ഞാൽ അടച്ചുപൂട്ടുക എന്നാണ് അർത്ഥം. അടച്ചുപൂട്ടി അവനെ വഴിയിൽവിടുകയെന്നുള്ളതാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, ഞാനും വായിച്ചു. സർക്കാരിന് സംശയമുണ്ടാകുമ്പോൾ ഈ നടപടി സ്വീകരിക്കാമെന്നാണോ? സഹകരണ ബാങ്കുകൾ മുഴുവൻ അടച്ചുപൂട്ടിയ സമയത്ത് നൂറുകണക്കിന് ഇത്തരം സ്ഥാപനങ്ങൾ കൂണുപോലെ മുളച്ചുപൊന്തുമ്പോൾ ഏത് സ്ഥാപനത്തെക്കുറിച്ചാണ് കേരള സർക്കാരിന് സംശയമുണ്ടാകാൻ പോകുന്നത്; അങ്ങനെ സംശയമുണ്ടായാൽ ഉടനെ അടച്ചുപൂട്ടാനുള്ള വ്യവസ്ഥ ഇതിനകത്തില്ല. അവർ തട്ടിപ്പ് നടത്തുമ്പോൾ മാത്രമാണ് അവരെ പിടിച്ചുകെട്ടാനുള്ള വ്യവസ്ഥയുള്ളത്. അതല്ലാതെ വ്യവസ്ഥകളിതിനകത്തില്ല. അതുകൊണ്ട് ജനങ്ങൾ കബളിപ്പിക്കപ്പെടാതിരിക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നതെങ്കിൽ...... ഇത്തരത്തിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങളുണ്ട്. നിരവധി പരസ്യങ്ങൾ അവയുടെ ഭാഗമായി വരുന്നുണ്ട്. അത്തരം സ്ഥാപനങ്ങളിൽ

ആകർഷിക്കപ്പെട്ട് ധനനിക്ഷേപം നടത്തുന്ന ജനങ്ങളുണ്ട്. അവരെ സംരക്ഷിക്കാൻ സാധിക്കത്തക്കവണ്ണം നിലവിലുള്ള നിയമത്തെ പ്രയോജനപ്പെടുത്തണം. നമ്മുടെ നാട്ടിൽ ധാരാളം ചിട്ടിക്കമ്പനികളുണ്ട്. കേരള ചിട്ടി ആക്ട് പ്രകാരമാണ് അവ പ്രവർത്തിക്കുന്നത്. എന്തുകൊണ്ടാണ് എല്ലാ ചിട്ടിക്കമ്പനികളും ആളെപ്പറ്റിച്ച് പൂട്ടിപ്പോകാത്തതെന്ന് ആലോചിച്ചാൽ നമുക്ക് മനസ്സിലാകുമല്ലോ. എല്ലാ ചിട്ടിക്കമ്പനിയും ആളുകളെ പറ്റിച്ച് അടച്ചുപൂട്ടി പോകുന്നുണ്ടോ? പോകാത്തതെന്താണ്? ഒരു ചിട്ടി ആരംഭിക്കണമെങ്കിൽ തത്തുല്യമായ തുക കെട്ടിവയ്ക്കണം, അല്ലെങ്കിൽ ബാങ്ക് ഗ്യാരന്റി കൊടുക്കണം. അങ്ങനെ കൊടുത്തുകൊണ്ടുമാത്രമേ ചിട്ടി ആരംഭിക്കാൻ സാധിക്കൂ. മണിലെൻഡേഴ്സ് ആക്ടിലും വ്യവസ്ഥകളുണ്ട്. അതുപോലെ ഇത്തരത്തിലുള്ള സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് അവ നടത്തുന്ന ധനവിനിമയത്തിന് ആവശ്യമായ ബാങ്ക് ഗ്യാരന്റിയോ മറ്റ് സെക്യൂരിറ്റികളോ ഉറപ്പുവരുത്തിക്കൊണ്ടുവേണം ഈ കാര്യം മുമ്പോട്ടു വയ്ക്കാൻ. യാതൊരു ഗ്യാരന്റിയും സെക്യൂരിറ്റിയും വേണ്ട. ഒരു ഗ്യാരന്റിയും സെക്യൂരിറ്റിയുമില്ലാതെ സ്ഥാപനം നടത്തുന്നവൻ അടച്ചുപൂട്ടി പോകുമ്പോൾ പിടിച്ചുകൊടുക്കണമെന്ന് പറഞ്ഞാൽ എന്തെങ്കിലും അവിടെ കാണണ്ടേ? പിടിച്ചുകൊടുക്കാൻ ഒന്നും ഉണ്ടാകാൻ പോകുന്നില്ല. ഇപ്പോൾ ഇവിടെ ചെയ്തിരിക്കുന്നത് വളരെ ഉദ്ദേശ്യത്തോടെയാണെന്നാണ് ഞാൻ കരുതുന്നത്. ഒരു ഭാഗത്ത് സഹകരണ സ്ഥാപനങ്ങളെല്ലാം പൂട്ടിപ്പോകുന്നു. അപ്പോൾ സ്വാഭാവികമായും ഇത്തരം സ്ഥാപനങ്ങൾ നൂറുകണക്കിന് മുളച്ചുപൊന്തും. അങ്ങനെ മുളച്ചുപൊന്തുമ്പോൾ തങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് അവയെല്ലാം നിയന്ത്രിക്കാം. ഇങ്ങനെ ഒരു നിയമം നിർമ്മിക്കുന്നതോടുകൂടി ഏതെങ്കിലും ഒരു സ്ഥാപന

ത്തിനെ ഇളക്കണമെന്ന് വിചാരിച്ചാൽ ആ സ്ഥാപനത്തെ ഇളക്കാം. അവർക്കൊന്നും തിരിച്ചുചോദിക്കാൻ കഴിയില്ല. അവർ എന്താണ് ചെയ്യേണ്ടത്, അവർ എന്ത് വ്യവസ്ഥകളാണ് പാലിക്കേണ്ടത്, എവിടെയാണ് രജിസ്റ്റർ ചെയ്യേണ്ടത്, എന്ത് സെക്യൂരിറ്റിയാണവർ വയ്ക്കേണ്ടത്, എന്ത് ഗ്യാരന്റിയാണവർ ചെയ്യേണ്ടത്. ഇതിനെയെല്ലാം സംബന്ധിച്ച് എന്തെങ്കിലും വ്യവസ്ഥ പറയുന്നുണ്ടോ? അങ്ങനെ വ്യവസ്ഥ വച്ചുകൊണ്ട് ഇത്തരത്തിൽ ധനസമാഹരണം നടത്തുന്ന സ്ഥാപനങ്ങൾക്കുമേൽ വ്യവസ്ഥാപിതമായ നിയന്ത്രണം കൊണ്ടുവരുന്നതിനുപകരം അത്തരത്തിലുള്ള യാതൊരു നിർദ്ദേശങ്ങളുമില്ലാതെ അടച്ചുപൂട്ടി പോകുമ്പോൾ അവരുടെ സ്വത്ത് കണ്ടുകെട്ടി ജപ്തി ചെയ്ത് ആളുകൾക്ക് ഭാഗിച്ച് കൊടുക്കും എന്നുപറയുന്നത് ശുദ്ധ അസംബന്ധമാണെന്നേ എനിക്ക് പറയാൻ കഴിയൂ. ഇവിടെ കുറച്ചുമുമ്പ് ഒരു ബില്ലിനെക്കുറിച്ച് ചർച്ച ചെയ്തപ്പോൾ നമ്മുടെ നിലവിലുള്ള ഐ.പി.സി.-യിലും സി.ആർ.പി.സി.-യിലും ആവശ്യമായ വ്യവസ്ഥകളും കാര്യങ്ങളും നിലവിലുണ്ട്. പക്ഷെ അത് ഫലപ്രദമായി ഉപയോഗിക്കാൻ തയ്യാറാകുന്നില്ല. അങ്ങനെ ഉപയോഗിക്കാൻ തയ്യാറാകുന്നുണ്ടെങ്കിൽ ഇന്ന് നിലനിൽക്കുന്ന ഒരുപാട് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുമെന്ന് എല്ലാ അംഗങ്ങളും പറഞ്ഞു. കുറച്ചുമുമ്പ് ആ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീമതി ബിജിമോൾ, സ്ത്രീകൾക്കുനേരെ നടന്നുകൊണ്ടിരിക്കുന്ന കടന്നാക്രമണത്തിന്റെ വർദ്ധനവ് ഈ ഗവൺമെന്റ് വന്നതിനുശേഷം എത്രത്തോളമാണെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചു. ഒരു ചോദ്യത്തിന് ഉത്തരമായി ഗവൺമെന്റ് തന്നെ വ്യക്തമാക്കിയ കാര്യമാണിത്. ഞാൻ പറയുന്നത് സ്ത്രീകൾക്കെതിരെ മാത്രമല്ല, പുരുഷൻമാർക്കുപോലും ഈ നാട്ടിൽ സമാധാനപരമായി ജീവിക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമുണ്ട്. എന്തുകൊണ്ടാണത് ഉണ്ടാകുന്നത്.

ഇനി അതിനൊരു പുതിയ നിയമമുണ്ടാക്കണോ? നിലവിലുള്ള നിയമമനുസരിച്ച് കുറ്റക്കാരായ ആളുകളുടെ മേൽ കേസ് ചാർജ് ചെയ്ത് നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്ന് നീതി നിർവ്വഹിക്കണം. അതിനാണോ ഈ ഗവൺമെന്റ് തയ്യാറാകുന്നത്. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിയോട് ഞാൻ വിനയപൂർവ്വം ചോദിക്കുകയാണ്, ഈ ഗവൺമെന്റ് വന്നതിനുശേഷം എത്ര കേസുകൾ പിൻവലിച്ചു എന്നറിയാമോ? 2628 കേസുകൾ പിൻവലിച്ചു. ആരാണ് ഈ കേസിലെ പ്രതികൾ, കേസ് എന്തിനുവേണ്ടിയാണ് പിൻവലിച്ചത്. ഈ കേസിൽ പ്രതികളായ ആളുകൾ ചെയ്ത കുറ്റകൃത്യത്തിന്റെ ദുരിതം അനുഭവിച്ച ആളുകൾ 2628-ലധികമുണ്ടാകും. ആ ആളുകൾക്ക് എന്ത് നീതിയാണ് ഈ സർക്കാർ കൊടുത്തത്. ഇതിനോടകം പിൻവലിച്ച കേസുകൾ 2628, ഇപ്പോൾ സർക്കാർ പിൻവലിക്കുന്നതിനുവേണ്ടി പരിഗണനയിലിരിക്കുന്ന കേസുകളുടെ എണ്ണം 1320. ഇതെന്ത് ന്യായമാണ്? എന്റെ നാട്ടിലെ അനുഭവം ഞാൻ പറയാം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബാങ്ക് കവർച്ച കേസിലെ പ്രതിയുടെ പേരിലുള്ള കേസ് പിൻവലിച്ചു. എന്ത് നീതിയും എന്ത് ന്യായവുമാണ് ഇവിടെ നടപ്പാക്കുന്നത്. ഇവിടെ കഴിഞ്ഞ ദിവസം ചർച്ച ചെയ്തു, ഓരോ വിഷയത്തിന്റേയും മെരിറ്റാണോ അടിസ്ഥാനപ്പെടുത്തുന്നത്. മെരിറ്റല്ല പ്രശ്നം. ആരാണ് ഒരു ഭാഗത്ത് എന്നാണ് നോക്കുന്നത്. ഇവിടെ ഓരോ പഴയകാല സംഭവങ്ങളും എടുത്ത് പരിശോധിച്ചാൽ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെയും പ്രതിപക്ഷത്തിരിക്കുന്ന ആളുകളുടെയും ഭാഗമായി പ്രവർത്തിക്കുന്ന ഓരോരുത്തരേയും പ്രതിക്കൂട്ടിൽ കയറ്റുകയാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ):</u> സർ, കേസ് പിൻവലിക്കുന്നതിനെക്കുറിച്ച് അങ്ങ് ഇവിടെ വിശദീകരിക്കുകയുണ്ടായി. എന്നാൽ ഇവിടെ പിൻവലിച്ച

കേസുകളിൽ മിക്ക കേസുകളും വർഗ്ഗീയ ലഹളയുമായി ബന്ധപ്പെട്ട കേസുകളാണ്. അതിനോടനുബന്ധിച്ചുള്ള പ്രതികളെ രക്ഷിക്കുന്നതിനുവേണ്ടിയാണ് പിൻവലിച്ച കേസുകളിൽ മിക്ക കേസുകളുമെന്ന് താങ്കൾക്കറിയാമോ?

ശ്രീ. ജെയിംസ് മാത്യു: സർ, വർഗ്ഗീയതയുമായി ബന്ധപ്പെട്ട് അല്ലെങ്കിൽ വർഗ്ഗീയ ലഹളയും കലാപവും ഉണ്ടാക്കിയ ആളുകൾ പ്രതികളായ കേസുകൾ മാത്രമല്ല, പിൻവലിക്കപ്പെട്ട കേസുകളിലെ പ്രതികൾ കഴിഞ്ഞ 10 ദിവസത്തിനിടയിൽ കാസർഗോഡ് ജില്ലയിൽ മാത്രം 15-ലധികം വർഗ്ഗീയലഹളയും കലാപങ്ങളും ഉണ്ടാകുന്ന സംഭവങ്ങളിൽ ഭാഗഭാക്കാകുകയും വീണ്ടും അവർ കേസിൽ പ്രതികളാകുകയും ചെയ്തവരാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇത് കേൾക്കേണ്ടതായിരുന്നു. ഇത് നിയമം ഇല്ലാത്തതിന്റെ കുഴപ്പമല്ല. ഈ ഗവൺമെന്റ് എത്ര പുതിയ നിയമം ഉണ്ടാക്കിവച്ചിട്ടും കാര്യമില്ല. ആ നിയമം ജനങ്ങൾക്കുവേണ്ടി പ്രയോജനപ്പെടുത്താനാണോ ഈ ഗവൺമെന്റ് തയ്യാറാകുന്നതെന്ന് പരിശോധിക്കണം. അയ്യായിരത്തോളം കേസുകൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പിൻവലിച്ചു. അതിന്റെ മാത്രം ഫലമായി കാസർഗോഡ് ജില്ലയിൽ ഇക്കഴിഞ്ഞ 15 ദിവസത്തിനുള്ളിൽ നിരവധി അക്രമ സംഭവങ്ങളുണ്ടായി. ഏത് അക്രമം നടത്തിയാൽ എന്താണ് പ്രശ്നം. അത് ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിന്റെ ഭാഗത്തുനിന്നുമാത്രമാണെന്ന് ഞാൻ പറയുന്നില്ല. എൻ.ഡി.എഫ്.-ന്റെ ആളുകൾ പ്രതികളായ കേസുകൾ, ഭരണകക്ഷിയുടെ താല്പര്യം അത്രത്തോളം നീണ്ടുപോകുന്നുണ്ടോ എന്നാണ് ഞാൻ ആശങ്കപ്പെടുന്നത്. കടുത്ത വർഗ്ഗീയത വച്ചുപുലർത്തുന്ന എൻ.ഡി.എഫ്.-ന്റെ ആളുകൾ മാത്രം പ്രതികളായ കേസുകളും അതിന്റെ ഭാഗമായി പിൻവലിക്കപ്പെട്ടു. അതിന്റെ ഫലം ഇപ്പോൾ ആ ജില്ലയിൽ അനുഭവിക്കുകയാണ്. അവിടെ മാത്രമല്ല, കണ്ണൂരിലും അനുഭവി

ക്കുകയാണ്. ബില്ലിന്റെ ചർച്ചയ്ക്ക് എന്റെ സുഹൃത്ത് ശ്രീ. ഉബൈദുള്ള സംസാരിക്കുന്ന ഘട്ടത്തിൽ പഴയകാല സംഭവങ്ങൾ അനുസ്മരിച്ചുകൊണ്ട് ചില കാര്യങ്ങൾ പറഞ്ഞു. ഇത്തരത്തിൽ തങ്ങൾക്ക് താല്പര്യമുള്ള ആളുകളുടെ പേരിൽ വരുന്ന കേസുകളെല്ലാം പിൻവലിക്കുകയും തങ്ങൾക്കിഷ്ടമില്ലാത്ത ആളുകളുടെ പേരിൽ വരുന്ന കേസുകളെല്ലാം ചാർജു ചെയ്യുകയുമാണ്.

ശ്രീ. എം. എം. മണി പ്രസംഗിച്ചാൽ കേസുണ്ടാകും. ശ്രീ. കെ. സുധാകരൻ പ്രസംഗിച്ചാൽ കേസുണ്ടാവില്ല. ജയകൃഷ്ണൻ മാഷിനെക്കുറിച്ചുള്ള വെളിപ്പെടുത്തൽ വന്നാൽ കേസുണ്ടാകും. എന്നാൽ അതിന് മുൻപ് കൊല്ലപ്പെട്ട നിരവധിയാളുകളെക്കുറിച്ച്, ആ കൊലപാതകങ്ങൾക്കെല്ലാം ദൃക്സാക്ഷികളായ ആളുകൾ, തങ്ങളുടെ കൂടി ഭാഗമായാണ് ആ കൊലകളെല്ലാം നടന്നതെന്ന് വിശദീകരിച്ചാൽ കേസില്ല. ജഡ്ജിമാർ കൈക്കൂലി വാങ്ങിയത് എന്റെ കൺമുമ്പിൽ വച്ചാണെന്ന് പ്രസംഗിച്ചാൽ അതിന്റെ വീഡിയോ ടേപ്പുണ്ടെങ്കിൽ കേസില്ല. എന്തൊരപമാനകരമായ അവസ്ഥയാണ് ഈ നാട്ടിൽ.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. വി.ഡി. സതീശൻ)

മി. ചെയർമാൻ: ശ്രീ. ജെയിംസ് മാത്യു, അങ്ങ്...

ശ്രീ. ജെയിംസ് മാത്യു: ഞാൻ ഈ ബില്ലിൽ ഒതുങ്ങി നിന്നുതന്നെയാണ് സംസാരിക്കുന്നത്. ഞാൻ പറയാനാഗ്രഹിക്കുന്നത് നിയമം ഉണ്ടാകണമെന്നതല്ല പ്രശ്നം, എത്ര നിയമം ഉണ്ടായിട്ടെന്താ കാര്യം. എന്റെ തൊട്ടു പുറകിലിരിക്കുന്ന ബഹുമാനപ്പെട്ട അംഗം ശ്രീ. റ്റി. വി. രാജേഷ് ഒരു കൊലക്കേസിൽ പ്രതിയായതിനെ തുടർന്ന് ഈ സഭയ്ക്കകത്ത് എത്ര വലിയ ബഹളമായിരുന്നു. ശ്രീ. റ്റി. വി. രാജേഷിനോടൊപ്പം എന്റെ പാർട്ടിയുടെ ജില്ലാ സെക്രട്ടറിയും കൊലക്കേസിൽ പ്രതിയായി. ആ ജില്ലയ്ക്കകത്തു മാത്രമല്ല സംസ്ഥാ

നത്തുടനീളം ഏറ്റവും ഗൗരവതരമായ ഒരു സ്ഥിതിവിശേഷത്തിലേക്ക് രാഷ്ട്രീയ സാഹചര്യങ്ങളെ കൊണ്ടു ചെന്നെത്തിക്കുന്നതിന് ഇടയാക്കിയ ഒരു സംഭവവികാസമായിരുന്നു അത്. ഞാൻ അതിന്റെ വിശദാംശങ്ങളി ലേയ്ക്ക് കടക്കുന്നില്ല. ഒരൊറ്റ കാര്യം പറയട്ടെ, എങ്ങനെ പറയാതിരിക്കാൻ പറ്റും. 118-ാം വകുപ്പു വച്ചുകൊണ്ടാണ് ഈ നിയമസഭയിലെ അംഗമായി ട്ടുള്ള ശ്രീ. റ്റി. വി. രാജേഷിനെയും എന്റെ പാർട്ടിയുടെ കണ്ണൂർ ജില്ലാ സെക്രട്ടറി സഖാവ് ശ്രീ. പി. ജയരാജനെയും കേസിൽ പ്രതിയാക്കിയത്. എന്താണ് 118-ാം വകുപ്പ്? ഒരുപാട് വക്കീലൻമാർ ഇവിടെ ഇരിക്കുന്നു. നിയമ വകുപ്പുമന്ത്രി പൈലറ്റ് ചെയ്ത ബിൽ, 118-ാം വകുപ്പ്, ഒരു കുറ്റ കൃത്യം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടും തക്കസമയത്ത് തടഞ്ഞില്ല. ഇവ രുടെ ശ്രദ്ധയിൽ ഒരു കുറ്റകൃത്യം നടക്കാൻ പോകുന്ന കാര്യമുണ്ടായിരുന്നു വെന്ന്, രണ്ടാളുകൾ പറഞ്ഞു. യഥാർത്ഥ സംഭവം എല്ലാവർക്കുമറിയാം. അവിടെ പാർട്ടി പ്രവർത്തകർ ആക്രമിക്കപ്പെട്ടതറിഞ്ഞുകൊണ്ട് അവിടേയ്ക്ക് പോയ ശ്രീ. റ്റി. വി. രാജേഷിനെയും ശ്രീ. പി. ജയരാജിനെയും ഒരു സംഘം ആളുകൾ അവരുടെ വാഹനം തടഞ്ഞുനിർത്തി കല്ലെറിഞ്ഞും അടിച്ചും ആക്രമിച്ച് പരിക്കേൽപ്പിച്ചു. അവർ രണ്ടുപേരും തളിപറമ്പ് സഹകരണ ആശുപത്രിയിൽ അഡ്മിറ്റായി. സഹകരണ ആശുപത്രിയിൽ അവരെ കാണു ന്നതിനുവേണ്ടി എത്തിച്ചേർന്ന പാർട്ടി പ്രവർത്തകർക്കിടയിൽ നിന്ന് അവി ടത്തെ ഒരു പാർട്ടി ലോക്കൽ സെക്രട്ടറിയായ വേണു ഫോൺ ചെയ്യുന്നത് കേട്ടു. അദ്ദേഹം ഫോൺ ചെയ്യുന്നത് കേട്ട രണ്ടാളുകൾ അബുവും മുഹമ്മദ് സാബിറും. ഈ രണ്ട് സാക്ഷികൾ കൊടുത്ത മൊഴിയെ അടിസ്ഥാനപ്പെടുത്തി 118-ാം വകുപ്പനുസരിച്ച് ശ്രീ. റ്റി. വി. രാജേഷിനെയും ശ്രീ. പി. ജയരാ

ജനെയും പ്രതി ചേർത്തു. അപ്പോൾ പ്രതി ചേർത്ത അബുവും സാബിറും സാക്ഷിയായി. എന്താ അബുവും സാബിറും ചെയ്തത്. അബുവും സാബിറും കോ-ഓപ്പറേറ്റീവ് ആശുപത്രിയിലേയ്ക്ക് പോകുമ്പോൾ ഒരു മുറിയുടെ വാതിൽ പകുതി........... കൈയും കാലും എടുത്ത് കലാശക്കൊട്ട് കാണിച്ചിട്ട് ഒരു കാര്യവുമില്ല. കുറച്ച് മുമ്പ് ചോദിച്ചു ആരാ മൈക്ക് കൊടുത്തതെന്ന്? അപ്പോൾ ഞാൻ ഇരുന്നു. ഇപ്പോൾ മൈക്ക് കൊടുത്തത് ആരാണെന്ന് വേണ മെങ്കിൽ നിങ്ങൾ ചോദിക്കൂ. നിങ്ങൾ എന്തും പറഞ്ഞോ, ഞാൻ പറയാൻ നിശ്ചയിച്ചത് പറഞ്ഞല്ലാതെ അവസാനിപ്പിക്കില്ല. അതിൽ സംശയം വേണ്ട.

<u>മി. ചെയർമാൻ</u>: നിങ്ങൾ ഇരിക്കൂ... ശ്രീ. ജെയിംസ് മാത്യു, അങ്ങ് ബില്ലിൽ ഒതുങ്ങി നിന്ന് സംസാരിക്കണം. ഇനി മറ്റൊരു ബില്ലുകൂടി എടു ക്കാനുണ്ട്.

<u>ശ്രീ. ജെയിംസ് മാത്യു</u>: സാർ ആലോചിച്ചു നോക്കൂ.

<u>മി. ചെയർമാൻ</u>: നമ്മൾ ബില്ലിൽ ഒതുങ്ങി നിന്ന് സംസാരിക്കണം. ഒരു പാട് സമയം എടുക്കാൻ പറ്റില്ല. ബില്ലിന് പുറത്തുള്ള കാര്യം സംസാരിച്ച് ഒരുപാട് സമയം നീട്ടിക്കൊണ്ടു പോകാൻ പറ്റില്ല.

<u>ശ്രീ. ജെയിംസ് മാത്യു</u>: ബില്ലിൽ ഒതുങ്ങി നിന്നാണ് പറയാൻ പോകുന്നത്. പരമാവധി ഒതുങ്ങുന്നുണ്ട്. ഇതിനപ്പുറം ഒതുങ്ങാൻ നിവൃത്തിയി ല്ലാത്തതു കൊണ്ടാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം നമ്മൾ പരമാവധി ഒതുങ്ങി നിൽക്കുകയാണ്. ഇതിലേറെ ഒതുങ്ങാൻ നിവൃ ത്തിയില്ലാത്തതുകൊണ്ടാണ്. 118-ാം വകുപ്പനുസരിച്ച് ഇത്തരമൊരു കേസ് ചാർജ് ചെയ്ത സന്ദർഭത്തിൽ സാക്ഷികളായ രണ്ട് ആളുകൾ മുഹമ്മദ് സാബിറും അബുവും.

<u>മി. ചെയർമാൻ</u>: കൺക്ലൂഡ് ചെയ്യൂ. ആ വിഷയം പറഞ്ഞു തീർക്കണം.

<u>ശ്രീ. ജെയിംസ് മാത്യു</u>: അത് തന്നെയാണ് പറയാൻ പോകുന്നത്. അത് പറയട്ടെ...

<u>മി. ചെയർമാൻ</u>: അത് ബില്ലിലുളള കാര്യമല്ല. ഇപ്പോൾ തന്നെ 22 മിനിറ്റ് കഴിഞ്ഞു.

<u>ശ്രീ. ജെയിംസ് മാത്യു</u>: അത് തന്നെയാണ് പറയാൻ പോകുന്നത്. സാർ ഇടപെടുന്തോറും സമയം നീണ്ടുപോകും.

<u>മി.ചെയർമാൻ</u>: ഇല്ല. അത് ശരിയല്ല.

<u>ശ്രീ. ജെയിംസ് മാത്യു</u>: ഞാൻ കൺക്ലൂഡ് ചെയ്യാൻ പോവുകയാണ്.

<u>മി. ചെയർമാൻ</u> കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. ജെയിംസ് മാത്യു</u>: അത് തന്നെയാണ് പറയാൻപോകുന്നത്. ആ രണ്ടു പേരും കേട്ടു നിന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ആ രണ്ടുപേർക്കു മെതിരായി നന്ദനൻ എന്നയാൾ കേസുകൊടുത്തു. സാബിറും അബുവും ഇതേ കുറ്റകൃത്യം കേട്ടുകൊണ്ടുനിന്ന രണ്ട് ആളുകളാണ്. അതുകൊണ്ട് അവരും ഇതിൽ പ്രതികളാകണം. 118-ാം വകുപ്പ്, ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യപ്പെട്ട ശ്രീ. പി. ജയരാജനും ശ്രീ. റ്റി. വി. രാജേഷിനും എങ്ങനെ ബാധ കമാകുന്നുവോ അതേ കാര്യം കേട്ട അബുവും മുഹമ്മദ് സാബിറും 118-ാം വകുപ്പനുസരിച്ച് അതേ കൊലകേസിൽ പ്രതികളാകണമെന്ന് പറഞ്ഞ് നന്ദനൻ എന്നു പറയുന്ന ആൾ കേസുകൊടുത്തു. ........(ബഹളം).......അക്ഷമ രായിട്ട് ഒരു കാര്യവുമില്ല

<u>മി. ചെയർമാൻ</u>: അങ്ങ് കൺക്ലൂഡ് ചെയ്യണം.

<u>ശ്രീ. ജെയിംസ് മാത്യു</u>: ഈ പാർട്ട് വായിച്ച് ഞാൻ അവസാനിപ്പിക്കാം.

മി. ചെയർമാൻ: അത് ഈ ബില്ലിന്റെ ഭാഗമല്ല. എല്ലാവർക്കുമറിയാമല്ലോ.

ശ്രീ. ജെയിംസ് മാത്യു: ആറുവരി വായിച്ച് അവസാനിപ്പിക്കും.

മി. ചെയർമാൻ: സമയം വൈകി.

ശ്രീ. ജെയിംസ് മാത്യു: ആറുവരി വായിച്ച് ഞാൻ അവസാനിപ്പിക്കാം. .......(ബഹളം)..... പ്രതി കണ്ണൂർ ജുഡിഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി മുൻപാകെ ബോധിപ്പിച്ച അന്യായത്തിലെ പരാമർശങ്ങൾ .......(ബഹളം)..... തീർത്തും കളവും വസ്തുതകളുമായി പുലബന്ധം പോലുമില്ലാത്തതുമാണ്. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ആത്മാർത്ഥതയുള്ള....

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ, ബഹുമാനപ്പെട്ട അംഗം 24 മിനിട്ടായി പ്രസംഗിക്കുന്നു. 2012-ലെ ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താത്പര്യം സംരക്ഷണ ബിൽ പ്രസംഗിക്കുന്നതിനെ സംബന്ധിച്ച് റൂളിൽ വ്യവസ്ഥയുണ്ട്. ഈ പറയുന്ന കാര്യവും ഈ ബില്ലുമായി യാതൊരു ബന്ധവുമില്ല. അദ്ദേഹമിപ്പോൾ ഒരു കടലാസെടുത്ത് വായിക്കുന്നുണ്ട്. അത് ഈ ബില്ലുമായി യാതൊരു ബന്ധമില്ലാത്ത കാര്യമാണ്. പുലബബന്ധമില്ലാത്ത കാര്യമാണ്. അത് ഓർഡറിലാണോ? നിയമനിർമ്മാണത്തെ ഇങ്ങനെ പരിഹസിക്കരുത്. നിയമനിർമ്മാണ സഭകളെ ഇങ്ങനെ അധിക്ഷേപിക്കരുത്. ഇങ്ങനെ അപഹസിക്കരുത്. ഇത് ശരിയല്ല. .......(ബഹളം).......

ശ്രീ. ജെയിംസ് മാത്യു: എന്റെ പാർട്ടിയുടെ ആഭ്യന്തര കാര്യങ്ങളെക്കുറിച്ച് ഇവിടെ വിഴുപ്പലക്കുന്നത്.............

മി. ചെയർമാൻ: നിങ്ങളെല്ലാവരും കൂടി സംസാരിച്ചാലോ.....(ബഹളം)...... ആരാ സംസാരിക്കുന്നത്.. ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ്

പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചു. ഇവിടെ ബില്ലിൽ ഒതുങ്ങി നിന്ന് സംസാരിക്കണം.... (ബഹളം).....ഞാൻ പറയട്ടെ.......(ബഹളം)....... ഇരിക്കൂ......... നിങ്ങൾ ഇരിക്കൂ. നിങ്ങളെല്ലാവരും കൂടി സംസാരിക്കല്ലേ. നിങ്ങൾ ഇരിക്കൂ. ഇവിടെയുള്ള നിയമമനുസരിച്ച്, റൂൾസ് ഓഫ് പ്രൊസീഡ്യുവർ അനുസരിച്ച് റൂൾ 77 വളരെ വ്യക്തമായി പറയുന്നുണ്ട്. ഇവിടെ ആരും അത് പാലിക്കാറില്ല എന്ന് നമുക്കറിയാം. ഇത്രയും ബിൽ ചർച്ചയ്ക്കെടുക്കുന്ന ഒരു ദിവസമാണ്. ഇനിയുമൊരു ബിൽ കൂടിയുണ്ട്. ശ്രീ. ജെയിംസ് മാത്യു ഇപ്പോൾത്തന്നെ 25 മിനിട്ടോളം സമയം സംസാരിച്ചു. ഞാൻ അങ്ങയോട് പല പ്രാവശ്യം കൺക്ലൂഡ് ചെയ്യാൻ പറഞ്ഞു. ഈ ബില്ലുമായി ഒരു ബന്ധവുമില്ലാത്ത വിഷയമാണ് അങ്ങ് സംസാരിക്കുന്നത്. ദയവ് ചെയ്ത് അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. ജെയിംസ് മാത്യു: അഞ്ച് മിനിട്ടു കൊണ്ട് കൺക്ലൂഡ് ചെയ്യും. അതിലധികം ഒരു സെക്കന്റുമെടുക്കില്ല. സർ, പ്രതി കണ്ണൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി മുൻപാകെ ബോധിപ്പിച്ച അന്യായത്തിലെ പരാമർശങ്ങൾ തീർത്തും കളവും വസ്തുതകളുമായി പുലബന്ധം പോലുമില്ലാത്തതുമാണ്. *********** *********** ************ ************[3]ഇതാണ് ഈ കേരളത്തിൽ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണം ആരംഭിച്ചശേഷം ഞങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഈ സ്ഥിതി വിശേഷത്തിന് ഈ കേരളത്തിലെ ജനങ്ങൾക്ക് അൽപമെങ്കിലും ആശ്വാസം പകരാൻ ഏതെങ്കിലുമൊരു നിയമം നിർമ്മിക്കുമോ. നിങ്ങളുടെ മുന്നിൽ നിയമങ്ങളില്ലാഞ്ഞിട്ടല്ല. നിങ്ങൾ നിയമങ്ങൾ പക്ഷപാതപരമായി നടപ്പാക്കുന്നു. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പു മന്ത്രി, വിനയപൂർവം അങ്ങയോട്

[3] ബഹു. സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം നീക്കം ചെയ്തു.

അഭ്യർത്ഥിക്കുകയാണ്. അങ്ങേയറ്റം പക്ഷപാതപരമായി പ്രതിപക്ഷത്തുള്ള ആളുകൾ സ്ത്രീകളാകട്ടെ, പുരുഷൻമാരാകട്ടെ ആ പാർട്ടി പ്രവർത്തകർക്കും പ്രതിപക്ഷ അംഗങ്ങൾക്കുമെതിരെ എന്തെല്ലാം നിയമനടപടി സ്വീകരിക്കാമോ അതെല്ലാം സ്വീകരിക്കുകയാണ്. കെട്ടിച്ചമച്ച കള്ള കേസിൽ അങ്ങയുടെ ഒരു സഹപ്രവർത്തകനെ പോലീസ് ഇതുപോലെ പ്രതിയാക്കിയിട്ട് അൽപംപോലും മനസാക്ഷി കുത്തില്ലാതെ ഇവിടെ ശ്രീ. ശ്രീരാമകൃഷ്ണൻ പറഞ്ഞതുപോലെ പകർന്നാട്ടം നടത്തുകയാണ്. ഒരു ഭരണം നിലനിർത്താൻ നിങ്ങൾ ഇതും ഇതിനപ്പുറവും ചെയ്യും. അതുകൊണ്ട് ഒരു കാരണവശാലും ഇത്തരമൊരു നിയമം കൊണ്ടുവരുന്നത് ജനങ്ങളെ രക്ഷിക്കാനാണ്,നിക്ഷേപകരെ രക്ഷിക്കാനാണ് എന്നൊരു വിശ്വാസവുമില്ലാത്തതിനാൽ ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ആർക്കിഷ്ട്ടപ്പെട്ടാലും ഇഷ്ടപ്പെട്ടില്ലെങ്കിലും കോടതിയിൽ നടക്കുന്ന ഒരു കേസിൽ അതുമായി ബന്ധപ്പെട്ട ഒരു സാക്ഷി സബ്ജുഡീസാകുന്ന കേസിൽ, അതുമായി ബന്ധപ്പെട്ട സാക്ഷിമൊഴി ദയവായി റെക്കോർഡിൽ കാണരുത്. അതുകൊണ്ട് അങ്ങ് സെക്ഷൻ 307 അനുസരിച്ച് അത് എക്സ്പഞ്ച് ചെയ്യുന്നതിന് വേണ്ടി റൂൾ ചെയ്യണം.

മി. ചെയർമാൻ: അത് പരിശോധിച്ചിട്ട് വേണ്ടത് ചെയ്യാം..... (ബഹളം)....... പറഞ്ഞല്ലോ. ഇനി നിങ്ങളുടെ കമന്റ് വേണ്ട. അദ്ദേഹം പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചു. ആ പ്രസംഗം പരിശോധിച്ച് വേണ്ടത് ചെയ്യും. അതിനെക്കുറിച്ച് വേറെ കമന്റ് വേണ്ട.

ശ്രീ. ബെന്നി ബെഹനാൻ : സർ, 2012-ലെ കേരള ധനകാര്യ സ്ഥാപന ങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ ഒരു സെലക്ട് കമ്മിറ്റി യുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇത്രമാത്രം എതിർക്കേണ്ടതോ ഇത്രമാത്രം രോഷം പ്രകടിപ്പിക്കേണ്ടതോ ആയ ഒരു ബില്ലല്ല ഇത്. വൻതോതിലുള്ള ലാഭവിഹിതവും പലിശയും വാഗ്ദാനം ചെയ്ത് അനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് സാധാരണ ക്കാരുടെ പണം തട്ടിയെടുക്കുകയും ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപി ക്കാൻ പ്രേരിപ്പിച്ച് നിക്ഷേപങ്ങൾ സ്വീകരിച്ചതിനുശേഷം വാഗ്ദാനലംഘനം നടത്തി കടന്നുകളയുന്ന സാമ്പത്തിക കുറ്റവാളികളെ കർശനമായി ശിക്ഷി ക്കുന്നതിനുംവേണ്ടി അവതരിപ്പിച്ച ബില്ലാണിത്. ശ്രീ. ജെയിംസ് മാത്യു, എനിക്ക് അദ്ദേഹത്തോട് യാതൊരു വിരോധവുമില്ല, ഈ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുന്ന സമയത്ത് അങ്ങേയ്ക്ക് ഏതു കാര്യവും സംസാരിക്കാം. ഞാൻ അതിനോട് യോജിക്കുന്നു. പക്ഷേ നഷ്ടബോധം നിങ്ങൾക്കുണ്ട്. ബെന്നി ബെഹനാൻ കഴിഞ്ഞ അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ചയിൽ രാഷ്ട്രീയം പറഞ്ഞില്ലേ എന്ന് ശ്രീ. പി. ശ്രീരാമകൃഷ്ണൻ എന്നോട് ചോദി ച്ചു, നമുക്ക് രാഷ്ട്രീയം പറയാം, ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗ ത്തിലും അപ്രോപ്രിയേഷൻ ബില്ലില്ലും സപ്ലിമെന്ററി ഡിമാന്റ്സിലുമൊക്കെ നമുക്ക് രാഷ്ട്രീയം പറയാം. നമ്മളെല്ലാവരും സഭയിൽ രാഷ്ട്രീയം പറയു ന്നവരാണ്. ഇവിടെ സാമ്പത്തികകുറ്റം കാണിച്ച്, ആളുകളെ പ്രലോഭിപ്പിച്ച് പണം തട്ടിക്കൊണ്ടുപ്പോകുന്ന സാമൂഹികവിരുദ്ധ ശക്തികളെ നിയന്ത്രിക്കുന്ന തിനുവേണ്ടി വ്യവസ്ഥാപിതമായ ഒരു ബിൽ കൊണ്ടുവരുമ്പോൾ ആ

ബില്ലിന്റെ ഉള്ളടക്കത്തിൽ നിന്ന് മാറിനിന്നുകൊണ്ടാണ് അങ്ങ് സംസാരിച്ചത്. സത്യത്തിൽ ഞാൻ വിചാരിച്ചത് ശ്രീ. റ്റി. വി. രാജേഷ് ഇത്തരത്തിലുള്ള ഏതോ ഒരു സ്ഥാപനം നടത്തിയിരുന്ന വ്യക്തിയാണ് എന്നാണ്. ഞാന റിയുന്ന രാജേഷ് ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ നടത്തുന്ന വ്യക്തിയല്ലാത്ത തുകൊണ്ട് എനിക്കത് വിശ്വസിക്കാൻ കഴിഞ്ഞില്ല. അപ്പോൾ നിങ്ങൾ കഴിഞ്ഞ രണ്ടുമൂന്നു ദിവസമായി നിയമസഭയിൽ നടത്തിയ നിലപാടുമൂല മാണ്, സമീപനം മൂലമാണ് ഇത്തരം ഗതികേട് എന്റെ മാന്യസ്നേഹിതൻ ജെയിംസ് മാത്യുവിന് ഉണ്ടായതെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ഞാൻ ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ, വൻലാഭക്കൊതിമൂലം ആളുകളെ പ്രേരിപ്പിച്ച് നിക്ഷേപം സ്വീകരിച്ച് അവസാനം നിക്ഷേപവുമില്ല, ഓഫീസുമില്ല, അങ്ങനെ പോകുന്ന ആളുകളെയൊക്കെ ശിക്ഷിക്കുന്നതിനുവേണ്ടിയുള്ള പൊതുനിയമം നമ്മുടെ സംസ്ഥാനത്തുണ്ട്. പക്ഷേ, ഇത്തരം സ്ഥാപന നട ത്തിപ്പുകാരുടെ വിശ്വാസവഞ്ചനയ്ക്കും തട്ടിപ്പിനുമെതിരെ പൊതുനിയമപ്ര കാരം നടപടി സാധ്യമാണെങ്കിലും പണം നിക്ഷേപിച്ചവരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ നിലവിലുള്ള പൊതുനിയമം അപര്യാപ്തമായതുകൊണ്ടാണ് ഈ നിയമം കുറച്ചുകൂടി വ്യക്തതയോടുകൂടി കൊണ്ടുവരാൻ ബഹുമാനപ്പെട്ട മാണി സാർ തയ്യാറായത്. ഇത്തരത്തിലുള്ള ഒരു നിയമം കൊണ്ടുവരണ മെന്ന് റിസർവ്വ് ബാങ്കിന്റെ നിർദ്ദേശവുമുണ്ട്. ഇത്തരം കാര്യങ്ങൾ നിയന്ത്രി ക്കുന്നതിനുവേണ്ടി ഒരു ഭരണാഘടനാ സ്ഥാപനമായ റിസർവ്വ് ബാങ്കിന്റെ നിർദ്ദേശംകൂടി കണക്കിലെടുത്തുകൊണ്ടാണ് ഈ നിയമം കൊണ്ടുവന്നത്. അല്ലാതെ ബഹുമാനപ്പെട്ട റ്റി. വി. രാജേഷിനെ പിടിക്കാനോ അവിടത്തെ ആളുകളെ അറസ്റ്റ് ചെയ്യാൻ വേണ്ടിയോ കൊണ്ടുവന്ന നിയമമല്ല, തെറ്റിദ്ധരി ക്കരുതെന്ന് ഞാൻ വിനയപുരസരം അഭ്യർത്ഥിക്കുകയാണ്. അങ്ങനെയൊരു

ഇന്റർപ്രെട്ടേഷൻ നിയമസഭയിൽ നൽകരുത്. 1944 മുതൽ ഒരു ക്രിമിനൽ നിയമ ഭേദഗതി ഓർഡിനൻസ് നമ്മുടെ രാജ്യത്തുണ്ട്. ആ കേന്ദ്ര നിയമ ഓർഡിനൻസിന്റെ ഷെഡ്യൂളിൽ പറയുന്ന കാര്യങ്ങൾക്ക് മാത്രമേ ഞാനിവിടെ സൂചിപ്പിച്ച ജപ്തി നടപടി പറ്റുകയുള്ളൂ. അങ്ങനെ ജപ്തി നടപടികളുണ്ടായാൽ ഈ നിക്ഷേപകർ രക്ഷപ്പെടും. വീഴ്ച വരുത്തുന്ന ധനകാര്യ സ്ഥാപനങ്ങളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്യാനും പ്രത്യേക കോടതി സ്ഥാപിച്ച് തുടർനടപടികൾ സ്വീകരിക്കുവാനുമുള്ള വ്യവസ്ഥ ഈ ബില്ലിലുണ്ട്. ബഹുമാനപ്പെട്ട മാണി സാറിനോട് എന്റെ പരിമിതമായ നിയമബോധം വച്ചുകൊണ്ട് പറയുന്നു, ഭരണഘടനയുടെ 254(2) അനുച്ഛേദം അനുസരിച്ച് കേന്ദ്ര നിയമത്തിന് വിരുദ്ധമാണെങ്കിൽ കേരള നിയമസഭ പാസ്സാക്കുന്ന ഈ നിയമത്തിലെ വ്യവസ്ഥയ്ക്ക് ബഹുമാന പ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരം വേണ്ടിവരും. ബഹുമാനപ്പെട്ട രാഷ്ട്രപ തിയുടെ അംഗീകാരം തേടേണ്ട ഒരു നിയമം, ബഹുമാനപ്പെട്ട റിസർവ്വ് ബാങ്കിന്റെ നിർദ്ദേശപ്രകാരം അവതരിപ്പിച്ച നിയമം, ഇന്ന് നമ്മുടെ സമൂഹ ത്തിൽ കാണുന്ന ഏറ്റവും വലിയ തട്ടിപ്പായ സാമ്പത്തിക കുറ്റം നടത്തുന്ന കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിച്ച് വഞ്ചിക്കപ്പെട്ടുപോയ ആളുകൾക്ക് ജപ്തി നടപടിയിലൂടെ അവരുടെ നിക്ഷേപം തിരിച്ചുകൊടുക്കുന്നതിനുവേണ്ടി സദുദ്ദേശ്യപരമായ കൊണ്ടുവന്ന ഒരു നിയമത്തെ 35 മിനിട്ടിൽ അങ്ങ് ..........., ഒഞ്ചിയത്തെ പ്രശ്നമല്ല ഈ നിയമത്തിൽ, മാഞ്ചിയത്തിന്റെ പ്രശ്നമാണ്. ആട്, മാഞ്ചിയം പദ്ധതി ഉണ്ടായിരുന്നു. ഒഞ്ചിയം എന്ന് ആദ്യം കേട്ടപ്പോൾ ഞാൻ വിചാരിച്ചത് ആട് മാഞ്ചിയത്തെക്കുറിച്ചാണെന്നാണ്. ആട് മാഞ്ചിയം തട്ടിപ്പുണ്ടായപ്പോൾ അത് നിർത്താൻ നമുക്ക് കഴിഞ്ഞു. തേക്കിൻ തടി തട്ടിപ്പ്,

മണി ചെയിൻ തട്ടിപ്പ് - ലിസ് എന്നപേരിൽ ലിസ് ചാക്കോയുടെ ഒരു കമ്പനി യുണ്ടായിരുന്നു. ഒഞ്ചിയമല്ല, മാഞ്ചിയം. മാഞ്ചിയം പോലെയുള്ള തട്ടിപ്പു കളെ നിയന്ത്രിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന നിയമത്തിൽ എന്തിനാണ് ശ്രീ. റ്റി. വി. രാജേഷിനെ പിടിച്ചുകൊണ്ടുവന്നത്? ശ്രീ. റ്റി. വി. രാജേഷി നോട് വല്ല വിരോധവുമുണ്ടെങ്കിൽ അത് തീർത്താൽ പോരേ? ശ്രീ. ജെയിംസ് മാത്യു, നിങ്ങൾക്കു തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടായിരിക്കും, നിങ്ങൾ ഏത് ഗ്രൂപ്പാണെന്ന് പോലും എനിക്കറിയില്ല. അതുകൊണ്ട് നമുക്ക് ഈ നിയമം കുറച്ചുകൂടി..... ഈ നിയമത്തിലെ കാര്യങ്ങൾ നമുക്കറിയാം. വാഗ്ദാ നങ്ങൾ പാലിച്ച് നിക്ഷേപങ്ങൾ തിരികെ നൽകുന്നതിലും പലിശ നൽകുന്ന തിനും വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അതിനുള്ള ശിക്ഷ ഉൾപ്പെടെ ഇതിൽ ധാരാളം കാര്യങ്ങളുണ്ട്. ആദ്യത്തെ വകുപ്പിൽ പറഞ്ഞിരിക്കുന്നതെന്താണ്? ഏതെങ്കിലും ധനകാര്യ സ്ഥാപനം നിക്ഷേപകരെ വഞ്ചിക്കുക എന്ന ഉദ്ദേശ്യ ത്തോടുകൂടി കരുതിക്കൂട്ടി പ്രവർത്തിക്കുന്നുവെന്ന് സർക്കാരിന് വിശ്വസി ക്കാൻ തക്കതായ കാരണമുണ്ടെങ്കിൽ ഇവർക്കെതിരെ ജപ്തി നടപടി സ്വീകരി ക്കാം. സർക്കാരിന് തോന്നിയാൽ മാത്രമല്ലേ സാധിക്കൂ എന്ന് ശ്രീ. ജെയിംസ് മാത്യു ഇവിടെ സൂചിപ്പിച്ചു. സർക്കാരിന് തോന്നിയാൽ മാത്രമല്ല, അത് അതിലെ ഒരു ക്ലാസാണ്. അതിന് മുമ്പ് ഒരു ക്ലാസുണ്ട്. അതായത് കാലാവധി പൂർത്തിയാക്കിയതിനുശേഷം ഏതെങ്കിലും ധനകാര്യസ്ഥാപനം നിക്ഷേപങ്ങൾ മടക്കി നൽകുന്നതിൽ വീഴ്ച വരുത്തുകയോ നിക്ഷേപത്തി ന്മേൽ പലിശ നൽകുന്നതിൽ വീഴ്ച വരുത്തുകയോ നിക്ഷേപം സേവനത്തി നുവേണ്ടിയോ വസ്തുക്കൾ നൽകുന്നതിനുവേണ്ടിയോ ആകുന്നിടത്ത് അത്തരം സേവനം അഥവാ വസ്തുക്കൾ നൽകുന്നതിൽ വീഴ്ച വരുത്തു കയോ ചെയ്താൽ നിരവധി നിക്ഷേപകരിൽ നിന്നും സർക്കാരിന് പരാതി

ലഭിക്കുന്ന സംഗതിയിൽ സർക്കാരിന് ഇടപെടാം. ഇതൊക്കെ ചില മാഫിയാ സംഘങ്ങളാണ് നടത്തുന്നത്. പാവപ്പെട്ട ഒരാൾ പരാതി കൊടുക്കാൻ പേടിക്കും. പരാതി കൊടുത്താൽ അവനെ ശാരീരികമായി കൈകാര്യം ചെയ്യുമെന്നതുകൊണ്ട് പരാതി കൊടുക്കാൻ പേടിക്കും. അങ്ങനെ പരാതി കൊടുക്കാൻ സാധാരണക്കാരൻ മുന്നോട്ടുവന്നില്ലെങ്കിൽ അവിടെയാണ് സർക്കാർ ഇടപെടുന്നത്. അവിടെ സർക്കാരിന് ബോദ്ധ്യപ്പെട്ടാൽ ഇതിൽ ഇടപെടാം, ജപ്തി നടപടിയെടുക്കാം. ആ ജപ്തി നടപടിയിലൂടെ നമുക്ക് തിരിച്ചുപിടിക്കാം. ഇതിലൊരു കോമ്പിറ്റന്റ് അതോറിറ്റിയുണ്ട്. ഒരു കോമ്പിറ്റന്റ് അതോറിറ്റി തീരുമാനിക്കുന്നു. നമ്മൾ ഇവിടെ എത്ര റവന്യൂ സ്റ്റേ ഉണ്ടാക്കുന്നു. എന്തു വന്നാലും സ്റ്റേ കൊടുക്കുകയാണ്. നമ്മൾ പോകുന്നത് താലൂക്ക് ഓഫീസിലോ വില്ലേജ് ഓഫീസിലോ ആണ്. ഇത് താലൂക്ക് ഓഫീസും വില്ലേജ് ഓഫീസുമൊന്നുമല്ല, കുറച്ചുകൂടി കോമ്പിറ്റന്റായ അതോറിറ്റി ഈ നിയമംമൂലം വരികയാണ്. ആ കോമ്പിറ്റന്റ് അതോറിറ്റിയാണ് ഇതിന്റെ തുടർനടപടി നടത്തേണ്ടതും ജപ്തി നടപടി പൂർത്തീകരിക്കേണ്ടതും. അത് മാത്രമല്ല ഒരു സ്പെഷ്യൽ കോർട്ടുണ്ടാക്കുന്നു. ഞാൻ കഴിഞ്ഞ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞതാണ്, ശ്രീ. മാണി സാർ അവതരിപ്പിച്ച ഈ ബില്ലിന്റെ ഏറ്റവും വലിയ സവിശേഷത എന്താണ്; ഇത്തരം തട്ടിപ്പുകൾ കണ്ടുപിടിക്കുന്നതിനുവേണ്ടിയും അതിന്റെ കേസ്സുകൾ നടത്തുന്നതിനുവേണ്ടിയും വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിനുവേണ്ടിയും ഒരു പ്രത്യേക കോടതിയുണ്ടാക്കി. എന്തുകൊണ്ടാണ് ഒരു പ്രത്യേക കോടതിയുണ്ടാക്കിയത്? ഈ ആക്ടിന്റെ ആവശ്യത്തിലേയ്ക്കായി സർക്കാരിൽ നിന്ന് ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ സമ്മതത്തോടുകൂടി ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിച്ചേക്കാവുന്ന പ്രദേശത്തോ പ്രദേശങ്ങൾക്കോ, കേസിനോ

കേസുകൾക്കോ വേണ്ടിയോ ജില്ലാ സെഷൻസ് ജഡ്ജിയുടെ പദവിയിലുള്ള ഒരു ജഡ്ജിയെക്കൂടി നിയമിച്ച് ഒന്നോ അതിലധികമോ പ്രത്യേക കോടതികൾ സ്ഥാപിക്കണം. നമുക്കറിയാം, നമ്മുടെ സംസ്ഥാനത്ത് നടക്കുന്ന പല കേസു കളിലും ആൾ മരിച്ചാൽപോലും തീർപ്പാകില്ല. സിവിൽ കേസ്, ക്രിമിനൽ കേസ്, അങ്ങനെ നമ്മൾ കേസ് കൊടുക്കും. കേസ് കൊടുത്താൽ അത് തീർപ്പാക്കാൻ കാലതാമസം വരുന്നതുകൊണ്ട് ചീഫ് ജസ്റ്റിസിന്റെ അനുവാദ ത്തോടുകൂടി ഒരു ജില്ലാ സെഷൻസ് ജഡ്ജിയുടെ പദവിയോടുകൂടിയുള്ള ഒന്നോ അതിലധികമോ കോടതികൾ നമ്മുടെ സംസ്ഥാനത്ത് സ്ഥാപിക്കണം. അതിന് സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കണം. നമ്മുടെ നാട്ടിൽ തട്ടിപ്പിനിരയായ എത്രയോ ആളുകളുടെ കഥ നമുക്കറിയാം. നല്ല പരസ്യം കൊടുത്ത് അവർ ആളുകളെ ആകർഷിക്കുന്നു. നമ്മുടെ മീഡിയയ്ക്ക് വളരെ യധികം സ്വാധീനമുള്ളതുകൊണ്ട് പാവപ്പെട്ടവനെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. മീഡിയയിൽ പരസ്യങ്ങൾ കണ്ട് അവർ ആകർഷിക്കപ്പെടും. പരസ്യം കണ്ട് ആകർഷിക്കപ്പെട്ട് അവസാനം വീടും പണയപ്പെടുത്തി ജീവിക്കുവാൻ നിവൃ ത്തിയില്ലാതെ നടക്കുന്ന എത്രയോ ആളുകൾ നമ്മുടെ നാട്ടിലുണ്ട്. അത്തരം ആളുകൾ കേസ് കൊടുത്താൽ, കേസ്സിന്റെ കാലാവധി കഴിയുന്നതുവരെ അവർ ജീവിച്ചുപോലുമിരിക്കില്ല. അങ്ങനെയുള്ള ആളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സ്പെഷ്യൽ കോടതി വയ്ക്കണമെന്ന് പറ യുന്നതിനെയാണോ ഇവിടെ ഓഞ്ചിയമെന്ന് പറഞ്ഞ് എതിർക്കു ന്നത്.

നമുക്ക് മാഞ്ചിയത്തെക്കുറിച്ച് ചർച്ച ചെയ്യാം. അത് നമുക്ക് ഈ ബില്ലിന കത്ത് ഉൾപ്പെടുത്താം. ഇതിന്റെ മറ്റൊരു സംഗതി, കുറ്റം ചെയ്യുന്നവരെ പത്തു വർഷംവരെ ശിക്ഷിക്കാം. ഇവിടെ കുറച്ചുമുമ്പ് ചർച്ചചെയ്തത് എന്താണ്? സഹോദരിമാരുടെ മാനം കവരുന്ന ആളുകൾക്ക് ഏഴ് വർഷത്തെ കഠിനതടവ്

കൊടുക്കുന്നത് പോരായെന്ന് പറയുന്നു. ബഹുമാനപ്പെട്ട കെ. എം. മാണി സാർ അവതരിപ്പിച്ചിരിക്കുന്ന സാമ്പത്തിക കുറ്റവാളികളെ ശിക്ഷിക്കുന്നതിനു വേണ്ടിയുള്ള ഈ ബില്ലിൽ ഏഴ് അല്ല പത്ത് വർഷത്തേയ്ക്കാണ് ശിക്ഷ കൊടുക്കണമെന്ന് പറയുന്നത്. അതും തീർന്നില്ല, ധനകാര്യസ്ഥാപനത്തിന്റെ കാര്യങ്ങളുടെ നടത്തിപ്പിന് ചുമതലപ്പെട്ട ഓരോ ആളും കുറ്റസ്ഥാപനത്തിന്റെ പത്ത് വർഷം വരെയാകാവുന്ന തടവും ഒരു ലക്ഷം രൂപയുടെ പിഴയും നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്. കൂടാതെ അത്തരം ധനകാര്യസ്ഥാപനം ഒരു ലക്ഷം രൂപ വരെ പിഴ നൽകാനും ബാധ്യതയുണ്ട്. പത്ത് വർഷത്തെ തട വ്, പിന്നെ പിഴ, വീണ്ടുമൊരു പിഴ. ഇതൊക്കെ നടത്തിയാലെ ഇവരെ നിയ ന്ത്രിക്കുവാൻ സാധിക്കൂ. അതിനുവേണ്ടിയുള്ള ബിൽ നമ്മുടെ സംസ്ഥാനത്ത് വരുമ്പോൾ എന്തിനാണ് എതിർക്കുവാൻ പോകുന്നത്. ഈ ബില്ലിൽ പറഞ്ഞി രിക്കുന്ന ഓരോ കാര്യങ്ങളും......ഞാൻ വളരെ ദീർഘമായി സംസാരിക്കു ന്നില്ല. ഇന്നുതന്നെ ഒരു ബില്ലുകൂടി ചർച്ചചെയ്യാനുണ്ട്, ഇപ്പോൾ 06.00 മണി യായി. ഞാൻ ദീർഘമായി സംസാരിക്കുന്ന ആളല്ല. എനിക്ക് ശ്രീ. ബാബു എം. പാലിശ്ശേരിയെപ്പോലെ പല കാര്യങ്ങളെക്കുറിച്ച് വിശാലമായി സംസാരി ക്കുവാനുള്ള അറിവ് കുറവായതുകൊണ്ട് വളരെ പരിമിതമായി ഈ വിഷയ ത്തിലേയ്ക്ക് മാത്രമായി ഒതുങ്ങുകയാണ്. ഈ ബില്ലിനെ എതിർക്കാൻ വരുന്ന ആളുകൾ,  ഈ ബില്ലിന്റെ അന്തസത്തയെ ഉൾക്കൊണ്ടുകൊണ്ട് സംസാരി ക്കണം. ഈ ബില്ലിന്റെ പ്രത്യേകത എന്താണ്? സ്വമേധയ കേസ്സെടുക്കാം, പരാതി കൊടുത്ത് കേസ്സെടുക്കാം, ജപ്തി നടപടികൾ നടത്താം, ജപ്തി നടപ ടികൾ കാലതാമസം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി കോമ്പീറ്റന്റ് അതോറിറ്റി രൂപീകരിക്കുന്നു, ജപ്തി നടപടികളുമായി ബന്ധപ്പെട്ട കേസ്സുകളിൽ പാവപ്പെ

ട്ടവർക്ക് നീതി ലഭിക്കുന്നതിനുവേണ്ടിയുള്ള സ്പെഷ്യൽ കോടതികൾ വരുന്നു, സ്പെഷ്യൽ പ്രോസിക്യൂട്ടറെ വയ്ക്കുന്നു. അതുമാത്രമല്ല ഇതിനകത്ത് മറ്റ് ചില കാര്യങ്ങൾ കൂടി പറയുന്നുണ്ട്. എല്ലാവരും കുറ്റക്കാരാണെന്ന് പറയുന്നില്ല. ഇതിനകത്ത് വളരെ പ്രസക്തമായ കാര്യമുണ്ട്. ഉത്തമ വിശ്വാസത്തില ല്ലാത്ത കൈമാറ്റം ലഭിച്ചവരിൽ നിന്ന് ഭൂമി കൈകാര്യം ചെയ്യാം. മുൻകാല പ്രാബല്യത്തോടെയാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ നാട്ടിൽ ഇത്തരം തട്ടിപ്പുകൾ നടത്തുന്നവർ അവസാനം ചെയ്യുന്നത് അവരുടെ കയ്യിൽ വസ്തുക്കളൊന്നും ഉണ്ടാകില്ല അതെല്ലാം വേറെ ഏതെങ്കിലും ബിനാമിയുടെ പേരിലേയ്ക്ക് മാറ്റും എന്നിട്ട് അവർ രക്ഷപ്പെടുകയും കോടതി അവസാനം പാപ്പരായി പ്രഖ്യാപിക്കുകയും ചെയ്യും. ജപ്തി ചെയ്യുന്ന സമയത്ത് അവരുടെ കയ്യിൽ കാശൊന്നും ഉണ്ടാകില്ല. അത്തരം സംഭവങ്ങൾ നേരിൽ കണ്ടുകൊണ്ട് രക്ഷപ്പെടാൻ വേണ്ടി വസ്തു കൈമാറ്റമുണ്ടെങ്കിൽ അത് തെരെഞ്ഞെടുത്ത് വസ്തു ജപ്തി ചെയ്ത് നിക്ഷേപകന് കാശ് കൊടുക്കാമെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. ഈ നിയമം പാസ്സാകുമെന്ന് കണ്ടതോടെ തട്ടിപ്പുകാർ ചെയ്യാൻ പോകുന്നത് ഇവരുടെ പേരിലുള്ള വസ്തുക്കളെല്ലാം വേറെ ആരുടെയെങ്കിലും പേരിൽ എഴുതി കൊടുത്തിട്ടുണ്ടാകും. ശ്രീ. കെ. എം. മാണി സാർ വളരെ ബുദ്ധിപൂർവ്വമാണ് ബില്ലിൽ എഴുതിച്ചേർത്തിരിക്കുന്നത്. ഈ ബില്ലിലെ 9-ാം വകുപ്പ് പ്രകാരം ഉത്തമ വിശ്വാസമില്ലാതെ കൈമാറ്റം ലഭിച്ചവരിൽ നിന്ന് ജപ്തി ചെയ്യുവാൻ കഴിയുന്ന വകുപ്പ് പ്രകാരം, ഇവർക്കാർക്കും ഇനി നേരത്തെ ഭൂമി കച്ചവടം നടത്തിയതിനുശേഷം പാപ്പരാണെന്ന് പറയുന്നവരെപ്പോലും പിടിക്കുന്ന രീതിയിൽ ഒരു പഴുതുമില്ലാതെയാണ് ബിൽ തയ്യാറാക്കിയിരിക്കുന്നത്. അപ്പുറത്തും ഇപ്പുറത്തുമിരിക്കു

ന്നവർ ആലോചിക്കണം എത്രയോ കുറ്റവാളികൾ ഇതിന്റെപേരിൽ നമ്മുടെ സംസ്ഥാനത്ത് രക്ഷപ്പെടുന്നു. ഈ നിയമസഭയിൽ ......

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, താങ്കൾ പറഞ്ഞുകൊണ്ടിരിക്കുന്നത് തട്ടിപ്പ് നടത്തിയ പണം കൊണ്ട് വർഷങ്ങൾക്കുമുമ്പ് സ്ഥലം വാങ്ങി ഇപ്പോൾ രക്ഷപ്പെടാൻ വേണ്ടി കൈമാറ്റം ചെയ്തത് മാത്രമാണ് നിയമം ഉപയോഗിച്ച് പിടിക്കുവാൻ കഴിയുന്നത്. ഉദാഹരണമായി കേരളത്തിലാകെ ശാഖയുള്ള എറണാകുളത്തെ പെൻ ബുക്സ് അവർ തട്ടിപ്പുനടത്തിയ പണം കൊണ്ട് സ്വത്തുക്കൾ ആരുടെ പേരിലാണ് വാങ്ങിയതെന്നുള്ളത് liquidate - ചെയ്ത വക്കീലിന് പോലും അറിയാൻ പാടില്ല, ആർക്കും അറിയാൻ കഴിയാത്ത സാഹചര്യമുണ്ട്. അവർ കൈമാറിയതല്ല. ഈ തട്ടിപ്പ് നടത്തിയ പണം കൊണ്ട് അവർ വേറെ വാങ്ങിയതാണ്. ഇതിന് എന്ത് ചെയ്യാൻ കഴിയും?

ശ്രീ. ബെന്നി ബെഹനാൻ: അറിയാൻ പാടില്ലാത്ത കാര്യത്തിൽ എനിക്കൊന്നും പറയാൻ കഴിയില്ല.

ശ്രീ. കെ. കെ. ജയചന്ദ്രൻ: ഈ ബില്ലിൽ പറയുന്നതുപോലെ മുൻകാല പ്രാബല്യത്തോടുകൂടി സാമ്പത്തിക തട്ടിപ്പ് നടത്തുന്നവരെ പിടികൂടുന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. സമീപകാലത്തുനടന്ന പല സംഭവങ്ങൾ വച്ചുനോക്കുമ്പോൾ അത്തരം ആളുകളെ പിടികൂടാൻ വിഷമമാണ്. അതിനാൽ ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾത്തന്നെ അവരുടെ സെക്യൂരിറ്റി ഗവൺമെന്റിന് ബോധ്യപ്പെടുന്ന രൂപത്തിൽ ഈ വ്യവസ്ഥയിൽ ഉൾപ്പെടുത്തുന്നത് നല്ലതാണ്. അതു സംബന്ധിച്ചുള്ള അഭിപ്രായമെന്താണ്?

ശ്രീ. ബെന്നി ബെഹനാൻ: ബില്ലിന്റെ അന്തസത്തയ്ക്ക് ഉതകുന്ന രീതിയിലുള്ള ഏത് നല്ല നിർദ്ദേശങ്ങളും ഉൾപ്പെടുത്തുവാൻ തയ്യാറാണ്.

അതിനകത്ത് യാതൊരു തെറ്റുമില്ല. ക്ലോസ് ബൈ ക്ലോസ് ഡിസ്ക്കഷൻ വരുന്ന സമയത്ത് നമുക്ക് പറയാം. ഇത് സബ്ജക്ട് കമ്മിറ്റിയിൽ പോകു മ്പോൾ അവിടെ അഭിപ്രായം പറയാം. തട്ടിപ്പ് അവസാനിപ്പിക്കുന്നതിനുവേണ്ടി യാണ് ബിൽ ഇവിടെ കൊണ്ടുവന്നത്. ഈ ബിൽ വരുന്നതോടെ സഹകരണ പ്രസ്ഥാനം നശിച്ചുപോകുമെന്നാണ് പറയുന്നത്. എന്തിനാണ് സഹകരണ പ്രസ്ഥാനം നശിച്ചുപോകുന്നത്? കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾക്ക് ശക്തി പകരണം. ഇന്ന് പാവപ്പെട്ടവന്റെ കാശുകൊണ്ടുപോകുന്നത് സഹക രണ പ്രസ്ഥാനങ്ങളല്ല, ഇത്തരം തട്ടിപ്പ് സംഘങ്ങളാണ് കൊണ്ടുപോകുന്നത്. പാവപ്പെട്ട ആളുകൾ സ്വന്തം പെൺമക്കളെ കെട്ടിച്ചുവിടുന്നതിനുവേണ്ടി അദ്ധ്വാനിച്ചുണ്ടാക്കുന്ന പണം ആകർഷകമായ പലിശ കൊടുക്കാമെന്ന് വാഗ്ദാനം നൽകി പ്രലോഭനങ്ങൾ നൽകി, കല്യാണം അടുത്ത വർഷമല്ലേ, രൂപ ഞങ്ങളെ ഏൽപ്പിക്കുക കല്യാണത്തിനുവരുമ്പോൾ മക്കൾക്ക് സ്ത്രീധ നവും സ്വർണ്ണവും മാത്രമല്ല കാറും വാങ്ങിച്ചുകൊടുക്കുവാനുള്ള പൈസ ഉണ്ടാകുമെന്ന് പറഞ്ഞുകൊണ്ട് പാവപ്പെട്ട രക്ഷകർത്താക്കൾ അദ്ധ്വാ നിച്ചുണ്ടാക്കുന്ന പണം തട്ടിയെടുത്ത് കൊണ്ടുപോകുന്ന സാമൂഹ്യവിരുദ്ധ ശക്തികളെ നിയന്ത്രിക്കാനാണ് ഈ ബിൽ. സാമൂഹ്യവിരുദ്ധ ശക്തികളെ നിയ ന്ത്രിച്ചാൽ മാത്രമേ പാവപ്പെട്ടവന്റെ പണം നമ്മുടെ സഹകരണ ബാങ്കി ലേയ്ക്ക് പോവുകയുള്ളൂ. പാവപ്പെട്ടവന്റെ കാശ് ഇത്തരം സ്ഥാപനങ്ങി ലേയ്ക്ക് പോകാതെ വന്നാൽ....... നമുക്കറിയാം ഇത്തരം സഹകരണ പ്രസ്ഥാ നങ്ങളാണ് ആളുകൾക്ക് ബാങ്കിംഗ് സമ്പ്രദായത്തെപ്പറ്റി ബോധമുണ്ടാക്കിയത്. പക്ഷേ ഇതെല്ലാം നമുക്ക് അറിയാം. വിദ്യാഭ്യാസമൊന്നുമല്ല അവിടെ വില പോകുന്നത്, നാട്ടിൻപുറത്തുള്ള പാവപ്പെട്ടവനെയാണ് തട്ടിപ്പിന് ഇരയാക്കു ന്നത്, പിന്നെ പണത്തിന് അമിതമായ ആർത്തിയുള്ളവനേയും. പണത്തിന്

അമിതമായി ആർത്തിയുള്ളവൻ എവിടെയെങ്കിലും പോയി തുലയട്ടെ. നമ്മൾ അതിനോട് യോജിക്കുന്നില്ല. പക്ഷേ നാട്ടിൻപുറത്തെ പാവപ്പെട്ടവൻ ഈ വാഗ്ദാനത്തിൽ, പ്രലോഭനത്തിൽപ്പെട്ടില്ലെങ്കിൽ സ്വാഭാവികമായും അവൻ സ്വരൂപിക്കുന്ന പണം നിക്ഷേപിക്കുന്നത് നാഷണലൈസ് ബാങ്കുകളിലും ഷെഡ്യൂൾഡ് ബാങ്കുകളിലുമല്ല അവന്റെ വീടിന് മുറ്റത്തുള്ള സഹകരണ ബാങ്കിലാണ്.. അതുകൊണ്ട് ശ്രീ. ജെയിംസ് മാത്യു നിങ്ങൾ തെറ്റിദ്ധരിക്കണ്ട. ഈ നിയമം പാസ്സാക്കിയാൽ നമ്മുടെ സഹകരണ പ്രസ്ഥാനം ശക്തിപ്പെടും. ഈ നിയമം ഇവിടത്തെ സഹകരണ പ്രസ്ഥാനങ്ങളെ കശാപ്പ് ചെയ്യുന്നതിനു വേണ്ടിയല്ല. സാമ്പത്തിക കുറ്റവാളികൾക്കെതിരെ ശക്തമായ നിയമ നിർമ്മാണമാണ് ഇവിടെ കൊണ്ടുവന്നത്. ബഹുമാനപ്പെട്ട മാണി സാർ സ്വകാര്യ ബാങ്കുകളെ നിയന്ത്രിക്കുന്നതിനുവേണ്ടി ഒരു ബിൽ കൊണ്ടുവന്നു. ആ ബില്ലിന്റെ ചർച്ചയിൽ നമ്മളൊക്കെ പങ്കെടുത്തതാണ്. സ്വകാര്യ ബാങ്കു കളെ നിയന്ത്രിക്കുവാൻ ഈ നിയമസഭതന്നെ പാസ്സാക്കിയ ബില്ലാണ്. സ്വ കാര്യ ബാങ്കുകളെ നിയന്ത്രിക്കുന്നതിനുവേണ്ടി നിയമസഭ പാസ്സാക്കിയ ബില്ലിന്റെ പരിധിയിൽ ഇവർ ഉൾപ്പടുന്നില്ല. അതാണ് ഞാൻ ആദ്യമേ പറഞ്ഞത് നമ്മുടെ സംസ്ഥാനത്ത് പൊതു നിയമമുണ്ട്. ആ പൊതു നിയമ ത്തിൽ എന്താണ് പറഞ്ഞിരിക്കുന്നത്? ആ പൊതുനിയമ പ്രകാരം വിശ്വാസവഞ്ചനയ്ക്കും തട്ടിപ്പിനും സ്ഥാപനം നടത്തിപ്പുകാർക്കുമെതിരെ നടപടി സാധ്യമാണെന്നാണ്. എന്നാൽ അവിടെ പണം നിക്ഷേപിച്ച് കബളിപ്പി ക്കപ്പെടുന്ന പാവപ്പെട്ടവന് സംരക്ഷണം കൊടുക്കുവാനുള്ള നിയമനിർമ്മാണം നമ്മുടെ സംസ്ഥാനത്തില്ല, നമ്മുടെ സമൂഹത്തിലില്ല. അതുകൊണ്ടാണ് റിസർവ്വ് ബാങ്ക് പറഞ്ഞത്, 1944-ലെ കേന്ദ്ര ഓർഡിനൻസിൽ പറഞ്ഞ പട്ടിക

യിൽപ്പെടാത്ത കാര്യങ്ങൾപോലും ഈ നിയമത്തിന്റെ പട്ടികയിലെ ഷെഡ്യൂളിൽ കൊണ്ടുവന്ന് കേസ്സെടുക്കണമെന്ന് പറഞ്ഞത്. അത് കേന്ദ്ര നിയമത്തിന് എതിരാണെങ്കിൽ, അതുകൊണ്ടാണ് ഞാൻ നേരത്തെ ആവശ്യപ്പെട്ടത് രാഷ്ട്രപതിക്ക് അയച്ചുകൊടുക്കണമെന്ന്. രാഷ്ട്രപതിക്ക് അയച്ചുകൊടുത്ത് അനുവാദം വാങ്ങി നിയമം നടപ്പിലാക്കിയതിനുശേഷം സാധാരണക്കാരന് സംരക്ഷണം കൊടുക്കേണ്ട ഒരു നിയമത്തിനെതിരെ ആ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് സംസാരിക്കാതെ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ തങ്ങളുടെ തലത്തിൽ വിലയിരുത്താത്തതിന്റെ പേരിലും രാഷ്ട്രീയമായി ആക്ഷേപം പറയാൻ വന്നാൽ ശ്രീ. സി. ദിവാകരാ... നമ്മൾ എങ്ങോട്ടാണ് പോകുന്നത്? അങ്ങ് നിയമത്തിൽ നിന്നുകൊണ്ട് സംസാരിക്കണമെന്ന് പറഞ്ഞല്ലോ. അങ്ങേയ്ക്ക് കിട്ടിയ അവസരം പോലും നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് സംസാരിക്കുന്നതിനുവേണ്ടി അങ്ങയുടെ സഹപ്രവർത്തകയായ ശ്രീമതി ഇ. എസ്. ബിജിമോൾക്ക് കൊടുത്ത് മാതൃക കാണിച്ച് ശ്രീ. സി. ദിവാകരൻ, നിങ്ങൾ സ്വകാര്യ സംഭാഷണവേളയിലെങ്കിലും ശ്രീ. ജെയിംസ് മാത്യുവിനോട് പറയണം നിങ്ങൾ ചെയ്തത് തെറ്റായിപ്പോയെന്ന്. ഞാൻ അവസാനിപ്പിക്കുകയാണ്. ഞാൻ കൂടുതൽ സമയമൊന്നും എടുക്കുന്നില്ല.

മി. ചെയർമാൻ: അങ്ങ് നല്ല മാതൃകയാണ്.

ശ്രീ. ബെന്നി ബെഹനാൻ: ഈ കാര്യത്തെക്കുറിച്ച് വളരെ ബോധമുള്ള അങ്ങയുടെ ലാംഗ്വേജ് ഞാൻ മനസ്സിലാക്കുന്നു. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. നിയമം കൊണ്ടുവന്ന ശ്രീ. കെ. എം. മാണി സാറിനെ ഒരിക്കൽ കൂടി അനുമോദിക്കുന്നു. കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും ശ്രദ്ധിക്കപ്പെടാൻ പോകുന്ന, ഒരു ചരിത്രമാകാൻ പോകുന്ന ഈ നിയമത്തിന്റെ

അന്തസത്ത പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് പാവങ്ങളെ പ്രലോഭിപ്പിക്കുന്ന, സാമ്പത്തിക കുറ്റവാളികളുടെ കയ്യിൽ കയ്യാമം വച്ച് അവരിൽ നിന്ന് ജപ്തി നടപടികൾ സ്വീകരിച്ച് കബളിപ്പിക്കപ്പെട്ട പാവപ്പെട്ടവന് പണം വിതരണം ചെയ്യുന്നതിനുവേണ്ടി എടുത്ത ഈ നിയമത്തെ ഒരിക്കൽക്കൂടി അനുകൂലിച്ചു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താനി: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്. 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപര്യസംരക്ഷണ ബില്ലുമായി ബന്ധപ്പെട്ട് ഈ ബില്ലിന്റെ പരിധിയിൽ നിന്നുകൊണ്ടല്ലാതെ ഒരുപാട് ആരോപണങ്ങൾ ഉന്നയിക്കപ്പെടുകയുണ്ടായി. ആടിനെ പട്ടിയാക്കി പട്ടിയെ പേപ്പട്ടിയാക്കുന്നതിൽ വളരെയേറെ കഴിവുള്ള ചില അംഗങ്ങൾ, ശ്രീ. ജെയിംസ് മാത്യുവിനെപ്പോലെയുള്ള ആളുകളാണ് ഇവിടെ അക്കാര്യങ്ങൾ സൂചിപ്പിച്ചത്. ഞാൻ ബില്ലിന്റെ ലിമിറ്റിലേയ്ക്കുതന്നെ വരാം. അക്കാര്യത്തിൽ ഒരു സംശയവും ആർക്കും വേണ്ട. കാരണം ഇതുപോലെയുള്ള ഒരു സഭയെ തെറ്റിദ്ധരിപ്പിക്കരുതെന്നു കരുതിയാണ് പറയുന്നത്. ഇന്ന് തളിപ്പറമ്പ് മുൻസിഫ് കോടതിയിൽ വന്നത് ഷുക്കൂർ വധക്കേസല്ല. ഷുക്കൂർ വധക്കേസ് ഒരു മുൻസിഫ് കോടതിയിലല്ല വരേണ്ടത്. അവിടെ വന്ന ഒരു കേസ്സിനെ അങ്ങനെ തെറ്റിദ്ധരിപ്പിച്ചതാണ്. ശ്രീ. അബുസാബിർ എന്നയാൾ ആ കേസ്സിൽ സാക്ഷിയാണെങ്കിൽ ശ്രീ. ജയരാജിനെപ്പോലെ തന്നെ അവരും ഒരു ഗൂഢാലോചനയിൽ ഉൾപ്പെട്ടിട്ടില്ലേ? എങ്കിൽ 118 വകുപ്പനുസരിച്ച് കേസ്സെടുക്കണമെന്നായിരുന്നു കോടതിയിൽ ഉന്നയിച്ചത്. സി.പി.എം. മെമ്പർ നന്ദനാണന്ന് ആ കേസ് ഉന്നയിച്ചത്. ആ കേസ് തള്ളിപ്പോയി. അതിന്റെയടിസ്ഥാനത്തിൽ നന്ദനെതിരെ കൊടുത്ത

മാനനഷ്ടക്കേസ്സിന് അദ്ദേഹത്തിന്റെ സ്വത്തുവരെ കണ്ടുകെട്ടണമെന്ന് പ്രഖ്യാപിച്ചുകൊണ്ടുള്ള ഒരു വിധിയാണ് ഇന്ന് കോടതിയിലുണ്ടായത്. സത്യത്തിൽ എന്തിനാണ് സഭയെ ഈ രീതിയിൽ തെറ്റിദ്ധരിപ്പിച്ചതെന്ന് ഞങ്ങൾക്കറിയില്ല. സാക്ഷികളെ കൂറുമാറ്റലും കീഴ്പ്പെടുത്തലുമൊക്ക എല്ലാക്കാലവും നിങ്ങൾ ചെയ്തിട്ടുള്ളതാണ്. കേരളത്തിന്റെ ഇന്നത്തെ അവസ്ഥ അതിൽ നിന്നൊക്കെ തികച്ചും വ്യത്യസ്തമാണ്. കാരണം, കേരളം ഇങ്ങനെയുള്ള ഒരു സാഹചര്യത്തിലേയ്ക്ക് എത്തിയതിന് ഒരുപാട് കാരണങ്ങളുണ്ട്. 1996-ൽ തമിഴ്നാട്ടിൽ നിന്നാണ് ആദ്യമായി ഇതുപോലെയുള്ള വലിയ ഒരു ഗൂഢസംഘത്തിന്റെ നീക്കങ്ങൾ പിടികൂടിയത്. കേന്ദ്ര ക്രൈം ബ്രാഞ്ച് റെയ്ഡിൽ ചെന്നൈയിൽ 20 സ്ഥാപനങ്ങളാണ് അന്ന് നിക്ഷേപ തട്ടിപ്പിനെത്തുടർന്ന് പിടികൂടിയത്. 6000 നിക്ഷേപകരിൽ നിന്ന് 10 കോടിയോളം രൂപ തട്ടിയെടുത്ത വിവിധ സ്ഥാപനങ്ങൾ, അതിൽ ഈശ്വർ ഗ്രൂപ്പ് ഓഫ് ഫൈനാൻസ് 12000 പേരിൽ നിന്ന് 27.5 കോടി രൂപയാണ് തട്ടിയെടുത്തത്. ഈ സ്ഥാപനങ്ങൾ തമിഴ്നാട്ടിൽ വ്യാപകമായ രീതിയിൽ നിക്ഷേപകരെ പറ്റിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സാഹചര്യമുണ്ടായപ്പോൾ അതിനെയൊക്കെ നിയമപരമായി നേരിടണമെന്നുള്ള ലക്ഷ്യത്തോടുകൂടി തമിഴ്നാട്ടിൽ ഒരു നിയമം വന്നു. തമിഴ്നാട് പ്രൊട്ടക്ഷൻ ഓഫ് ഇന്ററസ്റ്റ് ഓഫ് ഡെപ്പോസിറ്റേഴ്സ് ആക്ട് എന്ന നിയമം നിലവിൽ വന്നപ്പോൾ ആ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് തമിഴ്നാട്ടിലുണ്ടായിരുന്ന ആളുകൾ മുഴുവൻ കേരളത്തിലേയ്ക്ക് ചേക്കേറിയത്. തമിഴ്നാട്ടിൽ നിയമം വരുകയും അവിടെ ഇനി ബിസിനസ്സ് നടക്കുകയില്ലായെന്ന് മനസ്സിലാക്കുകയും ചെയ്തപ്പോഴാണ് തമിഴ്നാടിനെ ഉപേക്ഷിച്ച് ആളുകൾ 1996 മുതൽ 2000

വരെയുള്ള കാലഘട്ടത്തിൽ കേരളത്തിലേയ്ക്ക് ചേക്കേറുന്നത്. കേരളത്തിൽ ഈ ശക്തികൾ ചേക്കേറുക മാത്രമല്ല ഇവിടെ ഏത് രീതിയിലും വിരാജിക്കാൻ കഴിയുന്ന ഒരു അന്തരീക്ഷം അന്നുണ്ടായിരുന്നു. പ്രബുദ്ധകേരളത്തിൽ ഇത്തരത്തിലുള്ള 8476 സ്ഥാപനങ്ങൾ ഉണ്ടെന്നാണ് പഠന റിപ്പോർട്ട് തെളിയിക്കുന്നത്. ഇത് ഞെട്ടിപ്പിക്കുന്നതാണ്. ഇതിൽ 5394 എണ്ണം പണമിടപാടുമായി ബന്ധപ്പെട്ടതാണ്. 2686 എണ്ണം ചിട്ടി സ്ഥാപനങ്ങളാണ്. 396 എണ്ണം ചില സെക്യൂരിറ്റിയുടെ അടിസ്ഥാനത്തിൽ ലോൺ കൊടുക്കുന്നതാണ്. ഇങ്ങനെയുള്ള ഈ സ്ഥാപനങ്ങളിൽ 2078 സ്ഥാപനങ്ങൾക്ക് ഒരു രേഖയുമില്ല. ഒരു രേഖയുമില്ലാതെ അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ ഇത്തരം സ്ഥാപനങ്ങൾ ഏറ്റവും കൂടുതൽ പ്രവർത്തിക്കുന്ന ജില്ലകളിലൊന്നായി അറിയപ്പെടുന്നത് എറണാകുളമാണ്. എറണാകുളത്ത് 640 എണ്ണം ഈ രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. കൊല്ലം തൊട്ടു പിന്നിൽ നിൽക്കുന്നു 639. പാലക്കാട് അതിന്റെ പിന്നിൽ 622. ചിട്ടിയുടെ കാര്യത്തിലാണെങ്കിൽ മലപ്പുറമാണ് ഏറെ മുന്നിൽ, 378 എണ്ണം. ഇത്തരം സ്ഥാപനങ്ങളൊക്കെ ഒരു നിയന്ത്രണവുമില്ലാതെ ഇഷ്ടാനുസരണം മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നു. എന്നുമാത്രമല്ല ഏകദേശം 10000-ൽപ്പരം യുവതീ യുവാക്കളാണ് ഇവിടെ ജോലി ചെയ്യുന്നത്. കേരളത്തിൽ നടത്തിയ കണക്കനുസരിച്ച് സ്ത്രീകളടക്കം 10777 പേരാണ് ഇത്തരം സ്ഥാപനങ്ങളിലായി ജോലി ചെയ്യുന്നത്. മാത്രമല്ല, ഈ സ്ഥാപനങ്ങൾക്ക് ലോൺ എടുക്കുന്നതിന് യാതൊരു നിയന്ത്രണവുമില്ല. അവർക്ക് ലോൺ കൊടുക്കാൻ ഒന്നും വേണ്ട. അവർ 52.88 ശതമാനം ലോൺ ഇഷ്യൂ

ചെയ്തിട്ടുള്ളത് ചെക്ക് ലീഫിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. ഏത് പാവപ്പെട്ടവൻ ചെന്നാലും ഒരു ചെക്ക് ലീഫ് തന്നാൽ മതി ഞങ്ങൾ ലോൺ തരാമെന്നുപറഞ്ഞ് ചെക്ക് ലീഫിന്റെ അടിസ്ഥാനത്തിൽ ലോൺ കൊടുക്കുന്നു. മറ്റുള്ളവർക്ക് എഗ്രിമെന്റുകൾ വച്ചുകൊണ്ട് 38.95 ശതമാനം കൊടുത്തു. 14 ശതമാനം മാത്രമാണ് ഗോൾഡ് ലോൺ കൊടുത്തിട്ടുള്ളത്. ഈ ഗോൾഡ് ലോൺ കൊടുക്കുന്നത് 20 മുതൽ 30 ശതമാനം വരെ പലിശ ഈടാക്കിയാണ്. മാത്രവുമല്ല ഗുണ്ടകളെ ഉപയോഗിച്ചുകൊണ്ട് ഇവരുടെ വീടുകളിൽ പോയാണ് കൊടുത്ത ലോണിന്റെ പൈസ ഈടാക്കുന്നത്. നമ്മുടെ നാട്ടിലെ സ്ത്രീകൾക്ക് ലോൺ കൊടുക്കുക എന്നതാണ് അവരുടെ മറ്റൊരു തന്ത്രം. പുരുഷൻമാർക്ക് കൊടുക്കുകയില്ല. സ്ത്രീകൾ വളരെ സത്യസന്ധരായിരിക്കും; സ്ത്രീ നേരിട്ട് ചെന്ന് പണം വാങ്ങണം; അവൾ എഗ്രിമെന്റിൽ ഒപ്പുവയ്ക്കണം; കേരളത്തിലെ സ്ത്രീയുടെ പരിശുദ്ധിയെ ചൂഷണം ചെയ്യുന്നവിധമാണ് ഇത്തരം ആളുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ രീതിയിൽ നടക്കുന്നവർ ഗുണ്ടകളെ വച്ചും പോലീസിനെ ഉപയോഗിച്ചും പണം വാങ്ങുന്നു. കാരണം ഗുണ്ടകൾ ആദ്യം ചോദിച്ചിട്ട് കിട്ടുന്നില്ലെങ്കിൽ ഇവർ നേരെ പോലീസ് സ്റ്റേഷനുകളിൽ എത്തും. ഇവരുടെ ഒരു ഉപകരണമായി പലയിടത്തും പോലീസ് മാറാറുണ്ട് എന്നതാണ് സത്യം. ഇവർ ഓരോ ലോണിനും പല പേരുകളിട്ടിട്ടുണ്ട്. ഒന്ന്, ഒക്സിജൻ, എന്തെന്നാൽ വളരെ അത്യാസന്ന ഘട്ടത്തിൽ കൊടുക്കുന്ന ലോണാണ് ഓക്സിജൻ. മറ്റൊന്ന് പത്താംകളം, മീറ്റർ എന്നിവയൊക്കെയാണ്. മീറ്റർ എന്നാൽ ഓട്ടോറിക്ഷാ മീറ്ററിന്റെ വേഗതയിൽ ഇത് ഓടിക്കൊണ്ടിരിക്കുമെന്നാണ്. വേറൊന്നിന് പേരിട്ടിരിക്കുന്നത് കുരുവി, എന്നാൽ കുരുവിയുടെ വേഗതയിൽ ഇത് പറക്കുമത്രേ. അത്ര വേഗതയാണ്.

ഇങ്ങനെ പാവപ്പെട്ടവനെ പല പേരുകളിൽ കബളിപ്പിച്ചുകൊണ്ട് അവരെ ചൂഷണം ചെയ്യുന്ന ഒരു ജനവിഭാഗം ഇവിടെ വളരുകയാണ്. ഇത് ഞെട്ടിപ്പിക്കുന്ന കണക്കാണ്. മാണിസർ അവതരിപ്പിക്കുന്ന നിയമത്തിലെ ഭേദഗതി എത്രമാത്രം പ്രധാനമാണെന്ന് സൂചിപ്പിക്കുന്നത്, കേരളത്തിൽ ഇതിന്റെ പേരിൽ വീട് ഉപേക്ഷിച്ചവരുടെ എണ്ണം 22000 -ഉം വീട് നഷ്ടപ്പെട്ടവരുടെ എണ്ണം 15976 -ഉം ആണെന്നാണ് ഇതുമായി നടത്തിയ സർവ്വെ തെളിയിക്കുന്നത്. 8400-ഓളം ആളുകളാണ് ഇത്തരം സ്ഥാപനങ്ങളും ഇതുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളും നടത്തി ജയിലിൽ കിടക്കുന്നത്. ഇതിന്റെ പേരിൽ മനോരോഗികളായി മാറിയവരുടെ എണ്ണം ഞെട്ടിപ്പിക്കുന്നതാണ്; അത് 78000 ആണ്. ഇതുമായി ബന്ധപ്പെട്ട് അസോസിയേഷന്റെ ഏജൻസി സർവ്വെ നടത്തി, തെളിവുകൾ സഹിതം ആർക്കും കാണാവുന്ന രീതിയിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുകയാണ്. 78000 -ഓളം ആളുകളെ മനോരോഗികൾ ആക്കി മാറ്റുംവിധം കേരളത്തിൽ പടർന്നുപിടിച്ചിരിക്കുന്നുവെന്ന് പറഞ്ഞാൽ ഈ വിഷയത്തിന്റെ ഗൗരവം എത്ര വലുതാണെന്ന് മനസ്സിലാക്കാൻ അതുമാത്രം മതി. എന്നുമാത്രമല്ല, ഇറക്കിയ പണം ആയിരം കോടി രൂപയാണെന്നാണ് മുൻ ഡി.ജി.പി. ശ്രീ. ജേക്കബ് പുന്നൂസ് പറയുന്നത്. ആയിരം കോടിയാണെന്ന് അദ്ദേഹം പറയുന്നു, അതേസമയം ഇവർ പറയുന്നത് 18900 കോടി രൂപയുണ്ടെന്നാണ്.

ശ്രീ. സാജുപോൾ : സർ, സ്വർണ്ണപ്പണയ വായ്പ നൽകുന്ന പ്രൈവറ്റ് ബാങ്കുകളുണ്ട്. അതുപോലെ വലിയ തോതിൽ പലിശ വാങ്ങുന്ന ഹയർ പർച്ചേസ് സ്ഥാപനങ്ങളുമുണ്ട്. നമ്മുടെ ഷെഡ്യൂൾഡ് ബാങ്കുകളും ദേശസാൽകൃത ബാങ്കുകളും സഹകരണ ബാങ്കുകളുമുണ്ട്. ഇപ്പോൾ ന്യൂ ജനറേഷൻ ബാങ്കുകൾ എന്നുപറഞ്ഞ് കുറച്ചു ബാങ്കുകൾ രംഗത്ത് വന്നിട്ടുണ്ട്. ഇതി

നിടയിലാണ് എൻ.ബി.എഫ്.സി. (നോൺ ബാങ്കിംഗ് ഫൈനാൻഷ്യൽ കോർപ്പറേഷൻ) എന്നുള്ള പേരിൽ ഗ്രാമങ്ങൾ തോറും ബ്രാഞ്ചുകൾ തുറന്നുകൊണ്ടിരിക്കുകയാണ്. നൂറുകണക്കിന് ബ്രാഞ്ചുകൾ കേരളത്തിനകത്തും പുറത്തും സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ പ്രൈവറ്റ് ബാങ്കുകളാണ് വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്നതെന്ന് പറയാം. ഹയർ പർച്ചേസുകാരും വീടുകളിൽ പോയി സ്ത്രീകൾക്ക് പണം നൽകി വെളുപ്പിന് പോയി വാങ്ങുന്ന തമിഴ് ബ്ലേഡ് മാഫിയെയുമാണ് നമുക്ക് ശക്തമായി എതിർത്ത് തോൽപ്പിക്കേണ്ടതെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. പക്ഷേ, ഇവിടെ വളരെ വലിയ ആദർശവാദത്തോടെ നിൽക്കുന്ന ചില ആളുകളടക്കം ഇപ്പറഞ്ഞ എൻ.ബി.എഫ്.സി. ക്കാരുടെയും അല്ലെങ്കിൽ പ്രൈവറ്റ് ബാങ്കുകളുടെയും ധനസഹായത്തോടെ മണ്ഡലത്തിലെ മുഴുവൻ ആളുകളേയും ഇൻഷ്വർ ചെയ്യുകയും മറ്റ് തലത്തിലുള്ള പരിപാടികൾ നടത്തിക്കൊണ്ട് പോവുകയും ചെയ്യുന്നുണ്ട്. അതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: അതുതന്നെയാണ് ഞാനും സൂചിപ്പിച്ച കാര്യം. 18,900 കോടി രൂപയെന്ന് ഇവർ പറയുമ്പോൾ മുൻ ഡി.ജി.പി. ജേക്കബ് പുന്നൂസ് ഇങ്ങനെ ആയിരത്തോളം കോടി രൂപ നഷ്ടപ്പെട്ടുവെന്ന് പറയുന്നു. എന്നാൽ കേരളത്തിൽ ഇതുവരെ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണമനുസരിച്ച് പോലീസിനുമുമ്പിൽ നഷ്ടപ്പെട്ട കണക്കായി അവർ പറഞ്ഞത് 479,15,09,021 രൂപ എന്നാണ്. അത്രയും രൂപ കേരളത്തിൽ നഷ്ടപ്പെട്ടു. തൃശ്ശൂരിൽ മാത്രം 42 കോടി രൂപയുടെ കണക്കാണ് പോലീസിന് മുമ്പിൽ ജനങ്ങൾ നൽകിയ പരാതി. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ഒരിക്കൽ ഈ സഭയിൽ പറഞ്ഞ കണക്ക് 113.36 കോടി രൂപയുടെ തട്ടിപ്പ് നടന്നിട്ടുണ്ടെന്നാണ്. കേരളത്തിൽ ഈ രംഗത്ത് കോടിക്കണക്കിന് രൂപയുടെ വ്യാപ

കമായ തട്ടിപ്പ് നടന്നിരിക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. ഇത് ഒരിക്കലും പരിഹാരമില്ലാത്ത ഒരു അപകടാവസ്ഥയിലേയ്ക്കും സാമ്പത്തിക അരാജകത്വത്തിലേയ്ക്കും നമ്മുടെ നാടിനെ മാറ്റുകയാണ്. ഇതൊരു ചെറിയ വിഷയമായി കാണാൻ കഴിയില്ല. വളരെ ഗൗരവപൂർവ്വം തന്നെ കാണേണ്ടതാണ്. നിയമത്തിലെ ശിക്ഷാനടപടികൾ വളരെ അപര്യാപ്തമാണ്. ഇവിടെ അക്കാര്യം സൂചിപ്പിച്ചു. ഇത്തരം സ്ഥാപനങ്ങളിൽ ഇങ്ങനെ ചെയ്താൽ അവരിൽ നിന്ന് ഈടാക്കേണ്ടവിധമെന്താണ്; അത് എങ്ങനെയാണ് ഈടാക്കേണ്ടത് എന്നൊക്കെ ഈ ബില്ലിൽപറയുന്നുണ്ട്. ഇവരുടെ സ്വത്തുക്കൾ കണ്ടുകെട്ടണം, ഇവരുമായി ബന്ധപ്പെട്ടവരുടെ സ്വത്തുക്കൾ കണ്ടുകെട്ടണം. ഇതൊക്കെ ശരിയാണ്. ഇത്തരം സ്ഥാപനങ്ങൾക്ക് അനുവാദം കൊടുക്കുന്ന സമയത്ത് അവർക്ക് ഇത്തരമൊരു സ്ഥാപനം നടത്താനുള്ള സെക്യൂരിറ്റി ഉണ്ടോ എന്ന് എന്തുകൊണ്ട് പരിശോധിച്ചുകൂടാ; അത് ചെയ്യാവുന്ന കാര്യമാണല്ലോ? ഇത്തരമൊരു ധനകാര്യ സ്ഥാപനം തുടങ്ങുമ്പോൾ ആ ധനകാര്യ സ്ഥാപനത്തിന് ലൈസൻസ് കൊടുക്കുന്നതിനുമുമ്പ് അവർക്കിതിനുള്ള അർഹതയുണ്ടോ എന്ന് പരിശോധിക്കുക മാത്രമല്ല, അതിനുശേഷം അവർക്ക് അനുമതി നൽകിയ പരിധിക്കപ്പുറം നിക്ഷേപം അവിടെ വരുന്നുണ്ടെങ്കിൽ അത്തരം നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തിക്കൊണ്ടുള്ള ഒരു സാഹചര്യത്തെക്കുറിച്ചു കൂടി ആലോചിക്കണം. നേരത്തെ സൂചിപ്പിച്ചതുപോലെ ഇവിടെ വരുന്ന ആളുകൾ 10 കോടി രൂപ ജനങ്ങളിൽ നിന്ന് സ്വീകരിച്ച് ആ 10 കോടി രൂപയ്ക്ക് ഏതെങ്കിലും നഗരത്തിൽപ്പോയി സ്ഥലം വാങ്ങി ആ പത്ത് കോടി രൂപ 40 കോടി രൂപയായി മാറുന്ന ഘട്ടത്തിൽ ഏതെങ്കിലും ഗുണ്ടകളെ ഉപയോഗിച്ച് ......... ആ സമയത്താണ് ജനങ്ങൾ ഇടപെടുക. ജനങ്ങൾ ഇടപെടുന്ന സമയത്ത് പോലീസ് എത്തിയാ

ലോ? പോലീസിന് ഈ നിയമത്തിൽത്തന്നെ ഒരു റോളുണ്ട്. എന്താണ്? വേണമെങ്കിൽ മധ്യസ്ഥത വഹിക്കാം. മധ്യസ്ഥത വഹിച്ചുകൊണ്ട് പോലീസിന് ഈ കാര്യം തീർക്കാം. അപ്പോൾ കൊടുത്ത ഒരു കോടി രൂപ തന്നെ ഇവന് തിരിച്ചു കിട്ടുകയും മറ്റുള്ളവന് ആ സ്വത്ത് ഒരുപക്ഷേ പത്തോ നാൽപ്പതോ കോടി രൂപയായി ഉയരുകയും ചെയ്യുന്ന ഒരു അവസ്ഥയുണ്ടാകുന്നുണ്ട്. ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. ലൈസൻസ് കൊടുക്കുന്നതിനുമുമ്പുതന്നെ ഇത്തരം സ്ഥാപനങ്ങൾക്ക് എങ്ങനെ പ്രവർത്തിക്കാൻ കഴിയുമെന്ന് ഉറപ്പുവരുത്താൻ സാധിക്കണം. ഇവിടെ പരിശോധിക്കാനുള്ള ഒരു സംവിധാനത്തെക്കുറിച്ചു പറയുന്നുണ്ട്, ജഡ്ജിമാരെക്കുറിച്ച് പറയുന്നുണ്ട്. തമിഴ്നാട്ടിൽ നിന്നും പണം പിടിച്ചെടുത്തുവെന്ന് പറഞ്ഞല്ലോ? തമിഴ്നാട്ടിൽ വളരെ വിദഗ്ദ്ധമായിട്ടാണ് അവർ ഈ രംഗത്ത് ഇടപെട്ടത്. തമിഴ്നാട്ടിൽ 1204 ഉദ്യോഗസ്ഥന്മാരുള്ള ഒരു ടീമാണ് ഇത്. അവർക്ക് റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ട്രെയിനിംഗ്, സി.ബി.ഐ. അക്കാദമിയുടെ പരിശീലനം, നിയമവിദഗ്ദ്ധന്മാരുടെ പരിശീലനം, അക്കൗണ്ടിംഗ് പഠനം ഇതൊക്കെ കൊടുക്കുന്നു. എന്നുമാത്രമല്ല, ഏറ്റവും ആധുനികമായ ഐ.ടി. വൈദഗ്ദ്ധ്യവും അവർക്ക് കൊടുക്കുന്നു. ഇത്തരം സ്ഥാപനങ്ങളൊക്കെ പലപ്പോഴും കമ്പ്യൂട്ടറുകളിലാണ് കള്ളക്കളി കളിക്കുക. ഐ.ടി. വൈദഗ്ദ്ധ്യം കൂടി കൊടുത്തുകൊണ്ട് 1204 ഉദ്യോഗസ്ഥന്മാരുള്ള ഒരു ടീമിനെ ഒരു എക്കണോമിക് ഒഫൻസ് വിംഗിനെത്തന്നെ തമിഴ്നാട് ഈ രംഗത്തുണ്ടാക്കിയിരിക്കുന്നു. പലരും നിക്ഷേപിച്ച 2574.47 കോടി രൂപ നഷ്ടപ്പെട്ടിരുന്നു. ഈ രംഗത്തൊക്കെ പരിശീലനം കിട്ടിയ ടീം, ആ നിക്ഷേപിച്ച തുകയിൽ 1240.13 കോടി രൂപ വളരെ വിദഗ്ദ്ധമായി തിരിച്ചുപിടിച്ചു. നമ്മൾ ഒരു നിയമമുണ്ടാക്കുമ്പോൾ ആ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഇകകാര്യങ്ങളെക്കു

റിച്ചൊക്കെ ചിന്തിക്കേണ്ടതാണ്. കാരണം മറ്റുള്ള സ്ഥലങ്ങളിൽ എങ്ങനെ യാണ് ഒരു വിംഗിനെ വിന്യസിപ്പിച്ചത്, അവർ ഏത് രീതിയിലാണ് പ്രവർത്തി ക്കുന്നത്, അത്രമാത്രം ശക്തമായ ഒരു ടീം നമുക്ക് ഈ നിയമനിർമ്മാണ ത്തിൽ കാണാൻ കഴിയുന്നില്ല. അതുകൊണ്ട് ഇത്തരം ആളുകളെ പരിശോ ധിച്ച് ഇത് തിരിച്ചുപിടിക്കാൻ കഴിയുന്ന രീതിയിലേയ്ക്കുള്ള ഒരു സംവിധാന ത്തിലേയ്ക്ക് അത് ഉയരണം. ആ ഉയരത്തിലേയ്ക്ക് എത്തിയാൽ മാത്രമേ ഈ രംഗത്ത് വിജയിക്കാൻ സാധിക്കുകയുള്ളൂ. ഈ നിയമത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വിഷയമെന്നുപറയുന്നത്, ഈ നിയമം വച്ചുകൊണ്ട് കേരള ത്തിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ കഴിയുന്ന ഒരു സാഹചര്യം നിലവിലുണ്ടോ എന്ന് പരിശോധിക്കണം. കേരളത്തിന്റെ സാഹ ചര്യം അറിയാം - എല്ലാവരും പ്രബുദ്ധരാണ്. പണം നിക്ഷേപിക്കാൻ തയ്യാറു ള്ള ചെറുപ്പക്കാരുണ്ട്. പക്ഷേ നിക്ഷേപിക്കാൻ ആഗ്രഹിക്കുന്ന നിക്ഷേപക രൊക്കെ പിറ്റേന്നുതന്നെ ഇതിന്റെ റിസൽട്ട് കിട്ടണമെന്ന് ആഗ്രഹിക്കുകയാണ്. പിറ്റേന്നുതന്നെ റിസൽറ്റ് കിട്ടണമെന്ന് കരുതുന്നവരുടെ ഇടയിലാണ് ഇവർ ചൂഷണം ചെയ്ത് കടന്നുചെല്ലുന്നത്. വലിയ ലാഭം പറഞ്ഞ് ഇവരെ ചൂഷണം ചെയ്യുകയാണ്. എന്നുമാത്രവുമല്ല, ചൂഷണം ചെയ്യുന്ന ആളുകൾ മരിച്ചുപോയാലും തരക്കേടില്ല. ഈ അടുത്ത കാലത്ത് മലപ്പുറം ജില്ലയിൽ ഒരാൾ കോടികൾ ഇതുപോലെ വാങ്ങിച്ചിരുന്നു. അദ്ദേഹം ഓടിക്കൊണ്ടിരി ക്കുന്ന ഒരു ബസ്സിന് മുമ്പിലേയ്ക്ക് സ്വയം കാറോടിച്ച് പോയി മരിച്ചു. അദ്ദേഹം മരിച്ചപ്പോൾ അദ്ദേഹത്തിന്റെ കുടുംബ ാംഗങ്ങൾ പറഞ്ഞു, ഞങ്ങൾക്കൊന്നും അറിയില്ല, ഞങ്ങൾ ഇദ്ദേഹത്തിന്റെ കടബാദ്ധ്യത ഏറ്റെടു ക്കാൻ തയ്യാറല്ല. കോടിക്കണക്കിന് രൂപ ആവശ്യപ്പെട്ടുകൊണ്ട് കേരള ത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ആളുകൾ എത്തിക്കൊണ്ടിരിക്കുകയാണ്.

ആരാണ് തിരിച്ചുനൽകുക; തിരിച്ചുനൽകാനുള്ള സംവിധാനമെന്താണ്? ആ പണം ഇന്നും സൂക്ഷിച്ചുവച്ചിരിക്കുന്ന കേന്ദ്രങ്ങളുണ്ട് എന്ന് എല്ലാവർക്കുമറിയാം. അതുമായി വ്യാപാരം നടത്തുന്നവരുണ്ട്, പല രീതിയിൽ ധനവിക്രയം നടത്തുന്നവരുണ്ട്. പക്ഷേ അത് പിടിച്ചെടുക്കാൻ കഴിയുന്നില്ല. പക്ഷേ അങ്ങനെയുള്ള ഒരു സാഹചര്യം ഇവിടെ സൃഷ്ടിക്കപ്പെടാൻ പാടില്ല. അതിനനുസൃതമായ രീതിയിൽ ഈ നിയമത്തിൽ ശക്തമായ നിബന്ധനകളോടുകൂടിത്തന്നെ ഇത് നടപ്പിലാക്കാൻ സാധിക്കുന്ന ഒരു അന്തരീക്ഷം ഉണ്ടാകണമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, ഞാൻ ഈ ഭേദഗതിയെ പിന്തുണയ്ക്കുകയാണ്. ആദ്യമായി, മാണി സാറിനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഇതിന്റെ ഉദ്ദേശ്യകാരണങ്ങളിൽ വിവരിക്കുന്നതുപോലെ വൻതോതിലുള്ള ലാഭവിഹിതവും പലിശയുമൊക്കെ വാഗ്ദാനം ചെയ്ത് വലിയ പരസ്യങ്ങളിൽക്കൂടിയൊക്കെ പലരൂപത്തിൽ ആളുകളെ പ്രലോഭിപ്പിച്ചതിനുശേഷം....... സാധാരണക്കാരായ, മധ്യവർഗ്ഗക്കാരായ ജനങ്ങൾ അതായത് റിട്ടയർ ചെയ്ത ഉദ്യോഗസ്ഥന്മാർ പെൻഷൻ പറ്റിയ മുഴുവൻ തുകയും മക്കളുടെ വിവാഹാവശ്യത്തിനുവേണ്ടി, ആ ഉദ്ദേശ്യത്തോടുകൂടി ഇത്തരം സ്ഥാപനങ്ങളിൽ കൊണ്ടുവന്ന് നിക്ഷേപിക്കുകയാണ്. ഇടത്തട്ടുകാരായ, സാധാരണക്കാരായ പാവങ്ങളെ കബളിപ്പിച്ചുകൊണ്ട് നമ്മുടെ നാട്ടിൽ കഴിയുന്ന ഇത്തരം ആളുകളേയും സ്ഥാപനങ്ങളേയും നിയന്ത്രിക്കുന്നതിനും ചൂഷണം തടയുന്നതിനുംവേണ്ടിയാണ് നിക്ഷേപകരുടെ താൽപര്യ സംരക്ഷണ ബിൽ ബഹുമാന്യനായ മാണി സാർ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഇത്തരത്തിലുള്ള ധാരാളം തട്ടിപ്പുകൾ നമ്മുടെ നാട്ടിൽ നടക്കുകയാണ്. ടോട്ടൽ ഫോർ യു തട്ടിപ്പിനെക്കുറിച്ച് നമുക്കറിയാം. ഞാൻ സമയക്കുറവുകൊണ്ടും മറ്റുള്ളവർ

കാര്യങ്ങൾ വിശദീകരിച്ചതുകൊണ്ടും എല്ലാവർക്കും അറിയുന്ന ആ കാര്യമായതുകൊണ്ടുമാണ് പറയാൻ ഉദ്ദേശിക്കുന്നത്. ഇരുപത്തിരണ്ടോ ഇരുപത്തിമൂന്നോ വയസ്സുള്ള ശബരിനാഥൻ എന്ന മീശ മുളയ്ക്കാത്ത ഒരു പയ്യൻ 500 കോടി രൂപയുടെ തട്ടിപ്പ് നടത്തുമ്പോൾ, അങ്ങനെ ഒരാൾ ഒറ്റയ്ക്ക് ആരുടേയും സഹായമില്ലാതെയാണ് അതൊക്കെ ചെയ്തതെന്ന് വിശ്വസിക്കാൻ പ്രയാസമാണ്. ആ സമയത്തുവന്ന വാർത്തകൾ മാത്രം വായിക്കാം. – 'ടോട്ടൽ തട്ടിപ്പ് – വിവാദ സി.ഡി. പരിശോധിക്കാനാകില്ലെന്ന് സി-ഡാക്ക്. ' ഈ വിവാദ സി.ഡി.യിൽ ഡോക്ടർ രമണിയുടെ സംഭാഷണമാണുള്ളത്. ഡോ. രമണി പറയുന്നതെന്താണ്? ഇതിനകത്ത് ചില മന്ത്രിമാരുടെ മക്കളുടെ പേര്, അത് മൊഴി കൊടുക്കരുതെന്ന് ഒരു ഡിവൈ.എസ്.പി. അവരോട് ആവശ്യപ്പെട്ടുവെന്നാണ് ഡോ. രമണിയുടെ മൊഴി. 'പോലീസും എന്റെ പണം അപഹരിച്ചു എന്ന് ശബരി പറയുന്നു' മറ്റൊരു സ്ഥലത്ത്. 'മന്ത്രിപുത്രന്മാരെ രക്ഷിക്കാൻ ക്രൈംബ്രാഞ്ച് രമണിയിൽ സമ്മർദ്ദംചെലുത്തി'- മറ്റൊരു വാർത്ത. ഇതൊക്കെ മാതൃഭൂമി, മലയാള മനോരമ, കേരള കൗമുദി, മംഗളം, മാധ്യമം തുടങ്ങിയ പത്രങ്ങളിൽ വന്ന വാർത്തകളാണ്. അല്ലാതെ പാർട്ടി പത്രമല്ല. ലിസ് എന്നുപറയുന്ന സ്ഥാപനവും ഇതുപോലെയായിരുന്നു. വലിയ പരസ്യമായിരുന്നു. കേരളത്തിലെ ആ ഘട്ടത്തിലുള്ള എല്ലാ ടി.വി. ചാനലുകളുടേയും പ്രൈം പ്രോഗ്രാമെല്ലാം സ്പോൺസർ ചെയ്തിരുന്നത് ലിസ്സാണ്. പരസ്യവാചകം എന്താണ്? 'നിങ്ങളുടെ മാവും പൂക്കും'. ആരുടെ മാവാണ് പൂത്തത്? ലിസ്സിന്റെ ഒരു കാലമുണ്ടായിരുന്നു. അതുപോലെ ധാരാളം സ്ഥാപനങ്ങൾ ഇത്തരത്തിൽ മോഹപ്പരസ്യങ്ങളെല്ലാം

നൽകി ആളുകളെ കബളിപ്പിച്ച സാഹചര്യത്തിലാണ് ഇങ്ങനെയൊരു നിയമം കൊണ്ടുവരുന്നതിനെക്കുറിച്ച് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ചിന്തിച്ചത്, യു.ഡി.എഫ്. ഗവൺമെന്റ് ആലോചിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബില്ലിലുള്ള ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതിനകത്ത് സെക്ഷൻ (3) – 'കാലാവധി പൂർത്തിയായതിനുശേഷം ഏതെങ്കിലും ധനകാര്യ സ്ഥാപനം നിക്ഷേപങ്ങൾ മടക്കിനൽകുന്നതിൽ വീഴ്ചവരുത്തുകയോ നിക്ഷേപത്തിന്മേൽ പലിശ നൽകുന്നതിൽ വീഴ്ച വരുത്തുകയോ നിക്ഷേപം സേവനത്തിനുവേണ്ടിയോ വസ്തുക്കൾ നൽകുന്നതിനുവേണ്ടിയോ ആകുന്നിടത്ത് അത്തരം സേവനം അഥവാ വസ്തുക്കൾ നൽകുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്തതായി നിരവധി നിക്ഷേപകരിൽ നിന്നും സർക്കാരിന് പരാതി ലഭിക്കുന്ന സംഗതി ഇല്ലെന്നാണ്'. ആ നിരവധിയുടെ ആവശ്യമുണ്ടോ? കാരണം ഇക്കാര്യത്തിൽ ബോദ്ധ്യമുള്ള ഒരാൾ പോലീസിലോ അല്ലെങ്കിൽ ഈ നിയമം പറയുന്ന, അനുശാസിക്കുന്ന കോമ്പീറ്റന്റ് അതോറിറ്റിയിലോ ഒരാൾ നൽകിയാൽ അല്ലെങ്കിൽ രണ്ടുപേർ നൽകിയാൽ പോരേ? നിരവധി ആളുകൾ പരാതി നൽകിയാൽ മാത്രമേ ഇത് പരിശോധിക്കപ്പെടുകയുള്ളൂ, നടപടിയുണ്ടാകുകയുള്ളൂ എന്നതൊഴിവാക്കി...... എന്തായാലും വകുപ്പ് (4) പ്രകാരം. ഒരു കോമ്പീറ്റന്റ് അതോറിറ്റി നിലവിൽ വരികയാണ്. അതിന് പരാതി ലഭിച്ചാൽ ആ പരാതിയുടെ അടിസ്ഥാനത്തിലുള്ള നടപടികളുണ്ടാകണം. ഇപ്പോൾ ഇത് ആർക്കും തുടങ്ങാം.

ലൈസൻസ് ഫീസ് അടച്ച്, ഇതിന്റെ ലൈസൻസ് കിട്ടിയാൽ ആർക്കും നിക്ഷേപം സ്വീകരിക്കാം. ഇവിടെ ശ്രീ. സാജു പോൾ സൂചിപ്പിച്ചു. മണി ലെൻഡിംഗ് ആക്ടുപ്രകാരം പ്രവർത്തിക്കുന്ന 10,000-ത്തോളം സ്ഥാപനങ്ങൾ

കേരളത്തിലുണ്ട്. ആ സ്ഥാപനങ്ങൾക്കുള്ള വ്യവസ്ഥകൾപോലും ഇവർക്ക് ബാധകമല്ല. ഇവർക്ക് തുടങ്ങാം. ഇവരുടെ സാമ്പത്തിക ധനസ്ഥിതി പരിശോധിക്കപ്പെടുന്നില്ല. ഇവരുടെ സാമൂഹ്യ ചുറ്റുപാടുകളോ ബാക്ക് ഗ്രൗണ്ടോ വിലയിരുത്തപ്പെടുന്നില്ല. ഇങ്ങനെയൊന്ന് തുടങ്ങുന്നു. വലിയ പരസ്യം കൊടുക്കുന്നു. മാധ്യമങ്ങളോട് വിനീതമായ ഒരു അഭ്യർത്ഥനയുണ്ട്. മാധ്യമങ്ങൾ ഇവരുടെയെല്ലാം പരസ്യം വാങ്ങിക്കും. ഫ്രണ്ട് പേജിൽ കൊടുക്കും. ഈ മാധ്യമത്തിന്റെ വിശ്വാസ്യതയാണ് ഈ തട്ടിപ്പുകാരൻ ഉപയോഗിക്കുന്നത്. ആ പത്രത്തിൽ വന്നതല്ലേ, ശരിയാവാതിരിക്കില്ല എന്നുകരുതി പാവപ്പെട്ട സാധാരണക്കാർ നിക്ഷേപിക്കും. പൊട്ടിപ്പോകുമ്പോൾ രണ്ട് ദിവസത്തേയ്ക്ക് പൊട്ടിയതിന്റെ ഒരു വാർത്തകൂടി കൊടുക്കും. അല്ലെങ്കിലും അഞ്ചുദിവസം വാർത്ത കൊടുക്കും. പിന്നെ അടുത്ത തട്ടിപ്പുകാരന്റെ പരസ്യം കൊടുക്കും.

ശ്രീ. പാലോട് രവി: പരസ്യം മാത്രമല്ല, ഞാനൊരിക്കൽ സഭയിൽ പറഞ്ഞതാണ്. ഇതെല്ലാം ഉത്ഘാടനം ചെയ്യാൻ പോകുന്നത് മന്ത്രിമാരും നേതാക്കൻമാരും എം.എൽ.എ.-മാരും എം.പി.-മാരും പഞ്ചായത്ത് പ്രസിഡന്റുമാരുമാണ്. അതിന് വിശ്വാസ്യതയുണ്ടാകുന്നതുവരെയെങ്കിലും ഇത്തരത്തിലുള്ള സ്ഥാപനങ്ങളിൽ ജനപ്രതിനിധികളും ഐ.എ.എസ്.-കാരും ഐ.പി.എസ്.-കാരും ഉദ്യോഗസ്ഥൻമാരും ഉത്ഘാടനത്തിനും വിളക്ക് കൊളുത്താനും പോകില്ലായെന്ന് ഒരു കൺസെൻസസ് ഉണ്ടാക്കാൻ പറ്റുമോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ ഇത്തരം സ്ഥാപനങ്ങളിൽ, പൊളിറ്റിക്കൽ പാർട്ടിയുടെ ഉന്നതരായ നേതാക്കൻമാരാണ് പോകുന്നത്. എന്റെയൊരു കോമൺസെൻസിൽ ഇത് തട്ടിപ്പാണെന്ന് ചിലതൊക്കെ കാണുമ്പോഴേ മനസ്സിലാകും. അത്തരം സ്ഥാപനങ്ങളുടെ ഉത്ഘാടത്തിന് വന്നുവിളിച്ചാൽ പോകാതിരുന്നാലുള്ള ഗുണം,

പോയി ഉത്ഘാടനം ചെയ്യുന്ന നേതാവിന്റെ വിശ്വാസ്യതയിൽക്കൂടിയായിരിക്കും അല്ലെങ്കിൽ ഉത്ഘാടനത്തിന്റെ പടമെടുത്തിട്ടായിരിക്കും പരസ്യം വരിക. ആ പരസ്യംകൂടി ചേർത്തുകൊടുത്ത് ആ വിശ്വാസ്യതയുംകൂടി വിറ്റുകൊണ്ടാണ് പാവപ്പെട്ട ആളുകളെ കബളിപ്പിക്കുന്നത്. 1000, 1500, 2000, 3000 ആളുകൾ വരും. കോടിക്കണക്കിന് രൂപ കിട്ടും. ഒരു ദിവസം ഇയാൾ മുങ്ങുകയാണ്. മുങ്ങിക്കഴിയുമ്പോൾ ഒരു കേസ്. ആ കേസ് കഴിയുമ്പോൾ നിക്ഷേപം മടക്കിക്കിട്ടാൻ നിലവിൽ മാർഗമില്ല. പക്ഷേ നിയമം വന്നതിന്റെ അടിസ്ഥാനത്തിൽ ജപ്തി ചെയ്യാനുള്ള നടപടിയുണ്ടാകുകയാണ്. ഇവിടെ ശ്രീ. ജെയിംസ് മാത്യു സൂചിപ്പിച്ചു. ഇത് മുൻകൂട്ടി തീരുമാനിച്ച് മുങ്ങാൻ തുടങ്ങുന്ന ഒരാൾ പണമൊക്കെ സമാഹരിച്ചാൽ പിന്നെ ജപ്തികൂടി പ്രതീക്ഷിച്ചിട്ടാണ് ചെയ്യുന്നത്. അപ്പോൾ മുങ്ങുന്ന ഒരുഘട്ടത്തിനപ്പുറംവച്ച് ഇത് മുഴുവൻ ആരുടെയെങ്കിലും കയ്യിൽ ഏൽപ്പിച്ച് അല്ലെങ്കിൽ വിറ്റ്, ബന്ധുക്കളുടെയടുത്തേയ്ക്ക് മാറ്റി അതിനുശേഷമായിരിക്കും മുങ്ങുന്നത്. അപ്പോൾ ജപ്തിയും പറ്റുകയില്ല. അപ്പോൾ ഈ കേസ്സിൽ ഉൾപ്പെട്ട പാവപ്പെട്ട ആളുകൾക്ക് ഇത് തിരിച്ചുകിട്ടുകയില്ല. അതിനൊരു വ്യവസ്ഥ ഈ നിയമത്തിൽ പറയുന്നുണ്ട്, ഉത്തമവിശ്വാസത്തിലല്ലാതെ കൈമാറ്റം ലഭിച്ചവരിൽനിന്നും ജപ്തി ചെയ്യൽ. അതിനകത്ത് ഒരു പ്രശ്നമുള്ളത്, അങ്ങനെ വരുമ്പോൾ ഉത്തമവിശ്വാസത്തിന് ഞാൻ വാങ്ങിയാൽ എന്തു ചെയ്യും. എനിക്കറിയില്ലല്ലോ ഇവൻ തട്ടിപ്പുകാരനാണെന്ന്. നാട്ടിലെ മന്ത്രിമാരോടും എം.എൽ.എ.-മാരോടും ഇവൻ നല്ല നിലയിൽ നിൽക്കുകയാണ്. നാട്ടിലെ അമ്പലത്തിൽ സപ്താഹം നടത്തിയും പള്ളിയുടെ പെരുന്നാൾ നടത്തിയും 101 പേരുടെ സമൂഹവിവാഹം നടത്തിയുമൊക്കെയാണ് ഈ തട്ടിപ്പുകാരൻ നിൽക്കുന്നത്.

അങ്ങനെ നിൽക്കുന്ന ഒരാൾ അദ്ദേഹത്തിന്റെ ഏതെങ്കിലും സ്ഥാവര ജംഗമവസ്തുക്കൾ വിൽക്കാൻ സമീപിക്കുമ്പോൾ നല്ല ഉദ്ദേശത്തോടുകൂടി ഞാൻ വാങ്ങിയാൽ ഇയാൾ മുങ്ങിക്കളയുമ്പോൾ എന്റെ കയ്യിൽനിന്ന് ഇത് ജപ്തി ചെയ്തുകൊണ്ട് പോകുമോ? എന്റെ കയ്യിൽനിന്ന് ജപ്തി ചെയ്ത് ഇയാൾക്ക് കൊടുക്കാൻ കഴിയുമോ? അപ്പോൾ നിയമം സമഗ്രമാക്കുന്നതിന്റെ ഭാഗമായി അത്തരം തട്ടിപ്പുകൾ എങ്ങനെ തടയാം; അതിനെ എങ്ങനെ അഭിമുഖീകരിക്കാൻ കഴിയുമെന്നതുകൂടി ഉൾപ്പെടുത്തണം. എന്തായാലും അത്രയും കൂടി അധികമായി ശ്രദ്ധിച്ചതുകൊണ്ടാണ് ഈ നിയമമുണ്ടാക്കിയപ്പോൾ ജപ്തി മാത്രമല്ല കൈമാറ്റം ലഭിച്ചവരിൽനിന്നുകൂടി ഈടാക്കുന്ന തരത്തിലുള്ള ഒരു ക്ലാസ്കൂടി ഉൾപ്പെടുത്തിയിട്ടുള്ളത്. പക്ഷേ അതിലുള്ള ലൂപ്ഹോൾസ് മുതലെടുക്കുന്ന സമർത്ഥൻമാരും അതിസമർത്ഥൻമാരുമുള്ള കാലത്ത് അതുകൂടി തടയാനുള്ള ഒരു സംവിധാനം ഈ നിയമത്തിന്റെ ഭാഗമായി കൊണ്ടുവരണം. മറ്റ് കാര്യങ്ങളെല്ലാം ഇവിടെ മൂന്ന് സാമാജികൻമാർ ആവർത്തിച്ച് പ്രസംഗിച്ചതുകൊണ്ടും ഒരു ബില്ലുകൂടി വരാനുള്ളതുകൊണ്ടും ഞാൻ പറയുന്നില്ല. നമ്മുടെ ബാങ്കുകളുടെ പ്രവർത്തനത്തിൽ കൂടുതൽ ലളിതമായ നടപടിക്രമങ്ങളും ജനാഭിമുഖ്യമുള്ള സമീപനങ്ങളുംകൂടി ഉണ്ടാകണം. അവിടെപ്പോയാൽ നൂലാമാലകളുടെ ഘോഷയാത്രയാണ്, സംസ്ഥാന സമ്മേളനമാണ്. അതുകൊണ്ടാണ് എളുപ്പത്തിൽ കിട്ടുന്ന ഇത്തരം സ്ഥാപനങ്ങളെ സമീപിക്കാൻ ആളുകൾ തയ്യാറാകുന്നത്. അതുകൊണ്ട് ബാങ്കുകളുടെ പ്രവർത്തനം കൂടുതൽ ലളിതവും ജനാഭിമുഖ്യവുമാക്കിയാൽ ഈ സാമൂഹ്യ പ്രശ്നത്തെ നേരിടാൻ കഴിയും. ഒരിക്കൽക്കൂടി പ്രത്യേകമായി ധനകാര്യ വകുപ്പുമന്ത്രിയെ ഇക്കാര്യത്തിൽ അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇവിടെ ശ്രീ. ജെയിംസ് മാത്യു വളരെ വിചിത്രമായ വാദമാണ് ഉയർത്തിയത്. ഈ ബിൽ പാസ്സായാൽ ഇവിടെ തട്ടിപ്പ് കൂടുകയേ യുള്ളൂ, ഈ ബിൽ പാസ്സായാൽ നിങ്ങളുടെ ഡെപ്പോസിറ്റിനൊന്നും ഒരു കുഴപ്പവുമില്ല, നിയമം പാസ്സായിരിക്കുന്നു, ഞങ്ങളുടെ മേൽ നടപടി നടത്തും, നിങ്ങളുടേതിന് ഗ്യാരന്റിയാണ്. അത് എന്ത് വാദമാണെന്ന് എനിക്ക് മനസ്സിലാ കുന്നില്ല. ഈ നിയമം പാസ്സായാൽ ഡെപ്പോസിറ്റുകാരോട് പറയാം നിയമമുണ്ട്, നിങ്ങളുടേത് മുഴുവൻ ഗ്യാരന്റീഡാണ്. എനിക്കിത് മനസ്സിലാകുന്നില്ല. റിസർവ്വ് ബാങ്കിന്റെ ഒരു വെബ്സൈറ്റുണ്ട്. ആ വെബ്സൈറ്റിൽ ഏത് സ്ഥാപ നങ്ങളിലെല്ലാം ഡെപ്പോസിറ്റ് ചെയ്യാം, ഏതാണ് സേഫ് എന്നുള്ള നിലയിൽ കൊടുത്തിട്ടുണ്ട്. അവർ അങ്ങനെയൊരു വെബ്സൈറ്റ് വാസ്തവത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ വെബ്സൈറ്റിൽ പറയുന്ന സ്ഥാപനങ്ങളിലാണ് യഥാർത്ഥത്തിൽ സാധാരണക്കാരായ ആളുകൾക്ക് ഡെപ്പോസിറ്റ് ചെയ്യാവുന്ന ത്. പക്ഷേ പലരും കളിപ്പിച്ചുകൊണ്ട്, നോൺബാങ്കിംഗ് ഇൻസ്റ്റിറ്റ്യൂഷൻസ് കൂടുതൽ പലിശ തരാമെന്ന് പറഞ്ഞുകൊണ്ട് ഡെപ്പോസിറ്റ് വാങ്ങും. അതിന് എന്താണ് പരിഹാരം? ഇവിടെ മണിലെൻഡേഴ്സ് ആക്ടുണ്ട്. അതനുസരിച്ച് ആർക്കും നിക്ഷേപങ്ങൾ സ്വീകരിക്കാം. ആർക്കും ഒരു സ്ഥാപനം തുടങ്ങാം. പക്ഷേ നിക്ഷേപം സ്വീകരിക്കുകയാണെങ്കിൽ ഇത്ര ശതമാനത്തിൽ കൂടുതൽ പലിശ കൊടുക്കുവാൻ പാടില്ലായെന്ന് റിസർവ്വ് ബാങ്കിന് ഒരു നിയമമുണ്ട്. അപ്പോൾ കൂടുതൽ പലിശ ഓഫർ ചെയ്തുകൊണ്ട് സ്ഥാപനങ്ങൾ നടത്തുക യാണെങ്കിൽ അതിന്മേലുള്ള നടപടികൾ സ്വീകരിക്കേണ്ടത് റിസർവ്വ് ബാങ്കാ ണ്. ശ്രീ. ജെയിംസ് മാത്യു ഇവിടെ ചോദിച്ചു, തെറ്റായ കാര്യങ്ങൾ അങ്ങനെ

ചെയ്യുന്നുവെങ്കിൽ എന്ത് നടപടി, നല്ല നിലയിൽ ഇത് നടത്തിക്കൊണ്ടുപോകാൻ ഇതിൽ വ്യവസ്ഥയില്ലല്ലോയെന്ന് പറയുകയുണ്ടായി. നല്ല നിലയിലാണോ ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്നറിയാൻ മണിലെൻഡേഴ്സ് ആക്ടിന്റെ ലംഘനമുണ്ടായാൽ സ്റ്റേറ്റ് ഗവൺമെന്റിന് അതിനെ സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കാം. റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾ പാലിക്കാതെയാണ് ഡെപ്പോസിറ്റുകൾ വാങ്ങുന്നതെന്നുണ്ടെങ്കിൽ റിസർവ്വ് ബാങ്കിന് അതിന്മേൽ നടപടികൾ സ്വീകരിക്കാം. അവരാണ് ഇതിനെ സംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കേണ്ടത്. എന്നാൽ ഈ നിയമത്തിന്റെ ലക്ഷ്യം എന്താണ്? ഈ നിയമത്തിന്റെ ലക്ഷ്യം റിസർവ്വ് ബാങ്ക് കൈകാര്യം ചെയ്യാത്ത, മണിലെൻഡേഴ്സ് ആക്ട് കൈകാര്യം ചെയ്യാത്ത, സ്റ്റേറ്റ് ഗവൺമെന്റ് ഇതുവരെ കൈകാര്യം ചെയ്യാത്ത ഒരു മേഖല കബളിപ്പിക്കപ്പെടുന്ന ഡെപ്പോസിറ്റേഴ്സിന് എങ്ങനെ ഡെപ്പോസിറ്റ് സംഖ്യ തിരിച്ചുകൊടുക്കാൻ കഴിയും; എങ്ങനെ അവർക്ക് നഷ്ടപ്പെട്ട പണം തിരിച്ചുകൊടുക്കാൻ കഴിയും; എങ്ങനെ ഡെപ്പോസിറ്റേഴ്സിനെ സംരക്ഷിക്കാൻ കഴിയുമെന്നുള്ളതാണ്. കബളിപ്പിച്ച ആളിൽനിന്ന് ആ രൂപ എങ്ങനെ വാങ്ങിക്കൊടുക്കാൻ പറ്റുമെന്നുള്ളതാണ് ഈ നിയമത്തെ സംബന്ധിച്ചിടത്തോളമുള്ളത്. 'ടോട്ടൽ ഫോർ യു' പോലെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്......... ഗവൺമെന്റിനെ കുറ്റപ്പെടുത്തുകയല്ല. 'ടോട്ടൽ ഫോർ യു'-പോലെയുള്ള നിരവധി സ്ഥാപനങ്ങൾ ഇവിടെ മുങ്ങിയപ്പോൾ കോടിക്കണക്കിന് രൂപയുടെ നഷ്ടം പാവപ്പെട്ട ആളുകൾക്കുണ്ടായപ്പോൾ റിസർവ്വ് ബാങ്ക് ഒരു ഡയറക്ഷൻ നൽകി, സ്റ്റേറ്റുകൾ അലർട്ട് ആയിരിക്കണം, നിയമനിർമ്മാണം കൊണ്ടുവരണമെന്ന് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെടുകയുമുണ്ടായി. എൽ.ഡി.എഫ്.

ഗവൺമെന്റിന്റെ കാലത്ത് നിയമനിർമ്മാണം ഉണ്ടായില്ല. ഞാൻ 2011–12-ലെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഇതിനുവേണ്ടി ഒരു നിയമനിർമ്മാണം കൊണ്ടുവരുമെന്ന് ബഡ്ജറ്റിനകത്ത് വാഗ്ദാനം നൽകിയിരുന്നു. അതുകൊണ്ട് ഒരു പർട്ടിക്കുലർ പർപ്പസിനുവേണ്ടിയാണ് ഇതു കൊണ്ടുവന്നത്. കബളിക്കപ്പെടുന്ന ആളുകളെ സംരക്ഷിച്ചുകൊണ്ട് കബളിപ്പിക്കുന്ന ആളിന്റെ കയ്യിൽനിന്ന് ഏത് നിലയിലായാലും അത് ഈടാക്കിയെടുക്കുന്നതിനുവേണ്ടിയാണ് ഇതു കൊണ്ടുവന്നിരിക്കുന്നത്. ഞാൻ ഈ നിയമം വായിക്കുന്നില്ല. വളരെ വളരെ ലൂപ്ഹോൾസൊക്കെയുണ്ടെന്ന് പറഞ്ഞു. പക്ഷേ എല്ലാ ലൂപ്ഹോൾസുകളെയും മാറ്റിക്കൊണ്ടാണ് ഇതുകൊണ്ടുവന്നിരിക്കുന്നത്. ഇതിന്റെ മൂന്നാമത്തെ ക്ലാസ് വായിച്ചപ്പോൾ എനിക്കുതന്നെ അത്ഭുതം തോന്നി. നല്ലതുപോലെ ഡ്രാഫ്റ്റ് ചെയ്തിരിക്കുന്നു. ഈ വാചകം വായിച്ചുകൊണ്ട് ഞാൻ

എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. '..........അങ്ങനെയുള്ള ധനകാര്യ സ്ഥാപനത്തിലെ നിക്ഷേപകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി,............... ' കാരണം ഇവിടെ ലൂപ്പ്ഹോൾസ് ഉണ്ടെന്ന് ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് പറഞ്ഞു. ലൂപ്പ്ഹോൾസിനെ നമുക്ക് കവർ ചെയ്യണമെന്ന് പറഞ്ഞു. "......സ്ഥാപനത്തിലെ നിക്ഷേപകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി, സർക്കാരിന്, ആ ധനകാര്യ സ്ഥാപനം ശേഖരിച്ച നിക്ഷേപങ്ങളിൽ നിന്നും അതുമുഖേനയും ആ ധനകാര്യ സ്ഥാപനത്തിന്റെ പേരിലോ മറ്റ് ഏതെങ്കിലും ആളുടെയോ സ്ഥാപനത്തിന്റെയോ പേരിലോ വാങ്ങിയ ഏതെങ്കിലും വസ്തുക്കളോ ആ ധനകാര്യ സ്ഥാപനത്തിന്റെ പേരിലോ അല്ലെങ്കിൽ മറ്റാരുടെയെങ്കിലും പേരിലോ സമാഹരിച്ചതായി ആരോപിക്കപ്പെടുന്ന പണമോ വസ്തുക്കളോ, അത്തരം പണമോ വസ്തുക്കളോ ജപ്തി ചെയ്യുന്ന

തിന് ലഭ്യമല്ലെങ്കിലോ, നിക്ഷേപങ്ങൾ മടക്കി നൽകുന്നതിന് മതിയാകുകയില്ല എന്നോ അതിന് ന്യായമായും തോന്നുന്നുവെങ്കിൽ, പ്രസ്തുത ധനകാര്യ സ്ഥാപനത്തിന്റെയോ പ്രസ്തുത ധനകാര്യ സ്ഥാപനത്തിന്റെ പ്രമോട്ടർ, പാർട്ട്ണർ, ഡയറക്ടർ, മാനേജർ അല്ലെങ്കിൽ അംഗം എന്നിവരുടെയോ വസ്തുക്കൾ അല്ലെങ്കിൽ ആ ധനകാര്യ സ്ഥാപനത്തിൽ നിന്ന് പണം കടം വാങ്ങി തിരികെ അടയ്ക്കുന്നതിൽ വീഴ്ച്ച വരുത്തിയ ഒരു ആളിൽ നിന്നും അയാളുടെ വീഴ്ച്ചയുടെ വ്യാപ്തിയോളവും അല്ലെങ്കിൽ ആരുടെ പേരിലാണോ ധനകാര്യ സ്ഥാപനം ശേഖരിച്ച നിക്ഷേപങ്ങളിൽ നിന്നും അതു മുഖേനയും വസ്തുക്കൾ വാങ്ങിയിട്ടുളളത്, ആ ആളുടെ അങ്ങനെയുള്ള മറ്റേതെങ്കിലും വസ്തുക്കളോ, സർക്കാരിന് യുക്തമെന്ന് തോന്നുന്ന രീതിയിൽ, ജപ്തി ചെയ്തുകൊണ്ടുള്ള ....................." ഈ നെറ്റിനകത്ത് ഞാനങ്ങ് അത്ഭുതപ്പെടുകയാണ്. എന്തൊരു ഡ്രാഫ്റ്റിംഗാണ് ഈ നിയമം. ഈ നെറ്റിനകത്ത് കുടുങ്ങാത്ത വാളയുണ്ടോ? ഇതിൽ കുടുങ്ങാത്ത മീൻ ഉണ്ടോ? ഏത് വമ്പനെയും ഈ വലയ്ക്കകത്ത് കുടുക്കാൻ കഴിയത്തക്കവണ്ണമാണ് ഈ ബില്ല് ഡ്രാഫ്റ്റ് ചെയ്തിരിക്കുന്നത്. ഇതൊരു മാതൃകാ നിയമമാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് ഈ മാതൃക അവലംബിക്കാവുന്നതാണ്. അതുകൊണ്ട് today is a historical day. ഇങ്ങനെയൊരു നിയമനിർമ്മാണം സബ്ജക്ട് കമ്മിറ്റിക്ക് അയക്കുന്ന ഈ ദിവസം വളരെ മനോഹരമാണ്. എല്ലാവരും സഹകരിച്ചുകൊണ്ട് നമുക്കിത് സബ്ജക്ട് കമ്മിറ്റിക്ക് വിട്ട് വേഗം ഇത് പാസ്സാക്കണം, അതിന് സഹകരിക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ഞാൻ ഉപസംഹരിക്കുന്നു.

മി. ചെയർമാൻ: ശ്രീ. ജെയിംസ് മാത്യു, Not in the seat.

ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബെന്നി ബെഹനാൻ, Not in the seat.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

2012-ലെ കേരള ധനകാര്യ സ്ഥാനപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യസംരക്ഷണ ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയത്തെ

അനുലൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കുന്നു.

## 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, 2013-ലെ കേരള ക്ഷീരകർഷക

ക്ഷേമനിധി (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, എന്നും കേരളത്തിലെ ക്ഷീര കൃഷിക്കാർ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗമായിരുന്നു, സൈഡ്ലൈൻ ചെയ്യപ്പെട്ടിരുന്നു. ഈ ബില്ലിന്റെ അവസ്ഥ അതുതന്നെയാണ്. ഈ ബില്ല് സൈഡ്ലൈൻ ചെയ്യപ്പെട്ടിരിക്കുകയാണ്. കേരളത്തിന്റെ ക്ഷീരമേഖല മറ്റ് കാർഷികമേഖലയുമായി താരതമ്യപ്പെടുത്തുമ്പോൾ ഗുണപരമായ മാറ്റങ്ങളുണ്ടായ ഒരു മേഖലയാണ്. പല പ്രയാസങ്ങളും പ്രതിസന്ധികളും ഈ രംഗത്തുണ്ടെങ്കിലും ഇന്ന് ക്ഷീരമേഖലയിൽ പ്രത്യാശയുടെയും പ്രതീക്ഷയുടെയും പല ചലനങ്ങളും നമ്മൾ കാണുന്നുണ്ട്. പാൽ ഉൽപ്പാദന രംഗത്ത് എന്നും കേരളത്തിന് ഷോർട്ടേജായിരുന്നു. ഒരു ദിവസം ഏതാണ്ട് ഏഴും എട്ടും ലക്ഷം ലിറ്റർ പാൽ വരെ കർണാടകയിൽ നിന്നും തമിഴ്നാട്ടിൽ നിന്നും വാങ്ങുന്ന അവസ്ഥ കേരളത്തിനുണ്ടായിരുന്നു. ഇന്നത്തെ കണക്കനുസരിച്ച് ഒരു ദിവസം വാങ്ങുന്നത് 3.8 ലക്ഷം ലിറ്റർ പാലാണ്. അടിസ്ഥാനപരമായി ഒരു കാര്യം പറയുമ്പോൾ ഉൽപാദനച്ചെലവുമായി ബന്ധപ്പെട്ട ന്യായമായ വില കൊടുക്കാതെ ഈ രംഗത്ത് തുടരാൻ സാധിക്കില്ല. പുതിയ തലമുറയ്ക്ക് വലിയ താൽപ്പര്യമുള്ള മേഖലയല്ല കന്നുകാലിവളർത്തൽ. നിലവിലുള്ള കൃഷിക്കാരെങ്കിലും ഈ രംഗത്ത് പിടിച്ചുനിൽക്കണമെങ്കിൽ പാൽ ഉൽപ്പാദി

പ്പിക്കുന്ന കൃഷിക്കാരെ സംരക്ഷിക്കാൻ സാധിക്കണം. അവർക്ക് ആവശ്യമായ ന്യായമായ വില കൊടുക്കാൻ സാധിക്കണം. ആ പശ്ചാത്തലത്തിൽ ഗവൺമെന്റിന് കഴിഞ്ഞ 18 മാസക്കാലത്തിനുള്ളിൽ, ഞാൻ മന്ത്രിയായതിനു ശേഷം രണ്ടുവട്ടം പാലിന്റെ വില കൂട്ടേണ്ടിവന്നു. ആദ്യം 5 രൂപ കൂട്ടി. അന്ന് കൂട്ടിയപ്പോൾ കൃഷിക്കാരന് കൊടുത്തത് 4 രൂപ 20 പൈസയായിരുന്നു. 20 പൈസ പ്രൈമറി സംഘത്തിന് കൊടുത്തു. 20 പൈസ മിൽമയ്ക്ക് കൊടുത്തു. 20 പൈസ കമ്മീഷൻ ഏജന്റിന് കൊടുത്തു. 20 പൈസ പെട്രോൾ എസ്ക്കലേഷൻ പ്രൊസസിന് മാറ്റിവച്ചു. 5 രൂപ കൂട്ടിയപ്പോൾ 4 രൂപ കൃഷിക്കാരന് കൊടുത്തു. ആറ് മാസം കഴിഞ്ഞപ്പോൾ കേരളത്തിന്റെ പാൽ ഉൽപ്പാദനം ഏതാണ്ട് 33% വർദ്ധിപ്പിക്കാൻ സാധിച്ചു. അത് തെളിയി ക്കുന്നത് ന്യായമായ വില കിട്ടിയാൽ കൃഷിക്കാരൻ കന്നുകാലിയെ സംരക്ഷിക്കുമെന്നാണ്. പശുവിന് തീറ്റകൊടുക്കും. ഉൽപ്പാദനം വർദ്ധിക്കും. വീണ്ടും പ്രയാസമുണ്ടായി. കാലിത്തീറ്റ വില വർദ്ധിച്ചു. സ്വകാര്യ കമ്പനി ക്കാർ കാലിത്തീറ്റ വില വർദ്ധിപ്പിച്ചു. കേരളത്തിലെ കൃഷിക്കാരനാവശ്യമായ കാലിത്തീറ്റയിൽ മിൽമയും കേരള ഫീഡ്സും ഉൽപ്പാദിപ്പിക്കുന്നത് ഏതാണ്ട് 45% മാത്രമാണ്. ബാക്കി മുഴുവനും വാങ്ങുന്നത് സ്വകാര്യ കച്ചവടക്കാരിൽ നിന്നുമാണ്. അവർ വില കൂട്ടി. വില കൂട്ടിയപ്പോൾ മിൽമയോടും കേരള ഫീഡ്സിനോടും വില കൂട്ടാൻ പാടില്ലായെന്ന് കൃഷി വകുപ്പുമന്ത്രി പറഞ്ഞു. അങ്ങനെ കൂട്ടിയില്ല. പക്ഷേ അങ്ങനെ പോകാൻ സാധ്യമല്ല. കാരണം റാ മെറ്റീരിയൽസിന്റെ കോസ്റ്റ് വർദ്ധിച്ചപ്പോൾ മിൽമയ്ക്കും കേരള ഫീഡ്സിനും വില കൂട്ടേണ്ട സാഹചര്യത്തിലേയ്ക്കെത്തി. ആ അവസരത്തിൽ വീണ്ടും

രണ്ടാം വട്ടം പാലിന്റെ വില 5 രൂപ കൂട്ടി. അങ്ങനെ കൂട്ടിയപ്പോൾ 4 രൂപ 60 പൈസ കൃഷിക്കാരന് കൊടുത്തു. മിൽമ ഒരു പൈസ പോലും എടുത്തില്ല. ഇന്ന് ഈ മേഖലയിൽ കൃഷിക്കാരനാവശ്യമായ സംരക്ഷണം ഉണ്ടാകണം. ബഹുമാനപ്പെട്ട എന്റെ മുൻഗാമി ശ്രീ. സി. ദിവാകരൻ മന്ത്രിയായിരുന്നപ്പോ ഴാണ് ഈ ക്ഷേമനിധി ബിൽ കൊണ്ടുവന്നത്. അതിന്റെ ചുവട് പിടിച്ച് ഈ ക്ഷേമനിധി വിപുലമാക്കാനും കൂടുതൽ കൃഷിക്കാരെ ഇതിന്റെ ആംബിറ്റിൽ കൊണ്ടുവരാനും ഗവൺമെന്റ് ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുകയാണ്. 2005 ഓഗസ്റ്റ് 4-നാണ് ആദ്യം ക്ഷേമനിധി ബോർഡ് നിലവിൽ വന്നത്. 2007 ഏപ്രിൽ 13-ന് നിയമമായ 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്ടിൽ ക്ഷേമനിധിയിൽ അംഗത്വം ലഭിക്കാൻ ചില വ്യവസ്ഥകൾ ഉൾപ്പെടുത്തി. (1) പത്ത് വർഷമെങ്കിലും പ്രാഥമിക സംഘത്തിൽ 500 ലിറ്റർ പാൽ അളക്കുന്ന കൃഷിക്കാരൻ (2) അംഗമായി അഞ്ച് വർഷം തുടർച്ചയായി പാൽ അളക്കുകയും 60 വയസ് പൂർത്തിയാകുകയും ചെയ്ത കൃഷിക്കാരൻ. 2010-ൽ വീണ്ടും മാറ്റം വരുത്തി. ആ മാറ്റം വരുത്തിയപ്പോൾ ക്ഷേമനിധി ഓർഡിനൻസ് വരുന്നതിന് മുമ്പ് അംഗമായ കൃഷിക്കാർ പത്ത് കൊല്ലം പാൽ അളന്നാൽ മാത്രമേ ക്ഷേമനിധിയുടെ ആനുകൂല്യം ലഭിക്കുകയുള്ളൂ. ക്ഷേമ നിധി ഓർഡിനൻസ് നിലവിൽ വന്നശേഷമുള്ള കൃഷിക്കാർ അഞ്ച് കൊല്ലം അളന്നാൽ മതി. ഒരു അനോമലിയാണിത്. കാരണം ഓർഡിനൻസിന് മുമ്പ് അംഗമായവർ 10 കൊല്ലം പാൽ അളക്കണം. ഓർഡിനൻസിന് ശേഷം വന്ന വർ 5 കൊല്ലം പാൽ അളക്കണം. ഇതുസംബന്ധിച്ച് കേരളത്തിലെ ക്ഷീരമേള കളിലും മറ്റും ക്ഷീരസംഘങ്ങൾ വലിയ പരാതി ഉന്നയിച്ചു. ആ പരാതി

പരിഹരിച്ചുകൊണ്ടാണ് ഇപ്പോൾ മാറ്റം വരുത്തുന്നത്. പുതിയ പദ്ധതിയനുസരിച്ച് ഓർഡിനൻസ് വരുന്നതിന് മുമ്പാണെങ്കിലും പിമ്പാണെങ്കിലും അംഗമായതിനുശേഷം അഞ്ച് കൊല്ലം പാൽ അളന്നാൽ ഈ ആനുകൂല്യം ലഭിക്കും. ഇതുകൊണ്ട് ഗവൺമെന്റ് കണക്കനുസരിച്ച് 5,000 കൃഷിക്കാർക്കെങ്കിലും കൂടുതലായി പ്രയോജനം ലഭിക്കാൻ പോകുകയാണ്. മറ്റൊരു വ്യവസ്ഥ നേരത്തെ ഉൾപ്പെടുത്തിയിരുന്നത് പ്രതിമാസ പെൻഷൻ 300 രൂപയെന്നതാണ്. വളരെ നാമമാത്ര പെൻഷനാണിത്. ഇത്രയും തുച്ഛമായ പെൻഷൻ നൽകുന്ന ഒരു മേഖല കേരളത്തിൽ കാണില്ല.

ശ്രീ. സാജു പോൾ: സർ, സ്വകാര്യ മേഖലയിലുള്ള ബഹുഭൂരിപക്ഷം പാലുല്പാദക സംവിധാനങ്ങളും ഇന്ന് നഷ്ടത്തിലായി, അവയുടെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. പക്ഷേ പി.ഡി.ഡി.പി. പോലെ ചില ഏജൻസികൾ വളരെ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ നേരിട്ടറിയാവുന്നതാണ്. ആയിരക്കണക്കിന് കൃഷിക്കാർ അവിടെ പാലളക്കുകയും, പി.ഡി.ഡി.പി. ഇപ്പോൾ ഐസ്ക്രീം പോലെയുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ പുറത്തിറക്കുകയും ചെയ്യുന്നുണ്ട്. ആ കൃഷിക്കാരെ ഈ പെൻഷൻ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് അഭിപ്രായസമന്വയമുണ്ടാക്കുന്നതടക്കം എന്തെങ്കിലും സംവിധാനങ്ങൾ സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഇപ്പോഴത്തെ ബില്ലിൽ അതിന് വ്യവസ്ഥകളൊന്നുമില്ലെങ്കിലും കാലടിയിലെ പി.ഡി.ഡി.പി. അടക്കമുള്ള സംഘങ്ങളുടെ കാര്യം പരിഗണിക്കേണ്ട വിഷയമാണ്. അതിന് സംഘങ്ങളുമായി ചർച്ചചെയ്ത് ഒരു കോൺസെൻസസിൽ എത്തേണ്ടിയിരിക്കുന്നു.

നിലവിലെ പെൻഷൻ 300 രൂപയാണ്. ഈ പെൻഷൻ നൽകുന്നതിൽ ഗവൺമെന്റിന്റെ യാതൊരു കോൺട്രിബ്യൂഷനുമില്ല. കൃഷിക്കാരുടെ ഫണ്ട് വാങ്ങിയിട്ടാണ് ഇത് കൊടുക്കുന്നത്. 16 രൂപ പാൽവില ഉണ്ടായിരുന്നപ്പോ ഴാണ് 12 പൈസ വിഹിതമായി വച്ചത്. പുതിയ മാറ്റങ്ങൾ വരുമ്പോൾ നേരത്തെ നിശ്ചയിച്ചിരുന്ന പൈസ മാറ്റി ശതമാനമാക്കുകയാണ്. ശതമാനമാ ക്കുമ്പോൾ പാൽവില എപ്പോൾ വർദ്ധിച്ചാലും അതിന്റെ ആനുകൂല്യം കൃഷി ക്കാരന് ലഭിക്കും. ഈ പുതിയ മാറ്റംകൊണ്ട് ഏഴര കോടി രൂപ കൂടുതലായി ക്ഷേമനിധിയിലേയ്ക്ക് ലഭിക്കുമെന്നാണ് ഗവൺമെന്റ് കണക്ക് കൂട്ടുന്നത്. ഇന്ന് നൽകുന്ന തുച്ഛമായ ക്ഷേമനിധി ആനുകൂല്യം, പെൻഷൻ വർദ്ധിപ്പി ക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അതിന് ഈ പണം വിനിയോഗി ക്കാൻ സാധിക്കും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊടുത്തിരുന്ന കാലിത്തീറ്റ സബ്സിഡി ഒരു ലിറ്റർ പാലിന് 40 പൈസയായിരുന്നു. ഈ ഗവൺമെന്റ് അത് 80 പൈസയാക്കി വർദ്ധിപ്പിച്ചു. നേരത്തെ ആറുമാസം കൊടുത്തിരുന്നത് ഇപ്പോൾ 12 മാസമാക്കാൻ പോകുകയാണ്. മാത്രമല്ല ഗ്രാമ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും അവരുടെ പ്ലാൻ ഫണ്ടിലും ആവശ്യമായ തുക മാറ്റിവയ്ക്കുന്നുണ്ട്. തീർച്ചയായും കേരളത്തിലെ ക്ഷീരമേ ഖലയിൽ സംതൃപ്തമായ ഒരു സാഹചര്യമുണ്ടാകണം. ഈ ക്ഷേമനിധി കൃഷിക്കാരന് വലിയ സഹായകമായി മാറും. അതിനുവേണ്ടിയുള്ള ഈ ബില്ല് സമ്പൂർണ്ണമാക്കാൻ ചർച്ചകൾ ഉപയോഗിക്കണമെന്ന് അപേക്ഷിക്കുന്നു.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട മെമ്പർമാർക്കും മാധ്യമപ്രവർത്ത കർക്കും ബഹുമാനപ്പെട്ട സ്പീക്കർ കാന്റീനിൽ ഭക്ഷണം അറേഞ്ച് ചെയ്തി ട്ടുള്ള കാര്യം അറിയിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, 2013-ലെ കേരള ക്ഷീരകർഷക ക്ഷേമ നിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-03-2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ക്ഷീരകർഷകർക്ക് പെൻഷൻ ലഭിക്കാൻ പാലളക്കുന്നതിന്റെ കാലാവധിയിലെ അപാകത പരിഹരിക്കാനും ഇപ്പോൾ നൽകികൊണ്ടിരിക്കുന്ന പെൻഷൻതുക 300 രൂപയിൽ നിന്ന് വർദ്ധിപ്പിക്കുന്നതിനും വേണ്ടിയാണ് ഈ ഭേദഗതി ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഈ ഭേദഗതി ബില്ലിനെ ഞാൻ തത്വത്തിൽ അംഗീകരിക്കുകയാണ്. പെൻഷൻ 300 രൂപയാണ് ഇപ്പോൾ വർദ്ധിപ്പിക്കാൻ പോകുന്നത്. കേട്ടാൽ മാന്യമാണ് എന്ന് തോന്നുന്ന നിലയിലുള്ള സംഖ്യ കൊടുക്കണം. നാട്ടിലെ ഒരു സാധാരണ പണിക്കാരന് കാലത്ത് 8.30/9 മണിക്ക് പണിക്ക് വന്ന് വൈകുന്നേരം 5 മണി വരെ പണി ചെയ്തുകഴിഞ്ഞാൽ അയാൾ പറയുന്ന തുകയാണ് കൊടുക്കുന്നത്. ഈ പറയുന്ന സംഖ്യയിൽ താഴെയാണ് ക്ഷീരകർഷകർക്ക് കൊടുക്കാൻ തീരുമാനിച്ചിരിക്കുന്ന പെൻഷന്റെ തുക. സാധാരണ നാട്ടിൻപുറത്തെ തൊഴിലാളിക്ക് ഒരു ദിവസം അധ്വാനിച്ചാൽ ലഭിക്കുന്ന തുക പോലും ഒരു മാസത്തെ പെൻഷനായി നൽകാൻ കഴിയുന്നില്ല എന്നുള്ള സ്ഥിതിവിശേഷം മാറ്റി ഒരു നോമിനൽ എമൗണ്ട്, എത്രയാണെന്ന് ഞാൻ പറയുന്നില്ല. ആയിരമോ ആയിരത്തി അഞ്ഞൂറ് രൂപയോ, കൊടുക്കാൻ പറ്റുന്നത് കൊടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഇതു സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. കേരളത്തിലെ ജനങ്ങൾ പാൽ നല്ല നിലയിൽ ഉപയോഗിക്കു

ന്നുണ്ട്. ക്ഷീരകർഷകർക്ക് അതിന്റെ ഗുണം ലഭിക്കേണ്ടതാണെങ്കിലും കേരള ത്തിൽ അത് കിട്ടുന്നില്ല എന്നുള്ളതാണ് ഒരു വസ്തുത. ഇവിടെത്തെ ആവശ്യ ത്തിന് അനുസരിച്ച് പാലുല്പാദിപ്പിക്കപ്പെടുന്നില്ല. സാമ്പത്തിക ശാസ്ത്രപ്ര കാരം ആവശ്യം കൂടുതലും ഉല്പാദനം കുറവുമാണെങ്കിൽ നല്ല വില കിട്ടും. പക്ഷേ, ഇവിടെ ക്ഷീരകർഷകർക്ക്  ആ നിലയിലുള്ള വില കിട്ടുന്നില്ല. കേരള ത്തിലെ പ്രതിദിനാവശ്യത്തിന്റെ ഒരു ചെറിയ പോർഷൻ മാത്രമാണ് ഇവിടെ ഉല്പാദിപ്പിക്കുന്നത്. എന്നിട്ടുപോലും കർഷകർക്ക് ഇത്തരമൊരു സ്ഥിതി വിശേഷമുണ്ടാകുന്നത് എന്തുകൊണ്ടാണ് എന്നത് ഗൗരവമായി പരിശോ ധിക്കണം. വില വർദ്ധിപ്പിക്കണമെന്ന കാര്യത്തിൽ തർക്കമില്ല, പക്ഷേ അതോടൊപ്പംതന്നെ ഉപഭോക്താക്കളുടെ താല്പര്യവും സംരക്ഷിക്കണം. ഗവൺമെന്റ് ഇടപെട്ട് കർഷകരെ പരമാവധി സഹായിക്കുന്ന ഒരു സമീപനം സ്വീകരിച്ചാൽ മാത്രമെ ഈ സ്ഥിതിവിശേഷത്തെ മറികടക്കാൻ കഴിയുകയുള്ളൂ. ഇപ്പോൾ കേരളത്തിന് ആവശ്യമുള്ള പാൽ സംസ്ഥാനത്തിന് പുറത്തുനി ന്നാണ് കൊണ്ടുവരുന്നത്. പാൽ എന്നു പറയുന്നത് വളരെ പരിശുദ്ധമായി കൈകാര്യം ചെയ്താൽ മാത്രമേ നന്നായി ഉപയോഗപ്പെടുത്താൻ കഴിയുകയുള്ളൂ. ശ്രദ്ധിക്കാതെ കൈകാര്യം ചെയ്താൽ പാൽ പെട്ടെന്ന് കേടാകും. മറ്റു സംസ്ഥാനങ്ങളിൽ നിന്നുവരുന്ന പാൽ ഒരുപാട് ദിവസങ്ങൾ കഴിഞ്ഞാണ് കേരളത്തിലെത്തുന്നത്. അപ്പോൾ പാലിൽ എന്തൊക്കെയോ കൃത്രിമം നടത്തു ന്നുണ്ട് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതൊഴിവാക്കി കേരള ത്തിലെ ജനങ്ങൾക്ക് ഗുണമേൻമയുള്ള പാൽ വിതരണം ചെയ്യുന്നതിനാവശ്യ മായ നിലപാട് സ്വീകരിക്കാൻ കഴിയണം. കേരളത്തിലെ ജനങ്ങളുടെ ആരോഗ്യരംഗത്തു വന്നിട്ടുള്ള നിരവധി പ്രശ്നങ്ങൾ ഉപയോഗിക്കുന്ന ഭക്ഷ്യ വസ്തുക്കളിൽ മാരകമായി മായം ചേർക്കുന്നതിന്റെ ഭാഗമായി ഉണ്ടായിട്ടുള്ള

താണ്. നമ്മുടെ നാട്ടിലെ പത്തുവീട്ടിൽ ഒരാൾക്ക് കാൻസർ അസുഖമുണ്ട്. അത് മായം ചേർക്കുന്ന ഭക്ഷണങ്ങൾ കഴിക്കുന്നതിന്റെ ഭാഗമായിട്ടാണ്. അതു കൊണ്ട് നമ്മുടെ നാട്ടിൽ തന്നെ സാധാരണക്കാരായ ജനങ്ങൾക്കാവശ്യമായി ട്ടുള്ള പാലുൽപാദിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. ഇ. കെ. വിജയൻ: സർ, മായം ചേർക്കുന്നതിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. തമിഴ്നാട്ടിൽ നിന്നുവരുന്ന പാലിൽ ഡിറ്റർജന്റ് ഉപയോ ഗിക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, കേരളത്തിൽ കൊണ്ടുവന്നു വിൽക്കു ന്നതിനായി ഡിറ്റർജന്റ് മാത്രമല്ല അതിനപ്പുറത്ത് എന്തു മായവും ചേർക്കുമെ ന്നുള്ള സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. എന്റെ മണ്ഡലമായ നെന്മാറ തമിഴ്നാടിന്റെ ബോർഡറാണ്. ആ ബോർഡറിൽ നടക്കുന്ന തട്ടിപ്പുകൾ നമുക്ക് ചിന്തിക്കാൻ പോലും കഴിയാത്ത നിലയിലുള്ളതാണ്. അത് തടയുന്ന തിന് കേരളത്തിൽ ആവശ്യത്തിന് പാലുല്പാദിപ്പിച്ചുകൊണ്ട് അവിടെ നിന്നും പാൽ ആവശ്യമില്ല എന്നുവരുന്ന നിലയുണ്ടാകണം. അത്യാവശ്യം വില കൂട്ടി കൊടുത്തപ്പോൾ പാലുല്പാദനത്തിൽ വലിയ തോതിൽ വർദ്ധനവുണ്ടായി എന്ന് ബഹുമാനപ്പെട്ട മന്ത്രി ബിൽ പൈലറ്റ് ചെയ്തുകൊണ്ട് പ്രസംഗിക്കു മ്പോൾ പറഞ്ഞു. അത് കേരളത്തിന്റെ ഒരു അനുഭവമാണ്. പണ്ട് നാട്ടിൽ എട്ടേകാൽ ലക്ഷം ഏക്കർ നെൽക്കൃഷിയുണ്ടായിരുന്നത് നെല്ലിന് നല്ല വില ലഭിച്ചുകൊണ്ടിരുന്നപ്പോഴാണ്. വില കുറഞ്ഞപ്പോൾ നെൽക്കൃഷിയിൽ നിന്ന് ആളുകൾ തിരിച്ചുപോയി. നെല്ലിന് വില കൂടുതൽ കിട്ടിയാൽ നെൽപ്പാടങ്ങൾ സംരക്ഷിക്കപ്പെടും എന്നതുപോലെ പാലിന് കൃഷിക്കാർക്ക് ആവശ്യമായി ട്ടുള്ള വില കിട്ടിയാൽ പാലുല്പാദനം വർദ്ധിക്കുമെന്ന കാര്യത്തിൽ

യാതൊരു സംശയവുമില്ല. പക്ഷേ ഉപഭോക്താക്കളാണ് കൂടുതലെന്നതു കൊണ്ട് അവരുടെ താല്പര്യവും സംരക്ഷിക്കപ്പെടണം. അതിന് സർക്കാർ ഇടപെടണം എന്നാണ് പറയാനുള്ളത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ക്ഷീരകർഷകരെ സഹായിക്കണമെന്നു പറയുമ്പോൾ പാൽവില മിൽമ രണ്ടുതവണ കൂട്ടിയെന്നുള്ളത് ശരിയാണ്. പക്ഷേ, വില കൂട്ടിയതിന്റെ ഗുണഫലം പൂർണ്ണമായി കർഷകർക്ക് ലഭിച്ചില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞു. അതിനു കാരണം രണ്ടുതവണ കാലിത്തീറ്റയുടെ വിലയും വർദ്ധിപ്പിച്ചതാണ്. ഗവൺമെന്റ് സഹായിക്കുക എന്നു പറയുമ്പോൾ വില വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം കാര്യമില്ല. കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് ക്ഷീരകർഷകർക്ക് കിട്ടത്തക്ക നിലയിലുള്ള ഒരു സംവിധാനമുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ കഴിയില്ലേ?

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, അക്കാര്യത്തിൽ സംശയമൊന്നുമില്ല.

ശ്രീ. കെ. എം. ഷാജി: സർ, തമിഴ്നാട്ടിൽ ഒരു ലിറ്ററിന് രണ്ടു രൂപ ഇൻസെന്റീവ് നൽകുന്നുണ്ട്. അങ്ങനെ ഒന്നുകിൽ പാൽ കൂടുതലളക്കുന്നവർക്ക് ഇൻസെന്റീവ് നൽകുകയോ അല്ലെങ്കിൽ കാലിത്തീറ്റയ്ക്ക് കൂടുതൽ സബ്സിഡി കൊടുക്കുകയോ ചെയ്യണം.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ പറഞ്ഞതാണ്, ഉപഭോക്താക്കളുടെ താല്പര്യം സംരക്ഷിക്കുന്നതോടൊപ്പം കർഷകരെ രക്ഷിക്കുകയും വേണം. അതിനാവശ്യമായ എന്തു നടപടിയാണോ സർക്കാർ സ്വീകരിക്കേണ്ടത് ആ നടപടി സ്വീകരിക്കണം. പാലക്കാട് ജില്ലയിലെ ഇലപ്പുള്ളി പഞ്ചായത്തിന്റെ അനുഭവം എന്റെ മുമ്പിലുണ്ട്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഈ ബില്ലിലെ പ്രധാനപ്പെട്ട ഒരു വ്യവസ്ഥ എന്നു പറയുന്നത് ക്ഷീരകർഷകരുടെ പെൻഷൻ വർദ്ധിപ്പിച്ചു കൊടുക്കുക എന്നുള്ളതാണ്. തമിഴ്നാട്ടിൽനിന്നും ലക്ഷക്കണക്കിന് ലിറ്റർ പാലാണ് ഇങ്ങോട്ടു വരുന്നത്. ഒരു ലിറ്റർ പാലിന് ഒരു നിശ്ചിത പൈസ സെസായി ഈടാക്കാൻ തീരുമാനിച്ചാൽ വലിയ നിലയിലുള്ള ഫണ്ട് സ്വരൂപി ക്കാൻ കഴിയും ആ നിലയിൽ ചിന്തിക്കുന്നത് നല്ലതല്ലേ?

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് നല്ല നിർദ്ദേശമാണ്. പക്ഷേ അങ്ങനെ സെസ് ഏർപ്പെടുത്തുന്ന സമയത്ത് നമ്മുടെ നാട്ടിൽ ആവശ്യത്തിന് പാലുല്പാദിപ്പിക്കാൻ കഴിയണം. അവിടെ നിന്ന് പാൽ വരാതിരിക്കുന്ന അവസ്ഥയുണ്ടായാൽ നാട്ടിൽ നന്നായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞാൽ മാത്രമേ ആ പ്രതിസന്ധി പരിഹരിക്കാൻ കഴിയുകയുള്ളൂ. പാലക്കാട് ജില്ലയിലെ ഇലപ്പുള്ളിയിൽ ഇരുപതോളം സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ടായിരുന്നു. പ്രതിവാരം അഞ്ചുലക്ഷം രൂപയുടെ ബിസിനസ്സാണ് അവിടെ നടന്നിരുന്നത്. അവിടെ പഞ്ചായത്ത് വളരെ സജീവ മായി ഇടപെട്ടു, കൃഷിക്കാർക്ക് സഹായം കൊടുത്തു. നല്ല പിന്തുണയും സഹായവും കിട്ടിയപ്പോൾ വലിയ തോതിലുള്ള ഉല്പാദന വർദ്ധനവുണ്ടായി. പ്രതിവാരം അഞ്ചു ലക്ഷം രൂപയുടെ വിപണനം നടത്തിയിരുന്ന സ്ഥാനത്ത് അത് 75 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. അങ്ങനെ മാസം 3 കോടി എന്ന കണക്കിൽ ഒരു വർഷം 36 കോടി രൂപയുടെ പാലുല്പാദന വിപണനം നടത്താൻ ഇലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതിക്കും അവിടെയുള്ള ക്ഷീരകർഷക സംഘങ്ങൾക്കും കഴിഞ്ഞു എന്നത് നമുക്ക് വളരെ മാതൃകയാക്കാവുന്ന ഒരു സിസ്റ്റമാണ്. ഒരു പ്രാദേശിക സ്വയംഭരണ

സ്ഥാപനത്തിന്റെ ഇടപെടലിന്റെ ഭാഗമായി പാലുല്പാദന രംഗത്ത് പിന്നോക്കമായിരുന്ന ഒരു പഞ്ചായത്തിൽ വലിയ തോതിൽ പാലുല്പാദിപ്പിക്കാൻ കഴിഞ്ഞു, അതൊരു മാതൃകാ പദ്ധതിയാക്കി മാറ്റി സംസ്ഥാനത്താകെ നടപ്പിലാക്കാൻ കഴിഞ്ഞാൽ സംസ്ഥാനത്തിനാവശ്യമായ പാൽ ഇവിടെത്തന്നെ ഉല്പാദിപ്പിക്കാൻ കഴിയും. ഗുണമേൻമയുള്ള പാൽ എല്ലാവർക്കും കൊടുക്കാൻ കഴിയും. അതിനാവശ്യമായ ഒരു നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് അതിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

അതോടൊപ്പംതന്നെ ബഹുമാന്യനായ മന്ത്രി 16-5-2012-ൽ ക്ഷീരകർഷകരുടെ സാമ്പത്തിക ഇടപാടുകൾ നടത്തുന്നതിനായി ഒരു ധനകാര്യ സ്ഥാപനം രൂപീകരിക്കുന്ന കാര്യത്തെ സംബന്ധിച്ച് ഗൗരവമായി വിശദീകരിച്ചിട്ടുണ്ടായിരുന്നു. അതിനുശേഷം അതേക്കുറിച്ച് ഒന്നും പറഞ്ഞുകേൾക്കുന്നില്ല. അതുകൊണ്ട് അതെന്തുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കണമെന്നാണ് പറയുവാനുള്ളത്. അതുപോലെ കാർഷിക മേഖലയിൽ ഗുരുതരമായ പ്രതിസന്ധിയും പ്രശ്നങ്ങളും വന്നപ്പോഴാണ് കേരളത്തിലെ കാർഷിക മേഖലയിൽനിന്നും കൃഷിക്കാർ ഈ പാലുൽപ്പാദന മേഖലയിലേയ്ക്ക് വന്നിട്ടുള്ളത്. അതേത്തുടർന്ന് കാർഷികമേഖലയിലെ കൃഷിക്കാർക്ക് ജീവിതത്തിൽ ഒന്നുപിടിച്ചുനിൽക്കാൻ കഴിയുന്ന ഒരു സ്ഥിതിവിശേഷമുണ്ടായിട്ടുണ്ട്. അത് കുറച്ചുകൂടി മെച്ചപ്പെടുത്തിക്കൊടുക്കാൻ കഴിയുന്ന ഒരു സമീപനം നമുക്ക് സ്വീകരിക്കാൻ കഴിയണം. ഇപ്പോൾ ഈ മേഖലയിലെ പ്രശ്നമെന്നു പറയുന്നത് രൂക്ഷമായ വിലക്കയറ്റമാണ്. നിത്യോപയോഗ സാധനങ്ങളുടെ വില കയറുന്നതുപോലെതന്നെ ഉല്പാദന ചെലവും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്........

ശ്രീ. സാജുപോൾ : എന്റെ ഭാര്യ ഒരു നല്ല ക്ഷീര കർഷകയാണ്. ബഹുമാനപ്പെട്ട ചെന്താമരാക്ഷന്റെ ശ്രദ്ധയിൽപ്പെടുത്താനും ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുമുള്ള ഒരു കാര്യം, രണ്ട് പശുക്കളെയെങ്കിലും വളർത്തുന്ന കൃഷിക്കാരെ തൊഴിലുറപ്പ് പദ്ധതിയിൽ കൊണ്ടുവരുന്ന ഒരു കാര്യം ഗവൺമെന്റ് മുമ്പ് പരിഗണിച്ചിരുന്നു. ഇത് ഏറ്റവും ഉപകാരപ്രദമായ ഒരു സംവിധാനമായിരിക്കും. കൃഷിക്കാർക്ക് തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിൽ നൽകുന്നതിനും അങ്ങനെ കൂടുതൽ വരുമാനം നമ്മുടെ കർഷകർക്ക് ലഭ്യമാക്കുന്നതിനും ഉല്പാദന മേഖലയിലേയ്ക്ക് തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഫലങ്ങൾ എത്തിക്കുന്നതിനുമുള്ള നല്ലൊരു ഉപാധിയാണ് ക്ഷീരകർഷകരെ ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്നതുകൊണ്ട് ഉണ്ടാകുന്നത്.

ശ്രീ. വി. ചെന്താമരാക്ഷൻ : ബഹുമാന്യനായ ശ്രീ. സാജു പോൾ പറഞ്ഞത് നല്ലൊരു നിർദ്ദേശമാണ്. കൃഷിക്കാരെ സഹായിക്കുന്നതുമായി ബന്ധപ്പെടുത്തി കേന്ദ്ര പ്രോജക്ട് തൊഴിലുറപ്പ് പദ്ധതിയുമായി കൂട്ടിയോജിപ്പിച്ചാൽ കർഷകർക്ക് അതൊരു സഹായകമാകും. അതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണം. കാലിത്തീറ്റയുടെ വിലവർദ്ധനവ് ഒരു വലിയ പ്രശ്നമാണ്. ഇപ്പോൾ കേരളത്തിൽ കേരള ഫീഡ്സും മിൽമയും കാലിത്തീറ്റ ഉല്പാദിപ്പിക്കുന്നുണ്ട്. കാലിത്തീറ്റ ന്യായവിലയ്ക്ക് ഉല്പാദിപ്പിച്ച് ന്യായവിലയ്ക്ക് കൃഷിക്കാർക്ക് കൊടുക്കുകയാണ് വേണ്ടത്. പക്ഷേ, ഈ രണ്ടു സ്ഥാപനങ്ങളും ഉല്പാദനം കുറയ്ക്കുകയാണ് ചെയ്യുന്നത്. സ്വകാര്യ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി, ക്ഷീരകർഷകരെ ബുദ്ധിമുട്ടിക്കുന്നതിനുവേണ്ടി ഉല്പാദനം കുറച്ച് കൃത്രിമ വിലക്കയറ്റമുണ്ടാക്കി സ്വകാര്യമേഖലയ്ക്ക്

കൊള്ളലാഭം കൊയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നു എന്നൊരു വിഷയം വന്നിട്ടുണ്ട്. അതിനെ സംബന്ധിച്ച് മന്ത്രി ഒന്നു ശ്രദ്ധിക്കണം. അതു പോലെ നമ്മുടെ നാട്ടിൽ തേങ്ങയ്ക്ക് യാതൊരു വിലയുമില്ല. എന്നാൽ തേങ്ങാപ്പിണ്ണാക്കിന് ഭയങ്കര വിലയാണ്. ഇരട്ട ചൂഷണമാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. തേങ്ങ റോഡിൽ കിടക്കുന്നത് കണ്ടാൽ അതൊന്ന് കുനിഞ്ഞെടുക്കാൻ ആളില്ല. പക്ഷേ തേങ്ങാപ്പിണ്ണാക്കിന് വലിയ വിലയാണ്. തേങ്ങാപ്പിണ്ണാക്കാണ് കാലിത്തീറ്റയ്ക്കുവേണ്ടി ഉപയോഗിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു സാധനം. അതിന് വില കുറയുന്നില്ല. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇരട്ട ചൂഷണമാണ് നമ്മുടെ നാട്ടിൽ നടന്നു കൊണ്ടിരിക്കുന്നത്. അതുപോലെ കാലികളുടെ പ്രധാനപ്പെട്ട ഭക്ഷണം വൈക്കോലാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : പാലുൽപ്പാദനത്തെക്കുറിച്ചാണല്ലോ താങ്കൾ ഇപ്പോൾ സംസാരിച്ചുകൊണ്ടിരിക്കുന്നത്. പാലുൽപ്പാദനം വർദ്ധിപ്പിക്കണമെങ്കിൽ എല്ലാവരും പശുക്കളെ പോറ്റണം. ഈ സഭയിലെ എം.എൽ.എ. മാരിൽ എത്രപേർ പശുവിനെ പോറ്റുന്നുണ്ടെന്ന് അറിയാൻ സാധിക്കുമോ? പശുവിനെ പോറ്റാത്തവർക്ക് മന്ത്രിയുടെ വക എല്ലാവർക്കും ഒരോ പശുവിനെ കൊടുത്ത് പാൽ ഉത്പാദനത്തിന് മാതൃക കാണിച്ചുകൊടുക്കാൻ എം.എൽ.എ. മാർ തയ്യാറാകണമെന്നു പറയാൻ തയ്യാറാണോ?

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : അതെല്ലാം മന്ത്രി തീരുമാനിക്കട്ടെ. ഈ മേഖലയിൽ വൈക്കോൽ കിട്ടാനില്ല. കൃഷിനാശം സംഭവിച്ച് നെൽകൃഷി ആകെ ഉണങ്ങി നശിച്ചുപോയിരിക്കുകയാണ്. അതുകൊണ്ട് വൈക്കോലിന് ഇനിയും വില കൂടാൻ സാധ്യതയുണ്ട്. അതുപോലെ ഇപ്പോൾ കൊയ്ത്ത്, യന്ത്രങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പണ്ട് കൃഷിക്കാർ തൊഴിലാളി

കളെ വച്ച് കൊയ്തിരുന്നത് ഇപ്പോൾ യന്ത്രമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് വൈക്കോൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതും ഈ മേഖലയിൽ വലിയ പ്രതിസന്ധി ഉണ്ടാക്കുന്നുണ്ട്. 2009-ൽ അന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പരിശോധിച്ചപ്പോൾ ഒരു ലിറ്റർ പാലിന് 26 രൂപ 75 പൈസയായിരുന്നു. ഇപ്പോൾ 31.35 ആയി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ കൃഷിക്കാർക്ക് അതനുസരിച്ചുള്ള വില കിട്ടുന്നില്ല. കർഷകർക്ക് ഉല്പാദന ചെലവ് കുറയ്ക്കുന്നതിന് സബ്സിഡിയോടുകൂടി കാലിത്തീറ്റ ഗവൺമെന്റിന് കൊടുക്കാൻ കഴിയണം. എന്നാൽ മാത്രമേ ഈ പ്രതിസന്ധി പരിഹരിക്കാൻ കഴിയുകയുള്ളു. നമ്മുടെ നാട്ടിൽ ഈ മിൽമ നല്ല സ്ഥാപനമാണെന്നുള്ള കാര്യം നിഷേധിക്കുന്നില്ല. പക്ഷേ, വലിയ തോതിലുള്ള ബുദ്ധിമുട്ടുകൾ മിൽമയുടെ ഭാഗത്തുനിന്നും കർഷകർക്ക് ഉണ്ടാകുന്നുണ്ട്. പാൽ വില വർദ്ധിപ്പിക്കാനുള്ള അവകാശം മിൽമയ്ക്ക് കൊടുക്കുന്നതുകൊണ്ട് കർഷകർക്ക് ഒരു ഗുണവുമുണ്ടാകുന്നില്ല. വലിയ തോതിൽ വില വർദ്ധിപ്പിച്ചതിന്റെ പ്രയോജനം കർഷകർക്ക് കിട്ടുന്നില്ല. മിൽമയുടെ ഡയറക്ടർ ബോർഡും അതുമായി ബന്ധപ്പെടുത്തിയുള്ള മറ്റ് കാര്യങ്ങളും ചെയ്യുക എന്നതിനപ്പുറത്ത് കർഷകർക്ക് യാതൊരു ഗുണവുമില്ല. അതുപോലെ ഗുണമേന്മയില്ലാത്ത കാലിത്തീറ്റ വാങ്ങി മിൽയുടെ ലേബൽ ഒട്ടിച്ചു കൊടുക്കുകയാണ്. സ്വാഭാവികമായിട്ടും കൃഷിക്കാർക്ക് യാതൊരു ഗുണവും കിട്ടില്ല. ചെലവ് വരികയും ചെയ്യും. ഇങ്ങനെയുള്ള തട്ടിപ്പുകളെല്ലാം നമ്മുടെ നാട്ടിൽ മിൽമ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതൊക്കെ തടയാനാവശ്യമായ സമീപനം സ്വീകരിക്കണം. പാലുല്പാദനത്തിന്റെ കാര്യത്തിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ പരിശോധിച്ചാൽ കേരളം 13-ാം സ്ഥാനത്താണ്. 8,30,000 കുടുംബങ്ങൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാലും വലിയ

തോതിലുള്ള ഉല്പാദനവർദ്ധനവ് ഉണ്ടാക്കാൻ കഴിയുന്നില്ല. ഈ നിലയിൽ പിന്തുണയും സഹായവുമുണ്ടായാൽ യാതൊരു സംശയവുമില്ല, ഇത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി കഴിയും. അതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണമെന്നാണ് അതിനെ സംബന്ധിച്ച് പറയുവാനുള്ളത്. അതുപോലെ മിൽമയുടെ മറ്റൊരു തട്ടിപ്പുകൂടിയുണ്ട്. പ്രതിദിനം എട്ട് ലക്ഷം ലിറ്റർ പാലാണ് മിൽമ കളക്ട് ചെയ്യുന്നത്. 12 ലക്ഷമാണ് വിൽക്കുന്നത്. എവിടെനിന്നാണ് ഈ നാലുലക്ഷം ലിറ്റർ പാൽ വരുന്നത്? മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഗുണമേന്മയില്ലാത്ത പാൽ വാങ്ങിയതിനുശേഷം മിൽമയുടെ പായ്ക്കറ്റിൽ കൊടുക്കുകയാണ്. മിൽമയിലുള്ള കേരളത്തിലെ ജനങ്ങളുടെ വിശ്വാസത്തെ കൊള്ളയടിക്കുകയാണ് മിൽമ. അത്തരം കാര്യങ്ങളൊക്കെ തടയുന്നതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണം. അതുപോലെ അഞ്ചു രൂപ വർദ്ധിപ്പിച്ചപ്പോൾ 4 രൂപ 20 പൈസ കൃഷിക്കാർക്ക് കൊടുക്കുമെന്ന് പറഞ്ഞു. 20 പൈസ സംഘങ്ങൾക്ക്, 20 പൈസ മിൽമയ്ക്ക്, 20 പൈസ ഏജൻസി കമ്മീഷന്. എന്നാൽ ഈ 4 രൂപ 20 പൈസ കർഷകർക്ക് കൊടുക്കുന്നില്ല. പാലിലെ കൊഴുപ്പിന്റെ കണക്ക് പറഞ്ഞാണ് പാലിന്റെ വില കുറയ്ക്കുന്നത്. 3.5% കൊഴുപ്പ്, 8.5% കൊഴുപ്പേതര പദാർത്ഥം. ഇതൊരിക്കലും പാലിൽ ഉണ്ടാകാറില്ല. ഇതു പറഞ്ഞിട്ടാണ് ഈ വില കുറയ്ക്കുന്നത്. യഥാർത്ഥത്തിൽ 4 രൂപ 20 പൈസ കൊടുക്കുന്നതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുന്നില്ല. 1.05 സബ്സിഡി കുറച്ചു, 3 രൂപ ഇൻസെന്റീവ് റദ്ദാക്കി, അതുപോല 4 രൂപ 20 പൈസ കൃഷിക്കാർക്ക് കൊടുക്കുമെന്ന് പറയുമ്പോൾ ത്തന്നെ 5 രൂപ 5 പൈസ അവരുടെ ചെലവ് വർദ്ധിപ്പിച്ചിട്ടാണ് ഈ നിലയിലുള്ള സമീപനം സ്വീകരിക്കുന്നത്. അശാസ്ത്രീയമായ ഒരു വില നിർണ്ണയമാണ് ഈ മേഖലയിൽ വന്നിട്ടുള്ളത്. 3% കൊഴുപ്പും 8.5% കൊഴുപ്പേതര ഖരപ

ദാർത്ഥവും ചേർത്ത് 21 രൂപ 30 പൈസയാണ് വില കൊടുക്കുന്നത്. ഇതെല്ലാം വലിയ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. ഇതെല്ലാം പരിശോധിച്ച് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണം. ഏകപക്ഷീയമായി മിൽമയ്ക്ക് വില വർദ്ധിപ്പിക്കാനുള്ള അവകാശം കൊടുക്കാറില്ല. ഇപ്പോൾ ഹൈക്കോടതിയിൽ പോയി അവർക്ക് അനുകൂലമായ ഒരു വിധി വാങ്ങിയിട്ടുണ്ട്. ഹൈക്കോടതിയിൽനിന്നും അങ്ങനെയൊരു നിലപാട് വരുമ്പോൾ അതിനെതിരായി അപ്പീൽ പോയി ഒരുനല്ല നിലപാട് സ്വീകരിച്ച് ഗവൺമെന്റിന്റെ നിയന്ത്രണത്തിൽത്തന്നെ ഇത് കൊണ്ടുവരുവാൻ കഴിഞ്ഞില്ലെങ്കിൽ രൂക്ഷമായ പ്രതിസന്ധിയും പ്രശ്നവും ഈ മേഖലയിലുണ്ടാകാൻ സാധ്യതയുണ്ട്.

ശ്രീമതി കെ. കെ. ലതിക : മറ്റുള്ള ക്ഷേമനിധികളിൽ അംഗങ്ങളായതിനുശേഷമാണ് അവരുടെ വരിസംഖ്യ പിടിക്കുന്നത്. എന്നാൽ ക്ഷീരകർഷകർക്കുള്ള ക്ഷേമനിധിയിൽമാത്രം പാൽ അളക്കുമ്പോൾത്തന്നെ, അംഗമാകുന്നതിനു മുമ്പുതന്നെ പൈസ പിടിച്ചുകൊടുക്കുകയാണ്. ഇതെങ്ങനെയാണ് പരിഹരിക്കാൻ കഴിയുന്നത്?

ശ്രീ. വി ചെന്താമരാക്ഷൻ : അംഗങ്ങളായിട്ടുള്ള ആളുകൾക്കാണ് ക്ഷേമനിധി ആനുകൂല്യങ്ങൾകിട്ടുന്നത്. അംഗമാകാതെ പാൽ അളക്കുമ്പോൾത്തന്നെ പൈസ പിരിക്കുന്നു എന്നാണ് ബഹുമാന്യയായ ലതിക ഇവിടെ പറഞ്ഞത്. അത് പരിഹരിക്കാൻ മെമ്പർഷിപ്പ് കൊടുക്കണം. മെമ്പർഷിപ്പ് പലയിടത്തും കൊടുക്കുന്നില്ല. യാന്ത്രികമായി ഇതിന്റെ ഭരണസമിതിയിലുള്ള ആളുകൾ അവരുടെ പേരിലൊക്കെ കണക്ക് വച്ചതിനുശേഷം ചില അഡ്ജസ്റ്റുമെന്റുകൾ നടത്തുന്നതിന്റെ ഭാഗമായിട്ടാണ് ഈ പ്രശ്നങ്ങൾ വരുന്നത്. എന്തുതന്നെയായാലും നമ്മുടെ നാട്ടിലെ ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിനാവശ്യമായ ശക്തമായ നടപടി സ്വീകരിച്ചാൽ വലിയ തോതിലുള്ള ഉല്പാ

ദന വർദ്ധനവ് ഈ മേഖലയിൽ ഉണ്ടാക്കിയെടുക്കാൻ സാധിക്കും. നമ്മുടെ നാടിനാവശ്യമായ പാലുത്പാദിപ്പിക്കുന്നതിനുവേണ്ടി നല്ല ഒരു സമീപനം സ്വീകരിക്കണമെന്നാണ് ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് എനിക്ക് പറയുവാനുള്ളത്.

ശ്രീ. പാലോട് രവി: സർ, 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി അവതരിപ്പിക്കുന്നു.

പ്രകൃതിയോട് വളരെ ഇണങ്ങിച്ചേർന്ന ഒരു സംസ്കൃതിയും മാനവികതയുമാണ് നമുക്കുള്ളത്. ഇന്ന് ചർച്ച ചെയ്യുന്ന മൂന്നുബില്ലുകളിൽ ഏറ്റവും കൂടുതൽ പ്രാധാന്യത്തോടെ, മണ്ണിന്റെ പുണ്യമെന്നൊക്കെ പറയുന്നതുപോലെ ഇന്നും ഈ നാട്ടിൽ ജോലിയെടുക്കുന്ന പാലുൽപ്പാദിപ്പിക്കുന്ന കർഷകരുടെ കാര്യത്തിൽ, ഈ ബില്ല് ലിസ്റ്റ് ചെയ്യുമ്പോൾ കുറച്ചുകൂടി പ്രാധാന്യം നൽകണമായിരുന്നു. ഇതൊരു മൂന്നാംതരം ബില്ലാക്കിമാറ്ററുതായിരുന്നു എന്നാണ് എനിക്ക് ആമുഖമായി പറയാനുള്ളത്. യഥാർത്ഥത്തിൽ നമ്മുടെ ജീവിതത്തിന്റെ ഭംഗിയും നന്മകളും നിലനിർത്തുന്ന വളരെ സംശുദ്ധമായ, മുലപ്പാലുപോലെ സംശുദ്ധമായ ഈ മേഖലയിൽ വളരെ ദുരിതപൂർണ്ണമായ ജീവിതത്തിന്റെ ഉടമകളായ ക്ഷീരകർഷകരുടെ ക്ഷേമത്തിനായി കൊണ്ടുവന്ന ഈ ഭേദഗതി ബില്ലിനെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുകയാണ്. മാത്രമല്ല കഴിഞ്ഞ എട്ടുപത്ത് മാസക്കാലമായി ഈ മേഖലയിലെ അതിശക്തമായ മാറ്റത്തിനുവേണ്ടിയുള്ള ഒട്ടനവധി പ്രവർത്തനങ്ങൾ ഡയറി വകുപ്പിന്റെ ഭാഗത്തുനിന്ന്, ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നുയെന്ന് അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ സമ്മതിക്കും എന്നെനിക്കറിയാം. പശുവിനെ സംരക്ഷിച്ചാൽ തീരാത്ത പാപമില്ല എന്നാണ് നമ്മുടെ അടിസ്ഥാന വിശ്വാസം.

തെറ്റുകൾ ചെയ്ത് പാപമേറ്റുവാങ്ങിയ ദിലീപൻ രാജാവിനോട് പശുവിനെ സംരക്ഷിച്ചാൽ തീരാത്ത പാപമില്ലാത്തതിനാൽ 'രാജാവ്പോയി പശുവിനെ സംരക്ഷിക്കൂ' എന്ന് രാജപുരോഹിതന്മാർ കഥാപാത്രമായ ദിലീപൻ രാജാവിനോട് പറഞ്ഞതായാണ് രഘുവംശത്തിൽ കാളിദാസൻ പറഞ്ഞിരിക്കുന്നത്. മഹാകവി അക്കിത്തത്തിന്റെ വളരെ പ്രസിദ്ധമായ ഒരു കവിതയുണ്ട്. ആ കവിതയുടെ പേരുതന്നെ 'പശുവും മനുഷ്യനും' എന്നാണ്. ഷൊർണ്ണൂരിനടുത്തുള്ള വാണിയംകുളം കന്നുകാലി ചന്തയിൽനിന്നും ഒരു പൂവാലിപ്പശുവിനെ വാങ്ങിക്കൊണ്ടുവന്ന് കുടുംബാംഗമാക്കി വളർത്തിയ കഥയാണ് അക്കിത്തത്തിന്റെ കവിതയിലുള്ളത്. കറവ വറ്റിയപ്പോൾ വിലയ്ക്കുവിറ്റ പശു വീട്ടിൽനിന്നും പോകാൻ അറച്ചു. ഗൃഹനാഥ ബോധംകെട്ടുവീണു. ഗൃഹനാഥന് വാക്ക് പാലിക്കണം. നിവൃത്തിയില്ലാതെ അവസാന നിമിഷം വാങ്ങിയ കാശ് തിരിച്ചുകൊടുത്തിട്ട് ഗൃഹനാഥൻ ആത്മഹത്യ ചെയ്യുന്നതായിട്ടാണ് ഈ കവിതയിൽ പശുവിന്റെ കഥ പറഞ്ഞിരിക്കുന്നത്. ആ കവിതയിൽ 'അഴകിൻ അവതാരമാണവൾ' എന്നൊരു വാക്ക് പ്രയോഗിച്ചിട്ടുണ്ട്. പശുവിനെക്കുറിച്ച് അഴകിൻ അവതാരമെന്നാണ് പറഞ്ഞിരിക്കുന്നത്. അവളെ വിൽക്കുന്ന ക്രൂരകൃത്യത്തിന് നേതൃത്വം കൊടുത്തതുകൊണ്ട് ഞാൻ ആത്മഹത്യ ചെയ്യുകയാണെന്നാണ് അക്കിത്തം ആ കവിതയിൽ പറഞ്ഞിരിക്കുന്നത്. അഷ്ടാംഗഹൃദയത്തിൽ പ്രമേഹരോഗത്തിന് പറയുന്ന ഏക ചികിത്സ പശുവിനെ വളർത്തലും ആടുമാടുകളുടെ പരിപാലനവുമാണ്. കേരളത്തിൽ ഒരു സർവ്വെ നടത്തിനോക്കിയാൽ പശുവിനെ കറക്കുന്നവനും ആടുമാടുകളെ വളർത്തുന്നവർക്കും പശുക്കളെ വളർത്തുന്നവർക്കും പ്രമേഹരോഗമില്ല.

അതിനാൽ അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്നവർ കാന്റീനിൽചെന്ന് വിത്തൗട്ട് ചായ പറയുന്നതിനുപകരം അദ്ദേഹം സൂചിപ്പിച്ചതുപോലെ എം.എൽ.എ പണിയോടൊപ്പം ഓരോ പശുവിനെക്കൂടി വളർത്തുകയാണെങ്കിൽ പ്രമേഹ രോഗത്തിൽനിന്ന് പൂർണ്ണമായും രക്ഷപ്പെടാമെന്നാണ് അഷ്ടാംഗഹൃദയ ത്തിൽ പറഞ്ഞിരിക്കുന്നത്.

ശ്രീ. ബെന്നി ബെഹനാൻ: സർ, അങ്ങിപ്പോൾ അഷ്ടാംഗഹൃദയ ത്തെയും പശുവിന്റെ പൗരാണിക പ്രാധാന്യത്തെയും ഉൾപ്പെടുത്തിക്കൊണ്ട് പറഞ്ഞു. അവസാനം എം.എൽ.എ-മാരുടെ വീടുകളിൽ പശുക്കളെ വളർത്ത ണമെന്ന് പറഞ്ഞു. ശ്രീ. പാലോട് രവി എം.എൽ.എ.-യുടെ വീട്ടിൽ എത്ര പശുക്കളുണ്ട്; എത്ര പശുവിനെ ബഹുമാനപ്പെട്ട മെമ്പർ കറക്കാറുണ്ട്; എത്ര പാൽ കുടിക്കാറുണ്ട് എന്ന വിവരങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. പാലോട് രവി: സർ, ഇക്കാര്യം ബഹുമാനപ്പെട്ട സ്പീക്കറോട് ചോദിച്ചാൽ അറിയാം. ഏറ്റവുംകൂടുതൽ പശുക്കളെ വളർത്തുന്ന വീട്ടിലുള്ള ആളാണ് ഞാൻ. ഒരു കണക്കുകൂടി പറഞ്ഞാൽ ഇപ്പോഴും നാലും അഞ്ചും പശുക്കൾ നിൽക്കുന്ന തൊഴുത്തുള്ള ഒരു കുടുംബത്തിലുള്ള ആളാണ് ഞാൻ.

മി. സ്പീക്കർ: ശ്രീ. പാലോട് രവി, അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാം ശരി യാണ്. പക്ഷെ ഇവിടെയെങ്ങും ക്ഷേമനിധി കാണുന്നില്ല.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ബഹുമാനപ്പെട്ട സി.ദിവാകരൻ മൃഗ സംരക്ഷണ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അദ്ദേഹം ഒരു നിർദ്ദേശം ഈ സഭ യിൽ വച്ചു. എല്ലാ എം.എൽ.എ-മാരും ഓരോ പശുക്കളെ വളർത്തി മൃഗപരി പാലനത്തിൽ ഇടപെടണമെന്ന് പറഞ്ഞു. പക്ഷെ പലരും തയ്യാറായില്ല. ഈ സഭയിൽത്തന്നെ ഒരു ധാരണയുണ്ടാക്കാൻ കഴിഞ്ഞില്ല. അദ്ദേഹം എനിക്ക്

ഒരു കത്ത് തന്നതിന്റെ അടിസ്ഥാനത്തിൽ കാർഷിക സർവ്വകലാശാല യിൽനിന്നും കാശ് കൊടുത്ത് ഒരു വെച്ചൂർ പശുവിനെ പ്രത്യേക ഉത്തരവി ലൂടെ ലഭിക്കുകയുണ്ടായി. അന്നത്തെ മന്ത്രിയായിരുന്ന ശ്രീ. സി. ദിവാകരൻ മുൻകയ്യെടുത്തുകൊണ്ട് എം.എൽ.എ-മാർക്ക് പശുക്കളെ നൽകിയ മാതൃക ഇപ്പോഴത്തെ മൃഗസംരക്ഷണ വകുപ്പുമന്ത്രിയും തുടർന്നാൽ എല്ലാവർക്കും ഓരോ പശുവിനെ വളർത്താനുള്ള അവസരമുണ്ടാകും.

ശ്രീ. സി. ദിവാകരൻ: സർ, താങ്കൾ അന്ന് ഈ സഭയിൽ ഇല്ലായി രുന്നു. ഇത് ഒരു പുതിയ ആശയമല്ല. ഞാൻ മന്ത്രിയായിരുന്ന സമയത്ത് കൊടുക്കാമെന്നുപറഞ്ഞപ്പോൾ അന്ന് പ്രതിപക്ഷത്തിരുന്ന താങ്കളുടെ പാർട്ടി ഞങ്ങൾക്ക് പശുവിനെ ആവശ്യമില്ല എന്നുപറഞ്ഞു. രണ്ടാമത്തെ കാര്യം അങ്ങിവിടെ പറഞ്ഞു, അങ്ങയുടെ വീട്ടിൽ തൊഴുത്തും പശുവുമൊക്കെയു ണ്ടെന്ന് പറഞ്ഞു. പക്ഷെ അങ്ങയുടെ ജഗതിയിലെ വീട്ടിൽ വന്നപ്പോൾ പശുവും തൊഴുത്തും ഒന്നും കണ്ടില്ല.

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ അദ്ദേഹം ജഗതിയിലെ വീട്ടിലെ കാര്യമല്ല കുടുംബവീട്ടിലെ കാര്യമാണ് പറഞ്ഞത്.

ശ്രീ. പാലോട് രവി: സർ, അങ്ങ് നാടുമുഴുവനും പട്ടണപ്രദേശവും നഗരവുമായി കാണരുത്. ഒരുപാട് ഗ്രാമങ്ങളുള്ളതാണ് നമ്മുടെ നാട്. എന്റെ പേരിനൊപ്പം ചേർത്തിട്ടുള്ള പാലോട് എന്നത് പകലോടാണ്. അത്ര ഡെൻസും ഫലഭൂയിഷ്ടവും നല്ല ഉർവ്വരതയുമുള്ള പ്രദേശമാണ്. അവിടെ പശുക്കളും കാലിത്തീറ്റയുമുണ്ട്, ഇന്നും പുൽക്കൃഷിയും വൈക്കോലുമുണ്ട്. ഞാൻ മറ്റൊരുകാര്യംകൂടി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഇന്ദ്രനെ ആദരിക്കുന്നതിനെക്കാൾ നമ്മുടെ പശുക്കൾക്ക് പുല്ല് തരുന്ന

ഗോവർദ്ധനപർവ്വതത്തെ പൂജിക്കണമെന്ന ശ്രീകൃഷ്ണന്റെ ഉപദേശം കേട്ട്......................................

ശ്രീ. സി. ദിവാകരൻ: സർ, ക്ഷേമനിധിയിലെ ക്ഷീരത്തിന്റെ വകുപ്പു മാത്രമാണ് ബഹുമാനപ്പെട്ട കെ.സി. ജോസഫിന്റെ കീഴിൽ വരുന്നത്. പശുക്കളുടെ കാര്യം കൈകാര്യം ചെയ്യാൻ ഇവിടെ വേറെ മന്ത്രിയുണ്ട്. ഇപ്പോൾ ചർച്ച ചെയ്യേണ്ടത് ക്ഷീരകർഷകരുടെ ക്ഷേമനിധിയെക്കുറിച്ചാണ്.

ശ്രീ. പാലോട് രവി: സർ, പുല്ല് കൊടുക്കുന്ന ഗോവർദ്ധനപർവ്വതത്തെ ആദരിക്കണമെന്നുപറഞ്ഞ സംസ്കാരമുള്ള നാടാണ് നമ്മുടേത്. ഒരു കയ്യിൽ ഓടക്കുഴലും മറുകയ്യിൽ കവണിയുമായി കാലികളെ മേയ്ക്കാൻ പോകുന്ന ശ്രീകൃഷ്ണനെയും ജറുസലേമിൽ പൂർണ്ണ ഗർഭിണിയായ മറിയത്തിനും ഔസേപ്പിനും വാസമൊരുക്കിയ പുൽത്തൊഴുത്തുമൊക്കെ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണ്. അവിടെനിന്നെല്ലാം ഇപ്പോൾ പശുക്കൾ വേണമോ വേണ്ടയോ എന്നുള്ള തർക്കമല്ല. നമ്മുടെ മതങ്ങളിലെ ഗോശാലയും പുൽക്കൂടും പശുവുമെല്ലാം പാരമ്പര്യത്തിന്റെ ഓർമ്മകളാണ്. ചാണകംതേച്ച തറയും തെങ്ങോല മേഞ്ഞ വീടുകളും കാലിത്തൊഴുത്തുകളും ഇന്ന് മാഞ്ഞുകൊണ്ടിരിക്കുന്ന സങ്കൽപ്പത്തിന്റെ പ്രധാന കണ്ണിയാണ്. ആ കണ്ണികളുണർത്തുന്ന ചില സമീപനങ്ങളാണ് ശ്രീ. സി. ദിവാകരൻ തുടങ്ങിവച്ചത്. അതിന്റെ തുടർച്ചയായി ഇപ്പോഴത്തെ സാംസ്കാരികകാര്യ വകുപ്പുമന്ത്രി ആ സങ്കൽപ്പത്തിന്റെ കണ്ണിവിളക്കിത്തേയ്ക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. പശുവും ക്ഷീരകർഷകരും ഇന്നും നമ്മുടെ ഗ്രാമങ്ങളിലെ കാർഷിക സംസ്കാരത്തിന്റെ ബാക്കി നിൽക്കുന്ന കലാരൂപങ്ങളാണ്. കണ്ണൂരിലെ ഒരു കലാരൂപത്തെക്കുറിച്ച് പറയാൻ വേണ്ടിയാണ് ഞാനിത് പറഞ്ഞത്. ഒരു ചെറിയ ബാലന്റെ അരയ്ക്കു

ചുറ്റും പശുവിന്റെ മുഖം വച്ചുകെട്ടി രണ്ട് **പനിയന്മാർ** ചേർന്ന് ഓണക്കാലത്ത് വീടുകൾ കയറിയിറങ്ങുന്ന കോതാമൂരി കലാരൂപം ഇപ്പോഴുമുണ്ട്.

"കോതാമൂരീ, കോതാമൂരീ പശ്യംതരാമെല്ലാം

നെല്ലും പണവും വർദ്ധിച്ചിരിക്കാം".

എവിടെയെല്ലാം കോതാമൂരി ഇറങ്ങുന്നോ അവിടെയെല്ലാം നെല്ലും പണവും വർദ്ധിക്കുമെന്നുള്ള ആ സങ്കൽപ്പം ഇന്നും നമ്മുടെ നാട്ടിൽ നിലനിൽക്കുകയാണ്.

എന്താണ് ഇന്നത്തെ അവസ്ഥ? ഇന്നത്തെ അവസ്ഥ ഇവിടെ പറഞ്ഞത് ഞാൻ പറയാം.

**ഒത്തിരിക്കൊരു സുഖം തോന്നുന്നുണ്ടെനിക്കിന്നെൻ**

**പൊത്തിലെത്ര നാളായി ഞാൻ ചുരുണ്ടുകിടക്കുന്നു**

**വാതമെൻ ഞരമ്പിലമജ്ജയൊക്കെയും കാർന്നു,**

**പ്രേതമായ് തീർന്നു ഞാനെന്നാകിലും ശ്വസിക്കുന്നു**

**ഉളിവയ്ക്കുമ്പോൾ കട്ടപ്പൊന്നുപോൽ മിന്നും**

**കളിവഞ്ചിവെട്ടീടാൻ ചേലേന്തും വൻ തേന്മാവും**

**നിറയെപൂത്തും കാച്ചും നിൽക്കുമീമീനക്കാല–**

**ത്തിറയത്ത് ചെന്നൊന്ന് നോക്കുവാൻ കഴിഞ്ഞെങ്കിൽ**

**എൻപറമ്പിലില്ലൊറ്റ കുറ്റിവാഴയും എനിക്കി–**

**മ്പമാണ് എവിടെയാണെങ്കിലും മരം കണ്ടാൽ**

എല്ലാവർക്കും പശുക്കളെ വലിയ ഇഷ്ടമാണ്. എല്ലാവർക്കും ഇമ്പമാണ്. ഒരൊറ്റ കുറ്റിവാഴപോലുമില്ലാത്ത തരത്തിലുള്ള ഒരു മേഖലയെ സംരക്ഷിക്കാനാണ് നമ്മുടെ വകുപ്പുമന്ത്രി മുന്നോട്ടു വന്നിരിക്കുന്നത്.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ</u>: സർ, അദ്ദേഹത്തിന്റെ ശബ്ദം പ്രേംനസീറിന്റെ ശബ്ദം പോലെയാണ്. വളരെ മനോഹരമായ ശബ്ദമാണ്. അദ്ദേഹം പറഞ്ഞുകൊണ്ടിരിക്കുന്നത് പശു, കാള തുടങ്ങിയവയൊക്കെ ത്തന്നെ വളരെ മനോഹരവും കന്നുകാലികൾ നമ്മുടെ സമ്പത്താണെന്നും പറഞ്ഞു. ഞാൻ അങ്ങയോട് ചോദിക്കുന്നത്, കോൺഗ്രസ്സിന്റെ ആദ്യത്തെ ചിഹ്നം നുകംവച്ച കാളയായിരുന്നു. അത് ഉപേക്ഷിച്ചു. അത് കഴിഞ്ഞ് കോൺഗ്രസ്സിന്റെ ചിഹ്നമെന്ന് പറയുന്നത് പശുവുംകിടാവുമുണ്ടായിരുന്നു. അതും ഉപേക്ഷിച്ചു. നിങ്ങൾ ഇങ്ങനെ ഈ പാരമ്പര്യം മുഴുവൻ ഉപേക്ഷിച്ച് കൈപ്പത്തി പിന്നെന്തിനാണ് വാങ്ങിയതെന്ന് പറയാമോ?

<u>മി. സ്പീക്കർ</u> : ശ്രീ. പാലോട് രവി, ബില്ലിലേയ്ക്ക് വരൂ.

<u>ശ്രീ. പാലോട് രവി</u>: സർ, ഞാൻ ബില്ലിലേയ്ക്ക് വരികയാണ്, ശ്രീ. സുനിൽ കുമാർ, അത് യാഥാർത്ഥ്യമാണ്. ഒന്നുരണ്ടുതവണ നിങ്ങളുമായി ഐക്യമുണ്ടാക്കിയപ്പോഴാണ് ഞങ്ങൾ ചിഹ്നം മാറ്റിയത്. ഞാൻ മന്ത്രിയുടെ ശ്രദ്ധയിൽ ചില കാര്യങ്ങൾ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ഒന്നാമതായി, അങ്ങ് ഇത്രയും താൽപ്പര്യമെടുക്കുന്ന ഒരാളെന്ന നിലയിൽ നമ്മുടെ കാലാവധി കഴിയുന്നതിനുമുൻപായി ഒരു സമഗ്രമായ ക്ഷീരനയം നമ്മുടെ സംസ്ഥാനത്ത് പ്രഖ്യാപിക്കണം. രണ്ടാമതായി, ക്ഷീരോൽപ്പാദനം ഒരു കാർഷികവൃത്തിയായി ഞങ്ങൾ പ്രഖ്യാപിക്കുമെന്ന് പറയുന്നതല്ലാതെ ക്ഷീരോൽപ്പാദനം ഒരു കർഷകന്റെ ജോലിയാണെന്ന് ഇതുവരെയും ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. ക്ഷീരോൽപ്പാദനം ഒരു കാർഷികവൃത്തിയായി അംഗീകരിച്ചാൽ, മറ്റുകർഷകർക്ക് നൽകുന്ന ബാങ്കുവായ്പ, പലിശനിരക്ക്, വൈദ്യുതി കണക്ഷൻ മുതലായ ആനുകൂല്യങ്ങൾ മറ്റുകൃഷിക്കാർക്ക് കൊടുക്കുന്നതുപോലെ ഈ പാവപ്പെട്ട പശു വളർത്തുന്നവനും കൊടുത്താൽ

ബോംബെ, ബാംഗ്ലൂർ, തമിഴ്നാട് എന്നീ സ്ഥലങ്ങളിൽ നിന്ന് പാൽ കൊണ്ടു വരേണ്ട ആവശ്യമുണ്ടാവുകയില്ല. 3-4 കോടി രൂപയ്ക്കാണ് പുറത്തുനിന്ന് പലപ്പോഴും പാൽ കൊണ്ടുവരുമ്പോൾ ഇവിടെ നഷ്ടമുണ്ടാകുന്നത്. ഇവിടെ സൂചിപ്പിച്ച, ദേശീയ തൊഴിൽ ഉറപ്പ് പദ്ധതിയിൽ ഇവരെ ഉൾപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രീ. കെ.സി. ജോസഫും ഡൽഹിയിൽ പോയി വകുപ്പുമന്ത്രിയെ കണ്ട് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞ് ഈ സമയം കുറച്ചതുപോലെ ഇതൊരു യാഥാർത്ഥ്യമാക്കിമാറ്റാൻ ഈ സംസ്ഥാന ഗവൺമെന്റും എല്ലാപേരും ചേർന്ന് ഒരുമിച്ച് ഇത് ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമാക്കി മാറ്റണം. അതുപോലെതന്നെ ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള വൈദ്യുതി ചാർജ് കുറവുചെയ്തു കൊടുക്കണം. അതു പോലെ സംഘങ്ങളിൽ നിന്ന് നൽകുന്ന കാലിത്തീറ്റ സബ്സിഡി സഹായം വർഷം മുഴുവനും നൽകണം. അതൊരു പ്രത്യേകമായ ആവശ്യമാണ്. ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന എല്ലാ കർഷകരുടെയും പശുക്കളെ സൗജന്യമായി ഇൻഷ്വർ ചെയ്യണം. വേനൽക്കാലങ്ങളിൽ സംഘങ്ങളിൽനിന്ന് ഇൻസെന്റീവ് നൽകുന്നതിന് നടപടിയുണ്ടാകണം. സംഘങ്ങളിലെ റിസർവ്വ് ഫണ്ട് ഉപയോഗിച്ച് ക്ഷീരകർഷക ബാങ്ക് രൂപീകരിക്കുകയും അവിടെനിന്ന് ക്ഷീരകർഷകർക്ക് പലിശരഹിത വായ്പ നൽകുകയും വേണം. അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന പാലിനും പാൽ ഉൽപ്പന്നങ്ങൾക്കും സെസ്സ് ഏർപ്പെടുത്തുകയും ഈ തുക ക്ഷേമനിധിയുടെ വരവിൽ ഉൾക്കൊള്ളിച്ച് ക്ഷീരകർഷകരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതുമാണ്.

ശ്രീ. പി.സി. ജോർജ്: ശ്രീ. പാലോട് രവിക്ക് ക്ഷീര കർഷകരോടുള്ള സ്നേഹം വളരെ വലുതാണ്. പാലിന്റെ ഗുണനിലവാരം നോക്കുകയുംമറ്റും ചെയ്യുന്ന എ.എം.സി. യൂണിറ്റ്, എം.എൽ.എ. മാർ 75,000 രൂപ കൊടുത്താൽ

ഒന്നര ലക്ഷം രൂപയുടെ യൂണിറ്റ് കൊടുക്കാൻ മന്ത്രി നേരിട്ട് ഇടപെട്ട് ഓർഡ റായതായിരുന്നു. ശ്രീ. പാലോട് രവി, എത്ര എ.എം.സി. യൂണിറ്റിനുവേണ്ടി ആവശ്യപ്പെട്ടു എന്നുപറയാമോ; അതോ കൊടുക്കാൻ പോകു ന്നതേയുള്ളോ?

ശ്രീ. പാലോട് രവി: സർ, ഈ ചോദ്യമാണ് ചോദിക്കുന്നതെന്ന് അറിഞ്ഞിരുന്നെങ്കിൽ ഞാൻ വഴങ്ങില്ലായിരുന്നു. ക്ഷേമനിധി പെൻഷൻ ഇപ്പോൾ നൽകുന്ന തുകയിൽനിന്നും വർദ്ധിപ്പിച്ച് കൊടുക്കണമെന്നാണ് ഞാൻ പ്രധാനമായും ആവശ്യപ്പെടുന്നത്. ബഹുമാനപ്പെട്ട സി. ദിവാകരൻ തുടങ്ങിവച്ച ക്ഷേമനിധി പെൻഷൻ 300 രൂപയാണ്. അത് മിനിമം 1000 രൂപയാക്കണം. ഇപ്പോൾ 300 രൂപയാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ഏഴരക്കോടി രൂപ പാലിന്റെ വിപണനവുമായി ബന്ധപ്പെട്ട് 0.3 ശത മാനം, 0.5 ശതമാനം 0.75 ശതമാനം എന്നുപറഞ്ഞ ആ വിപണന മേഖല യിൽ നിന്ന് എടുക്കുന്ന ഈ പണം ഏഴരക്കോടി രൂപ വരുമെങ്കിൽ പാവപ്പെട്ട ക്ഷീരകർഷകർക്ക് 1000 രൂപ വച്ച് പെൻഷൻ കൊടുക്കണം. അതുപോലെ തന്നെ കെ.എൽ.ഡി. ബോർഡ്, മിൽമ, അനിമൽ ഹസ്ബന്ററി, ഡയറി എന്നി വയെ ഏകോപിപ്പിക്കണം. ഇതെല്ലാം ക്ഷീരമേഖലയുമായി ബന്ധപ്പെട്ട് നിൽക്കുന്നതാണ്. ഈ പറയുന്ന മേഖലകളെല്ലാം ഒന്നിപ്പിച്ച് ശക്തി പകർന്നാൽ നമ്മുടെ സമ്പദ് വ്യവസ്ഥയെ കാര്യമായി സഹായിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ മിൽമയുടെ കാര്യം പറഞ്ഞു. മിൽമയ്ക്കുള്ള ബ്രാന്റ് നിസ്സാരമാണോ?

ശ്രീ. എ.കെ. ബാലൻ: ബഹുമാനപ്പെട്ട അങ്ങ് ഒരു വല്ലാത്ത ബാധ്യത യാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ തലയിൽ വച്ചുകൊടുത്തിരിക്കുന്നത്.

ഇപ്പോൾ വകുപ്പുമന്ത്രിയുടെ കയ്യിൽ എത്ര വകുപ്പുകളുണ്ടെന്നാണ് നിങ്ങളുടെ ധാരണ? പാർലമെന്ററി, പ്ലാനിംഗ്, പ്രവാസി, പാൽ. 'പ' കൊണ്ട് തുടങ്ങുന്ന 4 വകുപ്പുകളാണ്. കൂടാതെ സാംസ്കാരികവും ഗ്രാമവികസനവും കൂടിയാകുമ്പോൾ 6 വകുപ്പുകളുണ്ട്. അതിനുപുറമെ ഈ പറയുന്നതുകൂടി ഇദ്ദേഹത്തിന്റെ തലയിൽ വച്ചുകൊടുത്താൽ എങ്ങനെയാണ് ഇത് താങ്ങാൻ പറ്റുമെന്ന് എനിക്കറിയില്ല.

ശ്രീ. പാലോട് രവി: അങ്ങേയ്ക്ക് രണ്ട് വകുപ്പുകൾ ഏൽപ്പിച്ചപ്പോൾ അത് ഭാരമായി തോന്നിയെങ്കിൽ ഇദ്ദേഹത്തിന് ഈ വകുപ്പുകളൊന്നും ഒരു ഭാരമേയല്ല. വകുപ്പുകളിൽ നടക്കുന്ന ഓരോ കാര്യങ്ങൾ ശ്രദ്ധിച്ചാൽ വളരെ ജാഗ്രതയോടെ, സൂക്ഷ്മമായി കാര്യങ്ങൾ ചെയ്യുന്നുണ്ട് എന്ന് മനസ്സിലാക്കാം. ഞാൻ മിൽമയെക്കുറിച്ച് പറഞ്ഞത്, ഏത് സ്വകാര്യ ഡയറിയോ വരട്ടേ, ഇന്ന് കേരളത്തിൽ വിശ്വാസ്യതയുള്ള പ്രസ്ഥാനമായി മിൽമ മാറിയിരിക്കുകയാണ്. മിൽമയുടെ ബ്രാന്റ് എവിടെയുണ്ടോ, നാട്ടുകാർ മിൽമ ബൂത്തിൽനിന്നു മാത്രമേ പാൽ വാങ്ങുകയുള്ളു. ബഹുമാനപ്പെട്ട സി. ദിവാകരനും അതുപോലെ അപ്പുറത്തിരിക്കുന്ന ഒട്ടനവധി ആളുകൾക്കുമറിയാം, ഒരു ദിവസം സംഭരിച്ച് കൊണ്ടുവരുന്ന 10 ലക്ഷം ലിറ്ററോളം വരുന്ന പാൽ പ്രോസസ്സ് ചെയ്യുന്നത് തിരുവനന്തപുരത്തും വയനാടും കോഴിക്കോടുമുള്ള രണ്ടുമൂന്ന് ഡയറികളിലാണ്. മിൽമയിൽ 3 റീജിയണുകളിലായി എഴുന്നൂറോളം തൊഴിലാളികളാണുള്ളത്. അവരുടെ ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇടപെട്ട കാര്യമാണ്. സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി., എ.ഐ.ടി.യു.സി. മുതലായ എല്ലാ സംഘടനകളുംകൂടി സംയുക്തമായി ഒരു ദിവസം ഞങ്ങൾ പണിമുടക്കി. അത് വളരെ പ്രധാനപ്പെട്ട ഒരു മേഖ

ലയാണ്. പക്ഷെ പണിമുടക്കേണ്ട സാഹചര്യം വന്നു. ആ പണിമുടക്കിനെ തുടർന്ന് ഞങ്ങളെ വിളിച്ചുവരുത്തി ഞങ്ങൾക്കെല്ലാവർക്കും സ്വീകാര്യമായ ഒരു ഒത്തുതീർപ്പുണ്ടാക്കി. പക്ഷേ അന്ന് ഞങ്ങൾ ഏകകണ്ഠമായി പറഞ്ഞത്, 5 ലിറ്റർ പാൽ കൊണ്ടുവരുന്ന സംഘത്തിലെ കൃഷിക്കാരന് നമ്മൾ പെൻഷൻ കൊടുക്കുന്നു. പക്ഷേ ഈ സംഭരിക്കുന്ന 10 ലക്ഷം ലിറ്റർ പാൽ രാത്രിയിലും പകലുമായി ജോലി ചെയ്ത്, പ്രോസസ്സ് ചെയ്ത്, കവറിലാക്കുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് പെൻഷനില്ല. അവർ 10-ഉം 30-ഉം വർഷം ജോലി ചെയ്തിട്ട് അവിടെനിന്ന് ഇറങ്ങിപോകുകയാണ്. ഒരു കമിറ്റ്മെന്റുണ്ട്. അതനുസരിച്ചുള്ള ചില പ്രോസസ്സ് ആരംഭിച്ചിട്ടുണ്ട്. കൃഷിക്കാർക്ക് പെൻഷൻ കൊടുക്കണം, അവരെ നിലനിറുത്തണം, 1000 രൂപ പെൻഷനാക്കണം എന്നു പറയുന്നതുപോലെ അങ്ങ് കൈകാര്യം ചെയ്യുന്നൊരു വകുപ്പ് എന്നുള്ള നിലയിൽ മിൽമ ജീവനക്കാർക്കുകൂടി പെൻഷൻ കൊടുക്കാനുള്ള ഒരു നടപടി അങ്ങ് സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, ഇവിടെ ശ്രീ. വി. ചെന്താമരാക്ഷനും ശ്രീ. പാലോട് രവിയും ചോദ്യങ്ങൾ ഉന്നയിച്ച മെമ്പർമാരും പറഞ്ഞകാര്യങ്ങൾ ഗവൺമെന്റ് ഗൗരവമായി പരിഗണിക്കുന്നതാണ്. ഇവിടെ ഒരു കാര്യം ചിന്തിക്കേണ്ടത്, കേരളത്തിന്റെ കാർഷിക മേഖലയിൽ നിശ്ചിത വില ലഭിക്കുന്ന ഏക മേഖലയാണ് ക്ഷീര മേഖല. മറ്റ് ഉൽപ്പന്നങ്ങൾക്കൊന്നും വില നിർണ്ണയിക്കാൻ സാധിക്കില്ല. ഓരോ കാല

ഘട്ടത്തിലും വില തകർച്ചയുണ്ടാകുമ്പോൾ പാൽ ഉൽപ്പാദിപ്പിച്ചാൽ മിൽമയിൽനിന്ന് എത്രരൂപ കിട്ടുമെന്ന വ്യക്തമായ ധാരണ കൃഷിക്കാരനുണ്ട്. അതുകൊണ്ട് കാലാകാലങ്ങളിൽ ഈ രംഗത്തേയ്ക്ക് പലപ്പോഴും സജീവമായി ആളുകൾ കടന്നുവരാൻ മടിക്കുന്നെങ്കിലും ഈ രംഗം നന്നായി മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്. കായികാദ്ധ്വാനം ആവശ്യമായ ഒരു ജോലിക്കും മലയാളി തയ്യാറല്ല എന്നതാണ് ഇന്ന് കേരളത്തിന്റെ അവസ്ഥ. പുതിയ തലമുറയ്ക്ക് കന്നുകാലി വളർത്തലിൽ താല്പര്യമില്ല. വീടുകളോട് ചേർന്ന് കന്നുകാലിത്തൊഴുത്തും കന്നുകാലികളുമുള്ള പാരമ്പര്യമായിരുന്നു കേരളത്തിന്റേത്. എന്നാൽ ഇപ്പോൾ നമ്മളാരും പശുക്കളെ വളർത്തുന്നില്ല. എല്ലാവരും പാൽ വാങ്ങുകയാണ് ചെയ്യുന്നത്. ഈ രംഗത്ത് നിൽക്കുന്ന സാധാരണ കൃഷിക്കാരൻ നമുക്കുവേണ്ടി പാലുല്പാദിപ്പിക്കുമ്പോൾ അവരെ സംരക്ഷിക്കാനുള്ള ബാധ്യത കണക്കിലെടുത്താണ് ഈ ക്ഷേമനിധിയുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഇവിടെ മിൽമയെപ്പറ്റി ചില പരാമർശങ്ങ ളുണ്ടായി. ദയവായി മിൽമയെ ബ്ലാക്മെയിൽ ചെയ്യരുത്. ശ്രീ. പാലോട് രവി പറഞ്ഞതുപോലെ കേരളത്തിന്റെ സഹകരണ മേഖലയിൽ, ക്ഷീരകർഷക രുടെ താല്പര്യത്തിനുവേണ്ടി മിൽമ നടത്തുന്ന പ്രവർത്തനങ്ങൾ വളരെ യേറെ ശ്ലാഘനീയമാണ്. കാലിത്തീറ്റയുടെ വില ഇപ്പോൾ വർദ്ധിച്ചിട്ടുണ്ട്. സ്വ കാര്യ കമ്പനിക്കാർ 200 രൂപയും കേരളാ ഫീഡ്സ് 150 രൂപയും വർദ്ധിപ്പിച്ചു. കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചെങ്കിലും ആ വർദ്ധനവിന്റെ ബാധ്യത ക്ഷീരകർഷകനില്ല. കേരളത്തിലെ മൂന്ന് മേഖലാ യൂണിയനുകളും ആ വർദ്ധ നവിന്റെ ആനുകൂല്യം ക്ഷീരകർഷകർക്ക് കൊടുക്കുന്നുണ്ട്. അതുകൊണ്ട് ഈ ബാധ്യത ക്ഷീരകർഷകർക്കുണ്ടാകുന്നില്ല. മിൽമയുടെ ഓരോ പ്രവർത്ത

നങ്ങളെപ്പറ്റിയും ശ്രീ. പാലോട് രവി ഇവിടെ പറഞ്ഞു. മിൽമ ‘കേരളം കണി കണ്ടുണരുന്ന നന്മ’ തന്നെയാണ്. എന്തെല്ലാം കുറ്റപ്പെടുത്തലും വിമർശനങ്ങളുമുണ്ടായാലും, മിൽമയുടെ സാന്നിദ്ധ്യംകൊണ്ടും മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ് ഇവയുടെ കൂട്ടായ പ്രവർത്തനംകൊണ്ടും ഈ രംഗത്ത് വലിയ മാറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ഇവിടെ പറഞ്ഞ ഒരു കാര്യം പെൻഷന്റെ വർദ്ധനവാണ്. അത് ഞാൻ നേരത്തെ പറഞ്ഞതാണ് പെൻഷനിൽ സർക്കാരിന്റെ കോൺട്രിബ്യൂഷനൊന്നുമില്ല. ഈ ഫണ്ട് മുഴുവൻ കൃഷിക്കാരന്റെ പണമാണ്. എങ്കിലും ഇപ്പോൾ ഈ ബില്ലിൽ പറയുന്നതുപോലെ അംശദായം വർദ്ധിപ്പിച്ചുകഴിഞ്ഞാൽ ഉണ്ടാകുന്ന വരുമാനംകൊണ്ട് പെൻഷൻ വർദ്ധിപ്പിക്കാൻ സാധിക്കും. അതുപോലെ ശ്രീമതി കെ.കെ. ലതിക ഒരുകാര്യം ചോദിച്ചിരുന്നു. ശ്രീമതി ലതിക ഈ ബിൽ വായിച്ചുനോക്കണം. ബില്ലിൽ പറയുന്നത് ക്ഷീര കർഷക ക്ഷേമനിധിയിൽ അംഗമായ ഏതൊരാളിനും സംഘത്തിൽ പാൽ അളന്നാൽ ആനുകൂല്യം ലഭിക്കുന്നുവെന്നാണ്. ഈ ഓർഡിനൻസ് വരുന്നതിന് മുമ്പ്, അംഗമായി ചേർന്ന ക്ഷീരകർഷകൻ പത്തുവർഷം പാൽ അളക്കണമായിരുന്നു. അത് മാറ്റി അഞ്ചുകൊല്ലം അളന്നാൽ മതി എന്നാക്കുകയാണ്. അതുപോലെ ഓർഡിനൻസ് നിയമമായതിനുശേഷം ചേർന്നവർ അഞ്ചുവർഷമെങ്കിലും കുറഞ്ഞത് അഞ്ഞൂറ് ലിറ്റർ പാൽ പ്രതിവർഷം സംഘത്തിൽ അളന്നാൽ ആനുകൂല്യം ലഭിക്കും. കേരള ക്ഷീര കർഷക ക്ഷേമനിധികൊണ്ട് തീർച്ചയായും ക്ഷീര കർഷകരെ സഹായിക്കാൻ സാധിക്കും. ഇവിടെ ശ്രീ. സാജു പോളും ശ്രീ. പാലോട് രവിയും തൊഴിലുറപ്പിന്റെ കാര്യം പറഞ്ഞു. കേരളത്തിന്റെ പരമ്പരാഗത മേഖലയെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തണമെന്നത്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും

ഞങ്ങൾ അധികാരത്തിൽ വന്നതിനുശേഷവും ഉന്നയിക്കുന്ന ആവശ്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡൽഹിയിൽ പോയി പ്രധാനമന്ത്രിയെയും ഗ്രാമ വികസന വകുപ്പുമന്ത്രിയെയും കണ്ടു. അപ്പോഴെല്ലാം ക്ഷീര മേഖല, കയർ മേഖല, ഫിഷറീസ് മേഖല തുടങ്ങി മറ്റ് പരമ്പരാഗത വ്യവസായങ്ങളെക്കൂടി തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം കേരളം ഉന്നയിച്ചി രുന്നു. എന്തുകൊണ്ടോ കേന്ദ്രഗവൺമെന്റിന് ഇക്കാര്യം ബോധ്യപ്പെട്ടിട്ടില്ല. കഴിഞ്ഞ ദേശീയ വികസന കൗൺസിൽ യോഗത്തിലെ പ്രസംഗത്തിലും മുഖ്യമന്ത്രി ഇക്കാര്യം ആവർത്തിച്ചിരുന്നു. ഇക്കാര്യം കേന്ദ്രഗവൺമെന്റിനെ ബോധ്യപ്പെടുത്താൻ ഡൽഹിയിൽ പോയപ്പോഴൊക്കെ കേരളത്തിലെ എല്ലാ എം.പി മാരും കക്ഷി വ്യത്യാസമില്ലാതെ ഞങ്ങളോടൊപ്പമുണ്ടായിരുന്നു. അതുകൊണ്ട് ഈ സമ്മർദ്ദം തുടരാനും കേന്ദ്രഗവൺമെന്റിനെ ബോധ്യപ്പെ ടുത്തി കേരളത്തിന്റെ ഉല്പാദന മേഖലയ്ക്കുകൂടി തൊഴിലുറപ്പിൽ പങ്കാളിത്ത മുണ്ടാക്കാനുമുള്ള ശ്രമങ്ങൾ സജീവമായി മുന്നോട്ടുകൊണ്ടുപോകുന്നതാണ്. നിങ്ങൾ ആരംഭിച്ച പ്രവർത്തനം ഞങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നു എന്ന് ഞാൻ നേരത്തെ പറഞ്ഞിരുന്നു. നേരത്തെ ഏകദേശം 56 ഇനങ്ങൾ തൊഴി ലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻവേണ്ടി കൊടുത്തിരുന്നു. ഞങ്ങളത് ചുരുക്കി നാലഞ്ച് ഇനങ്ങളെങ്കിലും ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടിരിക്കുക യാണ്. ഇവിടെ ശ്രീ. പാലോട് രവി അഷ്ടാംഗഹൃദയത്തെപ്പറ്റിയും ഗോവർദ്ധനഗിരിയെപ്പറ്റിയും പറഞ്ഞു. സ്വന്തം വീട്ടിൽ പശു ഉണ്ടെന്നല്ല, കുടുംബവീട്ടിൽ പശു ഉണ്ടെന്നാണ് ശ്രീ. പാലോട് രവി പറഞ്ഞത്. അത് ശ്രീ. സി. ദിവാകരൻ ശ്രദ്ധിച്ചിട്ടുണ്ടാവില്ല. അദ്ദേഹം പറഞ്ഞതുപോലെ ഒരു ക്ഷീരനയം ഗവൺമെന്റ് ആലോചിക്കുന്നതാണ്. മിൽമ തൊഴിലാളികൾക്കാവ

ശ്യമായ സംരക്ഷണം നൽകാനും ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്ന താണ്.

ശ്രീ. ജി.എസ്. ജയലാൽ: സർ, ക്ഷീര വികസന മേഖലയുടെ സംരക്ഷ ണത്തിനുവേണ്ടി ക്ഷീര സംഘങ്ങളെ സംരക്ഷിക്കുന്നതിന് എം.എൽ.എ മാരുടെ ഫണ്ടുൾപ്പെടെ വിനിയോഗിക്കുന്നതിനുള്ള നിർദ്ദേശം നേരത്തെ ഉണ്ടായിരുന്നു. ഇപ്പോൾ ക്ഷീര സംഘങ്ങൾക്ക് കെട്ടിടം പണിയുന്നതിനുള്ള ഒബ്ജക്ഷനുണ്ടെന്ന് കേൾക്കുന്നു. അത് ഒഴിവാക്കേണ്ടതല്ലേ?

ശ്രീ. കെ. സി.. ജോസഫ്: സർ, ഇക്കാര്യത്തിൽ ആശയക്കുഴപ്പമുണ്ട്. നേരത്തെ എം.എൽ.എ മാരുടെ ഫണ്ട് ഉപയോഗിച്ച് ക്ഷീര സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എ.എം.സി. യിൽനിന്ന് അനുവാദം കൊടുത്തിരു ന്നു. എന്നാൽ ചില ജില്ലകളിൽ അനുവാദം കൊടുക്കുന്നില്ല. അത് വ്യക്ത മായി പരിശോധിച്ച്, എം.എൽ.എ മാർക്ക് സ്വീകാര്യമാണെങ്കിൽ എല്ലാ ജില്ലക ളിലും അവരുടെ ഫണ്ട് ക്ഷീരസംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി മാറ്റം വരുത്തുന്നതാണ്.

ശ്രീ. സി. ദിവാകരൻ: സർ, എന്റെ മണ്ഡലത്തിൽ രണ്ട് സംഘങ്ങൾക്ക് കാശ് കൊടുത്തത് കളക്ടർ റിജക്ട് ചെയ്ത് വന്നിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, അതാണ് ഞാൻ പറഞ്ഞത്. ചില ജില്ലക ളിൽ കൊടുത്തിട്ടുണ്ട്.

ശ്രീ. പി.സി. ജോർജ്: കോട്ടയം ജില്ലയിൽ 8 സംഘങ്ങൾക്ക് കൊടു ത്തതും സാങ്ഷൻ ചെയ്തു.

മി. സ്പീക്കർ: ഇത് ഗവൺമെന്റ് തീരുമാനമാണ്. പക്ഷേ മിൽമയെല്ലാം കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റുകളാണ്. എം.എൽ.എ. മാരുടെ വികസന ഫണ്ട് കൊടുക്കേണ്ടത് സ്കൂൾ, ആശുപത്രികൾ മുതലായവയ്ക്കാകുന്ന

താണ് നല്ലത്. ഞാൻ പറഞ്ഞെന്നേയുള്ളൂ. ഇത് വേണ്ട എന്നല്ല ഞാൻ പറഞ്ഞത്.

ശ്രീ. കെ.സി. ജോസഫ്: സർ, എം.എൽ.എ-മാർ ആഗ്രഹിക്കുന്നുവെങ്കിൽ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ക്ഷീര സംഘങ്ങളുടെ കെട്ടിട നിർമ്മാണത്തിന് അനുവാദം കൊടുക്കുന്നതാണ്. ചില ജില്ലകളിൽ അനുവദിക്കുന്നുണ്ട്. ഇക്കാര്യത്തിൽ വ്യക്തമായും ആവശ്യമായ മാറ്റങ്ങൾ ഗൈഡ് ലൈനിൽ വരുത്തുന്നതായിരിക്കും.

മി. സ്പീക്കർ: എല്ലാ ജില്ലകളിലും ഒരു പോലെയാക്കണം. ഗവൺമെന്റ് അതിൽ ഇടപെടണം.

ശ്രീ. ജോസ് തെറ്റയിൽ: സർ, നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത് മിൽമയുടെ മഹിമയെക്കുറിച്ചും നന്മയെക്കുറിച്ചുമാണ്. ഇത് കൂടാതെ മിൽമയ്ക്ക് പാൽ അളക്കാത്ത പതിനായിരക്കണക്കിന് ക്ഷീരകർഷകർ വേറെയുണ്ട്. അവരെക്കൂടി ഈ ക്ഷേമ പദ്ധതിയിലുൾപ്പെടുത്തുന്ന കാര്യം ഈ ഘട്ടത്തിലല്ലെങ്കിലും പരിഗണിക്കാൻ കഴിയുമോ?

ശ്രീ. കെ.സി. ജോസഫ്: സർ, അത് ആലോചിക്കേണ്ട കാര്യമാണ്. ഇന്ന് ധാരാളം സ്വകാര്യ ഡയറികളുണ്ട്. ഇപ്പോൾ ഗൾഫിൽനിന്ന് മടങ്ങി വരുന്ന ആളുകൾ ചെറിയ യൂണിറ്റുകൾ ആരംഭിക്കുന്നുണ്ട്. അങ്ങനെ വരുന്ന സ്വകാര്യ പാലുല്പാദകർക്കുകൂടി ആവശ്യമായ സംരക്ഷണം നൽകുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്. സബ്ജക്ട് കമ്മിറ്റി ഇക്കാര്യം പരിഗണിക്കുമ്പോൾ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതായിരിക്കും. കേരളത്തിന്റെ ക്ഷീരമേഖലയിൽ ഗുണപരമായ മാറ്റങ്ങൾ വരുത്താൻ സാധിക്കും. കേരളത്തിന്റെ ക്ഷീര കർഷകരെ ഈ രംഗത്തേയ്ക്ക് കൊണ്ടുവരാൻ സാധിക്കണം. പുതിയ തലമുറയെ ആകർഷിക്കാൻവേണ്ടി സംസ്ഥാ

നത്തെ എല്ലാ ജില്ലകളിലും രണ്ട് ഡയറി ക്ലബുകൾ ആരംഭിച്ചിട്ടുണ്ട്. അതു പോലെ പ്രവാസികൾ ചെറുകിട ഡയറി യൂണിറ്റുകൾക്ക് താല്പര്യം കാണിക്കുന്നുണ്ട്. അവർക്കാവശ്യമായ പ്രോത്സാഹനം കൊടുക്കാനും പാലുല്പാദനത്തിൽ സ്വയം പര്യാപ്തത നേടണമെന്നതുമാണ് പന്ത്രണ്ടാം പദ്ധതിക്കാലത്ത് കേരളത്തിന്റെ ലക്ഷ്യം. തമിഴ്നാടിനെ ആശ്രയിച്ചുപോകാൻ സാധിക്കില്ല. പന്ത്രണ്ടാം പദ്ധതി പൂർത്തിയാകുമ്പോൾ പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമെന്നറിയിച്ചുകൊണ്ട് ഞാൻ ഇത് മൂവ് ചെയ്യുകയാണ്.

മി. സ്പീക്കർ: ശ്രീ. വി. ചെന്താമരാക്ഷൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാലോട് രവി, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പാലോട് രവി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2013- ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................................

പ്രതികൂലിക്കുന്നവർ.................................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## റൂളിംഗ്

### സഭാരേഖയിൽനിന്നും നീക്കം ചെയ്യുന്നതുസംബന്ധിച്ച്

ഇന്ന് ധനവിനിയോഗ ബില്ലിന്റെ ചർച്ചാ വേളയിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. പി.റ്റി.എ. റഹീം സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അതിലിടപെട്ടു കൊണ്ട് ശ്രീ. എ.എം. ആരിഫ്, ആഭ്യന്തര വകുപ്പുമന്ത്രിയെക്കുറിച്ച്, നാട്ടിൽ ചരിത്രത്തിലേറ്റവുമധികം കള്ളവും കൊലപാതകങ്ങളും പിടിച്ചുപറികളും ബലാത്സംഗങ്ങളുമൊക്കെ നടക്കുന്നതുകൊണ്ട് ഇതിലെ പ്രതികളെല്ലാംകൂടി ചേർന്ന് എസ്.എം.എസ് അയച്ചിട്ടാണെന്നും പോലീസ് സ്റ്റേഷൻ വൈസ് ഇത്ര എസ്.എം.എസ് അയയ്ക്കണമെന്നുമുള്ള ക്വാട്ട കൊടുത്തിട്ടുമാണ് ബെസ്റ്റ് മിനിസ്റ്റർ പദവിയിൽ എത്തിച്ചേർന്നതെന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് ചോദിച്ചു. ഏതായാലും അത് എക്സ്പഞ്ച് ചെയ്യണമെന്ന ആവശ്യം വന്നിട്ടുണ്ട്. റൂൾ 307 അനുസരിച്ച് ആ ഭാഗം എക്സ്പഞ്ച് ചെയ്യുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2013 ഫെബ്രുവരി മാസം 15-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാത്രി 07.41-ന് പിരിഞ്ഞു)